# നാടൻകുട്ടിപ്പാട്ടുകളും അവയുടെ ലോകവീക്ഷണവും

കോഴിക്കോട് സർവ്വകലാശാലയിൽ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേ
സമർപ്പിക്കുന്ന ഗവേഷണ പ്രബന്ധം

ദേവി കെ.കെ.

മലയാള വിഭാഗം
കാലിക്കറ്റ് സർവ്വകലാശാല

# FOLKSONGS OF CHILDREN AND IT'S WORLDVIEW

Thesis
Submitted to the University of Calicut for the Degree of
**Doctor of Philosophy**
in
**Malayalam**

**DEVI K.K.**

**DEPARTMENT OF MALAYALAM AND KERALA STUDIES**
**UNIVERSITY OF CALICUT**

**SEPTEMBER 2009**

**ഡോ. എ. നുജൂം**
മലയാള വിഭാഗം
എം.ഇ.എ.എസ്.എസ് കോളേജ്
അരീക്കോട്

# സാക്ഷ്യപത്രം

കോഴിക്കോട് സർവ്വകലാശാലയിൽ പിഎച്ച്.ഡി. ബിരുദത്തിനുവേി സമർപ്പിക്കുന്ന '**നാടൻകുട്ടിപ്പാട്ടുകളും അവയുടെ ലോകവീക്ഷണവും**' എന്ന ഗവേഷണപ്രബന്ധം **ദേവി കെ.കെ**., എന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

അരീക്കോട്
**ഡോ. എ. നുജൂം**
-09-09

**ദേവി കെ.കെ.**
ഗവേഷണ വിദ്യാർത്ഥിനി
മലയാള വിഭാഗം
കാലിക്കറ്റ് സർവ്വകലാശാല

# സത്യപ്രസ്താവന

'**നാടൻകുട്ടിപ്പാട്ടുകളും അവയുടെ ലോകവീക്ഷണവും**' എന്ന പ്രബന്ധം കോഴിക്കോട് സർവ്വകലാശാലയുടെ പിഎച്ച്.ഡി. ബിരുദത്തിനുവേി ഡോ. എ. നുജൂം നൽകിയ മാർഗ്ഗനിർദ്ദേശമനുസരിച്ച് ഞാൻ നടത്തിയ ഗവേഷണത്തിന്റെ രേഖയാണെന്നും ഏതെങ്കിലും സർവ്വകലാശാലയോ അതുപോലുള്ള സ്ഥാപനമോ നൽകുന്ന മറ്റെന്തെങ്കിലും ബിരുദത്തിനോ അംഗീകാരത്തിനോ ഈ പ്രബന്ധം ആധാരമായിട്ടില്ലെന്നും ഇതിനാൽ ബോധിപ്പിക്കുന്നു

കോഴിക്കോട് സർവ്വകലാശാല
-09-09

**ദേവി കെ.കെ.**

# കൃതജ്ഞത

ഈ പ്രബന്ധം അവതരിപ്പിക്കുവാനായി എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും തന്ന ബഹുമാനപ്പെട്ട ഡോ. എ. നുജൂം സാറിനും, മലയാളവിഭാഗം ലൈബ്രേറിയനും നന്ദി. ഡോ. സി.ആർ. രാജഗോപാലൻ, പരേതരായ കുഞ്ഞുണ്ണിമാഷ് , കൊച്ചുനാരായണപിള്ള, മറിയാമ്മച്ചേടത്തി തുടങ്ങിയ പ്രബന്ധരചനയ്ക്ക് സഹായകമായ വിവരങ്ങൾ നൽകി സഹായിച്ച മഹത്വ്യക്തികൾക്കും പാട്ടുകൾ പാടിയും പറഞ്ഞും തന്ന ആവേദകർക്കും ശേഖരണത്തിന് ആവശ്യമായ സഹായങ്ങൾ ചെയ്തു തന്നെ പി.കെ. സതീശൻ, അസീസ് തരുവണ തുടങ്ങിയ സുഹൃത്തുക്കൾക്കും എന്റെ അകൈതവമായ കൃതജ്ഞത അറിയിച്ചുകൊള്ളുന്നു. ഈ ഗവേഷണപ്രബന്ധം അച്ചടിരൂപത്തിലാക്കിയ ബിന ഡി.ടി.പി. സെന്ററിനും നന്ദി.

ദേവി കെ.കെ

കേരളത്തിലെ കുട്ടികൾക്കായ് സമർപ്പി
ക്കുന്നു...

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| | ആമുഖം | 1 — 7 |
| **അധ്യായം 1** | **ഫോക്‌ലോർ** | **8 — 61** |
| 1.1 | ഫോക്‌ലോർ | |
| 1.2 | ഫോക്‌ലോർ ധർമ്മങ്ങൾ | |
| 1.3 | സാഹിത്യം | |
| 1.4 | വാമൊഴിവരമൊഴികൾ | |
| 1.5 | വാമൊഴിവഴക്കങ്ങൾ | |
| 1.5.1 | നാടൻകഥകൾ | |
| 1.5.2 | പഴഞ്ചൊല്ലുകൾ | |
| 1.5.3 | നാടൻശൈലികൾ | |
| 1.5.4 | കടങ്കഥ | |
| 1.5.5 | നാടൻപാട്ടുകൾ | |
| 1.5.5.1 | പ്രാകൃതപ്പാട്ടുകൾ | |
| 1.5.5.2 | നാടൻപാട്ടുകൾ | |
| 1.6 | വരമൊഴിയിലെ വാമൊഴി | |
| 1.6.1 | കടങ്കഥകളുടെ സ്വാധീനം കവിതകളിൽ | |
| 1.6.2 | പഴഞ്ചൊൽസ്വാധീനം കവിതകളിൽ | |
| 1.6.3 | നാടൻകഥകളും കവിതയും | |
| 1.6.4 | നാടൻപാട്ടുകളുടെ സ്വാധീനം കവിതകളിൽ | |
| 1.6.5 | നാടൻകുട്ടിപ്പാട്ടുകളുടെ സ്വാധീനം കവിതകളിൽ | |
| **അധ്യായം 2** | **കുട്ടികളും സംസ്കാരവും** | **62 — 102** |
| 2.1 | കുട്ടികൾ | |
| 2.2 | കളികൾ | |
| 2.2.1 | കുട്ടിക്കളികളും വിശ്വാസങ്ങളും | |
| 2.2.2 | കളികളും വിലക്കുകളും | |
| 2.2.3 | കളിയിലെ കാര്യം | |
| 2.2.4 | നാടൻകളികൾ | |
| 2.2.4.1 | വർഗ്ഗീകരണം | |
| 2.2.5 | കളികളും ഗണിതവും | |
| 2.2.6 | കുട്ടികളും കളിക്കോപ്പുകളും | |
| 2.2.7 | കളികളും കളരിയും | |
| 2.2.8 | കലകൾ | |
| 2.2.9 | കുട്ടികളും കലകളും | |
| 2.3 | ഭാഷാവിനോദങ്ങളും കളിപ്പാട്ടുകളും | |
| 2.3.1 | ഭാഷ | |
| 2.3.2 | ഭാഷയും ഭാഷണവും | |
| 2.3.3 | ഭാഷണവികാസം | |
| 2.3.4 | കുട്ടികളും ഭാഷാവിനോദങ്ങളും | |
| 2.3.5 | കുട്ടികളും കളിപ്പാട്ടുകളും | |
| **അധ്യായം 3** | **നാടൻകുട്ടിപ്പാട്ടുകൾ** | **103 — 248** |
| 3.1 | നാടൻ | |

| | | |
|---|---|---|
| 3.2 | കേരളത്തിലെ കുട്ടികൾ | |
| 3.3 | നാടൻകുട്ടിപ്പാട്ട് | |
| 3.3.1 | കേട്ടെഴുതിയ പാട്ടുകൾ | |
| 3.3.2 | വർഗ്ഗീകരണം | |
| **അധ്യായം 4** | **പാഠങ്ങളും പാഠാന്തരങ്ങളും** | **249 — 320** |
| 4.1 | പരിണാമസിദ്ധാന്തങ്ങൾ | |
| 4.1.1 | സാംസ്കാരികപരിണാമവാദം | |
| 4.1.2 | പുരാവൃത്തഅനുഷ്ഠാനവാദം | |
| 4.1.3 | സൗരപുരാവൃത്തവിജ്ഞാനവാദം | |
| 4.2 | ഫോക്‌ലോർ വ്യാപനസിദ്ധാന്തങ്ങൾ | |
| 4.2.1 | സംക്രമണവാദം | |
| 4.2.2 | അഭിജാതവാദം | |
| 4.3 | പാഠഭേദത്വം | |
| 4.3.1 | വാമൊഴി | |
| 4.3.2 | കേട്ടെഴുത്ത് | |
| 4.3.2.1 | കേട്ടെഴുത്ത് പരിമിതികൾ | |
| 4.3.3 | വരമൊഴി | |
| 4.4 | പാഠഭേദങ്ങൾ | |
| **അധ്യായം 5** | **നാടൻകുട്ടിപ്പാട്ടുകളിലെ ചിന്താലോകം** | **321 — 436** |
| 5.1 | അപഗ്രഥനം | |
| 5.1.2 | ചിന്താലോകം | |
| 5.2 | നാടൻകുട്ടിപ്പാട്ടിലെ ഭാഷ | |
| 5.3 | സംഗീതം | |
| **അധ്യായം 6** | **നാടൻകുട്ടിപ്പാട്ടുകളിലെ ലോകവീക്ഷണം** | **437 — 448** |
| | **ഗ്രന്ഥസൂചി** | **449 — 456** |
| | **അനുബന്ധം** | |
| | 1. പഠനഭൂമിക | 457 |
| | 2. ആവേദകസൂചി | 458 — 464 |
| | 3. ഫോട്ടോകൾ | 465 — 468 |

അധ്യായം 1

# ഫോക്‌ലോർ

അധ്യായം 2

# കുട്ടികളും സംസ്കാരവും

അധ്യായം 3

# നാടൻകുട്ടിപ്പാട്ടുകൾ

അധ്യായം 4

# പാഠങ്ങളും പാഠാന്തരങ്ങളും

അധ്യായം 5

# നാടൻകുട്ടിപ്പാട്ടുകളിലെ ചിന്താലോകം

അധ്യായം 6

# നാടൻകുട്ടിപ്പാട്ടുകളിലെ ലോകവീക്ഷണം

# ഗ്രന്ഥസൂചി

# അനുബന്ധം

# ആമുഖം

ഒരു ഭൂപ്രദേശത്തിന്റെയോ ജനസമൂഹത്തിന്റെയോ സാംസ്കാരിക വിജ്ഞാനം വർത്തമാനകാലത്തിലും നിലനിർത്താൻ രൂപം കൊ ഉപാധിയാണ് ഫോക്‌ലോർ. മനുഷ്യന്റെ കൂട്ടായ്മയുടെ സ്വഭാവത്തെക്കുറിച്ചുള്ള പഠനമാണത്. ഓരോ കൂട്ടായ്മയുടെയും സവിശേഷതയായി കാണുന്ന, അടിസ്ഥാനപരമായ സാമൂഹികസ്വഭാവത്തിലാണ് ഫോക്‌ലോർ പഠനം ഊന്നൽ നൽകുന്നത്. മുൻപേ പോയ മനുഷ്യസമൂഹങ്ങളുടെ സാംസ്കാരിക ജീവിതകൂട്ടായ്മയിൽ നിന്നുായ അറിവും അനുഭവവുമാണത്. ഒരു ജനസമൂഹത്തിന്റെ ആത്മബോധം മനസ്സിലാക്കലാണ് ഫോക്‌ലോർ പഠനത്തിന്റെ ഉദ്ദേശ്യം.

കൂട്ടായ്മയിൽ കാണുന്നതും തലമുറകളിലൂടെ പകരുന്നതുമായ വാമൊഴിവഴക്കങ്ങൾ, സാമൂഹ്യാചാരങ്ങൾ, സാംസ്കാരികോപദാനങ്ങൾ, നാടോടിപ്രകടനകലകൾ തുടങ്ങിയവയെല്ലാം ഫോക്‌ലോറിന്റെ ഭാഗമാണ്. മുഖ്യധാരാസാഹിത്യത്തിന് വളരെ മുമ്പ് തന്നെ, സ്വാഭാവികമായി രൂപം കൊതും പിന്നീട് അതിന് സമാന്തരമായി നിലനിൽക്കുന്നതുമായ വാമൊഴിവഴക്കങ്ങളാണ് കടങ്കഥ, പഴഞ്ചൊല്ല്, നാടൻകഥകൾ, നാടൻപാട്ടുകൾ തുടങ്ങിയവ. ഫോക്‌ലോറിൽ നല്ലൊരു ശതമാനവും ഇത്തരം വാമൊഴിവഴക്കങ്ങളാണ്. വാമൊഴി വരമൊഴിയായി സ്ഥാനമാറ്റം കിട്ടുന്നതിന് മുമ്പ് സാധാരണക്കാർ തങ്ങളുടെ വിചാരങ്ങൾക്കും ഭാവനകൾക്കും ആവിഷ്ക്കാരം നല്കിപ്പോന്നത് വാമൊഴിവഴക്കങ്ങളിലെ മുഖ്യഘടകമായ നാടൻപാട്ടുകളിലൂടെയാണ്. ജീവിതത്തിന്റെ സമസ്തഭാവങ്ങളും ഇതിൽ വിഷയമാകുന്നു. കുട്ടികൾ പാടുന്നതോ അവർക്കു വേി മുതിർന്നവർ പാടുന്നതോ ആയ നാടൻപാട്ടുകളാണ് നാടൻകുട്ടിപ്പാട്ടുകൾ.

'നാടൻ കുട്ടിപ്പാട്ടുകളും അവയുടെ ലോകവീക്ഷണവും' (Folksongs of Children and It's World View) എന്നതാണ് പ്രബന്ധവിഷയം. വാമൊഴിവഴക്കത്തിന്റെ തനത്‌രൂപമായ നാടൻകുട്ടിപ്പാട്ട്പഠനം അർത്ഥപൂർണ്ണമാവണമെങ്കിൽ ഫോക്‌ലോർ എന്ത് എന്ന ചർച്ച അനിവാര്യമാണ്. അതിന്റെ ഭാഗമായി ഫോക്‌ലോറിന്റെ സ്വഭാവവും സവിശേഷതകളും വിഷയസങ്കീർണതയും വിശദമാക്കേതു്. ഫോക്‌ലോറിന്റെ മുഖ്യഭാഗമായ വാമൊഴിവഴക്കങ്ങളെ സാമാന്യമായി പരിചയപ്പെടേതും അത്യാവശ്യമാണ്. ആ നിലയ്ക്ക് കടങ്കഥ, പഴഞ്ചൊല്ല്, നാടൻകഥകൾ, നാടൻപാട്ടുകൾ എന്നിവയും വിശദമാക്കുന്നു്. വാമൊഴിരൂപങ്ങളുടെ പ്രത്യേകതകൾ, വ്യാപനം തുടങ്ങിയവയും പഠനവിധേയമാക്കുന്നു.

'നാടൻകുട്ടിപ്പാട്ട്' നാടൻപാട്ടിന്റെ ഒരു ഭാഗമായതിനാൽ നാടൻപാട്ട്, അവയുടെ സവിശേഷതകൾ എന്നിവ ചർച്ച ചെയ്യേതു്. 'വാമൊഴിവഴക്കങ്ങൾ' എന്ന ഭാഗത്ത് നാടൻപാട്ടിനെ സാമാന്യമായി അവതരിപ്പിക്കുകയും അവയുടെ സവിശേഷതകൾ ഉദാഹരണസഹിതം വിശദീകരിക്കുകയും ചെയ്തിരിക്കുന്നു. നാടൻപാട്ടിനെ നിർവചിക്കുന്നതോടൊപ്പം അതിന്റെ ശൈലി, വ്യാപനം, സ്ഥിതി, ശേഖരണത്തിലെ പ്രയാസങ്ങൾ തുടങ്ങിയവയെ നിരീക്ഷിച്ചിട്ടു്. അതിവിപുലവും സങ്കീർണ്ണവുമായ നാടൻപാട്ടുശേഖരത്തെ പഠനസജ്ജമാക്കാനായി മാനദണ്ഡങ്ങൾക്കനുസരിച്ച് വർഗ്ഗീകരിച്ചിരിക്കുന്നു. ഇതിലൂടെ നാടൻപാട്ടിന്റെ ഭാഗമായ നാടൻകുട്ടിപ്പാട്ടിന്റെ സ്ഥാനം നിർണ്ണയിക്കുകയും പഠനത്തിനാവശ്യമായ നിലം ഒരുക്കുകയുമാണ് ഉദ്ദേശ്യം.

വാമൊഴിവരമൊഴികൾ സാഹിത്യത്തിന്റെ അവിഭാജ്യഘടകങ്ങളാണ്. അതിനാൽ 'എന്താണ് സാഹിത്യം' എന്ന ചർച്ചയും അതിലൂടെ വാമൊഴിവരമൊഴികളെ വേർതിരിക്കുന്ന അടിസ്ഥാനമാനദണ്ഡങ്ങൾ ഏതെല്ലാമെന്ന തിരിച്ചറിവും ഉാകണം. ഇവയുടെ സാമ്യവ്യത്യാസങ്ങളെ കത്തെി അപഗ്രഥിക്കുമ്പോൾ വരമൊഴിസാഹിത്യത്തിലെ വാമൊഴിസ്വാധീനവും ഉപജീവ്യതയും ബോധ്യപ്പെടുന്നു. വരമൊഴിസാഹിത്യത്തിൽ വാമൊഴിക്കുള്ള സ്ഥാനം നിർണ്ണയിച്ച് ഉദാഹരിക്കുകയും ഫോക്‌ലോറിസ്റ്റുകളുടെ നിരീക്ഷണങ്ങളും സിദ്ധാന്തങ്ങളും ചർച്ച ചെയ്തുകൊ് വാമൊഴിവഴക്കങ്ങൾക്ക് പ്രത്യേകിച്ചും നാടൻകുട്ടിപ്പാട്ടിന് സാഹിത്യത്തിലുള്ള സ്ഥാനത്തെ വെളിപ്പെടുത്തുകയുമാണ് ചെയ്തിട്ടുള്ളത്. നാടൻകുട്ടിപ്പാട്ടു പഠനത്തിന്റെ പ്രസക്തിയെ കൂടുതൽ ബോധ്യപ്പെടുത്തുകയും പഠനത്തിനാവശ്യമായ പശ്ചാത്തലമൊരുക്കുകയുമാണ് 'വാമൊഴിവഴക്കങ്ങൾ' എന്ന ഭാഗത്തിലൂടെ ചെയ്തിട്ടുള്ളത്. അതിനായി ഫോക്‌ലോർ, വാമൊഴിവഴക്കങ്ങൾ, നാടൻപാട്ട്, നാടൻകുട്ടിപ്പാട്ട്, വരമൊഴിയിലെ വാമൊഴി നാടൻകുട്ടിപ്പാട്ടിന്റെ സ്വാധീനം തുടങ്ങിയവയുടെ വിശദീകരണങ്ങൾ നിർവ്വഹിച്ചിരിക്കുന്നു.

കുട്ടികൾ പാടുന്ന അഥവാ കുട്ടികൾക്കുവേി മുതിർന്നവർ പാടുന്ന നാടൻപാട്ടുകളാണ് നാടൻകുട്ടിപ്പാട്ടുകൾ. നാടൻകുട്ടിപ്പാട്ടുപഠനം സമഗ്രമാവുന്നത് കുട്ടികൾ, അവരുടെ വളർച്ച, പ്രത്യേകതകൾ, സ്വഭാവസവിശേഷതകൾ തുടങ്ങി കുട്ടികളെക്കുറിച്ചുള്ള വിശദാംശങ്ങൾ കൂടി ഉൾക്കൊള്ളുമ്പോൾ മാത്രമാണ്. അതിനാൽ കുട്ടികളെക്കുറിച്ച് പൗരസ്ത്യവും പാശ്ചാത്യവുമായ പരിചിന്തനങ്ങളിലൂടെ കടന്നുപോകാനാണ് രാം അധ്യായത്തിന്റെ പകുതിയിൽ ശ്രമിച്ചിട്ടുള്ളത്. കുട്ടികളുടെ ശാരീരികവും മാനസികവും ബൗദ്ധികവും ധാർമ്മികവും സൃഷ്ട്യുന്മുഖവുമായ വികാസത്തിൽ കുട്ടികളുടെ കളികൾക്കും കളിപ്പാട്ടുകൾക്കും

തദുപരി നാടൻകുട്ടിപ്പാട്ടുകൾക്കും  ചെലുത്താവുന്ന സ്വാധീനശക്തിയെ ബോധ്യപ്പെടുത്താനാണ് രാംപകുതിയിൽ ഉദ്ദേശിച്ചിട്ടുള്ളത്. കുട്ടിയുടെ വ്യക്തിത്വവികാസ പ്രക്രിയയിൽ നാടൻകുട്ടിപ്പാട്ടുകളുടെ ആവശ്യകതയെ അംഗീകരിച്ച് 'സമകാലീന വിദ്യാഭ്യാസപദ്ധതിയിൽ നാടൻകുട്ടിപ്പാട്ടുപഠനത്തെ പ്രോൽസാഹിപ്പിക്കുക' എന്നതാണ് പഠനലക്ഷ്യം.

കളികളും പാട്ടുകളും വേർതിരിക്കാനാവത്തവിധം അലിഞ്ഞുചേർന്നവയാണ്. പല കളികളിലും കലാംശങ്ങളും ദൃശ്യമാണ്. അതിനാൽ കുട്ടികളെക്കുറിച്ചുള്ള പഠനത്തിൽ കളികൾ, കലകൾ, വിനോദങ്ങൾ, പാട്ടുകൾ തുടങ്ങിയവയും അവയുമായി ബന്ധപ്പെട്ട സാമൂഹികമണ്ഡലവും ചർച്ചചെയ്യേതു്. കുട്ടികളുടെ ഭാഷ, ഭാഷണവികസനം എന്നിവയെ ഭാഷാശാസ്ത്രദൃഷ്ട്യാ സമീപിച്ച് ഭാഷണവികാസത്തിൽ ഭാഷാകേളികൾക്കുള്ള പങ്കിനെ കത്തൊനും അവയുടെ വികസിതരൂപമെന്ന് പറയാവുന്ന നാടൻകുട്ടിപ്പാട്ടുകളുടെ പ്രാധാന്യത്തെ വെളിപ്പെടുത്താനും ശ്രമിച്ചിട്ടു്. നാടൻകുട്ടിപ്പാട്ടുകൾ തനിച്ചല്ല നിലനില്ക്കുന്നത് എന്ന യാഥാർത്ഥ്യം ഈയൊരധ്യായത്തെ കൂടുതൽ പ്രസക്തമാക്കുന്നു. കുട്ടികളെ കൂടുതൽ അടുത്തറിയുന്നതിലൂടെ നാടൻകുട്ടിപ്പാട്ടുകളെ അവരുടെ മനോഭാവത്തെയും താല്പര്യങ്ങളെയും മുൻനിർത്തി സമീപിക്കാനും അപഗ്രഥിക്കാനും സഹായിക്കുന്നു. നാടൻകുട്ടിപ്പാട്ടുപഠനത്തിനനുഗുണമായ നിലമൊരുക്കുക എന്നതാണ് ഈ ഭാഗത്തിന്നടിസ്ഥാനം.

നാടൻകുട്ടിപ്പാട്ടുകൾ എന്ന മൂന്നാം അധ്യായത്തിലൂടെ നാടൻ, കുട്ടി, പാട്ട് എന്നീ ആശയങ്ങളെ വിശദീകരിക്കുന്നു. കേരളത്തിലെ നാടൻകുട്ടിപ്പാട്ടുകളെക്കുറിച്ചുള്ള പഠനമായതിനാൽ കേരളീയ ചരിത്രപശ്ചാത്തലം കൂടി നിരീക്ഷി– ക്കേതു്. നൂറ്റാുകൾ നീുനിന്ന വൈദേശികാധിപത്യം, ജന്മിവ്യവസ്ഥ, ജാതീയമായ ഉച്ചനീചത്വങ്ങൾ, ജാത്യാചാരങ്ങൾ, മക്കത്തായമരുമക്കത്തായങ്ങൾ, രാജഭരണം, സ്വാതന്ത്ര്യസമരം തുടങ്ങി കേരളത്തിലെ ആഭ്യന്തരാന്തരീക്ഷം ആകെ കലുഷിതമായിരുന്നു. വിവിധ കാലഘട്ടങ്ങളിലെ വിവിധ ജാതിസമൂഹങ്ങളിൽ പല സാഹചര്യങ്ങളിൽ ജീവിച്ചിരുന്ന കുട്ടികളെക്കുറിച്ചുള്ള, അവരുടെ നാടൻകുട്ടിപ്പാട്ടുകളെക്കുറിച്ചുള്ള പഠനം കാമ്പുള്ളതാവണമെങ്കിൽ ചരിത്രാംശങ്ങളെക്കൂടി പരിഗണിക്കേതു്. ആ നിലക്കാണ് കേരളത്തിലെ കുട്ടികൾ എന്ന ഭാഗം തയ്യാറാക്കിയിട്ടുള്ളത്.

ആഗോളവൽക്കരണം, വ്യാവസായികവികസനം, യന്ത്രവൽക്കരണം, തുടങ്ങിയ ആധുനികപ്രവണതകൾ കൂട്ടുകുടുംബത്തിൽ നിന്ന് അണുകുടുംബത്തിലേക്കും കാർഷികതൊഴിൽ മേഖലകളിൽനിന്ന് ഇൻഫോർമേഷൻ ടെക്നോളജിയിലേക്കും ജനജീവിതത്തെ മാറ്റിയതോടെ സാമൂഹ്യവീക്ഷണത്തിലും ഏറെ

വ്യത്യാസം വന്നു. സാമൂഹ്യപരതയിൽ നിന്ന് വ്യക്തിപരതയിലേക്ക് ചിന്തകൾ എത്തി. രാജഭരണത്തിൽ നിന്ന് ജനായത്തഭരണത്തിലേക്ക് വന്നതോടെ സാമൂഹ്യ ചുറ്റുപാടുകൾക്ക് സംഭവിച്ച മാറ്റം, സാർവ്വത്രികവിദ്യാഭ്യാസം, തൊട്ടുകൂടായ്മ പോലെയുള്ള അനാചാരങ്ങളുടെ അറുതി തുടങ്ങിയവ സാമൂഹ്യാന്തരീക്ഷത്തെ ഏറെ മാറ്റുകയും പുരോഗതിയിലേക്ക് നയിക്കുകയും ചെയ്തു. ജീവിതസൗകര്യ ങ്ങൾക്ക് വേി പണം അമിതമായി നിക്ഷേപിക്കുന്ന അവസ്ഥ സംജാതമായി. ഇല ക്ട്രോണിക് ഉപകരണങ്ങളുടെ അതിപ്രസരം മൂലം കുട്ടികൾക്കും കുട്ടിക്കളി കൾക്കും സംഭവിച്ച വ്യതിയാനം നിരീക്ഷിക്കാതെ ഇന്നത്തെ കുട്ടികളെ പരാമർശി ക്കാൻ കഴിയില്ല. നാടൻകളികളിൽ നിന്നും നാടൻകുട്ടിപ്പാട്ടുകളിൽ നിന്നും അകന്ന് കമ്പ്യൂട്ടർ, മൊബൈൽ ഗെയിമുകളിൽ ആനന്ദം കത്തുന്ന, കളിക്കുന്ന തിന് പകരം കമന്ററികളിൽ അഭിരമിക്കുന്ന, കുട്ടികളെ തിരിച്ചറിയുമ്പോഴാണ് ഈ പഠനത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുക.

പഠനസൗകര്യാർത്ഥം നാടൻപാട്ടിൽ നിന്ന് നാടൻകുട്ടിപ്പാട്ടിനെ വേർതിരി ക്കാനുള്ള മാനദണ്ഡങ്ങളെ അവതരിപ്പിച്ചുകൊ് നാടൻകുട്ടിപ്പാട്ടുകളെ തെരഞ്ഞെ ടുത്ത വിധവും പൂർവ്വപഠനങ്ങളും ചർച്ചചെയ്യുന്നു്. ഏതൊരു പഠനവും കൂടുതൽ ആഴവും പരപ്പുമുള്ളതാവുന്നത് അതിന്റെ ധർമ്മത്തെക്കൂടി അപഗ്രഥിക്കുമ്പോഴാണ്. കുട്ടികളുടെ വ്യക്തിത്വവികാസഘട്ടത്തിൽ നാടൻകുട്ടിപ്പാട്ടുകളുടെ അവഗണി ക്കാനാവാത്ത സ്വാധീനത്തെ ബോധ്യപ്പെടുത്താൻ ഈ ചർച്ച ശ്രമിക്കുന്നു. കേരള ത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്ന് ശേഖരിച്ച എണ്ണൂറ്റിയമ്പതോളം പാട്ടുക ളിൽനിന്ന് പ്രസക്തമെന്നു തോന്നിയവ അവതരിപ്പിച്ചിട്ടു്. വിവിധകൂട്ടായ്മകളിൽ പ ല കാലഘട്ടങ്ങളിലായി രൂപം കൊ നാടൻകുട്ടിപ്പാട്ടുകളെ പഠനസൗകര്യാർത്ഥം വർഗ്ഗീരിക്കേതു്. പാട്ടുകളുടെ വൈപുല്യവും ഒരേ പാട്ട് തന്നെ വിവിധ വർഗ്ഗീക രണസാധ്യതയുള്ളതാണ് എന്നതും എടുത്തു പറയേതാണ്.

പാടുന്നവരെ ആസ്പദമാക്കി കുട്ടികൾ പാടുന്നവ, കുട്ടികൾക്കുവേി പാടുന്ന വ, സംഭാഷണപരം എന്നിങ്ങനെ നാടൻകുട്ടിപ്പാട്ടുകളെ മൂന്നായി തിരിക്കുന്നു. അവ പാടുന്ന സന്ദർഭങ്ങളെ അടിസ്ഥാനമാക്കിയുള്ള വർഗ്ഗീകരണവും ഉദാഹരണ സഹിതം നിർവഹിക്കുന്നു. നാടൻകുട്ടിപ്പാട്ടുകളുടെ സ്വഭാവത്തെ അടിസ്ഥാനമാക്കി വിനോദം, ഉത്സവം, പ്രകൃതി, സമൂഹം, മനസ്സ്, വീട്, തൊഴിൽ, വാത്സല്യം, ഉപ ദേശം, തെറി, ഗണിതം, അനുഷ്ഠാനം, ചരിത്രം എന്നിങ്ങനെ തിരിക്കുന്നു. ഇവയെ ഉള്ളടക്കത്തെക്കൂടി കണക്കിലെടുത്ത് ഉദാഹരണസഹിതം വർഗ്ഗീകരിച്ചിട്ടു്. കേരളീ യചരിത്രപശ്ചാത്തലത്തെക്കൂടി മാനദണ്ഡമാക്കുമ്പോൾ ജന്മികുടിയാൻ വ്യവസ്ഥ യുടെയും മറ്റു സാമൂഹ്യചുറ്റുപാടുകളുടെയും സാമൂഹ്യരാഷ്ട്രീയസാമ്പത്തിക

സ്ഥിതിഗതികൾ നാടൻകുട്ടിപ്പാട്ടുകളിലും നിഴലിക്കുന്നു്. ഈയടിസ്ഥാനത്തിൽ നാടൻകുട്ടിപ്പാട്ടുകളെ ജന്മി–കുടിയാൻ, സവർണ്ണം–അവർണ്ണം എന്നിങ്ങനെയുള്ള ദ്വന്ദ്വങ്ങളിൽ ഉദാഹരണങ്ങളോടെ വർഗ്ഗീകരിച്ചിരിക്കുന്നു. ഈ ദ്വന്ദ്വങ്ങൾക്ക് പ റുത്തുള്ളവയും സൂചിപ്പിച്ചിട്ടു്. ഒരു കുട്ടിയുടെ വികാസപ്രക്രിയയിൽ മാനസിക മായി നേടുന്ന ജീവിതാവബോധത്തിന്റെ ഉറവിടം ബാഹ്യലോകമാണ്. നാടൻകുട്ടി പ്പാട്ടുകളിൽ ഇതെങ്ങനെ പ്രതിഫലിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ അവയെ കളി(Game) അറിവ് (Knowledge) നിരീക്ഷണം (Observation) സാമൂ ഹ്യാവബോധം (Social awareness) തൊഴിലറിവ് (Labour skill) അനുഷ്ഠാന ബോധം (Ritual consciousness) എന്നിങ്ങനെ വർഗ്ഗീകരിക്കുന്നു. നാടൻകുട്ടി പ്പാട്ടുകളുടെ വൈപുല്യത്തോടൊപ്പം ഉള്ളടക്കത്തിന്റെ വൈവിധ്യത്തെ വെളിപ്പെടു ത്താൻ വർഗ്ഗീകരണങ്ങൾ സഹായിക്കുന്നു.

'പാഠങ്ങളും പാഠാന്തരങ്ങളും' എന്ന നാലാം അധ്യായത്തിൽ പാഠാന്തരങ്ങൾ ഉാവുന്നതുമായി ബന്ധപ്പെട്ട ഫോക്‌ലോറിസ്റ്റിക് സിദ്ധാന്തങ്ങളെ അവതരിപ്പിച്ചുകൊ് പാഠാന്തരങ്ങൾക്ക് കാരണം കത്തൊൻ ശ്രമിച്ചിട്ടു്. വാമൊഴി, കേട്ടെഴുത്ത്, വരമൊഴി എന്നിങ്ങനെയുള്ള വ്യത്യാസങ്ങളെ അപഗ്രഥിച്ച് ഒരേ പാട്ടിനു തന്നെ വിവിധ സമുദായങ്ങളിൽ, പ്രദേശങ്ങളിൽ, കാലഘട്ടങ്ങളിൽ നിലനിന്ന പ ാഠഭേദങ്ങളെ നിരീക്ഷിക്കുന്നു. സന്ദർഭങ്ങൾ ഒന്നുതന്നെയാവാമെങ്കിലും പ്രാദേശി കസാമുദായികമാറ്റങ്ങളെ സ്പഷ്ടമാക്കാനും ചരിത്രവായനക്കും സഹായിക്കുന്നു. കേരളത്തിലുടനീളം പ്രചാരത്തിലുള്ളതും ഏറെ പരിചിതവുമായ പാട്ടുകൾ തെര ഞ്ഞെടുത്തത് എളുപ്പത്തിൽ പാഠഭേദത്തിന്റെ സവിശേഷതകൾ ബോധ്യപ്പെടുക എന്ന ഉദ്ദേശ്യത്തിലാണ്. സൂചകങ്ങൾ ഉപയോഗിച്ച് താരതമ്യപഠനം നടത്തിയിട്ടു്. ഇത് നാടൻകുട്ടിപ്പാട്ടുകളുടെ പ്രാദേശികതയെക്കുറിക്കുന്നതോടൊപ്പം 'ലോകവീ ക്ഷണ'ത്തെ കത്തൊൻ സഹായിക്കുകയും ചെയ്യുന്നു.

'നാടൻകുട്ടിപ്പാട്ടുകളിലെ ചിന്താലോകം' എന്ന അഞ്ചാം അധ്യായത്തിൽ ലോകവീക്ഷണത്തെ തിരിച്ചറിയാൻ പര്യാപ്തമായ വിധത്തിൽ ആ പാട്ടുകളിൽ കുടികൊള്ളുന്നതും പ്രതിഫലിക്കുന്നതുമായ സാംസ്കാരിക സാമൂഹികസാമ്പത്തി കഘടകങ്ങളും ചരിത്രാംശങ്ങളും കത്തിെ സാക്ഷ്യസഹിതം രേഖപ്പെടുത്തുന്നു. കേരളീയ ചരിത്ര–രാഷ്ട്രീയ പശ്ചാത്തലവും സാമ്പത്തിക അസമത്വങ്ങളും ജാതീയമായ ഉച്ചനീചത്വങ്ങളും വെളിപ്പെടുത്തുന്ന ഈ അപഗ്രഥനം കേരളീയജീവി തചരിത്രപഠനമായി മാറുന്നു. മലയാളഭാഷ, സംസ്കാരം തുടങ്ങിയവയുമായി ബന്ധപ്പെടുത്തി പാട്ടുകളിലെ പ്രത്യേകതകളെ കത്തിെയിട്ടു്.

നാടൻകുട്ടിപ്പാട്ടിന്റെ സ്വഭാവം, ഉള്ളടക്കം, സന്ദർഭം തുടങ്ങിയവയെപ്പോലെ സംഗീതവും പ്രധാനമാണ്. വൃത്താസ്പദമായി, ഈണതാളങ്ങളെ മുൻനിർത്തി നാടൻകുട്ടിപ്പാട്ടുകൾക്ക് സംഗീതവുമായുള്ള ബന്ധവും സൂചിപ്പിക്കേ തു്. അതിലൂടെ കുട്ടികളുടെ സംഗീതമനോഭാവത്തെയും ഭാവനകളേയും അടു ത്തറിയുന്നതോടൊപ്പം പ്രകൃതിയിലെ ചലനങ്ങളിൽ എന്നപോലെ കുട്ടികളിൽ നൈസർഗികമായി ഒറ്റയ്ക്കും കൂട്ടായുമുള്ള ഈണതാളബോധങ്ങൾ നിരീക്ഷിക്കുന്നു.

'ലോകവീക്ഷണം' എന്ന അവസാനഭാഗത്ത് മുൻ അധ്യായങ്ങളിലെ അന്വേ ഷണത്തിന്റെയും അപഗ്രഥനത്തിന്റെയും ഫലം സംഗ്രഹീതരൂപത്തിൽ നൽകിയിരി ക്കുന്നു. നാടൻകുട്ടിപ്പാട്ടുകൾക്ക് വ്യക്തിത്വരൂപീകരണത്തിൽ നിർണ്ണായകമായ പ ങ്കു്. കുട്ടികൾക്ക് സമത്വബോധവും ധർമ്മചിന്തയും സ്നേഹവും സാഹോദര്യവും പ്രതികരണശേഷിയും പ്രകൃതിസ്നേഹവും നാടൻകുട്ടിപ്പാട്ടുകൾ അനുഭവവേദ്യമാ ക്കുന്നു.

അനുബന്ധത്തിൽ സഹായകഗ്രന്ഥങ്ങൾ, ആവേദകസൂചി, ആവേദകരുടെ ഛായാചിത്രങ്ങൾ, കളികളുടെ ഛായാചിത്രങ്ങൾ എന്നിവ നൽകിയിട്ടു്. പ ഠനത്തിന്റെ പ്രസക്തിയെ ബോധ്യപ്പെടുത്തുന്നതും ആവേദകർ പാടിയ നാടൻകുട്ടിപ്പാട്ടുകൾ ഉൾക്കൊള്ളുന്നതുമായ ഒരു ഡോക്യുമെന്ററി സിഡിയും പ്രബന്ധത്തോടൊപ്പം സമർപ്പിക്കുന്നു.

## അധ്യായം ഒന്ന്

# ഫോക്‌ലോർ

### 1.1 ഫോക്‌ലോർ

'ഒരു കാര്യമെങ്കിലും സാമാന്യമായി പങ്കിടുന്ന ഏതൊരു സമൂഹത്തെയും 'ഫോക്' ആയി പരിഗണിക്കാം. 'ഫോക്‌ലോറു'കളെക്കുറിച്ചുള്ള പഠനങ്ങളെല്ലാം ഒരു കൂട്ടായ്മയുടെ ആത്മബോധം മനസ്സിലാക്കാൻ സഹായിക്കുന്നു.[1] ഇങ്ങനെ 'ഒരു ജനസമൂഹത്തിന്റെ ആത്മബോധം മനസ്സിലാക്കലാണ് ഫോക്‌ലോർ പഠനത്തിന്റെ ഉദ്ദേശ്യം.[2] അത് കൂട്ടായ്മയുടെ സ്വത്വത്തെ തിരിച്ചറിയുകയോ അതിലേക്ക് നയിക്കുകയോ ചെയ്യുന്നു. മുൻപേ പോയ മനുഷ്യസമൂഹങ്ങളുടെ സാംസ്കാരിക ജീവിതക്കൂട്ടായ്മയിൽനിന്നുായ അറിവും അനുഭവവുമാണത്. ആദിവാസികളോ നാഗരികരോ എന്ന ഭേദമില്ലാതെ ഒരു ജനതയിൽ കാണുന്ന വാമൊഴി വഴക്കങ്ങൾ, ആചാരവിശ്വാസങ്ങൾ, ജീവിതശൈലി തുടങ്ങിയവ ഫോക്‌ലോർ ആകുന്നു. ജനങ്ങൾ, ജനങ്ങൾക്കുവേി അവരുടെ ജീവിതാനുഭവങ്ങളിൽ നിന്നും നിർമ്മിച്ച് നിലനിർത്തിപ്പോരുന്നതാണത്.

ജനകീയപാരമ്പര്യമാണ് ഫോക്‌ലോറിന്നടിസ്ഥാനം. 'കൂട്ടായ്മ സ്വയം സൃഷ്ടിക്കാത്തതും, കൂട്ടായ്മ കൈവശം വെയ്ക്കാത്തതും, എന്നാൽ കൂട്ടായ്മക്കുവേി സൃഷ്ടിക്കപ്പെടുന്നതും കൂട്ടായ്മയുടെ അംഗീകാരം ഉള്ളതുമായ പാരമ്പര്യത്തെയാണ് ജനകീയപാരമ്പര്യം എന്ന് പറയുന്നത്.[3] പാരമ്പര്യമായി പകർന്നുവരുന്ന ഫോക്‌ലോറുകൾ വൈയക്തികസൃഷ്ടികൾ ആവാമെങ്കിലും കാലപരവും ദേശപരവുമായ പരിണാമം നിമിത്തവും പ്രചാരണത്തിന്റെ സവിശേഷസ്വഭാവം നിമിത്തവും അജ്ഞാതകർത്തൃകങ്ങളാണ്. സാമൂഹികാടിത്തറയിൽ നിർമ്മിക്കപ്പെട്ടതും പ്രായോഗികാനുഭവത്തിൽ പരിവർത്തനം ചെയ്യപ്പെട്ടതുമായ ഒന്നാണത്. ഒരാചാരമോ അനുഷ്ഠാനമോ സമൂഹത്തിൽ അപ്രായോഗികമായിത്തീരുമ്പോൾ അവ മൃതമായി സംസ്കൃതിയുടെ അവക്ഷിപ്തമായിത്തീരുന്നു. ഉദാ: പുലാപ്പേടി, മണ്ണാപ്പേടി, തൊട്ടുകൂടായ്മ, തീക്കൂടായ്മ. ഭിന്നാത്മകത ഫോക്‌ലോറിന്റെ പ്രത്യേകതയാണ്. ഓരോ ദേശത്തിന്റെയും ഭാഷാസ്വരൂപം, ആചാരവ്യത്യാസങ്ങൾ തുടങ്ങിയവക്കനുസൃതമായി ഭിന്നപാഠങ്ങളുാവുന്നു.

### 1.2 ഫോക്‌ലോർ ധർമ്മങ്ങൾ

ഫോക്‌ലോറുകൾക്ക് പ്രധാനമായും നാല് ധർമ്മങ്ങളുന്ന് പറയാം.

1. മനുഷ്യന്റെ അടിച്ചമർത്തപ്പെട്ട വികാരങ്ങളുടെയും ആഗ്രഹങ്ങളുടെയും പ്രതിഫലനവും, അസ്വാസ്ഥ്യത്തിൽ നിന്ന് ഭാവനയുടേതായ ലോകത്തിലേക്കുള്ള മോചനവും.

2. സംസ്കാരത്തിനുള്ള സാധൂകരണം കൂടിയാണത്. ചടങ്ങുകളും ആചാരസംഹിതകളും അതിൽ പങ്കെടുക്കുന്നവർക്ക് പലതിന്റെയും ന്യായീകരണമാണ്.

3. ഫോക്‌ലോർ അതത് ജനതയുടെ, പ്രത്യേകിച്ച് അക്ഷരാഭ്യാസമില്ലാത്ത സമൂഹത്തിന്റെ വിദ്യാഭ്യാസം.

4. സമൂഹം സ്വീകരിച്ച പെരുമാറ്റച്ചട്ടങ്ങളുടെ നിലനില്പ് ഉറപ്പ് വരുത്തൽ.[4]

ഫോക്‌ലോറിന്റെ സവിശേഷതകൾ, ധർമ്മം തുടങ്ങിയവ നമുക്ക് വിവരിക്കാമെങ്കിലും 'എന്താണ് ഫോക്‌ലോർ' എന്ന ചോദ്യത്തിന് കൃത്യമായ ഒരു നിർവചനം നൽകാൻ വിഷമമാണ്. ജീവിതം പോലെ അതിന്റെ ഭാഗമായ ഫോക്‌ലോറും നിർവചനാതീതമാണ്. എങ്കിലും വിഷയവ്യാപ്തിയെയും പ്രാധാന്യത്തെയും വെളിപ്പെടുത്താൻ പര്യാപ്തമായ ചില വിവക്ഷകൾ സൂചിപ്പിക്കാവുന്നതാണ്.

'വാമൊഴിയിലൂടെ സംവേദനം ചെയ്യപ്പെടുന്ന സാഹിത്യമാണ് ഫോക്‌ലോർ'[5] എന്ന് ഫ്രാൻസിസ് ലി അറ്റ്ലെയും 'വാചികകല (Verbal art) അഥവാ ഭാഷണപദങ്ങളുടെ സൗന്ദര്യാത്മക പ്രയോഗമാണ്'[6] എന്ന് വില്യം ആർ ബാസ്ക്കവും ഫോക്‌ലോറിനെ നിർവ്വചിക്കുന്നു. 'ചെറിയ കൂട്ടായ്മയിലെ കലാപരമായ ആശയ സംവേദനമാണ് ഫോക്‌ലോർ'[7] എന്ന് ബെൻ അമോസും 'ഒരു ജനതയുടെ സാംസ്കാരികപ്രക്രിയയുടെ ശാസ്ത്രീയമായ പഠനമാണ് ഫോക്‌ലോർ'[8] എന്ന് പഔലോദും' പ്രകൃതിയുമായി ബന്ധപ്പെട്ട പുരാവൃത്തപ്രമാണമാണ് ഫോക്‌ലോർ'[9] എന്ന് മാക്സ് മുള്ളറും വിശദമാക്കുന്നു. 'ഇന്ദ്രിയങ്ങളിലൂടെ സ്വീകരിക്കുകയും സ്വീകരിച്ചവയെ അനുകരണത്തിലൂടെ സ്വായത്തമാക്കുകയും ചെയ്യുന്നതാണ് ഫോക്‌ലോർ[10] എന്ന് ശ്രീ രാഘവൻ പയ്യനാട് അഭിപ്രായപ്പെടുന്നു. മനുഷ്യന്റെ ജീവിതക്കൂട്ടായ്മയിലൂടെ സ്വാഭാവികമായി രൂപപ്പെട്ടതും, അനുകരണങ്ങളിലൂടെയും അനുഭവങ്ങളിലൂടെയും തന്മയീഭവിച്ച്, ഭാവിക്കുവേ സംരക്ഷിച്ച്, കൈമാറിപ്പോരുന്നതുമായ സാംസ്കാരികപാരമ്പര്യത്തിന്റെ യുക്തിസഹമായ പഠനമാണതെന്ന് ചുരുക്കിപ്പറയാം.

### 1.3 സാഹിത്യം

ഗദ്യത്തിലോ പദ്യത്തിലോ ഉള്ള കലാപരമായ സംരചനയാണ് സാഹിത്യം. സാർത്ഥകശബ്ദങ്ങളുടെ സമുച്ചയമാണവ. ശബ്ദാർത്ഥങ്ങളുടെ പരസ്പര സ്ഫൂർത്തിയെക്കുറിക്കുന്ന സാഹിത്യത്തെ പൗരസ്ത്യസാഹിത്യചിന്തകനായ മഹിമഭട്ടൻ 'ശബ്ദാർത്ഥങ്ങളുടെ 'തുല്യകക്ഷത്വേനാന്യൂനാതിരിക്തത്വ'മാണ്'[11] (നച കാവ്യേ ശാസ്ത്രാദിവദർത്ഥ പ്രതീത്യർത്ഥം ശബ്ദമാത്രം പ്രയൂജ്യതോ സഹിതയോ ശബ്ദാർത്ഥയോ: തത്ര പ്രയോഗാത്, സാഹിത്യം തുല്യകക്ഷത്വേനാ – ന്യൂനാതിരിക്തത്വം) എന്ന് വിവക്ഷിക്കുന്നു. രേഖപ്പെടുത്തി വെച്ച ഉത്തമചിന്തകളാണ് സാഹിത്യമെന്ന് എമേഴ്സണും ധാർമ്മിക സത്യങ്ങളും മനുഷ്യവികാരങ്ങളും ഏറെ വലിയൊരളവിൽ സമചിത്തതയോടും രൂപപരമായ ആകർഷകതയോടും കൂടി ഏതിൽ പ്രതിപാദിക്കപ്പെടുന്നുവോ, അത്തരം കൃതി സാഹിത്യത്തിൽ ഉൾപ്പെടുന്നു എന്ന് മോർലിയും പറയുന്നു. മലയാളത്തിലെ പാശ്ചാത്യസാഹിത്യഗവേഷകനായ എം. അച്യുതൻ 'അസീമവിസ്തൃതമായ ജീവിതത്തിന്റെ വിചിത്രഭാവങ്ങളെ മുഴുവൻ ആശ്ലേഷിച്ചൊതുക്കാൻ പോന്നവണ്ണം വിശാലവക്ഷസാണ് സാഹിത്യം'[12] എന്നഭിപ്രായപ്പെടുന്നു. സഹജമായ പ്രചോദനത്തിൽ നിന്ന് സ്ഥായിയായ വികാരത്തിലൂടെ സഹൃദയനെ ആത്മവിശ്രാന്തിയിലേക്ക് നയിക്കുന്നവയാണവ. വികാരം (feeling or emotion), വിചാരം (thought), ഭാവന (imagination) ശൈലി (style) എന്നിവയാണ് സാഹിത്യത്തിന്റെ മൗലികഘടകങ്ങൾ. സാഹിത്യം പ്രധാനമായും ര് തരത്തിലു്. വാമൊഴിയും വരമൊഴിയും.

## 1.4 വാമൊഴിവരമൊഴികൾ

ഒരു ജനതയുടെ കൂട്ടായ്മാജീവിതത്തിന്റെ ഭാഗമായി നൈസർഗികമായി പിറവിയെടുക്കുന്നതും പ്രചരിക്കപ്പെടുന്നതുമായ പാട്ടുകൾ, കഥകൾ, ഭാഷണങ്ങൾ തുടങ്ങിയവ സാഹിത്യസ്വഭാവമുള്ള വാങ്മയങ്ങളാണ്. അജ്ഞാതകർത്തൃകങ്ങളും ധാരാളം പാഠഭേദങ്ങൾ ഉള്ളതുമായ വാമൊഴിസാഹിത്യം പരിണാമിയായതിനാൽ നിത്യനൂതനങ്ങളാണ്. എങ്കിലും പരമ്പരാഗതശൈലിയിൽ രചിക്കപ്പെട്ട അവ ജീവിതപരിണാമചരിത്രപഠനത്തിന്റെ ഊർജ്ജസ്രോതസ്സുകളാണ്. ജ്ഞാതകർത്തൃകങ്ങളായ വരമൊഴിസാഹിത്യം ബോധപൂർവ്വം സൃഷ്ടിക്കുന്നതും പ്രചരിപ്പിക്കുന്നതുമാണ്. സാഹിത്യകാരൻ തന്റെ ഉദ്ദേശ്യങ്ങൾ സാധൂകരിക്കുന്നതിനുതകുന്ന ശൈലിയും രീതിയും അവലംബിക്കുന്നു. ഭാഷാനിർമ്മിതിയുടെ പുതിയ സാധ്യതകൾ ആരായുകയും ഇതരസാഹിത്യരൂപങ്ങളിൽ നിന്ന് വ്യതിരിക്തമാക്കുവാൻ വേി നൂതന ആഖ്യാനരീതികൾ കത്തെുകയും ചെയ്യുന്നു. കാലത്തിന്റെ മാറ്റങ്ങൾക്കും ആശയാദർശങ്ങൾക്കും അനുസൃതമായി സാഹിത്യരചനയിലും മാറ്റ

ങ്ങൾ വരുത്തുന്നു. എന്നാൽ പാഠഭേദങ്ങളില്ലാത്തതിനാൽ സാമൂഹ്യമാറ്റങ്ങൾക്കനുസൃതമായി അവ മാറ്റപ്പെടുന്നില്ല.

വാമൊഴിവരമൊഴി സാഹിത്യവ്യത്യാസങ്ങളെ ഇങ്ങനെ ക്രമീകരിക്കാം.

| | വാമൊഴി സാഹിത്യം | വരമൊഴിസാഹിത്യം |
|---|---|---|
| 1. | കൂട്ടായ്മയിലൂടെ സൃഷ്ടിക്കപ്പെടുകയും പ്രചരിക്കപ്പെടുകയും ചെയ്യുന്നു | വൈയക്തിക സൃഷ്ടി ബോധപൂർവ്വം പ്രചരിപ്പിക്കുന്നു |
| 2. | അജ്ഞാതകർത്തൃകത | ജ്ഞാതകർത്തൃകത |
| 3. | നൈസർഗ്ഗികമായി പിറവിയെടുക്കുന്നു | ബോധപൂർവ്വം സൃഷ്ടിക്കുന്നു |
| 4. | വാമൊഴിവ്യാപനം | വരമൊഴി വ്യാപനം |
| 5. | സാമ്പ്രദായിക ഇതിവൃത്തവും ശൈലിയും | വ്യക്ത്യധിഷ്ഠിത ഇതിവൃത്തവും ശൈലിയും |
| 6. | ജനകീയമാണ് | ജനകീയമാകണമെന്നില്ല |
| 7. | പാരമ്പര്യക്കൈമാറ്റം മുഖ്യധർമ്മമാണ് | അച്ചടിയിലൂടെ നിലനിൽക്കുന്നു |
| 8. | പാഠഭേദങ്ങൾ ഉ് | പാഠഭേദങ്ങളില്ല |
| 9. | പരിണാമിയാണ് | പരിണാമിയല്ല |
| 10. | കാലദേശാതീതമാണ് | കൃത്യമായ കാലദേശഗണന സാധിക്കുന്നു |

### 1.5 വാമൊഴിവഴക്കങ്ങൾ

മുഖ്യധാരസാഹിത്യത്തിന് വളരെ മുമ്പ് തന്നെ രൂപം കൊ്, അതിന് സമാന്തരമായി നിലനിന്ന നാടൻസാഹിത്യത്തിലെ വാങ്മയങ്ങളാണ് നാടൻകഥകൾ, നാടൻപാട്ടുകൾ, കടങ്കഥകൾ, പഴഞ്ചൊല്ലുകൾ, ശൈലികൾ തുടങ്ങിയവ. ഒരു സാമൂഹ്യജീവി എന്ന നിലയിൽ മനുഷ്യജീവിതത്തെ കൂടുതൽ ഹൃദ്യവും മധുരതരവുമാക്കാൻ സഹായിച്ച, ചിട്ടപ്പെടുത്താൻ കൂട്ടുനിന്ന, ഈ സാംസ്കാരികത്തനിമകൾ ജീവിതാനുഭവങ്ങളുടെ മാറ്റുരക്കലിലൂടെ സ്വായത്തമാക്കിയ അറിവുകളുടേയും മനസ്സിന്റെ താളപ്പെടുത്തലിന്റെയും ആകെത്തുകയാണ്.

### 1.5.1 നാടൻകഥകൾ

നിർവചനാതീതമായ ഒരു അനുഭവമാണ് കഥ. ഏതാനും വാക്കുകളിൽ അവസാനിക്കുന്ന കഥകൾ മുതൽ മാസങ്ങളോളം പറഞ്ഞാലും തീരാത്ത കഥകൾ

വരെ ഉങ്കെിലും സൂക്ഷ്മപഠനത്തിൽ ഈ വൈവിധ്യം ഉപരിതലസ്പർശി മാത്രമാണെന്നും ആത്യന്തികമായ ഘടനയിൽ സമാനങ്ങളാണെന്നും കാണാം. പ്രശ്നവും പ്രശ്നപരിഹാരവും അഥവാ ഇല്ലായ്മയും അവയുടെ നികത്തലുമായ കഥ 'ന്യൂനത്തിൽ നിന്ന് അധികത്തിലേക്കുള്ള സംഭവപരമ്പരകളുടെ അനുക്രമമായ ഗതിയാണ്.'[13] ഏതൊരു കഥയിലും രൂപപരമായും സ്വഭാവപരമായും ധർമ്മപരമായും പ്രവൃത്തികൾക്കനുസരിച്ചും ധാരാളം വ്യത്യസ്തകഥാപാത്രങ്ങളും ആവിഷ്ക്കരണരീതികളും ഉായിരിക്കും. കഥയിലെ വികാരവിചാരങ്ങൾ, ഇടപെടലുകൾ, തദനുബന്ധസംഭവവികാസങ്ങൾ, രൂപഭാവങ്ങൾ, ധർമ്മങ്ങൾ, തുടങ്ങിയവയും പറയുന്ന ആളുടെ മനോഭാവം, സംഭാഷണചാതുരി, ശബ്ദനിയന്ത്രണം, ഭാവഹാവാദികൾ, തനിമ, നർമ്മബോധം, രസികത്വം, ഭാഷാപ്രയോഗനൈപുണി, സർഗ്ഗാത്മകത, ആസ്വാദനക്ഷമത തുടങ്ങിയവയും കഥാശില്പത്തെ പുതുമയുള്ളതും മനോഹരവുമാക്കുന്നു. കേൾവിക്കാരിൽ അവാച്യമായ ഒരനുഭൂതി സൃഷ്ടിച്ചെടുക്കാൻ കഥ പറയുന്നതിലൂടെ സാധിക്കുന്നു. വ്യവസ്ഥാപിതമായ വിദ്യാഭ്യാസരീതികൾ ഇല്ലാത്ത അഥവാ ഔപചാരികവിദ്യാഭ്യാസത്തിന് സാധ്യതയില്ലാത്ത ഗ്രാമീണജനതക്കുപോലും വിജ്ഞാനവും ആത്മവീര്യവും കൗശലവും കല്പനാചാരുതയും തദുപരി സംസ്കാരവും പകർന്നുകൊടുക്കുന്നതിൽ നാടൻകഥകൾ പരമപ്രധാനമായ പങ്കാണ് വഹിക്കുന്നത്. ജന്തുകഥകൾ, അലൗകികകഥകൾ, ലൗകികകഥകൾ തുടങ്ങി വളരെ വിപുലമായ ഒരു തലമാണ് നാടൻകഥകൾക്കുള്ളത്.

### 1.5.2 പഴഞ്ചൊല്ലുകൾ

'പലരും പറഞ്ഞ് പഴകിയ ചൊല്ല്' എന്നോ 'കാലപ്പഴക്കമുള്ള ചൊല്ല്' എന്നോ വിശേഷിപ്പിക്കാവുന്ന പഴഞ്ചൊല്ലുകൾ വ്യക്ത്യനുഭവങ്ങളുടെ സാമാന്യവൽക്കരണത്തിലൂടെ ഒരു സമൂഹം നേടിയ സഞ്ചിതവിജ്ഞാനമാണ്. ഓരോരോ സന്ദർഭങ്ങളിലായി പൂർവ്വികരുടെ നാവിൻതുമ്പിൽ നിന്നും ഉപദേശങ്ങളായും സാമാന്യതത്വങ്ങളായും വസ്തുസ്ഥിതികഥനമായും വാർന്നുവീണ മൊഴിമുത്തുകളാണവ. സരസവും സാരവത്തുമായ രീതിയിൽ തത്വചിന്തയെ ആവിഷ്ക്കരിക്കുന്ന പഴഞ്ചൊല്ലുകൾക്ക് മഞ്ഞുതുള്ളിയിൽ പ്രപഞ്ചം എന്ന പോലെ വിപുലമായ ആശയതലങ്ങളെ അനാവരണം ചെയ്യാൻ കഴിവു്. വ്യക്തിഗതസാഹിത്യരചനയുടെ പൂർവ്വരൂപങ്ങൾ എന്ന് പറയാവുന്ന, ലാളിത്യം പ്രസാദം, മാധുര്യം തുടങ്ങിയ ഗുണവിശേഷങ്ങൾ ഉള്ള പഴഞ്ചൊല്ലുകൾ സംക്ഷിപ്തഉദ്ബോധനമാണ്. ഭാഷയ്ക്ക് ഭംഗിയും ഉക്തിക്ക് വൈചിത്ര്യവും ആശയങ്ങൾക്ക് അഗാധതയും നൽകുന്നതിൽ പഴഞ്ചൊല്ലുകൾക്കുള്ള അസാധാരണമായ കഴിവിനെ ആർക്കും സംശയിക്കാനാവില്ല.[14] ആദിപ്രാസം, അന്ത്യപ്രാസം, അനുപ്രാസം, തുടങ്ങിയ ശബ്ദാലങ്കാര

ങ്ങളുടെ പിൻബലം ഇവക്ക് രൂപപരമായ ദൃഢത നല്കുന്നു. ശബ്ദതലത്തിലുള്ള താളാത്മകത, അർത്ഥഗരിമയിലേക്ക് കടക്കുന്ന നർമ്മബോധം, ഇവകൊ് പ്രത്യേക സ്മരണീയങ്ങളായ പഴഞ്ചൊല്ലുകൾ 'അലങ്കാരശാസ്ത്രത്തിലെ അർത്ഥാന്തരന്യാസ ത്തിൽ നിന്ന് അത്രയൊന്നും ഭിന്നമല്ല'.[15] ആവർത്തനങ്ങളിലൂടെ പല ശതകങ്ങ ളായി ഒഴുകിവന്നിട്ടുള്ള അവ പദ്യമല്ല, എന്നാൽ ഗദ്യവുമല്ല.

ഭാഷണശേഷിയും ഭാഷാപ്രയോഗസാമർത്ഥ്യവും ആശയസംവേദനക്ഷമ തയും വർധിപ്പിക്കാൻ സഹായിക്കുന്ന പഴഞ്ചൊല്ലുകൾ മനുഷ്യമനസ്സിലെ ആസ്വാ ദ്യതലങ്ങളെയും അലങ്കാരചാതുരിയേയും ഉണർത്താനും ചിന്താശേഷിയെ വർധി പ്പിക്കാനും ജീവിതാനുഭവങ്ങളെ സ്വയം ബോധ്യപ്പെടുത്താനും സഹായകമാണ്. 'എഴുതപ്പെട്ട നിയമങ്ങളും വ്യവസ്ഥാപിതങ്ങളായ കോടതികളുമില്ലാത്ത സമൂഹ ത്തിൽ തർക്കങ്ങൾ ഉാവുമ്പോൾ അവക്ക് വിധി കല്പിക്കുന്നത് പലപ്പോഴും പഴ ഞ്ചൊല്ലുകളെ ആധാരമാക്കിയായിരുന്നു. നൈജീരിയയിൽ ഇന്നും കുറ്റ വിചാരണ യിലും തീർപ്പ് കൽപ്പിക്കുന്നതിലും പഴഞ്ചൊല്ലുകൾ സുപ്രധാന പങ്കു വഹിക്കു ന്നു.'[16] പഴഞ്ചൊല്ലുകൾ ഒരു വിനോദോപാധിയാണ്. നൈതിക വിദ്യാഭ്യാസ ത്തിനുള്ള ഒരു മാധ്യമവുമാണ്. ഇവയ്ക്കെല്ലാമുപരി കാര്യം പറഞ്ഞു ഫലിപ്പി ക്കാനുള്ള ശക്തമായ ഉപാധിയും ആചാരമര്യാദകൾക്ക് അംഗീകാരം നല്കുന്ന ഫലവത്തായ വസ്തുതയുമായതിനാൽ ഒരു ജനതയുടെ മനസ്സാക്ഷിസൂക്ഷിപ്പുകൾ തന്നെയാണ് അവിടുത്തെ പഴഞ്ചൊല്ലുകൾ. 'സംക്ഷിപ്തമായ രൂപത്തിൽ അനശ്വര സത്യത്തെ പ്രസ്താവിക്കുന്ന ഊർജ്ജസ്വലമായ പഴഞ്ചൊൽവാക്യങ്ങൾ ആലങ്കാരി കതയും അതിശയോക്തിയും പ്രകാശിപ്പിക്കുന്നവയാണ്.'[17] ഒരു സമുദായത്തിന്റെ സംസ്കാരമഹത്വത്തെയും ഭാഷയുടെ രസികത്വത്തെയും പ്രകാശിപ്പിക്കുന്നവയാ ണ് അതിൽ നടപ്പുള്ള ചൊല്ലുകൾ.'[18]

ഉദാ: കാക്കയ്ക്കും തൻകുഞ്ഞ് പൊൻകുഞ്ഞ്.
അടിതെറ്റിയാൽ ആനയും വീഴും.

അപൂർവ്വം ചില പഴഞ്ചൊൽപ്പാട്ടുകളും ഭാഷയിലു്.

ഉദാ: ആനയായാലും അടിതെറ്റ്യാ
വീണുപോവുമുറപ്പുതന്നെ
നമ്മളും ശക്തരായ് തീർന്നെന്നാലും
ഞാനെന്നഹംഭാവം നല്ലതല്ല
ആനകൊടുത്താലും ചെങ്ങാത്യേ
ആശകൊടുക്കല്ലെ ആരുമാർക്കും
ആശനിരാശയായ് തീർന്നുപോയാ–
ലതിലേറെ കഷ്ടത വേറെയില്ല
മൂത്തവർ വാക്കും മുതുനെല്ലിക്കേം
ആദ്യം ചവർക്കും പിന്നെ മധുരിക്കും

ആദ്യം ചവർന്നാലും പിന്നെ പിന്നെ
പച്ചെള്ളം പോലും മധുരിച്ചിടും

### 1.5.3 നാടൻ ശൈലികൾ

പഴഞ്ചൊല്ലുകളുടെ ഒരു ഭാഗം തന്നെയെന്ന് പറയാവുന്ന നാടൻ ശൈലികൾ ഒരു അംഗവാക്യമോ പദമോ അർധവാക്യമോ ലഘുവാക്യമോ മഹാവാക്യമോ ഒക്കെയാണെങ്കിലും സാന്ദർഭികമായി മാത്രം അർത്ഥത്തെ പ്രദാനം ചെയ്യുന്ന വയാണ്. അതിനാൽ സാന്ദർഭികമായി പ്രയോഗത്തിന് അർത്ഥഭേദങ്ങൾ വരാം. പഴ ഞ്ചൊല്ലുകൾ പ്രസ്താവനകളെങ്കിൽ ശൈലികൾ അവയുടെ പ്രയോഗവൽക്കരമാ ണ്.

ഉദാ: രോഗി ഇച്ഛിച്ചതും പാല്, വൈദ്യൻ കല്പിച്ചതും പാല്
തേടിയ വള്ളി കാലിൽ ചുറ്റി

### 1.5.4 കടങ്കഥ

ആബാലവൃദ്ധം ജനങ്ങളും അറിഞ്ഞോ അറിയാതെയോ ഉപയോഗിയ്ക്കു ന്നതും ഇഷ്ടപ്പെടുന്നതുമായ വാമൊഴിരൂപമാണ് കടങ്കഥ. ജീവിതാനുഭവ ങ്ങൾ നൽകിയ അറിവുകളെ സമൂഹം ഗുളികരൂപത്തിലാക്കിയെടുത്ത കടങ്കഥ കൾക്ക് സാധർമ്മ്യവും സാമ്യവും അവലംബമായി നിൽക്കുന്നു. വസ്തുതകൊും ധർമ്മം കൊും നാടോടിത്തനിമയുള്ള കടങ്കഥകൾ ഉൾക്കാഴ്ചയുള്ളവർക്ക് വളരെ യെളുപ്പത്തിൽ കാര്യകാരണബന്ധം തിരിച്ചറിഞ്ഞ് ഉത്തരം കത്തൊൻ പര്യാപ്ത മായ ഊഹങ്ങൾ നിറഞ്ഞ ചോദ്യമോ, പ്രസ്താവനയോ ഗൂഢാർത്ഥവാക്യമോ ആണ്. 'വിനോദം, ആനന്ദം, വിജ്ഞാനം, ചിന്ത, ആസ്വാദ്യത, നിരീക്ഷണം തുട ങ്ങിയ ഘടകങ്ങൾ അടങ്ങിയ വാമൊഴിവാങ്മയമാണ് കടങ്കഥ.'[19] എന്ന് സംഗ്രഹി ക്കാം.

ചുറ്റുപാടുമുള്ള പ്രപഞ്ചം തന്നെയാണ് കടങ്കഥയുടെ വിഷയം. പ്രകൃതി നിരീക്ഷണത്തിൽ നിന്ന് പിറവിയെടുക്കുന്നവയും ജനജീവിതത്തെയും ജീവിതവീ ക്ഷണങ്ങളെയും തത്വങ്ങളെയും പ്രതിഫലിപ്പിക്കുന്നതുമായ കടങ്കഥകൾ, സാമൂ ഹ്യജീവിതത്തിന്റെ ശരിപ്പകർപ്പുകളാണ്. പ്രസിദ്ധമന:ശാസ്ത്രജ്ഞനായ സിഗ്മ് ഫ്രോയ്ഡ് 'ഭൗതികമന:ശാസ്ത്രത്തിൽ' കടങ്കഥകളും തമാശകളും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഇങ്ങനെ പ്രതികരിച്ചിരിക്കുന്നു. 'കടങ്കഥകൾ ഞരമ്പുരോഗ ത്തെയോ മനോരോഗത്തെയോകുറിച്ചുള്ള മന:സംവിധാനത്തിന്റെ ഉല്പാദനം മാത്ര മല്ല, നാക്കുപിഴ, തമാശയുാക്കൽ, കലാനിർമിതി, രാഷ്ട്രീയനിയമം, മതങ്ങൾ എന്നി വയിലുള്ള ചിട്ടയോടുകൂടിയ പ്രവർത്തനക്രമവും കൂടിയാണ്. അവ പ്രായോഗിക ശാസ്ത്രം, പുരാവസ്തുവിജ്ഞാനം, നരവംശശാസ്ത്രം, രോഗചികിത്സാശാസ്ത്രം

എന്നവയിലേക്ക് പുതുതായി വെളിച്ചം കാട്ടാൻ ശ്രമിച്ചു.'[20] കടങ്കഥകൾക്ക് ശാസ്ത്രത്തിലുള്ള സ്ഥാനത്തെ ഈ വാക്കുകൾ വെളിപ്പെടുത്തുന്നു.

കടങ്കഥകൾക്ക് ശാസ്ത്രത്തിൽ മാത്രമല്ല ജനജീവിതത്തിലും ഒഴിച്ചുകൂടാനാവാത്ത സ്ഥാനമുണ്ട് എന്ന് ബോധ്യപ്പെടുത്തുന്നതാണ് ശ്രീ രാഘവൻ പയ്യനാടിന്റെ ഈ പ്രസ്താവന. 'എല്ലാ അറിവുകളും വാമൊഴിയിലൂടെയും അനുഭവത്തിലൂടെയും അനുകരണത്തിലൂടെയും മാത്രം നേടിയെടുക്കുന്ന ഒരു ജനതക്ക് കടങ്കഥകളും പഴഞ്ചൊല്ലുകളും ജീവിതകാലം മുഴുവൻ അവരുടെ നീതിബോധത്തെയും ജീവിതാവബോധത്തെയും ക്രമപ്പെടുത്തിയെടുക്കുന്ന വളരെ പ്രധാനപ്പെട്ട ഉപാധികളാണ്.'[21]

പദബോധം, താളബോധം തുടങ്ങിയവ വളർത്തിയെടുക്കാൻ സഹായിക്കുന്ന കടങ്കഥകൾ വിനോദത്തിലൂടെ വിജ്ഞാനലോകത്തേക്ക് നയിച്ച് വിശ്രമവേളകളെ രസകരമാക്കാനും ബുദ്ധികൂർമ്മതയെ ഉണർത്തി യുക്തിചിന്ത പ്രദാനം ചെയ്യാനും കവിതാവാസന, സഹൃദയത്വം, ഭാഷാപ്രയോഗസാമർത്ഥ്യം തുടങ്ങിയവ വളർത്തി സർഗാത്മകത സൃഷ്ടിക്കാനും കഴിവുള്ളവയാണ്. രൂപണസ്വഭാവവും അതിശയോക്തിയും ആലങ്കാരികതയുമുള്ള ഇവ അഭേദകല്പനകളിലൂടെ ബൗദ്ധികതലങ്ങളെ ഉണർത്തി താരതമ്യാപഗ്രഥനങ്ങളിലൂടെ ഉത്തരത്തിലെത്തിക്കുന്ന സങ്കീർണ്ണമാനസികപ്രക്രിയകൾക്ക് വേദിയൊരുക്കുന്നു എന്നത് വിദ്യാഭ്യാസതലത്തിൽ ഇവക്കുള്ള പ്രാധാന്യത്തെ വ്യക്തമാക്കുന്നു.

കടങ്കഥകൾ ഒരു വിജ്ഞാനസരണി തന്നെയാണ്. പ്രപഞ്ചദൃശ്യങ്ങൾ കൗതുകത്തോടെ നോക്കിക്കാണാനും എന്തിലും രസികത്വം ദർശിക്കാനും മനുഷ്യന് കഴിവുണ്ട്. അതിലൂടെ ബോധപൂർവ്വമല്ലാതെ, നിഷ്കർഷയില്ലാതെ ജനസമൂഹം ശീലിച്ചു പോന്നവയാണ് കടങ്കഥകൾ. അതുകൊണ്ടുതന്നെ പ്രകൃതി അന്യമായിക്കൊണ്ടിരിക്കുന്ന ഇന്നത്തെ മനുഷ്യന് നാട്ടറിവിലൂടെ പ്രകൃതിയെ സ്വന്ത മാക്കാനുള്ള ഉപാധികൾ, സൗന്ദര്യബോധവും പരിസരബോധവും കാവ്യാത്മകതയും ഇണങ്ങുന്ന കടങ്കഥകൾ, വളരുന്ന തലമുറക്ക് നല്കുന്നു.'[22]

ഉദാ: അകത്ത് രോമം പുറത്തിറച്ചി – മൂക്ക്
കാട്ടിലൊരു തുള്ളി ചോര – മഞ്ചാടി

കടങ്കഥാപ്പാട്ടുകൾ മലയാളത്തിൽ ധാരാളമുണ്ട്.

ഉദാ: കടലാസു കലയല്ല
ചുടു ചോര നിറമാണ്
വിടരില്ല, കൊഴിയില്ല, ഒരുനാളും
മലരേത്? അറിയാമോ?
പറയാമോ കമലാക്ഷീ? (ഉ: കോഴിപ്പൂവ്)

പു കാലത്ത് പുരാണങ്ങൾ പോലും കടങ്കഥാപ്പാട്ട് രൂപത്തിൽ അഭ്യസിക്കപ്പെട്ടിരുന്നു.

ഒരുത്തൻപോയൊരുത്തിയായ്
ഒരുത്തിപെറ്റിരുവരായ്
ഇരുവരും കരുത്തരായ്
കരുത്തരിൽ ഒരുവന്റെ
ബന്ധൂന്റെ ശത്രൂന്റെ ഇല്ലം ചുട്ടോന്റെ
അച്ഛനേം കാത്തിരിപ്പാണ് ഞാൻ (ഉ: കാറ്റുകൊള്ളാൻ ഇരിക്കുന്നു)

### 1.5.5 നാടൻപാട്ടുകൾ

ഒരു ജനവിഭാഗത്തിന്റെ സാംസ്കാരിക ചരിത്രത്തിന്റെ അമൂല്യവും അതുല്യവുമായ ഘടകമാണ് നാടൻപാട്ടുകൾ. സാഹിത്യപ്രാഗ്‌രൂപങ്ങളായ ഇവ പരിഷ്ക്കാരത്തിൽ നിന്ന് വളരെയകന്ന് നില്ക്കുന്ന ഗ്രാമീണജനതയുടെ ക്ലേശപൂർണമായ ദൈനംദിനജീവിതത്തിന് ഉണർവ്വും ചൊടിയും ചേർക്കുന്നു. കൂട്ടായ്മയിലെ ചിലർ ഒന്നിച്ച് ചേർന്ന് ആടിയും പാടിയും വായ്ത്താരിയിട്ടും രൂപം കൊടുത്ത നാടൻപാട്ടുകൾ ജനങ്ങൾക്കുവേി ജനങ്ങൾതന്നെ ഒരുക്കിയ പാട്ടുകളാണ്. വരമൊഴിയുടെ പ്രചാരത്തിന് വളരെ മുൻപ് മുതലേ സാധാരണക്കാർ തങ്ങളുടെ വിചാരങ്ങൾക്കും ഭാവനകൾക്കും ആവിഷ്ക്കാരം നൽകിപ്പോന്നത് പ്രധാനമായും നാടൻപാട്ടുകളിലൂടെയും മറ്റ് വാമൊഴിവഴക്കങ്ങളിലൂടെയുമാണ്. ഈണത്തിൽ പാടാവുന്ന ശീലുകൾ, ലളിതകോമളമായി താളലയങ്ങളോടെ അവതരിപ്പിക്കാവുന്നതും ശ്രോതാവിന് എളുപ്പത്തിൽ ഹൃദിസ്ഥമാക്കാനും പുന:സ്മരിച്ച് മറ്റുള്ളവരെ കേൾപ്പിക്കാനും കഴിവുള്ളതുമായ ലളിതപദാവലികൾ, ഹാസവും പ്രേമവും അമർഷവും വിപ്രലംഭവും പ്രതിഷേധവും പ്രതികാരവുമെല്ലാം അനുഭൂതികളായി സമൂർത്തകഥാപാത്രങ്ങളിലൂടെ അവതരിപ്പിക്കുന്ന രീതി തുടങ്ങിയവകൊല്ലാം ശ്രദ്ധേയമാണ് നാടൻപാട്ടുകൾ. സമൂഹത്തിലെ മാനവചോദനകളെ ഒന്നൊഴിയാതെ പ്രതിനിധീകരിക്കുന്ന നാടൻപാട്ടുകളിൽ നല്ലൊരു ശതമാനം അധമവർഗ്ഗമെന്ന് അവഗണിച്ചിരുന്ന ജനതയുടെ ജീവിതമാണ് വെളിപ്പെടുത്തുന്നത്. നാടൻപാട്ടിന്റെ ഒരു വിഭാഗം എന്ന നിലക്ക് നാടൻകുട്ടിപ്പാട്ടുപഠനം കൂടുതൽ സൂക്ഷ്മവും അപഗ്രഥനാത്മകവുമാവണമെങ്കിൽ നാടൻപാട്ടുകളുടെ ചരിത്രപശ്ചാത്തലവും വികാസഘട്ടങ്ങളും വൈപുല്യവും പ്രത്യേകതകളും എല്ലാം പഠനവിധേയമാക്കേതു്.

#### 1.5.5.1 പ്രാകൃതപ്പാട്ടുകൾ

നാടൻപാട്ടുകളിൽ ആദ്യകാലത്തുായവയെ പ്രാകൃതപ്പാട്ടുകൾ എന്ന് പറയാം. പ്രാകൃതപ്പാട്ടുകളെക്കുറിച്ച് പഠനം നടത്തിയ സി.എം. ബൗറ 'ആദ്യകാലത്ത്

ആഹ്ലാദപ്രകടനം എന്നതിൽക്കവിഞ്ഞ് ഈ പാട്ടുകൾക്ക് അർത്ഥമോ ഉദ്ദേശ്യമോ ഉ ായിരിക്കാനിടയില്ല, പ്രാകൃതമനുഷ്യന്റെ ശ്രദ്ധ സവിശേഷമായി പതിഞ്ഞിരുന്നത് ശബ്ദത്തിന്റെ താളാത്മകതയിലാണ്'[23], എന്നഭിപ്രായപ്പെടുന്നു. പ്രകൃതിയെ പൂർണ്ണ മായും ആശ്രയിച്ച് കഴിഞ്ഞിരുന്ന പ്രാകൃതമനുഷ്യൻ പ്രകൃതിവസ്തുക്കളിൽനിന്നും പ്രകൃതിശബ്ദങ്ങളിൽ നിന്നും താളബോധം സ്വീകരിക്കുകയും തന്റെ ശരീരചലന ങ്ങളിലൂടെയും മറ്റും പ്രകൃതിയെ പ്രീതിപ്പെടുത്തുകയും ചെയ്തു. തന്റെ ഇച്ഛക്കനു സരിച്ച് സ്വാധീനിച്ചുപയോഗപ്പെടുത്തുവാനായി അലൗകികശക്തികളോട് ബന്ധം സ്ഥാപിക്കുകയും അതിൽ വിശ്വസിച്ചുകൊ് ആടുകയും പാടുകയും ചെയ്തു. ഒരു ജനതയുടെ മാനസികാവസ്ഥയെ പ്രതിഫലിപ്പിക്കുന്ന ഈ പ്രകടനാത്മകപ്പാട്ടുകൾ പ്രാകൃതപ്പാട്ടുകളായി പരിണമിച്ചു.

## പ്രാകൃതപ്പാട്ടുകളുടെ സവിശേഷതകൾ

1. പാടുന്നതും ആസ്വദിക്കുന്നതും സമൂഹം ഒന്നിച്ചാണ്.
2. നിയതമായ അർത്ഥത്തെ പ്രദാനം ചെയ്യാൻ ഇവക്ക് സാധിക്കുന്നില്ല.
3. ശാരീരികചലനങ്ങളെ അനുസരിക്കുന്നവയാണ്.
4. നിയതമായ താളമില്ല.
5. പ്രകൃതിതാളങ്ങൾ ഉൾക്കൊവയാണ്.
6. ആഹ്ലാദപ്രകടനപരങ്ങളാണ്.

ക്രമേണ മനുഷ്യന്റെ ജീവിതചുറ്റുപാടും സാഹചര്യങ്ങളും വളർന്നതോടെ ശാരീരികചലനങ്ങളെ അനുസരിക്കുന്ന പാട്ടുകളുടെ സ്ഥാനത്ത് താളാത്മകശബ്ദ ങ്ങളെ അഥവാ പാട്ടുകളെ അനുസരിക്കുന്ന ചലനങ്ങൾ രൂപപ്പെട്ടു. ഭാഷക്ക് കിട്ടിയ ഈ മേൽക്കോയ്മയിലൂടെ അവന്റെ ജീവിതത്തിൽ വന്ന മാറ്റവും നായാട്ട്, തീ, മൃഗങ്ങൾ തുടങ്ങിയവയോടുള്ള ബന്ധവും അലൗകികശക്തികളോടുള്ള ഭയ ഭക്തി ബഹുമാനങ്ങളും പാട്ടുകളിലൂടെ പ്രകടമായി. കാലക്രമത്തിൽ പാട്ടുകാരന്റെ മനോഗതങ്ങളും ഇംഗിതങ്ങളും പ്രകടിപ്പിക്കുന്ന വ്യക്തിഭാവനയെ തൊട്ടുണർത്തു ന്നതോ വികാരോദ്ദീപകങ്ങളോ ആയ പാട്ടുകളും രൂപപ്പെട്ടു.

## പ്രാകൃതപ്പാട്ടുകളുടെ വികാസഘട്ടങ്ങൾ

പ്രാകൃതപ്പാട്ടുകളെക്കുറിച്ച് ഗവേഷണം നടത്തിയ സി.എം. ബൗറ അവ യുടെ വികാസത്തെ അഞ്ച് ഘട്ടങ്ങളായിത്തിരിച്ചിരിക്കുന്നു.

1. അർത്ഥമില്ലാത്ത ഒറ്റയടികൾ
2. ആശയം ഉൾക്കൊള്ളുന്ന ആവർത്തിത ഒറ്റയടികൾ

3. അവ ചേർന്ന പരമ്പര/ ഖണ്ഡം
4. വിശാലമായ ഖണ്ഡങ്ങൾ / വലിയ ഭാഗങ്ങൾ
5. വരികളോ ഖണ്ഡങ്ങളോ ചേർന്ന വലിയ രചനകൾ.[24]

**പ്രാകൃതപ്പാട്ടുകളും നാടൻപാട്ടുകളും**

പ്രാകൃതപ്പാട്ടുകൾക്കും ആധുനികകവിതകൾക്കും ഇടയ്ക്കാണ് നാടൻപാട്ടുകളുടെ സ്ഥാനം. പ്രാകൃതപ്പാട്ടുകൾ തീർത്തും സാമൂഹ്യസ്വഭാവം കാണിക്കുന്നവയെങ്കിൽ ആധുനികകവിത പൂർണമായും വൈയക്തികസ്വഭാവം പുലർത്തുന്നവയാണ്. എന്നാൽ നാടൻപാട്ടുകളിൽ സാമൂഹ്യസ്വഭാവത്തോടൊപ്പം അവിടവിടെയായി വൈയക്തികഭാവനാതലങ്ങളും പ്രകടമാകുന്നു.

**1.5.5.2 നാടൻപാട്ടുകൾ**

**നാടൻപാട്ടുകളിലെ സ്വഭാവസവിശേഷതകൾ**

1. **വാമൊഴിവഴക്കം :-** വാമൊഴിയായി പ്രചരിക്കുന്നതിനാൽ പ്രാദേശികതയും ധാരാളം പാഠഭേദങ്ങളും ഉ്.

2. **നിർവൈയക്തികത:-** വ്യക്തിഭാവനയും വ്യക്തിശൈലിയും താരതമ്യേന തീരെ കുറവാണ്. കൂട്ടായ്മയുടെ അഭിലാഷപ്രകടനങ്ങളോ ഉല്ലാസപ്രകാശനമോ ആണ് ദൃശ്യമാവുന്നത്.

3. **അനുഭവാവിഷ്ക്കരണം:-** അനുഭവപരിധിക്കകത്തുള്ള കാര്യങ്ങളാണ് നാടൻപാട്ടിലെ പ്രതിപാദ്യം. കേട്ടുകേൾവികൾ, ഐതീഹ്യം, പുരാവൃത്തം, വിശ്വാസം തുടങ്ങി ഭൗതികവും മാനസികവുമായ അനുഭവതലങ്ങളുടെ പുനരാഖ്യാനമാണിവിടെ നടക്കുന്നത്.

4. **ഭാഷാലാളിത്യം:-** സാമാന്യജനങ്ങളുടെ വ്യവഹാരഭാഷയോട് അടുപ്പമുള്ള ഭാഷയായിരിക്കും നാടൻ പാട്ടിന്റേത്. അതിനാൽ പ്രാദേശികസാമൂഹികഭാഷാഭേദങ്ങൾ ധാരാളമായി കാണാം.

5. **താളാത്മകത:-** നിയമവൽക്കരിക്കപ്പെട്ട വൃത്തവ്യവസ്ഥകൾക്കപ്പുറത്ത് താളവാദ്യങ്ങളിൽ ഉപയോഗിച്ചുവരുന്ന അടിസ്ഥാനവ്യവസ്ഥകളുമായി സാദൃശ്യമുള്ള ഈണവ്യവസ്ഥയാണ് നാടൻപാട്ടിനുള്ളത്. അക്ഷരസംഖ്യയല്ല താളക്രമമാണ് പാട്ടുകൾ ചൊല്ലുന്നതിന്നാധാരം.

6. **ഉപസംസ്കാരപ്രതിഫലനം:-** നാടൻപാട്ടുകളിൽ പലതും ഉപസംസ്കാരങ്ങളുടെ ഉല്പന്നമാകയാൽ പ്രാദേശികവും വർഗപരവുമായ സ്വഭാവവിശേഷങ്ങൾ പാട്ടുകളിൽ പ്രതിഫലിക്കുന്നു.

7. **ചലനാത്മകത:-** വരമൊഴിസാഹിത്യത്തിലേതു പോലെ പ്രകൃതി, വികാരം, ശരീരം, സ്ഥലം, തുടങ്ങിയവയെക്കുറിച്ചുള്ള ദീർഘവർണ്ണനകൾ നാടൻപാട്ടിൽ സാധാരണയായി കാണുകയില്ല. സംഭവങ്ങളെ ചടുലമായും അനുക്രമമായും വിവരിച്ചുപോരുന്ന ആഖ്യാനരീതിയിലുള്ള അവ ചലനാത്മകസ്വഭാവം പുലർത്തുന്നു.

**നാടൻപാട്ടിലെ ഭാഷ**

പഴന്തമിഴിൽനിന്ന് മലയാളമായി പരിണമിച്ചപ്പോൾ ഭാഷയിൽ സംഭവിച്ച മാറ്റങ്ങൾ നാടൻപാട്ടിലും കാണാമെങ്കിലും പലയിടത്തും പഴയ ഭാഷാസ്വാധീനങ്ങൾ നിലനിൽക്കുന്നു്. ഒപ്പം പ്രാദേശിക വാമൊഴി ഉച്ചാരണവിശേഷങ്ങൾ അതേപോലെ പകർന്നിരിക്കും. ഉദാ:- നെറ്റീല് (നെറ്റിയിൽ), പാച്ചോറ് (പാൽച്ചോറ്), കച്ചോടം (കച്ചവടം), ഇട്ത്തു (എടുത്തു), അമ്മേടെ (അമ്മയുടെ).

മാനകഭാഷയിൽ കാണാത്ത കുറേ ക്രിയാപദബന്ധങ്ങൾ നാടൻപാട്ടുകളിൽ ഉ്. ഇവയിൽ ചിലതിന് ശൈലീസ്വഭാവവും കാണാം. ഉദാ: തോറ്റ് തുന്നം പാടുക (അമ്പേ പരാജയപ്പെടുക) മനസ്സ് നെനക്കുക (വിചാരിക്കുക), ചിതം വരുത്തുക (ശുദ്ധി വരുത്തുക). വാമൊഴിച്ചൊല്ലുകളുടെ ഒരു കലവറയാണ് നാടൻപാട്ടുകൾ. ഉദാ:- അടവേ (മുഴുവൻ) പിന്നി (ദോഷം) കോലുക (ധ്യാനിക്കുക), ചങ്ങാരം (സന്തോഷം).

വിളിച്ചു പറയൽ രീതിയാണ് നാടൻപാട്ടുകളിലെ ആഖ്യാനരീതി. 'ഏ' എന്ന നിപാതമാണ് ഇതിന് സാധാരണയായി ഉപയോഗിച്ചുവരുന്നത്.

ഉദാ: സൂര്യനുദിച്ചു കേ
ആനപ്പുറമേറി പോകുന്നുേ.

ചില പാട്ടുകളിൽ 'അല്ലോ' എന്ന വാക്യപൂരകവും ഉപയോഗിച്ചുകാണാം.

ഉദാ: പൂമരമൊക്കെയും പൂവണിഞ്ഞല്ലോ
പൂരം വന്നല്ലോ
മയയ്യ് കൊള്ളുന്നല്ലോ.

**നാടൻപാട്ടുരചന**

നാടൻപാട്ടിന്റെ രചനയെ 'കവികെട്ടൽ' എന്ന് പറയാം. മുൻകൂട്ടി ഒരുക്കിയ ചേരുവകൾ അടിസ്ഥാനമാക്കി പുതിയ കഥകൾ ചമച്ചുാക്കുക എന്നതാണ് 'കവി കെട്ടൽ' എന്നതുകൊർത്ഥമാക്കുന്നത്. ഓരോ പാട്ടുസമൂഹത്തിനും അതിന്റേതായ പ്രമേയസ്വഭാവവും രചനാപശ്ചാത്തലവുമനുസരിച്ച് വ്യത്യസ്തമായ കവികെട്ടലുകൾ ഉായിരിക്കും. ഈ 'ഒരുക്കുശീലുകൾ' ഒരേ വർഗത്തിൽപ്പെട്ട നാടൻപാട്ടുകൾക്ക് സ്വഭാവസാദൃശ്യം നൽകുന്നു.

നാടൻപാട്ടിൽ താളം മുറിയാൻ പാടില്ല. ആശയം പൂർത്തിയാകുമ്പോഴും താളമൊപ്പിക്കാനും താളക്രമത്തെ നിലനിർത്താനും വേി വിശേഷിച്ച് അർത്ഥം കൽപിക്കാതെ ചില പദങ്ങൾ പാട്ടുകളിൽ ഏച്ചുകെട്ടാറു്. ഇവയെ 'നികത്തുമൊഴികൾ' എന്നോ 'ഏപ്പുചൊല്ലുകൾ' എന്നോ പറയുന്നു.

| | | | |
|---|---|---|---|
| ഉദാ:– | പറയുന്നുോമന കുഞ്ഞൊതേനൻ | – | 'ഓമന, കുഞ്ഞ്' |
| | എന്നെത്തുണക്കണം നേർചങ്ങാതി | – | 'നേർ' |
| | വേണമെന്ന് കരുതുന്നു പൊന്നയ്യപ്പൻ | – | 'പൊന്ന്' |

നാടൻപാട്ടിന്റെ തനത് സ്വഭാവത്തെ പ്രദർശിപ്പിക്കാത്ത പല പാട്ടുകളും നാടൻപാട്ടു സമാഹരണങ്ങളിൽ കത്തൊവുന്നതാണ്. നാടൻപാട്ട് ശേഖരിക്കുമ്പോൾ ശ്രദ്ധിക്കേ കാര്യങ്ങൾ.

1. അജ്ഞാതകർത്തൃകമാണ് എന്നതുകൊാേ കർത്തൃകത്വം രേഖപ്പെടുത്തിയിട്ടില്ല എന്നതുകൊാേ പ്രാദേശികഭാഷാസ്വഭാവങ്ങൾ ു് എന്നതുകൊാേ, പാട്ട് നാടൻപാട്ടാവണമെന്നില്ല.

2. പാട്ടിൽ വിവരിച്ച സംഗതിയും പാട്ടുായ കാലവും തമ്മിൽ വിടവുായിരിക്കുവാൻ സാധ്യതയുള്ളതിനാൽ നാടൻപാട്ടിന്റെ കാലം പ്രതിപാദ്യത്തിൽ നിന്ന് കത്തൊൻ സാധിക്കണമെന്നില്ല.

3. കൃത്യമായ പ്രാദേശികത തെളിയിക്കാൻ സാധ്യമല്ല.

4. പൗരാണികേതിവൃത്തങ്ങളെ അവലംബമാക്കിയുള്ള കഥാഖ്യാനങ്ങൾ, ദൈവസ്തുതികൾ തുടങ്ങിയവയിൽ നാടൻ പാട്ടുകളുടെ സാമാന്യസ്വാഭാവങ്ങൾ കുറവാണ്.

5. പാട്ടുകളിൽ കാണുന്ന കലർപ്പുഭാഷ മലയാളികളുടെ വ്യവഹാരഭാഷയുടെ പ്രതിഫലനമാണെന്ന് കരുതാനാവില്ല. ഉദാ:– തിരുവിതാംകൂറിലെ പാട്ടുകളിലെ തമിഴ്സ്വാധീനം.

6. ചിലപ്പോൾ ഉപസമൂഹങ്ങൾ മറ്റ് സമൂഹങ്ങളുമായി ഇടപഴകുമ്പോൾ തങ്ങളുടെ ആചാരങ്ങളും മൊഴിഭേദവും ആകാവുന്നിടത്തോളം മറച്ചുപിടിക്കാൻ ശ്രമിക്കും. നാടൻപാട്ടിലും ഈ മനോഭാവം ഉാവാൻ സാധ്യതയു്.

## നാടൻപാട്ട് – സവിശേഷതകൾ

നാടൻപാട്ടുകളുടെ സവിശേഷതകളെ ഒറ്റവാക്കുകളിൽ ഇങ്ങനെ അടയാളപ്പെടുത്താം.

1. വാമൊഴിവ്യാപനം
2. കൂട്ടായ്മാകേന്ദ്രിതം
3. അജ്ഞാതകർത്തൃത്വം
4. പാഠഭേദങ്ങൾ
5. പരിണാമം
6. പദാവർത്തനത
7. താളാത്മകത
8. സ്വതഃസ്ഫുരണശക്തി
9. നാടൻ ശൈലി
10. സാർവ്വലൗകികത

നാടൻപാട്ടുകളെ നിർവചിക്കുക എളുപ്പമല്ല. മാത്രമല്ല സവിശേഷതകളെ മുൻനിർത്തി നാം നിർമ്മിക്കുന്ന നിർവചനങ്ങൾ പലപ്പോഴും അപൂർണങ്ങളുമാണ്. എങ്കിലും 'ഒരു ജനവിഭാഗത്തിന്റെ സാംസ്കാരികചരിത്രത്തെ ലളിതവും സ്വതഃസിദ്ധവുമായ രീതിയിൽ വെളിപ്പെടുത്തുന്നതും ചുിൽനിന്ന് ചുിലേക്ക് പകരുന്നവയുമായ, കൂട്ടായ്മാസൃഷ്ടികളായ പാട്ടുകളാണ് നാടൻപാട്ടുകൾ'. 'ജനങ്ങൾക്കുവേി ജനങ്ങൾതന്നെ ജീവിതസന്ദർഭങ്ങളിൽ ഒരുക്കിയ പാട്ടുകളാണവ'.

## നാടൻപാട്ട് – അവതരണരീതികൾ

നാടൻപാട്ടുകൾ മൂന്ന് തരത്തിൽ അവതരിപ്പിക്കപ്പെടാറു്.

1. എല്ലാവരും ഒത്തുചേർന്ന് പാടുക. ഉദാ:– ചടങ്ങുസംബന്ധമായ പാട്ടുകൾ, കീർത്തനങ്ങൾ, ചില കളിപ്പാട്ടുകൾ.

2. ഒരാൾ പാടുകയും മറ്റുള്ളവർ അതേറ്റുപാടുകയും ചെയ്യുക, ഉദാ:– വടക്കൻപാട്ടുകൾ, കോതാമൂരിയാട്ടപ്പാട്ട്, തിരുവാതിരപ്പാട്ടുകൾ.

3. ഒരാൾ പാടുക, മറ്റുള്ളവർ ഏതെങ്കിലും പ്രധാനപ്പെട്ട ചില വരികളോ താള സഹിതശബ്ദങ്ങളോ ക്രമമായി ആവർത്തിക്കുക. ഉദാ:– പൂരക്കളിപ്പാട്ടുകൾ, കോൽക്കളിപ്പാട്ട്, വട്ടക്കളിപ്പാട്ട്.

**നാടൻപാട്ട് ശേഖരണം**

പാശ്ചാത്യവൽക്കരണം, നഗരവൽക്കരണം യന്ത്രവൽക്കരണം തുടങ്ങിയവ നമ്മുടെ കുടുംബബന്ധങ്ങളിലും കാർഷിക, പരമ്പരാഗതതൊഴിൽ മേഖലകളിലും സൃഷ്ടിച്ച ആഘാതം നാടൻപാട്ടുകളുടെ സ്വാഭാവികവ്യാപനത്തിന് വിഘാതമായി. സാംസ്കാരികസ്രോതസ്സുകളായ വാമൊഴിവാങ്മയങ്ങളെ സ്വാഭാവികമായി സംരക്ഷിക്കാൻ സമൂഹത്തിന് കഴിയാത്ത അവസ്ഥയിൽ സംരക്ഷണാർത്ഥം ലിഖിതമാക്കി മാറ്റി ശേഖരിക്കുകയേ തരമുള്ളൂ.

എന്നാൽ വാചികരൂപങ്ങൾക്ക് ലിഖിതരൂപങ്ങൾ നൽകി ശേഖരിക്കുമ്പോൾ ഫോക്‌ലോറിന്റെ പല സ്വഭാവങ്ങളും നഷ്ടപ്പെട്ട് തികച്ചും യാന്ത്രികമാവുന്നു. അവതരണസന്ദർഭം, രീതി, പ്രാദേശികത, പ്രചാരത്തിലുായിരുന്ന ജനവിഭാഗങ്ങൾ തുടങ്ങി അതിന്റെ തനിമയും സ്വഭാവികതയും ഗുണവും നഷ്ടപ്പെട്ടുപോവുന്നു. കൂടാതെ വാചികത്തിന്റെ രീതി, അഥവാ ചൊല്ലുന്നരീതി, ഈണം, ശബ്ദത്തിന്റെ ഏറ്റക്കുറച്ചിലുകൾ, സ്ഥായി, മൗനം, ചിരി തുടങ്ങിയ പ്രകടനങ്ങൾ, സംഗീതാത്മകത ഇവയുടെയൊന്നും നിജസ്ഥിതി രേഖപ്പെടുത്താനോ ബോധ്യപ്പെടുത്താനോ ലിഖിതരൂപങ്ങൾക്ക് കഴിവില്ല. അതിനാൽ പലപ്പോഴും അതിന്റെ താളലയങ്ങളും രസവും ആഹ്ലാദകാരിത്വവും അന്യമാവുന്നു. എന്നാൽ ഇവയുടെ ശേഖരണത്തിലൂടെ നാടോടിജീവിതം, സംസ്കാരം തുടങ്ങിയവ കത്തൊൻ ഒരു ശ്രമം നടക്കുന്നു് എന്നതും ആശ്വാസകരമാണ്. കേരളഫോക്‌ലോർ അക്കാദമി, മലബാർ ഫെലോസ് ഓഫ് ഫോക്‌ലോർ, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, നാട്ടറിവുപഠനകേന്ദ്രം, കനവ് തുടങ്ങി നിരവധി സംരംഭങ്ങൾ നാടൻപാട്ടുകൾ ശേഖരിക്കുന്നു. സർവ്വശിക്ഷാ അഭിയാന്റെ പുതിയ പാഠ്യപദ്ധതി, ഗവേഷണതലങ്ങളിലെ അംഗീകാരം തുടങ്ങിയവ സമൂഹത്തിലും ഇവ സംരക്ഷിക്കപ്പെടണമെന്ന അവബോധം സൃഷ്ടിക്കാൻ സഹായിച്ചിട്ടു്.

ദൃശ്യാവിഷ്ക്കരണമാവുമ്പോൾ അതിന് പൊലിമ കൂട്ടാനായി പല കൃത്രിമമാർഗ്ഗങ്ങളും കടന്നു വരാം. സംഗീതാവിഷ്ക്കരണം, സംവിധായകൻ, പാടുന്ന വ്യക്തി, ഉപകരണങ്ങൾ തുടങ്ങിയവയെ ആസ്പദമാക്കി പല മാറ്റങ്ങളും വരാം. ഈണം, താളം തുടങ്ങിയവ മാറ്റപ്പെട്ട് പുതുരൂപത്തെ പ്രാപിക്കാം. കച്ചവടവൽക്കരണത്തിന്റെ സാധ്യതകൾക്കനുസൃതമായി മന:പൂർവ്വം മാറ്റങ്ങൾ വരുത്തിയേക്കാം.

ഇങ്ങനെ വ്യാപരിക്കപ്പെടുന്ന നാടൻപാട്ടുകളിൽ അതിന്റെ യഥാതഥമായ അന്തഃസ്സത്ത നഷ്ടപ്പെടാനും മറ്റൊരു രൂപത്തിൽ വ്യാപരിക്കാനും ഇടവരുന്നു. നാടൻപാട്ടുകളുടെ സ്വാഭാവികമായ ഉപയോഗവും പാലനവും അപ്രായോഗികമായതുകൊണ്ടുതന്നെ കാലപ്രവാഹത്തിൽ എല്ലാം നഷ്ടപ്പെട്ട്, ജനതയുടെ സ്വത്വം തിരിച്ചറിയാൻ കഴിയാത്ത അവസ്ഥ വരാതിരിക്കാനെങ്കിലും നാടൻപാട്ടുസമാഹാരങ്ങളെയും പഠനങ്ങളെയും പ്രോത്സാഹിപ്പിക്കേിയിരിക്കുന്നു. പൂർവ്വകാലങ്ങളിൽ നാടൻപാട്ടുകളെ സാന്ദർഭികമായി ഉപയോഗിക്കുകയും ജീവിതത്തിൽ പകർത്തുകയും അനുഭവിക്കുകയും ചെയ്ത വ്യക്തികളെയും സമൂഹങ്ങളെയും കത്തെി നേരിട്ട് ശേഖരിക്കുകയാണ് ഏറ്റവും ഉചിതം. അതിന് പ്രയാസം നേരിടുന്ന സന്ദർഭങ്ങളിൽ പൂർവ്വികരുടെ സമാഹരണങ്ങളെയും ആശ്രയിക്കാവുന്നതാണ്.

## നാടൻപാട്ട് – ശേഖരണത്തിലെ പരിമിതികൾ

ജാതിവ്യവസ്ഥയുടെയും തൊഴിൽ മേഖലകളുടെയും ശിഥിലീകരണത്തോടെ മൂടപ്പെട്ടു കിടക്കുന്ന നാടൻപാട്ടിനെ മറനീക്കി പുറത്തെത്തിക്കുക എന്നത് ഏറെ ശ്രമകരമായ ഒന്നാണ്. യഥാർത്ഥ ആവേദകരെ കത്തൊനും അറിവുകൾ ശേഖരിച്ച് ലക്ഷ്യത്തെ സാധൂകരിക്കാനും ഇന്നിന്റെ കച്ചവടലോകത്ത് ധാരാളം കടമ്പകൾ കടക്കേിയിരിക്കുന്നു. മാത്രമല്ല ആവേദകനോ സമ്പാദകനോ, വ്യക്തിപരമായി വരുന്ന കേൾവിക്കുറവ്, ലേഖനപ്പിശകുകൾ, ഭാഷാഭേദങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ തുടങ്ങിയവയും ആവേദകരുടെ ശാരീരികമാനസികപ്രശ്നങ്ങളും ഈ വ്യക്തികളുടെ ഉത്സാഹം, സമയം, ക്ഷമ, അന്വേഷണത്വര, വ്യക്തിത്വം തുടങ്ങിയവയും ശേഖരണത്തെ സ്വാധീനിക്കുന്നു.

## നാടൻപാട്ടുകൾ – ഇന്ന്

സമൂഹമനസ്സിലും ജീവിതത്തിലും വന്ന മാറ്റങ്ങൾ മനുഷ്യനെ നാട്ടുസ്വത്വത്തിൽനിന്നകറ്റിയപ്പോൾ നാടൻപാട്ടുകൾക്കും അന്യവൽക്കരണം നേരിട്ടു. ഭവിഷ്യത്തുകൾ തിരിച്ചറിഞ്ഞ സാഹിത്യകുതുകികൾ അവയുടെ സംരക്ഷണാർത്ഥം പ്രയത്നങ്ങൾ ആരംഭിച്ചു. വാമൊഴിരൂപങ്ങൾ വരമൊഴിയായി ശേഖരിക്കപ്പെട്ടു തുടങ്ങിയിരിക്കുന്നു.

ചർച്ചകൾ, സെമിനാറുകൾ തുടങ്ങിയവ സംഘടിപ്പിക്കപ്പെടുന്നു. വിദ്യാഭ്യാസവിചക്ഷണരും പാഠപുസ്തകക്കമ്മിറ്റിയുംവരെ അവയുടെ പ്രാധാന്യത്തെക്കുറിച്ച് ചർച്ചചെയ്യുകയും പാഠ്യവിഷയമായി ഉൾപ്പെടുത്തുകയും ചെയ്യുന്നു. മാധ്യമസമൂഹം, പത്രമാസികകൾ, പുസ്തകങ്ങൾ, റേഡിയോ, ടെലിവിഷൻ, ഇന്റർനെറ്റ് പ്രോഗ്രാമുകൾ, സിഡികൾ തുടങ്ങി പല മേഖലകളിലേയ്ക്ക് നാടൻപാട്ടുകൾ പുനഃസംഘടിക്കപ്പെട്ടിരിക്കുന്നു. സിനിമകളിലും മറ്റും നാടൻ പാട്ടിന്റെ ഈണം, താളം, രീതി, ആഖ്യാനശൈലി തുടങ്ങിയവ സ്വീകരിച്ച് അവതരിപ്പിക്കുയും അവ ജനകീയമാവുകയും ചെയ്യുന്നു.

## നാടൻപാട്ടുകളുടെ ധർമ്മം

പാരമ്പര്യത്തിലൂടെ തുടർന്നുവരുന്ന ജീവിതസംസ്കാരത്തെ സ്വരൂപിച്ച് സഞ്ചയിക്കുന്ന നാടൻപാട്ടുകളിൽ ഒരേ സമയം ചരിത്രവും ഭാവിയും സമ്മേളിക്കുന്നു. ജീവിതത്തിന്റെ, ജീവിതസങ്കല്പത്തിന്റെ ഭാഷാരൂപമായി, താള ബോധമായി ഇവ വർത്തിക്കുന്നു. അനുനിമിഷം പുനർനിർമ്മിക്കപ്പെടുന്ന ഇവ രേഖപ്പെടുത്താത്തതിനാൽ ഓർമ്മകളിൽ ഉറങ്ങിക്കിടക്കും. ആചാരാനുഷ്ഠാന ങ്ങളുടേയോ, ഉത്സവങ്ങളുടേയോ, തൊഴിലിന്റെയോ അനുകൂല സന്ദർഭങ്ങളിൽ പ ുറത്തേക്കു പ്രവഹിക്കുന്ന നാടൻപാട്ടുകൾ പലനിലകളിൽ മനസിനെ സർഗ്ഗാത്മകമാക്കുന്നു. 'പട്ടാളക്കാരുടെ കവാത്തുപാട്ടും എണ്ണൽപാട്ടും നാവിക രുടെ വഞ്ചിപ്പാട്ടും ജോലിയുടെ കാഠിന്യം കുറക്കുന്ന സമയംകൊല്ലികൾ മാത്രമല്ല അവരുടെ ശ്രമങ്ങളെ ഏകോപിപ്പിക്കുക വഴി അവരെ കൂടുതൽ പ്രാപ്തരാക്കുന്നവ കൂടിയാണ്.'[25]

വിനോദം, വിജ്ഞാനം, യുക്തിചിന്തനം, നിരീക്ഷണപാടവം, തുടങ്ങിയവ യോടൊപ്പം ചുറ്റുപാടിനെ മനസ്സിലേക്ക് ആവാഹിക്കുന്നതിലൂടെ സ്നേഹം, കാരുണ്യം, ധൈര്യം, രസികത്വം, കൗശലം, ഭാവന, സഹകരണമനോഭാവം, ധർമ്മ ബോധം, ത്യാഗം, സഹാനുഭൂതി, ഭൂതദയ, വിശ്വാസം തുടങ്ങിയ സ്വഭാവസവിശേഷ തകളെ ഉണർത്തി വ്യക്തിയിലെ സാമൂഹ്യസത്തയെ പ്രബലമാക്കാൻ നാടൻപാട്ടു കൾ കാരണമാകുന്നു. തന്നെപ്പോലെ അനേകർ ഉള്ള ഈ സമൂഹത്തിൽ ചിന്തകളും വികാരവിചാരങ്ങളും എല്ലാവർക്കുമുന്നെും അതുകൊുതന്നെ തന്റെ പെരുമാറ്റ ത്തിൽ പല ക്രമീകരണങ്ങളും വരുത്തേതാണ് എന്നുമുള്ള സമൂഹീകരണചിന്ത വ്യക്തിമനസ്സുകളിൽ വളരാൻ ഇട വരുത്തുന്നു. കുടുംബം, വ്യക്തിബന്ധങ്ങൾ, രക്തബന്ധങ്ങൾ, വ്യക്തിധർമ്മങ്ങൾ, സ്വഭാവവിശേഷതകൾ, തുടങ്ങിയവയെ അപ ഗ്രഥിച്ച് ധർമ്മാധർമ്മബോധത്തെ ഉറപ്പിക്കാനും അതത് കൂട്ടായ്മകളിലെ പ്രത്യേകത കൾ വിശ്വാസങ്ങൾ, ആചാരനുഷ്ഠാനാദികൾ, സാംസ്കാരികപാരമ്പര്യം തുടങ്ങി യവയിലൂടെ ജനതയെ ആഴത്തിൽ ഉൾക്കൊള്ളാനും നാടൻപാട്ടുകൾക്ക് ശക്തിയു്. 'ഒരു സംസ്കാരത്തിന്റെ കാതലായ വശം അത് അനുശാസിക്കുന്ന പെരുമാറ്റച്ചട്ടങ്ങ ളാണ്. ഇവയെ നിലനിർത്തേത് സമൂഹത്തിന്റെ നിലനിൽപ്പിന് അനിവാര്യമാണെന്നി രിക്കെ, അതിനുള്ള മാർഗ്ഗങ്ങളും സമൂഹം സ്വയം കത്തെുന്നു. പലപ്പോഴും ഈ ധർമ്മം നിർവ്വഹിക്കുന്നത് ഫോക്‌ലോറാണ്'[26] എന്ന് അലൻഡൻഡസ് അഭിപ്രായ പ്പെടുന്നത് ഈ അർത്ഥത്തിലാണ്.

'വയലേലകളിൽ അദ്ധ്വാനിക്കുന്ന സ്ത്രീകളുടെ നാവിൻതുമ്പിൽ നിന്ന് ഉതിർന്ന് വീഴുന്ന ഈരടികൾക്കു പോലും ധർമ്മമു്'[27]. പുരാവൃത്തങ്ങൾ, പുരാണ

ങ്ങൾ, ഇതിഹാസങ്ങൾ, വീരകഥകൾ, ഐതീഹ്യങ്ങൾ തുടങ്ങിയവയിലൂടെ ഒരു ജനതയുടെ ആത്മവീര്യത്തെ ഉൾക്കൊള്ളാൻ നാടൻപാട്ടുകൾക്ക് സാധിക്കുന്നു. ഔപചാരികവിദ്യാഭ്യാസത്തിന് സാഹചര്യമില്ലാത്ത ഗ്രാമീണജനതക്കുപോലും ഭാവനയും കല്പനാചാരുതയും ജീവിതായോധനശേഷിയും തദുപരി സംസ്കാ രവും പകർന്നു നൽകുന്നതിലൂടെ ഒരു ലോകവീക്ഷണത്തെ സ്വായത്തമാക്കാൻ പ്രാപ്തമാക്കുന്നു.

പദബോധം, താളബോധം, സംഗീതം, രൂപഭംഗി, അലങ്കാരം, സഹൃദയത്വം, ആസ്വാദനക്ഷമത, കവിതാവാസന, നിരീക്ഷണപടുത തുടങ്ങിയവ ആർജ്ജിച്ചെടു ക്കാനും ശബ്ദാർത്ഥതലങ്ങളിലൂടെ യുക്തിചിന്തയും ഉൾക്കാഴ്ചയും വളർത്തിയെ ടുക്കാനും നാടൻപാട്ടുകൾ സഹായിക്കുന്നു. നാടൻപാട്ടുകൾ സംഭാഷണചാതുര്യം, പദപ്രയോഗസാമർത്ഥ്യം, ആഖ്യാനം തുടങ്ങിയ ഭാഷാനൈപുണികളെ വികസി പ്പിക്കുന്നു. ഭാഷയ്ക്ക് ഭംഗിയും ഉക്തിയും വൈചിത്ര്യവും നൽകുന്ന നാടൻപാട്ടു കൾ സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെടുന്നവരുടെ ജീവിതത്തെ പ്രതിഫലിപ്പി ക്കുന്നതിലൂടെ സമത്വചിന്തയും കൂട്ടായ്മാമനോഭാവവും ആർജ്ജിച്ചെടുക്കാൻ പ്രേരകമാവുന്നു. 'നാടൻപാട്ടിന്റെ വ്യാപനം രു രീതിയിലാണ് 1) കാലപരം, 2) ദേശപരം. കാലപരം തലമുറകളിലൂടെയുള്ള വ്യാപനവും ദേശപരം ഒരു വ്യക്തി യിൽ നിന്ന് സ്ഥലം കൊ് വ്യത്യസ്തരായ വ്യക്തികളിലേക്കും പ്രദേശങ്ങളിലേക്കു മുള്ള സംക്രമണവുമാണ്.'[28] ആ നിലക്ക് ചരിത്രപഠനത്തിനുള്ള ഒരു മുഖ്യ ഉപാധികൂടിയായ നാടൻപാട്ടുകൾ മനസ്സിലും ജീവിതത്തിലും താളത്തെ ക്രമീകരി ക്കുകയും ജീവിതത്തെ ആയാസരഹിതമാക്കുകയും ചെയ്യുന്നു.

## നാടൻപാട്ടുകൾ – വർഗ്ഗീകരണം

നാടൻപാട്ടുകളുടെ വർഗ്ഗീകരണം സങ്കീർണ്ണമായ ഒന്നാണ്. വൈവിദ്ധ്യപൂർണമായ വിഷയങ്ങളും സന്ദർഭങ്ങളും ആശയങ്ങളും അടങ്ങിയതാണ് നാടൻപാട്ടുസരണി. അതിൽ ഏതെങ്കിലും ഒന്നിന്റെ പ്രത്യേകതകളെ അടിസ്ഥാനപ്പെടുത്തി നടത്തുന്ന വർഗ്ഗീകരണം അപൂർണമായിരിക്കും. എങ്കിലും നാടൻപാട്ടുകളുടെ വിഭിന്നമുഖങ്ങളെ പരിചയപ്പെടുത്താൻ പര്യാപ്തമാണ്. എന്നാൽ ഇന്നിന്റെ അവതരണരീതി, സന്ദർഭം, അവതാരകർ തുടങ്ങിയവയിലെ വ്യത്യാസം വർഗീകരണശ്രമത്തെ കൂടുതൽ സങ്കീർണമാക്കുന്നു.

**ക.** നാടൻപാട്ടുകളെക്കുറിച്ച് പഠിച്ച 'ആർ. എസ്. ബോഗ്സ്' ലൈബ്രറികളിൽ പുസ്തകങ്ങൾ വേർതിരിക്കുന്ന തരത്തിൽ ഓരോ വിഭാഗത്തിനും പ്രത്യേകനമ്പർ നല്കിക്കൊ് വിഭജിച്ചിരിക്കുന്നു.[29]

**നാടൻപാട്ടുകൾ**

**നാടോടിഗീതങ്ങൾ**

1. വികാരപരം
2. നിത്യജീവിതസ്വഭാവമുള്ളത്
3. ജീവതത്തിലെ പ്രധാന സന്ദർഭങ്ങളിലുള്ളവ
4. കുട്ടികളുടേത്
5. മതപരം

**നാടൻശീലുകൾ**

1. ഭാവാത്മകശീലുകൾ
2. നൃത്തഗാനങ്ങൾ
3. കളി വചനങ്ങൾ
4. നാടകഗാനങ്ങൾ
5. ആചാരാനുഷ്ഠാനപരം
6. കല, കൈവേല
7. ഭക്ഷണപാനീയപരം
8. വിശ്വാസപരം
9. സംഭാഷണപരം
10. പഴഞ്ചൊൽ
11. കടങ്കഥ

**കക.** മലയാളത്തിലെ നാടൻപാട്ടുകളെക്കുറിച്ച് ആധികാരികമായി പഠനം നടത്തിയ അപ്പൻതമ്പുരാൻ ആവിഷ്കരണരീതി, പ്രതിപാദനം, ഉപയോഗം എന്നിവയെ അടിസ്ഥാനമാക്കി പന്ത്ര് വിഭാഗങ്ങളിലാക്കി തിരിച്ചിരിക്കുന്നു.[30]

1. പുരാണസംബന്ധിയായ പാട്ടുകൾ
2. സ്തോത്രം
3. സദാചാരം
4. ശാസ്ത്രം
5. വീരചരിതം
6. ദേശചരിതം
7. തൊഴിൽ
8. വിനോദം
9. ഭൗതികം
10. വൈഷയികം
11. രാഷ്ട്രീയം
12. സാമുദായികം

**കകക.** ഉള്ളൂർ തന്റെ കേരളസാഹിത്യചരിത്രത്തിൽ നാടൻപാട്ടുകളെ അതിന്റെ ഉള്ളടക്കത്തെ ആസ്പദമാക്കി ആറായിത്തിരിക്കുന്നു.[31]

1. ദേവതാപൂജ
2. വീരപുരുഷാരാധന
3. വിനോദം
4. ശാസ്ത്രം
5. കുലവൃത്തി
6. സദാചാരം

**കഢ.** ശുദ്ധമലയാളഭാഷ എന്ന ലേഖനത്തിൽ ജി. ശങ്കരപ്പിള്ള കഥാഗാത്രത്തെ അടിസ്ഥാനമാക്കി നാടൻ പാട്ടുകളെ ഇങ്ങനെ വേർതിരിക്കുന്നു.[32]

**നാടൻപാട്ടുകൾ**

ഗാനങ്ങൾ

1. അനുഷ്ഠാനപരം
2. മതപരം
3. പണിപ്പാട്ടുകൾ
4. വിനോദപ്പാട്ടുകൾ
5. പ്രേമഗാനങ്ങൾ
6. ഇളം ചുുകൾ

കഥാഗാനങ്ങൾ

1. വീരം
2. മതം
3. ചരിത്രം
4. ഐതിഹ്യാധിഷ്ഠിതം
5. അതിമാനുഷികം

**ഢ.** ഡോ. ടി.വി. മാത്യൂ ‘ വൃത്തശാസ്ത്ര’ത്തിൽ നാടൻപാട്ടുകളെ നൂറോളം ഉപ വിഭാഗങ്ങളായിത്തിരിച്ചിരിക്കുന്നു.[33]

**ഢക.** ശ്രീ രാഘവൻ പയ്യനാട് നാടൻപാട്ടുകളെ ഉള്ളടക്കത്തെയും ശൈലിയെയും ആധാരമാക്കി നാടൻപാട്ടുകൾ, കഥാഗാനങ്ങൾ എന്നിങ്ങനെ വേർതിരിച്ച് അവയെ വീും സ്വഭാവത്തെക്കൂടി കണക്കിലെടുത്ത് ആറ് ഉപ വിഭാഗങ്ങളാക്കിയിരിക്കുന്നു.[34]

**നാടൻപാട്ടുകൾ**

നാടൻപാട്ടുകൾ

കഥാഗാനങ്ങൾ

1. പണിപ്പാട്ടുകൾ
2. പാവന ഗീതങ്ങൾ
3. ഗാർഹികപരം
4. കുട്ടികളുടെ പാട്ടുകൾ
5. ആഘോഷപ്പാട്ടുകൾ
6. തെറിപ്പാട്ടുകൾ

ഢകക. ഡോ. എം. വി. വിഷ്ണുനമ്പൂതിരി നാടൻപാട്ടുകളെ നാലായിത്തിരിച്ചിരിക്കുന്നു.[35]

**നാടൻപാട്ടുകൾ**

അനുഷ്ഠാനപരം | വിനോദപരം | തൊഴിലായ്മ | നിരർത്ഥകങ്ങൾ

ഈ വർഗ്ഗീകരണങ്ങൾ അതിവിപുലമായ ഒരു സാഹിത്യശാഖയാണ് നാടൻപാട്ടിന്റേത് എന്ന് വ്യക്തമാക്കുന്നു. മാത്രമല്ല 'ഒരേ പാട്ട് തന്നെ പല സന്ദർഭങ്ങളിലും പാടിയെന്ന് വരാം. വംശീയപാരമ്പര്യം, അവതരണപശ്ചാത്തലം, ദേശഭേദം, ഇതിവൃത്തസ്വഭാവം, പാട്ടുകളുടെ ധർമ്മം, അനുഭൂതി തുടങ്ങിയവയെല്ലാം പാട്ടുകളുടെ വർഗ്ഗീകരണത്തിന് അടിസ്ഥാനമായിത്തീരാറ്. ഇത്തരം വർഗ്ഗീകരണതത്വങ്ങൾ സ്വീകരിച്ചാലും വിഭാഗങ്ങളോ ഉപവിഭാഗങ്ങളോ തമ്മിൽ അതിവ്യാപനം ഉാകാത്തവിധം പാട്ടുകളെ വർഗ്ഗീകരിക്കുക എന്നത് പ്രയാസമേറിയ കാര്യമാണ്.'[36]

എന്നാൽ ഈ പ്രബന്ധകാരി നാടൻപാട്ടുകളെ നിരീക്ഷിച്ചതിന്റെ ഫലമായി അവയെ പരിചയപ്പെടുത്താനുള്ള എളുപ്പമാർഗ്ഗമെന്നനിലയിൽ ഒൻപതായി വർഗ്ഗീകരിക്കുകയാണ്. പാട്ടുകളിൽ നിഴലിക്കുന്ന പ്രധാന സ്വഭാവത്തെയോ പ്രവണതയെയോ മുൻനിർത്തിയാണ് ഈ വേർതിരിക്കൽ. ഓരോ വിഭാഗത്തെയും ചുരുക്കി വിശദീകരിക്കുമ്പോൾ അത് ബോധ്യപ്പെടുന്നതാണ്. താഴെ കാണുന്നവയാണ് ആ വിഭാഗങ്ങൾ.

1. വംശീയപ്പാട്ടുകൾ
2. അനുഷ്ഠാനപ്പാട്ടുകൾ
3. വിനോദപ്പാട്ടുകൾ
4. പണിപ്പാട്ടുകൾ
5. ഗാർഹികപ്പാട്ടുകൾ
6. ആഘോഷപ്പാട്ടുകൾ
7. തെറിപ്പാട്ടുകൾ
8. പെൺപാട്ടുകൾ
9. കുട്ടികളുടെ പാട്ടുകൾ (നാടൻകുട്ടിപ്പാട്ടുകൾ)

## 1. വംശീയപ്പാട്ടുകൾ

നാടോടിവിജ്ഞാനീയങ്ങളെല്ലാം അത് സൃഷ്ടിച്ച കൂട്ടായ്മയുടെ വംശീയ പാരമ്പര്യങ്ങളും ജീവിതവും പ്രതിഫലിപ്പിക്കുന്നവയാണ്. അതത് വിഭാഗക്കാരുടെ അനുഷ്ഠാനപരമോ വിനോദപരമോ തൊഴിൽപരമോ സാമൂഹ്യമോ ആയ പ്രത്യേകതകൾ നിറഞ്ഞ പാണപ്പാട്ട്, പാക്കനാർപാട്ട്, പുള്ളുവപ്പാട്ട്, ബ്രാഹ്മണിപ്പാട്ട്, കുറുപ്പൻപാട്ട്, മാപ്പിളപ്പാട്ട്, തുടങ്ങിയവ വംശീയപ്പാട്ടുകളാണ്. ഗോത്രസമൂഹങ്ങൾ

അനുഭവങ്ങളിലൂടെ രൂപപ്പെടുത്തിയെടുത്ത ഏകാന്തതാളത്തിന്റെ അഥവാ കാർഷി കസംസ്കൃതിയുടെ ജൈവപരിസ്ഥിതികൾക്കനുകൂലമായി വാർന്നുവീണ ഋതുതാ ളങ്ങളുടെ ആവിഷ്കാരങ്ങളാണവ. തൊഴിൽമേഖലകൾ, ഉത്സവാഘോഷങ്ങൾ, സാമൂഹ്യാചാരമര്യാദകൾ, ജനനമരണവിവാഹാദികൾ, വ്യക്തിപരവും സാമൂഹിക വുമായ ജീവിതാനുഭൂതികൾ, മതപരമായ ചടങ്ങുകൾ, ശാരീരികപ്രയത്നങ്ങൾ, തത്വചിന്തകൾ, ക്രീഡാവിനോദങ്ങൾ, തുടങ്ങിയവയെല്ലാം വംശീയപ്പാട്ടുകളിൽ ഉൾപ്പെടുന്നു.

ഉദാ:

1. ഈരാമന്റ്യോളല്ലേ ഈതപ്പെണ്ണ്
ഓള്യല്ലോ ആവണ്ളാർച്ചം കട്ട്യോവോയ്
എങ്കലേയ്ക്കാണല്ലോ ഊളൊോയ്
അന്ന് മാനത്തിലേക്യല്ലേ ഊളൊോയ് — കൊറ്റി കിഴക്കുമ്പാടം

2. ഉദിച്ച ഉദിയറെ പായിം പായോ
ഓലകുത്തിലെ പറിച്ച് കളഞ്ഞോ
മുച്ചൻ ചോലയിൽ പോയപ്പോൾ
മുച്ചനെ കളിയും കേ
കുരഞ്ഞ് ചോലയിൽ പോയപ്പോൾ
കുരഞ്ഞ് കളിയും കേ പാണിയർ                                   സുഭാഷ് വയനാട്

3. എന്തു തന്റെ തീലാണ്
എന്തു തന്റെ തീലാണ് തമ്പുരാന്റെ തീല് (2)
മാറെടാ മാറെടാ മാറെടാങ്ങ്ട് മാറെടാ
മാറെടാ മാറെടാ പാക്കനാരെ മാറെടാ
ഉപ്പു കുത്ത്യാ മൊളക്കുമോ
വേലീമ്മേൽ പടരുമോ (2)
പിന്ന്യെന്ത് തീലാണ് തമ്പുരാന്റെ തീല്
മത്സ്യമുള്ള നീറ്റില് കുടിയ്ക്കാമോ കുളിയ്ക്കാമോ(2)
പിന്ന്യെന്ത് തീലാണ് തമ്പുരാന്റെ തീല്
എന്തു തന്റെ ......മാറെടാ
ആകാശത്തമ്പെയ്താല് ആകാശം തുളയുമോ (2)
പിന്ന്യെന്ത് തീലാണ് തമ്പുരാന്റെ തീല്
എന്തു തന്റെ ......മാറെടാ
തൊട്ടു തീ്യാല് കറുക്കുമോ, വെളുക്കുമോ
തീ്യാല് കറുക്കുമോ തീ്യാല് വെളുക്കുമോ
ചുവക്കുമോ കറുക്കുമോ
പിന്ന്യെന്ത് തീലാണ് തമ്പുരാന്റെ തീല്
എന്തു തന്റെ ......മാറെടാ                    അശോകൻ മാസ്റ്റർ കോഴിക്കോട്

## 2. അനുഷ്ഠാനപ്പാട്ടുകൾ

കേരളത്തിലെ നാടൻപാട്ടുകളിൽ നല്ലൊരു ശതമാനം ആരാധന, ദേവതോപാസനകൾ, മതപരസംസ്കാരച്ചടങ്ങുകൾ, മന്ത്രവാദകർമ്മങ്ങൾ, ഉച്ചാടനബലിക്രിയകൾ തുടങ്ങിയ അനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ടവയാണ്. ഭദ്രകാളിത്തോറ്റങ്ങൾ, കണ്ണകിത്തോറ്റങ്ങൾ, തുടങ്ങിയ തോറ്റം പാട്ടുകൾ, കളമെഴുത്തുപാട്ടുകൾ, സർപ്പപ്പാട്ടുകൾ, മന്ത്രവാദപ്പാട്ടുകൾ, കൊന്ത്രോൻപാട്ടുകൾ, നന്തുണിപ്പാട്ടുകൾ,. വിൽപ്പാട്ടുകൾ, തുടങ്ങിയവയെല്ലാം ഈ വിഭാഗത്തിൽപ്പെടുന്നു. അനുഷ്ഠാനങ്ങൾ മിക്കവയും ഗോത്രപരമോ വംശീയപരമോ ആകയാൽ ഇത്തരം പാട്ടുകളിൽ ഭൂരിപക്ഷവും വംശീയങ്ങളാണ്.

ഉദാ:

1. പൊലിക പൊലിക
പൊലിക പൊലിക
ആദിയിൽ വച്ചോ പൊലിക
ആദിത്യൻ വച്ച വിളക്കു പൊലിക
നാടുപൊലിക നഗരം പൊലിക
ഊരുപൊലിക ഉലകം പൊലിക — സരോജിനി ചാത്തമംഗലം

2. ധനുമാസത്തെ തിരുവാതിര
ഭഗവാൻ തന്റെ തിരുനാളല്ലോ
ഭഗവതിക്ക് തിരുനോൽമ്പാണ്
അടിയങ്ങൾക്ക് പഴനോൽമ്പാണ്
ആടണംപോൽ പാടണംപോൽ
ആത്തേമ്മാരേ വാ കുളിപ്പാൻ
ചിറ്റാടഞാൻ തെരുവേൻ
ആടണം പോൽ പാടണംപോൽ
വാരസ്യാരെ വാ കുളിപ്പാൻ
മാത്രേം ചരടും ഞാൻ തെരുവേൻ
ആടണം പോൽ പാടണം പോൽ
പുഷ്പിണിയെ വാ കുളിപ്പാൻ — ജാനു മുക്കം

3. നല്ലനാൾ തിരുവാതിര വന്നു ധനുമാസേ
ചൊല്ലെഴുന്ന നാരിമാരും ചേർച്ചയോടും കൂടി
അഷ്ടമംഗല്യവുമായി ചോലയിലിറങ്ങി
എട്ടു പത്തു തുടിച്ചു കുളിച്ചു കരയേറി
അലക്ക്യപുടവ ഞൊറിഞ്ഞുടുത്തു കീച്ചിവാലും വെച്ചു
ചാന്തുതൊട്ടു കുറിവരച്ചു പൂക്കുലയും ചൂടി
അങ്കണത്തിൽ ചെന്നു നല്ല പൊൻവിളക്കും വെച്ചു
ചേമ്പു ചേന കിഴങ്ങു പഴം നുറുക്കും പാലും
എട്ടു കൂട്ടം എട്ടങ്ങാടിയൊന്നും കുറയാതെ
പാർവ്വതീകാന്തനെ പൂജ ഭക്തിയോടെ ചെയ്തു. — ശ്രീദേവി തൃശ്ശൂർ

## 3. വിനോദപ്പാട്ടുകൾ

മനുഷ്യന്റെ ആഹ്ലാദവും നർമ്മബോധവും വെളിപ്പെടുത്തുന്ന ധാരാളം പാട്ടുകൾ പ്രചാരത്തിലു്. ഇതിൽ ഏറിയ പങ്കും കളിപ്പാട്ടുകളാണ്. തൃശ്ശൂർ പാലക്കാട് ജില്ലകളിൽ ഇന്നും സജീവമായി നിലനില്ക്കുന്ന കുമ്മാട്ടിക്കളിപ്പാട്ടുകൾ, കണ്ണൂരിലെ കോതാമൂരിയാട്ടപ്പാട്ടുകൾ, പുലയരുടെ ചിമ്മാനക്കളിപ്പാട്ടുകൾ, തുടങ്ങിയവ വിനോദപ്രധാനമാണ്. കോൽക്കളി, കമ്പടിക്കളി, താലംകളി, കൈകൊട്ടിക്കളി, ദപ്പുകളി, മാർഗ്ഗംകളി തുടങ്ങിയവക്കുപയോഗിക്കുന്ന പാട്ടുകൾ വിനോദപ്പാട്ടുകളാണ്. വട്ടക്കളിപ്പാട്ടുകൾ, അസംബന്ധപ്പാട്ടുകൾ തുടങ്ങിയവയെല്ലാം ഈ വിഭാഗത്തിൽപ്പെടുന്നു. രസകരങ്ങളായ സന്ദർഭങ്ങളെയോ ആശയങ്ങളെയോ നർമ്മത്തിൽ പൊതിഞ്ഞ് അവതരിപ്പിക്കുന്ന തരം ഹാസ്യരസപ്രധാനമായ പാട്ടുകളും കാണാം.

ഉദാ:

1. കണ്ണില്ലാത്തൊരു പെണ്ണ് പറഞ്ഞൂ
കണ്ണിന് കൺമഷി ചേരില്ലെന്ന്
കയ്യില്ലാത്തൊരു പെണ്ണു പറഞ്ഞു
കയ്യിന് കരിവള ചേരില്ലെന്ന്
കാതില്ലാത്തൊരു പെണ്ണു പറഞ്ഞു
കാതിന് കമ്മല് ചേരില്ലെന്ന്
കാലില്ലാത്തൊരു പെണ്ണ് പറഞ്ഞു
കാലിന് കാൽത്തള ചേരില്ലെന്ന്
കയ്യും കാലും കണ്ണുമുള്ളൊരു
പെണ്ണ് പറഞ്ഞൂ മടിക്കാതെ
അഞ്ജനമെന്നത് ഞാനറിയും
മഞ്ഞളുപോലെ വെളുത്തിരിക്കും — കെ.വി.ശ്രീധരൻ മാമ്പറ്റ

2. അമ്മായി ബെച്ച് ബിരുന്നൊരുക്കി
ആരംഭമായ മരുമോനിക്ക്
അയൽപക്കക്കാരുബിളിക്ക്ന്ന്
ആശ്യോടെ നോമ്പ്തൊറക്ക്ന്ന്... അമ്മായി
ആശ്യോടെ നോമ്പ് തൊറക്ക്ന്ന്
അച്ചിപ്പായയും വിരിച്ച് അരിക്കിലാസ് വെള്ളേം വെച്ച്
തിന്ന്മോനെ വേമ്മായി
തിന്നെടമോനെ വേമ്മായി
ലേസം മോനേ വേമ്മായി
പുട്ട് ചുട്ട് പുതുമയോടെ, പൂവൻപയം പടലയോടെ
തിന്ന്മോനെ ..........................മ്മായി
പോത്തിറച്ചിക്കറിയും വെച്ച് കോയിയിറച്ചി പൊരിച്ചും ബെച്ച്
തിന്ന്മോനെ ..........................മ്മായി
കരിഞ്ഞ പത്തിരി അടീലും ബെച്ച്
പൊരിഞ്ഞ പത്തിരി മോളിലും ബെച്ച്
തിന്ന്മോനെ ..........................മ്മായി — മനോജ് കച്ചേരി

3. ഉരു തിണ്ണയിൽ പരന്ന പായിട്ട്
ഞാൻകെടന്നൊറങ്ങുമ്പം
അലക്കുതൊങ്കലും പൊടിപ്പും ബെച്ചൊരു
കൊതുല്ലേ ബന്നുകടിക്ക്ണ്
കടിച്ചല്ലേ കൊതു ഒണർത്തല്ലേ കൊതു
ഞാങ്കെടന്നൊറങ്ങുമ്പം
എന്നെയൊണർത്തിയ പൊന്നാരകൊതൂനെ
ചെകിട്ടത്തത കൊടുത്തല്ലോ രടി
ചെകിട്ടത്ത് രടിയടിച്ചപ്പോ
നടുമിറ്റത്തതാ വീണിക്ക്ണ്
നടുമിറ്റത്ത് ബീണ കൊതു
നാണം കെട്ടതാ ചിരിക്ക്ണ്
നാണം കെട്ട കൊതു പോയി
കൂട്ടരെ കൂട്ടിന് ബിളിയ്ക്ക്ണ്
കൂട്ടരെ ബിളിച്ച കൊതുവയ്യാ
കൂ കൂ കൂ കൂ മൂള്ണ് — അബൂബക്കർ മൈത്ര

### 4. പണിപ്പാട്ടുകൾ

ഏത് ജോലിയും കൂട്ടായി ചെയ്യുക എന്നതാണ് പ്രാകൃതസമൂഹത്തിന്റെയും ഒരു പരിധിവരെ ജനസാമാന്യത്തിന്റെയും സ്വഭാവം. അടിസ്ഥാനപരമായി നായാട്ടും കൃഷിയും കന്നുകാലിവളർത്തലും മറ്റും ഉപജീവനമാർഗ്ഗങ്ങളായി ക മനുഷ്യൻ ജോലി ആയാസരഹിതമാക്കാൻ അതിന്റെ താളത്തിനൊത്ത് പാട്ടുകൾ പാടി. ഇത്തരം പാട്ടുകളാണ് പണിപ്പാട്ടുകൾ. വാദ്യഘോഷങ്ങളുടെ അകമ്പടിയില്ലാതെ പ ണിയായുധങ്ങളുടെ ഇളക്കമോ കൈകാലുകളുടെ ചലനങ്ങളോ താളത്തെ ക്രമീക രിക്കുന്നു. നിരർത്ഥകവരികളോ യുക്തിസഹമോ യുക്തിരഹിതമോ ആയ പദ ങ്ങളോ ആശയസമ്പുഷ്ടങ്ങളായ പാട്ടുകളോ പരമ്പരാഗത വാമൊഴിരൂപത്തിൽ സൃഷ്ടിക്കുകയും തൊഴിലിനൊപ്പം കൈമാറ്റം ചെയ്യുകയും ചെയ്യുന്നു. പണിപ്പാട്ടു കളിൽ മിക്കവയും കാർഷികവൃത്തിയുമായി ബന്ധപ്പെട്ടവയാണ്. ഉത്തരകേരള ത്തിൽ ഞാറ് നടുന്ന അവസരത്തിൽ സ്ത്രീകൾ മത്സരിച്ച് പാടാറുള്ള പോർപ്പാട്ടു കൾ, കുംവലിപ്പാട്ടുകൾ, ചക്രപ്പാട്ടുകൾ,. കല്യാണപ്പന്തലിൽ ‘അമ്മി’ കളിട്ട് അരക്കു മ്പോൾ പാടുന്ന അരവുപാട്ടുകൾ തുടങ്ങിയവ പണിപ്പാട്ടുകളിൽ ശ്രദ്ധേയമാണ്.

ഭാരം കയറ്റുക, മണ്ണ് വെട്ടുക തുടങ്ങി ശ്രമകരമായ ജോലിയിൽ ഏർപ്പെട്ടിരു ന്നവർ സംഘഗാനങ്ങളുടെ സ്വഭാവത്തിൽ താളാത്മകമായി, ജോലി നിയന്ത്രിക്കുന്ന നേതാവിന്റെ നേതൃത്വത്തിൽ പാടാറു്. ഇതിൽ മിക്കവയും നിരർത്ഥകശബ്ദസം ഘാതങ്ങളെ അഥവാ വായ്ത്താരികളെ മാത്രം സംഘാംഗങ്ങൾ ഏറ്റുപാടുന്ന രീതി യിലുള്ളതും നിയതവും ദൃഢവുമായ താളത്തെ പ്രദാനം ചെയ്യുന്നവയുമാണ്. വട്ടി, കൊട്ട തുടങ്ങിയവ കെട്ടുന്നവരുടെ താളത്തിനൊത്ത് പാടുന്ന, അവരുടെ ജീവിതക ഥനം തന്നെയായ വട്ടിപ്പാട്ടുകൾ, തോണിയുടെ ചലനത്തിനുസൃതമായ താളത്തെ നല്കുന്ന വഞ്ചിപ്പാട്ടുകൾ, തുടങ്ങിയവയും ഈ വിഭാഗത്തിൽ പെടുന്നു.

ഉദാ:

1. തേവി തിരുതേവി പൂന്തേരിക്കം
പൂന്തേരിക്കത്തിലാളുവരുന്നേ
ആളുവരുന്നേ കാളവരുന്നേ
കാളവരുന്നേ... കപ്പലുവരുന്നേ...
കലപ്പ വരുന്നേ നൊകോം വരുന്നേ
നൊകോം വരുന്നേ കാള വരുന്നേ
തേവി തേവി പൂന്തേരിക്കം
കല്ലേലിരിക്കുന്ന കല്ലോലിഞ്ഞേ
കല്ലേട നീങ്ങി വഴികൊട് ഞ്ഞേ
ആളുവരുന്നേ കാളവരുന്നേ
തേവി തിരുതേവി പൂന്തേരിക്കം
പൂന്തേരിക്കത്തിലാളെറങ്ങട്ടെ...

ചന്ദ്രൻ മണാശ്ശേരി

2. തോണിയെറക്കെന്റെ കോയമാപ്ലേ
അക്കരെചെന്നിട്ട് കുന്നേറണം
വെള്ളച്ചീം കുട്ട്യോളും കാക്ക്ന്നു്
ചോറും കറീംവെച്ച് കാക്ക്ന്ന് കൃഷ്ണൻ മൈത്ര

3. ഒട്ടോട്ടു കൊട്ടുന്ന പൊട്ടക്കുശവാ
ഒന്നേറെക്കൊട്ടിയാ നെല്ലേറെക്കിട്ടും
അമ്മണ്ണുമിമ്മണ്ണുഞ്ചെമ്മണ്ണും കൂട്ടി
ആനയടിയിലടിമണ്ണും കൂട്ടി
കുതിരക്കുളമ്പടിക്കുഴമണ്ണും കൂട്ടി
തട്ടിപ്പടച്ചുമുനിഞ്ഞുകുശവൻ
വൈക്കോൽ തുരുമ്പിട്ടുചൂളയും വെച്ചു
ചൂളപൊളിച്ചു കലവുമെടുത്തു
കുന്നത്തുകേറി രാലയും കൊത്തീ
ഓടമുളകൊാരൊറ്റലുാക്കി
ഒറ്റേൽനെറച്ചൂകലവും കമുത്തി
ഒറ്റലെടുത്തു തലയിലും വെച്ചു
കൂരാച്ചികുന്തവും കയ്യിലെടുത്തു
ചെക്കിളിനായിന്റെ കയറുപിടിച്ചു
മേലെവരമ്പൂടെ നടന്ന് കൊശവൻ
താഴെക്കത്തൂടെനായേം നടന്ന്
മൂള്ന്ന് നായ് മുരളുന്ന് നായ്
പാഞ്ഞ് കൊശവനടുക്കളേച്ചെന്ന്
തള്ളക്കലമെടുത്തെന്നെകമത്ത്
പിള്ളക്കലം കൊ് മീതെ കമഴ്ത്ത്
വാതിലടച്ചിട്ട് മാറ്റാണിമേട്
ആണെന്നുഞ്ചൊല്ലി പടിക്കലും ചെല്ല്
ആണിന്റെ കൂക്കൊന്ന് കൂക്ക് കൊശത്തി
നായി നെലം ചായുമ്പോളെന്നെ വിളിക്ക് അമ്മിണി അമ്മാളു-കുന്നുമ്മൽ

4. എട എടലാടാ നാടോടിലാടാ
തലക്കുത്തും പനിക്കും മര്ന്ന്‌ോലാടാ
എടി എടി പെണ്ണേ നാവാടിപെണ്ണേ
തലകുത്തും പനിക്കും മര്ന്ന് വാടീ
മായാക്കുചുക്കെടീ
മരമുത്തിവേരെടി
മാന്തിപ്പറിക്കെടീ
പാലിൽപ്പുയുങ്ങെടീ
വെയ്ലത്തൊണക്കെടീ
പൊടിയായ് പൊടിയെടി
കുഴമ്പായരയെടീ
നെറ്റിമ്മെപൊരട്ടെടീ ജാനകിയമ്മ മേപ്പള്ളി

## 5. ഗാർഹികപ്പാട്ടുകൾ

ഉള്ളടക്കം, ആലപിക്കപ്പെടുന്ന സന്ദർഭം തുടങ്ങിയവ കൊ് വീടുമായോ കുടുംബജീവിതവുമായോ ബന്ധപ്പെട്ട ദൈനംദിനജീവിതത്തിലെ സന്തോഷങ്ങളും

ദുഃഖങ്ങളും ആവിഷ്ക്കരിക്കുന്ന ഭാവസമ്പൂർണ്ണങ്ങളായ പാട്ടുകളാണിവ. കുടുംബ ബന്ധങ്ങൾ, വ്യക്തിബന്ധങ്ങൾ തുടങ്ങിയവയിലെ വിവിധ വികാരഭാവങ്ങൾ സ്വാഭാവികതയോടെ ആവിഷ്ക്കരിക്കുന്നവയാണീ പാട്ടുകൾ മിക്കതും. കർണാടക ത്തിൽ സാർവത്രികമായും കേരളത്തിലെ ചില പ്രദേശങ്ങളിലും കുവരുന്ന അര വുപാട്ടുകൾ 'അരക്കല്ലിൽ ധാന്യം അരയുമ്പോൾ വർത്തമാനത്തിന്റെ ഊഷരത യിൽ നിന്ന് നിവൃത്തമാകുന്ന മനസ്സ് ചിലപ്പോൾ ഭൂതകാലത്തിന്റെ ഏതെ ങ്കിലും നനുത്ത തീരം തേടി അലയുകയായിരിക്കും.'[37] ദൂരെ ജോലിതേടിപ്പോയ ഭർത്താവിന്റെ മധുരസ്മരണകൾ അയവിറക്കുന്ന ഭാര്യയുടെ വികാരവിചാരങ്ങളും തിരിച്ചെത്താൻ വൈകുന്നതിലുള്ള ഉത്കണ്ഠകളും അടങ്ങിയ പാട്ടുകളു്. മക്കളു ടെയോ പേരിക്കിടാവിന്റെയോ അനുനിമിഷമുള്ള വളർച്ചയും അവരെക്കുറിച്ചുള്ള ആഗ്രഹങ്ങളും അടങ്ങിയ പാട്ടുകളുമു്. വൈകാരികതീവ്രതയും, അനുഭ വതീക്ഷ്ണതയും, സത്യസന്ധതയും, ഗാർഹികപ്പാട്ടുകളുടെ സവിശേഷതയാണ്.

ഉദാ:

1. ചന്ദനപ്പൂവരമ്പിന്നരികേ പോകണ നേരം
ഒരു കൂട്ടം കന്നുമ്മക്കീലും
തുരുതുരെ നടക്കണ കേ...
ഓലോലം പാടിവരുന്ന
എന്റെ ചെറുമനകപ്പം
ഓട്ടക്കണ്ണിട്ട് – ഓട്ടക്കണ്ണിട്ട്
പൊരുവിരൽ നക്കി
നാണിച്ചു നിക്കണതെന്താട്യേ...
എന്റെ ചെറുമനും കള്ളു കുടിക്കും
നിന്റെ ചെറുമനും കള്ളു കുടിക്കും
പിന്നെന്താ മുട്യേ നമ്മള് തമ്മില് മ്യാല്...
നിന്റെ ചെറുമനും തെങ്ങമ്മക്കേറും
എന്റെ ചെറുമനും തെങ്ങമ്മക്കേറും
പിന്നെന്താ മുട്യേ നമ്മള് തമ്മില് മ്യാല്
നിന്റെ ചെക്കനെ എന്റെ ചെറുമൻ
തോളത്തെടുത്ത് മുത്തം കൊടുത്താൽ
പിന്നെന്താ മുട്യേ നമ്മള് തമ്മില് മ്യാല്
ജില്ലേം... ജില്ലേല്ലം... ജില്ലേം... ജില്ലേല്ലേം...
ജില്ലേം... ജില്ലേല്ലം... ജില്ലേം... ജില്ലേല്ലേം... ചെറിയ കീരൻ കിഴക്കുമ്പാടം

2. ഏനൊരു മീനക്കു കൊറവാ ഏനൊരു മീനകു
ഏതുകോളത്തിലാൺടി കൊറത്തീ ഏത് കൊളത്തിലാൺടി
പൊട്ടക്കുളത്തിലാണേ കൊറവാ പൊട്ടക്കുളത്തിലാണേ
വലയൊന്നെടുത്തേടീ കൊറത്തീ വലയൊന്നെടുത്തേടീ
തലൊാട്ടും വയ്യ്യേ കൊറവാ തലൊാട്ടും വയ്യ്യേ
വലയൊന്നെടുക്കുന്നു കൊറവൻ വലയൊന്നെടുക്കുന്നു
വലയൊന്നു വീശുന്നു കൊറവൻ വലയൊന്നുവീശുന്നു
വലയൊന്നു പിടിച്ചേടീ കൊറത്ത്യേ വലയൊന്നു പിടിച്ചേടീ
തലൊാട്ടും വയ്യ്യേ കൊറവാ തലൊാട്ടും വയ്യ്യേ

മീനൊന്നു മുറിച്ചേടീ കൊറത്തീ മീനൊന്നു മുറിച്ചേടീ
തലൊാട്ടും വയ്യേ്യ കൊറവാ തലൊാട്ടും വയ്യേ്യ
മൊളകൊന്നരച്ചേടീ കൊറത്തീ മൊളകൊന്നരച്ചേടീ
തലൊാട്ടും വയ്യേ്യ കൊറവാ തലൊാട്ടും വയ്യേ്യ
കറിയൊന്നു വെച്ചേടീ കൊറത്തീ കറിയൊന്നുവെച്ചേടീ
തലൊാട്ടും വയ്യേ്യ കൊറവാ തലൊാട്ടും വയ്യേ്യ
ഉപ്പൊന്നു നോക്യേടി കൊറത്ത്യേ ഉപ്പൊന്ന് നോക്യേടി
പുളിയൊന്നു നോക്യേടി കൊറത്ത്യേ പുളിയൊന്ന് നോക്യേടി
ചോറൊന്ന് വെളമ്പ്യേടി കൊറത്ത്യേ ചോറൊന്ന് വെളമ്പ്യേടി
ചോറ് വെളമ്പ്ന്ന് കൊറത്തി ചോറ് വെളമ്പ്ന്ന്
നടുക്കഷ്ണമെവിടെടി കൊറത്ത്യേ നട്ക്കഷ്ണമെവിടെടി
വാൽക്കഷ്ണമെവിടെടി കൊറത്ത്യേ വാൽക്കഷ്ണമെവിടെടി
പുളിയൊന്നു നോക്കി ഞാങ്കുറവാ പുളിയൊന്ന് നോക്കീഞാ
ചെരവയെടുക്കുന്നു കൊറവൻ പിന്നെ മുതുകത്തടിക്കുന്നു

ജയചന്ദ്രൻ മാസ്റ്റർ മേലടി

3. ആലപ്പുഴക്കാരൻ തിന്തിമിതോം
ആലപ്പുഴക്കാരൻ കേശവനാങ്ങളെ
എനിക്കൊരു ജോഡി തോട വേണം
മുറ്റമടിക്കുമ്പോൾ ധും ത ധും തൈ
മുറ്റമടിക്കുമ്പോൾ തോളിലടിക്കുന്ന
കൂടെയടിക്കുന്ന തോട വേണം
കിണ്ണവും കിയും ധും ത ധും തൈ
കിണ്ണവും കിയും തേച്ചുമിനുക്കുമ്പോൾ
കൂടെ മിനുങ്ങുന്ന തോട വേണം
അമ്മായിയമ്മയും ധും ത ധും തൈ
അമ്മായിയമ്മയും ഞാനും പിണങ്ങുമ്പോൾ
കൂടെ പിണങ്ങുന്ന തോട വേണം

തങ്കമണി കൊറ്റങ്ങൽ

4. രാരിക്കം രാരാരോ രാരിക്കം രാരാരോ
മഴപെയ്യുമ്പോള് നമ്മടെ കുഞ്ഞുങ്ങളെങ്ങനെയെടീ
ഇടിവെട്ടുമ്പോള് നമ്മടെ കുഞ്ഞുങ്ങളെങ്ങനെയെടീ
മഴപെയ്യുമ്പോള് കൊട്ടേല് ചൂടാലോ
ഇടിവെട്ടുമ്പോള് പന്തല് ചൂടാലോ
മലവെള്ളം വന്നാ നമ്മടെ കുഞ്ഞുങ്ങളെങ്ങനെയെടീ
ചിറവെള്ളം വന്നാ നമ്മടെ കുഞ്ഞുങ്ങളെങ്ങനെയെടീ
മലവെള്ളം വന്നാ നമ്മള് മറുമലകേറും
ചിറവെള്ളം വന്നാ നമ്മള് ചിറമേലെ കേറും
പടിയടച്ചാലോ നമ്മടെ കുഞ്ഞുങ്ങളെങ്ങനെയെടീ
കുടിയടച്ചാലോ നമ്മടെ കുഞ്ഞുങ്ങളെങ്ങനെയെടീ
പടിയടച്ചാലോ നമ്മള് പടയിറക്കൂലോ
കുടിയടച്ചാലോ നമ്മള് പടയിറക്കൂലോ.

പ്രസീദ എം.യു.

## 6.ആഘോഷപ്പാട്ടുകൾ

ദൈനംദിന ജീവിതത്തിൽ നിന്ന് ഭിന്നമായി സമൂഹം ഒന്നിച്ചോ ഏതെങ്കിലും ഒരു വിഭാഗം മുഴുവനുമായോ പങ്കെടുത്തുകൊ് നടത്താറുള്ള ഓണം, തിരുവാ

തിര, പൂരം, പെരുന്നാൾ, ക്രിസ്തുമസ് തുടങ്ങിയവയോടനുബന്ധിച്ചും വിവാഹാദി ചടങ്ങുകളോട് ബന്ധപ്പെട്ടും പാടാറുള്ള പാട്ടുകളെല്ലാം ആഘോഷപ്പാട്ടുകളാണ്. ആഘോഷാനുബന്ധങ്ങളായ ചില പാട്ടുകളിൽ അശ്ലീലത്തോളം ചെന്നെത്തുന്ന ചില പ്രയോഗങ്ങളോ, ഫലിതപരിഹാസങ്ങളോ കാണാം. ഉദാഹരണമായി മണവാള നെയോ മണവാട്ടിയെയോ ഉണർത്തുന്ന വാതിൽതുറപ്പാട്ടുകൾ, ഒപ്പനപ്പാട്ടുകൾ, ഒരുക്കപ്പാട്ടുകൾ. ഗാർഹികമായ ആഘോഷങ്ങൾ, ക്ഷേത്രോത്സ വങ്ങൾ, പ്രാദേശികാഘോഷങ്ങൾ തുടങ്ങിയവയോടനുബന്ധിച്ച് ചൊല്ലാറുള്ള പാട്ടുകളും ഇതിൽപ്പെടുന്നു.

ഉദാ:

1. ഒന്നേ ഒന്നേ പോൽ പോൽ
ഓരാറു കുടുംബം തിരുവാതിര
രഠേ രഠേ പോൽ പോൽ
രാവും പകലും തിരുവാതിര
മൂന്നേ മൂന്നേ പോൽ പോൽ
മൂവാളുയരത്തിൽ ഊഞ്ഞാലിട്ടു
നാലേ നാലേ പോൽ പോൽ
നാടു മുഴങ്ങ്വോളം പാട്ടു പാടി
അഞ്ചേ അഞ്ചേ പോൽ പോൽ
അയ്യപ്പൻ താനതു കേട്ടിരുന്നു
ആറേ ആറേ പോൽ പോൽ
ആറ്റിലിറങ്ങി കുളി തുടങ്ങി
ഏഴെ ഏഴെ പോൽ പോൽ
ഏഴെട്ടു പെണ്ണുങ്ങൾ മുങ്ങിക്കേറി
എട്ടേ എട്ടേ പോൽ പോൽ
പട്ടു പുടവ ഞൊറിഞ്ഞുടുത്തു
ഒൻപതേ ഒൻപതേ പോൽ പോൽ
വട്ടത്തിൽ നിന്ന് കളി തുടങ്ങി
പത്തേ പത്തേ പോൽ പോൽ
പാർവ്വതീകാന്തനെ മാലയിട്ടു

അമ്മു ഗുരുവായൂർ

2. ആ... ഈ... ഊ....
കൈതോലപ്പായ വിരിച്ച് പായേല് നെല്ല് വിരിച്ച്
കാതുകുത്താനൊപ്പം വരും നിന്നമ്മോവമ്മാരു പൊന്നേ... (2) (കൈതോല..)
കുന്നത്തങ്ങാടീല് ഷാപ്പിലും കേറി പള്ള നെറച്ചും കള്ളും കുടിച്ച്
ആട്യാടിയെപ്പൊ വരും നിന്നമ്മോവമ്മാരു പൊന്നേ.. (2) (കൈതോല...)
കാതുരുമ്മി കാരമുള്ളോ് കാതുകുത്തണ നേരം
നോവുമ്പോ കൈനോക്കിയിരുന്നാമത്യന്റെ പൊന്നേ (2) (കൈതോല...)
കാതുകുത്തി കൈതോല തൂക്ക്യപ്പം കടച്ചില് മാറ്യോടി പെണ്ണേ
ഇപ്പം കാണാനെന്തൊരു ചന്താടി കുഞ്ഞിച്ചിരുതേയി പെണ്ണേ (2)
(കൈതോല...)

വത്സല കുമാരി മൂഴിക്കൽ

3. അരിയരിയോ തിരിതിരിയോ കെണപതിയും തരത്തൊതിയും
വാഴുക പൊലികയെന്നെന്റെ പൂവിതേവി വാണിരിക്ക
തെക്കനില്ലോം വടക്കനില്ലോം വടവടക്കൊരു ഇല്ലമു്
വാളറിഞ്ഞ വടവടക്കൂന്ന് വരവത്തുന്റെ മാവേലിയാം
ആരിയു കാതം വടവടക്കൂന്ന് വരവതുന്റെ മാവേലിയാം
മനുസ്യരുടെ വായ്ചകാണാൻ വരവതുന്റെ മാവേലിയാം
പുത്തനൊരോലവെട്ടി കോടി നൂലും മേഞ്ഞിറങ്ങി
ഇടവഴിയും പെരുവഴിയും ചെത്തിവാരിത്തൂത്തിടേണം
വെള്ളമുള്ള കെണറുകളും ഇറച്ചുകോരിയിടുകവേണം
ഇഞ്ചത്തല ഈറത്തല തല്ല്യാതുക്കിയിടുകവേണം
മാവേലിയാം വെറും വരിയക്കെട്ടെന്തു നല്ല വർത്തമാനം
മഞ്ഞ നല്ല മുറുവേണം മന്തിരകോടിവേണം
കാക്കവന്നം കതിർവെളക്ക് അട്ക്കളയ്ക്കകത്തെരിക
തൂക്കുമന്നം തുടർവെളക്ക് അടുക്കളയക്കപ്പുറത്തെരിക
ഓണമഞ്ചും കഴിവോളം നെലവെളക്കുനിന്നെരിക
ഓണമഞ്ചു കഴിവോളം കതിർവെളക്കും നിന്നെരിക
മാവേലിയാം വരവതുേ മാനുശര്ടെ വായ്ചകാണാൻ
മാവേലിയാം വരവത്േ പെര്വഴിയേ വരികയാണേ
പാക്കനാര് പാടിയു് പലവഴിയേ വരികയാണ്
തേവിയമ്മ തെിയു്ു ഇടവഴിയേ വരികയാണ്
മാവിലിയാം വന്നുയെന്റെ ഉയിരെലൊന്നേറിനിക്കാ
തേവിയമ്മ വന്നുയെന്റെ അടുക്കളേലൊന്നേറിനിക്ക
പാക്കനാരുവന്നുയെന്റെ പടിപ്പുരമേലൊന്നേറിനിക്ക ചിന്നു കുത്തുപറമ്പ്

## 7. തെറിപ്പാട്ടുകൾ

കുട്ടികൾക്കിടയിലും യുവാക്കൾക്കിടയിലും ധാരാളമായി കുവരുന്ന പാട്ടുകളാണിവ. പാടുന്നവരുടെയും ഒരു പക്ഷേ കേൾക്കുന്നവരുടേയും മനസ്സിന്റെ താല്കാലികാശ്വാസവും, മാനസികസമ്മർദ്ദങ്ങളിൽ നിന്നുള്ള രക്ഷയുമാണ് ഈ പാട്ടുകളെ നിലനിർത്തുന്നത്. ലൈംഗികത, സ്വകാര്യജീവിതം തുടങ്ങിവയെക്കുറിച്ചുള്ള അബദ്ധധാരണകളും സംശയങ്ങളും ഇത്തരം പാട്ടുകളിൽ പ്രകടമാകുന്നു്. പാടുന്നവരുടെ പ്രായമനുസരിച്ച് തെറിപ്പാട്ടുകളെ മൂന്നായിതിരിക്കാം

1. ലൈംഗികചോദന ഉണർന്നിട്ടില്ലാത്ത കുട്ടികളുടെ പാട്ട്

2. ലൈംഗികചോദന ഉണ്ടെങ്കിലും ലൈംഗികാനുഭവം ഉണ്ടായിട്ടില്ലാത്തവരുടേത്.

3. ലൈംഗികാനുഭവമുള്ള മുതിർന്നവരുടേത്.

ഇതിൽ കുട്ടികളുടെ തെറിപ്പാട്ടുകൾ ലൈംഗികതയെക്കുറിച്ചുള്ള അവ്യക്ത ധാരണകൾ ഉൾക്കൊള്ളുന്നവയാണ്. എന്നാൽ ലൈംഗികാനുഭവമില്ലാത്ത മുതിർന്നവരുടെ പാട്ടുകൾ പലപ്പോഴും വൈകൃതങ്ങളെ പ്രോത്സാഹിപ്പിക്കുന്ന വിധത്തിലുള്ളതാവും.

കൊടുങ്ങല്ലൂർ ഭരണിക്ക് പച്ചത്തെറിപ്പാട്ടുകൾ ഭഗവതിയെ തൃപ്തിപ്പെടുത്തുമെന്ന് വിശ്വസിക്കുന്നു. മനസ്സിൽ അടിഞ്ഞുകൂടിയ ചോദനകളെ കുടിയൊഴിപ്പിക്കുക കൂടിയായിത്തീരുന്നു അത്.

ഏതൊരു സമൂഹത്തിലും കുടുംബവ്യവസ്ഥയിലും വ്യക്തികളുടെ അംഗീകൃത നിഷിദ്ധലൈംഗിക ബന്ധങ്ങളും അവ സൃഷ്ടിക്കുന്ന മാനസികാസ്വാസ്ഥ്യങ്ങളും സമ്മർദ്ദങ്ങളും വ്യക്തിജീവിതത്തെ ഉലക്കാറുു്. അതിൽ നിന്ന് രക്ഷനേടാനുള്ള മാർഗ്ഗമെന്ന നിലക്കാണ് പല തെറിപ്പാട്ടുകളും രൂപപ്പെടുന്നത്. അതുകൊുതന്നെ 'കുടുംബത്തിലെ വ്യക്തിബന്ധത്തെക്കുറിച്ചും ജനസാമാന്യമനസ്സിനെക്കുറിച്ചും മനസ്സിലാക്കുന്നതിന് തെറിപ്പാട്ടുകളുടെ പഠനം സഹായിക്കുന്നു.'[38] എന്നാൽ തെറിപ്പാട്ടുകളുടെ ശേഖരണം അത്ര എളുപ്പമല്ല. അവ പാടിത്തരാനോ നിജസ്ഥിതി വിവരിക്കാനോ പൊതുവേ ആളുകൾ തയ്യാറാവുകയില്ല എന്നത് ശേഖരണത്തിനും പഠനത്തിനും വിഷമങ്ങൾ സൃഷ്ടിക്കുന്നു.

ഉദാ:

1. കണ്ണാടംപൊത്തി, കടുക്കാടം പൊത്തി
ആരാന്റെ കുഞ്ഞിനെ തൊട്ടും വന്നാൽ
നെനക്കൊരു തീട്ടക്കട്ട എനിയ്ക്കൊരു തേങ്ങാപ്പൂള് ഗിരീഷ് മാസ്റ്റർ

2. കോരപ്പാ പൊന്നളിയാ
തൂറട്ടെ ചൂട്ട് പിടി ഉണ്ണിക്കുറുപ്പ് മാസ്റ്റർ

3. ആരാണയിലെ പോണ്? പോകുന്നത് മൂര്യല്ലേ?
മൂര്യാണെങ്കില് കുത്തൂലേ? കുത്തുന്നത് കൊമ്പല്ലേ?
കൊമ്പാണെങ്കില് ആടൂലേ? ആടുന്നത് പുളിങ്ങ്യല്ലേ?
പുളിങ്ങ്യാണെങ്കില് പുളിയ്ക്കൂലേ? പുളിയ്ക്കുന്നത് മോരല്ലേ?
മോരാണെങ്കിൽ നാറൂല്ലേ? നാറുന്നത് തീട്ടല്ലേ?
തീട്ടാണെങ്കില് തിന്നൂലേ? തിന്നുന്നത് നായ്യ്യല്ലേ? കെ.വി.ശ്രീധരൻ മാമ്പറ്റ

## 8. പെൺപാട്ടുകൾ

ഏതൊരു കൂട്ടായ്മയിലും സ്വഭാവികമായി നിലനില്ക്കുന്ന സ്ത്രീസമൂഹത്തിനും അവരുടേതായ കലകളും ആചാരാനുഷ്ഠാനാദികളും പാട്ടുകളും നിലവിലു്. കുടുംബസംബന്ധിയായോ സാമൂഹികമായോ അവരനുഭവിക്കുന്ന ഹർഷങ്ങളും വേദനകളും അവതരിപ്പിക്കുന്ന ഇത്തരം പാട്ടുകളിൽ ബന്ധങ്ങൾ, അവയുടെ ആഴം, വൈകാരിക ഭാവങ്ങൾ തുടങ്ങിയവ പ്രതിഫലിക്കുന്നു. പെൺപാട്ടുകളിൽ നല്ലൊരു ശതമാനം താരാട്ടുപാട്ടുകളാണ്. അമ്മക്ക് തന്റെ 'ജീവനായ' കുഞ്ഞിനെപ്പറ്റിയുള്ള പ്രതീക്ഷകളും സ്വപ്നങ്ങളും പ്രകടമാവുന്ന താരാട്ടുപാട്ടിലൂടെ മാതൃഹൃദയത്തിന്റെ ഭാവനാലോകമാണ് വെളിപ്പെടുന്നത്. മരുമകളുടെ പരിദേവനങ്ങൾ അടങ്ങിയ അരവുപാട്ടുകൾ, തിരുവാതിര, ഓണം തുടങ്ങിയവുമായി ബന്ധപ്പെട്ട പാട്ടുകൾ, വിവാഹാദിചടങ്ങുസംബന്ധികളായ പാട്ടുകൾ, പെൺകളിപ്പാട്ടുകൾ, പെൺകലകളുമായി ബന്ധപ്പെട്ട പാട്ടുകൾ തുടങ്ങിയവ പെൺപാട്ടുകളിൽപ്പെടും.

ഉദാ:

1. ആദികറുകയ്ക്ക് ദേവദേവൻ ആധാരം ബ്രഹ്മാവ് തന്നെയല്ലേ
പിന്നെ ചെറുവൂളപ്പൂവതിനു മന്നിൽ പ്രസിദ്ധനാം ധർമ്മരാജൻ
കൃഷ്ണക്കിടന്തിയാം പൂവതിന്നു മൂർത്തിമാനച്യുതനുണ്ണികൃഷ്ണൻ
നാലാകും പൂവാൻകുറുന്തലിനു ബാലശശിമുഖി ശ്രീദേവിയും
അഞ്ചാമിലെച്ചവ്യൻ പൂവതിനു പഞ്ചബാണാരി മഹാശിവൻ താൻ
ആറാകും കയ്യുണ്ണി പൂവതിനു ആറിൻ പതിയാം വരുണൻ താനും
ഏഴാകും മുക്കിറ്റിപ്പൂവതിനു തോഴിമാർ മൗലിയാം ശ്രീ പാർവ്വതി
എട്ടാകും നല്ല നിലമ്പനയ്ക്കു കേട്ടില്ലയോ നല്ല കാമദേവൻ
ഒമ്പതാം നല്ലൊരു മുത്തുയ്ക്കിപ്പോ ഇമ്പ്രാടറിഞ്ഞാലമിന്ദ്രൻ തന്നെ
പത്തിൽ തിരുതാളിപ്പൂവതിന്നു മൂർത്തീ മഹാവിഷ്ണു ലോകനാഥൻ
ഇങ്ങനെയുള്ള ദശപുഷ്പങ്ങൾ തിങ്ങിന മോദാലുഴിഞ്ഞെടുത്ത്
ആദരവോടു മാലകെട്ടി പാതിരാവാകുമ്പോൾ ചുറ്റിക്കെട്ടി
ചിന്തു പാട്ടൊട്ടേറെ കൂടെപാടി ചന്തത്തിലാതിരയ്ക്കു കുളിച്ചാൽ
സന്തതം നല്ലൊരു കാന്തനോടു സന്തിയോടും സുഖിച്ചിരിക്കാം

സരസ്വതി ചാത്തമംഗലം

2. രാരീരം രാരീരം രാരോ

കുട്ടാ കുട്ടാ കരയല്ലെ കുട്ടാ കരയല്ലെ പിരിയല്ലെ കുട്ടാ
കുട്ടന്റെയപ്പൻ വരുമ്പം ചക്കരകൊറോരും
വയ്യ്യ്യപോക്ണ വയിയാത്രക്കാരെ വയ്യ്യ്യപോക്ണ വയിയാത്രക്കാരെ
എന്റൊലപ്പനെ കൊച്ചുട്ടന്റ്യപ്പനെ നിങ്ങള് കാണാറ്ോ? (കുട്ടാ)
കല്ല് വെട്ട്ന്ന കല്ലാരിയേ മുള്ള് വെട്ട്ണ മുള്ളാരിയെ
എന്റൊലപ്പനെ കൊച്ചുട്ടന്റെപ്പനെ നിങ്ങള് കാണാറ്ോ? (കുട്ടാ)
ഇന്നലെ കു മിനിഞ്ഞാന്ന് കു മിനിഞ്ഞാന്ന് കാലത്ത് കു
കച്ചേരിക്കാവില് മരംതല്ലി കളിക്കണ് കൂടെ
ര് പറച്ചിപ്പെണ്ണുങ്ങൾ മുടിയാട്ടികളിക്ക്ന്ന് (കുട്ടാ)
ചക്കര കിട്ടാഞ്ഞിട്ടല്ല പീട്യ തൊറക്കാഞ്ഞിട്ടല്ല
കുട്ടനെപ്പെറ്റൊരു കാര്യം മൂപ്പരറിഞ്ഞിട്ടില്ല (കുട്ടാ കുട്ടാ)
രാരീരം രാരീരം രാരോ

പ്രസീദ എം.യു

3. ഊഞ്ഞാലാടാൻ വാടി പെണ്ണേ നല്ലപെണ്ണേ തങ്കക്കൊടി
എനിക്കെന്റെ കാൽ കുഴഞ്ഞു ഒരടിയും നടക്കാൻ മേലെ...
എനിക്കിരിക്കും കിഴക്കൻ ചേല എടുത്തുടനെ കൊടുക്കിനമ്മേ
നല്ല പെണ്ണേ തങ്കക്കൊടി ഇനിയെങ്കിലും വാടീ പെണ്ണേ
ഊഞ്ഞാലാടാൻ വാടീ പെണ്ണേ നല്ല പെണ്ണേ തങ്കക്കൊടി..

കൊച്ചുനാരായണപിള്ള വെഞ്ഞാറമൂട്

## 9. കുട്ടികളുടെ പാട്ടുകൾ (നാടൻകുട്ടിപ്പാട്ടുകൾ)

ഏതൊരു ജനസമൂഹത്തിലും പകുതിയോളം വരുന്ന കുട്ടികൾക്കും അവരുടേതായ അഥവാ അവർക്കുവേി മുതിർന്നവരാൽ പാടപ്പെടുന്ന പാട്ടുകളു്. അവയാണ് നാടൻകുട്ടിപ്പാട്ടുകൾ. കുട്ടികളുടെ മനസ്സിൽ നിറയുന്ന അവ്യക്തവും

വ്യക്തവുമായ ആശയങ്ങൾ പരിമിതികൾക്കും വിലക്കുകൾക്കും അനുസൃതമായി ഭാഷാരൂപം പ്രാപിക്കുന്നു. കളികളിലും മറ്റുമായി അത് പ്രത്യക്ഷപ്പെടുന്നു, ആവർത്തിക്കുന്നു. പലതരത്തിലുള്ള സമ്മർദ്ദങ്ങൾക്കും വശംവദനാകുന്ന കുട്ടിയുടെ മാനസികനിലയും വികാരവിചാരങ്ങളും ആശയാ ദർശങ്ങളും ഈ പ ാട്ടുകളിൽ പ്രകടമാകുന്നു. പലപ്പോഴും ഈ പാട്ടുകൾ യുക്തിരഹിതമോ അവ്യക്തമോ ആവാറു്. കുട്ടികൾ പാടുന്ന പാട്ടുകൾ പോലെ കുട്ടികൾക്കുവേി മുതിർന്നവർ പാടുന്ന നാടൻപാട്ടുകളും നാടൻകുട്ടിപ്പാട്ടുകൾ തന്നെയാണ്. താരാട്ടുപാട്ടുകൾ, മുത്തശ്ശിപ്പാട്ടുകൾ, കുട്ടികളെ കളിപ്പിക്കാനും മറ്റുമായി മുതിർന്നവർ പാടുന്ന പാട്ടുകൾ ഇവയെല്ലാം നാടൻകുട്ടിപ്പാട്ടുകളാണ്. കുട്ടികൾക്കുവേി എന്നതിലുപരി മാതൃഭാവത്തിന്റെ സംതൃപ്തിക്ക് വേി യാവാം താരാട്ടുപാട്ടുകൾ. ചില കുട്ടിപ്പാട്ടുകളിൽ അർത്ഥത്തിലുപരി ഹാസ്യത്തിനാണ് പ്രാധാന്യമെങ്കിലും ഉറക്കുക, കുളിപ്പിക്കുക, ഊട്ടുക തുടങ്ങിയ പ്രധാനധർമ്മങ്ങളു്.

ഉദാ:

1. രാമസ്വാമിക്ക് തോട്ടമു് ഏഴടിപ്പൊക്കത്തില്
ആ തോട്ടത്തിലൊരു പശുവു് ഏഴടിപ്പൊക്കത്തില്
എന്താ പശൂ ബേ ബേ (3)
രാമസ്വാമിക്ക് തോട്ടമു് ഏഴടിപ്പൊക്കത്തില്
ആ തോട്ടത്തിലൊരു പൂച്ചയു് ഏഴടിപ്പൊക്കത്തില്
എന്താ പൂച്ചേ മ്യാവൂ മ്യാവൂ (3)
രാമസ്വാമിക്ക് തോട്ടമു് ഏഴടിപ്പൊക്കത്തില്
ആ തോട്ടത്തിലൊരു നായയു് ഏഴടിപ്പൊക്കത്തില്
എന്താ നായേ ബൗ ബൗ (3)
രാമസ്വാമിക്ക് തോട്ടമു് ഏഴടിപ്പൊക്കത്തില്
ആ തോട്ടത്തിലൊരു കുട്ടിയു് ഏഴടിപ്പൊക്കത്തില്
എന്താ കുട്ടീ ഹീ .. ഹീ .. (3)
രാമസ്വാമിക്ക് തോട്ടമു് ഏഴടിപ്പൊക്കത്തില്
ആ തോട്ടത്തിലൊരു പുലിയു് ഏഴടിപ്പൊക്കത്തില്
എന്താ പുലീ ഗ്ർർ.. ഗ്ർർ.. (3) ആത്മജ പി.എം., ഓമശ്ശേരി

2. തപ്പോ തപ്പോ തപ്പാണി
തപ്പോ കിലുകിലും താളം കിലുകിലും തപ്പാണി കൊട്ട്ണ ചങ്ങാതി
തപ്പാണി കൊട്ടി വലഞ്ഞുവരുമ്പം അപ്പം ചുടാനൊരമ്മയു്
നുള്ളിത്തരാനൊരച്ഛനു് തട്ടിപ്പറിയ്ക്കാനൊരേട്ടനു്
ഇത്തിരിക്കുഞ്ഞനെ വാരിപ്പുണർന്നിട്ടൊരുമ്മ തരാനൊരു പെങ്ങളു്

മനോമോഹനൻ ചാത്തമംഗലം

3. നാരങ്ങാപ്പാല് ചൂക്ക് രേ
ഇലകൾ പച്ച പൂക്കൾ മഞ്ഞ
ഓടുമ്പോൾ പിടിയ്ക്കാം
ഒളിച്ചു നടക്ക്ണ കള്ളനെ പിടിയ്ക്കാം. വാസുദേവ് താമരശ്ശേരി

വാമൊഴിവഴക്കങ്ങൾ പ്രത്യേകിച്ചും കടങ്കഥ, പഴഞ്ചൊല്ല്, നാടൻകഥകൾ, നാടൻപാട്ടുകൾ തുടങ്ങിയവക്ക് വരമൊഴിയിലെ ഉപജീവ്യത ബോധ്യപ്പെടുമ്പോൾ നാടൻകുട്ടിപ്പാട്ടുപഠനം പ്രസക്തവും അർത്ഥവത്തുമാകുന്നു. ഈ തിരിച്ചറിവാണ് വരമൊഴിയിലെ വാമൊഴി എന്ന ഭാഗത്തിന് നിദാനം.

### 1.6 വരമൊഴിയിലെ വാമൊഴി

വാമൊഴി വരമൊഴികളെ താരതമ്യപഠനവിധേയമാക്കിയ 'ആർച്ചർ ടെയ്‌ലർ' അവയുടെ ഉപജീവ്യതയെ ഇങ്ങനെ വ്യക്തമാക്കുന്നു.

1. ഫോക്‌ലോർ പല സംസ്കാരങ്ങളിലും സാഹിത്യത്തിന്റെ ഭാഗം തന്നെയാണ്.
2. സാഹിത്യകൃതികളിൽ അനവധി ഫോക്‌ലോർ ഘടകങ്ങൾ കടം കൊിട്ടു്.
3. എഴുത്തുകാർ ഫോക്‌ലോറിനെ അനുകരിക്കുന്നു.[39]

വരമൊഴിയിൽ നിലീനമായിക്കിടക്കുന്ന ഇത്തരം ഫോക്‌ലോർ രൂപങ്ങളെ വേർതിരിച്ചറിയാൻ ര് ഉപാധികളു് എന്ന് അലൻ ഡൻഡസ് അഭിപ്രായപ്പെടുന്നു.

1. സാഹിത്യപാഠത്തിൽ (Literary context) കൃത്യമായും പൂർണമായും ഫോക്‌ലോർ ഘടകങ്ങൾ കത്തെുക.
2. കത്തെിയ ഫോക്‌ലോർ ഘടകങ്ങളെ ആത്മനിഷ്ഠമായ രീതിയിൽ വ്യാഖ്യാനിക്കുക.[40]

ഫോക്‌ലോർ സിദ്ധാന്തങ്ങളുപയോഗിച്ച് പരീക്ഷണാത്മകവും യുക്ത്യധിഷ്ഠിതവുമായ പ്രക്രിയകളിലൂടെ മാത്രമേ സാഹിത്യപാഠത്തിലെ ഫോക്‌ലോർ ഘടകങ്ങളെ കൃത്യമായും പൂർണമായും കത്തൊൻ സാധിക്കൂ. ഈയർത്ഥത്തിൽ ഇതിഹാസപുരാണാദികളും ബൈബിളുമെല്ലാം നാടോടിസാഹിത്യരൂപങ്ങളുടെ രൂപാന്തരമാണ് എന്ന് വ്യക്തമാകും. രാമായണഭാരതാദികളുടെ ഭിന്നപാഠങ്ങളും ആഖ്യാനശൈലികളും കൂട്ടായ്മയുടെ വ്യത്യസ്തതലങ്ങളിൽ അതത് സാംസ്കാരികവ്യക്തിത്വത്തെ നിലനിർത്താൻ പര്യാപ്തമാണ്.

വാല്മീകിരാമായണം, ജൈനരാമായണം, രാമചരിതം, രാമകഥാപ്പാട്ട്, കണ്ണശ്ശരാമായണം, അധ്യാത്മരാമായണം കിളിപ്പാട്ട്, മാപ്പിളരാമായണം, തുടങ്ങി ഇന്ത്യയിലങ്ങോളമിങ്ങോളവും പേർഷ്യൻ രാമായണം, ടിബറ്റൻ രാമായണം, ഇൻഡോനേഷ്യൻ രാമായണം, തുടങ്ങി ഇതരരാഷ്ട്രങ്ങളിലും ഇന്നും പ്രചരിക്കപ്പെട്ടുകാണുന്ന രാമായണങ്ങൾ ജനഹൃദയങ്ങളിൽ പ്രചരിച്ചുവന്ന നാടോടിക്കഥയെ വരമൊഴിസാ

ഹിത്യത്തിലേക്ക് പകർത്താനുള്ള ശ്രമമായി കരുതാം. ആദിവാസികൾക്കിടയിലും ആദിമഗോത്രജനതക്കിടയിലും രാമായണാദികഥകൾ വാമൊഴിരൂപത്തിൽ ഇന്നും നിലനില്ക്കുന്നു എന്നത് ഇതിന് ദൃഷ്ടാന്തമാണ്.

ബൈബിളിലെ 'പഴയനിയമം' ഒരു ഫോക്‌ലോർ കൃതിയായി 'Folklore in Old Testament' എന്ന രചനയിലൂടെ ഫ്രെയ്സർ രേഖപ്പെടുത്തിയ നിരീക്ഷണ ക്കുറിപ്പുകളും യേശുവിന്റെ ജീവിതവും വീരനായകസങ്കൽപവുമായി തുലനം ചെയ്തുകൊ് അലൻഡെൻഡസ് തയ്യാറാക്കിയ 'The Hero Pattern and the life of Jesus' എന്ന ഗവേഷണപഠനവും ഈ വീക്ഷണത്തെ സാധൂകരിക്കുന്നു.

ഫോക്‌ലോർ പാരമ്പര്യം രു വിധത്തിൽ കൃതിയിൽ പ്രത്യക്ഷപ്പെടാം.

1. പ്രമേയതലത്തിൽ
2. പ്രതിപാദനതലത്തിൽ

ലോകപ്രശസ്തസാഹിത്യകാരന്മാർ മുതൽ ഒട്ടുമിക്കവരും പ്രമേയപ്രതിപാദനതലങ്ങളിൽ ഫോക്‌ലോറുകളെ തന്റെ രചനകളിൽ ബോധപൂർവ്വമായോ അല്ലാതെയോ ആശ്രയിച്ചിട്ടു്. ഉദാഹരണമായി ഷെക്സ്പിയറിന്റെ 'കിംഗ്‌ലിയർ' എന്ന പ്രസിദ്ധനാടകം പിതാവിനോട് അഭിനിവേശം തോന്നുന്ന രാജകുമാരി അമ്മയെ ഇല്ലാതാക്കി അച്ഛനെ സ്വീകരിക്കുന്ന കഥയെ തിരിച്ചിട്ട്, ഏകാകിയായ രാജാവിന് മകളോട് തോന്നുന്ന കാമമാക്കിത്തീർത്തു കൊുള്ള നാടകമാണ്. പഞ്ചതന്ത്രകഥയെ ആധാരമാക്കി തോമസ്മാൻ രചിച്ച 'മാറ്റിവെച്ച തലകൾ' എന്ന നോവലും ഇതിനുദാഹരണമാണ്. എൻ. മോഹനന്റെ 'ഇന്നലത്തെ മഴ', കെ. ബി. ശ്രീദേവിയുടെ 'അഗ്നിഹോത്രം' എന്നീ കൃതികൾ 'പറയിപെറ്റ പന്തിരുകുലം' എന്ന നാടോടിഇതിഹാസത്തെ അവലംബമാക്കിയിരിക്കുന്നു.

കവിതയെ സംബന്ധിച്ചിടത്തോളം പ്രമേയത്തേക്കാൾ ആചാരവിശ്വാസങ്ങൾ, അനുഷ്ഠാനങ്ങൾ, ചൊൽവഴക്കങ്ങൾ, ഐതീഹ്യങ്ങൾ, പുരാവൃത്തങ്ങൾ, വായ്ത്താരികൾ, ഛന്ദസ്സുകൾ തുടങ്ങിയവയോ മിത്തുകളോ ആണ് സൂചകമോ സങ്കേതമോ ആയിത്തീരുന്നത്. ഉദാ:- ജി. ശങ്കരക്കുറുപ്പിന്റെ 'ചന്ദനക്കട്ടിൽ' ഇടശ്ശേരിയുടെ 'കാവിലെപ്പാട്ട്', 'പൂതപ്പാട്ട്'.

വരമൊഴിയിൽ ഫോക്‌ലോർ പ്രമേയസ്വാധീനം ര് വിധത്തിലാവാം.

1. ഒരു ഫോക്‌ലോർ രൂപത്തെ അത് നിലനില്ക്കുന്ന വിശാലസംസ്കാരത്തിനകത്തു നിന്നുകൊ് അനുയോജ്യമായ മാറ്റങ്ങൾ വരുത്തി പ്രയോഗിക്കുക. ഉദാ:- 'പൊട്ടി പുറത്ത് ശീവോതി അകത്ത്' - ഇടശ്ശേരി.
2. ഒരു പ്രാദേശികസംസ്കൃതിയുടെ ഫോക്‌ലോറിനെ തികച്ചും സ്വതന്ത്രമായി വ്യത്യസ്തമോ വിരുദ്ധമോ ആയ രീതിയിൽ മാറ്റം വരുത്തി പ്രയോഗിക്കുക. ഉദാ:- എം. ടി. വാസുദേവൻനായരുടെ രാമൂഴം, വയലാറിന്റെ രാവണപുത്രി.

പ്രതിപാദനത്തിൽ ഫോക്‌ലോർ സ്വാധീനം എളുപ്പത്തിൽ നിർണ്ണയിക്കാവുന്ന ഒന്നല്ല. ഈ സ്വാധീനത്തെ പ്രധാനമായും രുതരത്തിൽ വ്യാഖ്യാനിക്കാം.

1. ഒരു ഫോക്‌ലോർ രൂപത്തെ പരിപൂർണമായോ ഭാഗികമായോ അതേപടിയോ സാഹിത്യകൃതിയിൽ പ്രയോഗിക്കുക. ഉദാ:- പൂതപ്പാട്ട്

2. ഫോക്‌ലോർ രൂപങ്ങളെ അനുകരിച്ചുകൊ് കൃത്രിമരൂപങ്ങൾ നിർമ്മിച്ച് സാഹിത്യരചന നടത്തുക. ഉദാ:- തകഴിയുടെ ചെമ്മീൻ.

കടലമ്മയുടെ മക്കളുടെ വിശുദ്ധിസങ്കല്പങ്ങൾ തൊട്ടറിഞ്ഞ് അതിനെ മഹത്വവൽക്കരിച്ച് അനുകരണവിധേയമാക്കി കൃത്രിമരൂപങ്ങൾ നിർമ്മിച്ച് അലിയിച്ച് ചേർക്കുകയാണ് തകഴി ചെമ്മീനിലൂടെ ചെയ്തത്. 'കടപ്പുറത്തെ കൂട്ടായ്മക്കിടയിൽ ഒരു പുരാവൃത്തമോ പാപപരിശുദ്ധസംബന്ധമായ വിലക്കുകളോ നീർക്കുന്നത്തെയും പുറക്കാട്ടെയും കടലോരജീവിതത്തിലില്ലെന്ന് അവിടത്തുകാർ തന്നെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.'[41]

### 1.6.1 കടങ്കഥകളുടെ സ്വാധീനം കവിതകളിൽ

കവിതയുടെ വലിപ്പം, രൂപഭാവങ്ങൾ, ഭാഷാശൈലി, ലാളിത്യം, ആവർത്തിതസ്വഭാവം, ഈണം, താളം, ഘടന, തുടങ്ങിയവയിലെല്ലാം കടങ്കഥാസ്വാധീനം ദർശിക്കാവുന്നതാണ്

ഉദാ:- കടങ്കഥ : ആനകേറാമല, ആളുകേറാമല
ആയിരം കാന്താരി പൂത്തിറങ്ങി

1. ആളുകേറാമാലയി -
ലാനകേറാമലയി
ലടിവാരക്കൊല്ലിയിലൊ -
രാളറിയാത്ത ശവം, മിഴി ചൂഴ്ന്ന്
പാതി കഴു കൊത്തി, നായ്തിന്ന്
ചളിമണ്ണുമിഴുകിക്കിടക്കുന്നതുപോൽ

(എൻ. എൻ. കക്കാട്, ഒരു രാത്രികൂടി)

2. ആനകേറാമലേൽ
ആളുകേറാമലേൽ
ആയിരം കാന്താരി പൂത്തിറങ്ങി. (കടമ്മനിട്ട - ശാന്ത)

3. ആനകേറാമലേലാടുകേറും
ആന കേറാമലേലാളുകേറും
ആളും കേറും മലയങ്ങനെയങ്ങനെ
അമ്മയല്ലാ മലയായി മാറും (കുഞ്ഞുണ്ണി - കുഞ്ഞുണ്ണിക്കവിതകൾ)

കടങ്കഥയുടെ രൂപഭാവങ്ങളും താളവും ഉൾക്കൊ ധാരാളം കവിതകൾ ഉ്.

ഉദാ:

1. എനിക്കുതലയിൽ കൊമ്പില്ല
എനിക്കു പിന്നിൽ വാലില്ല
എങ്കിലുമില്ലൊരു വിഷമം വായയി -
ലെല്ലില്ലാത്തൊരു നാവില്ലേ

2. എലിയുടെ വാലോ
വലിയൊരു മലയുടെ വയറോ
വാലില്ലാത്ത മനുഷ്യൻ കെട്ടിയ
വലയുടെ നൂലോ (കുഞ്ഞുണ്ണി, കുഞ്ഞുണ്ണിക്കവിതകൾ)

### 1.6.2 പഴഞ്ചൊൽ സ്വാധീനം കവിതകളിൽ

ഭാഷാവൃത്തങ്ങളുടെ പ്രാഗ്‌രൂപമാണ് പഴഞ്ചൊല്ലുകൾ എന്നതിനാൽ കവിതയുടെ അടിസ്ഥാനതാളം തന്നെ പഴഞ്ചൊല്ലുകളിൽ നിന്നാണ് വന്നുചേർന്നിരിക്കുന്നത്. പൊടിപ്പും തൊങ്ങലും വെച്ച് കാര്യങ്ങൾ അവതരിപ്പിക്കുന്ന നാടോടിഭാഷണശീലങ്ങളും ശൈലികളും പഴഞ്ചൊൽ പ്രയോഗങ്ങളും കവിതകളിൽ ര് തരത്തിൽ കാണാം.

1. തനതുവിന്യാസം
2. ആർത്ഥികവിന്യാസം

### 1. തനതുവിന്യാസം

ഉദാ: പഴഞ്ചൊല്ല്: വേലി തന്നെ വിള തിന്നുക

1. വേലിതാൻ ചെന്നങ്ങു
വിള തിന്നു പോരുന്ന കാലം (ചെറുശ്ശേരി – കൃഷ്ണഗാഥ)

പഴഞ്ചൊല്ല്: അങ്ങാടിയിൽ തോറ്റതിന് അമ്മയോടോ?

2. അങ്ങാടിത്തോല്‌വിയങ്ങമ്മയോട് ചെറുശ്ശേരി – കൃഷ്ണഗാഥ)

പഴഞ്ചൊല്ല്: ഗതികെട്ടാൽ പുലിപുല്ലും തിന്നും

3. ഗതി കെട്ടാൽ പുലി പുല്ലും തിന്നും

(കുഞ്ചൻനമ്പ്യാർ – സത്യാസ്വയംവരം)

പഴഞ്ചൊല്ല്: എലിയെ പേടിച്ചില്ലം ചുടുക

4. എലിയെ പേടിച്ചില്ലം ചുടുക (കടമ്മനിട്ട – മഴപെയ്യുന്നു മദ്ദളം കൊട്ടുന്നു)

പഴഞ്ചൊല്ല്: പിന്നേം ചങ്കരൻ തെങ്ങേല്

5. പിന്നേം ചങ്കരൻ തെങ്ങേല് (കടമ്മനിട്ട – മഴപെയ്യുന്നു മദ്ദളം കൊട്ടുന്നു)

### 2. ആർത്ഥികവിന്യാസം

ഉദാ: പഴഞ്ചൊല്ല്:– ഗതികെട്ടാൽ പുലി പുല്ലും തിന്നും

1. പുലി പോയ് പുല്ലു കടിക്കട്ടെ (വൈലോപ്പിള്ളി – പെണ്ണും പുലിയും)

പഴഞ്ചൊല്ല്:– ആറുനാട്ടിൽ നൂറുഭാഷ

2. ആറു മലയാളിക്ക് നൂറു മലയാളം
അരമലയാളിക്കുമൊരു മലയാളം

പഴഞ്ചൊല്ല്:– ചക്കിക്കൊത്ത ചങ്കരൻ

3. നൈലോൺ പെണ്ണിന്
ടെർനിൽ പുരുഷൻ

പഴഞ്ചൊല്ല്:– നാടോടുമ്പോൾ നടുവേ

4. നാടുനീളത്തിൽ
വീടു വിലങ്ങത്തിൽ
ഞാൻ വട്ടത്തിൽ (കുഞ്ഞുണ്ണി – കുഞ്ഞുണ്ണക്കവിതകൾ)

### 1.6.3 നാടൻകഥകളും കവിതയും

നാടൻകഥകളുടെ സ്വാധീനം ഒളിഞ്ഞും തെളിഞ്ഞും പ്രമേയപ്രതിപാദനതലങ്ങളിലായി പല കവിതകളിലും കാണാം.

ഉദാ:–

| | | |
|---|---|---|
| 1. | ചന്ദനക്കട്ടിൽ | ജി. ശങ്കരക്കുറുപ്പ് |
| 2. | ചന്ദ്രന്റെ ചിരി | വൈലോപ്പിള്ളി |
| 3. | പൂതപ്പാട്ട് | ഇടശ്ശേരി |
| 4. | ഏകാദശി നോറ്റ കാക്കയുടെ കഥ | വയലാർ രാമവർമ്മ |
| 5. | മഴപെയ്യുന്നു മദ്ദളം കൊട്ടുന്നു | കടമ്മനിട്ട |

പഴങ്കഥകളുടെ സവിശേഷതകളായ അടക്കം, ഒതുക്കം, പിരിമുറുക്കം, വ്യംഗ്യഭംഗി, ധ്വന്യാത്മകത തുടങ്ങിയവ തന്റെ കവിതകൾക്കു്.[42] എന്ന് കുഞ്ഞുണ്ണി പ്രസ്താവിക്കുന്നതിന് ഉപോത്ബലകമാണ് അദ്ദേഹത്തിന്റെ പല കവിതകളും. ഉദാഹരണമായി മിക്ക നാടൻകഥകളുടെയും ബീജതന്തുവായ ഒരുമ അദ്ദേഹം ഇങ്ങനെ അവതരിപ്പിക്കുന്നു.

'എനിയ്ക്കുാരു ലോകം
നിനക്കുാരുലോകം
നമുക്കില്ലൊരു ലോകം'

ഞാനും നീയുമുള്ളപ്പോൾ
നാമുാവുന്നതെങ്ങനെ'

(കുഞ്ഞുണ്ണി – കുഞ്ഞുണ്ണിക്കവിതകൾ)

### 1.6.4 നാടൻപാട്ടുകളുടെ സ്വാധീനം കവിതകളിൽ

നാടൻപാട്ടുകൾ കവിതയിൽ പ്രമേയതലത്തിലും പ്രതിപാദനതലത്തിലും ഒട്ടുമിക്ക കവികളെയും സ്വാധീനിച്ചിട്ടു്. നാടൻതാളസങ്കല്പങ്ങളിൽ നിന്നും ഈണങ്ങളിൽനിന്നുമാണ് ആദ്യകാലരചനകൾ ഊർജ്ജം കൊിട്ടുള്ളത്. മലയാളഭാഷയിലുായ പ്രഥമകാവ്യമെന്ന് വിശേഷിപ്പിക്കാവുന്ന കൃഷ്ണഗാഥ, രാജാവിന്റെ ചൂതുകളിയുമായി ബന്ധപ്പെട്ട് പാടിയ 'ആളുന്തിരാഗ'ത്തിൽ, കേരളത്തിന്റെ തനതായ പാരമ്പര്യത്തിലുള്ള നാടൻതാളത്തിൽ എഴുതപ്പെട്ട കാവ്യമാണ്. നാടൻപ്രയോഗങ്ങളെയും ശൈലികളെയും പഴഞ്ചൊല്ലുകളെയും എല്ലാം ചെറുശ്ശേരി കൃഷ്ണഗാഥയിൽ സന്നിവേശിപ്പിച്ചിരിക്കുന്നു. നാടൻപാട്ടുകളുടെ പൊതുസ്വഭാവമായ വായ്ത്താരികളുടെയും ഈരടികളുടെയും ആവർത്തനത്തിലൂടെ പ്രമേയത്തിന്റെ അന്തരീക്ഷസാന്നിധ്യം ബലപ്പെടുത്തുന്നു. അനുവാചകന്റെ അനുധ്യാനം ഉറപ്പിക്കുന്നു. ഈ നാടോടി പാരമ്പര്യത്തെ എഴുത്തച്ഛനും, ചെറുശ്ശേരിയും ആവർത്തിത പദാവിഷ്കാരങ്ങളിൽ സാക്ഷ്യപ്പെടുത്തുന്നു. പുരാണകവിത്രയത്തിൽ 'ജനകീയകവി' എന്ന് വിശേഷിപ്പിക്കപ്പെടുന്ന കുഞ്ചൻനമ്പ്യാർ തന്റെ കവിതകളിൽ നാടോടിമട്ടുകളും ശൈലികളും വൃത്തങ്ങളും ധാരാളമായി ഉപയോഗിച്ചിട്ടു്. 'ഭാഷാവൃത്തങ്ങൾക്കു പുറമെ തന്റെ കാലത്ത് പ്രചരിച്ചിരുന്ന നാടൻനൃത്തകലാരൂപങ്ങളിൽ പ്രയോഗിച്ചുപോന്ന കാരിക, പഞ്ചകാരിക, മർമ്മകുംഭം, ലക്ഷ്മി, കുനച്ചി തുടങ്ങിയ സങ്കീർണ്ണതാളവൃത്തങ്ങളും നമ്പ്യാർ സുലഭമായി കൈകാര്യം ചെയ്തിട്ടു്'[43] എന്ന് നിരീക്ഷിക്കുന്നു. 'ഉള്ളൂരിന്റെ പ്രേമസംഗീതം' എന്ന കവിതയുടെ രചനക്ക് ഹേതുകമായ താളം വീട്ടിൽ നെല്ലുകുത്താൻ വന്ന പെണ്ണുങ്ങൾ പാടിക്കേട്ട വായ്ത്താരിയാണ് എന്ന് കവി തന്നെ പറഞ്ഞിട്ടു്.[44] ഇങ്ങനെ സമൂഹത്തിൽ പല തരത്തിൽ പ്രചരിച്ചിട്ടുള്ള വായ്ത്താരികളും നാടോടിയായ താളങ്ങളും കവിതയുടെ വൃത്തഘടനയ്ക്ക് കാരണമായിട്ടു്. നാടൻപാട്ടിന്റെ കെട്ടിക്കെട്ടിപ്പോകുന്ന ആഖ്യാനശൈലിയുടെ പ്രതിഫലനം ഉള്ളൂരിന്റെ അമ്പിളിയമ്മാവൻ, കുട്ടിയും പ്രാവും തുടങ്ങിയ കവിതകളിൽ കാണാം. ആശാന്റെയും വള്ളത്തോളിന്റെയും കൃതികളിലുടനീളം ഫോക്‌ലോർ പാരമ്പര്യസ്വാധീനം പ്രകടമാണ്.

ഉദാ:

താരാട്ടിന്റെ നാടോടിയീണമാണ് വള്ളത്തോൾ ഇവിടെ സ്വീകരിച്ചിരിക്കുന്നത്.

എൻകുഞ്ഞുറങ്ങിക്കൊൾകെൻകുഞ്ഞുറങ്ങിക്കൊൾ –

കെൻ കുഞ്ഞുറങ്ങിക്കൊൾകെന്റെ തങ്കം (താരാട്ട് – വള്ളത്തോൾ)

ഓമനക്കുട്ടൻ, തിരുവാതിര, കുറത്തി, കല്യാണി, താരാട്ട്, കളവാണി, മാവേലി, വഞ്ചിപ്പാട്ട് തുടങ്ങിയ നാടൻവൃത്തങ്ങൾ, പദാവർത്തനത്തിലൂടെ ലഭിക്കുന്ന സവിശേഷക്രമം എന്നിവ ചങ്ങമ്പുഴകവിതകളിലും കാണാം.

കേരളീയപാട്ടുപാരമ്പര്യരീതി ഇടശ്ശേരിക്കവിതകളിലു്.

ഉദാ:

താഴെവെച്ചാലുറുമ്പരിച്ചാലോ
തലിയിൽവെച്ചാൽ പേനരിച്ചാലോ
പൊന്നുണ്ണീ പൂങ്കരളേ
പൊന്നണിയും പൊൻകതിരേ (പൂതപ്പാട്ട് – ഇടശ്ശേരി)

ആധുനികകാലഘട്ടത്തിലും ഒട്ടുമിക്കകവികളും നാടൻപാട്ടുകളെയും അതിന്റെ പാരമ്പര്യത്തെയും കവിതകളിൽ ഉപജീവിച്ചിട്ടു് എന്ന് ഈ ഉദാഹരണങ്ങൾ വ്യക്തമാക്കുന്നു.

1. പൈങ്കിളിയേ പൈങ്കിളിയേ
കളിയാടീടാൻ വരുമോ നീ
പാടില്ലാ ചുള്ളികളാൽ
കൂടുചമക്കാൻ പോകുന്നു.

(കളിയാടീടാൻ വരുമോ നീ – പന്തളം കേരളവർമ്മ)

2. മാനുഷരെല്ലാരുമൊന്നുപോലെ
മാവേലിസ്റ്റോറിൽ തിരക്കിനിൽക്കേ
ബോണസ്സുകൊു വളർന്നിടും പൊ –
ന്നോണമേ, നിന്നെ ഞാൻ കിടുന്നു.

(മാതേവരുടെ കാഴ്ചപ്പാട് – ഒളപ്പമണ്ണ)

3. പൊന്നാൽ നിന്നുടെ മെയ്മൂടാൻ
കൊന്നമരക്കൊമ്പാണോ ഞാൻ?

(അരയാലിന്റെ മുജ്ജന്മം – ഗോവിന്ദൻ എം.)

4. കളരിയിൽ നിന്നുമിറങ്ങിയേയുള്ളൂ
ചുവടുകൾ വച്ചു തുടങ്ങിയേയുള്ളൂ (മക്കൾ – ആറ്റൂർ)

5. കണ്ണുകളില്ലാത്ത കുറ്റമില്ല
കണേതെന്തെന്നറിഞ്ഞുകൂട
കാതുകളില്ലാത്ത കുറ്റമില്ല
കേൾക്കേതെന്തെന്നറിഞ്ഞുകൂട (വിദ്യുതരിക – അക്കിത്തം)

6. വാരുറ്റ പൈതലേ താലോലം റബ്ബിൻ
കാരുണ്യക്കാതലേ, താലോലം (താരാട്ട് – ഉബൈദ്)

7. മാനത്ത് മാരിവിൽ വർണ്ണങ്ങൾ
വാരിത്തൂകുന്നതാരാണ്? (മഴ വരും കാലം – ഒ.എൻ.വി.കുറുപ്പ്)

8. പുലരുവാൻ ഏഴര രാവേയുള്ളു
പൂങ്കോഴി കൂവിക്കഴിഞ്ഞതേയുള്ളൂ
പൂമാതൈ പൊന്നമ്മ പാട്ട് കേട്ടാലേ
ഉണക്കമരം പൊട്ടി പാലൊഴുകും

(യാത്രാമൊഴി – ബാലചന്ദ്രൻ ചുള്ളിക്കാട്)

9. നടക്കുന്ന കഥയെല്ലാം കുഴച്ചക്ക
നടക്കാത്ത കഥയെല്ലാം വരിക്കച്ചക്ക
നടക്കാതെ നടന്നതായ് നടിക്കുന്നതിടിച്ചക്ക
നടന്നിട്ടും നടന്നിട്ടില്ലെന്നു നടിക്കുമ്പോൾ പഴഞ്ചക്ക

(ചക്ക – അയ്യപ്പപ്പണിക്കർ)

10. പറയുന്നു മാവേലി കേരളം കാണുവാൻ
കൊതിയുന്നെുള്ളതു നേരല്ലോ

(മൂന്നാം കേരളം – ചെമ്മനം ചാക്കോ)

11. മുത്തശ്ശിക്കഥയിലെ കുമ്മാട്ടീം
കുമ്മാട്ടിക്കഥയിലെ മുത്തശ്ശീം

(മുത്തശ്ശിക്കഥയിലെ കുമ്മാട്ടി – കാവാലം നാരായണപ്പണിക്കർ)

12. നമ്മൾ നന്നാകുവാനെന്തുനല്ലൂ
നല്ലൊരു ചൂലുമനസ്സിൽ നല്ലൂ

(കുഞ്ഞുണ്ണിക്കവിതകൾ – കുഞ്ഞുണ്ണി)

### 1.6.5 നാടൻകുട്ടിപ്പാട്ടുകളുടെ സ്വാധീനം കവിതകളിൽ

നാടൻകുട്ടിപ്പാട്ടുകളിലെ വരികൾ അതേപടിയോ ചെറിയ ഭേദങ്ങളോടെയോ പ്രതിപാദനത്തിൽ ഇണക്കിച്ചേർക്കുന്ന നാടൻ പാരമ്പര്യം ആധുനികകവിതകളിൽ പ്രകടമാണ്.

ഒന്നാനാം മതിലകത്ത് എന്ന നാടൻകുട്ടിപ്പാട്ടിനെ വയലാർ ഇങ്ങനെ ഉപജീവിച്ചിരിക്കുന്നു.

1. ഒന്നാനാം മതിലകത്ത്
ഒന്നിലല്ലോ പൂത്തിലഞ്ഞി
ആയിലഞ്ഞിപ്പൂവിറുക്കാൻ
ഓടിവായോ തോഴിമാരേ
ഒന്നാനാം കൊച്ചുമല്ലേൽ
ആടുപെണ്ണേ ചെമ്പഴുക്ക (നാടൻകുട്ടിപ്പാട്ട്)

പൂത്താര മതിലകത്ത്
പൂത്തല്ലോ പൂത്തിലഞ്ഞി
ആയിലഞ്ഞിപ്പൂവറുക്കാൻ
ആരോരാ പോണതാരോ
ആയിലഞ്ഞിപ്പൂപറിക്കാ –
നാരാരും പോവിണില്ലാ (വയലാർ രമാവർമ്മയുടെ 'പാടത്തൊരുപാട്ട്')

ഇതിന്റെ പാഠഭേദമായ തൃശ്ശിവപേരൂർ എന്ന നാടൻകുട്ടിപ്പാട്ട് വൈലോപ്പിള്ളി അവതരിപ്പിക്കുന്നത് ഇങ്ങനെ.

2. തൃശ്ശിവപേരൂർ മതിലകത്ത്
ഒന്നു രു പോൽ പൂത്തിലഞ്ഞി
ആയിലഞ്ഞിപ്പൂവിറുക്കാൻ
പോരിൻ പോരിൻ തോഴിമാരേ
തൃശ്ശിവ പേരൂരപ്പനാണേ
ഞങ്ങൾ ഞങ്ങൾ പോരുന്നില്ലെ (നാടൻകുട്ടിപ്പാട്ട്)

തൃശ്ശിവപേരൂർ മതിലകത്ത്
പൂത്തല്ലോ പൂവിലഞ്ഞി
ആയിലഞ്ഞിപ്പൂവറുക്കാൻ
നിങ്ങളാരും പോന്നതില്ലേ
ആയിലഞ്ഞിപ്പൂവറുക്കാൻ
ഞങ്ങളാരും പോണതില്ല. (വൈലോപ്പിള്ളി–തൃശ്ശൂരിലെ തിരുവാതിരകൾ)

3. തട്ടീട്ടും പോണില്ല ചോണനുറുമ്പ്
മുട്ടീട്ടും പോണില്ല പുളിയുറുമ്പ്
മുട്ടോളം കേറി ചോണനുറുമ്പ്
തട്ടീട്ടും പോണില്ല ചോണനുറുമ്പ്

എന്ന നാടൻകുട്ടിപ്പാട്ടു വരികൾ ദേശമംഗലം രാമകൃഷ്ണന്റെ 'ചിതൽവരും കാലം' എന്ന കവിതയിൽ ഇങ്ങനെ പ്രത്യക്ഷപ്പെടുന്നു.

തട്ടീട്ടും പോണില്ല ചോണനുറുമ്പ്
മുട്ടീട്ടും പോണില്ല പുളിയുറുമ്പ്
മുട്ടോളം കേറി അരിയുറുമ്പ്
തുടയോളം കേറി കോതമ്പുറുമ്പ്

(ചിതൽവരും കാലം – ദേശമംഗലം രാമകൃഷ്ണൻ)

അയ്യപ്പന്റ്യമ്മ എന്ന നാടൻകുട്ടിപ്പാട്ടിനെ കടമ്മനിട്ട ഇങ്ങനെ ഉപജീവിച്ചിരിക്കുന്നു.

4. അയ്യപ്പന്റമ്മ നെയ്യപ്പം ചുട്ടു
കാക്ക കൊത്തി കടലിലിട്ടു
മുങ്ങാപ്പിള്ളേരു മുങ്ങിയെടുത്തു
തട്ടാപ്പിള്ളേരു തട്ടിയെടുത്തു (നാടൻകുട്ടിപ്പാട്ട്)

അയ്യപ്പന്റമ്മച്ചി നെയ്യപ്പം ചുട്ടപ്പം
അയ്യപ്പന്മാർക്കൊക്കെ സന്തോഷം അയ്യോ
തട്ടാപ്പിള്ളേരു തട്ടിയെടുക്കുന്നു
മാപ്പിളപ്പിള്ളേരു പിന്നാലെ കൂടുന്നു.

(മഴ പെയ്യുന്നു മദ്ദളം കൊട്ടുന്നു – കടമ്മനിട്ട രാമകൃഷ്ണൻ)

5. കാക്കേ കാക്കേ കൂടെവിടെ
വളരുന്ന മാമര കൊമ്പത്ത്
കാക്കേ കാക്കേ കൂടെവിടെ
ഒളിതിങ്ങും  പൂമരക്കൊമ്പത്ത്

എന്ന നാടൻകുട്ടിപ്പാട്ട് എം. ഗോവിന്ദന്റെ 'വാക്കെ വാക്കെ കൂടെവിടെ' എന്ന കവിതയിൽ ഇങ്ങനെ അവതരിപ്പിക്കുന്നു.

വാക്കേ വാക്കേ കൂടെവിടെ
വളരുന്ന നാവിന്റെ കൊമ്പത്ത്
വാക്കേ വാക്കേ കൂടെവിടെ
ഒളിതിങ്ങും തൂവലിൽ തുമ്പത്ത്

(വാക്കേ വാക്കേ കൂടെവിടെ – എം. ഗോവിന്ദൻ)

6. കാക്കിരി പൂക്കിരി കണ്ണൻചിരട്ട
ഉപ്പു ചിരട്ടേലെന്തു്? (നാടൻകുട്ടിപ്പാട്ട്)

കാക്കിരി പൂക്കിരി കണ്ണൻചിരട്ട
കുപ്പായക്കീശയിൽ കാശുവീണു

(മരണത്തിൽ ജീവിതത്തിൽ – കടമ്മനിട്ട രാമകൃഷ്ണൻ)

7. മുട്ടോളം കേറി
മുലയോളം കേറി
തട്ടീട്ടും പോണില്ല
മുട്ടീട്ടും പോണില്ല (നാടൻകുട്ടിപ്പാട്ട്)

മുട്ടോളം കടം വന്നു
മുലയോളം കടം വന്നു
ഓടിയിട്ടും ഓടിയിട്ടും
എത്തുന്നില്ല കുഞ്ഞുക്കുട്ടൻ (ഓട്ടോവിൽ പാട്ട് – ആറ്റൂർ)

8. പൂച്ച നല്ല പൂച്ച
വൃത്തിയുള്ള പൂച്ച
പാലുവെച്ച പാത്രം
വൃത്തിയാക്കി വെച്ചു (നാടൻകുട്ടിപ്പാട്ട്)

വി നല്ല വി
കാല രും ഞൊ
വിക്കാരൻ തെി (കുഞ്ഞുണ്ണിക്കവിതകൾ – കഞ്ഞുണ്ണി)

ഈ ഉദാഹരണങ്ങൾ ഫോക്‌ലോർ, പ്രത്യേകിച്ചും വാമൊഴിവഴക്കങ്ങളുടെ സ്വാധീനം സാഹിത്യത്തിൽ വേർതിരിക്കാനാവാത്തവിധം അലിഞ്ഞു ചേർന്നിരിക്കുന്നു എന്ന് വ്യക്തമാക്കുന്നു. നാടൻപാട്ട് വിശിഷ്യാ നാടൻകുട്ടിപ്പാട്ടുകൾ കവിതക്ക് ഉപജീവനമാകുന്നു. അതേപടിയുള്ള അവയുടെ ഉപജീവ്യത അനന്യമായ വശ്യതയെ ബോധ്യപ്പെടുത്തുകയാണ് ചെയ്യുന്നത്.

വരമൊഴിയിൽ സ്വാംശീകരിക്കപ്പെട്ടുകൊിരിക്കുന്ന നാടൻകുട്ടിപ്പാട്ടുകൾ ഇന്നും സമൂഹത്തിൽ തനതായിനിൽക്കുന്ന ഒരു നാടോടിസാഹിത്യരൂപം കൂടിയാകുന്നു. എല്ലാ സമൂഹങ്ങളിലും അത് നിലനില്ക്കുന്നു. അങ്ങേയറ്റം നഗരവത്ക്കരിക്കപ്പെട്ട മനുഷ്യരിൽ ഒരു പക്ഷേ നാടൻകുട്ടിപ്പാട്ടുകൾ വറ്റിവര അവസ്ഥയിലാകാം. എന്നാൽ കേരളത്തിലിപ്പൊഴും നഗരവത്കരണം സമ്പൂർണ്ണമാകാത്തതിനാലാവാം കുട്ടിപ്പാട്ടുകൾ നാടോടീയമായി നിലനില്ക്കുന്നു്. അവ കഴിയുന്നിടത്തോളം ശേഖരിച്ച് അതിലെ ലോകവീക്ഷണം അപഗ്രഥിക്കുമ്പോൾ കുട്ടികളുടെ സർഗ്ഗാത്മകരീതികൾ കൂടി വെളിപ്പെടുകയാവും മറ്റൊരുഫലം.

## കുറിപ്പുകൾ


1. Dundes, Allen. Interpreting Folklore Bloomingtor Indiana University Press, 1980, P. 61.
2. ഡോ. എം. വി. വിഷ്ണുനമ്പൂതിരി, ഫോക്‌ലോർ അഥവാ ജനസംസ്കാരം, പ്രഗതി ത്രൈമാസിക, ഫോക്‌ലോർ പതിപ്പ് 2004, ജ.12.
3. എം. എൻ കാരശ്ശേരി, മാപ്പിളപ്പാട്ട്, കേരളഫോക്‌ലോർ, ഫോക്‌ലോർ ഫെലോസ് ഓഫ് മലബാർ ട്രസ്റ്റ്, 1997, ജ. 45.
4. William R. Bascom. The Study of Folkore. Dundes Allen (Ed.), Pretince Hall 1965. P. 276 - 298.
5. Utley, Francis Lee, Folk Literature: An Operational Definition. Journal of American Folklore, 1961, P. 74.
6. William R. Bascom, Verbal Art, Journal of American Folklore, 1955, P. 68.
7. Ben Amose Dan, Journal of American Folklore, 1971, P. 53.
8. Carvalo Neto, Paulode, The Concept of Folklore (Trans.) University of Miami Press, Florida, 1971, P. 84.
9. Muller Max, Lips from a Furman Workshop, Vol. II, London, 1868, P. 16.
10. രാഘവൻ പയ്യനാട്, 'ഫോക്‌ലോർ', കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, ജൂൺ 2006, ജ. 8.

11. മഹിമഭട്ടൻ, വ്യക്തിവിവേകം, നചകാവ്യേ ശാസ്ത്രാദിവദർത്ഥ പ്രതീത്യർത്ഥം ശബ്ദമാത്രം പ്രയുജ്യതോ സഹിതയോ ശബ്ദാർത്ഥയോ: തത്ര പ്രയോഗാത്, സാഹിത്യം തുല്യകക്ഷത്വേനാ – ന്യൂനാതിരിക്തത്വം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1988, ജ. 268.

12. എം. അച്യുതൻ പാശ്ചാത്യസാഹിത്യവിമർശനം. കറന്റ് ബുക്സ്, തൃശ്ശൂർ, 1962, ജ. 29.

13. രാഘവൻ പയ്യനാട്, 'ഫോക്‌ലോർ,' കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവന്തപുരം, 1986, ജ. 14.

14. എൻ.വി. കൃഷ്ണവാരിയർ, 'പഴഞ്ചൊൽ പ്രപഞ്ചത്തെപ്പറ്റി, 'പഴഞ്ചൊൽപ്രപഞ്ചം' കോട്ടയം നാഷണൽ ബുക്ക് സ്റ്റാൾ, 1966.

15. രാഘവൻ പയ്യനാട്, 'ഫോക്‌ലോർ', കേരളഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1998, ജ. 189.

16. ഞichard M. Dorson, 'Folklore & Folklife, University of Chicago Press, Chicago, 1972, P. 299.

17. Durgabhagavati, An outline of Indian Folklore, Bombay, 1958, P. 46.

18. ഉള്ളൂർ എസ്. പരമേശ്വരയ്യർ, കേരളസാഹിത്യചരിതം, തിരുവിതാംകൂർ സർവ്വകലാശാല, 1957, ജ. 161.

19. എം. വി. വിഷ്ണുനമ്പൂതിരി, 'നാടോടിവിജ്ഞാനീയം' ഡി,സി. ബുക്സ്, കോട്ടയം 1997, ജ. 265.

20. Sigmond Fruid. Jokes and their relation to the unconscious Editor's note Tr. James Strachey, New York, 1983, P. 21.

21. രാഘവൻപയ്യനാട്, 'ഫോക്‌ലോർ', കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, ഫെബ്രുവരി 1992, ജ. 194.

22. സീന എൻ.വി., 'കടങ്കഥകൾ' നാട്ടറിവിന്റെ നിനവ്. എഡി. സി. ആർ. രാജഗോപാലൻ നാട്ടറിവ് പഠനകേന്ദ്രം തൃശ്ശൂർ, ജൂൺ 1998, ജ. 65.

23. C.M. Bowra, Primitive Songs, Mentor Books, London, 1963, P. 11.

24. C.M. Bowra. Primitive Songs, Mentor Books, London, 1963, P. 134.

25. Dundes Allen, The Study of Folklore, New Jersey, Engelwood, Wood Cliffs, Prentice Hall, 1977, P. 277.

26. Dundes Allen, The Study of Folklore, New Jersey, Engelwood, Wood Cliffs, Prentice Hall, 1977, P. 294.

27. രാഘവൻ പയ്യനാട്, 'ഫോക്‌ലോർ', കേരളഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1986, ജ. 15.

28. രാഘവൻ പയ്യനാട്, 'ഫോക്‌ലോർ', കേരളഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1986, ജ. 204.

29. R.S. Bogs, Leach Maria, (Ed.) Standard Dictionary of Folkore mythology and legand funds and Wagnalls company, 1934, P. 1139-1147.

30. രാമവർമ്മ അപ്പൻതമ്പുരാൻ – ദ്രാവിഡവൃത്തങ്ങളും അവയുടെ ദശാപരിണാമങ്ങളും 1105 കേരളോദയം പ്രസ്സ് തൃശ്ശൂർ, ജ. 92.

31. ഉള്ളൂർ എസ്. പരമേശ്വരയ്യർ, കേരളസാഹിത്യചരിത്രം ഒന്നാം ഭാഗം. തിരുവിതാംകൂർ സർവ്വകലാശാല, 1957, ജ. 69.

32. ജി. ശങ്കരപിള്ള ശുദ്ധമലയാളശാഖ സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ,. ഡേ. കെ എം ജോർജ്ജ് എഡി. 1958, ജ. 75148.

33. ഡോ. ടി.വി. മാത്യൂ. വൃത്തശാസ്ത്രം കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1996, ജ. 105.

34. രാഘവൻ പയ്യനാട്, ഫോക്‌ലോർ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1992, ജ. 153165.

35. ഡോ. എം. വി. വിഷ്ണുനമ്പൂതിരി, ആമുഖം, പഴയപാട്ടുകൾ, ഡിസി. ബുക്സ്, കോട്ടയം, 2003.

36. ഡോ. എം. വി. വിഷ്ണുനമ്പൂതിരി, പഴയപാട്ടുകൾ, വാള്യം ഒന്ന്, ഉപോദ്ഘാതം 2003.

37. രാഘവൻ പയ്യനാട്, ഫോക്‌ലോർ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1992, ജ.156.

38. രാഘവൻ പയ്യനാട്, ഫോക്‌ലോർ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1992, ജ.159.

39. Taylor Archer, Dundes Allen, (Ed.), Folklore and the student of Literature. The study of Folklore, 1965, P. 39-40.

40. Dundes Allen. Essays in Folklistics Meerut, Folkore Institute 1978, P. 207.

41. കെ.എം. ഭരതൻ, 'ഫോക്‌ലോറും സാഹിത്യവും സാഹിത്യ പഠനവും' ഫോക്‌ലോർ ഫെലോസ് ഓഫ് മലബാർ ട്രസ്റ്റ്, 2003, ജ. 34.

42. കുഞ്ഞുണ്ണി, ആമുഖം എന്നിലൂടെ, ഗുരുവായൂർ ശിഖ പബ്ലിക്കേഷൻസ്, 1985.

43. പി.കെ. ശിവശങ്കരപിള്ള, അവതാരിക 'കുഞ്ചൻനമ്പ്യാരുടെ തുള്ളൽകൃതികൾ, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 1979, ജ. 33.

44. ഡോ. കെ. എസ് പ്രകാശ്, 'ഫേക്‌ലോറും കവിതയും' കറന്റ് ബുക്സ്, കോട്ടയം. 2004, ജ. 57.

# അധ്യായം ര്

# കുട്ടികളും സംസ്കാരവും

നാടൻകുട്ടിപ്പാട്ടുപഠനം അർത്ഥവത്താകുന്നത് പ്രാദേശികചരിത്രം, നരവംശ ചരിത്രം, സംസ്കാരം തുടങ്ങിയ പരികല്പനകളെ പരിഗണിക്കുമ്പോഴാണ്. നാടൻപാട്ട്, നാടൻകുട്ടിപ്പാട്ട്, കുട്ടികൾ, കേരളത്തിലെ കുട്ടികൾ തുടങ്ങിയവ സൂക്ഷ്മമായി പഠിക്കുമ്പോൾ മാത്രമാണ് നാടൻകുട്ടിപ്പാട്ടുകളുടെ പഠനം വസ്തുനിഷ്ഠമാകുന്നത്. കുട്ടികൾ പാടുന്നതോ കുട്ടികൾക്കുവേി മുതിർന്നവർ പ ാടുന്നതോ ആയ പാട്ടുകളാണ് നാടൻകുട്ടിപ്പാട്ടുകൾ. അതുകൊുതന്നെ നാടൻകുട്ടി പ്പാട്ടുകളുടെ സമഗ്രപഠനത്തിന് കുട്ടികളുടെ ശാരീരികവും മാനസികവുമായ വികാസങ്ങളെ നിരീക്ഷിക്കേതു്. സമൂഹത്തിന് അവരോടുള്ള കാഴ്ചപ്പാടിനെ അപ ഗ്രഥിക്കുകയും കുട്ടികളുടെ സംസ്കാരത്തെ അടുത്തറിയുകയും ചെയ്യേതു്. ഒരു വ്യക്തിയുടെ ജീവിതത്തിൽ യൗവനാവസ്ഥക്ക് മുമ്പുള്ള കാലമാണ് കുട്ടിക്കാലം. ഏറെക്കുറെ, കൗമാരാവസ്ഥയും കുട്ടിക്കാലത്തിൽപ്പെടുന്നു. ശാരീരികമായും മാന സികമായും അനുനിമിഷം വളർച്ച പ്രാപിച്ചുകൊിരിക്കുന്ന കാലഘട്ടത്തിൽ ജീവി ക്കുന്നവരാണ് കുട്ടികൾ. വളർച്ചക്കൊപ്പം കുട്ടിയുടെ വൈകാരികവികാസത്തിനും കാഴ്ചപ്പാടിന്റെ രൂപീകരണത്തിനും ധാർമ്മികമൂല്യബോധത്തിനും അനുഭവങ്ങൾ വഴിയൊരുക്കുന്നു. കുട്ടിയുടെ വളർച്ചാഘട്ടങ്ങളെയും സമൂഹത്തിന് അവരോടുള്ള സമീപനത്തെയും കുട്ടികളെക്കുറിച്ചുള്ള പഠനത്തിന്റെ ഭാഗമാക്കേതു്.

### 2.1 കുട്ടികൾ

കുട്ടികളെക്കുറിച്ച് ഭാരതത്തിലുായിരുന്ന കാഴ്ചപ്പാട് ഇതിഹാസപുരാണങ്ങ ളിലെ കഥകളിൽ പ്രതിഫലിക്കുന്നു്. യുദ്ധരംഗത്ത് ചക്രവ്യൂഹം ഭേദിച്ച് ഉള്ളിൽ കട ക്കുന്ന വിധം ശ്രീകൃഷ്ണൻ അർജ്ജുനന് ഉപദേശിക്കുമ്പോൾ ജിജ്ഞാസുവായ വിദ്യാർത്ഥിയുടെ ഔൽസുക്യത്തോടെ വയറ്റിൽക്കിടന്ന് മൂളിക്കേൾക്കുന്ന അഭി മന്യൂവിന്റെ കഥ[1] ''പൂർണമതഃ പൂർണമിദം'' എന്ന ഭാരതീയ കാഴ്ചപ്പാടിനെ സൂചിപ്പിക്കുന്നു. 'ലാളയേത് പഞ്ചവർഷാനി' എന്ന ആപ്തവാക്യം ശിശുവിനെ ഈശ്വരതുല്യം സ്നേഹിക്കുകയും ലാളിക്കുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു. ഭാഗവതത്തിൽ പ്രസിദ്ധമായ ശ്രീകൃഷ്ണലീലകളും കുസൃതിത്തരങ്ങളും ഇവി ടുത്തെ സമൂഹത്തിന് കുട്ടികളോടുായിരുന്ന സമീപനവും പെരുമാറ്റരീതികളും വെളിപ്പെടുത്തുന്നു.[2] പ്രായത്തേക്കാൾ അറിവിനെയും ചിന്താവൈശിഷ്ട്യത്തെയും അംഗീകരിച്ചിരുന്ന ഒരു ജനതയെയാണ് കേവലം നാല് വയസ്സു മാത്രം പ്രായമുള്ള

കൃഷ്ണന്റെ, ഗോവർധനത്തെ പൂജിച്ചാൽ മഴകിട്ടും എന്ന വാദത്തെ അംഗീകരിച്ച നന്ദഗോപനിലൂടെ നാം ദർശിക്കുന്നത്.[3] കുന്നുകളുടെ അഥവാ പ്രകൃതിയുടെ സംരക്ഷണത്തിലൂടെ മാത്രമേ കാലാവസ്ഥയെയും തദുപരി ഈ ഭൂമിയുടെ നിലനിൽപ്പിന്നാധാരമായ കാർഷികവൃത്തിയേയും പരിപോഷിപ്പി ക്കാനാവൂ എന്ന തത്വമാണ് ഇവിടെ വ്യക്തമാവുന്നത്. കൃഷിയും കന്നുകാലി വളർത്തലും ഉപജീവനമാർഗ്ഗമായി സ്വീകരിച്ച ഒരു ജനതയെയാണ് പരിചയപ്പെടുത്തുന്നത്. അച്ഛന്റെ ദാനത്തിലെ അപാകതകൾ കത്തെി സത്യാന്വേഷണത്തിനിറങ്ങിത്തിരിച്ച നചികേതസ്,[4] അച്ഛന്റെ മടിയിലിരിക്കാൻ മോഹിച്ച്, അതിനായി തപം ചെയ്ത് ശ്രേഷ്ഠപഥത്തിലെത്തിയ ധ്രുവൻ,[5] പഴമെന്ന് ധരിച്ച് സൂര്യനെപിടിച്ച് തിന്നാനെത്തിയ ഹനുമാൻ,[6] സ്വന്തം പിതാവിൽ നിന്ന് കഠിനശിക്ഷകളേറ്റിട്ടും പതറാതെ ധീരനായി നീങ്ങിയ പ്രഹ്ലാദൻ[7] തുടങ്ങിയവരുടെ കുട്ടിക്കാലകഥകൾ നമ്മുടെ പൂർവ്വികർക്ക് കുട്ടികളോടുള്ള സമീപനത്തെ സൂചിപ്പിക്കുന്നു.

ജീവിതവീക്ഷണവും വിദ്യാഭ്യാസചിന്തകളും അഭേദ്യമായി ബന്ധപ്പെട്ടുകിടക്കുന്നു. ഓരോ കൂട്ടായ്മയിലെയും ജീവിതസങ്കൽപങ്ങളും സാഹചര്യങ്ങളുമാണ് വിദ്യാഭ്യാസ വീക്ഷണങ്ങൾക്കാധാരം. ആ നിലക്ക് ഗാന്ധിജി, ടാഗോർ, വിവേകാനന്ദൻ തുടങ്ങിയ വിദ്യാഭ്യാസചിന്തകരുടെ അഭിപ്രായങ്ങൾ പൗരസ്ത്യജീവിത വീക്ഷണത്തെ വിശദമാക്കുന്നു. 'കുട്ടിയിലും മനുഷ്യനിലുമുള്ള ശാരീരികവും ബുദ്ധിപരവും ആത്മീയവുമായ ഏറ്റവും നല്ല ഭാവങ്ങളെ ബഹിർഗമിപ്പിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നതാണ് ശരിയായ വിദ്യാഭ്യാസം'[8] എന്ന ഗാന്ധിജിയുടെ കാഴ്ചപ്പാടും 'മനുഷ്യനിലുള്ള സമ്പൂർണ്ണതയുടെ ആവിഷ്കാരമാണ് വിദ്യാഭ്യാസം'[9] എന്ന സ്വാമി വിവേകാനന്ദന്റെ അഭിപ്രായവും 'സാർവ്വലൗകിക സ്നേഹവും ഐക്യവും സാഹോദര്യവും സാധിക്കാനുള്ള ഒരു മാർഗ്ഗമാണ് വിദ്യാഭ്യാസ'[10] മെന്ന രവീന്ദ്രനാഥ ടാഗോറിന്റെ വീക്ഷണവും ശ്രദ്ധേയമാണ്.

പാശ്ചാത്യരുടെ വിദ്യാഭ്യാസചിന്തകളും ഇതിനോട് താദാത്മ്യം പ്രാപിക്കപ്പെട്ടവയാണ്. 'മനുഷ്യനിലുള്ള സഹജമായ നന്മയെ വികസിപ്പിക്കുന്നതിന് അവനെ പ്രാപ്തനാക്കുന്ന ഒന്നാണ് വിദ്യാഭ്യാസം. അതുകൊവൻ ഉത്കൃഷ്ടമായ ജീവിതം നയിക്കും'[11] എന്ന് കൺഫ്യൂഷ്യസ് പറയുന്നു. എന്നാൽ മനുഷ്യനിലെ സഹജമായ നന്മയും ആന്തരിക പ്രകൃതിയും റൂസ്സോയ്ക്ക് നിത്യനിർമുക്തവും അത്യുന്നതവുമായ ജീവിതമൂല്യങ്ങളായിരുന്നുവെന്ന് 'എമിലി' എന്ന കൃതി വ്യക്തമാക്കുന്നു. മനുഷ്യന്റെ സകല കഴിവുകളുടെയും വികാസമാണ് വിദ്യാഭ്യാസം എന്ന് ഈ അഭിപ്രായങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. ഇത്തരം വീക്ഷണങ്ങളെല്ലാം കുട്ടികളുടെ ശാരീരികവും മാനസികവും ബൗദ്ധികവുമായ വിവിധതലങ്ങളിലെ

വളർച്ചയെയാണ് സൂചിപ്പിക്കുന്നത്. പാശ്ചാത്യമനഃശാസ്ത്രജ്ഞർ കുട്ടികളെക്കുറിച്ച് ധാരാളം ഗവേഷണപഠനങ്ങൾ നടത്തിയിട്ടു്.

ബീജാധാനം മുതൽ യൗവനാവസ്ഥവരെയുള്ള ക്രമാനുഗതമായ വളർച്ച യാണ് ശാരീരികവികാസം എന്നതുകൊുദ്ദേശിക്കുന്നത്. നവജാതശിശുവിന്റെ ആദ്യവികാരമായ അത്ഭുതപരത(excitement)യിൽ നിന്ന് ക്രമേണ ഭയം, സങ്കടം, അസ്വസ്ഥത, സ്നേഹം, വാത്സല്യം, സന്തോഷം, അസൂയ, ആഹ്ലാദം, ജിജ്ഞാസ, വിരോധം, ദേഷ്യം തുടങ്ങി വിവിധ ഭാവങ്ങളും തദനുബന്ധമായി ശാരീരികവൈ കാരിക പ്രകടനങ്ങളും രൂപപ്പെടുന്നു. ശൈശവ ദശയിലെ കുട്ടികളിൽ ഭയമെന്നത് അത്ര പ്രകടമായ ഒന്നല്ല. എന്നാൽ മുതിരുന്നതോടെ പ്രശ്നങ്ങളെക്കുറിച്ചുള്ള ചി ന്തകൾ അങ്കുരിക്കുകയും ഭയം ഉാവുകയും ചെയ്യുന്നു. ഈ ഭയത്തിൽ നിന്ന് ഒട്ടൊക്കെ മോചനം നൽകുന്നത് സമസമൂഹവും (peer group) അവരോടൊ ത്തുള്ള കളികളും അവൻ സ്ഥാപിച്ചെടുക്കുന്ന ബന്ധങ്ങളുമാണ്. 'ഒരു ശിശു വിന്റെ ബുദ്ധിശക്തി ശാരീരികാവസ്ഥയുമായി ബന്ധപ്പെട്ടാണ് കാണപ്പെടുന്നതെ ങ്കിൽ ശാരീരിക ഊർജ്ജം വികാരങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നു. വികാരം എന്നത് വ്യക്തിയിലെ ഒരവസ്ഥയാണ്'.[12]

സാമൂഹ്യനിരപേക്ഷം അഥവാ അസംഘചാരി (Non-gregarious) ആയ നവജാതശിശു മൂന്നാം മാസം മുതൽ അന്യരുടെ സാന്നിധ്യത്തിൽ സ ന്തുഷ്ടി പ്രകടിപ്പിക്കുന്നതോടെ സംഘോന്മുഖമായ സവിശേഷതകൾ പ്രകടിപ്പി ക്കുന്നു. ഒരു കുട്ടി അന്യർക്ക് സ്വീകാര്യമായ വിധത്തിൽ വ്യവഹരിക്കുന്നതിനുള്ള കഴിവ് സമ്പാദിക്കുന്നതിനെയാണ് 'സാമൂഹീകരണം' അഥവാ 'സോഷ്യലൈസേ ഷൻ' എന്ന് പറയുന്നത്. ബാല്യഘട്ടത്തോടെ നിഷേധാത്മകത്വം, അക്രാമകത്വം, പ ീഡനം, മാത്സര്യം, സ്പർധ, സഹകരണം, ആധിപത്യമനോഭാവം, സ്വാർത്ഥത, സഹാനുഭൂതി തുടങ്ങിയ സാമൂഹ്യവ്യവഹാരങ്ങളിൽ കൂടുതൽ വ്യാപൃതനാകുന്ന കുട്ടിയിൽ സാമൂഹ്യബോധം പ്രബലമായിത്തീരുകയും സമസമൂഹങ്ങളിലെ അംഗ ങ്ങളായിത്തീരാൻ സർവ്വഥാ പ്രയത്നിക്കുന്ന അവസ്ഥ സംജാതമാകുകയും ചെയ്യുന്നു 'സമപ്രായക്കാരുടെ അഭിപ്രായത്തിന് മുന്തിയ പരിഗണനയാണ് ബാലി കാബാലന്മാർ നൽകുന്നത്. ഭാവിജീവിതത്തിന് സഹായകമായ സമായോജനം (Adjustment), നൈപുണികൾ (Skills), സൃഷ്ടിപരത (Creativity) എന്നിവ യുടെ വികസനത്തിന് വളരെയധികം പ്രാധാന്യമുള്ള ഘട്ടമാണ് ബാല്യം'.[13]

ഒരു വ്യക്തിക്ക് കുടുംബത്തിലും സമപ്രായക്കാർക്കിടയിലും വിദ്യാലയങ്ങ ളിലും അയൽക്കൂട്ടങ്ങളിലും സമൂഹത്തിൽ പൊതുവെയും ഫലപ്രദമായി

ജീവിതം നയിക്കാനുള്ള കഴിവ്, കുട്ടിക്കാലത്ത് വളർത്തിയെടുക്കുന്ന സാമൂഹികവികസനപ്രക്രിയയെ ആശ്രയിച്ചിരിക്കുന്നു. നല്ല ശീലങ്ങളും മനോഭാവങ്ങളും അടിസ്ഥാനമാനുഷികമൂല്യങ്ങളും വികസിപ്പിക്കുക വഴി കുട്ടിക്ക് അവന്റെ പരിസ്ഥിതിയുമായി സമരസപ്പെടുന്നതിനുള്ള പ്രാപ്തിനൽകുക എന്നതാണ് സാമൂഹികാവബോധം കൊർത്ഥമാക്കുന്നത്.

പ്രസിദ്ധമനഃശാസ്ത്രജ്ഞനായ ഡേവിഡ് വേഷ്‌ലറുടെ അഭിപ്രായത്തിൽ 'യുക്തിപൂർവ്വം ചിന്തിക്കുന്നതിനും സോദ്ദേശ്യപരമായി പ്രവർത്തിക്കുന്നതിനും പുതിയ കാഴ്ചപ്പാടുകളുമായി ഫലപ്രദമായി പൊരുത്തപ്പെടുന്നതിനുള്ള ഒരു വ്യക്തിയുടെ ക്ഷമതയുടെ ആകെത്തുകയാണ് ബുദ്ധി'[14] പഞ്ചേന്ദ്രിയങ്ങളിലൂടെ ആർജ്ജിക്കുന്ന അനുഭവങ്ങളാണ് മസ്തിഷ്കപ്രവർത്തനങ്ങൾക്ക് ആധാരമായി വർത്തിക്കുന്നത്.

കുട്ടികളെ സസൂക്ഷ്മം നിരീക്ഷിച്ച് അവരിലെ ബുദ്ധിവികാസത്തെക്കുറിച്ച് സ്വസിദ്ധാന്തം അവതരിപ്പിച്ച ഴാങ് പിയാഷെ (Gean Paiget) 'കുട്ടികളിൽ ബുദ്ധിവികാസം (Cognitive Development) നടക്കുന്നത് സ്വാംശീകരണം (Assimilation), സമായനം (Accommodation) എന്നീ പ്രക്രിയകളിലൂടെയാണ് എന്ന് സമർത്ഥിക്കുന്നു. പുതിയ അറിവുകളെ ആന്തരികബൗദ്ധിക ഘടനയിൽ (Schema) ഉൾക്കൊള്ളുന്ന പ്രക്രിയയാണ് സ്വാംശീകരണം. പുതുതായി ലഭിക്കുന്ന അറിവുകളെ സ്വീകരിക്കുന്നതിനും അവയെ പ്രയോജനപ്പെടുത്തിക്കൊ് പുതിയ സാഹചര്യങ്ങളെ നേരിടുന്നതിനും വേി ആന്തരിക ബൗദ്ധിക ഘടനയിൽ മാറ്റം വരുത്തുന്നതിനെയാണ് സമായനം എന്ന് പറയുന്നത്. സാഹചര്യങ്ങളുടെ ആവശ്യത്തിനനുസരിച്ച് ആന്തരികമാനസികഘടനയിൽ ക്രമീകരണങ്ങളും പരിഷ്കരണങ്ങളും വരുത്തുന്നതു വഴി ഒരു വ്യക്തി സ്വന്തം മാനസികഘടനയിൽ സന്തുലിതാവസ്ഥ (equilibrium) നിലനിർത്തുന്നു. ഈ പ്രക്രിയയിലൂടെയാണ് ബുദ്ധിവികാസത്തിന്റെ ഒരു ഘട്ടത്തിൽ നിന്ന് മറ്റൊരു ഘട്ടത്തിലേക്ക് നീങ്ങുന്നത്.[15]

പിയാഷെ ബുദ്ധിവികാസത്തെ നാല് ഘട്ടങ്ങളായി വിഭജിച്ചിരിക്കുന്നു.

1. ഇന്ദ്രിയചാലകഘട്ടം (Sensory Motor Stage).

രു വയസ്സുവരെയുള്ള കാലഘട്ടമാണിത്. സ്വന്തം ഇന്ദ്രിയാനുഭവങ്ങളേയും പ്രവർത്തനങ്ങളെയും ആശ്രയിച്ച് തനിക്ക് ചുറ്റുമുള്ള ലോകത്തോട് സംവേദനം നട

ത്തുന്ന കാലമാണിത്. ഭാഷണത്തിന്റെയും ചിന്തയുടെയും ആരംഭം കുറിക്കുന്നത് ഈ ഘട്ടത്തിലാണ്.

2. മനോവ്യാപാരപൂർവ്വഘട്ടം (Pre-operational Stage)

ര് മുതൽ ഏഴ് വയസ്സുവരെയുള്ള ഈ ഘട്ടത്തിൽ എല്ലാ കാര്യങ്ങളും തന്നെ കേന്ദ്രീകരിച്ച് മനസ്സിലാക്കാനും ശ്രമപരാജയ പ്രവർത്തനങ്ങളിലൂടെ (Trial and error method) യഥാർത്ഥ്യം കത്തൊനും ശ്രമിക്കുന്നു. പ്രതീകാത്മക കളികളിൽ ഏറെ താല്പര്യം കാണിക്കുന്ന കുട്ടി മുതിർന്നവരുടെ സംഭാഷണം, പെരുമാറ്റം, പ്രവർത്തനങ്ങൾ എന്നിവ അനുകരണങ്ങളിലൂടെ പുനരാവിഷ്കരിക്കാൻ ശ്രമിക്കുന്നു. ഇത് ചിന്തയുടെ വികാസത്തിന് ഏറെ സഹായകമാവുന്നു.

3. മൂർത്തചിന്താഘട്ടം (Concrete Operational Stage)

ഏഴ് മുതൽ പതിനൊന്ന് വയസ്സുവരെയുള്ള ഈ ഘട്ടത്തിൽ ലഭിച്ച അറിവുകളെ മികച്ച രീതിയിൽ വർഗ്ഗീകരിക്കാനും യുക്തിപൂർവ്വം ക്രമീകരിക്കാനും ആശയപരമായ പരസ്പരബന്ധം കത്തൊനും കഴിവുനേടുന്നു. ഒരു വസ്തുവിന്റെയോ വസ്തുതയുടെയോ വിവിധങ്ങളായ സവിശേഷതകളെ കത്തെി ഏകോപിപ്പിച്ച് നിഗമനങ്ങളിൽ എത്തിച്ചേരാൻ അവന് സാധിക്കുന്നു. തന്റെ ചുറ്റുപാടുമുള്ള വസ്തുതകളെ ബന്ധപ്പെടുത്തി സങ്കൽപങ്ങൾ മെനഞ്ഞെടുക്കാൻ കഴിവ് നേടുന്നു.

4. അമൂർത്തചിന്താഘട്ടം (Formal Operational Stage)

പതിനൊന്ന് വയസ്സിന് മുകളിലുള്ള കുട്ടികളിൽ സങ്കീർണമനോവ്യാപാരങ്ങൾ നടക്കുന്ന ഘട്ടമാണിത്. കാര്യങ്ങളെ യുക്തിപൂർവ്വം വിശകലനം ചെയ്യുന്നതിന്നും പരികൽപനകൾ രൂപീകരിക്കുന്നതിനുമുള്ള കഴിവുകൾ നേടിയെടുക്കാൻ സാധിക്കുമ്പോൾ ഒരു വ്യക്തി അമൂർത്തചിന്താഘട്ടത്തിൽ എത്തിച്ചേരുന്നു.[16] ഈ നാലുഘട്ടങ്ങളിലാണ് കുട്ടികളുടെ നാടൻപാട്ടുകളുടെ രചനയും വ്യവഹാരവും സംഭവിക്കുന്നത്. എന്നാലതിലെ സർഗ്ഗാത്മകത ബുദ്ധിയുടെ ഏകത്വത്തിലല്ല, ബഹുത്വത്തിലാണ് കുടികൊള്ളുന്നത്. ബുദ്ധിയുടെ ബഹുസ്വരഗതികൾക്ക് അവരുടെ ഭാവനയെയും ആസ്വാദനത്തെയും കൂടുതൽ ത്വരിതപ്പെടുത്താനും ഊർജ്ജിതമാക്കാനുമാവും. ഈ ബഹുസ്വരിതബുദ്ധിയെ (Multiple Intelligence) പ്രസിദ്ധ മനഃശാസ്ത്രജ്ഞൻ ഹവാർഡ് ഗാർഡ്നർ പലതായി വേർതിരിക്കുന്നു. അവയെ ഇങ്ങനെ ക്രമീകരിക്കാം.

1. ഭാഷാപരമായ ബുദ്ധി (Linguistic Intelligence)

2. യുക്തിപരവും ഗണിതപരവുമായ ബുദ്ധി (Logical and Mathematical Intelligence)

3. ദൃശ്യസ്ഥലപരബുദ്ധി (Visual – Spacial Intelligence)

4. ശാരീരികചലനപരമായ ബുദ്ധി (Bodily Kinesthetic Intelligence).

5. സംഗീതപരമായ ബുദ്ധി (Musical Intelligence)

7. ആന്തരികവൈയക്തിക ബുദ്ധി (Intrapersonal Intelligence)

8. പ്രകൃതിപരമായ ബുദ്ധി (Narrative Intelligence)

9. അസ്തിത്വപരമായ ബുദ്ധി (Existential Intelligence)

ഉയർന്ന ശ്രവണശേഷി, വായന, ലേഖനപ്രവർത്തനങ്ങളുടെ ആസ്വാദനം, അനായാസവും കൃത്യവുമായ പദപ്രയോഗം, ഒഴുക്കോടെ ഭാഷ പ്രയോഗിക്കാനുള്ള കഴിവ്, തുടങ്ങിയവ ഭാഷാപരമായ ബുദ്ധിയുടെ സവിശേഷതകളാണ്. എന്നാൽ ബന്ധങ്ങൾ കത്തെൽ, പ്രശ്നപരിഹരണശേഷി, യുക്തിചിന്തനം, ക്രമവും ചിട്ടയും പഠിക്കൽ, ഗണിതാസ്വാദനം, പരീക്ഷണങ്ങളിൽ ഏർപ്പെടൽ തുടങ്ങിയവ യുക്തിപരവും ഗണിതപരവുമായ ബുദ്ധിയാണ്. ചിത്രീകരണശേഷി കലാസ്വാദനം, പ്രതീകചിന്തനം തുടങ്ങിയവ ദൃശ്യസ്ഥലപരബുദ്ധിയും ശബ്ദങ്ങൾ തിരിച്ചറിയൽ, സംഗീതാസ്വാദനം, ഗാനാലാപനം, താളം നൽകൽ തുടങ്ങിയ സംഗീതപരബുദ്ധിയുമാണ്. സഹകരണാത്മക സഹപ്രവർത്തിത പ്രവർത്തനങ്ങളിൽ ഏർപ്പെടൽ, സംഘപ്രവർത്തനസന്നദ്ധത, അനുഭവം പങ്കുവെക്കൽ, അനുതാപം (Empathy) മറ്റുള്ളവരുടെ കാഴ്ചപ്പാടുകളിൽ നിന്ന് നോക്കിക്കാണൽ, പരസ്പരം വിലയിരുത്തൽ സുശക്തവും സുദീർഘവുമായ ബന്ധം സ്ഥാപിക്കൽ തുടങ്ങിയവ ആന്തരികവൈയക്തിക ബുദ്ധിയുടെ സവിശേഷതയാണ്. ഇത് മറ്റുള്ളവരുടെ വികാര വിചാരങ്ങൾ, മനഃസ്ഥിതികൾ, പ്രചോദനഘടകങ്ങൾ, താല്പര്യങ്ങൾ തുടങ്ങിയവ മനസ്സിലാക്കുന്നതിനും അവ ഉൾക്കൊ് പ്രവർത്തിക്കുന്നതിനുള്ള ബുദ്ധിയെ വ്യക്തമാക്കുന്നു.

സ്വതന്ത്രചിന്ത, ആത്മപ്രകാശനം, സ്വയം നിലപാടുകൾ അവതരിപ്പിക്കൽ, സ്വയം വിലയിരുത്തൽ, ആത്മവിശ്വാസം, ഇച്ഛാശക്തി, തുടങ്ങിയവയും സ്വന്തം ശക്തിദൗർബല്യങ്ങൾ, വൈകാരികഭാവങ്ങൾ എന്നിവ തിരിച്ചറിഞ്ഞു പ്രവർത്തിക്കാനുള്ള ശേഷിയും ആന്തരിക വൈയക്തിക ബുദ്ധിയാണ്. എന്നാൽ പ്രകൃതി

യിലെ സസ്യജന്തുജാലങ്ങളിലും അജീവീയപ്രാകൃതികഘടകങ്ങളിലും പ്രതിഭാസങ്ങളിലുമുള്ള താല്പര്യം, ഭൗതികചുറ്റുപാടുകളിൽ വിവേചനപൂർവ്വം ഇടപെടാനുള്ള കഴിവ്, പ്രകൃതിനിരീക്ഷണം, സസ്യജന്തുജാലങ്ങളുടെ സവിശേഷതകൾ തിരിച്ചറിയൽ, പ്രകൃതിവസ്തുകളെ തരം തിരിക്കൽ, കാലാവസ്ഥാവ്യതിയാനങ്ങൾ മനസ്സിലാക്കൽ, പക്ഷിമൃഗാദികളുമായി സംവദിയ്ക്കൽ തുടങ്ങിയവയും പ്രകൃതിപരവും പ്രപഞ്ചത്തിന്റെ ഭാഗമായി സ്വന്തം അസ്തിത്വത്തെ തിരിച്ചറിയാനുള്ള കഴിവു നേടൽ തുടങ്ങിയവ അസ്തിത്വപരമായ ബുദ്ധിയുമാണ്.[17] ഈ ഒൻപത് രീതികളിൽ കളിയുടെയും പാട്ടിന്റെയും നിർമ്മിതിയും ആസ്വാദനവും കൂട്ടായ ആനന്ദാനുഭവവു മെല്ലാം സംഭവിക്കുന്നതായി കാണാം. അസ്തിത്വപരമായ ബുദ്ധിയിൽ അതെല്ലാം ആത്യന്തികമായി ലയിക്കുന്നു. ഇതിനെയെല്ലാം വൈജ്ഞാനികവികാസമെന്ന് സാമാന്യമായി പറയാം. അതിലേക്ക് വഴിവെക്കുന്ന മാർഗ്ഗങ്ങളെ ഒമ്പത് മേഖലകളാക്കാം.

1. പഞ്ചേന്ദ്രിയവികാസം
2. നിരീക്ഷണപാടവം
3. താരതമ്യശേഷി
4. അപഗ്രഥനശേഷി
5. ക്രമാനുഗതമായ ചിന്ത
6. ഓർമ്മശേഷി
7. യുക്തിചിന്തനം
8. പ്രശ്നപരിഹാരശേഷി
9. ഭൗതിക, സാമൂഹികചുറ്റുപാടുകളെക്കുറിച്ചുള്ള ധാരണ.

പാരമ്പര്യവും (Biogenic Factors) പര്യാവരണവും (Environmental Factors) ബുദ്ധിവികാസത്തെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. ജന്മത്തിലൂടെ മാതാപിതാക്കളിൽനിന്ന് ലഭിക്കുന്നവ പാരമ്പര്യവും, ഫലപ്രദമായ ഇടപെടലുകളിലൂടെ സമൂഹത്തിന് പകരാൻ സാധിക്കുന്നവ പര്യാവരണഘടകവുമാണ്. കുട്ടികളെ അപഗ്രഥിച്ചുകൊ് പിയാഷെ കുട്ടികളിലെ സാമൂഹികവും ബൗദ്ധികവുമായ വികാസത്തിന്റെ ഫലമായി വ്യക്തിയിലെ ധാർമ്മികബോധവും വികസിതമാവുന്നു എന്ന് പ്രസ്താവിക്കുന്നു. ശൈശവഘട്ടത്തിലെ ധാർമ്മികബോധം പുറത്തുനിന്ന് അടിച്ചേൽപിയ്ക്കപ്പെട്ടതാണ്. എന്നാൽ ബാല്യഘട്ടത്തോടെ സാമൂഹ്യമായ ഇടപെടലുകളിലൂടെ ധാർമ്മിക മൂല്യങ്ങളെ ഉറപ്പിക്കാൻ കുട്ടിക്ക് സാധിക്കുന്നു. ധാർമ്മികബോധം എന്നത് ആത്മനിയന്ത്രണത്തിനപ്പുറം വികാരങ്ങൾ എപ്പോൾ അടക്കണമെന്നും എപ്പോൾ പ്രകടിപ്പിക്കണമെന്നുള്ള ഒരു വ്യക്തിയുടെ തിരിച്ചറിവാണ്. മറ്റുള്ളവരുടെ കാഴ്ചപ്പാടുകളെപ്പറ്റിയും വികാരങ്ങളെപ്പറ്റിയുമുമാകുന്ന അവബോധമാണ് കുട്ടിയെ സാമൂഹ്യവൽക്കരിക്കപ്പെട്ടവനും സംസ്കാരസമ്പന്നനുമായ മുതിർന്ന വ്യക്തിയാക്കി മാറ്റുന്നത്.[18]

കുട്ടി സംസാരിച്ചു തുടങ്ങുമ്പോഴോ അതിന് മുമ്പോ മുതൽ ആരംഭിച്ച് വികസിക്കുന്ന ഭാവനാവ്യാപാരം ബാല്യകാലത്തോടെ നൂതനവും ശക്തവുമായ തലങ്ങളിലേക്ക് പ്രവേശിക്കുകയും സൃഷ്ട്യുന്മുഖമായ പ്രവർത്തനങ്ങൾക്ക് പ്രചോദനമാവുകയും ചെയ്യുന്നു. ശൈശവത്തിൽ സ്വപ്നങ്ങളിലൂടെയും മുത്തശ്ശിക്കഥകളിലൂടെയും പാട്ടുകളിലൂടെയും അവൻ ആർജ്ജിച്ചെടുക്കുന്ന ഭാവനാലോകം ബാല്യഘട്ടത്തോടെ സജീവമാകുന്നു. ഈ ഭാവനാഘട്ടത്തിൽ ആശയവിനിമയപരവും നിർമ്മാണപരവുമായ ജന്മവാസന കുട്ടികളുടെ ആവേശപ്രകടനം വഴി പുറത്തുവന്ന് സഹജമായ കലാവാസനയായി രൂപപ്പെടുന്നു. ശുദ്ധവും പൂർണവും സാക്ഷാത്ക്കരിക്കപ്പെട്ടതുമായ കലാഭാവന സ്വതന്ത്രവും പരിവർത്തനവിധേയവും നിർമ്മാണൗചിത്യത്തോടുകൂടി സാമൂഹ്യപ്രചോദനത്തിന് സഹായിക്കുന്നതുമാവുമ്പോഴാണ് ഒരു കലാപ്രവർത്തനമായി മാറുന്നത്. 'ദർശനം (Visual), ശ്രവണം (Auditory), സ്പർശം (lactual) ശാബ്ദികം (ലയൃമഹ), എന്നീ ഇന്ദ്രിയ പ്രവർത്തനങ്ങളിലൂടെ മനസ്സിൽ പതിയുന്ന ബിംബങ്ങളെ സങ്കല്പങ്ങളിലൂടെ കടത്തിവിടുന്നതിനെയാണ് 'ഭാവന' എന്നു പറയുന്നത്. മനസ്സിൽ പതിഞ്ഞ ബിംബങ്ങൾ വിഘടിപ്പിച്ചും സംയോജിപ്പിച്ചും പുതിയ രൂപത്തിൽ ആവിഷ്ക്കരിക്കുന്നതിനെ പ്രകല്പനം (Production Imaginative) എന്ന് പറയുന്നു.[19]

കുട്ടികളിൽ സഹജമായി കാണുന്ന ചേതനത്വാരോപവും പ്രതീകവൽക്കരണവും (Personification and Symbolisation) അവരുടെ കളികൾ, കലകൾ, പാട്ടുകൾ തുടങ്ങിയവയിലെല്ലാം ദൃശ്യമാണ്. കുട്ടികളുടെ വികസന പ്രക്രിയകളിലേക്ക് ആക്കം കൂട്ടാനും ദിശാബോധം നൽകാനും തുടർന്ന് ജീവിതായോധനത്തിനു സഹായകമാകാനും നാടൻകുട്ടിപ്പാട്ടുകൾക്ക് സാധിക്കുന്നു. യുക്തി വികസനം, ധാർമ്മികമൂല്യവികസനം തുടങ്ങിയ വ്യക്തിത്വവികസന പ്രക്രിയയിൽ നാടൻകുട്ടിപ്പാട്ടുകൾ പൂരകഘടകമായി വർത്തിക്കുന്നു. വ്യത്യസ്തങ്ങളായ പാരമ്പര്യ-പര്യാവരണഘടകങ്ങളും അനുഭവതലങ്ങളും ഉത്തരവാദിത്തങ്ങളും അറിവുകളും കൈമാറ്റം ചെയ്യുന്നു. 'മനുഷ്യനിൽ കുടികൊള്ളുന്ന പൂർണതയുടെ പ്രകടനമാണ് വിദ്യാഭ്യാസം. കുട്ടി സ്വയം വളരുകയാണ്'[20] എന്ന വിവേകാനന്ദന്റെ പരാമർശത്തെ കുട്ടികളുടെ നാടൻപാട്ടുകൾ എന്ന അനൗപചാരിക വിദ്യാഭ്യാസപദ്ധതി അന്വർത്ഥമാക്കുന്നു.

സ്വന്തം കഴിവുകളും പരിമിതികളും തിരിച്ചറിയുന്നതിലൂടെ അതിനനുസൃതമായി പ്രവർത്തനമേഖലകൾ സജ്ജീകരിക്കാനും സമൂഹത്തെ ഉൾക്കൊ് ചുറ്റുപാടുകളെ നിരീക്ഷിച്ച് വേർതിരിച്ചറിയാനുമുള്ള പ്രാപ്തി ഇത്തരം പാട്ടുകളിലൂടെ കുട്ടി

ആർജ്ജിക്കുന്നു. കുട്ടികളുടെ വിവിധതലങ്ങളിലെ വളർച്ച അവരുടെ സംസ്കാരത്തിന്റെ കൂടി പ്രതിഫലനമാണ്. അവരുടെ കളികൾ, കലകൾ, വിനോദങ്ങൾ, പാട്ടുകൾ തുടങ്ങിയവയെല്ലാം ആർജ്ജിത സംസ്കാരത്തിന്റെ പ്രകടരൂപങ്ങളാണ്. അതിനാൽ കുട്ടികളെക്കുറിച്ചുള്ള പഠനത്തെ കാമ്പുള്ളതാക്കാൻ അവരെ നിരീക്ഷിക്കുക എന്നത് പ്രധാനമാണ്.

## 2.2 കളികൾ

കളികൾ ജൈവീകമാണ്, ഒപ്പം മനുഷ്യസഹജവും. ജീവിതവുമായി പ്രത്യക്ഷമായോ പരോക്ഷമായോ ഗാഢബന്ധം പുലർത്തുന്ന കളികൾ ഫോക്‌ലോറിന്റെയെന്നല്ല മാനവസംസ്കാരത്തിന്റെ നാനാവശങ്ങളെയും ആശ്ലേഷിക്കുന്ന ബഹുതലസ്പർശിയായ ഒന്നാണ്. അതിലേർപ്പെടുന്ന വ്യക്തികളുടെ മാനസികാവസ്ഥ, പ്രായം, സംസ്കാരം തുടങ്ങിയവയെല്ലാം വെളിപ്പെടുത്താൻ പര്യാപ്തമായ കളികൾ അനുഷ്ഠാനം മുതൽ ആഭാസം വരെയുള്ള തലങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നു. അവ കല, സാഹിത്യം, ചിത്രകല, ശില്പവിദ്യ, നൃത്തവാദ്യാദികൾ, കളരി, തൊഴിലുകൾ തുടങ്ങിയവയുമായി ഏറെ അടുപ്പം പുലർത്തുന്നവയാണ്. മനുഷ്യചരിത്രത്തോടെ ആരംഭിച്ച കളികൾ മനുഷ്യന്റെ ക്രീഡാതാത്പര്യത്തെയും രസികത്വത്തെയും അതുവഴിയുള്ള ആഹ്ലാദകാരിത്വത്തെയും സാധ്യമാക്കുന്നു. സംസ്കാരത്തിന്റെ വടിവും സ്വഭാവവും ഗ്രഹിക്കാൻ സഹായകമായ കളികൾ ജനജീവിതത്തെക്കുറിച്ച് സാമാന്യജ്ഞാനം നല്കുവാൻ പര്യാപ്തമാണ്.

മഹാഭാരതം, രാമായണം തുടങ്ങിയ ഇതിഹാസങ്ങൾ മുതൽ പുരാണങ്ങളിലും ശ്രുതിസ്മൃതികളിലുമെല്ലാം തന്നെ ആചാരാനുഷ്ഠാനങ്ങൾ, സംസ്കാരച്ചടങ്ങുകൾ, പെരുമാറ്റം, ഭക്ഷണശീലം, വസ്ത്രധാരണരീതി, കലാനിർമ്മാണപ്രവർത്തനങ്ങൾ, ഔഷധപ്രയോഗങ്ങൾ തുടങ്ങിയവയെക്കുറിച്ച് പ്രതിപാദിക്കുന്നതോടൊപ്പം തന്നെ മനുഷ്യന്റെ വിനോദങ്ങൾ, കളികൾ, സഹജമായ ക്രീഢാതല്പരത തുടങ്ങിയവയെക്കുറിച്ചും പ്രാധാന്യത്തോടെ വർണ്ണിച്ചിട്ടു്. ഉദാ:- ശ്രീകൃഷ്ണലീലകൾ, ഗണപതി-സുബ്രഹ്മണ്യന്മാരുടെ കുട്ടിക്കളികൾ, മഹാഭാരതത്തിലെ ചൂതുകളി.

### 2.2.1 കുട്ടിക്കളികളും വിശ്വാസങ്ങളും

ഭൗതികഹേതുക്കൾക്കുപുറമെ അലൗകികശക്തികളുടെ നിയന്ത്രണങ്ങൾ മാനുഷിക പ്രവർത്തനങ്ങൾക്കും കർമ്മമേഖലകൾക്കും കഴിവുകൾക്കും പിന്നിലുന്ന് ആധിഭൗതികത്വത്തെ ഉദ്ഘോഷിക്കുന്നവർ വിശ്വസിക്കുന്നു. അതിനാൽ ശരീരബൗദ്ധികസാമർത്ഥ്യങ്ങൾ മാത്രമല്ല ഭാഗ്യനിർഭാഗ്യങ്ങളെക്കൂടി ആശ്രയിച്ചാണ്

കളിയിൽപ്പോലും ജയപരാജയങ്ങൾ സംഭവിക്കുന്നത് എന്ന് ഭൂരിപക്ഷം ആളുകളും വിശ്വസിക്കുന്നു.

ദൈവാനുഗ്രഹമുണ്ടെങ്കിൽ കളിയിൽ ജയിക്കുമെന്ന ദൃഢവിശ്വാസമാണ് ഈ പ്രർത്ഥന സൂചിപ്പിക്കുന്നത്. തെക്കൻപാട്ടിൽ ഒന്നായ 'പൊന്നിറത്താൾകഥ'യിൽ നിന്ന്

'അശനാരെ പാർത്താടുപന്തേ
ശിവനാരെ പാർത്താടുപന്തേ
തിരുമാലൈ പാർത്താടുപന്തേ
ആടന്റാ പന്താടുപന്തേ
ആടിയ പന്തും ചൂടി പന്തേ[21]

മഹാഭാരതത്തിൽ കൗരവരും പാണ്ഡവരും തമ്മിലുള്ള ചൂതുകളിയിൽ ദയനീയമായി പരാജയപ്പെട്ട യുധിഷ്ഠിരൻ ഇങ്ങനെയെല്ലാം സംഭവിച്ചത് വിധി വൈപരീത്യത്താലാണ് എന്ന് ആശ്വസിക്കുന്നു.

'വിളിച്ചാൻ പിൻവലിക്കില്ലെ –
ന്നെനിക്കു ദൃഢവ്രതം
വിധിയോ ബലവാൻ രാജൻ
ദൈവത്തിൻ പാട്ടിൽ നില്പുഞാൻ'[22]

പെൺകളികളായ കൊത്തൻകല്ലുകളി, കൊത്തൻ മാടിക്കളി, നക്കിക്കളി തുടങ്ങിയവയെ അശ്രീകരങ്ങൾ എന്നും താലോലം കളി, ഊഞ്ഞാലാട്ടം, കൈകൊട്ടിക്കളി തുടങ്ങിയവ ശുഭോദർക്കമെന്നും ഗണിക്കപ്പെടുന്നു. കളികളുമായി ബന്ധപ്പെട്ട അനേകം വിശ്വാസപ്രമാണങ്ങൾ സമൂഹത്തിൽ ഇന്നും നിലനില്ക്കുന്നു.

കളിയുമായി ബന്ധപ്പെട്ട ധാരാളം പഴമൊഴികൾ ഇന്നും നമ്മുടെ നാട്ടിൽ പ്രചാരത്തിലു്.

ഉദാ:
1. കല്ലാടും മുറ്റത്ത് നെല്ലാടില്ല
2. കള്ളവും നേരും കളത്തിൽ തിരിയും
3. കടം ചൊല്ലി കളിയ്ക്കരുത്.
4. കളിച്ചു നേടിയത് കളഞ്ഞ് കുളിയ്ക്കും
5. കളിയുടെ വിജയത്തിൽ തുള്ളരുത്
6. കളിയിൽ തോറ്റാൽ കരയരുത്
7. കളിച്ച് കളിച്ച് കാര്യമാകരുത്.

ഇങ്ങനെ കളികളിലൂടെ രൂപപ്പെട്ട ചൊല്ലുകളെല്ലാം മനുഷ്യജീവിതത്തിന്റെ സന്ദർഭസൂചനകളായി ജീവിതത്തിലുടനീളം പാഠങ്ങൾ നല്കാൻ പര്യാപ്തമായിട്ടു്.

### 2.2.2 കളികളും വിലക്കുകളും

വിധി നിഷേധങ്ങളും വിലക്കുകളും ആചാരവിശ്വാസങ്ങളുമായി ബന്ധപ്പെട്ടവയാണ്. 'മതപരമോ മാന്ത്രികമോ ആനുഷ്ഠാനികമോ ആയ ഒരു തരം നിയന്ത്രണമോ നിഷേധമോ ആണ് വിലക്കുകൾ. ഭക്ഷണം, വസ്ത്രധാരണം, കളി, വിനോദം, ആചാരം, തൊട്ടുള്ള ജീവിതത്തിന്റെ നാനാരംഗങ്ങളിലും ഇത്തരം വിലക്കുകൾ കാണാം.'[23]

''ദ്യൂത് ക്രീഡാം ച നിദ്രാംച
താംബൂലം ദന്തധാവനം
പരാപവാദം പൈശൂന്യം
സ്തേയം ഹിംസാ തഥാ രതീം
ക്രോധാസ്യം ഹ്യനൃതം വാക്യ–
മേകാദശ്യാം വിവർജ്ജയേൽ''[24]

എന്ന് ഏകാദശീവ്രതക്കാരൻ വർജ്ജിക്കേ ചൂതുകളിയെക്കുറിച്ചുള്ള സൂചനകളിലും വിലക്കുകളു് എന്ന് ബോധ്യപ്പെടുത്തുന്നു. നമ്മുടെ സമൂഹത്തിൽ

ജാതീയമായ മേൽക്കോയ്മയും തൊട്ടുകൂടായ്മ, തീക്കൂടായ്മ തുടങ്ങിയ അനാചാരങ്ങൾ നടമാടിയിരുന്ന ഘട്ടത്തിൽ, ഈ അതിർവരമ്പുകളെ ലംഘിച്ചുകൊ് കൂട്ടായി കളിക്കുക എന്നത് സ്വപ്നതുല്യമായിരുന്നു. പെൺകുട്ടികൾക്ക് സമൂഹം ധാരാളം വിലക്കുകൾ കല്പിച്ചിരുന്നു. കളിയുപകരണ നിർമ്മാണം സാമ്പത്തികശേഷിക്കനുസരിച്ച് വ്യത്യാസപ്പെട്ടിരുന്നു. അതത് കാലഘട്ടത്തിലെ സാമ്പത്തീകാസമത്വങ്ങളുടെ പ്രതിഫലനം അതിൽ കാണാം. കളികൾക്ക് ആചാരവിശ്വാസങ്ങളുമായി ബന്ധപ്പെട്ട് ധാരാളം വിലക്കുകൾ ഉായിരുന്നു.

### 2.2.3 കളിയിലെ കാര്യം

1. 'കളി ശാരീരികശക്തി വർധിപ്പിക്കുന്നതോടൊപ്പം കല, ശാസ്ത്രം, മുതലായവയിൽ പ്രവർത്തിക്കുവാൻ വ്യക്തികളെ പ്രാപ്തരാക്കുന്നു. അങ്ങനെ മന:സ്സാന്നിധ്യം, സൗകുമാര്യം, വികാരാത്മകത്വം, തുടങ്ങിയ പലതും കായികവിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളായിരിക്കുന്നു.'[25]

2. 'സമൂഹജീവി എന്ന നിലയിൽ സ്വന്തം നിലനില്പിന്നുവേി ഒരു കുട്ടി നേടിയെടുക്കേതായ കഴിവുകളെ ഉണർത്തുകയാണ് മിക്കകളികളും ചെയ്യുന്നത്.'[26]

3. 'കളിയുടെ സമഭാവന, നിസ്വാർത്ഥത, അന്വേഷണശീലം, സംഘബോധം, നിർമ്മാണ കൗശലം, സഹകരണമനോഭാവം തുടങ്ങിയ ഗുണശീലങ്ങൾ വളർത്തിയെടുക്കാൻ കഴിയുന്നതിലൂടെ സാംസ്കാരികപ്രവർത്തനങ്ങളുടെ അന്യവൽക്കരണവും അതുമൂലം സാമൂഹികബോധമുള്ള ഒരു നല്ല വ്യക്തിത്വത്തിന്റെ വികാസവും സാധിക്കുന്നു.'[27]

4. 'കളി സാമാന്യവളർച്ചയേയും അംഗപുഷ്ടിയേയും ലക്ഷീകരിക്കുന്നടോടൊപ്പം സാമൂഹ്യമായി അറിഞ്ഞിരിക്കേ അനുസരണം, ഭക്തി, സഹകരണം, ആത്മത്യാഗം, വിശ്വസ്തത, ചുമതലാബോധം, ജാഗരൂകത, ധൈര്യം മുതലായ പല ഗുണങ്ങളും പരിശീലിയ്ക്കാൻ അവസരം ഉാക്കുന്നു.'[28]

### 2.2.4 നാടൻകളികൾ

സമൂഹത്തിലെ ഒരംഗം എന്ന നിലക്ക് ഓരോ വ്യക്തിയും, സമൂഹവും അനുഭവിക്കുന്ന മാനസികസമ്മർദ്ദങ്ങളിൽ നിന്ന് രക്ഷ നേടാനുള്ള അതത് കൂട്ടായ്മയിലെ ഉപാധികളിലൊന്നാണ് നാടൻകളികൾ. ഇത്തരം കളികളെ മനസ്സിലാക്കുന്നതിലൂടെ ആ സമൂഹം കടന്നുവന്ന സാംസ്കാരികഘട്ടങ്ങളെയും ജീവിതത്തിൽ നേരിടുന്ന വെല്ലുവിളികളെയും മനസ്സിലാക്കാൻ സാധിക്കും. വ്യക്തിയുടെ ശാരീരി

ക, ബൗദ്ധിക, മാനസിക വളർച്ചയ്ക്ക് അനുഗുണമായതും കും കേട്ടും അനുഭവിച്ചും സ്വായത്തമാക്കുന്ന നാടൻകളികളുടെ ലക്ഷ്യവും സ്രോതസ്സും നൈസർഗ്ഗികമാണ്.

മനുഷ്യമനസ്സിലെ സ്നേഹവാത്സല്യങ്ങളും താളബോധവും നിഴലിക്കുന്ന കൊച്ചുകളിപ്പാട്ടുകളാൽ സമൃദ്ധമായ കുട്ടിക്കളികൾ മുതൽ സാഹസക്കളികൾ വരെ എത്തിനില്ക്കുന്ന വൈവിധ്യമാർന്ന തലങ്ങൾ തന്നെയാണ് കളികളുടെ കാതൽ. മനുഷ്യന്റെ ജന്മസിദ്ധമായ കലഹവാസനയുടെ നിയന്ത്രിത പ്രകടനമോ സ്വന്തം കഴിവുകളെ മറ്റുള്ളവരെക്കൊ് അംഗീകരിപ്പിക്കാനുള്ള ശ്രമമോ ഒക്കെയാവാം കലഹക്കളികൾക്കാധാരം. ആയോധനക്രീഡകൾ എന്നും വിശേഷിപ്പിയ്ക്കാവുന്ന ഇത്തരം കളികളാണ് ഓണത്തല്ല്, കയ്യാങ്കളി, കളിയുദ്ധങ്ങൾ, പടക്കളികൾ, തുടങ്ങിയവ. കുട്ടികളുടെ തുപ്പുതച്ചുകളി, അങ്ക്ളിം ഇങ്ക്ളീം കളി തുടങ്ങിയവയും ഇവ തന്നെ.

കൗശലമോ, നിപുണതയോ വൈരുദ്ധ്യമോ, ആവശ്യമായിവരുന്നവയും കൂട്ടായ്മാകേന്ദ്രിതവും ഉപകരണസഹിതവുമായ കളികളാണ് മുതിർന്ന കുട്ടികളുടേത്. തുള്ളുവാനുള്ള കഴിവ്, ശ്വാസം വിടാതെ ഓടുവാനുള്ള പരിശീലനം, എറിഞ്ഞുകൊള്ളിക്കാനുള്ള ശേഷി, നിശ്ചിതരേഖകളോ കളങ്ങളോ തുള്ളിക്കടക്കുക, ശ്വാസം വിടാതെ പ്രത്യേകപദങ്ങൾ ഉച്ചരിക്കുക തുടങ്ങിയ പ്രയോഗനൈപുണ്യത്തിന് ഇത്തരം കളികളിൽ ഇടമു്. അന്വേഷണതൃഷ്ണയും ജിജ്ഞാസയും മനുഷ്യന്റെ കൂടപ്പിറപ്പാണ്. ഊഹോപോഹങ്ങൾക്കും സാമാന്യവൽക്കരണത്തിനും പ്രസക്തിയുള്ള അന്വേഷണക്കളികളിൽ ജയപരാജയങ്ങൾ പലപ്പോഴും ഭാഗ്യനിർഭാഗ്യങ്ങളെ ആശ്രയിച്ചിരിക്കുന്നു. പൂഴ്ത്തിക്കളി, ഒളിച്ചുകളി, തുടങ്ങിയവ ഊഹക്കളികളാണ്.

മറ്റു ജീവജാലങ്ങളെ അപേക്ഷിച്ച് അനുകരണശേഷി വളരെക്കൂടുതലുള്ള മനുഷ്യരുടെ കുടുംബജീവിതം, സാമൂഹ്യ ചുറ്റുപാടുകൾ, പ്രകൃതി, കലകൾ, ജീവജാലങ്ങൾ തുടങ്ങിയവയെല്ലാം കുട്ടികളുടെ ചോറും കറിയും വെച്ച് കളി, മണ്ണപ്പം ചുടൽ, അച്ഛനും അമ്മയും കളി, കോഴിയും കുറുക്കനും കളി, തുടങ്ങിയ അനുകരണങ്ങളിൽ കാണാം.

നാടോടിക്കളികളെല്ലാം ഒരു വ്യക്തിയെ അതത് സമൂഹത്തിൽ ജീവിക്കാൻ പ്രാപ്തമാക്കുന്നവയാണ്. ഒറ്റത്തൂക്കി, കാക്കത്തട്ടുകളി തുടങ്ങിയ കളികളിൽ ഒരു കുട്ടിയെ കൂട്ടത്തിൽ നിന്ന് ഒറ്റപ്പെടുത്തുകയും അതിനെ മറികടക്കാൻ ശ്രമിക്കുകയും ചെയ്യുന്നതിലൂടെ സാമൂഹ്യജീവിതത്തിൽ സമ്മർദ്ദങ്ങൾക്കും ഒറ്റപ്പെടലുകൾക്കും വിധേയമാകേിവരുന്ന സന്ദർഭങ്ങളെ അനുസ്മരിപ്പിക്കുന്നു. അവിടെ

പ്രതിസന്ധിനേരിട്ട് ലക്ഷ്യപ്രാപ്തി കൈവരിക്കണം എന്ന ആശയവും അതിനുള്ള പരിശ്രമവും അരങ്ങേറുകയാണ്. ഓരോ കളിയിലെയും കളി ക്കാർക്ക് നല്കാറുള്ള അവരുടേതായ പ്രവർത്തനപരിധികളും നിയമങ്ങളും അവന് അതത് സമൂഹത്തിൽ പറയപ്പെടുന്ന 'വിലക്കുകൾ' എന്ന യാഥാർത്ഥ്യത്തെ അനുഭവിച്ച് പരിചയപ്പെടുത്തുകയാണ്.

ഓരോ ജനസമൂഹത്തിലും അഥവാ കൂട്ടായ്മയിലും അതത് സമൂഹങ്ങളുടെ ജീവിതമേഖലകളുമായി അടുത്തബന്ധം പുലർത്തുന്ന തരത്തിലുള്ള കളികൾ പ്രചാരത്തിലു്. അതുകൊാണ് ഡോ. എ നൂജും 'മലക്കുവിലെ കുട്ടികൾ' എന്ന ലേഖനത്തിൽ ഇങ്ങനെ അഭിപ്രായപ്പെടുന്നത്. 'കടലിൽ കുളിക്കാനറിയാത്ത മലി ക്കുകാർക്ക് കടൽ കളിക്കൂട്ടാണ്. വഴിയിൽ വീണുകിടക്കുന്ന വില പിടിപ്പുള്ള വസ്തുക്കൾ പോലും സ്വന്തമാക്കാനാഗ്രഹിക്കാത്ത മലിക്കുകാരുടെ ശാന്തതയും സത്യസന്ധതയും അവർക്ക് ലഭിക്കുന്നത് കടലിനോട് കളിച്ചുവളരുന്നതുകൊാണ്. പ്രകൃതിയാണ് അവരെ സത്യസന്ധത പരിശീലിപ്പിക്കുന്നത്.'[29]

നരവംശശാസ്ത്രജ്ഞനായ പീറ്റർ ജെ. ക്ലോസ്സ് ഭാരതത്തിന്റെ മിക്കയിടങ്ങ ളിലും ആഫ്രിക്കൻ പ്രദേശങ്ങളിലും സാധാരണയായി കുവരുന്ന നക്കിക്കളിയെക്കു റിച്ച് പഠനം നടത്തുകയും, ഉർവ്വരതാസങ്കല്പവുമായി ബന്ധപ്പെട്ടു കിടക്കുന്ന ഇത്തരം കളികൾ ഗണിതശാസ്ത്രപഠനങ്ങൾക്ക് പ്രത്യേകിച്ചും 'എണ്ണിത്തിട്ടപ്പെടു ത്തുക' എന്ന നൈപുണിയെ ശക്തമാക്കുന്നു എന്ന് കത്തെുകയും ചെയ്തു. ഒരു കൂട്ടായ്മയുടെ വിദ്യാഭ്യാസമൂല്യങ്ങൾ പകർന്നു നല്കാൻ നാടൻകളികൾക്ക് സാധിക്കുന്നു എന്ന് ഈ വിവക്ഷകൾ വ്യക്തമാക്കുന്നു.

നാടൻകളികളെ സൂക്ഷ്മമായി അപഗ്രഥിച്ചാൽ അവയുടെ ആരംഭം, അതിനുള്ള സാഹചര്യം, എന്നിവ ആ പ്രദേശത്തിന്റെ ചരിത്രവും സാംസ്കാരികപ ശ്ചാത്തലവും ബോധ്യപ്പെടുത്തും. ഈ അറിവുകൾ പൈതൃകപഠനത്തിന് ഏറെ സഹായകമാണ്. ഈയർത്ഥത്തിൽ 'കബടി' പോലുള്ള കളികൾ അനാദികാലം മുതൽതന്നെ മനുഷ്യന് നേരിടേിവന്ന ഇതര ഗോത്രാക്രമണങ്ങളെയും അവയുടെ നേരിടലുകളെയും ചെറുത്തുനില്പിന്റെ ആത്മവിശ്വാസത്തെയും പ്രതിഫലിപ്പിക്കുന്നു.

### 2.2.4.1 നാടൻകളികൾ വർഗ്ഗീകരണം

**ക.** നാടൻകളികളെ പാട്ടിന്റെ അടിസ്ഥാനത്തിൽ പൊതുവെ രായിതിരിക്കാം. പ ാട്ടുള്ളകളിയും പാട്ടില്ലാത്തകളിയും.

**1. പാട്ടുള്ള കളികൾ**

കളികളുടെ ഭാഗമായോ അതിന് മുന്നൊരുക്കമായോ പാട്ടുകൾ അവിഭാജ്യ ഘടകമായി വരുന്നതരം കളികളാണിവ. കൊച്ചുകുട്ടികളുടെയും പെൺകുട്ടികളുടെയും കളികൾ മിക്കവയും പാട്ടുള്ളവയാണ്.

ഉദാ:
1. അപ്പോം ചുട്ട് (പേജ് 272)
2. ചാഞ്ചാടുണ്ണീ (പേജ് 279)
3. അശകൊശലെ (പേജ് 292)
4. ഓടുന്നോടുന്നുേ (18)
5. ഒന്നാം തല്ലിപ്പാറ്റി (54)

## 2. പാട്ടില്ലാത്ത കളികൾ

ഇരുപ്പുകളികൾ, ഗണിതക്കളികൾ, ഒളിച്ചുകളി, സാറ്റ് തുടങ്ങിയ ഓട്ടക്കളികൾ ഭൂരിഭാഗവും പാട്ടുകളില്ലാത്തവയാണ്. ഇവ മിക്കതും ആൺകുട്ടികൾക്കു പ്രിയങ്കരമാണ്.

**കക.** ലിംഗഭേദം ആധാരമാക്കി ആൺകളികൾ, പെൺകളികൾ, മിശ്രകളികൾ എന്നിങ്ങനെ കളികളെ മൂന്നായിതിരിക്കാം.

## 1. ആൺകളികൾ

പൊതുവെ ആൺകുട്ടികൾ ഇഷ്ടപ്പെടുന്നതും കളിക്കുന്നതുമായ കളികളാണിവ. പെൺകുട്ടികൾ ഇത്തരം കളികൾ അപൂർവ്വമായി മാത്രം കളിക്കുന്നു. വിജയത്തെ പ്രോൽസാഹിപ്പിക്കുന്ന, ലാഭധിഷ്ഠിതമായ കളികളാണിവയിൽ മിക്കതും. കയ്യൂക്കിന്റെയും കൃത്യതയുടെയും വിജയതൃഷ്ണയുടെയും വേദികൾ കൂടിയാകുന്ന ഇവയിലൂടെ 'കളിക്കുന്നവരും കളികാണുന്നവരും ഒരുപോലെ സമ്മർദ്ദിതവികാരങ്ങളുടെ അധികോർജ്ജത്തെ ഉദാത്തമായ വഴികളിലൂടെ തിരിച്ചുവിട്ട് ആഹ്ലാദാനുഭൂതി സ്വായത്തമാക്കുകയും സന്തുലിതാവസ്ഥ സ്ഥിരപ്പെടുത്തുകയുമാണ് ചെയ്യുന്നത്.'[30] സംഭാഷണാത്മകമോ ഗാനാത്മകമോ ആയ കളികളുടെ അഭാവം ഇവയുടെ പ്രത്യേകതയാണ്.

## 2. പെൺകളികൾ

പൊതുവെ പെൺകുട്ടികളും കുറഞ്ഞതോതിൽ ആൺകുട്ടികളും കളിക്കുന്ന കളികളാണിവ. പെൺകുട്ടികളുടെ സ്വഭാവം, ശാരീരിക-മാനസിക പ്രത്യേകതകൾ എന്നിവയ്ക്ക് അനുകൂലമായിരിക്കും അവ. അവർ എന്തായിത്തീരണമെന്ന് സമൂഹം ആഗ്രഹിക്കുന്നുവോ അതിലേക്ക് നയിക്കാൻ സഹായകമാണിവ കളിയുടെ ഘടനയും സ്വഭാവരീതികളും സംഭാഷണാത്മകമോ, ഗാനാത്മകമോ ആയ ഭാഗങ്ങൾ ഉള്ള, മുന്നേറ്റങ്ങളും, പിന്നിറക്കങ്ങളും, വ്യത്യസ്ത ചലനരീതി

കളും പ്രകടിപ്പിക്കുന്ന ഈ കളികളിലൂടെ ബലം, കൗശലം, കൂട്ടായ്മ, സമൂഹപരിചയം തുടങ്ങിയവ സ്വായത്തമാക്കുന്നു. വിവാഹശേഷം അന്യഗൃഹത്തിൽ എത്തപ്പെട്ട് അതിലെ ഒരംഗമായി ജീവിയ്ക്കേവളാണ് എന്നോർമ്മിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്ന കളികൾ അനവധിയാണ്.

ഉദാ: 1. പൂ പറിയ്ക്കാൻ (56)

2. അശകൊശലെ . . . (പേജ് 292)

സ്ത്രീകളുടെ പരമ്പരാഗത തൊഴിൽ മേഖലയായ ഗാർഹികവൃത്തികളിലെയും കൃഷിപ്പണിയിലെയും വേഗത, കൃത്യത, കയ്യടക്കം തുടങ്ങിയവ നേടിയെടുക്കാൻ സഹായിക്കുന്ന കല്ലുകളിയിലൂടെ ഞാറ് നടീലിന്റെയും കൊയ്ത്തിന്റെയും രീതി ബന്ധപ്പെടുത്തുക കൂടി ചെയ്യുന്നു. 'പൂപറിക്കാൻ പോരുമോ' എന്ന കളി ചുവടുവേഗവും ചടുലതാളവും നൽകി കാർഷികവൃത്തിയിലെ കൊയ്ത്ത്, നടിൽ തുടങ്ങിയവക്ക് പ്രാപ്തമാക്കുന്നു. ഊഞ്ഞാൽ, തിരുവാതിരക്കളി, തുടങ്ങിയവയിലൂടെ ശിശു പരിചരണത്തിലെ മുഖ്യഘടകമായ താരാട്ടുപാട്ടുകൾ വഴക്കിയെടുക്കുക എന്ന സദുദ്ദേശ്യമാണ് പ്രാവർത്തികമാക്കുന്നത്. ലിംഗവിഭജനത്തിലധിഷ്ഠിതമായ തൊഴിൽ വിഭജനം ഗാർഹികതൊഴിലുകളിൽ നിന്നും പുരുഷന്മാരെ ഒഴിവാക്കുന്നതിനും ശിശുപരിപാലനം പെൺതൊഴിൽ മേഖലയാക്കുന്നതിനും ദൃഷ്ടാന്തമായി ഈ കളികളെ കാണാവുന്നതാണ്.

### 3. മിശ്രകളികൾ

ചെറിയ കുട്ടികൾ ആൺപെൺ വ്യത്യാസമില്ലാതെ ഒന്നിച്ചിരുന്ന് കളിക്കുന്ന കളികളാണിവ. സാറ്റ്കളി, തൊട്ടുകളി, ഒളിച്ചുകളി, ആരെ കയ്യിൽ മോതിരം, കുലകുല മുന്തിരി തുടങ്ങിയ കളികൾ ഇത്തരത്തിലുള്ളതാണ്. ഇവ ചിലത് ഇരുന്നും മറ്റു ചിലത് നിന്നുമാണ് കളിക്കുക. പെൺകളികളെപ്പോലെ സംഭാഷണപരങ്ങളോ ചെറുഗാനങ്ങളാൽ സമ്പുഷ്ടങ്ങളോ താളച്ചുവടുകൾ വരുന്നവയോ ഒക്കെയായ ഇത്തരം കളികൾ സാമൂഹീകരണം, കൂട്ടായ്മാനിർമ്മിതി, സമഭാവന, സഹവർത്തിത്വം, പരസ്പരബഹുമാനം, സ്നേഹം തുടങ്ങിയവ വളർത്തിയെടുക്കാനും, ശാരീരിക-മാനസികവികാസം, ബൗദ്ധികവളർച്ച, വൈകാരികപക്വത, ഉല്ലാസം, കർമ്മനിർവ്വഹണശേഷി, നേതൃത്വപരിശീലനം തുടങ്ങിയ ഗുണങ്ങൾ വളർത്താനും സഹായിക്കുന്നു.

**കകക.** കളിക്കാരുടെ പ്രായത്തെ ആധാരമാക്കി കളികളെ ആറായി തിരിക്കാം.

## 1. ശൈശവദശയിലെ കളികൾ

മാതൃത്വത്തോട് ഏറ്റവും അടുത്തുനില്ക്കുന്ന, ശൈശവഘട്ടത്തിലെ കളികളാകട്ടെ അച്ഛൻ, അമ്മ, സഹോദരങ്ങൾ തുടങ്ങി പരിചിതലോകത്തുനിന്നും വിശാലമായ ലോകത്തേക്ക് നയിക്കാൻ പര്യാപ്തമാണ്. പാവകൾക്കും മറ്റു കളി ക്കോപ്പുകൾക്കും ഏറെ പ്രാധാന്യമുള്ള കാലമാണിത്. ''കുഞ്ഞുങ്ങൾ സംസാരി ക്കാനാരംഭിക്കുന്നതും പാവകളൊത്ത് കളിക്കുന്നതും ഒരേ കാലയളവിലാണ് എന്നത് ശ്രദ്ധേയമാണ്. സംഭാഷണത്തെ സഹായിക്കുന്ന ഉപാധികളാണ് പാവ കൾ. ആൾരൂപങ്ങൾ, വാഹനമൃഗപക്ഷിരൂപങ്ങൾ എന്നിവയുടെ സ്വാഭാവികാകൃതി കുട്ടികൾ പരിചയപ്പെടുന്നു. അവയെ മാധ്യമമാക്കി രൂപവും ഭാഷയിലവ എ ന്തെന്നും ഏകകാലത്ത് അഭ്യസിക്കുകയാണ് കുഞ്ഞ്. വസ്തുപ്രപഞ്ചവും ശബ്ദപ്രപ ഞ്ചവും കുട്ടിയിൽ ഏകകാലത്ത് ഉറക്കുന്നു.'[31] ശൈശവദശയിൽത്തന്നെ ആരംഭിയ്ക്കുന്ന ഒന്നാണ് അനുകരണം. കുട്ടി അവന് ചുറ്റുപാടും കാണുന്ന ശബ്ദ രൂപ പ്രപഞ്ചത്തെ തന്റേതായ രീതിയിൽ അനുകരിയ്ക്കുന്നു. തനിക്ക് ചുറ്റുമുള്ള വ്യക്തികളുടെ രൂപഭാവങ്ങൾ, നടത്തരീതികൾ, പെരുമാറ്റങ്ങൾ തുടങ്ങിയവ അതേപടി അനുകരിയ്ക്കുന്ന കുഞ്ഞ് അതിലൂടെ തന്റെ വ്യക്തിത്വത്തെ വികസിപ്പി ച്ചെടുക്കാൻ ശ്രമിയ്ക്കുകയാണ് ചെയ്യുന്നത്.

## 2. ആദിബാല്യഘട്ടത്തിലെ കളികൾ

ആദിബാല്യഘട്ടത്തിലെ കളികൾ പലതും അനുകരണങ്ങളും ഭാവനാംശം കലർന്ന അഭിനയങ്ങളുമായിരിക്കും. വീട്, ചുറ്റുപാടുകൾ തുടങ്ങിയ അവന് പരിചി തമായ ലോകത്തെയാണ് കളികളിലൂടെ അവൻ പ്രകടമാക്കുന്നത്. ഒളിച്ചുകളി, തീപ്പെട്ടിപ്പൊട്ടാമസ്, കള്ളനും പോലീസും തുടങ്ങിയ കളികൾ കുടുംബവ്യവസ്ഥ യെയും അതിലെ തൊഴിൽ വിഭജനത്തെയും നിയമാവലികളെയും ഏറെക്കുറെ പ രിചയപ്പെടുത്തുന്നു. കള്ളനും പോലീസും പോലുള്ള കളികൾ കുറ്റം, ശിക്ഷ എന്നീ വ്യവസ്ഥകളെ പരിചയപ്പെടുത്താനും കള്ളൻ തുരത്തപ്പെടേവനാണ് എന്നും, പോലീസ് തുരത്തുന്നവനാണ് എന്നുമുള്ള അവബോധം സൃഷ്ടിക്കാനും നിയമവ്യ വസ്ഥയോട് ഭയബഹുമാനങ്ങൾ വളർത്തിയെടുക്കാനും സഹായിക്കുന്നു. അനുകര ണക്കളികൾ ഹാസ്യാത്മകതയിൽനിന്ന് ഉരുത്തിരിഞ്ഞുവരുന്നവയാണ്. ഭാവനാസ മ്പുഷ്ടിക്ക് കാരണമാവുകയും ചെയ്യുന്നു. ഇതിന്റെ വികസിതരൂപമാണ് ബാല്യ ഘട്ടത്തിലെ അഭിനയക്കളികൾ. ഈ അഭിനയചാതുരി കലകളിലൂടെയും സംഘപ്ര വർത്തനങ്ങളിലൂടെയും കത്തെി വികസിപ്പിച്ച് വ്യക്തിവികാസത്തിന് ദൃഢതയേകു മ്പോൾ അവ ജീവിതായോധനക്ഷമമാവുന്നു.

### 3. ബാല്യഘട്ടം മുതലുള്ള കളികൾ

കളിവീട് ഘട്ടത്തിന് ശേഷം ഏകദേശം പന്ത്രണ്ട് വയസ്സ് വരെയുള്ള ഘട്ടത്തിൽ മിക്കപ്പോഴും ലൈംഗികവേർതിരിവില്ലാത്ത കളികളിലാണ് അവർ ഏർപ്പെടുന്നത്. ഒളിച്ചുകളി, കിളിമാസുകളി, കോട്ടകെട്ടൽകളി, ഞൊിക്കളി, കക്ക് കളി തുടങ്ങിയ പ്രകടനാത്മക, ചലനാത്മക കളികളും ചെസ്, കാരംസ് തുടങ്ങിയ ഇരുപ്പ് കളികളും ഇക്കാലത്തെ പ്രധാനകളികളാണ്. ഈ സഹവാസ കാലഘട്ടത്തിൽ കളി വീട് കാലംമുതൽ അവരുടെ മനസ്സിൽ തെളിഞ്ഞുവരുന്ന ലൈംഗിക ബോധത്തെ ദൃഢമാക്കാനും തന്റെ സ്വത്വത്തെ തിരിച്ചറിയാനും കഴിയുന്നു. ജിജ്ഞാസുക്കളായ കുട്ടികൾ ഇക്കാലഘട്ടത്തിൽ സ്വന്തം ശരീരത്തെക്കുറിച്ച് ചിന്തിയ്ക്കാനും അതിന്റെ യഥാതഥാവസ്ഥ ബോധ്യപ്പെടാനും അതുവഴി വിപരീതവിഭാഗത്തോട് ആകർഷണീയത വർദ്ധിയ്ക്കാനും ഇടയാകുന്നു. മുതിർന്നവരുടെ ഗുണദോഷങ്ങൾ ചുറ്റുപാടുമുള്ള മറ്റ് വ്യക്തികളുമായി താരതമ്യം ചെയ്ത് തിരിച്ചറിയാൻ ശ്രമിക്കുന്ന കുട്ടി തന്റെ ഭാവനയെ വികസിപ്പിച്ച് ചേർക്കുന്നതിലൂടെ അഭിനയമേഖലകളിലേക്ക് ചേക്കേറുന്നു. അഭിനയക്കളികൾ ഏറെ നടമാടുന്ന ഒരു കാലമാണിത്.

### 4. ബാല്യാന്തത്തിലെ കളികൾ

ബാല്യാന്തത്തോടെ കുട്ടികളിൽ ലൈംഗികാവബോധത്തിന്റെ പരിണതിയായി ആൺകളികളും പെൺകളികളും രൂപപ്പെടുന്നു. ഇതിലൂടെ വിരുദ്ധലൈംഗികതയോട് ആകർഷണം ജനിച്ച കുട്ടികളെ തമ്മിലകറ്റാനും സ്വലിംഗക്കാരുമായി കൂടുതൽ ഇടപഴകാനുമായി അവർ ആത്മാർത്ഥമായ കൂട്ടുകെട്ടുകൾ ഉാക്കുന്നു. ഇവിടെയാണ് ആൺകളികൾക്കും പെൺകളികൾക്കും പ്രസക്തിയേറുന്നത്. അവ്യക്തലൈെഗികതൃഷ്ണകളും അപക്വങ്ങളായ ഇടപെടലുകളും ചടുലസ്വഭാവരീതികളും പ്രകടമാകുന്ന ഈ ഘട്ടം പ്രകടനാത്മക കളികളുടെ ഘട്ടമാണ്. ഒപ്പം ശാരീരികമാനസികബൗദ്ധികവൈകാരിക വികസനങ്ങളുടെയും കാലമാണ്. ജീവിതായോധനത്തിന്റെ ഉൾക്കാഴ്ച നേടാനുള്ള ശേഷിയും കൂടുതൽ സാമൂഹ്യബോധവും നിയമവ്യവസ്ഥയോടും ആചാരാനുഷ്ഠാനങ്ങളോടും വിലക്കുകളോടും പൊരുത്തപ്പെടാനുള്ള ഉൾക്കരുത്തും ഈ കാലഘട്ടത്തിലെ കളികൾ പ്രദാനം ചെയ്യുന്നു. ജീവിതത്തിൽ കളികളെ ഏറ്റവുമധികം സ്നേഹിക്കുന്ന കാലഘട്ടമാണ് ബാല്യഘട്ടം. ബാല്യകാല കളികൾ പൊതുവെ കലഹകളികൾ, എറിഞ്ഞു കളികൾ, ഏറ്റു കളികൾ, ചാടിയും ഓടിയുമുള്ള കളികൾ, എണ്ണൽക്കളികൾ, നീട്ടിയും ചൊട്ടിയുമുള്ള കളികൾ, അടിച്ചുകളികൾ, കറക്കിക്കളികൾ, ഒളിച്ചുകളികൾ, പൂഴ്ത്തിക്കളികൾ, കല്ലുകളികൾ, ചൂതുകളി, ജലകേളികൾ എന്നിവയാണ്.

## 5. കൗമാരത്തിലെ കളികൾ

കൗമാരകാലഘട്ടമാകുമ്പോഴേയ്ക്കും ആൺകുട്ടികൾ പെൺകുട്ടികൾ എന്ന വേർതിരിവ് പാരമ്യത്തിലെത്തുകയും ഓരോരുത്തരും സ്വലിംഗക്കാരുമായി ആത്മാർത്ഥ കൂട്ടുകെട്ടുാക്കുകയും ചെയ്യുന്നു. കുറച്ചുവർഷത്തെ ജീവിതപരിചയവും ലോകവിവരങ്ങളും ആർജ്ജിച്ചകുട്ടി അതിസങ്കീർണ്ണങ്ങളായ കഥകളും സംഭവങ്ങളും നിറഞ്ഞ വായനാലോകത്തേക്ക് പ്രവേശിയ്ക്കുന്നു. ഭാവനാനുസൃതമായി എഴുതുന്നു. എന്തിലും സ്വന്തമായ ഒരു വീക്ഷണം കത്തെുന്നു. മൂല്യബോധത്തിന്റെ വേരുകൾ ആഴത്തിൽ പതിയുന്ന ഈ കാലഘട്ടത്തിലെ കളികൾ കായികവികസനപരങ്ങളും ഭാഷാനൈപുണീ വികസനപരങ്ങളുമാണ്.

ലൈംഗികാവയവങ്ങളുടെ വളർച്ച നേടുന്ന ഇക്കാലഘട്ടം സമ്മർദ്ദങ്ങളുടെയും, സംഭ്രമങ്ങളുടെയും ഘട്ടമാണ്. മറ്റുള്ളവർക്കുമുമ്പിൽ തന്നെ അല്പം ഉയർത്തിക്കാട്ടാൻ സർവ്വദാശ്രമിയ്ക്കുന്ന കുട്ടിയിൽ വ്യക്തമായ അഭിരുചികളും താത്പര്യങ്ങളും പ്രത്യക്ഷപ്പെടുന്നു. ഈ ഘട്ടത്തിൽ വൈയക്തികമായും, സാമൂഹികമായും പൂർണ്ണത കൈവരിയ്ക്കാനും സ്വതന്ത്രമായി ചിന്തിയ്ക്കാനും മറ്റുള്ളവരുടെ മേൽനോട്ടമോ നിയന്ത്രണമോ ഇല്ലാതെ തന്നെ ജീവിതം മുന്നോട്ടു നയിക്കാൻ പ്രാപ്തമാകേതിന്റെ ആവശ്യകത ബോധ്യപ്പെടാനും അവസരങ്ങൾ ലഭിയ്ക്കണം. കാര്യങ്ങൾ സ്വയം ഏറ്റെടുക്കാൻ താല്പര്യം കാണിയ്ക്കുന്ന കുട്ടി എത്ര തന്നെ കഷ്ടപ്പാടുകൾ സഹിച്ചാലും അത് ചെയ്ത് തീർക്കണമെന്ന് ശഠിയ്ക്കുന്നവനാണ്. ബുദ്ധിശക്തി, കർമ്മനിർവ്വഹണ സാമർത്ഥ്യം, യുക്തിചിന്ത, ശാസ്ത്രീയമനോഭാവം തുടങ്ങിയവ വളർന്നു വികസിയ്ക്കുന്ന ഈ ഘട്ടം പ്രവർത്തനക്ഷമത കൊ് ഏറ്റവും പ്രബലമാണ്. തെറിപ്പാട്ടുകളുടെയും തെറിചുമർച്ചിത്രകലകളുടെയും കാലഘട്ടവുമാണത്.

ഈ ഘട്ടത്തിൽ കബഡിപോലുള്ള ആയോധനകായിക കളികളും ചെസ്സ്, കാരംസ്, ശീട്ടുകളി പോലുള്ള ബുദ്ധിവർദ്ധക കളികളും ഭാഷാനൈപുണീ കേളികളും അരങ്ങേറുന്നു. പന്ത്കളിക്ക് ഏറെ പ്രാധാന്യമുള്ള കാലമാണിത്. ക്രമേണ വ്യവസ്ഥാപിതനിയമങ്ങളുള്ള ഫുട്ബോൾ, ബാസ്കറ്റ്ബോൾ, ക്രിക്കറ്റ്, ഹോക്കി തുടങ്ങിയ കളികളിലേക്കും ബാറ്റുകളി, കളരി വിദ്യകൾ തുടങ്ങിയവയിലേക്കും കുട്ടി ലയിയ്ക്കുന്നു. മാതൃകാപരമായ ഒരു കാഴ്ചപ്പാട് കുട്ടിയിൽ ഈയൊരുഘട്ടത്തിൽ എത്തിച്ചേരുന്നില്ല എങ്കിൽ തെറ്റായവഴിയ്ക്ക് നീങ്ങാനുള്ള സാധ്യത ഏറെയാണ്. ഈ ഘട്ടത്തിൽ പെൺകളികൾ താരതമ്യേന കുറഞ്ഞ് യൗവന പെൺകളികളെപ്പോലെ ഉത്സവാഘോഷങ്ങളോടനുബന്ധമായി ചുരുങ്ങുന്നു.

### 6. യൗവന കളികൾ

യൗവനത്തോടെ സ്ത്രീകൾക്ക് കളിയ്ക്കാനുള്ള അവസരങ്ങൾ നിഷേധിയ്ക്കപ്പെടുകയും ഗാർഹികതയിൽ ഒതുക്കപ്പെടുകയും ചെയ്യുന്നു. ആഘോഷങ്ങളോടനുബന്ധിച്ചും ഉത്സവാനുബന്ധമായും വിശേഷാവസരങ്ങളിൽ നടത്തപ്പെടാറുള്ള തിരുവാതിരക്കളി, ഊഞ്ഞാലാട്ടം, തായംകളി തുടങ്ങിയവയിൽ മാത്രമായി കളികൾ ചുരുങ്ങുന്നു. എന്നാൽ പുരുഷന്മാരെ സംബന്ധിച്ച് ലാഭേച്ഛയിലും സമ്പാദനത്തിലും ഊന്നിയ ധാരാളം ഇരുപ്പുകളികളും കായികകളികളും യൗവനത്തിലും തുടരുന്നു. യൗവനാനന്തരത്തിലും പുരുഷന്മാർ ഇത്തരം കളികൾ തുടരുന്നു. എന്നാൽ സ്ത്രീകൾ കളികളിൽ വിമുഖത പ്രകടിപ്പിയ്ക്കുകയാണ് പതിവ്.

ഏത് കാലഘട്ടത്തിലും വിവിധതരം ഭാഷാകേളികൾ സ്ത്രീപുരുഷഭേദമന്യേ പരിപോഷിപ്പിക്കപ്പെടാറു്. ജലകേളികളും ഇതുപോലെത്തന്നെയാണ്. കൊച്ചുകുട്ടികൾ മുതൽ വൃദ്ധന്മാർവരെ ഇഷ്ടപ്പെടുന്ന ആകാശകേളികളും ഉ്. അപ്പൂപ്പൻതാടി പറത്തൽ, ബലൂൺ കളികൾ, വിമാനക്കളികൾ, പട്ടംപറത്തൽ തുടങ്ങിയവ മുതൽ ആധുനിക ലോകത്തെ ഹൈഡ്രജൻ ബലൂണുകൾ, പാരച്യൂട്ടുകൾ തുടങ്ങിയവ വരെ ആകാശകേളികളിൽപ്പെടുന്നു.

### 2.2.5 കളികളും ഗണിതവും

ഗണിതവും അതിലെ അടിസ്ഥാനമണ്ഡലങ്ങളായ ചതുഷ്ക്രിയകളും ഏതൊരു വ്യക്തിയും അറിഞ്ഞോ അറിയാതെയോ ജീവിതത്തിലെ പല സന്ദർഭങ്ങളിലും ഉപയോഗിയ്ക്കുന്നു്. ഒരു വ്യക്തിയുടെ ബൗദ്ധികവികാസത്തിന് ഏറ്റവും പ്രയോജനപ്പെടുന്നവയാണ് ഗണിതകേളികൾ. ശാരീരികാധ്വാനം വളരെ കുറച്ച് മാത്രം വേ ഇരിപ്പുകളികളായ ഇവയിൽ വളരെ ലളിതവും സങ്കീർണ്ണങ്ങളുമായ കളിസാമഗ്രികൾ ഒരുക്കേതു്. മാന്ത്രികച്ചതുരങ്ങൾ അടങ്ങിയ അക്കപ്പെടക്കളങ്ങൾ, പാമ്പും കോണിയും കളികൾ, സംഖ്യാചക്രങ്ങൾ, മനഃക്കണക്കുകൾ, പ്രശ്നനിർദ്ധാരണകേളികൾ, പ്രായോഗികഗണിതം, ഗണിത വിനോദങ്ങൾ, കുസൃതിക്കണക്കുകൾ, ഗണിതരൂപനിർമ്മിതികൾ, പാറ്റേണുകൾ തുടങ്ങി ധാരാളം ഗണിതകേളികൾ ഇന്നും പ്രചാരത്തിലു്. കളികളിലെ 'കടം', 'ആവർത്തനങ്ങൾ', 'പോയന്റ്നിലകൾ', 'കൂട്ടലുകൾ' തുടങ്ങി ജയപരാജയങ്ങൾ നിശ്ചയിക്കുന്നതിൽ ഗണിതം പ്രധാനപങ്ക് വഹിയ്ക്കുന്നു. കൂടാതെ ചെസ്, ചതുരംഗം തുടങ്ങിയ കളികൾ കണക്കു കൂട്ടലിന്റെയും ഊഹങ്ങളുടെയും മേഖലകളിലൂടെയാണ് സഞ്ചരിയ്ക്കുന്നത്.

നിത്യജീവിതത്തിലെ പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്ത് ഉത്തരം കത്തൊനുള്ള ശേഷി വർദ്ധിപ്പിയ്ക്കാനും വസ്തുതകളെ അപഗ്രഥിച്ച്

യാഥാർത്ഥ്യം ബോധ്യപ്പെടുവാനും മറ്റും ഗണിതകേളികൾ ഏറെ സഹായിയ്ക്കുന്നു് എന്നതാണ് യാഥാർത്ഥ്യം. ഗണിതത്തിലെ അളവുകൾ, ഭാരം തുടങ്ങിയ മേഖലകളിലും പ്രാഥമിക പരിശീലനങ്ങൾ നൽകാൻ കളികൾക്ക് കഴിയുന്നു.

### 2.2.6 കുട്ടികളും കളിക്കോപ്പുകളും

സാംസ്കാരികഘടകങ്ങൾ എല്ലാം ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ഭൗതികവസ്തുക്കളുടെ ഉല്പാദന-നിർമ്മാണ പ്രവർത്തനങ്ങളുമായും അവയുടെ ശേഖരണം, പ്രയോഗം, വിതരണം തുടങ്ങിയവയുമായും ബന്ധപ്പെട്ടു കിടക്കുന്നു. എന്നാൽ ഇവയിലെല്ലാം അന്വേഷണത്വരയുള്ള ഗ്രാമീണജനത, പ്രത്യേകിച്ച് കുട്ടികൾ, തങ്ങൾക്കാവശ്യമുള്ള കളിസാധനങ്ങൾ ചുറ്റുമുള്ള ലഭ്യവസ്തുക്കളിൽ നിന്നും നിർമ്മിച്ചെടുക്കാൻ പ്രാപ്തിയുള്ളവരാകുന്നു. എന്നാൽ ഇന്ന് 'ഇന്ത്യയിലെ ഗ്രാമീണരായ കുട്ടികൾക്ക് അവരുടെ കുടുംബത്തിലായാലും പാടത്തായാലും കൈവേലകളിലായാലും ഒരവശ്യഘടകമാണ് കളിക്കോപ്പുനിർമ്മാണം. പക്ഷേ, കളിക്കോപ്പുകളുടെയും കളിപ്പാട്ടങ്ങളുടെയും നിർമ്മാണത്തിൽ ഇവർ പലപ്പോഴും പ്രകാശിപ്പിക്കുന്ന കല്പനാവൈഭവം ഇന്ന് ഒന്നുമല്ലാതായിത്തീർന്നിരിക്കുകയാണെന്നത് അത്ഭുതകരമാണ്.'[32]

ആധുനികവൽക്കരണത്തിന്റെയും വ്യവസായവിപ്ലവത്തിന്റെയും കമ്പോള സംസ്കാരത്തിന്റെയും അതിപ്രസരം മൂലം കളിക്കോപ്പു നിർമ്മാണകൗശലവും ഭാവനയും ഇന്നത്തെ കുട്ടികളിൽ നിന്ന് അന്യമായിരിക്കുന്നു. എങ്കിലും നാടൻകളികൾക്കും വിനോദങ്ങൾക്കും ആവശ്യമായ (ചിലതൊക്കെ, പ്രത്യേകിച്ച് കല്ലു കൊുള്ള കോട്ടികൾ); ഓല, കടലാസ്, തുണിക്കഷണങ്ങൾ, കവർ, മരം, തുടങ്ങിയവ കൊുാക്കുന്ന പന്തുകൾ, പങ്കകൾ, കളിത്തോക്കുകൾ, കളിപ്പലകകൾ, നക്ഷത്രങ്ങൾ, പക്ഷിരൂപങ്ങൾ, മത്സ്യങ്ങൾ, കൗതുകവസ്തുക്കൾ, ജ്യാമിതീയരൂപങ്ങൾ, കുരുത്തോലകൊുള്ള വിവിധ അലങ്കാരരൂപങ്ങൾ തുടങ്ങി കളിക്കും കലയ്ക്കും പ്രാധാന്യമുള്ള നിർമ്മാണപ്രവർത്തനങ്ങൾ ഇന്നും ഉൾനാടൻ ഗ്രാമങ്ങളിൽ സജീവമാണ്. ഇത്തരം നിർമ്മാണ പ്രവർത്തനങ്ങളിലൂടെ വസ്തു-ശബ്ദ-ശില്പ-രൂപവർണ്ണപ്രപഞ്ചങ്ങൾ ഏകകാലത്തഭ്യസിക്കുന്ന കുട്ടി അവയുടെ പ്രസക്തി, പ്രാധാന്യം, ലഭ്യത, സ്വഭാവം, ആവശ്യകത, ഗുണഗണങ്ങൾ, പ്രത്യേകതകൾ, ഗുണദോഷങ്ങൾ തുടങ്ങിയവ ഗ്രഹിക്കുന്നതിലൂടെ അറിവിന്റെ വിവിധതലങ്ങൾ അനുഭവജ്ഞാനത്തിലൂടെ ആർജിച്ചെടുത്ത് ജീവിതായോധനത്തിന് കോപ്പുകൂട്ടുകയാണ് ചെയ്യുന്നത്.

ഉപഭോഗസംസ്കാരത്തിന്റെ അതിപ്രസരം കളിക്കോപ്പ് നിർമ്മാതാക്കളായ ഗ്രാമീണകലാവിദഗ്ദന്മാരുടെ പ്രസക്തി കുറച്ചിരിക്കാമെങ്കിലും പാരമ്പര്യവഴിക്ക് മരപ്പണികളും ലോഹപ്പണികളും ശില്പവേലകളും നടത്തിവരാറുള്ള സമുദായങ്ങൾക്കിടയിൽ പകിട, സമചതുരക്കട്ട, കളിപ്പാവകൾ, കളിത്തേര്, കളിവികൾ, തിരിപ്പട്ടം തുടങ്ങിയവയുടെ നിർമ്മാണം ഇന്നും അവസാനിച്ചിട്ടില്ല. ജനസാമാന്യത്തിന്റെ ജീവിതരീതിയും ചുറ്റുമുള്ള പ്രകൃതിയും അതിലെ ഓരോ അംഗത്തിനും പ്രദാനം ചെയ്ത നാദവർണ്ണരൂപബോധം കുട്ടികളിൽ ഭൗതിക ജീവിതപ്രാപ്തി മാത്രമല്ല സർഗ്ഗാത്മകതയും സൗന്ദര്യാത്മകവുമായ വികാസവും സംതൃപ്തിയും പ്രദാനം ചെയ്യുന്നു. കലയും കളിയും കാര്യവും ഒന്നിച്ചുപോകുന്നു. കളിക്കോപ്പുനിർമ്മാണം ശാസ്ത്രബോധത്തോടൊപ്പം ആവശ്യകതയെ ബോധ്യപ്പെടുത്തുകയും ജീവിതത്തെ വിനോദപ്രദവും വിജ്ഞാനപ്രദവും സൗന്ദര്യാത്മകവും പ്രവർത്തനാധിഷ്ഠിതവുമാക്കുന്നു. ഒപ്പം അധ്വാനശീലത്തെ ദൃഢീകരിക്കുകയും പ്രയത്നശാലികളാക്കിത്തീർക്കുകയും ചെയ്യുന്നു.

### 2.2.7 കളികളും കളരിയും

കായികവിദ്യയും യുദ്ധമുറകളും അഭ്യസിപ്പിയ്ക്കാനായി സ്ഥാപിതമായ ജനകീയകേന്ദ്രങ്ങളാണ് കളരികൾ. നമ്മുടെ നാടൻകലകൾ, നാടൻകളികൾ തുടങ്ങിയവയുമായി ഗാഢബന്ധം പുലർത്തുന്ന കളരിവിദ്യകൾക്ക് നമ്മുടെ ചരിത്രം, സംസ്കാരം, സാഹിത്യം, പാരമ്പര്യം തുടങ്ങിയവയുമായി അഭേദ്യബന്ധമുു്. പൂരക്കളി, കണ്യാർക്കളി, കബടികളി, തെയ്യം, തിറ തുടങ്ങിയവയിലെല്ലാം കളരി സംസ്ക്കാരത്തിന്റെ അംശങ്ങൾ ഏറിയും കുറഞ്ഞും കാണാം. 'ഓച്ചിറക്കളി', മാവിലക്കാവിലെ 'അടി', ചാത്തങ്ങോട്ടുപുറത്തെ 'തല്ല്', തിരുവർകാട്ടുകാവിലെ 'വടിപ്പയറ്റ്', 'വേലകളി' തുടങ്ങിയ ഉത്സവകളികൾക്കെല്ലാം കളരിസ്വാധീനം മുഖമുദ്രയായിട്ടു്. 'കായികകലാശേഷികൾ സമ്പുഷ്ടമാക്കാനുള്ള ഒരടിസ്ഥാനവിദ്യയെന്ന നിലയിൽ കളരി വിദ്യയ്ക്കു പ്രാധാന്യം വർധിച്ചുവരികയേയുള്ളൂ'[33] എന്ന് എം.വി. വിഷ്ണു നമ്പൂതിരി അഭിപ്രായപ്പെടുന്നത് നാടോടികളികളിലും കലകളിലും കളരിയ്ക്കുള്ള പ്രാധാന്യത്തെ സൂചിപ്പിയ്ക്കുന്നു.

കളരിപ്പയറ്റുമുറകളുടെ ചില സവിശേഷതകൾ പ്രത്യക്ഷമായും പരോക്ഷമായും നാടൻകളികളിൽ പ്രകടമാണ്. ശാരീരിക അധ്വാനവും മെയ്വഴക്കവും ആവശ്യപ്പെടുന്ന ചില ക്രീഢകൾ, 'വെറും കൈ' പ്രയോഗലക്ഷണങ്ങൾ ഉൾക്കൊള്ളുന്ന നാടൻകളികൾ, ആയുധങ്ങൾ ഇല്ലാതെ പ്രതിയോഗിയെ വീഴ്ത്താനും സ്വയംരക്ഷനേടാനുമുള്ള അടവുകൾ, കുട്ടിക്കരണം മറിയലുകൾ തുടങ്ങിയവ കുട്ടിക്കളികളിലും ആൺകളികളിലും സർവ്വസാധാരണമായി കാണാവുന്നതാണ്.

'കറുത്തിരുാെരു വാല്യക്കാര്

എടുത്ത് ര് മലക്കുത്തം'

എന്ന കടുകുമണിയെക്കുറിച്ചുള്ള കടങ്കഥയിലെ 'മലക്കുത്തം' എന്ന പ്രയോഗം കുട്ടിക്കരണം മറിയലിനെ സൂചിപ്പിയ്ക്കുന്നു. കളിയുടെയും കളരിയുടെയും സംസ്ക്കാരം നമ്മുടെ നാടൻവാങ്മയങ്ങളിൽപ്പോലും പ്രതിഫലിയ്ക്കുന്നു് എന്ന തിന്റെ ഉത്തമദൃഷ്ടാന്തം കൂടിയാണിത്.

### 2.2.8 കലകൾ

കളികളാണ് കലകളുടെ തുടക്കം. ആദിമമനുഷ്യന്റെ കളിനൃത്തങ്ങളിൽ നിന്നാണ് കാലാന്തരത്തിൽ അടുക്കും ചിട്ടയുമുള്ള നൃത്തരൂപങ്ങളും വ്യവസ്ഥാപിത, നാട്യനടനസമ്പുഷ്ടങ്ങളായ ശാസ്ത്രീയനൃത്തങ്ങളും കലാപ്രകടനങ്ങളും ഉരുത്തിരിഞ്ഞിട്ടുള്ളത്. ആദിമമനുഷ്യൻ പ്രകൃത്യാരാധനയിൽ അനുഷ്ഠാനവേളകളിൽ ചെയ്യുന്ന ആനന്ദനൃത്തത്തോടൊപ്പം താളാത്കമകശബ്ദങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഈ താളാത്മകച്ചുവടുകൾ കളികളായും കലകളായും ശബ്ദങ്ങൾ പാട്ടുകളായും രൂപാന്തരപ്പെട്ടു. ഈയർത്ഥത്തിലാണ് 'മാനവന്റെ കളിനൃത്തങ്ങൾ ഇപ്പോൾ സാധാരണയായി തമാശക്കായി കുട്ടികൾ മാത്രമേ ചെയ്യാറുള്ളൂ'[34] എന്ന് ബെയ്ലി അഭിപ്രായപ്പെടുന്നത്. കുട്ടികളുടെ കലാകായികവിനോദങ്ങളുടെ പരിണിതരൂപമാണ് പ്രായമാവരുടെ പ്രകടനങ്ങൾ. ഇവ നൃത്തങ്ങൾക്ക് രൂപം നൽകാൻ മുഖ്യപങ്കു വഹിച്ചു. എന്നാൽ കുട്ടിക്കളികളുടെ ഭാഗമായി അനുകരണാഭിനയങ്ങളിലൂടെയും മറ്റും സ്വയമാർജ്ജിച്ചെടുക്കുന്ന ജ്ഞാനദൃഷ്ടിയിലൂടെ അവന്റെ ഭാവനാലോകം സമ്പുഷ്ടമാക്കപ്പെടുകയും പരമ്പരാഗതമൂല്യങ്ങൾ ഉൾചേർന്ന് കുട്ടിക്കലകൾ വികസിതമാവുകയും ചെയ്യുന്നു. ശരീരത്തിലും ഗുഹകളിലും പാറകളിലും പിന്നീട് നിലത്തും ചിത്രങ്ങൾ വരക്കുന്ന പ്രാകൃതമനുഷ്യന്റെ പ്രതീകം തന്നെയാണ് ചുവരുകളിലും നിലത്തും മറ്റും കരിക്കട്ട, ചോക്ക്, പെൻസിൽ തുടങ്ങിയവ കൊ് ചിത്രം വരക്കുന്ന കൊച്ചുകുട്ടി. ഈ ചിത്രകല നിലം ചിത്രങ്ങളായും പൂക്കളനിർമ്മാണമായും വളർന്നുവികസിക്കുന്നു. തുടർന്ന് കളിപ്പാട്ടനിർമ്മാണത്തിലൂടെ രൂപനിർമ്മിതി, വർണ്ണങ്ങൾ തുടങ്ങിയവയുടെ ഭാവനാത്മകലോകങ്ങൾ സൃഷ്ടിക്കുന്നു.

'കലകളെ സാമാന്യമായി സരസകല, ശില്പകല, കായികകല, മായികകല എന്നിങ്ങനെ നാലായിത്തിരിക്കാം.'[35] ഇതിൽ കളരിയഭ്യാസം, നായാട്ട്, കയ്യാങ്കളി തുടങ്ങിയവ കായികകലകളും മരവിരുതുമായി ബന്ധപ്പെട്ട രൂപനിർമ്മാണപരങ്ങളായവ ശില്പകലകളുമാണ്. സരസവിനോദങ്ങളുമായി ബന്ധപ്പെട്ട സരസകലകളും

ആധ്യാത്മികമാന്ത്രികതലങ്ങളുമായി ബന്ധപ്പെട്ട മായികകലകളുമു്. ഇവയുടെ യെല്ലാം പ്രാഗ്‌രൂപം കുട്ടികളുടെ കലകളിൽ കാണാം. കലകളും നിത്യജീവിതവും തമ്മിലുള്ള അഭേദ്യബന്ധത്തെ ഊട്ടിയുറപ്പിക്കുന്ന ശൈവതന്ത്രത്തിലെ അറുപ ത്തിനാല് കലകളെക്കുറിച്ചുള്ള പ്രസ്താവനയും വ്യഖ്യാനമെന്നോണം 'ജലക്രീഡ ചെയ്യുമ്പോൾ വെള്ളത്തിൽ കൊട്ടിയുാക്കുന്ന ഉദകവാദ്യം, ഉദകാഘാതം എന്നീ ശബ്ദങ്ങൾ അറുപത്തിനാല് കലകളിൽ പെടുമത്രേ'[36] എന്ന വിസ്മയവും കല കൾക്ക് ജീവിതത്തിലുള്ള പ്രാധാന്യത്തെ ബോധ്യപ്പെടുത്തുന്നു.

### 2.2.9 കുട്ടികളും കലകളും

കേരളീയകലകളെ നിരീക്ഷിച്ചാൽ അതിൽ കുട്ടികളുടെ ഭാഗഭാഗിത്വം ശ്രദ്ധേ യമാണ്. അനുഷ്ഠാനരംഗകലയായ കുറത്തിയാട്ടത്തിൽ ബാലന്മാരാണ് കയ്യിൽ പ രിചയും പിടിച്ച് ഭദ്രകാളിത്തോറ്റങ്ങളും പാടിക്കൊ് ആടുന്നത്. സർപ്പപ്പാട്ട്, കെന്ത്രോൻപാട്ട് തുടങ്ങിയവ കുടുംബത്തിലെ ഐശ്വര്യത്തിനും പ്രത്യേകിച്ച് കുട്ടി കളുടെ സൗഖ്യത്തിനുംവേി നടത്തപ്പെടുന്ന അനുഷ്ഠാനകലകളാണ്. മധ്യതിരുവി താംകൂർ ഭാഗങ്ങളിൽ കാണുന്ന വിശേഷാവസരനൃത്തമായ 'ആടുകളി', ജന്മാഷ്ട മിനാളിൽ ശ്രീകൃഷ്ണ ക്ഷേത്രങ്ങളിലും മറ്റും നടക്കുന്ന 'ഉറിയടി', 'പാണ്ഡവർകളി' എന്നറിയപ്പെടുന്ന 'ഐവർകളി', കുറവരുടെ 'കുറക്കളി', കോട്ടയം ചങ്ങനാശ്ശേരി ഭാഗങ്ങളിലെ ഹരിജനങ്ങൾക്കിടയിലുള്ള 'ക്യാതംകളി', പുലയർക്കിടയിലെ 'ചെറുമ ക്കളി', മധ്യകേരളത്തിലെ വേട്ടുവരുടെ 'ചവിട്ടുകളി', കോഴിക്കോട് ജില്ലയിലെ 'തച്ചോളിക്കളി', 'തപ്പുമേളക്കളി', ഗിരിവർഗ്ഗക്കാർക്കിടയിൽ പുല്ല്, ഇല എന്നിവ ദേഹത്തണിഞ്ഞ് തവളയുടെ മുഖംപോലെ മുഖാവരണമണിഞ്ഞ് നടത്തുന്ന നൃത്ത മായ തവളക്കളി, തുടങ്ങിയവ കളിയംശങ്ങളും കലാംശങ്ങളും അടങ്ങിയവയാണ് എന്ന് മാത്രമല്ല ഇവയിൽ കുട്ടികളുടെ പ്രകടനം പ്രസക്തവും രസാവഹവുമാണ്. മിക്കയിടങ്ങളിലും ഇവയുടെ പ്രയോക്താക്കൾ മുതിർന്ന കുട്ടികളായിരുന്നു എന്നതും സ്മരണീയമാണ്.

നായാടിക്കളി, പുലികളി, ചിമ്മാനകളി, തുടങ്ങിയ അനുകരണാഭിനയവിനോ ദങ്ങളും കണ്യാർകളി, പൂരക്കളി, കമ്പടിക്കളി, കോലാട്ടം, കൈകൊട്ടിക്കളി, പാങ്കളി, ദഫ്മുട്ട്, അറബനമുട്ട്, ഒപ്പന തുടങ്ങിയ കലകളും കുട്ടികൾ നേരിട്ട് പങ്കെടു ക്കുന്നവയോ വ്യക്തമായ ഭാഗഭാഗിത്വമുള്ളവയോ ആയ സരസവിനോദകലകളാ ണ്. ഓണത്തോടനുബന്ധിച്ച് തെക്കൻ ഭാഗങ്ങളിൽ ഇന്നും സജീവമായ 'തുമ്പി തുള്ളൽ' കളിയും 'മാണിക്കച്ചെമ്പഴുക്ക' കളിയും പെൺകുട്ടികളുടേതാണ്. കർക്കിടകമാസാരംഭത്തിൽ വടക്കൻകേരളത്തിൽ ഇന്നും പതിവുള്ള 'കലിയനുകൊ ടുക്കൽ' ചടങ്ങ് കുട്ടികളുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. ഇതിനോടനുബ

ഡിച്ച് മലമ്പ്രദേശങ്ങളിൽ ആടാറുള്ള 'വേടൻപാടൽ' എന്ന ചടങ്ങിൽ ഒരു ബാലൻ വേടനെപ്പോലെ വേഷംകെട്ടി അമ്പും വില്ലും ധരിച്ച് ചെറിയ ഒരു ചെ കഴുത്തിൽ തൂക്കിയിട്ട് ഒരാളോടൊപ്പം എല്ലാ വീടുകളിലും കയറിയിറങ്ങി വേടന്റെ കഷ്ടപ്പാടുകൾ വിവരിക്കുന്ന പാട്ടുകൾ പാടുന്നു. 'കിരാതംകഥ' ചൊല്ലി കർക്കിടകമാസത്തെ പഞ്ഞം ഒഴിവാക്കി ഐശ്വര്യവും നന്മയും കൈവരുത്തണേ എന്ന പ്രാർത്ഥനയോടെ മടങ്ങുന്നു. ഇങ്ങനെ നമ്മുടെ നാടൻകലകളിൽ മിക്കതിലും കുട്ടികൾ ഭാഗഭാക്കാണെന്നും അവരുടെ ഇത്തരം പ്രകടനങ്ങളുടെ തുടർച്ചയാണ് വ്യവസ്ഥാപിത കലകൾ എന്നും സൂചിതം.

## 2.3 ഭാഷാവിനോദങ്ങളും കളിപ്പാട്ടുകളും

### 2.3.1 ഭാഷ

മനുഷ്യരുടെ ദൈനംദിന ജീവിതത്തിൽ പ്രധാന ആശയവിനിമയോപാധി യാണ് ഭാഷ. എന്നാൽ ആശയവിനിമയത്തിനുവേ മനുഷ്യൻ ഉപയോഗിക്കുന്ന എല്ലാ ശബ്ദങ്ങളെയും നാം ഭാഷയായി കണക്കാക്കാറില്ല. ഒരു പ്രത്യേക ജനവിഭാ ഗം, ആശയവിനിമയാർത്ഥം ഉപയോഗിക്കുന്നതും ആശയവുമായി വെറും താൽക്കാലികബന്ധം മാത്രമുള്ളതുമായ ഉച്ചാരണ ശബ്ദങ്ങളുടെ സ്വരൂപഘടന യോടുകൂടിയ അഭ്യസ്തവൃത്തിയാണ് ഭാഷ'[37] നമ്മുടെ വികാരങ്ങളെയും വിചാര ങ്ങളെയും അന്യോന്യം വിനിമയം ചെയ്യുന്നിന് ഓരോ കൂട്ടായ്മയിലും രൂപപ്പെട്ട വിവിധ ധ്വനികളുടെ കൂട്ടമാണത്. സമൂഹത്തിന്റെ ഓരോ വിഭാഗത്തിലും അന്യോന്യസഹകരണം സാധിയ്ക്കാൻ ഉതകുന്നതും സുഘടിതവുമായ ഭാഷണ സ്വനങ്ങൾകൊ് നിർമ്മിതമായ പ്രതീകവ്യവസ്ഥയാണത്.

ഭാഷാസംബന്ധിയായ പ്രധാന ആശയങ്ങൾ.

1. ഭാഷയിലെ സന്ദേശചിഹ്നങ്ങൾ മനുഷ്യന്റെ ഉച്ചാരണാവയവങ്ങൾകൊ് ഉച്ച രിക്കുന്നവയായിരിക്കണം.
2. ഭാഷ പ്രത്യേക സ്വരൂപഘടനയോടുകൂടിയതാണ്.
3. ഭാഷ പഠിതവൃത്തിയാണ്.
4. ഭാഷാശബ്ദങ്ങൾക്ക് ആശയവുമായുള്ള ബന്ധം വ്യവസ്ഥാപിതമാണ്.

### 2.3.2 ഭാഷയും ഭാഷണവും

ഭാഷയുടെ ഉപാധിഭേദമുള്ള ര് പ്രത്യക്ഷീകരണങ്ങളാണ് വാമൊഴിയും വര മൊഴിയും. ഇതിൽ വാമൊഴിയിലെ ഉപാധി ഉച്ചരിതസ്വനങ്ങളും വരമൊഴിയിലെ ഉപാധി ഉച്ചരിതസ്വനങ്ങൾക്ക് സമാനങ്ങളായ ലിഖിത രൂപങ്ങളുമാണ്. ഭാഷ ഒരു സങ്കല്പവും ഭാഷണം യാഥാർത്ഥ്യവുമാണ്. അഥവാ ഭാഷ നിശ്ചിതസ്വഭാവമുള്ള വ്യവസ്ഥയും ഭാഷണം അതിന്റെ പ്രകടനവുമാണ്. ഭാഷ എന്ന വ്യവസ്ഥയാണ് പ്രയോഗിക്കുന്നവർ സ്വായത്തമാക്കുന്നത്. സാഹചര്യം, സന്ദർഭം, സംസ്കാരം, ലക്ഷ്യം, മാനസികനിലവാരം തുടങ്ങിയവയ്ക്കനുസൃതമായാണ് വ്യക്തിഭാ ഷണം നിർണ്ണയിക്കപ്പെടുന്നത്.

### 2.3.3 ഭാഷണ വികാസം

ഒരു കുഞ്ഞ് പിറന്ന് നാലഞ്ച് മാസം കഴിയുന്നതോടെ അസ്പഷ്ടശബ്ദങ്ങളിലൂടെ ആശയനിവേദനശ്രമം ആരംഭിയ്ക്കുന്നു. ആദ്യത്തെ ആറുമാസക്കാലം പിൽക്കാലഭാഷയുമായി യാതൊരു ബന്ധവുമില്ലാത്ത 'കുറുക്കൻകാല'മാണ്. ഈ കാലഘട്ടത്തെ ആമയഹശിഴ ടമേഴല എന്ന് പറയുന്നു. പിന്നീടുള്ള മാസങ്ങൾ ശബ്ദങ്ങൾ ഉാക്കി കേട്ട് രമിക്കുന്ന ഘട്ടമാണ്. ഈ ഘട്ടത്തിൽകൂടി ആത്മനിഷ്ഠമായ രീതിയിൽ ഭാഷണത്തെ ഉപയോഗപ്പെടുത്തുന്നു. ക്രമേണ വ്യഞ്ജനത്തെ കൂട്ടിയോജിപ്പിച്ചുള്ള പ്രയോഗം അന്യമെങ്കിലും വർണ്ണങ്ങൾ ഉച്ചരിച്ചുതുടങ്ങാനും ശബ്ദങ്ങളെ തിരിച്ചറിയാനും സ്വരവ്യഞ്ജനവ്യത്യാസം മനസ്സിലാക്കാനും കുട്ടിക്ക് സാധിക്കുന്നു. ഒന്നരവയസ്സാകുമ്പോഴേയ്ക്കും കുട്ടികൾ ഒറ്റപദങ്ങൾ ഉപയോഗിച്ച് സംസാരിയ്ക്കാൻ തുടങ്ങുന്നു. ഈ ഘട്ടത്തിൽ വാ, ബ, ബാ, വ തുടങ്ങിയ പദങ്ങൾ അർത്ഥമറിഞ്ഞല്ല ഉച്ചരിയ്ക്കുന്നത്. രരവയസ്സാകുമ്പോഴേയ്ക്കും അവൻ ഒന്നിലധികം പദങ്ങൾ ചേർത്ത് ഉപയോഗിക്കാൻ പഠിക്കുന്നു. ആദ്യകാലങ്ങളിൽ തന്റെ മൗലികമായ ആവശ്യങ്ങൾക്കായി കരച്ചിലോ മറ്റ് ശബ്ദങ്ങളോ ഉപയോഗിച്ചിരുന്ന കുട്ടി ക്രമേണ മുതിർന്നവരുടെ ഭാഷയെ അനുകരിക്കാനുള്ള പ്രവണത കൂടുതൽ കാണിയ്ക്കുകയും അതേപടി അനുകരിക്കാൻ കഴിയാതെ വരുമ്പോൾ കുട്ടിയുടേതായ രീതിയിൽ പരിവർത്തനം നടത്തി ഉപയോഗിക്കുകയും ചെയ്യുന്നു.

ശിശുഭാഷണവികസനത്തിന് അനുകരണം, അവതരണം, ശബ്ദോച്ചാരണം എന്നിങ്ങനെ മൂന്ന് തലങ്ങളാണുള്ളത്. അനുകരണം ജന്മവാസനയാണെന്നും ആർജ്ജിതസിദ്ധിയാണെന്നും ര് അഭിപ്രായങ്ങൾ ഉ്. ഭാഷ ഉപയോഗിക്കാത്തവരുടെ ലോകത്ത് വളരുന്ന കുട്ടിയ്ക്ക് ഭാഷാപ്രയോഗശേഷി ഉായിരിക്കില്ല എന്നതും ധാരാളം ആളുകൾ ഉള്ള വീട്ടിൽ വളരുന്ന കുട്ടി വേഗത്തിൽ ഭാഷാപഠനം നടത്തുന്നു എന്നതും അനുകരണം ജന്മസിദ്ധി എന്നതിനേക്കാൾ പഠിതവൃത്തിയാണ് എന്നതിനെയാണ് സാധൂകരിക്കുന്നത്.

വ്യഞ്ജനങ്ങളിൽ ഓഷ്ഠ്യവ്യഞ്ജനങ്ങൾ ആയിരിക്കും കുട്ടി കൂടുതൽ ഉച്ചരിയ്ക്കുക. പിന്നീട് അനുനാസീകരിച്ച് സ്വരങ്ങളും. ഈ ഘട്ടത്തിലാണ് കുട്ടിയ്ക്ക് പല ശബ്ദങ്ങളും പ്രയോഗിക്കാനുള്ള കഴിവ് ലഭിക്കുന്നത്. ആദ്യകാലത്തെ ഈ ഉച്ചാരണങ്ങളിൽ ഒരേ വർണ്ണംതന്നെ പലവട്ടം ആവർത്തിക്കുന്നതായികാണാം. മുതിർന്നവരുടെ വ്യാകരണനിയമങ്ങൾ ഉപയോഗിച്ച് കുട്ടികളുടെ ഭാഷയെ അപഗ്രഥിക്കാൻ ശ്രമിക്കുന്നത് വിഡ്ഢിത്തമാണ്. ഒറ്റപ്പദങ്ങളിൽനിന്ന് ഒന്നിൽ കൂടുതൽ പദങ്ങളിലേക്കുള്ള പ്രയാണം കുട്ടി നടത്തുമെങ്കിലും ഇവയിൽ വാക്യഘടന എന്നൊന്നുാവില്ല. കമ്പിസന്ദേശങ്ങളിലെ വാക്യങ്ങളെപ്പോലെ ആശയം മുഴുവൻ ര് പദങ്ങളിൽ ഒതുക്കുന്ന ഇത്തരം പ്രയോഗങ്ങൾ കമ്പിവാക്യങ്ങൾ എന്നറിയപ്പെടു

ന്നു.  കേൾക്കുന്നവർക്ക് അർത്ഥം വ്യക്തമാകുന്നതരത്തിലുള്ള ഇത്തരം വാക്യങ്ങൾ കുട്ടി കുറച്ചുകാലം ഉപയോഗിക്കുന്നു. ഈര് പദങ്ങൾ ചേർന്നുള്ള വാക്യപ്രയോഗത്തിലെ ഘടകപദങ്ങളെ ആധാരപദം, സ്വതന്ത്രപദം എന്നിങ്ങനെ വേർതിരിയ്ക്കാം.

| ഉദാ:- | ആധാരപദം | സ്വതന്ത്രപദം |
|---|---|---|
| | ദ് (ഇത്) | പച്ചി (ഇത് പക്ഷി) |
| | ദ് (ഇത്) | മ്പേ (ഇത് പശു) |
| | ദ് (ഇത്) | മ്മ (ഇത് അമ്മ) |

ക്രമേണ രിലധികം വാക്കുകളെ ചേർത്ത് പ്രയോഗിക്കുന്ന കുട്ടി പ്രത്യയങ്ങൾ ശരിയായ വിധത്തിൽ ചേർത്ത് ഉപയോഗിക്കാൻ വശമില്ലാത്തതുകൊ് ഘടനാപരമായ തെറ്റുകൾ വരുത്തുന്നു.  മൂന്ന് വയസ്സാകുമ്പോഴേയ്ക്കും കൃത്യമായി ഉച്ചരിക്കാനും ശബ്ദങ്ങളെ സ്വായത്തമാക്കാനുമുള്ള കഴിവ് കുട്ടി ആർജ്ജിക്കുന്നു.  എന്നാൽ കഠിനാക്ഷരങ്ങൾ, ആവർത്തിത അക്ഷരങ്ങൾ, കൂട്ടക്ഷരങ്ങൾ തുടങ്ങിയവ ഉച്ചരിക്കാൻ പ്രയാസപ്പെടുന്നു.  ആധാരപദവർഗ്ഗത്തിൽനിന്ന് വ്യത്യസ്തധർമ്മളോടുകൂടിയ പദരൂപങ്ങൾ പിൽക്കാലഭാഷയിൽ പ്രത്യക്ഷപ്പെടുന്നു.  കുട്ടികളുടെ ഭാഷാബോധത്തിൽ പദവിവേചനം അനുക്രമമായി സംഭവിക്കുകയും മുതിർന്നവരുടെ ഭാഷയിലെ വ്യാകരണവിവേചനങ്ങളെയെല്ലാം അവർക്ക് സ്വാംശീകരിക്കാൻ സാധിക്കുകയും ചെയ്യുന്നു.

### 2.3.4 കുട്ടികളും ഭാഷാവിനോദങ്ങളും

ഒരു മുതിർന്ന വ്യക്തിയുടെ ഭാഷണശേഷി ആദ്യത്തെ നാലഞ്ച് വയസ്സിൽത്തന്നെ ആർജ്ജിക്കുന്ന കുട്ടി ക്രമേണ ഭാഷണരസങ്ങൾ ആസ്വദിക്കാനാരംഭിക്കുന്നു. ഉച്ചാരണശുദ്ധി,  ഭാഷാഭ്യസനം, താളാത്മകത, സംഭാഷണചാതുര്യം, പദസമ്പത്ത്, വാക്യശുദ്ധി തുടങ്ങി ഭാഷയിലെ സുപ്രധാനഗുണങ്ങൾ ആർജ്ജിക്കുവാൻ ഭാഷാകേളികൾ സഹായിക്കുന്നു. ഭാഷാകേളികളിലൂടെ കുട്ടികൾ സ്വയം രസിക്കുന്നു എന്ന് മാത്രമല്ല പഠിക്കാൻ മറ്റുപ്രകാരത്തിൽ ലഭിക്കാത്ത ഒരു പ്രേരണ ആർജ്ജിച്ചെടുക്കുകയും ചെയ്യുന്നു.

മനുഷ്യസിദ്ധികളിൽ ഏറ്റവും വിശിഷ്ടമായ, മാനവസംസ്കാരത്തിന്റെ വിവിധതലങ്ങളിൽ വ്യാപിച്ചുനിൽക്കുന്ന ഭാഷയും ഭാഷാകേളികളും, ഗ്രാമീണജനസാമാന്യം ഏർപ്പെടുന്ന നാടൻ വാങ്മയങ്ങൾ മുതൽ കുട്ടികളുടെ ഭാഷാവിനോദങ്ങൾ, പാട്ടുകൾ, കവികളുടെയും മറ്റും പദവാക്യവിനോദവേലകൾ, വാങ്മയചിത്രങ്ങൾ നൽകുന്ന മുക്തകങ്ങൾ തുടങ്ങി വിവിധരൂപഭാവങ്ങളിലായി ഓരോ ഭാഷയിലും പ്രചാരത്തിലു്.

ഭാഷണമാരംഭിക്കുന്ന കാലം മുതൽ ഭാഷാവിനോദങ്ങളും ആരംഭിക്കുന്നു. ആം ആം കളി, പക്ഷിപറക്കൽകളി, കൊമ്പേറാംകളി തുടങ്ങിയവ ശൈശവകാല ഘട്ടത്തിലെ ഭാഷാകേളികളാണ്.

1. ആം ആം കളി: ലീഡറോ മുതിർന്ന ഒരാളോ ഭക്ഷ്യവസ്തുക്കളുടെയും ഭക്ഷ്യേതരവസ്തുക്കളുടെയും പേരുകൾ ഇടകലർത്തി പറയുന്നു. ഇതിൽ കുട്ടി ഭക്ഷ്യവസ്തുക്കളുടെ പേര് കേൾക്കുമ്പോൾമാത്രം ആം എന്നുച്ചരിക്കണം.

| | | | | | |
|---|---|---|---|---|---|
| 1. | അപ്പം | ആം ആം | 2. | അപ്പം | ആം ആം |
| | ദോശ | ആം ആം | | ദോശ | ആം ആം |
| | കല്ല് | -- -- | | കല്ല് | ഊഹും |
| | പയറ് | ആം ആം | | പയറ് | ആം ആം |
| | പുട്ട് | ആം ആം | | പുട്ട് | ആം ആം |
| | ഉമി | -- -- | | ഉമി | ഊഹും |

2. പക്ഷിപറക്കൽകളി: ലീഡർ / മുതിർന്ന ഒരാൾ പക്ഷിമൃഗാദികളുടെ പേര് ഇടകലർത്തി പറയുന്നു. പക്ഷിയുടെ പേര് പറയുമ്പോൾ പറ പറ എന്നും മറ്റ് ജീവികളുടെ പേര് പറയുമ്പോൾ മിതിരിക്കുകയോ ഊഹും എന്ന് പ്രതികരിക്കുകയോ ചെയ്യണം.

| | | | | | |
|---|---|---|---|---|---|
| 1. | കാക്ക | പറ പറ | 2. | കാക്ക | പറ പറ |
| | കോഴി | പറ പറ | | കോഴി | പറ പറ |
| | അണ്ണാൻ | -- -- | | അണ്ണാൻ | ഊഹും |
| | കുയില് | പറ പറ | | കുയില് | പറ പറ |
| | മുയല് | -- -- | | മുയല് | ഊഹും |
| | മയില് | പറ പറ | | മയില് | പറ പറ |

3. കൊമ്പേറാം കളി: കൊമ്പുള്ളതും കൊമ്പില്ലാത്തതുമായ ജീവികളുടെ പേരുകൾ ലീഡർ ഇടകലർത്തിപ്പറയുന്നു. കൊമ്പുള്ളവയെങ്കിൽ 'ഉം' എന്നും കൊമ്പില്ലാത്തവയെങ്കിൽ 'ഊഹും' എന്ന് മൂളകയോ മിാതിരിക്കുകയോ ചെയ്യാം. ഇടയ്ക്ക് മാറിപ്പോയാൽ കളിയിൽ പരാജയപ്പെടും.

(1) കാളയ്ക്ക് കൊമ്പേറാം ഊം 2. കാളയ്ക്ക് കൊമ്പേറാം ഊം

| | | | |
|---|---|---|---|
| ആനയ്ക്ക് കൊമ്പേറാം | ഊം | ആനയ്ക്ക് കൊമ്പേറാം | ഊം |
| കുതിരയ്ക്ക് കൊമ്പേറാം | ഊഹും | കുതിരയ്ക്ക് കൊമ്പേറാം | ..... |
| നായയ്ക്ക് കൊമ്പേറാം | ഊഹും | നായയ്ക്ക് കൊമ്പേറാം | ..... |

കുട്ടികളുടെ സംഭാഷണത്തിലെ ഇടർച്ചയും മടിയും ലജ്ജയും മാറ്റിയെടുക്കാനും പദസമ്പത്ത് വർധിപ്പിക്കാനും ആഹാരങ്ങൾ, ജീവജാലങ്ങൾ അവയുടെ പ്രത്യേകതകൾ തുടങ്ങിയവ തിരിച്ചറിയാനുമാണ് ഇത്തരം വിനോദോപാധികൾ സഹായിക്കുന്നത്. കുട്ടിയ്ക്ക് സ്വയം വികസനത്തിനും ചുറ്റുപാടുകളെ പരിചയപ്പെടാനും സാധിക്കുന്നു. വസ്തുശില്പരൂപശബ്ദബന്ധങ്ങൾ കൂട്ടിയിണക്കുന്നതിലൂടെ ആശയഗ്രഹണത്തിനും സഹായിക്കുന്നു. ഇതിനെല്ലാമുപരി ഒന്നിൽ ശ്രദ്ധ കേന്ദ്രീകരിയ്ക്കാനും തദനുസൃതമായി പ്രവർത്തിക്കാനുമുള്ള കഴിവു നേടുന്നു. അച്ചടക്കത്തിന്റെ ബാലപാഠങ്ങൾ നല്കാനും ഇത്തരം കളികൾക്ക് സാധിക്കുന്നു. ശൈശവാന്ത്യത്തോടെ കുട്ടി പ്രകൃതിയിലെ പലപ്രത്യേകതകളും ജീവജാലങ്ങളുടെ സവിശേഷതകളും അവയുടെ ശബ്ദങ്ങളും ആഹാരാദികളും സഞ്ചാരരീതികളും എല്ലാം തിരിച്ചറിയുന്നു. ആ ഘട്ടത്തിൽ അല്പംകൂടി സങ്കീർണ്ണമായ ഭാഷാവിനോദങ്ങളിലാണ് അവർ ഏർപ്പെടുന്നത്. ഉദാഹരണമായി കൊമ്പ് ചിറക് കളി, സഞ്ചാര കളികൾ, എത്രകാലുകൾ കളി.

1. കൊമ്പ് ചിറക് കളി: സംഘനേതാവ് കൊമ്പുള്ള മൃഗങ്ങളുടെയും പക്ഷികളുടെയും കൊമ്പില്ലാത്ത മൃഗങ്ങളുടെയും പേരുകൾ ഇടകലർത്തി പറയുന്നു. ഇതിൽ കൊമ്പുള്ള ജീവിയുടെ പേര് പറയുമ്പോൾ ഇരുകൈകളും ഉയർത്തി കൊമ്പ് കാണിച്ചുകൊ് കൊമ്പ് കൊമ്പ് എന്നാവർത്തിക്കണം. കൊമ്പില്ലാത്ത മൃഗങ്ങളാണെങ്കിൽ അംഗവിക്ഷേപങ്ങൾ കാണിക്കാതെ കൊമ്പില്ല കൊമ്പില്ല എന്നാവർത്തിക്കണം. പക്ഷികളാണെങ്കിൽ ചിറക് കാണിച്ചുകൊ് ചിറക് ചിറക് എന്ന് കാണിക്കണം.

| | |
|---|---|
| കാക്കയ്ക്ക് | ചിറക് ചിറക് |
| പശുവിന് | കൊമ്പ് കൊമ്പ് |
| കടുവയ്ക്ക് | കൊമ്പില്ല കൊമ്പില്ല |

ഇതേ കളിതന്നെ (ആശയംതന്നെ) മറ്റൊരു രീതിയിലും കളിയ്ക്കുന്ന്. സംഘനേതാവ് കൊമ്പുള്ളത് എന്ന് പറഞ്ഞ് ചുറ്റും വട്ടത്തിൽ നിൽക്കുന്ന ആരെയെങ്കിലും ചൂുമ്പോൾ ആ നിമിഷം തന്നെ കൊമ്പുള്ള ജീവിയുടെ പേര് പറയണം. മറ്റ് സംഘാംഗങ്ങൾ അംഗവിക്ഷേപങ്ങളോടെ അവതരിപ്പിയ്ക്കണം അഥവാ തെറ്റിപ്പോവുകയോ പറയാതിരിക്കുകയോ ചെയ്താൽ ആ കുട്ടി പുറത്താക്കപ്പെടുന്നു.

ശരിയായി പറയുന്ന കുട്ടി അടുത്ത സംഘനേതാവാകുന്നു. ഇതുപോലെ ചിറകു്, കൊമ്പില്ല, ചിറകില്ല തുടങ്ങി കളി നീട്ടാവുന്നതാണ്.

2. സഞ്ചാരക്കളി: സംഘനേതാവ് ജന്തുക്കളുടെ പേര് പറയുന്നതിനനുസരണ മായി ശരീരംകൊ് അതിന്റെ സഞ്ചാരരീതി കാണിച്ചുകൊ് ഇഴയുന്നു, പറക്കു ന്നു, നടക്കുന്നു എന്നിങ്ങനെ ആവർത്തിയ്ക്കണം.

| | | |
|---|---|---|
| ഉദാ:- പാമ്പ് | – | ഇഴയുന്നു ഇഴയുന്നു |
| മനുഷ്യൻ | – | നടക്കുന്നു നടക്കുന്നു |

3. എത്രകാലുകൾ: സംഘനേതാവ് എത്രകാലുകൾ എന്ന് ചോദിച്ചുകൊ് ജീവി യുടെ പേര് പറയുന്നു. അപ്പോൾ മറ്റുള്ളവർ ആലോചിച്ച് ആ ജീവിക്ക് എത്രകാലുകൾ ഉന്നെ് കൃത്യമായി പറയണം. വിരൽകൊ് കാണിയ്ക്കു കയും വേണം. തെറ്റിയാൽ പുറത്തുപോകണം.

എത്ര കാലുകൾ പറയൂ എത്ര കാലുകൾ

| | | |
|---|---|---|
| പശു | – | നാല് നാല് |
| മനുഷ്യൻ | – | ര് ര് |
| മയിൽ | – | ര് ര് |
| മണ്ണാച്ചൻ | – | എട്ട് എട്ട് |
| ഉറുമ്പ് | – | ആറ് ആറ് |

ഈ കളികളെല്ലാം എത്രവേണമെങ്കിലും നീട്ടിക്കൊുപോകാവുന്നതും സമ യലബ്ധിയ്ക്കനുസരിച്ച് ക്രമീകരിയ്ക്കാവുന്നതുമാണ്. ഇത്തരം ഭാഷാകേളികളി ലൂടെ കൊച്ചുകുട്ടികൾക്ക് ശാരീരിക മാനസിക ബൗദ്ധിക വികാസവും ശ്രദ്ധയും ഏകാഗ്രതയും അറിവും സ്വായത്തമാക്കാൻ സാധിക്കുന്നു. പദവാക്യഘടനയിൽ മാറ്റങ്ങൾ വരുത്തിയോ അക്ഷരങ്ങൾ മാറ്റിമറിച്ചോ ഉള്ള ധാരാളം ഭാഷാ കേളികളു്.

ഇംഗ്ലീഷിൽ 'പാലിൻഡ്രോം' എന്നും കണക്കിൽ 'പാലിൻഡ്രോം സംഖ്യ കൾ' എന്നും പറയപ്പെടുന്ന മുന്നോട്ടോ പിന്നോട്ടോ ഒരുപോലെ വായിയ്ക്കാ വുന്ന പദമോ പദ്യവരിയോ വാചകമോ ഭാഷാകേളികളിലുമു്. ഭാഷാശേഷി വർധി പ്പിക്കാനും ഉച്ചാരണശുദ്ധി വരുത്താനും തദുപരി വിനോദോപാധി എന്ന നില യിലും ഇവ ശ്രദ്ധേയങ്ങളാണ്.

ഉദാ:- 1. കരിതല വിറ്റു വില തരിക

2. മോരുതരുമോ

3. ജലജ

വാക്കുകളിലെ നാക്കുപിഴകൾ, അക്ഷരക്രമം തെറ്റിച്ച് ഉച്ചരിക്കുന്നവ പലപ്പോഴും അർത്ഥശൂന്യമെങ്കിൽപ്പോലും രസപ്രദമാണ്.

| | | |
|---|---|---|
| നരകം | – | നകരം |
| തുടര് | – | തുരട് |
| മീശ | – | ശീമ |
| പലക | – | പകല |
| അക്കപ്പടം | – | അപ്പക്കടം, അടപ്പക്കം |

ര് പദങ്ങളുടെ ആദ്യാക്ഷരങ്ങൾ മാറി ഉച്ചരിയ്ക്കുന്നതിനെ/ മറിച്ചുചൊല്ലുന്ന സമ്പ്രദായത്തിനെ 'സ്ഫുണറിസം' എന്നാണ് ഇംഗ്ലീഷിൽ പറയുക. മലയാളത്തിലും ഇത്തരം വിനോദങ്ങൾ കാണാം.

| | | |
|---|---|---|
| പിണ്ണാക്കും ചുണ്ണാമ്പും | – | ചുണ്ണാക്കും പിണ്ണാമ്പും |
| മറിച്ചു ചൊല്ലുക | – | ചൊറിച്ചു മല്ലുക |
| അച്ഛൻ ഉച്ചയ്ക്കുവരും | – | ഉച്ഛൻ അച്ചയ്ക്കു വരും |

അക്ഷരങ്ങൾ എല്ലാം മറിച്ച് ചൊല്ലാൻ രസമുള്ള ചില വാക്യങ്ങൾ കാണാം. ഇവ ശരിയാക്കിപ്പറയിപ്പിക്കാൻ ഉള്ള ശ്രമം വിനോദപ്രദമാണ്.

ഉദാ:– 1. താത്തിച്ചാപിക്കാണിപ്പല്ലകൊ – കൊല്ലപ്പണിക്കാ പിച്ചാത്തി താ

ചില അക്ഷരങ്ങൾ ആവർത്തിച്ച് അതിന്റെ എണ്ണം കണക്കാക്കി നിർമ്മിയ്ക്കുന്ന വിനോദങ്ങൾ നിലവിലു്. അത്തരം ചില ഫലിതകേളികൾ.

1. നാ നാ നാ നാ നാ നാ നാ നാ നാ നാ പുരത്തിന്
   തീ പിടിച്ചാൽ മോ മോ മോ മോ മോ മോ പട്ടരേ
   ഉ: പത്തനാപുരത്തിന് തീ പിടിച്ചാൽ ആറുമോ പട്ടരേ

2. ആട്ടു ആട്ടു ആട്ടു ആട്ടു ആട്ടു ആട്ടു കഴിഞ്ഞാൽ നീരാട്ട്
   ഉ: ആറാട്ടു കഴിഞ്ഞാൽ നീരാട്ട്

മുതിരുമ്പോൾ ഗദ്യപദ്യരൂപങ്ങളിലുള്ള കടങ്കഥ, പഴഞ്ചൊല്ല് തുടങ്ങിയ ധാരാളം വിനോദമാർഗ്ഗങ്ങൾ സ്വയം കത്തെുന്നു. പഴയ കാലഘട്ടത്തിൽ പുരാണേതിഹാസങ്ങൾ പോലും കടങ്കഥാരൂപത്തിലുള്ള പദ്യങ്ങളിൽ ചൊല്ലുന്ന പതിവുായിരുന്നു.

ഉദാ: ഉമ്പർകോൻ നൽകിയ
സമ്മാനം ഭാമക്ക്
ഗുണമോ രുഗ്മിണിക്ക്
സുഗന്ധവാഹിയാം സസ്യം ഞാ–
നാരെന്നു ചൊല്ലുക കൂട്ടരേ ഉത്തരം : പാരിജാതം.

ഇന്നും കുട്ടികൾ ഏറെ ഇഷ്ടപ്പെടുന്ന ഒരു ഭാഷാവിനോദമാണ് കടങ്കഥാപ്പയറ്റ്. ബുദ്ധിവികാസത്തിനും ചിന്താശേഷിവികസനത്തിനും കൗശലവളർച്ചയ്ക്കും ഇത് വളരെ പ്രയോജനപ്രദമാണ്.

ഭാഷാപരമായ ഒരഭ്യാസമാണ് നാവുരുളൽ. ഭാഷ അക്ഷരശുദ്ധിയോടെ ഉച്ചരിച്ചു ശീലിയ്ക്കാനായി ഉാക്കപ്പെട്ട നർമ്മം കലർന്ന ഭാഷാകേളിയാണിത്. ഉച്ചരിയ്ക്കാൻ പ്രയാസമുള്ള, സാധാരണ തെറ്റിപ്പോകുന്ന, കഠിനാക്ഷരശൃംഖലകൾ ശ്രദ്ധാപൂർവ്വമായ അഭ്യസനത്തിലൂടെ മനഃപാഠമാക്കിയാൽ ഏത് വിഷമകരമായ പദ്യവും ഗദ്യവും അനായാസം ഉച്ചരിയ്ക്കാനും ഹൃദിസ്ഥമാക്കാനും കഴിയും. നാട്ടിൻപുറങ്ങളിൽ ഇന്നും പ്രചാരത്തിലുള്ള ചില നാവുരുളലുകൾ

1. റാലി ലോറി ലോറി റാലി
2. പത്ത് പച്ചച്ചക്കച്ചെത്തും, പത്ത് പച്ചോലത്തുച്ചും
3. പത്ത് പച്ചത്തത്ത ചത്തു, ചത്ത പത്തു പച്ചത്തത്ത
4. കിളിരൂരുരുളീ വാലുരുളീ, വാലുരുളീലൊരു ചോറുരുള
5. അറേലരൂലുറീലുരുളീലുരി പാല്
6. ആന ആടലോടകം തിന്നിട്ടലറലോടലറൽ
7. ചരലുരുളുമ്പോളുരലുരുളില്ല
8. പൊരുതുന്ന കുതിരയ്ക്ക് മുതിര തരുമോ?
9. ചെറുപയറ് മണിചെറുത്, ചെറുകയറ് പിരിചെറുത്
   ചെറുകിണറ് വരി ചെറുത്
10. അലറലോടലറലാണാലയിൽ കാലികൾ
11. തൃപ്പങ്ങോട്ടെ തൃപ്പടിമേൽ, തുരുളും തടിയുരുളും
    ചെറിയൊരു കുരുമുളകുരുളും
12. ഉരുളനൊരുരുരുളീലുരി മുതിര
13. പച്ചത്തത്ത പച്ചച്ചക്ക കൊത്തിക്കച്ചയിലിട്ടു
14. മച്ചിലറേലരൂലുറീലുരുളീലുരിയരി
15. ഒലയ്ക്കയെടുത്ത് ഉരലിലിട്ടാൽ ഉരലുരുളുമോ ഉലയ്ക്കയുരുളുമോ?
16. ആരാറാറാറച്ചിങ്ങ കോപ്ലി കോപ്ലി കോപ്ലിങ്ങ
17. ഓതറവളവിലൊരോതളമതിൽ പത്തിരുപത്തഞ്ചൊതളങ്ങ
18. വടകരവളവിലൊരറുപതു തെങ്ങു
    റുപതുതെങ്ങിലുമറുപതുപൊത്തു
    റുപതുപൊത്തിലുമറുപതു നത്തു
    ന്നൊൽ നത്തിന് കണ്ണെത്ര.
20. തുരുളും തടിയുരുളും തടിമേലൊരു വടി ചെറുവടി കുറുവടിയുരുളും

(ആവേദകർ: കെ. സുദർശൻ, ധനീഷ് പി., കെ.കെ. ദീപ)

സാമൂഹിക വിനോദങ്ങളായ ചില ഭാഷാകേളികൾ ഉ്. പ്രശ്നോത്തരികൾ, കാവ്യകേളികൾ, അക്ഷരശ്ലോകം, കടങ്കഥകൾ, പദപ്രശ്നങ്ങൾ, തുടങ്ങിയവ ഉത്സവാഘോഷങ്ങളുമായി ബന്ധപ്പെട്ട് മത്സരബുദ്ധ്യാ പങ്കെടുക്കുന്ന വാങ്മയവിനോദങ്ങളാണ്. ഉത്തരകേരളത്തിലെ ചില കാവുകളിൽ തിറയുത്സവത്തോടനുബന്ധിച്ച്

ആളുകൾ ര് സംഘങ്ങളായി തിരിഞ്ഞ് ചോദ്യരൂപത്തിലോ ശകാരരൂപത്തിലോ ഉള്ള 'കൊത്തഞ്ചടികൾ' എന്നറിയപ്പെടുന്ന അഞ്ചടികൾ ചൊല്ലുന്ന പതിവ് ഇന്നും നിലനിൽക്കുന്നു്.

ആദ്യാക്ഷരങ്ങളോ അന്ത്യാക്ഷരങ്ങളോ ഉപയോഗിച്ചുള്ള പാട്ടുകൾ, അക്ഷര ക്കളങ്ങൾ, അക്ഷരറിബ്ബൺ, പദകേളികൾ, തുടങ്ങി ധാരാളം ഭാഷാവിനോദങ്ങൾ കുട്ടികളുടേതായിട്ടു്. മുതിരുന്തോറും ഈ ഭാഷാവിനോദങ്ങളിൽ സങ്കീർണ്ണതയും ഫലിതരസികത്വവും കൂടുതൽ ചേർക്കപ്പെടുകയും ആവർത്തിച്ചുള്ള പരിശീലനങ്ങ ളിലൂടെ ഭാഷാനിപുണന്മാരായിത്തീരുകയും ചെയ്യുന്നു.

### 2.3.5 കുട്ടികളും കളിപ്പാട്ടുകളും

സംഗീതവും സംഗീതാസ്വാദനശേഷിയും മനുഷ്യന്റെ ജന്മസിദ്ധമായ കഴിവു കളിൽ ഒന്നാണ്. അമ്മയുടെ താരാട്ടിലൂടെ സംഗീതലോകത്തേക്ക് എത്തപ്പെടുന്ന കുട്ടി ഒരു ഭാഷാവിനോദം എന്ന നിലയ്ക്കല്ല കുട്ടിക്കളികളുടെ അവിഭാജ്യഘടകം എന്ന നിലയ്ക്കാണ് പാട്ടുകളെ പരിചയപ്പെടുന്നത്. കളിക്ക് താളബോധവും കർമ്മോത്സുകതയും ഹരവും ലയവും നൽകുന്ന പാട്ടുകൾ അതത് കൂട്ടായ്മയിലെ കുട്ടികൾക്കുവേി അവരാൽ സ്വയം ഉാക്കപ്പെട്ടതോ അവരുടെ പ്രായം, ജീവിതരരീതി തുടങ്ങിയവക്കനുസൃതമായി മുതിർന്നവരാൽ ഉാക്കപ്പെട്ടതോ ആയ പാട്ടുകളാണ്. കളിപ്പാട്ടുകളിൽ അധികവും ശൈശവദശയിലെ കളികളുമായും പെൺകളികളു മായും ബന്ധപ്പെട്ടുകിടക്കുന്നു.

## കുറിപ്പുകൾ

1. വെട്ടം മാണി, പുരാണിക് എൻസൈക്ലോപീഡിയ, കറന്റ് ബുക്സ്, 1988, പുറം. 417.
2. എഴുത്തച്ഛൻ, ശ്രീ മഹാഭാഗവതം ദശമസ്കന്ദം, വിദ്യാരംഭം പ്രസ്സ് & ബുക്ക് ഡിപ്പോ. പുറം. 158–250.
3. വെട്ടം മാണി, പുരാണിക് എൻസൈക്ലോപീഡിയ, കറന്റ് ബുക്സ്, 1988, പുറം. 323.
4. വെട്ടം മാണി, പുരാണിക് എൻസൈക്ലോപീഡിയ, കറന്റ് ബുക്സ്, 1988, പുറം. 638.
5. ഡി.ശ്രീമാൻ നമ്പൂതിരി, പുരാണത്രയം, സാമ്രാട്ട് പബ്ലിക്കേഷൻസ്, തൃശിവപേരൂർ, പുറം. 69–75.
6. എഴുത്തച്ഛൻ, അദ്ധ്യാത്മരാമായണം കിളിപ്പാട്ട്, എഡി. പ്രൊ.എം.കെ. സാനു, മാതൃഭൂമി, 2005, പുറം. 403.
7. ഡി.ശ്രീമാൻ നമ്പൂതിരി, പുരാണത്രയം, സാമ്രാട്ട് പബ്ലിക്കേഷൻസ്, തൃശിവപേരൂർ, പുറം. 94–112.
8. എരുമേലി പരമേശ്വരൻ പിള്ള, വിദ്യാഭ്യാസതത്വങ്ങളും വിദ്യാലയഘടനയും, വിദ്യാർത്ഥിമിത്രം ബുക്ക് ഡിപ്പോ, 1970, പുറം. 9.
9. എരുമേലി പരമേശ്വരൻ പിള്ള, വിദ്യാഭ്യാസതത്വങ്ങളും വിദ്യാലയഘടനയും, വിദ്യാർത്ഥിമിത്രം ബുക്ക് ഡിപ്പോ, 1970, പുറം. 9.
10. ഡോ.ടി.കെ. മുഹമ്മദ്, വിദ്യാഭ്യാസം ഭാരതത്തിൽ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1996, പുറം. 231–237.
11. എരുമേലി പരമേശ്വരൻ പിള്ള, വിദ്യാഭ്യാസ തത്വങ്ങളും വിദ്യാലയഘടനയും, വിദ്യാർത്ഥിമിത്രം ബുക്ക് ഡിപ്പോ, 1970, പുറം. 10.
12. Psychological Foundation of Education, by Dr. N.P. Pillai, Dr. K.S. Pillai and K. Sulochana Nair, Kalaniketan, Thiruvananthapuram, 1969, P. 70.
13. Elizabath B. Hurlock, Development Psychology – a life span approach, Tata McGraw Hill Publishing Company, New Delhi, 1981, P. 155-192.
14. 'കുട്ടികൾക്കുള്ള ആദ്യകാല പരിചരണവും വിദ്യാഭ്യാസവും', സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടറേറ്റ്, എസ്.എസ്.എ., തിരുവനന്തപുരം, എൻ.സി.ഇ.ആർ.ടി., പുറം. 51.
15. Jean Piaget, Development and Learning. Readings in Child Behaviour and Development Edited by Celia Standler, Faith Standler, Harcourt Brance Jovanovich Inc. USA 1972, P. 38.
16. Jean Piaget, Development and Learning. Readings in Child Behaviour and Development Edited by Celia Standler, Faith Standler, Harcourt Brance Jovanovich Inc. USA 1972, P. 38-39.
17. കുട്ടികൾക്കുള്ള ആദ്യകാല പരിചരണവും വിദ്യാഭ്യാസവും സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടറേറ്റ് ടടഅ, തിരുവനന്തപുരം ചഇഋഞഠ), പുറം. 50–58.
18. Robert J. Watson Henry Clay Lingram. Psychology of the Childhood and Adolescent Macmilion Publishing Co. Linc. 886-Third Avenue. New York USA 1979. P. 79.
19. എം.എസ്. രാധാകൃഷ്ണൻ. ആധുനിക മലയാള നാടകവേദിയിൽ കുട്ടികളുടെ നാടകങ്ങൾ' ഗവേഷണ പ്രബന്ധം – സ്ക്കൂൾ ഓഫ് ഡ്രാമ – തൃശ്ശൂർ, കോഴിക്കോട് സർവ്വകലാശാല, 1993, പുറം. 527.
20. ഡോ.ടി.കെ. മുഹമ്മദ്, വിദ്യാഭ്യാസം ഭാരതത്തിൽ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1996, പുറം. 237–243.
21. പൊന്നിറത്താൾകഥ, തിരുവനന്തപുരം 1954 (മാനുസ്ക്രിപ്റ്റ് ലൈബ്രറി), പുറം. 12.
22. ശ്രീമഹാഭാരതം, ദ്യൂതപർവ്വം. വിവ. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കോട്ടയം 1981, പുറം. 882.
23. John Lewis, Anthropology Made Simple, Calcutta, 1984, P. 174.
24. ഗർഗസംഹിത (ഗർഗഭാഗവതം), നീലകണ്ഠൻ നമ്പീശൻ (വ്യാഖ്യാ.) കൈരളി പ്രസ്സ്, തൃശൂർ, 1986, പുറം. 125.
25. The Encyclopedia of Religion, Misci Elicida, Vol. V, New York, 1987, P. 477.
26. രാഘവൻ പയ്യനാട്, ഫോക്ലോർ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1992, പുറം. 250.
27. എം.വി. വിഷ്ണുനമ്പൂതിരി, 'നാടൻകളികളും വിനോദങ്ങളും', കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1993, പുറം. 16.
28. സി.പി. ആൻഡ്രൂസ്, 'കായിക പരിശീലനങ്ങൾ', ആലുവ, 1951, പുറം. 18.

29. ഡോ. എ. നുജൂം, കേരളീയതയുടെ നാട്ടറിവ്, 12. ഫോക്ലോർ ത്രൈമാസിക, നാട്ടറിവു പഠനകേന്ദ്രം, തൃശൂർ, കണിമംഗലം, പുറം. 12/376.

30. ‘സോമൻ കടലൂർ’, കേരളീയതയുടെ നാട്ടറിവ് 12. കുട്ടികൾ. ഫോക്ലോർ ത്രൈമാസിക, നാട്ടറിവുപഠനകേന്ദ്രം, തൃശൂർ, കണിമംഗലം, പുറം. 12/356.

31. പി.എസ്. മനോജ്കുമാർ, കേരളീയതയുടെ നാട്ടറിവ് 12. കുട്ടികൾ. ഫോക്ലോർ ത്രൈമാസിക, നാട്ടറിവുപഠനകേന്ദ്രം, തൃശൂർ, കണിമംഗലം, പുറം. 12/312.

32. Tara Ali Baig. 'Our Children', New Delhi, 1979, P.203.

33. എം.വി. വിഷ്ണു നമ്പൂതിരി, കളിയും കമലയും നാടൻകളികളും വിനോദങ്ങളും, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്, തിരുവനന്തപുരം, പുറം. 69.

34. Kenneth Bailey, The Hamlyn Junior Encyclopedia, England, 1986, P. 519.

35. പി. കൃഷ്ണൻനായർ, കലാവിദ്യാവിവരണം, അവതാരിക, തലശ്ശേരി, 1937, പുറം. 5.

36. എം.കെ. ഗുരുക്കൾ, കലാവിദ്യാവിവരണം, തലശ്ശേരി, 1937, പുറം. 33.

37. ഡോ. കെ. പ്രഭാകരവാരിയർ, ശാന്ത അഗസ്റ്റിൻ, ആധുനികഭാഷാശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1998, പുറം. 10.

# അധ്യായം മൂന്ന്

# നാടൻകുട്ടിപ്പാട്ടുകൾ

'കുട്ടികൾ പാടുന്നതോ കുട്ടികൾക്ക് വേി മുതിർന്നവർ പാടുന്നതോ ആയ നാടൻപാട്ടുകളാണ് 'നാടൻകുട്ടിപ്പാട്ടുകൾ.' 'നാടൻകുട്ടിപ്പാട്ട്' എന്ന സംജ്ഞ 'നാടൻ', 'കുട്ടി', 'പാട്ട്' എന്നീ പദങ്ങളെ അപഗ്രഥിച്ച് വിവിധതലങ്ങളെ കത്തെുമ്പോഴാണ് സാർത്ഥകമാവുന്നത്. 'നാടൻ' എന്ന പദം അതിവിപുലമായ അർത്ഥതലങ്ങളെ ഉൾക്കൊള്ളുന്നു. 'നാടൻ' എന്നതിന് ശബ്ദതാരാവലിയിൽ 'നാട്ടുനടപ്പായിട്ടുള്ള', 'അതതുനാട്ടിലുായ', 'വെറും സാധാരണമായ', 'പരിഷ്കാരമില്ലാത്ത', 'പഴയരീതിയിലുള്ള' എന്നിങ്ങനെ അർത്ഥം കാണുന്നു.[1] എന്നാൽ വ്യാകരണ ശാസ്ത്രത്തിന്റെയും ഭാഷാശാസ്ത്രത്തിന്റെയും രംഗങ്ങളിൽ വ്യാപിച്ചുനില്ക്കുന്ന നിരുക്തത്തിൽ നിന്ന് പലതുകൊും 'നാടൻനിരുക്തം' വ്യത്യാസപ്പെട്ടിരിക്കുന്നു.

### 3.1 നാടൻ

നാടൻ ഇതിഹാസഗാനം, നാടൻകഥാഗാനം, നാടൻകഥാപാത്രങ്ങൾ, നാടൻകരവിരുത്, നാടൻകലകൾ, നാടൻകളികൾ, നാടൻജീവിതം, നാടൻനൃത്തം, നാടൻകൃഷി, നാടൻപാചകം, നാടൻമരുന്ന്, നാടൻപുരാവൃത്തം, നാടൻപാട്ട്, നാടൻകുട്ടിപ്പാട്ട് തുടങ്ങിയവയിലെല്ലാം ഉള്ള 'നാടൻ' എന്ന പദത്തിന്റെ ഉല്പത്തി 'നാട്' എന്ന പദത്തിൽ നിന്നാണ്. ഒരു പ്രാദേശിക ഖണ്ഡത്തിന് (micro region) പൊതുവെ പറഞ്ഞുപോരുന്ന പേരാണ് നാട്. കേരളത്തിൽ ചോളപ്രഭാവകാലഘട്ടത്തിൽ നാട് സാർവ്വത്രികമായിരുന്നു. കുട്ടനാട്, വളയനാട്, ഏറനാട്, വയനാട് തുടങ്ങിയ സ്ഥലനാമങ്ങൾ, 'മലനാട്' എന്ന ഭൂപ്രദേശസവിശേഷതയെ അടിസ്ഥാനമാക്കിയുള്ള വിളിപ്പേര് തുടങ്ങിയവ ഇതിന്റെ ശേഷിപ്പുകളാണ്. 'നാടുകൾ' കാർഷിക സമൂഹത്തിന്റെ അടിത്തറയായി വർത്തിച്ചിരുന്നു. ഒരു സമൂഹത്തിന്റെ വംശീയവും (ethnic) സാമ്പത്തികവും (economic) ആയ കൊച്ചുമണ്ഡലമാണ് നാട്. രോ മൂന്നോ ദേശങ്ങൾ ഉൾച്ചേർന്ന നാടിന്റെ പ്രമാണി നാടുവാഴിയായിരുന്നു.

ഇന്ന് 'നാട്' എന്ന സംജ്ഞ മറ്റൊരു തലത്തിലാണ് വ്യവഹരിക്കപ്പെടുന്നത്. രാജ്യത്തിന് പുറത്തുപോയ ഒരാളെ സംബന്ധിച്ച് മറ്റേതെങ്കിലും രാഷ്ട്രക്കാരന്റെ ദൃഷ്ടിയിൽ ആ രാജ്യമാണ് നാട്. ഉദാ:- ഇംഗ്ലിൽപോയ ഇന്ത്യക്കാരന്റെ നാട് മറ്റ് രാജ്യക്കാരുടെ വീക്ഷണത്തിൽ ഇന്ത്യയാണ്. എന്നാൽ ഇന്ത്യയിലെ വിവിധസംസ്ഥാനക്കാർ കുമുട്ടുമ്പോൾ അതത് സംസ്ഥാനങ്ങൾ നാടായും (ഉദാ:- തമിഴൻ, മല

യാളി, കാശ്മീരി) സംസ്ഥാനത്തിനകത്ത് വ്യവഹരിക്കപ്പെടുമ്പോൾ ജില്ലകൾ നാടുകളായും (ഉദാ:– കോഴിക്കോട്ടുകാരൻ, തൃശ്ശൂർക്കാരൻ) ജില്ലക്കകത്ത് ചെറുപട്ടണങ്ങളായും (ഉദാ:– കുന്ദമംഗലക്കാർ, മുക്കക്കാർ, താമരശ്ശേരിക്കാർ) അവ ഗ്രാമങ്ങളായും (ഉദാ:– കാരശ്ശേരിക്കാർ, മണാശ്ശേരിക്കാർ, ചേന്ദമംഗല്ലൂർകാർ) പിന്നീട് കൊച്ചുപ്രദേശങ്ങളായും മാറുന്നു.

'നാട്' എന്ന വിവക്ഷ ആപേക്ഷികമാണെങ്കിലും ജനങ്ങൾ പാർക്കുന്ന സ്ഥലമാണ് എന്ന് വ്യക്തമാണ്. ആധുനികതയിൽ നിന്ന് ഉത്തരാധുനികതയിലേക്ക് നീങ്ങിക്കൊിരിക്കുന്ന ഇന്ന് 'സ്ഥലം' എന്നത് അതിസങ്കീർണ്ണങ്ങളായ തലങ്ങളെ അനാവരണം ചെയ്യുന്നു. 'സ്ഥല'ത്തെക്കുറിച്ച് ആധികാരകപഠനം നടത്തിയ ലെഫെബ്വറെ ഭൗതികസ്ഥലം, സാമൂഹ്യസ്ഥലം, മാനസികസ്ഥലം എന്നിങ്ങനെ തിരിച്ചിരിക്കുന്നു.[2] ഇവക്ക് വേറിട്ട് നിലകൊള്ളാൻ സാധ്യമല്ല. ഒന്ന് മറ്റൊന്നിനെ ഉൾക്കൊള്ളുകയും മറ്റൊന്നിന്റെ പൂർണ്ണരൂപമായിരിക്കുകയും അതിന്റെ താങ്ങായി നിലകൊള്ളുകയും ചെയ്യുന്നു.

സ്ഥലത്തിന് വിവിധമാനങ്ങളു്. ഇതിന്റെ ഭൗതികരൂപമാണ് ഭൂപ്രദേശം അഥവാ ഭൂപ്രകൃതി. കര, കടൽ, കാട്, മരുപ്രദേശം, ധ്രുവപ്രദേശം, കുന്ന്, പുഴ, സസ്യജാലങ്ങൾ, മഴ, കാറ്റ്, വെയിൽ ജൈവപ്രകൃതിയുടെ ഭാഗമായി വരുന്നവയെല്ലാം ഭൂപ്രകൃതിയാണ്. ഒരു പ്രദേശത്തിന്റെ സാംസ്കാരികജീവിതത്തെ രൂപപ്പെടുത്തിയെടുക്കുന്നതിൽ ഭൂപ്രകൃതി സവിശേഷ പങ്ക് വഹിക്കുന്നു. മനുഷ്യന്റെ നിയന്ത്രണങ്ങൾക്കും ചിട്ടകൾക്കും പൂർണ്ണമായും വിധേയമാകുന്ന ഒരിടമല്ല. പലപ്പോഴും അതീതമായി നിലകൊള്ളുകയും ചെയ്യുന്നു. സാഹിത്യത്തിൽ ക്രിയാംശം നടക്കുന്ന സ്ഥലത്തിന് ചരിത്രപരവും സാംസ്കാരികവുമായ പശ്ചാത്തലമൊരുക്കുന്നത് ഭൂപ്രകൃതിയാണ്.

ഭൗതികസ്ഥലം പോലെ പ്രധാനവും പരസ്പരപൂരകവുമാണ് സാമൂഹ്യസ്ഥലം. 'സാമൂഹ്യസ്ഥലം ഉാവുന്നതും നിലകൊള്ളുന്നതും വസ്തുവും വ്യവഹാരവും തമ്മിലുള്ള, ഭൗതികതയും ആശയവും തമ്മിലുള്ള, അനുഭവിക്കുന്നതും ഭാവനയിൽ കാണുന്നതും തമ്മിലുള്ള യോജിപ്പിൽ നിന്നാണ്'.[3] സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും സാങ്കേതികവുമായ വ്യവഹാരങ്ങൾ വ്യത്യസ്തസാമൂഹ്യസ്ഥലങ്ങൾ സൃഷ്ടിക്കുന്നു.

സ്ഥലത്തിന്റെ സാംസ്കാരികസന്ദർഭങ്ങളിലെ പ്രയോഗരൂപമാണ് ഇടം. സന്ദർഭത്തിനനുസരിച്ച് വിവിധവ്യവഹാരരൂപങ്ങളിൽ പ്രത്യക്ഷപ്പെടുന്നതും സങ്കീർണ്ണങ്ങളായ ഒട്ടനവധി അർത്ഥതലങ്ങളെ ഉൾക്കൊള്ളുന്നതുമായ ഒന്നാണ്

'ഇടം'. സാംസ്കാരിക കൈമാറ്റത്തിന്റെ മുഖ്യഉപാധിയായ നാടിനെ ജനങ്ങൾ പ ാർക്കുന്ന ഇടമെന്ന് വിവക്ഷിക്കാം. ഇടങ്ങളെ പൊതുവെ രായി തിരിക്കാം. 1. ആന്തരികം, 2. ബാഹ്യം. വ്യക്തിയുടെ ആന്തരകതയിൽ രൂപപ്പെടുന്ന ഇടമാണ് ആന്തരികം. വ്യക്തിക്ക് പുറത്ത് രൂപപ്പെടുന്ന ഇടമാണ് ബാഹ്യം.

മനുഷ്യസംസ്കാരം വികാസം പ്രാപിച്ചു തുടങ്ങിയ ആദ്യകാലഘട്ടങ്ങളിൽ ഗോത്രങ്ങളായിരുന്നു സാമൂഹ്യജീവിതത്തിന്റെ അടിസ്ഥാന ഘടകം. 'ഗോത്ര ത്തിലെ എല്ലാ അംഗങ്ങളും ചേർന്നുകൊുള്ള കൂട്ടായ ഉല്പാദനവും കൂട്ടായ ഉപ ഭോഗവുമാണ് ഗോത്രസമുദായത്തിന്റെ സവിശേഷസ്വഭാവം'.[4] കൃഷിക്കും കൃഷിഭൂ മിക്കും വലിയ പ്രാധാന്യമില്ലാതിരുന്ന അക്കാലത്ത് കാലികളെ മേക്കുന്ന സ്ഥല ങ്ങളെ 'മന്റ'മെന്നും മന്റത്തിന്റെ നായകനെ 'മന്നൻ' എന്നും വിളിച്ചിരുന്നു. പ ിൽക്കാലത്ത് 'മന്നൻ' എന്നതിന് 'രാജാവ്' എന്ന് അർത്ഥം കൽപ്പിക്കപ്പെട്ടു. 'ഓരോ ഗോത്രവും ഓരോ പ്രത്യേകതരം വൃക്ഷത്തെ കുലവൃക്ഷമായി കരുതുകയും അതിനെ ഗണചിഹ്നമായി ഉപയോഗിക്കുകയും ചെയ്തു.' ആ വൃക്ഷച്ചുവട്ടിൽ വെച്ചായിരുന്നു ഗോത്രത്തിലെ പ്രായപൂർത്തിയായ അംഗങ്ങൾ ഒന്നിച്ചിരുന്ന് ഗോത്ര കാര്യങ്ങൾ ആലോചിച്ചിരുന്നത്.[5]

ഗോത്രത്തലവന്റെ കീഴിൽ ഗോത്രസഭകൾ രൂപീകൃതമാവുകയും ഒരുഭരണ ക്രമം നിലവിൽ വരികയും ചെയ്തു. ഗോത്രത്തിലെ എല്ലാ പ്രശ്നങ്ങൾക്കും തീർപ്പ് കൽപ്പിച്ചിരുന്നത് ഗോത്രസഭയായിരുന്നു. ആദിവാസിവിഭാഗങ്ങളായ മലയർ, കാണി ക്കാർ, മുത്തന്മാർ തുടങ്ങിയവരിൽ ഇന്നും തീർപ്പ് കൽപ്പിക്കാനുള്ള അവകാശം മൂപ്പന്മാർക്കാണ്. പല ഗിരിവർഗ്ഗക്കാർക്കിടയിലും ഈ വ്യവസ്ഥയുടെ ശേഷിപ്പുകൾ ഇന്നും നിലനിൽക്കുന്നു. ഉച്ചനീചത്വമില്ലാത്ത ഈ സമൂഹത്തിൽ എല്ലാ അംഗ ങ്ങളും സമന്മാരാണ്. പരിഷ്കൃതമനുഷ്യനെപ്പോലെ മറ്റുള്ളവരെ ചൂഷണം ചെയ്യു ന്നതിനോ പണക്കാരനാകുന്നതിനോ അവർക്കാശയില്ല. ആവശ്യങ്ങൾക്കുവേി ഉല്പാദിപ്പിക്കുന്നവ ഏവരും കൂടി അനുഭവിക്കുക എന്നുള്ളതാണ് അവരുടെ സാമൂഹ്യരീതി.[6] കൂട്ടായ്മയിലധിഷ്ഠിതവും സമഭാവനയുള്ളതും ചൂഷണവിമുക്ത വുമായ ഒരു ഇടമാണ് ഗോത്രവ്യവസ്ഥയുടേത് എന്ന് വ്യക്തമാണ്. എന്നാൽ ഇത്തരം ഒരു സവിശേഷ ഇടത്തിലേക്ക് വിപരീതസ്വഭാവം പുലർത്തുന്ന നാഗരികർ അധിനിവേശകരായി എത്തുമ്പോൾ അതിന്റെ സ്വഭാവരീതികളും ജീവിതവും മാറ്റിമ റിക്കപ്പെടുന്നു.

വിവിധതൊഴിൽക്കൂട്ടായ്മകൾ ഒന്നിച്ച ഒരു പ്രദേശത്ത് രൂപപ്പെടുന്ന ഇട മാണ് ഗ്രാമം. കാർഷികവൃത്തി പ്രധാനമായ ഗ്രാമങ്ങൾ ര് തരത്തിലു്. ബ്രാഹ്മണർ മാത്രം കേന്ദ്രീകരിച്ച് താമസിക്കുകയും താഴ്ന്ന ജാതിക്കാർ ഗ്രാമത്തിന് പുറമെതാമ

സിക്കുകയും ചെയ്യുന്ന കേന്ദ്രിതഗ്രാമങ്ങളും അല്ലാത്തവയും. കേരളത്തിന് പുറത്ത് അധികവും കേന്ദ്രിതഗ്രാമങ്ങളാണ്. കേരളത്തിൽ ഊരാളരായ ബ്രാഹ്മണരുടെ ഇല്ല ങ്ങൾക്ക് തൊട്ടുചേർന്ന് മറ്റ് വിഭാഗക്കാരുടെ വീടുകൾ ഒറ്റയൊറ്റയായി ചിതറിക്കിട ക്കുന്ന രീതിയിലുള്ളതാണ്. കേരളീയഗ്രാമീണസമൂഹരൂപീകരണത്തെക്കുറിച്ച് പ ഠനം നടത്തിയ ആർ രാഘവവാരിയർ 'ഒരു ഗ്രാമത്തിൽ കൊല്ലൻ, ആശാരി, മൂശാ രി, തട്ടാൻ, വേലൻ, വണ്ണാൻ, വെളുത്തേടൻ, ചക്കാലൻ, ചാലിയൻ, തീയ്യൻ, പുല യൻ, കണക്കൻ, പറയൻ എന്നിങ്ങനെ ജോലിയുമായി ബന്ധപ്പെട്ട ജാതിക്കാർ ഒന്നിച്ച് താമസിച്ചിരുന്നതായി സ്ഥലനാമത്തെളിവുകളെ അടിസ്ഥാനമാക്കി കത്തെു ന്നു്.[7] ഈയടിസ്ഥാനത്തിൽ കേരളമാകെക്കൂടി ഇടയ്ക്ക് പട്ടണങ്ങൾ പതിച്ച ഒരു പ ടുകൂറ്റൻ ഗ്രാമമായി അദ്ദേഹം സങ്കല്പിക്കുന്നു.

എന്നാൽ ഇന്ന് ആധുനികവൽക്കരണത്തിന്റെയും പുരോഗമനത്തിന്റെയും പേരിൽ കൃഷിയിടങ്ങൾ മണ്ണിട്ടുനികത്തുകയും കോൺക്രീറ്റ് സൗധങ്ങളും വാണി ജ്യശാലകളും ഉയർത്തുകയും ചെയ്യുന്നതോടെ നാഗരികകടന്നുകയറ്റങ്ങൾ ശക്തമാ വുന്നു. ഗ്രാമീണത നഷ്ടമാവുന്നു. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഇടമെന്നോ ജനസാ ന്ദ്രതകൂടിയ സ്ഥലരൂപമെന്നോ നഗരത്തെ വിശേഷിപ്പിക്കാം. അത്യന്തം വിഭിന്നജീവി തങ്ങളുടെ ഇടകലരൽ നടക്കുന്ന നഗരങ്ങളിൽ പ്രത്യയശാസ്ത്രവും ജീവിതവീക്ഷ ണവും ജീവിതരീതിയും ബഹുസ്വഭാവംപുലർത്തുന്നു കൃഷിയുടെ അസാന്നിധ്യ ത്താൽ ശ്രദ്ധേയമായ ഇവിടങ്ങളിൽ നിരനിരയായി നീുനിൽക്കുന്ന കെട്ടിടസമുച്ചയ ങ്ങൾ, തിരക്കുള്ള കച്ചവടകേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപന ങ്ങൾ, ആശുപത്രികൾ തുടങ്ങിയവയാൽ സംഭവബഹുലമാണ്. വൈവിധ്യം മുഖമു ദ്രയായ നഗരങ്ങളിൽ ഭാഷ. മതം, വിശ്വാസം എന്നിങ്ങനെയുള്ള കൂട്ടായ്മകളുടെ ഒരു സങ്കല്പിതഭാവമാണുള്ളത്.

കമ്പ്യൂട്ടർയുഗത്തിന്റെ സവിശേഷതയാണ് സൈബർ ഇടങ്ങൾ. മുതലാളിത്ത വികാസക്രമത്തിനും ആഗോളീകരണത്തിനും അനുഗുണമായി രൂപപ്പെട്ട സൈബർ ഇടങ്ങൾ ഇന്റർനെറ്റ്, സ്റ്റോക്ക് മാർക്കറ്റുകൾ, ഓൺലൈൻ ചാറ്റ് റൂമുകൾ തുടങ്ങി ഒട്ടും ജൈവികതയില്ലാത്ത ഇടങ്ങളാണ്. ഇതിലെ പ്രപഞ്ചം 'ലോകം മുഴുവൻ ഒന്നാക്കി ബന്ധിപ്പിച്ച് നിലകൊള്ളുന്ന ഇന്റർനെറ്റ് ശൃംഖലയ്ക്കകത്തെ യാന്ത്രിക ലോകമാണ്. മനുഷ്യൻ വെറുതെ സഞ്ചരിച്ചുകൊിരിക്കുക മാത്രം ചെയ്യുന്നതും യന്ത്രസദൃശമായി പെരുമാറുന്നതുമായ ഇടങ്ങളാണ് അ – സ്ഥലങ്ങൾ. 'സ്വത്വ ത്തിന്റെ പ്രതീകാത്മകമായ ആവിഷ്കാരങ്ങളും ബന്ധങ്ങളും ചരിത്രവും ശൂന്യമാ ക്കപ്പെട്ട സ്ഥലമാണ്.'[8] ആരെയും സന്ധിക്കാതെ ഒരിടത്തും നില്ക്കാതെ മനുഷ്യൻ സഞ്ചരിച്ചുകൊിരിക്കുന്ന സ്ഥലങ്ങളായ സൂപ്പർഹൈവേകൾ, പടുകൂറ്റൻ പാർക്കിംഗ്

കേന്ദ്രങ്ങൾ, സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് സെന്ററുകൾ, വിമാനത്താവളങ്ങൾ തുടങ്ങിയവയെല്ലാം മാർക്ക് ഓഗ് ഈ ഗണത്തിലാണ് പെടുത്തുന്നത്. 'ഉത്തരാധുനി കകാലം ഇത്തരം അ-സ്ഥലങ്ങളുടേതുകൂടിയാണ്'.[9]

സ്ഥിരവും നിശ്ചിതവുമായ അർത്ഥവും ധർമ്മവുമുള്ള ഒരിടം എന്നതിന് പ കരം ക്രമരഹിതവും അനിശ്ചിതവും വൈവിധ്യമുള്ളതുമായ ഇടമായിമാറുന്ന സ്ഥല ത്തെയാണ് ബഹുസ്ഥലരാശി (Heterotopic) എന്ന് മിഷേൽ ഫൂക്കോ വിശേഷിപ്പി ക്കുന്നത്.[10] മിക്ക സംസ്കാരങ്ങളിലും മനുഷ്യസമൂഹങ്ങളിലും കാണാവുന്ന ഇത്തരം ഇടങ്ങൾ വിഭിന്ന രൂപങ്ങൾ സ്വീകരിക്കുകയും എന്നാൽ ഒന്നും സാർവ്വലൗ കികമായി നിലനിർത്താതിരിക്കുകയും ചെയ്യുന്നു. ഉദാ:- നാടക അരങ്ങ്, സിനിമാ സ്ക്രീൻ, ഉത്സവകേന്ദ്രങ്ങൾ തുടങ്ങിയവ. കാലത്തിനനുസരിച്ച് അർത്ഥവും ധർമ്മവും മാറുന്ന, നിരന്തരപരിണാമമുള്ളതും അനിശ്ചിതവുമായ ഇടങ്ങളാണവ.

'ഇടം' അധികാരവുമായി സവിശേഷബന്ധം പുലർത്തുന്നു. ഉദാ:- കോവില കം രാജവാഴ്ചയുടെയും ഇല്ലങ്ങൾ ജന്മിവ്യവസ്ഥയുടെയും പ്രത്യേക അധികാര ഇടങ്ങളാണ്. ഇന്ന് നിയമസഭാമന്ദിരം മുതൽ ജോലിസ്ഥലം, ജയിൽ, സ്കൂൾ, ഹോസ്പിറ്റൽ, മാനസികരോഗാശുപത്രി, കസ്റ്റംസ് എമിഗ്രേഷൻ ഓഫീസുകൾ, റോഡുകൾ തുടങ്ങി കോടതികൾ വരെയുള്ള ഇടങ്ങൾ അധികാരകേന്ദ്രങ്ങളായി വർത്തിക്കുന്നു.

'ദേശം' ഒരു സങ്കല്പമാണ്. ഭൂമിശാസ്ത്രപരമായ അതിർത്തികളാൽ നിർമ്മി തമാവുന്നതിനൊപ്പം സമൂഹ്യസാംസ്കാരികസവിശേഷതകളുടെ വ്യതിരിക്തതകൾ ഒരു ദേശത്തെ നിർണ്ണയിക്കുന്നു. ഗ്രാമത്തിന്റെ ചെറിയഭാഗം മുതൽ രാജ്യം വരെ പ ലതിനെയും സൂചിപ്പിക്കാവുന്ന ദേശം ഭൗതികസ്ഥലത്തിന്റെയും സാമൂഹ്യസ്ഥല ത്തിന്റെയും സവിശേഷതകൾ ഉൾക്കൊള്ളുന്നു. ഈയർത്ഥത്തിൽ മലയാളം മാതൃ ഭാഷയായി സ്വീകരിച്ചിട്ടുള്ള വിവിധ ഇടങ്ങൾ ഉൾപ്പെട്ട മലയാളക്കര അഥവാ കേര ളമാണ് പഠനപരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

വ്യക്തിക്ക് പുറത്തുള്ള ഇടങ്ങളെ ഇങ്ങനെ വിവക്ഷിക്കാം. എന്നാൽ ആന്ത രിക ഇടങ്ങൾ അഥവാ മാനസികസ്ഥലങ്ങളും സാഹിത്യത്തിൽ കാണാം. മാനസിക തലത്തിൽ രൂപപ്പെടുന്ന സങ്കല്പസൃഷ്ടികളാണവ.

ഉദാ:- 1. 'ഉട്ടോപ്യ (Utopia) - മനുഷ്യന്റെ ശുഭപ്രതീക്ഷയുടെ സൂചകമായി നിലകൊള്ളുന്ന ഇടമാണത്. Eutopia (നല്ല സ്ഥലം) Outopia(ഇല്ലാത്ത സ്ഥലം) എന്നീ ഗ്രീക്ക് പദങ്ങളിൽ നിന്നാണ് Utopia രൂപീകരിക്കപ്പെട്ടത്[11] എന്ന്

മംമ്ഫോർഡ് വ്യക്തമാക്കുന്നു. 'വരും കാലത്തുള്ള ഒരു ഉട്ടോപ്യയെക്കുറിച്ചുള്ള സങ്കല്പമില്ലായിരുന്നെങ്കിൽ മനുഷ്യൻ ഇന്നും ഗുഹകളിൽ പാർക്കുന്നവനും നഗ്നനും അസന്തുഷ്ടനുമായിരിക്കും' എന്ന് അനാടോൾ ഫ്രാൻസും 'അത് വികാസത്തിന്റെ തത്വവും ഒരു നല്ല ഭാവിയുടെ ഉപന്യാസവുമാകുന്നു' എന്ന് ഓസ്കാർ വൈൽഡും അഭിപ്രായപ്പെടുന്നത്.[12] ഈ ഭാവനാലോകത്തിന്റെ അഭാവം സൃഷ്ടിക്കുന്ന ശൂന്യതയെ ബോധ്യപ്പെടുത്തുന്നു. ഉദാ:- ഓണത്തിന്റെ സമത്വസുന്ദ രസങ്കല്പം

2. ഡെസ്ടോപ്പിയ (Destopia):- ഭാവിയെക്കുറിച്ചുള്ള ദുഃസ്വപ്നങ്ങളിൽ രൂപം കൊള്ളുന്ന ഉട്ടോപ്യൻ ഇടത്തിന് വിപരീതമായ ഇടമാണിത്. ഉദാ:- ഭൂമിയുടെ അന്ത്യസങ്കല്പങ്ങൾ, ബൈബിളിലെ വെളിപാടു പുസ്തകത്തിലെ ചില ഭാഗങ്ങൾ.

മനുഷ്യന്റെ നിത്യജീവിതവുമായി ബന്ധപ്പെട്ട് ധാരാളം മിത്തുകൾ രൂഢമൂല മാണ്. 'മനുഷ്യന് അനുഭവിക്കാൻ കഴിയുന്നതും എന്നാൽ യുക്തിപരമായി വിശദീ കരിക്കാൻ കഴിയാത്തതും ആയ അനുഭവങ്ങളോ സന്ദർഭങ്ങളോ ആണ് മിത്തു കൾ'.[13] മിത്തുകളുമായി ബന്ധപ്പെട്ട് രൂപപ്പെട്ട ഭാവനാത്മകമോ അല്ലാത്തതോ ആയ ഇടമാണ് 'മിത്തിക്കൽ ഇടം'. ഭാരതീയസംസ്കാരം മിത്തുകളുടെ കലവറയാണ്. ഉദാ:- സ്വർഗ്ഗം, നരകം, പാതാളം, സുതലം, വൈകുണ്ഠം, കൈലാസം, പാലാഴി തുടങ്ങിയവ. കേരളത്തിലെ ഗുരുവായൂർ, നാറാണത്തു ഭ്രാന്തനാൽ പ്രസിദ്ധമായ അരിയനല്ലൂർ മല, വായില്ലാക്കുന്ന്, കുറവൻ മല, കുറത്തിമല തുടങ്ങിയവ.

ശരീരം സ്ഥലരൂപകമായും തിരിച്ച് സ്ഥലം ശരീരരൂപകമായും പല സന്ദർഭ ങ്ങളിലും ഉപയോഗിക്കാറു്. ഉദാ:- വിരാട് പുരുഷ സങ്കല്പം, പ്രകൃതീമാതാവ്, നദീ സങ്കല്പങ്ങൾ, ഭൂമാതാവ്.

അപരരുടെ സാന്നിധ്യമില്ലാത്ത ഇടമാണ് സ്വകാര്യ ഇടം. പൊതുവായി പങ്കി ടുന്ന ഇടം പൊതു ഇടം. എന്നാൽ ഈ വേർതിരിവുകൾ ആപേക്ഷികവും സങ്കീർണ്ണവുമാണ്. ഇത്തരം ആന്തരികവും ബാഹ്യവുമായ ഇടങ്ങളെ നിത്യജീവിത ത്തിലെന്നപോലെ സാഹിത്യത്തിലും കാണാം. വൈവിധ്യമാർന്ന പ്രതിനിധാനങ്ങൾ ഇടങ്ങൾക്കു്. ഉദാ:- ഭാഷ, വസ്ത്രം, ആഹാരം, നിർമ്മിതികൾ, ആശയങ്ങൾ തുട ങ്ങിയവ. ഭാഷയെ നിർണ്ണയിക്കുന്നതിൽ ഇടങ്ങൾക്ക് വലിയ പങ്കു്. 'പശ്ചിമഘട്ടവും അറബിക്കടലും അടങ്ങിയ സവിശേഷ ഭൂപ്രകൃതിയാണ് മലയാളഭാഷയുടെ പിറ വിക്ക് പ്രധാനകാരണമായത്'.[14] ഇടങ്ങളെഭാഷയും ഭാഷയെ ഇടങ്ങളും നിർണ്ണയി ക്കുകയും പരസ്പര പ്രതിനിധാനരൂപങ്ങളായി വർത്തിക്കുകയും ചെയ്യുന്നു. ഭൂമി ശാസ്ത്രപരവും രാഷ്ട്രീയപരവും സാംസ്കാരികവുമായ വ്യതിരിക്തതകളെ ശക്ത

മായി പ്രതിഫലിപ്പിക്കുന്ന ഭാഷ അതത് നാടിന്റെ പ്രത്യേകതകളെ വിളിച്ചോതുന്നു. മലയാളഭാഷ മാതൃഭാഷയായി സ്വീകരിച്ച ഇടങ്ങളെ ചേർത്ത് രൂപീകൃതമായ കേരളനാടിനെയാണ് പഠനഭൂമികയാക്കിയിട്ടുള്ളത്. അതിനാൽ ഇവിടെ 'നാടൻ' എന്ന പദംകൊ് ഉദ്ദേശിക്കുന്നത് മലയാളം സംസാരിക്കുന്ന ഇടമാണ്. ഈ വീക്ഷണത്തിൽ ശബ്ദതാരാവലിയിലെ അർത്ഥത്തെ അപഗ്രഥിച്ചാൽ 'അതതു നാട്ടിലുായ' എന്ന ആശയം സാർത്ഥകമാണ്.

പരിഷ്കൃത സമൂഹമെന്ന് വിശേഷിപ്പിക്കുന്ന ജനസാന്ദ്രമായ നഗരം, സൈബർ ഇടങ്ങൾ, അ-സ്ഥലങ്ങൾ തുടങ്ങിയവയിലുള്ളവരെ സംബന്ധിച്ച് 'നാടൻ' എന്ന പ്രയോഗം 'വെറും സാധാരണമായ, പരിഷ്കാരമില്ലാത്ത, പഴയ രീതിയിലുള്ള തുടങ്ങിയ അർത്ഥതലങ്ങളെ പ്രതിനിധീകരിച്ചേക്കാം. എന്നാൽ സങ്കലിതസമൂഹമെന്ന നിലക്ക് ഇവിടെയും വീക്ഷണഗതി ആപേക്ഷികമാണ്. ഒരു ഗ്രാമീണനെയോ ചെറുപട്ടണവാസിയെയോ സംബന്ധിച്ച് ആദിവാസിനൃത്തങ്ങളും പ്രകടനകലകളും ആശയങ്ങളും എല്ലാം അപരിഷ്കൃതമെന്ന് തോന്നാം. അതിനാൽ ഇത്തരം ആശയങ്ങളെല്ലാം ആപേക്ഷികങ്ങളാണ്.

നാടൻ എന്നതിന് ര് അർത്ഥങ്ങൾ ു്.[15]

1. അപരിഷ്കൃതം, അസംസ്കൃതം, അധികം പുരോഗതിയില്ലാത്തത്.
2. പ്രകൃതിയോടടുത്തത്, കലർപ്പില്ലാത്തത്, കാപട്യമില്ലാത്തത്.

അപരിഷ്കൃതം, അസംസ്കൃതം, അധികം പുരോഗതിയില്ലാത്തത് തുടങ്ങിയ വീക്ഷണഗതികൾ മേൽവിവരിച്ചപോലെ വീക്ഷിക്കുന്നവന്റെ ആശയാദർശങ്ങൾക്കും ജീവിതരീതിക്കുമനുസരിച്ച് ആപേക്ഷികമാണ്. എന്നാൽ പ്രകൃതിയോടടുത്തത്, കലർപ്പില്ലാത്തത്, കാപട്യമില്ലാത്തത് എന്ന അർത്ഥങ്ങൾ പാട്ടിന്റെ ഉള്ളടക്കത്തെയും സ്വഭാവത്തെയും ആസ്പദമാക്കി വിശദീകരിക്കേിയിരിക്കുന്നു. ദേശ്യഭാഷയിൽ വ്യാപനം ചെയ്യപ്പെടുന്ന ഇത്തരം പാട്ടുകൾ സമൂഹമനസിന്റെ ആത്മാവിഷ്കാരത്തിന്റെ സൃഷ്ടികളെന്ന നിലക്ക് കലർപ്പില്ലാത്തത്, കാപട്യമില്ലാത്തത് എന്നീ നിരുക്തങ്ങൾ അർത്ഥവത്താണ്. പ്രകൃതിയും പ്രകൃതിജീവനവും അതേപടി ചിത്രീകരിക്കുന്നതല്ലെങ്കിലും പ്രകൃതിയോടിണങ്ങിയുള്ള ജീവിതത്തിന്റെ പ്രതിഫലനങ്ങൾ ധാരാളം കാണുന്നതിനാൽ നാടൻകുട്ടിപ്പാട്ടുകളിലെ 'നാടൻ' എന്ന പ്രയോഗത്തിന് 'പ്രകൃതിയോടിണങ്ങിയത്' എന്ന നിരുക്തവും പ്രസക്തമാണ്. പരിഷ്കൃത സമൂഹങ്ങൾക്കിടയിൽ 'അപരിഷ്കൃതം, അസംസ്കൃതം, അധികം പുരോഗതിയില്ലാത്തത് എന്നീ അർത്ഥങ്ങൾ അവരുടെ ആശയാദർശങ്ങൾക്കനുസരിച്ച് കല്പിക്കുന്നു.

ഇതിൽ ഓരോ അർത്ഥവും വ്യത്യസ്തവീക്ഷണങ്ങളുടേതാണ്. ഇവിടെ നാം പരിഗണിക്കുന്ന വീക്ഷണം തദ്ദേശീയതയുടേതാണ്.

യൗവനാവസ്ഥക്ക് മുമ്പ് ശാരീരികവും ബൗദ്ധികവും മാനസികവുമായ വിവിധതലങ്ങളിൽ വളർച്ചയെ പ്രാപിച്ചുകൊിരിക്കുന്ന കാലഘട്ടത്തിൽ ജീവിക്കുന്നവരാണ് കുട്ടികൾ. കുട്ടികളുടെ അഥവാ കുട്ടികൾക്ക് വേിയുള്ള പാട്ടുകളാണ് കുട്ടിപ്പാട്ടുകൾ. കുട്ടികളെക്കുറിച്ചുള്ള പഠനം കുട്ടികളും സംസ്കാരവും എന്ന ഭാഗത്ത് നൽകിയിട്ടു്.

'പാട്ട് അഥവാ സംഗീതം ശബ്ദവിശേഷമാണ്. ധ്വനിസ്വരൂപം, അക്ഷരസ്വരൂപം മുതലായ പലതരത്തിലും ശബ്ദമുള്ളതിൽ അക്ഷരപ്രധാനമായ സാഹിത്യത്തെപ്പോലെ അർത്ഥജ്ഞാനാപേക്ഷ ഇല്ലാതെത്തന്നെ ഹൃദയത്തെ ആനന്ദിപ്പിക്കുന്ന ശബ്ദവിശേഷത്തിനാണ് സംഗീതം എന്ന് പറയുന്നത്.[16] നാടൻകുട്ടിപ്പാട്ടുകളിലെ ലോകം എന്ന അധ്യായത്തിന്റെ അവസാനഭാഗത്ത് അവരുടെ സംഗീതവും ചർച്ചാവിധേയമാക്കിയിട്ടു്.

ഓരോ കൂട്ടായ്മയിലും ഇത്തരം നാടൻകുട്ടിപ്പാട്ടുകൾ ധാരാളമു്. കേരളത്തിൽ വിവിധ കാലഘട്ടങ്ങളിൽ ഉാവുകയും സ്വാഭാവികമായി പ്രചരിക്കുയും ചെയ്തിട്ടുള്ള നാടൻകുട്ടിപ്പാട്ടുകളാണ് ഇവിടെ പഠനവിധേയമാക്കിയിട്ടുള്ളത്. കേരളീയപശ്ചാത്തലത്തിലെ കുട്ടികളെ മനസ്സിലാക്കുന്നതിലൂടെ മാത്രമേ നാടൻകുട്ടിപ്പാട്ടുകളുടെ പഠനം സാധ്യമാവൂ.

## 3.2 കേരളത്തിലെ കുട്ടികൾ

എല്ലാ സമൂഹങ്ങളിലും കുട്ടികൾ വളരുന്ന ചുറ്റുപാട് ആദ്യവിദ്യാലയവും, മാതാപിതാക്കൾ ആദ്യഗുരുക്കന്മാരുമാവുന്നു. അമ്മയുടേയോ മുത്തശ്ശിയുടേയോ ചുറ്റുമായി കഴിയുന്ന കുട്ടിക്ക് താരാട്ടിലൂടെ, കളിപ്പാട്ടുകളിലൂടെ, ഊഞ്ഞാൽപ്പാട്ടുകളിലൂടെ ഭാഷയുടെ ആദ്യപാഠങ്ങളും ഭാവാത്മകതയും സംഗീത വാസനയും സാഹിത്യാഭിരുചിയും എല്ലാം പകർന്നു നല്കപ്പെടുന്നു. അങ്ങനെ യുള്ള കുട്ടികളുടെ കളിക്കൂട്ടങ്ങൾ അവരാർജ്ജിക്കുന്ന ഭാഷാവൈഭവങ്ങൾ പര സ്പരം കൈമാറിപ്പോന്നിരുന്നു. ഇതിഹാസപുരാണാദികൾ നാട്ടുപുരാണരൂപത്തിൽ കൈമാറുന്ന ഇവർ മൃഗകഥകൾ, സദാചാരകഥകൾ, മാന്ത്രികകഥകൾ തുടങ്ങി കുട്ടികൾക്കിഷ്ടപ്പെടുന്ന ഒരു ലോകം തന്നെ സൃഷ്ടിച്ച് നമ്മുടെ ചുറ്റുപാടി നെയും നാട്ടുവിജ്ഞാനങ്ങളെയും പ്രകാശിപ്പിക്കുന്നു. ഓരോ കുട്ടിക്കും ഉണ്ണി, കുട്ടാ, മോനേ, പൊന്നേ, വാവേ, കുഞ്ഞാവേ, അപ്പൂ, കുഞ്ഞാ തുടങ്ങിയ വിളിപ്പേരു കളിലൂടെ (പെൺകുട്ടിയാണെങ്കിൽ മോള്, ചക്കര, അമ്മു, വാവ, മിടുക്കത്തി, മാളു, സുന്ദരി, ചക്കിപ്പെണ്ണ്, തുടങ്ങിയവ) ഒരു കുട്ടിയിൽത്തന്നെ അനേകം സ്വത്വങ്ങൾ വിഭാവനം ചെയ്ത് വിശാലമായ ഒരു ലോകം തുറക്കുന്നു.

അല്പം മുതിരുമ്പോൾ തന്നോടൊപ്പം സന്ധ്യാനാമങ്ങൾ (പ്രാർത്ഥനകൾ) ചൊല്ലിക്കുന്ന അമ്മ ക്രമേണ മലയാളമാസങ്ങൾ, നക്ഷത്രങ്ങൾ, ചൊല്ലുവഴികൾ, കഥകൾ, പാട്ടുകൾ, സ്വാനുഭവങ്ങൾ തുടങ്ങിയവയിലൂടെ സംസ്കാരത്തോടൊപ്പം ഭാഷ, ഗണിതം, ജ്യോതിശാസ്ത്രത്തിലെ ആദ്യപാഠങ്ങൾ തുടങ്ങി വിവിധമേഖലക ളുടെ സാമാന്യപരിചയം കൈമാറുന്നു. ആകാപാട്ടുകളിൽ നിന്ന് അരുതായ്മ കളും നാട്ടുവഴക്കങ്ങൾ, പഴമൊഴികൾ, കടങ്കഥകൾ തുടങ്ങിയവയും പകർന്ന് കുട്ടി യുടെ ബൗദ്ധികവും മാനസികവും ഭാഷാപരവുമായ വികാസത്തിന് താങ്ങും തണ ലുമാവുന്നു. ഇതിലൂടെ ഒരു സുരക്ഷിതത്വബോധവും ജീവിതമാധുര്യവും അനുഭ വിച്ച് ഭാവിജീവിതത്തിന് കരുക്കൾ നീക്കാൻ കുട്ടിക്ക് സാധിക്കുന്നു. സവർണ്ണമധ്യ വർഗ്ഗകുടുംബത്തിലെ സ്ഥിതിയെ ഇങ്ങനെ സാമാന്യവൽക്കരിക്കാമെങ്കിലും താഴെ ക്കിടയിൽ ജീവിച്ച അനേകായിരങ്ങളുടെ കഥ ഇതല്ല.

ജന്മിത്വത്തിന്റെ കരാളഹസ്തത്തിൽപ്പെട്ടുഴറിയ 'അവർണ്ണസമുദായങ്ങൾ' അഥവാ 'തീപ്പരിഷകൾ' എന്ന് വ്യവഹരിക്കപ്പെടുന്ന ദരിദ്രനാരായണന്മാരുടെ അതിദാരുണമായ ജീവിതം കുട്ടിക്ക് സമ്മാനിച്ചത് ദാരിദ്ര്യവും അടിമത്തവും ദുഃഖങ്ങളും പ്രതിഷേധവും വിമോചനത്വരയുമാണ്. വട്ടിനെയ്ത്ത്, നായാട്ട്, വനവി ഭവശേഖരണം തുടങ്ങിയ തൊഴിലുകളിൽ വ്യാപൃതരായി കാടിന്റെ സന്തതികളായി കഴിഞ്ഞുകൂടിയ ആദിവാസികളുടെ കുട്ടികൾക്ക് ജീവിതം തന്നെ

പ്രകൃതിയായിരുന്നു. ആയിരത്താണ്ടുകളായി കേരളത്തിന്റെ മണ്ണിൽ ആഴത്തിൽ വേരൂന്നിയ  ക്രൈസ്തവ മുസ്ലീം സമുദായങ്ങളിലെ ആചാരാനുഷ്ഠാനങ്ങളിലും വിശ്വാസങ്ങളിലും ജീവിതരീതികളിലും എല്ലാം മാറ്റമുണ്ടെങ്കിലും ഈയൊരന്തരീക്ഷത്തിലാണ് ജീവിച്ചത്. കേരളീയതയുടെ സ്വാധീനം അവരുടെ നാടൻപാട്ടുകളെ ആഴത്തിൽ സ്വാധീനിച്ചിട്ടു്.

ഗോത്രീയത, ജന്മിവ്യവസ്ഥ, ജാതിവ്യവസ്ഥ, രാജവാഴ്ച, വൈദേശികാധിനിവേശം  തുടങ്ങിയവയാൽ കലുഷിതമായ ഒരു ഭൂതകാലത്തിൽനിന്ന് രാഷ്ട്രീയ സാമൂഹ്യമാറ്റങ്ങളാൽ ജനായത്തഭരണത്തിലേക്കും തുല്യാവകാശത്തിലേക്കും വിജ്ഞാനവിസ്ഫോടനത്തിലേക്കും സാർവത്രികവിദ്യാഭ്യാസത്തിലേക്കും വന്നെത്തിയ വിസ്മയാവഹമായ മാറ്റം ഇന്നത്തെ കുട്ടികളുടെ ജീവിതത്തെ ഏറെ മാറ്റിയിരിക്കുന്നു. വ്യവസായവൽക്കരണം, പാശ്ചാത്യാധിനിവേശം, ഉപഭോഗസംസ്കാരം തുടങ്ങിയവയുടെ സ്വാധീനം നിമിത്തം കാർഷികസംസ്കൃതിയിൽ  നിന്ന് അനുനിമിഷം  അകന്നുകൊിരിക്കുന്ന ഇന്നത്തെ കുട്ടികൾ അണുകുടുംബവ്യവസ്ഥ, കമ്മ്യൂണിക്കേഷൻ വിപ്ലവം (ടി.വി, കമ്പ്യൂട്ടർ, ഇന്റർനെറ്റ് തുടങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങളുടെ അതിപ്രസരം) എന്നിവയാൽ നിമിഷംതോറും നവീകരിക്കപ്പെടുന്നു. കുടുംബസങ്കല്പത്തിന്റെ അസ്മിതയെത്തന്നെ തിരിച്ചറിയാത്ത അവസ്ഥയെ പ്രാപിച്ചുകൊിരിക്കുന്നു. സ്വയം കളിക്കേ കുട്ടികൾ 'കളിയുടെ' വിദൂരക്കാഴ്ചക്കാരാവുന്നു. ജീവിതായോധനത്തിനും സുഖലോലുപതക്കും വേി രാപ്പകലില്ലാതെ അധ്വാനിക്കുന്ന രക്ഷിതാക്കൾ കുട്ടികളുടെ ശാരീരികവളർച്ചക്ക് മാത്രം പ്രാധാന്യം കല്പിക്കുന്നതിനാൽ  ഒരു രാഷ്ട്രത്തിന്റെ ഭാവി വാഗ്ദാനങ്ങളാകേ ഇവരിൽ രൂപം കൊള്ളുന്ന കൃത്രിമവും വികൃതവുമായ ആതുരസ്വത്വത്തെ നാം തിരിച്ചറിയാതെ പോകുന്നു. തന്മൂലം പുറം കാഴ്ചയുള്ളതും അകം പൊള്ളയായതുമായ ഒരു ജനക്കൂട്ടമായി അവർ രൂപാന്തരപ്പെടുന്നു.

പ്രകൃതിയുടെ ഭാവങ്ങൾ കറിയാതെ ഉപഭോഗസംസ്കാരത്തിൽ അഭിരമിക്കുന്ന ഒരു ജനതയായി നാം അധ:പതിച്ചപ്പോൾ നാടൻ ഭക്ഷണങ്ങൾക്ക് പകരം 'ടിൻഫുഡുകളും' നാടൻ പലഹാരങ്ങൾക്ക് പകരം 'ബേക്കറിപലഹാര'ങ്ങളും നാടൻ ഔഷധങ്ങൾക്ക് പകരം 'രസക്കൂട്ടുകളും' എന്ന പോലെ  കൂട്ടായ്മയിലധിഷ്ഠിതമായ നാടൻകളികൾക്കും  പാട്ടുകൾക്കും പകരം ഇലക്ട്രോണിക് ഉപകരണങ്ങളിലെ വ്യക്ത്യധിഷ്ഠിതകളികളും പാട്ടുകളും സ്ഥാനം പിടിച്ചു. ഈയൊരു പരിത:സ്ഥിതിയിലാണ് നാടൻകുട്ടിപ്പാട്ടുകളുടെ ലോകവീക്ഷണം പഠനലക്ഷ്യമാക്കിയത്.

### 3.3 നാടൻകുട്ടിപ്പാട്ട്

നാടൻപാട്ടിന്റെ ഉപവിഭാഗമായ നാടൻകുട്ടിപ്പാട്ടുകൾക്ക് നാടൻപാട്ടുകളുടെ സവിശേഷതകളെല്ലാം യോജിക്കുന്നു. രചന, ഭാഷ, സവിശേഷതകൾ, അവതരണം, ശേഖരണം, ശേഖരണത്തിലെ പ്രശ്നങ്ങൾ തുടങ്ങിയവയെല്ലാം അതുകൊു തന്നെ ആവർത്തിക്കേതില്ലല്ലോ.

## നാടൻകുട്ടിപ്പാട്ട് – സ്വഭാവസവിശേഷതകൾ

നാടൻകുട്ടിപ്പാട്ടുകളിലെ സ്വഭാവസവിശേഷതകളെ ഇങ്ങനെ സംഗ്രഹിക്കാം.

1. വാമൊഴി വ്യാപനം:– വാമൊഴിയായി പ്രചരിക്കുന്നതിനാൽ പ്രാദേശികതയും ധാരാളം പാഠഭേദങ്ങളും ു്.

2. നിർവൈയക്തികത:– വ്യക്തിഭാവനയേക്കാൾ കൂട്ടായ്മയുടെ അഭിലാഷപ്രകടനങ്ങളാണ് കാണുന്നത്.

3. ഭാഷാലാളിത്യം:– കുട്ടികളുടെ ഭാഷയിൽ രചിക്കപ്പെടുന്നതിനാൽ ലളിതമോ അതിലളിതമോ ആയ ഭാഷയാണുള്ളത്.

4. ഈണതാളങ്ങൾ:– സംഗീതത്തിന്റെ നിയമവ്യവസ്ഥകൾക്കപ്പുറത്ത്, എന്നാൽ അടിസ്ഥാന വ്യവസ്ഥകളുമായി സാദൃശ്യമുള്ള ഈണതാളങ്ങളാണ് ഇവക്കുള്ളത്. താളത്തിനനുസരിച്ച ഈണമാണ് അക്ഷരസംഖ്യാക്രമമല്ല പാലിക്കപ്പെടുന്നത്.

5. ഉപസംസ്കാരപ്രതിഫലനം:– നാടൻകുട്ടിപ്പാട്ടുകൾ ഉപസംസ്കാര ഉല്പന്നമാകയാൽ വംശീയവും പ്രാദേശികവും വർഗപരവുമായ സ്വഭാവസവിശേഷതകൾ പ്രതിഫലിക്കുന്നു.

നാടൻപാട്ടിന്റെ സവിശേഷതകളും സ്വഭാവവിശേഷങ്ങളും മുൻ അധ്യായത്തിൽ ചർച്ചചെയ്തതാണല്ലോ. ഇതിലെ ഒരു വിഭാഗമായ നാടൻകുട്ടിപ്പാട്ടിനെക്കുറിച്ച് പഠിക്കുമ്പോൾ നാടൻപാട്ടിൽ നിന്ന് നാടൻകുട്ടിപ്പാട്ടിനെ വേർതിരിച്ചെടുക്കേതു്. എല്ലാ നാടൻപാട്ടുകളും നാടൻകുട്ടിപ്പാട്ടല്ല.

## നാടൻകുട്ടിപ്പാട്ട് – ലക്ഷണങ്ങൾ

നാടൻകുട്ടിപ്പാട്ടിനെ താഴെ പറയുന്ന ലക്ഷണങ്ങളുടെ സമ്മിശ്രമെന്നനിലയിൽ സാമാന്യമായി നിർവ്വചിക്കാം.

1. കുട്ടികളെ അഭിസംബോധന ചെയ്യുന്നവ
2. കുട്ടികൾ പാടുന്നവ

3. അകൃത്രിമവും ഋജുവുമായ (കുട്ടിത്തമുള്ള) ആശയം/ കാവ്യാംശം ഉള്ളവ

4. അതീവ ലളിതമായ ഭാഷ

5. കുട്ടികളുടെ സാമൂഹികസന്ദർഭങ്ങൾ പ്രതിഫലിപ്പിക്കുന്നവ

6. അകൃത്രിമമായ താളലയങ്ങൾ ഉൾക്കൊള്ളുന്നവ

7. അകൃത്രിമവും സുതാര്യവുമായ ഉപമകൾ.

നാടൻപാട്ടുകൾക്ക് പൊതുവായും നാടൻകുട്ടിപ്പാട്ടുകൾക്ക് പ്രത്യേകിച്ചും കാണപ്പെടുന്ന സവിശേഷതകളെ അടിസ്ഥാനമാക്കിയാണ് ഈ പഠനത്തിനാവശ്യ മായ പാട്ടുകൾ തെരഞ്ഞെടുത്തിരിക്കുന്നത്.

**പൂർവ്വപഠനങ്ങൾ**

നാടൻകുട്ടിപ്പാട്ടുകളെക്കുറിച്ച് ഇതിന് മുമ്പ് ഗൗരവമേറിയ പഠനങ്ങൾ ഒന്നും നടന്നിട്ടില്ല. എന്നാൽ പല നാടൻപാട്ടുപഠനങ്ങളിലും ശേഖരണങ്ങളിലും അതിന്റെ ഉപവിഭാഗമായി നാടൻകുട്ടിപ്പാട്ടുകൾ നിരീക്ഷപ്പെട്ടിട്ടു്. 'ഫോക്‌ലോർ' എന്ന ഗ്രന്ഥ ത്തിൽ ശ്രീ രാഘവൻ പയ്യനാട് നാടൻകുട്ടിപ്പാട്ടുകളെ പ്രാകൃതമനുഷ്യന്റെ ചേഷ്ട കൾക്കൊത്തുള്ള താളാത്മക ശബ്ദങ്ങളുമായി ബന്ധിപ്പിച്ച് അവ ശ്രദ്ധേയങ്ങളാണ് എന്ന് സാക്ഷ്യപ്പെടുത്തുന്നു. 'നാടൻകളികളും വിനോദങ്ങളും' എന്ന പുസ്തക ത്തിൽ ശ്രീ. എം. വി. വിഷ്ണുനമ്പൂതിരി കളിയുമായി ബന്ധപ്പെട്ട് ചില 'നാടൻകുട്ടിപ്പാട്ടുകളെ' ശേഖരിച്ച് അനുബന്ധമായി ചേർത്തിട്ടു്. അദ്ദേഹത്തിന്റെ 'നാടൻപാട്ടുകൾ' എന്ന പുസ്തകത്തിലും ചില നാടൻകുട്ടിപ്പാട്ടുകൾ കാണാം. വെട്ടിയാർ പ്രേംനാഥ്, കുഞ്ഞുണ്ണി, ബാലസാഹിതീ പ്രകാശൻ എച്ച് & സി. പബ്ലി ക്കേഷൻസ്, ശാസ്ത്രസാഹിത്യപരിഷത്ത് തുടങ്ങി ഈ രംഗത്ത് താല്പര്യമുള്ള വ്യക്തികളും പ്രസാധകരും ഇന്ന് കച്ചവടതാല്പര്യത്തെ മുൻനിർത്തിയാ വാമെങ്കിലും ശേഖരണത്തിലും, പ്രസിദ്ധീകരണത്തിലും ശ്രദ്ധപതിപ്പിച്ചിട്ടു്. എന്നാൽ നാടൻകുട്ടിപ്പാട്ട് എന്ത്? അതിന്റെ പ്രത്യേകതകൾ എന്തെല്ലാം? സ്വഭാവം, ധർമ്മം, തുടങ്ങിയവയുടെ അടിസ്ഥാനമെന്ത്? എന്ന തരത്തിലുള്ള പഠനത്തിന് ആരും മുന്നോട്ടുവന്നിട്ടില്ല. പാടുന്ന രീതി, സ്വഭാവം, സന്ദർഭം, വ്യക്തികൾ, അതിന് പിന്നിലെ വിചാരവികാരങ്ങൾ, ആചാരവിശ്വാസങ്ങൾ, അവയിലെ ഉള്ളടക്കം. സന്ദേശങ്ങൾ തുടങ്ങിയവയെ അപഗ്രഥിക്കാനോ ലോകവീക്ഷണത്തെ വെളിപ്പെടു ത്താനോ ആരും ശ്രമിച്ചതായി അറിവില്ല.

ഏതൊരു പഠനവും കൂടുതൽ ആഴവും പരപ്പുമുള്ളതാവുന്നത് അതിന്റെ ധർമ്മത്തെക്കൂടി കത്തെി അപഗ്രഥിക്കുമ്പോഴാണ്, ആ അർത്ഥത്തിൽ നാടൻകുട്ടി പ്പാട്ടുകളുടെ ധർമ്മത്തെ കത്തേതു്.

## നാടൻകുട്ടിപ്പാട്ടുകളുടെ ധർമ്മം

നാടൻപാട്ടിന്റെ ധർമ്മങ്ങൾ എല്ലാം നാടൻകുട്ടിപ്പാട്ടുകൾക്കും ബാധകമാണ്. കുട്ടികളുടെ സാംസ്കാരികവും സാമൂഹികവുമായ ജീവിതത്തെ ബലപ്പെടുത്തുക എന്നതാണ് നാടൻകുട്ടിപ്പാട്ടുകളുടെ പ്രധാന ധർമ്മം. നമ്മുടെ ചുറ്റുപാടുകളെയും ജനജീവിതത്തെയും സഹവർത്തിത്വത്തെയും അവ പ്രതിഫലിപ്പിക്കുന്നു. വിനോദം, വിജ്ഞാനം, യുക്തിചിന്ത, നിരീക്ഷണപാടവം തുടങ്ങിയമാനസിക വൈഭവങ്ങൾ ആർജ്ജിക്കാനും അവ കാരണമാവുന്നു. സ്നേഹം, ഭയം, കരുണ, ധൈര്യം, രസികത്വം, സമഭാവന, കൗശലം, പ്രകൃതിസ്നേഹം, സഹാനുഭൂതി തുടങ്ങിയ സ്വഭാവ സവിശേഷതകളെ ഉണർത്തി ജ്വലിപ്പിച്ച് വ്യക്തിയെ മനുഷ്യത്വമുള്ളവരാക്കാൻ അവ സഹായിക്കുന്നു. സാമൂഹീകരണപ്രക്രിയയെ ശക്തിപ്പെടുത്തുകയും എല്ലാ വ്യക്തികളും അതതു സമൂഹങ്ങളുടെ / കൂട്ടായ്മയുടെ അവിഭാജ്യഘടകങ്ങൾ ആണെന്ന യാഥാർത്ഥ്യത്തെ കൂടുതൽ ബോധ്യപ്പെടുത്തുകയും ചെയ്യുന്നു. ഈ അർത്ഥത്തിൽ ആണ് 'പള്ളിക്കൂടത്തിനും വായനശാലക്കും പകരം നിൽക്കുന്ന ഒരേർപ്പാടാണ് ഫോക്ലോർ. പഴഞ്ചൊല്ലുകളും പരിഹാസഗാനങ്ങളും തെറ്റു തിരുത്താനുള്ള പാഠമായി സമൂഹം പ്രയോജനപ്പെടുത്തുന്നു' എന്ന് ബാസ്കം അഭിപ്രായപ്പെട്ടത്.[17]

സാമൂഹ്യഘടനയെയും പെരുമാറ്റരീതികളെയും പരിചയപ്പെടുത്തുന്ന നാടൻ കുട്ടിപ്പാട്ടുകളിലൂടെ വ്യക്തിധർമ്മങ്ങൾ, അവയിലെ പ്രശ്നങ്ങൾ, കൂട്ടായ്മകൾ, ആചാരനുഷ്ഠാനാദിവിശ്വാസങ്ങൾ സാമൂഹ്യമാറ്റങ്ങൾ തുടങ്ങിയവ നിരീക്ഷിക്കപ്പെടുന്നു. അവിടെ ഒരു ജനതയുടെ ജീവിതം തന്നെയാണ് പ്രത്യക്ഷീകരിക്കുന്നത്. കൂട്ടായ്മയുടെ സ്വത്വത്തെ തൊട്ടറിയാൻ ഈ പാട്ടുകൾ സഹായിക്കുന്നു. അങ്ങനെ 'ഒരു കുട്ടി കേൾക്കുന്ന പാട്ടുകളും കഥകളും ചൊല്ലുകളും ആ കുട്ടിയുടെ സ്വഭാവരൂപീകരണത്തിനും ഉൾക്കാഴ്ചക്കും ഉത്തേജനമേകുന്നു'.[18] ഗഹനമായ അർത്ഥകല്പനകൾ നാടൻകുട്ടിപ്പാട്ടുകളിൽ കില്ലെന്നു വരാം. ശബ്ദഭംഗിയാണ് അതിലെ സവിശേഷത. കുരുന്നുമനസ്സുകളിൽ താളബോധവും പദബോധവും സംഗീതവും ചേർത്ത് ഭാവനാസമ്പുഷ്ഠമായ ഒരു ആസ്വാദനതലത്തെ പ്രദാനം ചെയ്യുന്ന നാടൻകുട്ടിപ്പാട്ടുകൾ സാഹിത്യാഭിരുചിയും നിരീക്ഷണപടുതയും വർദ്ധിപ്പിക്കുന്നു. 'ഭാവനയുടെ ഉദാത്തമേഖലകളിലേക്കു നയിക്കുകയെന്ന ലക്ഷ്യം ക്രീഡാവിനോദങ്ങൾക്കു പാടുന്ന 'കളിവാക്യ'ങ്ങൾക്കും ഗാനശകലങ്ങൾക്കും ഉണ്ടെന്ന് കരുതുവാൻ വഴിയില്ല. എന്നാൽ, കളിയിലും വിനോദങ്ങളിലും ഏർപ്പെടുന്നവരുടെയും അതിനു സാക്ഷ്യം വഹിക്കുന്നവരുടെയും ഉള്ളിൽ സംജാതമാകുന്ന ഭാവലയനം അനുഭവവേദ്യമാണ്'. സ്വാംശീകരണം, സമായനം എന്നീ

പ്രക്രിയയിലൂടെ (മുമ്പ്, സൂചിപ്പിച്ചിട്ടു്, പേജ് 66) ബൗദ്ധികവികാസത്തിന് ആക്കം കൂട്ടുന്നു. ഭാഷയുടെയും ചിന്തയുടെയും ആരംഭം കുറിക്കുന്ന ശൈശവഘട്ടം മുതൽതന്നെ വസ്തുതകൾ കത്തൊനും പ്രതീകാത്മക കേളികളിലും തദനു ബന്ധകളിപ്പാട്ടുകളിൽ ഏർപ്പെടാനും ഇവ നിമിത്തമാകുന്നു. പാട്ടുകളികളിലൂടെ മുതിർന്നവരുടെ സംഭാഷണങ്ങളും പ്രവർത്തനങ്ങളും അനുകരിക്കാൻ ശ്രമിക്കുന്ന തിലൂടെ സ്വന്തമായ വീക്ഷണം രൂപപ്പെടുന്നു. 'ഗഹനമായ അർഥകൽപ്പനകൾ കളി പ്പാട്ടുകളിൽ കില്ലെന്നുവരാം. ശബ്ദഭംഗിയാണ് അവയുടെ മുഖ്യ സവിശേഷത. താളബോധവും പ്രാസചമൽക്കാരവും അവയിൽ സംദൃശ്യമാണ്.

''അത്തിക്കുത്തിപ്പതിനാറ്
ആര് പറഞ്ഞു പതിനാറ്''

എന്നാരംഭിക്കുന്ന പാട്ട് 'എണ്ണൽക്കളി'ക്ക് പാടുന്നതാണ്. അതിലെ താളക്കൊഴുപ്പും അനുപ്രാസാദികളും ആകർഷകമാണ്. ചെറിയ കുട്ടികളുടെ കൈകൾ പിടിച്ച് തപ്പം കൊട്ടിച്ചു കൊ്,

''തപ്പോ-തപ്പോ-കണ്ണാടി
തപ്പുകു-ടുക്കേ-ലെന്തു-്''

എന്നിങ്ങനെ പാടാറുള്ള തപ്പാണിപ്പാട്ട്, തപ്പു കൊട്ടുന്നതിന്റെ താളത്തിന്നനുഗുണമാ യതാണ്. 'ചടുകുടു'കളിക്ക് ഉച്ചരിക്കുന്ന 'കാരകാരപ്പഴം കസ്തൂരിമാമ്പഴം' ഇത്യാദി വാക്യങ്ങളും, 'ഇട്ടീം കോലും' എന്ന കളിക്ക് ഉച്ചരിക്കുന്ന 'കത്തി കവിടി ഇട്ടി ക്കോല്' തുടങ്ങിയ വാക്യങ്ങളും അർഥവിചാരണയിൽ അസംബന്ധങ്ങളെന്നു തോന്നിയേക്കാമെങ്കിലും, ശബ്ദാലങ്കാരവും താളഭംഗിയും കലർന്നവയാണെന്ന് ആരും സമ്മതിക്കും. 'അങ്ക്ളീം ഇങ്ക്ളീം' എന്ന കളിക്ക് ചൊല്ലുന്ന 'തൊടെ് മണലെട് തൊൻ ഗണപതി' എന്ന വാക്യം, വാദ്യക്കാരുടെ വായ്ത്താരിയോട് സാദൃശ്യം വഹിക്കുന്നു'.[19] ഇങ്ങനെ നാടൻകുട്ടിപ്പാട്ടുകളിലെ താളലയങ്ങളെ എം.വി. വിഷ്ണുനമ്പൂതിരി വിലയിരുത്തുന്നു. 'ഒരു കൂട്ടായ്മ ഫോക്‌ലോറിനെക്കുറി ച്ചുള്ള നിർവ്വചനത്തെക്കുറിച്ചോ ഉൽപ്പത്തിയെക്കുറിച്ചോ ഒട്ടും ആശങ്കപ്പെടുന്നില്ല. തെക്കൻദിക്കിലുള്ള ഒരു സ്ത്രീ കുട്ടികൾക്കായുള്ള വീരഗാഥകൾ പാടുമ്പോൾ അത് വടക്കൻ പ്രദേശത്ത് നിന്ന് പ്രചരിച്ചു വന്നതാണെന്ന് അറിയുകയോ കരുതു കയോ അന്വേഷിക്കുകയോ ചെയ്യുന്നില്ല. അതേ സമയം അതിന്റെ ധർമ്മത്തെക്കു റിച്ച് അവർ ബോധവാന്മാരാണ്'.[20]

കുട്ടികളുടെ വളർച്ചാഘട്ടത്തെ പരിഗണിക്കുമ്പോൾ ബാല്യഘട്ടത്തോടെ അറിവുകളുടെ പരസ്പരബന്ധത്തെ കത്തെി മികച്ച രീതിയിൽ വർഗ്ഗീകരിക്കാനും യുക്തിപൂർവ്വം ക്രമീകരിക്കുവാനും നാടൻകുട്ടിപ്പാട്ടുകളിലൂടെ കഴിവുനേടുന്നു. കാര്യകാരണങ്ങളെ കത്തെി അപഗ്രഥിച്ച് നിഗമനങ്ങളിലെത്തിക്കാനും അതിലൂടെ

സങ്കല്പങ്ങളും ഭാവനയും മെനഞ്ഞെടുത്ത് സ്വന്തമായ ഒരു ആശയലോകം ആർജ്ജിക്കാനും നാടൻകുട്ടിപ്പാട്ടുകൾ സഹായിക്കുന്നു. ഭാഷാപരമായ ബുദ്ധി, യുക്തിപരമായ ബുദ്ധി ദൃശ്യസ്ഥലപരബുദ്ധി, സംഗീതപരബുദ്ധി ആന്തരികവൈയക്തികബുദ്ധി, അജീവീയപ്രാകൃതികബുദ്ധി, അസ്തിത്വപരബുദ്ധി, വ്യക്ത്യന്തര ബുദ്ധി തുടങ്ങി ഒരു വ്യക്തിയുടെ ബഹുമുഖവ്യക്തിത്വം അഥവാ 'ഋൗഹശേുഹല കിലേഹഹശഴലിരല' എന്ന് ആധുനികശാസ്ത്രജ്ഞർ വിശേഷിപ്പിച്ച വ്യക്തിസത്തയെ ഉണർത്തി വികസിപ്പിക്കുവാൻ ഇത് സഹായകമാകുന്നുവെന്ന് മറ്റൊരു വിധത്തിൽ പറയാം. ഇതിലൂടെ ഔപചാരികവിദ്യാഭ്യാസത്തിന് സാഹചര്യമില്ലാത്ത ജനതയ്ക്ക് പഞ്ചേന്ദ്രിയവികസനം, നിരീക്ഷണപടുത, താരതമ്യശേഷി, അപഗ്രഥനപാടവം, ക്രമാനുഗതമായ ചിന്ത, ഓർമ്മിക്കാനുള്ള കഴിവ്, യുക്തിചിന്തനം, പ്രശ്നപരിഹരണശേഷി, ഭൗതികസാമൂഹികചുറ്റുപാടുകളെക്കുറിച്ചുള്ള ധാരണ തുടങ്ങിവയിലൂടെ വ്യക്തിയെ സാമൂഹ്യജീവിതത്തിന് പ്രാപ്തമാക്കാൻ സഹായിക്കുന്നു.

ആവർത്തനസ്വഭാവം നാടൻകുട്ടിപ്പാട്ടിന്റെ മുഖമുദ്രയാണ്. എന്നാൽ ചില പാട്ടുകളിൽ പദാവർത്തനതയുടെ വൈരസ്യത്തെ ഒഴിവാക്കാനായി ചില പ്രത്യേക പദങ്ങൾ മാറ്റി മാറ്റി പ്രയോഗിക്കാറുു്. ഓർമ്മശക്തി, ശ്രദ്ധ, രസികത്വം തുടങ്ങിയവ വളർത്തിയെടുക്കാൻ ഇവ ഉപയോഗിക്കുന്നു. നിലവിലുള്ള സാമൂഹ്യചുറ്റുപാടുകളുടെ യഥാർത്ഥ അവസ്ഥയെ ബോധ്യപ്പെടുത്തി അതിലെ പ്രശ്നങ്ങളെ ഉയർത്തിക്കാണിക്കാനും പരിഷ്ക്കരണാഹ്വാനത്തിനും വരെ സഹായിക്കുന്ന നാടൻകുട്ടിപ്പാട്ടുകൾ സൃഷ്ട്യോന്മുഖതയും പ്രതികരണശേഷിയും വളർത്തി സാമൂഹികവിമർശനത്തിനും മാറ്റത്തിനും കളമൊരുക്കുന്നു.

### 3.3.1 കേട്ടെഴുതിയ പാട്ടുകൾ

കേരളത്തിനകത്തുള്ള വിവിധ പ്രദേശങ്ങളിലെ ആവേദകരിൽ നിന്ന് നേരിട്ട് കേട്ടെഴുതിയ പാട്ടുകളാണ് ഇവിടെ കൊടുക്കുന്നത്. അവരുടെ പേര്, സ്ഥലം എന്നിവ ചുവടെ കൊടുക്കുന്നു. മേൽവിലാസം പ്രബന്ധത്തിന്റെ ഒടുവിൽ രേഖപ്പെടുത്തിയിട്ടു്. പാട്ടുകൾക്ക് നൽകിയിരിക്കുന്ന നമ്പറുകളാണ് അപഗ്രഥനത്തിലും മറ്റിടങ്ങളിലും ഉപയോഗിച്ചിട്ടുള്ളത്.

1. കുളുത്തും കുടിച്ച്
കണ്ണുചിമ്മികാട്ടിൽ പോവ്വാ
കള്ളനെ കാ പടിക്ക്വോ ?

**കൊച്ചു നാരായണപ്പിള്ള, വെഞ്ഞാറമൂട്**

2. അച്ചപ്പം തിന്നാഞ്ഞിട്ടോ
അച്ഛനെക്കാണാഞ്ഞിട്ടോ
എന്താണെന്നറിയില്ല ഈ കുട്ടി
ഒട്ടുംതന്നെ വളരുന്നില്ല അയ്യോ വളരുന്നില്ല
നെയ്യപ്പം തിന്നാഞ്ഞിട്ടോ
നെയ്യുംകൂട്ടി തിന്നാഞ്ഞിട്ടോ
എന്താണെന്നറിയില്ല ഈ കുട്ടി
ഒട്ടുംതന്നെ വളരുന്നില്ല അയ്യോ വളരുന്നില്ല
പാലപ്പം തിന്നാഞ്ഞിട്ടോ
പാലിൽമുക്കി തിന്നാഞ്ഞിട്ടോ
എന്താണെന്നറിയില്ല ഈ കുട്ടി
ഒട്ടുംതന്നെ വളരുന്നില്ല അയ്യോ വളരുന്നില്ല
വെള്ളപ്പം തിന്നാഞ്ഞിട്ടോ
വെള്ളംമുക്കിക്കുടിക്കാഞ്ഞിട്ടോ
എന്താണെന്നറിയില്ല ഈ കുട്ടി
ഒട്ടുംതന്നെ വളരുന്നില്ല അയ്യോ വളരുന്നില്ല

**ഭാനുമതിയമ്മ, ഭംഗിപുരം**

3. മുറ്റത്തൊരു തെങ്ങുംേ
തെങ്ങേലൊരു പൊത്തുംേ
പൊത്തേലൊരു തത്തെംേ
തത്തയ്ക്കൊരുകുട്ടീംേ
ആ കുട്ടി കൊഞ്ചും പോലെ കൊഞ്ചായ്യോ
ആ തത്ത പാടുംപോലെ പാടായ്യോ

**ഒ. ടി. പാർവ്വതി, മൂത്തേരി**

4. ഉാരൊരു കൊച്ചുകളിപ്പന്തൽ
കൊച്ചുങ്ങൾക്കു കളിപ്പന്തൽ
ശർക്കരകൊേ തൂണെല്ലാം
കൽക്കത്താൽ തറയെല്ലാം
നല്ലകരിമ്പാൽ മേൽക്കൂര
മുറ്റം നിറയെ പഞ്ചാര
ചാരത്തുാരു കൊച്ചരുവി
തുള്ളിച്ചാടും തേനരുവി
നല്ല കരിമ്പാൽ മേൽക്കൂര
മുറ്റം നിറയെ പഞ്ചാര

**കെ. പാർവ്വതി, ഓമശ്ശേരി**

5. കാ കാ കാ കാ........
കിളി കിളി കിളി കിളി........

**ആത്മജ, പി. എം., മൂക്കം**

6. തൊൻ വീട്ടിലെന്തു്
നായ്യ്യരി വെച്ചചോറു്
കപ്പക്കവെച്ച കറിയു്
അമ്പക്കടചീരേ കൊട്ടു്

**പരമേശ്വരൻ നമ്പൂതിരി, കൊടക്കാട്**

7. പരിപ്പു കുത്തി പായസം വെച്ചേ

ഞാനുമുു മാളൂമുു
മാളുമ്മമ്മേടെ പേരെന്ത്?
മുല്ല!                മുല്ല!
മുല്ല ച്ചോട്ടിൽ കിടന്നോളെ
മുന്നായ് എണ്ണ കുടിച്ചോളെ
തപ്പോ തപ്പോ പാതാളം
തപ്പോ തപ്പോ പാതാളം

**മേരി ടീച്ചർ, പാല**

8. വരവര വരയ്ക്കിലമ്മയ്ക്ക്
ഭാഗ്യമുങ്കെിലെട്ട് വര

**ആനന്ദ് പി. എം., ഓമശ്ശേരി**

9. ആ ആന ആറാട്ട്
ഈ ഈച്ച ഈര്
ഊ ഊത്ത് ഊഞ്ഞാല്
ഏ ഏലം ഏലയ്ക്ക

**ദേവനാരായണൻ, ചാത്തമംഗലം**

10. ഉറുമ്പേ ഉറുമ്പേ എങ്ങട് പോണ്?
പാലം കടന്ന് പടിഞ്ഞാട്ടു പോണ്
എപ്പോ വെരും? ഇപ്പൊ വെരും
എതിലേ വെരും? ഇതിലേ വെരും
ഇതിലെ.................ഇതിലെ.................ഇതിലെ.................ഇതിലെ.................
കിളി കിളി കിളി കിളി
ഇക്കിളികിക്കിളംകിളികിളി

**അമ്മിണി, കൊയിലാി**

11. ഉറുമ്പോ ഉറുമ്പോ
വെളിച്ചെണ്ണക്കുടത്തിലെ ഉറുമ്പോ
പഞ്ചാരക്കുടത്തിലെ ഉറുമ്പോ
കൽക്കക്കടത്തിലെ ഉറുമ്പോ

**ജയലക്ഷ്മി, മായനാട്**

12. ആറ്റിൽ പോണോ തോട്ടിൽ പോണോ
ആനേം കുതിരേം കാൽ പേടിയുോ

**ബിന്ദു, വെസ്റ്റ്മാമ്പറ്റ**

13. ആനേനകൽ പേടീോ ഊം
കുതിരെന കാൽ പേടീോ  ഊം....ഹും
പട്ടിനെപേടിയുോ ഊം....ഹും
മുന്നാഴി മൊളക് തിന്ന്വോ? ഊം

**ബിന്ദു, വെസ്റ്റ്മാമ്പറ്റ**

14. ആഴീ തോഴീ കൈവീശ്
അപ്പംതിന്നാൻ കൈവീശ്
ആടയുടുക്കാൻ കൈവീശ്
അച്ചനെടുക്കാൻ കൈവീശ്
അമ്മയെടുക്കാൻ കൈവീശ്
മുത്തം ചാർത്താൻ കൈവീശ്
പിച്ച നടക്കാൻ കൈവീശ
പാപ്പിയെടുക്കാൻ കൈവീശ്
ആഴീ തോഴീ കൈവീശ്
അമ്മേടോമന കൈവീശ്

**ജീജ, പറപ്പൂർ**

15. കൊലകൊല മുന്തിരി
നരീ നരീ ചുറ്റിവാ

**അഞ്ജന, മാമ്പറ്റ**

16. പാവ നല്ല പാവ കണ്ണുരുട്ടും പാവ
കണ്ണടയ്ക്കും പാവ കറ കറങ്ങും പാവ
തലകുലുക്കും പാവ ചിരിചിരിക്കും പാവ
ചാടിക്കളിക്കും പാവ ആടിപ്പാടും പാവ
അമ്മ തന്ന പാവ നല്ല പൊന്നു പാവ

**ആനന്ദ്, പി.എം., ഓമശ്ശേരി**

17. കീരീ കീരീ കിണ്ണം താ....

കിണ്ണത്തിലിട്ടു കിലുക്കിത്താ....
കല്ലും മണ്ണും നീക്കിത്താ.....
നീക്കിത്താ....നീക്കിത്താ.....
കൂട, കൂട, താനേ കപ്പിത്താനേ
വൈരക്കല്ലേ ചുണ്ണാമ്പേ
കല്ലും മണ്ണും നീക്കിത്താ
നീക്കിത്താ...നീക്കിത്താ.......

**ജാനകിയമ്മ, മേപ്പള്ളി**

18. ഓടുന്നുോടുന്നുേ മാണിക്കചെമ്പഴുക്കാ
തൊട്ടതറിയാതെ മാണിക്കചെമ്പഴുക്കാ
എന്റെ വലംകയ്യിലെ മാണിക്കചെമ്പഴുക്ക
എന്റെയിടംകയ്യിലെ മാണിക്കചെമ്പഴുക്കാ
രു വലത്തു വന്നേ മാണിക്ക ചെമ്പഴുക്കാ
എന്റെ വലങ്കയ്യിലെ മാണിക്കചെമ്പഴുക്കാ
എന്റെയിടം കയ്യിലെ മാണിക്കചെമ്പഴുക്കാ
മൂന്നുവലത്തുവന്നേ മാണിക്കചെമ്പഴുക്കാ
പത്തു ..........................

**ഗംഗ, പറപ്പൂർ**

19. സൈനബാ ബസ്സിൽ കേറി വള കിലുക്കി
എന്തു വള–കുപ്പിവള
എന്തു കുപ്പി–പാലുംകുപ്പി
എന്തു പാല്–ആട്ടും പാല്
എന്താട്– കോലാട്
എന്ത് കോല്– ചെക്കോല്
എന്തു ചെ– മരഞ്ചെ
എന്ത് മരം– വീട്ടിമരം
എന്ത് വീട്ടി– കടം വീട്ടി.
ഗോപാലന്റെ ...... കടം...... വീട്ടി

**സൂര്യ, സി., പത്തനാപുരം**

20. സെയ് സെയ് സൈനബാ
ബസ്സിൽ കേറി വള കിലുക്കി
എന്ത് വള? കുപ്പിവള
എന്ത് കുപ്പി? പാലും കുപ്പി
എന്ത് പാല്? ആട്ടിൻപാല്
എന്ത് ആട്? തള്ളയാട്
എന്ത് തള്ള? ചേമ്പിൻ തള്ള
എന്ത് ചേമ്പ്? പുള്ളിച്ചേമ്പ്
എന്ത് പുള്ളി? പാമ്പിൻ പുള്ളി
എന്ത് പാമ്പ്? കടിയ്ക്കും പാമ്പ്
എന്ത് കടി? ചായേടെ കടി
എന്ത് ചായ? കട്ടൻ ചായ

**സൂര്യ, സി., പത്തനാപുരം**

21. അണ്ണാറക്കണ്ണാ എങ്ങോട്ടാ? അങ്ങാടിക്ക്
എന്ത് സാധനം വാങ്ങാനാ? മിഠായി വാങ്ങാനാ.
ഞാനും പോരട്ടെ? ഏന്തച്ചി നൊണച്ചി
അബ്ബാക്കാനേ കാണണം ര് രൂപാ വാങ്ങേണം
ര് പെണ്ണിനെ കെട്ടേണം മൂലയ്ക്കിട്ട് ചവിട്ടേണം.

**സൂര്യ, സി., പത്തനാപുരം**

22. സാ. സീ. സൂ... അമ്പടിയ്ക്കെടി
തുമ്പടിയ്ക്കെടി പുറമടിയ്ക്കെടി
വലതടിയ്ക്കെടി ഇടതടിയ്ക്കെടി
സാ...സീ...സൂ.....

**സൂര്യ, സി., പത്തനാപുരം**

23. എന്തോന്ന് ചാന്തോന്ന് ചാന്തെങ്കിൽ മണക്കൂലെ
മണക്കുന്ന പൂവല്ലേ പൂവെങ്കിൽ കെട്ടൂലേ
കെട്ടുന്ന കയറല്ലേ കയറെങ്കിൽ ചുറ്റൂലേ
ചുറ്റുന്ന പാമ്പല്ലേ പാമ്പെങ്കിൽ കൊത്തൂലേ
കൊത്തുന്ന കോഴ്യല്ലേ കൊ ക്കൊക്കോ കോക്കരക്കോ.

**സൂര്യ, സി., പത്തനാപുരം**

24. തൊടെ് മണലെട്
തൊൻ ഗണപതി

**ഉണ്ണിക്കുറുപ്പ്, ഉള്ള്യേരി**

25. ആരാതാ പോകുന്നു ആലങ്ങാട്ടെ മൂര്യല്ലേ
മൂര്യാണേൽ കുത്തൂലേ കുത്തുന്നത് തേളല്ലേ
തേളാണേൽ കടയൂലേ കടയുന്നത് മോരല്ലേ
മോരാണേൽ പുളിക്കൂലേ പുളിക്കുന്നത്പുളിങ്ങ്യല്ലേ
പുളിങ്ങ്യാണേൽ തൂങ്ങൂലേ തൂങ്ങുന്നത് വാവലല്ലേ

**ശ്രീക്കുട്ടി, താമരശ്ശേരി**

26. അക്കിളിയിക്കിളി ചുങ്ങവെട്ടി
പഴുപ്പിക്കാനെന്തെല്ലാം വേണം
തേനേ... പാലേ... പഴം.

**പാർവ്വതി, മൂത്തേരി**

27. അണ്ണാൻ തൊണ്ണൻ തോട്ടത്തീച്ചെന്നു
സീത പറിച്ചു തോളേലിട്ടു
ആശ്യ ഈശ്യ വെടി മണം പൊക

**അനഘ, ഓമശ്ശേരി**

28. അക്കീലിക്കീലോലാങ്കണ്ണി
പൊട്ടിക്കണ്ണി ക്ലും

**വി.കെ. സോമശേഖരൻ, അന്നൂർ**

29. കാശി കബഡി ഇന്ത്രുപാൽ
അമൃത് വെള്ളം ഇന്ദ്രുപാൽ

**വി.കെ. സോമശേഖരൻ, അന്നൂർ**

30. കീച്ചി കീച്ചി പുന്തോലം
ആരു പറഞ്ഞു പൂന്തോലം
ഞാൻ പറഞ്ഞൂ പൂന്തോലം
പൂന്തോലുങ്കിലെണ്ണിക്കോ

**വി.കെ. സോമശേഖരൻ, അന്നൂർ**

31. ചില്ലിതെങ്ങിന്റോലിം വെട്ടി
ചില്ലക്കോം ചില്ലക്കോം ചില്ലക്കോം

**വി.കെ. സോമശേഖരൻ, അന്നൂർ**

32. എന്നാമിന്നാ മൈനമ്പ്
കൂട്കെട്ടി കൈലാസം
ടി.ടി.മൈനാമ്പ്

**വി.കെ. സോമശേഖരൻ, അന്നൂർ**

33. അത്തിക്കുത്തി പതിനാറ്
ആര്പറഞ്ഞൂ പതിനാറ്
ഞാൻ പറഞ്ഞൂ പതിനാറ്
പതിനാറ്ല്ലെങ്കിലെണ്ണിക്കോ

**വി.കെ. സോമശേഖരൻ, അന്നൂർ**

34. അത്തളപിത്തള തവളാച്ചി
ചൂക്കുമരക്കുന്ന ചൂളാച്ചി
മറിയംവന്നു വിളക്കൂതി
അയ്യോസാറേ മണിക്കോട്

**മറിയാമ്മച്ചേടത്തി, കോട്ടയം**

35. ഞാനെണ്ണ നീയെണ്ണ
നീയെണ്ണ പിണ്ണാക്ക്

**അനഘ, ഓമശ്ശേരി**

36. കീരി കീരി കിണ്ണം താ
കിണ്ണത്തിലിട്ടു കിലുക്കിത്താ
കല്ലും മുള്ളുംപോക്കിത്താ
കല്ലായ്പാലം കടത്തിത്താ
എന്റെമോളെ കെട്ടുമ്പം
പത്തോനൂറോ കീരി വരും
കീരിക്കെടുക്കോളം പൊന്നുവരും
പൊന്നിട്ട പത്തായോം പെട്ടീം വരും
പിച്ചള താക്കോലൊളിച്ചും വരും

**ജാനകിയമ്മ, മേപ്പള്ളി**

37. മണ്ക്കണതെന്തെടോ മണക്കിണതു പൂവല്ല്യോ
പൂവെങ്കില് ചൂടൂലേ ചൂടണത് കൊടയല്ലോ
കൊടയെങ്കില് കെട്ടൂല്ലോ കെട്ട്ണത് പയ്യല്ലോ
പയ്യെങ്കില് ചുറ്റൂല്ലോ ചുറ്റണത് ചക്കല്ല്യോ
ചക്കെങ്കിലാടൂല്ലോ ആടണത് പാമ്പല്ല്യോ
പാമ്പെങ്കില് എരയ്ക്കൂല്ല്യോ എരയ്ക്കണത് കടലല്ല്യോ
കടലെങ്കില് മിന്നൂല്ലോ മിന്നുണത് വാളല്ല്യോ
വാളെങ്കില് വെട്ടൂല്ലോ വെട്ട്ണത് പോത്തല്ല്യോ
പോത്തെങ്കില് കെട്ടൂല്ലോ കെട്ട്ണത് പെണ്ണല്ല്യോ

**രവീന്ദ്രൻമാസ്റ്റർ, ചേർത്തല**

38. ഉറുമ്പേ ഉറുമ്പേ ഉറുമ്പിൻ്റച്ഛൻ
എങ്കടാചൊല്ല് കൂനം കുളത്തില്
കുളിയ്ക്കാൻ പോയി
കൂനം കുളം എങ്ങട്ട് പോയി
വീട്ടിക്കാടിൻ്റെ മറവിൽചെല്ല്
വീട്ടിക്കാടിനെ വെട്ടിച്ചുട്ടു
വെട്ടിച്ചുട്ട വെണ്ണീരെവിടെ?
ഇവിടെ ഇവിടെ ഇവിടെ ഇവിടെ

**കൊച്ചുനാരായണപിള്ള, വെഞ്ഞാറമൂട്**

39. ആരാണയിലെ പോണത്?
കാഞ്ഞങ്ങാട്ടെ മൂര്യല്ലേ
മൂര്യാണെങ്കില് കുത്തൂല്ലേ
കുത്തുന്നത് കൊമ്പല്ലേ
കൊമ്പാണെങ്കില് ഞേരൂല്ലേ
ഞേരുന്നത് പാമ്പല്ലേ
പാമ്പാണെങ്കില് കടിയ്ക്കൂല്ലേ
കടിക്കുന്നത് നായ്യല്ലേ
നായാണെങ്കില് തുള്ളൂല്ലേ
തുള്ളുന്നത് തെയ്യല്ലേ

**പി. കെ. സതീശൻ, തളിപ്പറമ്പ്**

40. അത്തിൾ–ഇത്തിൾ
പറങ്കിപ്പാളെ കെട്ടുമ–ശെട്ടുമ ശശ..!

**കൊച്ചുനാരായണപിള്ള, വെഞ്ഞാറമൂട്**

41. അത്തളിയിത്തളി
പറങ്കിത്താളി
സെറ്റുമ സെറ്റുമസൈ

**വി. കെ. സോമശേഖരൻ, അന്നൂർ**

42. അയ്യെട മനമേ കതീന വെടിയേ
കൊളുത്തുമ്പം കത്തും
കത്തുമ്പം കേൾക്കാം... ശി. പു.. ഠോ.
അയ്യെട മനമേ തീപ്പെട്ടിക്കോലേ
ഓരയ്ക്കുമ്പം കാണാം ശ്... ശ്.. തീ..

**ചിത്തു കയ്യിട്ടാപ്പൊയിൻ**

43. ഉറുമ്പോ ഉറുമ്പോ – ഇട്ടിപ്രാച്ചീ
ഉറുമ്പിൻ്റെ മടേലെന്തു വീണു ?
ഉറുമ്പിൻ്റെ മടേൽ ചക്ക വീണു!
ചക്കയെന്ത്യേ ? കള്ളൻ കട്ടു
കള്ളനെന്ത്യേ? കാട്ടിക്കേറി
കാടെന്ത്യേ? വെട്ടിച്ചുട്ടു
ചാരമെന്ത്യേ? കിണ്ണം തേച്ചു
കിണ്ണമെന്ത്യേ ? കൊളത്തീപ്പോയ്
കൊളമെന്ത്യേ ? വെട്ടിമൂടി
പിന്ന്യെന്തേ? പുല്ലുമൊളച്ചു
എന്തുമൊളച്ചൂ ? പുല്ലുമൊളച്ചു
പുല്ലെന്ത്യേ ? പശുതിന്നു
പശുവെന്ത്യേ? മൊതലപിടിച്ചൂ
മൊതലയെന്ത്യേ ? തല്ലിക്കൊന്നു
ശവമെന്ത്യേ? ഉറമ്പരിച്ചൂ
ഉറുമ്പെന്ത്യേ? ദേ പോണ്! ........ ദേ പോണ് !

**ശ്രീക്കുട്ടി, മണാശ്ശേരി**

44. ഊഞ്ഞാലോ – ചക്കിയമ്മ
ചക്കിയമ്മ – മുട്ടയിട്ടു
മുട്ടതോടി – തോട്ടിലിട്ടു
തോടുവെട്ടി – കൈതനട്ടു
കൈതയൊരു – പൂവുതന്നേ
പൂവുകൊ് – പന്തലിട്ടേ
പന്തലിൻമേൽ – കൂൺമുളച്ചേ
കൂണെടുത്ത് – തൂണുനാട്ടി
തൂണൊടിഞ്ഞ് – ആനചത്തേ
അയ്യന്റപ്പോ – ആനചത്തേ
കരയാതെൻ – കുഞ്ഞിമാളൂ
ആനകുഴി – യാനയാണേ.

**പാർവ്വതി, ഓമശ്ശേരി**

45. ഡും...ഡും......

| | |
|---|---|
| ആരാണ്? | മാലാഖ |
| എന്തിന് വന്നു? | എഴുത്തെഴുതാൻ |
| എന്തെഴുത്ത്? | തലേലെഴുത്ത് |
| എന്തു തല? | മൊട്ടത്തല |
| എന്ത് മൊട്ട? | കോഴി മൊട്ട |
| എന്ത് കോഴി? | പൂവൻ കോഴി |
| എന്ത് പൂവൻ? | ചെത്തിപ്പൂവൻ |
| എന്ത് ചെത്തി? | കാട്ടുചെത്തി |
| എന്ത് കാട്? | പട്ടിക്കാട് |
| എന്ത് പട്ടി? | പേപ്പട്ടി |
| എന്ത് പേ ? | പെപ്പര പെപ്പര പെപ്പരപ്പേ |

പെപ്പര പെപ്പര പെപ്പർപ്പേ..

**അനഘ, പി. എം**

46. ഇല്ലെനിക്കും കോഴി
എന്തുകോഴി പൂപ്പാരക്കോഴി
എന്തു പൂവ് ? തെറ്റിപ്പൂവ്
എന്തു തെറ്റി ? കാട്ടു തെറ്റി
എന്തു കാട് ? ഇടക്കാട്
എന്തിട ? കല്ലിട
എന്തുകല്ല് ? നീർക്കല്ല്
എന്ത് നീർ ? പനനീർ
എന്ത് പന ? ഏറ്റുപന
എന്തേറ്റ് ? കൊടിയേറ്റ്
എന്ത് കൊടി ? വെറ്റക്കൊടി
എന്ത് വെറ്റ? കണിവെറ്റ
എന്ത് കണി? വിഷുക്കണി

**കൊച്ചുനാരായണപിള്ള, വെഞ്ഞാറമൂട്**

47. കാറ്റേ കാറ്റേ
എങ്ങടു പോണൂ? തെക്കേ പോണൂ
എന്തിനു പോണൂ ? തീയ്ക്കു പോണൂ.
എന്തു തീയ്? ഉമിത്തീയ്
എന്തുമീ? നീറുമീ.
എന്തു നീറ്? പനനീറ്
എന്തു പന? ഏറ്റു പന
എന്തേറ്റ്? കൊടിയേറ്റ്.

**ഉമാദേവി അന്തർജ്ജനം, താമരശ്ശേരി**

48. ആരാ പോണേ ആരാന്റ്യമ്മ

| | |
|---|---|
| മടീലെന്ത്? | നാഴിപ്പയറ് |
| എന്തിന് കൂട്ടാൻ? | കഞ്ഞിയ്ക്ക്കൂട്ടാൻ |
| എന്തുകഞ്ഞി? | പഴങ്കഞ്ഞി |
| എന്തുപഴം? | പൂവൻ പഴം |
| എന്ത് പൂവൻ? | കോഴിപ്പൂവൻ |
| എന്ത് പൂവ്? | ചെത്തിപ്പൂവ് |
| എന്ത്ചെത്തി? | കാട്ടുചെത്തി |

എന്ത്കാട്? പട്ടിക്കാട്
എന്ത് പട്ടി? പേപ്പട്ടി
എന്ത് പേ? പെപ്പരംപേ പെപ്പരംപേ

**നാരായണൻ മാസ്റ്റർ, മൈത്ര**

49. എന്റുണ്ണീടമ്മയിന്നെങ്ങട്ട് പോയി–വിറക് വെട്ടാൻ
എന്റുണ്ണീക്കെന്തു തന്നേച്ചുംപോയി–നായി നുറുങ്ങേരി
എന്റുണ്ണീയെന്തിലേ വെച്ചു–കുട്ട്യൂരുളീല്
കുട്ട്യൂരുളി ഏട്ത്തു–കള്ളൻ കട്ട്വോയ്
ആ കള്ളെനേട്ത്തു–കഴൂലേറ്റി
ആ കഴുവേട്ത്തൂ–വെട്ടിച്ചുട്ട് വെണ്ണീറാക്കി
ആ വെണ്ണീറെട്ത്തൂ–പാത്രം തേച്ചു
ആ പാത്രേട്ത്തൂ–പുയേലൊഴുക്കി
ആ പുഴയേട്ത്തൂ–കല്ലുംമുള്ളൂട്ട് തട്ടിത്തൂർത്തു

**ദേവകി, ഉഗ്രപുരം**

50. അങ്ങേ വയലിപ്പോയ് ഇങ്ങേവയലിപ്പോയ്
അഞ്ചിപ്പോയ് തുഞ്ചിപ്പോയ്
താന്ത് കെളന്ത് കമന്ത് മലന്ത്
നെടുങ്കി കിലുങ്കി തങ്ങളി വാതട്ടി
തങ്ങളി തലതട്ടി കൊത്തി പൊരുതി
പറക്കും പക്ഷി പൈങ്കിളിയേ
അക്കിളി ചെറുകിളി
താമരപൈങ്കിളി താലോലംകിളി താലക്കിളി

**ആർ സി. കരിപ്പത്ത്**

51. അച്ഛൻ വിളിക്കുന്നു കച്ചമുറിയ്ക്കുന്നു
പോകാനിടം തരിക തോഴിമാരേ
അച്ഛൻ വിളിയ്ക്കട്ടെ കച്ച മുറിയ്ക്കട്ടെ
താനിപ്പോൾ പോക ചെമ്പരുന്തേ
അമ്മ വിളിയ്ക്കുന്നു അരകല്ലിൽ വിളമ്പുന്നു
പോകാനിടം തരിക തോഴിമാരേ
അമ്മ വിളിയ്ക്കട്ടെ അരകല്ലിൻ വിളമ്പട്ടെ
താനിപ്പോൾ പോക ചെമ്പരുന്തേ
അമ്മാമൻ വിളിയ്ക്കുന്നു ഈർക്കിലി പെനയുന്നു
പോകാനിടം തരിക തോഴിമാരെ
അമ്മാമൻ വിളിയ്ക്കട്ടെ ഈർക്കിലി പെനയട്ടെ
താനിപ്പോൾ പോക ചെമ്പരുന്തേ

**കൊച്ചുനാരായണപ്പിള്ള, വെഞ്ഞാറമൂട്**

52. അമ്മ വിളിയ്ക്കുന്നു അമ്മിഞ്ഞനീട്ടുന്നു
പോവാൻ വഴിതായോ തോഴിമാരെ....................
അമ്മ വിളിയ്ക്കട്ടെ അമ്മിഞ്ഞ നീട്ടട്ടെ
പോവാൻ വഴിയില്ല ചെമ്പരുത്തീ
അച്ഛൻ വിളിക്കുന്നു കച്ച മുറിയ്ക്കുന്നു
പോവാൻ വഴിതായോ തോഴിമാരെ....................
അച്ഛൻ വിളിക്കട്ടെ കച്ച മുറിയ്ക്കട്ടെ
പോവാൻ വഴിയില്ല ചെമ്പരത്തി....................
അമ്മാവൻ വിളിക്കുന്നു സമ്മാനം നീട്ടുന്നു
പോവാൻ വഴിതായോ തോഴിമാരെ....................
അമ്മാവൻ വിളിക്കട്ടെ സമ്മാനം നീട്ടട്ടെ
പോവാൻ വഴിയില്ല ചെമ്പരത്തി....................
വലിയണ്ണൻ വിളിക്കുന്നു കണ്ണുകൾ ചോക്കുന്നു
പോവാൻ വഴിതായോ തോഴിമാരെ....................
വലിയണ്ണൻ വിളിക്കട്ടെ കണ്ണുകൾ ചോക്കട്ടെ
പോവാൻ വഴിയില്ല ചെമ്പരത്തി....................
കൊച്ചണ്ണൻ വിളിക്കുന്നു കൊച്ചീർക്കിൽ ചെനയ്ക്കുന്നു
പോവാൻ വഴിതായോ തോഴിമാരെ....................
കൊച്ചണ്ണൻ വിളിക്കട്ടെ കൊച്ചീർക്കിൽ ചെനയ്ക്കട്ടെ
പോവാൻ വഴിയില്ല ചെമ്പരത്തി....................

**ഗീത, വെഞ്ഞാറമൂട്**

53. തലമുടികാട്ടിനടന്നാല്
പെണ്ണുങ്ങൾക്കുള്ളൊരുഹാല്

തീയ്യാലുള്ളൊരു മക്കനെയിട്ട്
നടക്കണമവരുടെ ഗതികേട്

**ജമീല, കൊാേട്ടി**

54. ഒന്നാംതല്ലിപ്പാറ്റി
രാം തല്ലി പാറ്റി
മൂന്നാം തല്ലിപ്പാറ്റി
നാലാം തല്ലിപ്പാറ്റി
അഞ്ചാം തല്ലിപ്പാറ്റി
ആറാം തല്ലിപ്പാറ്റി
ഏഴാം തല്ലിപ്പാറ്റി
എട്ടുകെട്ട് താമരമൊട്ട്
വൈക്കത്തപ്പാ കോതേച്ചി
കോതക്കുളങ്ങരെ കുളിക്കാൻ ചെന്നപ്പം
വെള്ളൂരപ്പന്റെ വെള്ളിക്കിണ്ണം
തല്ലിപ്പൊട്ടിച്ചു കുപ്പേലാക്കി
കുപ്പ കിളച്ചു ഓടുപെറുക്കി
കാളക്കാരൻ കേറിയിറങ്ങി
ആയിരം വാള കടമൊന്ന്

**നിത. എൻ. നായർ., വെസ്റ്റ്മാമ്പറ്റ**

55. ഒന്നും തല്ലിപാറ്റ
രും തല്ലി. പാറ്റ
മൂന്നും തല്ലി ... പാറ്റ
നാലും തല്ലി പാറ്റ
അഞ്ചു തല്ലി പാറ്റ
ആറും തല്ലി... പാറ്റ
ഏഴും തല്ലി... പാറ്റ
എട്ടോമുട്ടോ താമരമൊട്ടോ
വൈക്കത്തച്ചീ കോതയച്ചീ
കോതുക്കുളങ്ങര കുളിക്കാൻ ചെന്നപ്പം
വെള്ളിക്കിണ്ണം തല്ലിപ്പൊട്ടി
ച്ചുപ്പേലിട്ടു ഉപ്പക്കാരൻ
ഭാഷ പറഞ്ഞു ഭാഷമാരത്തോൺ
പഴക്കുല ഒന്ന്
പഴക്കുല ര്
...........................
..........................
പഴക്കുല ....എട്ട്

**ആതിര. എം. കയ്യിട്ടാപ്പൊയിൽ**

56. പൂ പറിക്കാൻ പോരുമോ
പോരുമോ അതി രാവിലെ
ആരെ നിങ്ങൾക്കാവശ്യം (2)
ആവശ്യം അതിരാവിലെ
കോതയെ ഞങ്ങൾക്കാവശ്യം (2)
ആവശ്യം അതിരാവിലെ
ആരവളെ കൊു പോകും (2)
കൊു പോകും അതിരാവിലെ
കൊുപോകും കൊുപോകും
ഞാനവളെ കൊുപോകും
ആന പിടിച്ചു വലിച്ചാലും ആളു പിടിച്ചു വലിച്ചാലും
ആനച്ചങ്ങല കൊന്നൊലും ഞങ്ങടെ പെണ്ണിനെ കിട്ടൂലാ

**ബേബി ശാലിനി, പൊറ്റശ്ശേരി**

57. കറ്റക്കറ്റക്കയറിട്ടു
കയറാലൊന്നു വലിച്ചിട്ടു
കിട്ട്യോൻ കിട്ട്യോനോടിക്കോ

**പരമേശ്വരൻ നമ്പൂതിരി, ഷോളയൂർ**

58. അപ്പച്ചെ് ഇപ്പച്ചെ് ആരേൽക്കും
ഞാനൂന്റെ കുരിക്കളും താനേൽക്കും
ഏറ്റോന് ഏറൂല പിടിയൂല്ല
59. കാര കാരപ്പഴം കസ്തൂരി മാമ്പഴം

കാലോടിക്കണം കൈയ്യോ് വാരണം
വാരണം വാരണം
ചടുകുടു ചടുകുടു ചടുകുടു

60. അക്കാ പുക്കാ ചെമ്മാകണ്ണീ
എത്തേകൈമ്മൽ താരോ പീരോ

61. അപ്പച്ചിപ്പച്ചോരേകും
ഞാനൂംന്റെകുരിക്കളും താനേകും
എറോന്റമ്മേരെ പാച്ചക്കുര്യ

62. ചടുകുടു കുടു കുടു കാക്കാപ്പീലി
കാരകാരപ്പഴം കസ്തൂരിമാമ്പഴം
കാലോംടിയ്ക്കണം കയ്യോുവാരണം
വാരണം വാരണം വാരണം

63. കത്തി–കവിടി–ഇട്ടി–കോല്
നാരങ്ങ–തറിമുറി നായീനാ–പിടിപിടി

64. അങ്കിളി ഇങ്കിളി പൊന്നാരോ കോക്കയ്യ
നിങ്ങളിലാരെല്ലാം ഞങ്ങളിലെല്ലാരും
തടുക്കും തടിയെടുത്തും
........................പിടിച്ചുകുത്ത്

65. ആട്ടങ്ങ തോട്ടങ്ങ വീലിട്ട്
ചവിട്ടിപ്പൊട്ടിച്ചു സമാ സുമ സൂസ്

**പരമേശ്വരൻ നമ്പൂതിരി, ഷോളയൂർ**

66. അട്ടാചൊട്ട ഉമ്മിണ്ണിചൊട്ടാ
പയ്യൻ കുടുക്കേ–ലയ്യൻ തൂറി
പിഞ്ഞാണം വീത്തി–കാ ക്കാ

**കെ. വി. ശ്രീധരൻ, മാമ്പറ്റ**

67. തീപ്പെട്ടിപ്പൊട്ടാമസ്
എന്താകളർ?
മഞ്ഞ .............. ഹൂ....

**ആത്മജ. പി. എം. ഓമശ്ശേരി**

68. ഒറു മറത്തെ
ഒറു മറത്തെ ഊഞ്ചൽക്കെട്ടി
ര് മറത്തെ ഒസ്സാത്തിക്കെട്ടി
ഊഞ്ചലിലെ ആട്ടുങ്കിളി
ആൺ കിളിയോ പെൺകിളിയോ
മൂന്നു മറത്തെ ഊഞ്ചൽക്കെട്ടി
നാലു മറത്തെ ഒസ്സാത്തിക്കെട്ടി
ഊഞ്ചലിലെ ആട്ടുങ്കിളി
ആൺ കിളിയോ പെൺകിളിയോ
അഞ്ച് മറത്തെ ഊഞ്ചൽക്കെട്ടി
ആറു മറത്തെ ഒസ്സാത്തിക്കെട്ടി
ഊഞ്ചലിലെ ആട്ടുങ്കിളി
ആൺ കിളിയോ പെൺകിളിയോ

**പരമേശ്വരൻ നമ്പൂതിരി, ഷോളയൂർ**

69. ഊഞ്ഞാലാടാൻ വാടി പെണ്ണേ
നല്ലപെണ്ണേ തങ്കക്കൊടി
എനിക്കെന്റെ കാൽ കുഴഞ്ഞു
ഒരടിയും നടക്കാൻ മേലെ....
എനിക്കിരിക്കും കിഴക്കൻ ചേല
എടുത്തുടനെ കൊടുക്കിനമ്മേ
നല്ല പെണ്ണേ തങ്കക്കൊടി
ഇനിയെങ്കിലും വാടീ പെണ്ണേ
ഊഞ്ഞാലാടാൻ വാടീ പെണ്ണേ
നല്ല പെണ്ണേ തങ്കക്കൊടി.....

**കൊച്ചുനാരായണപ്പിള്ള, വെഞ്ഞാറമൂട്**

70. ഒന്നാം കൂരിതമ്പുരാനൊരു
പള്ളിമാടം വെയ്ക്കേണം
പള്ളിമാടം വെച്ചാപ്പോരാ

പള്ളിവേട്ടയാടേണം
പള്ളിവേട്ടയാടി വരുമ്പം
പുള്ളിമാന്റെ ചാട്ടം കി–
ട്ടമ്പും വില്ലും തുള്ളട്ടെ !
തുള്ളട്ടങ്ങനെ തുള്ളട്ടെ !
അമ്പും വില്ലും തുള്ളട്ടെ

**സുഭാഷ്, വയനാട്**

71. ഒന്നാം മാനം കൊമ്പത്താലാടി വാടീ തോഴീ...
ആടി വാടീ തോഴീ പാടി വാടീ തൊഴീ
അന്നലിട്ട പൊന്നൂഞ്ഞാലിലാടി വാടീ തോഴീ
ആടി വാടീ തോഴി പാടി വാടീ തോഴീ
രാം മാനം പൊന്നൂഞ്ഞാലിലാടി വാടീ തോഴീ
.....................................................................................
.....................................................................................
പത്താം പൊന്നൂഞ്ഞാലിലാടി വാടീ തോഴീ
ആടി വാടീ തോഴി പാടി വാടീ തോഴീ
അന്നലിട്ട പൊന്നൂഞ്ഞാലിലാടി വാടീ തോഴീ
ആടി വാടീ തോഴി പാടി വാടീ തോഴീ

**സിവിക് കൊടക്കാട്, കാസർകോഡ്**

72. ഊഞ്ഞാലോ മക്കാണി ഉരിയനെല്ല് പാച്ചോറ്
ഉ് ഇരിക്കുമ്പം ഓണം വന്ന് മുട്ടൂട്ടോ
ഊഞ്ഞാലാടാൻ വാടീ പെണ്ണേ
നല്ലപെണ്ണേ തങ്കക്കൊടീ
എനിക്കെന്റെ കാൽ കൊയഞ്ഞ്
ഒരടിയും നടക്കാൻ മേലേ
എനിക്കിരിക്കും കൊയക്കൻ ചേല
എടുത്തുടനേ കൊടുക്കിനമ്മേ
ഇനിയെങ്കിലും വാടിപെണ്ണേ
നല്ലപെണ്ണേ തങ്കക്കൊടീ

**കൊച്ചുനാരായണപ്പിള്ള, വെഞ്ഞാറമൂട്**

73. ഒന്നാകും കുന്നിലും ഓരടിക്കുന്നിലും
ഒന്നല്ലോ കന്യമാർ പാല നട്ടേ
പാലയ്ക്കിലവന്നു പൂവന്നു കാവന്നു
പാലയ്ക്കു നീർകൊട് പാർവ്വതിയേ
തക്കമിടും തെയ്യം താളമിടും തെയ്യം
താളത്തിനൊത്തമേളമിടും തെയ്യം

**പാർവ്വതി, മുത്തേരി**

74. ഒന്നാനാം മതിലകത്ത്
ഒന്നിലല്ലോ പൂത്തിലഞ്ഞി
ആയിലഞ്ഞിപ്പൂവിറുക്കാൻ
ഓടിവായോ തോഴിമാരേ
ഒന്നാനാം കൊച്ചുമുല്ലേൽ
ആടുപെണ്ണേ ചെമ്പഴുക്ക
മോരിലരി കഴുകി നെയ്യിൽ കടുവറുത്ത്
ആ കറിയിക്ക് സ്വാദുപറ്റി
മാരനെന്നെ മാലയിട്ടു
ഇരട്ടമാല വരണമാല പത്തുനൂറു തുളസിമാല
മാലയങ്ങു വീണുപോയി
മാരനെന്നെ കൈവെടിഞ്ഞു
കുനിന്ന മങ്കമാരേ
വായ്ക്കുരവയിട്ടുകൊൾവിൻ

**രാധടീച്ചർ, ഗുരുവായൂർ**

75. ഒന്നാനാം കുന്നിന്മേൽ ഓരടിക്കുന്നിന്മേൽ
ഒന്നല്ലോ പാർവ്വതി പാലനട്ടു
പാലയ്ക്കിലവന്നു പൂവന്നു കാവന്നു
പാലയ്ക്കു നീർകൊട് പാർവ്വതിയേ
രാം ...............
പത്താം ...............

**രാധാമണി, ചൂലൂർ**

76. ഒന്നാം വളി നടന്തു ഓരു വാകാപ്പൂവെടുത്തു
പൂവെടുത്തു പെട്ടിയിലിട്ടു പൊന്നോമന തേവക്കന്നി
രാം.....................
പത്താം വളി നടന്തു ഓരു വാകാപ്പൂവെടുത്തു
പൂവെടുത്തു പെട്ടിയിലിട്ടു പൊന്നോമന തേവക്കന്നി

**സുഭാഷ്, വയനാട്**

77. ഒന്നാനാം പാൽക്കടൽ തന്നിലങ്ങോമന
പെണ്ണുങ്ങൾ രിനോടും
നന്നായി പള്ളികൊീടുന്ന നായകൻ
നമ്മുടെ നാരായണൻ
ഒന്നാനാം തിരുവനന്തപുരത്തു
മൗവണ്ണം പള്ളികൊള്ളും
ഒന്നാമനോ മറക്കാരണൻ
ശ്രീപത്മനാഭൻ തുണച്ചിടേണം
രാനാം..............
പത്താനാം ................

**ഗീത, വെഞ്ഞാറമൂട്**

78. ഒന്നേ ഒന്നേപോൽ
ഒന്നായ സൂര്യനെ കൈതൊഴുവിൻ
രേ രേ പോൽ
ചുറ്റുന്ന ഭൂമിയെ തൊട്ടുനിൽക്കിൻ
മൂന്നേ മൂന്നേ പോൽ
മൂന്നു കാലങ്ങളുമോർത്തു ചൊൽവിൻ
നാലേ നാലേ പോൽ
നാലു വേദങ്ങളും ചേർത്തു ചൊൽവിൻ
അഞ്ചേ അഞ്ചേ പോൽ
പഞ്ചഭൂതങ്ങളെ വാഴ്ത്തികൊൾവിൻ
ആറേ ആറേ പോൽ
ആറു ഋതുക്കളും പാടിക്കൊള്ളിൻ
ഏഴേ ഏഴേ പോൽ
ഏഴു കടലുകൾ താിപ്പോരിൽ
എട്ടേ എട്ടേ പോൽ
എട്ടു ദിക്കും ജയിച്ചു പോരിൻ
ഒന്നുതൊട്ടൊമ്പതുമെണ്ണിയെണ്ണി
ഓരോ രസവും രസിച്ചു കൊള്ളിൻ

പത്തവതാരവും എന്തിനെന്ന്
യുക്തിയാൽ ഭക്തിയെ ശുദ്ധിചെയ്വിൻ

**ദേവകി അന്തർജ്ജനം, താമരശ്ശേരി**

79. ഒന്നേ ഒന്നേ പോൽ ഒമ്പതാം നാളായി തിരുവാതിര
രഠേ രഠേ പോൽ രാവും പകലും തിരുവാതിര
മൂന്നേ മൂന്നേ പോൽ മൂവാളുപൊക്കത്തിലൂഞ്ഞാലിട്ടു
നാലേ നാലേ പോൽ നാടു മുഴങ്ങുന്ന പാട്ടും പാടി
അഞ്ചേ അഞ്ചേ പോൽ അഞ്ചാതെ നാരീജനങ്ങളെല്ലാം
ആറേ ആറേ പോൽ ആറ്റിലിറങ്ങി കുളിതൊടങ്ങി
ഏഴേ ഏഴേ പോൽ എല്ലാരും കൂടി കുളിച്ചു കേറി
എട്ടേ എട്ടേ പോൽ എട്ടുപുടവ ഞൊറിഞ്ഞുടുത്തു
ഒമ്പതേ ഒമ്പതേ പോൽ ഓമനപ്പെണ്ണുങ്ങൾ നോറ്റിരുന്നു
പത്തേ പത്തേ പോൽ ഭർത്താവുമായി സുഖിച്ചിരുന്നു

**ചന്ദ്രിക, ചാത്തമംഗലം**

80. ഒന്നാം ശ്രീ പാൽക്കടലിൽ
ഒന്നല്ലോ പള്ളിശംഖ്
പള്ളിശംഖിൻ നാദം കേട്ട്
ഉണരുണരൂ,ഗംഗാദേവി
രാം ...................
പത്താം .................

**ശ്രീജ, ചാത്തമംഗലം**

81. വരികയെന്റെ സരസ്വതിയെ
വരിക്കച്ചക്കച്ചുള ഞാൻ തരുവേൻ
വരികയെന്റെ സരസ്വതിയേ
വാഴകൂമ്പിൻ തേൻ തരുവേൻ
തൃശ്ശിവ പേരൂർ മതിലകത്ത്
ഒന്ന് ര്പോൽ പൂത്തിലഞ്ഞീ
ആ ഇലഞ്ഞിപ്പൂ പറിക്കാൻ
പോരിൻ പോരിൻ തോഴിമാരെ
തൃശ്ശിവപേരൂരപ്പനാണേ
ഞങ്ങൾ ഞങ്ങൾ പോരുന്നില്ലേ

**സരോജിനി, ചാത്തമംഗലം**

82. ആറ്റിൻ നടുവിലരയാലിൻ കൊമ്പത്ത്
ആനന്ദത്തോടെയിരിയ്ക്കും തത്ത
തിക്കിത്തിരക്കി മതിലകം തൂത്തപ്പോൾ
രാജകുമാരീടെ താലിപോയി
കരയാ പെണ്ണേ നീ പിഴിയ പെണ്ണേ നീ
താലിക്കിണത്താലി ഞാൻ തരുവേൻ
താലിയും വേമ്മേ മാലയും വേമ്മേ
നേരെ കിഴക്കോട്ട് പോയാൽമതി
വേനൽ പിറക്കട്ടെ വെള്ളം ചുരുങ്ങട്ടെ
പാടത്തെച്ചെറ്റാക്കെപ്പൊടിയാവട്ടേ
തട്ടാനെവെരുത്തട്ടേ പൊന്നുകൊടുക്കട്ടെ
താലിപരത്തട്ടെ തത്തമ്മയ്ക്ക്
താലീം പരത്തിച്ചരടിന്മേൽ കോർത്തപ്പോൾ
സന്ധ്യ വിളക്കിന്റെ ശോഭപോലെ
താലിയും കെട്ടിസ്സഭയിങ്കൽ ചെന്നപ്പോൾ
തത്തമ്മയ്ക്കൊത്തൊരു പെണ്ണുമില്ല

**കെ. വി. ശ്രീധരൻ, മാമ്പറ്റ**

83. ഒന്നാം വള്ളിയിള വള്ളി മുല്ലമേൽ
കേറിക്കോ പെണ്ണേ നീ പൂ പറിയ്ക്കാൻ
പൂവുപറിക്കെടി പൂങ്കണ്ണി കുത്തെടി
കോർത്തെടുക്കെടി കുഞ്ഞിപ്പെണ്ണേ
പൂവും പറിച്ചവൾ പൂങ്കാവിൽ ചെന്നപ്പോ
പൂങ്കാവനത്തിൽ രമ്പലമോ
അമ്പലം കപ്പോ അന്തം മറിഞ്ഞവൾ
അമ്പലത്തിൽ കുടികൊവളേ.

**ലീല, അങ്ങാടിപ്പുറം**

84. ഒന്നാം പൂപ്പൊലി ഒന്നാം പൂപ്പൊലി
ഒന്നരച്ചിറ്റിനും പൊന്നണിഞ്ഞേ പൊലി
രാം പൂപ്പൊലി രാം പൂപ്പൊലി
രരച്ചിറ്റിനും പൊന്നണിഞ്ഞേ പൊലി
മൂന്നാം പൂപ്പൊലി മൂന്നാം പൂപ്പൊലി
മൂന്നരച്ചിറ്റിനും പൊന്നണിഞ്ഞേ പൊലി
മുക്കണ്ണിലാളു തെളിഞ്ഞുപോയേ പൊലി
നാലാം പൂപ്പൊലി നാലാം പൂപ്പൊലി
നാഗത്തെ പാമ്പ് പടം വിടർത്തി പൊലി പൊലി
അഞ്ചാം....
തഞ്ചക്കളത്തിലെ പുഞ്ചമണി പൊലി
ആറാം....
ആറരച്ചിറ്റിനും പൊന്നണിഞ്ഞേ പൊലി
ഏഴാം....
ഏഴരച്ചിറ്റിനും പൊന്നണിഞ്ഞേ പൊലി
എട്ടാം....
തട്ടാൻ തന്നൊരു പൊൻതളിക പൊലി
ഒൻപതാം....
ഒൻപതരച്ചിറ്റിനും പൊന്നണിഞ്ഞേ പൊലി
പത്താം പൂപ്പൊലി പത്താം പൂപ്പൊലി
പത്തരച്ചിറ്റിനും പൊന്നണിഞ്ഞേ പൊലി
പൂവേ പൊലി പൂവേ പൊലി പൂവേ

**തമ്പാംഗിത്തമ്പുരാട്ടി, പന്തളം**

85. ഒന്നാനാം ചിത്തിരക്കൊമ്പില്
പൂത്തെറങ്ങിയ പൂമലരേ
പൂ പറിയ്ക്കെടി പൂക്കണ്ണിക്കോരെടി
കോർത്തെടുക്കടീ മങ്കപ്പെണ്ണേ
മങ്കപ്പെണ്ണിപ്പെണ്ണും മയിലപ്പെണ്ണിപ്പെണ്ണും (2)
രാനാം.................
പത്താനാം................
മങ്കപ്പെണ്ണേ മയിലപ്പെണ്ണേ
ഇന്നല്ലേ കൊട്ടും കളിയും
നമ്മക്കൊന്നാടിക്കളിച്ചൂടെ
മങ്കപ്പെണ്ണും മയിലപ്പെണ്ണും
കൊച്ചുനീലിപ്പെണ്ണും ആടിത്തിമർത്തല്ലോ
ചാഞ്ഞും ചെരിഞ്ഞും
പമ്പരംപോലെ കറകറങ്ങി
ആടിത്തിമർത്തല്ലോ
കൊച്ചുനീലിപ്പെണ്ണ്

**കൊച്ചുനാരായണപ്പിള്ള, വെഞ്ഞാറമൂട്**

86. ഒന്നേ ഒന്നേ പോൽ
ഓമനയായി വളർന്നാനുണ്ണീ
രേ...
രില്ലം പൂക്കു വളർന്നാനുണ്ണീ
മൂന്നേ....
മുലയു് പൂതനെ കൊന്നാനുണ്ണീ
നാലേ...
നാരായണനെന്നു പേരുണ്ണിയ്ക്ക് ചാട് – തേര്
അഞ്ചേ...
അഞ്ചാതെ ചാട് തകർത്താനുണ്ണീ

ആറേ...
ആനമുഖം വെട്ടി നൽകിയുണ്ണി
ഏഴേ ഏഴേ പോൽ
ഏഴു നിലമാടം തകർത്താനുണ്ണീ
എട്ടേ എട്ടേ പോൽ
പെട്ടെന്നു കംസനെ കൊന്നാനുണ്ണീ
ഒൻപതേ...
അൻപോട് ഗോക്കളെ മേച്ചാനുണ്ണീ
പത്തേ....
ഭക്തർക്കു മോക്ഷം കൊടുത്താനുണ്ണീ.

**ഉമാദേവി, മുത്തേരി**

87. ഒന്നാനാം മതിലകത്തെ
ഒന്നിലല്ലോ പൊന്നിലഞ്ഞി
പൊന്നിലഞ്ഞി പൂവിറുക്കാൻ
പോരിൻ പോരിൻ തോഴിമാരെ
ഞങ്ങളാരും പോരുന്നില്ല
മതിലകത്തു കണ്ണനുണ്ടേ
കൊച്ചുവില്ലുമമ്പുമുണ്ട്
എയ്തുകൊല ചെയ്തുപോകും
രാനാം ................
പത്താനാം .................

**അമ്മു, ഗുരുവായൂർ**

88. ഒന്നാം കരീം കാ കരീം കല്ലും കൊമ്പത്ത്
എന്താണു തത്തമ്മേ തുക്കിച്ചിരിക്ക്ണ്
രാജകുമാരീടെ താലിയും പോയല്ലോ
താലിക്കു താലി പകരം തന്നാപ്പോരെ
തത്തമ്മച്ചുാലെ താലിക്കൊരുക്കുന്നു.
രാം കരീം .............
പത്താം കരീം........

**പരമേശ്വരൻ നമ്പൂതിരി, കൊടക്കാട്**

89. ഒന്നാം മലരേ മലരേ തോപേ
ഒന്നരവട്ടി തെനവെതച്ചേ
തെനയ്ക്കൊപ്പം കായും പൂവും
കതിരൊപ്പം വളർന്നപ്പം
അതിലൊരു കിളിവന്നും ചതുരംകൊത്തീ.....
രാം മലരേ ..........
പത്താം മലരേ............

**കൊച്ചുനാരായണപ്പിള്ള, വെഞ്ഞാറമൂട്**

90. താതിത്ത തകതിന്നെ തന്നാനെ തക
ചെങ്ങന്നൂരില്ലത്ത് ചെട്ടിവരമ്പത്ത്
ചെത്തിപ്പറിച്ചോര് ചേന നട്ടു
കൊച്ചീല് വേരൂന്നി
കൊയിലാടി നാമ്പിട്ട്
പട്ടാമ്പിച്ചെന്നു തലനീട്ടി
ചേനത്തലവെട്ടി
കൊട്ടേലിട്ടപ്പം
കൂവിത്തെളിഞ്ഞൊരു കോഴികുഞ്ഞ്
കോഴികുഞ്ഞു കൂവി
നേരം വെളുപ്പിച്ച്
സൂര്യനുദിച്ചപ്പംകൊത്തച്ചക്ക
കൊത്തഞ്ചക്കവെട്ടി
കൂഞ്ഞുവലിച്ചപ്പം
ചക്കക്കുരുവെല്ലാം കട്ടുറുമ്പ്.

**കെ.വി. ശ്രീധരൻ, മാമ്പറ്റ**

91. ഒന്നാം വേലിയിൽ
ചിത്തിരകൊമ്പിൽ
പൂത്തു നിറഞ്ഞൊരു പൂമലരേ
പൂപൊലിക്കെട്ടി പൂങ്കണ്ണി കുത്തെടി
കോർത്തെടുക്കെടി തങ്കിപ്പെണ്ണേ
തെച്ചീ ചേമന്തി
കൊച്ചരി മുല്ലകൾ
പൊന്നീലത്തീ പൂമലരും
പൂ പൊലിക്കെടി............
................തങ്കിപ്പെണ്ണേ.

**കൊച്ചുനാരായണപ്പിള്ള**

92. വെള്ള്യാഴ്ച ദെവസം പെണ്ണ്
വെളിച്ചെണ്ണ തേച്ചേ
കം കുളത്തിലിക്ക് പെണ്ണ്
കുളിക്കാനും പോയോ
കുളികഴിയ്യോളം ചെക്കൻ
മീനാതും പിടിച്ചേ
കൈവിട് കുഞ്ചാകുഞ്ചാ
കുന്നത്തെ കുഞ്ചാ
കൈ വിടാനല്ലാ പെണ്ണേ
കൈമേ പിടിച്ചേത്.

**കൃഷ്ണൻമാസ്റ്റർ ചൂലൂർ**

93. കറുത്തപെണ്ണേ നിന്നെ
കാണാഞ്ഞിട്ടൊരു നാളുമേ
വരുത്തപ്പെട്ടേൻ ഞാനൊരു
വായ് ചമഞ്ഞേനെടീ
വായ് ചമഞ്ഞ് ഞാനൊരു
പള്ളിവാതുക്കെ ചെന്നപ്പം
പൂമാല പൈതലെന്നെ
പൂകൊറിഞ്ഞേനെടീ
അപ്പൂവും ചൂടിഞാനൊരു
ആറ്റുവരമ്പേച്ചെന്നപ്പം
തന്നാനൊരുത്തൻ നല്ലൊരു
പതിനെട്ട് മോതിരമേ
ചെമ്പല്ലിരുമ്പല്ല
പിഞ്ഞളയല്ലോടല്ല
പതിനെട്ടുമോതിരവും
പൊന്നാലെ പണി ചെയ്തല്ലോ

**രവീന്ദ്രൻമാസ്റ്റർ, ചേർത്തല**

94. തത്തപ്പനങ്കിളിയേ ഞാൻ
നിന്റെകൂടെ പോര്ന്നല്ലോ... ഓ. തൈതെ
നിന്റെ കൂടെ പോന്നാലോ
കാലിന് പൊന്നണിയാം തൈതെ

കാലിന് പൊന്നണിഞ്ഞാൽ
ചിക്കിപ്പെറുക്കേതില്ലേ ഓതൈത
തത്തപ്പനങ്കിളിയേ ഞാൻ നിന്റെകൂടെ പോര്ണല്ലോ... ഓതെത
നിന്റെ കൂടെ പോന്നാലോ
ചെറകിന്നും പൊന്നണിയാം
കൊത്തിപ്പെറുക്കേതില്ലേ(2) ഓതൈത

**മറിയാമ്മ ചേടത്തി, കോട്ടയം**

95. തലക്കെട്ടഴിഞ്ഞിട്ടും തലയെല്ലാം ചൊറിഞ്ഞിട്ടും
താർ കുഴലിയിറ്റെണ്ണതായോ
എള്ളു വിതയ്ക്കട്ടെ ഓരെലയാവട്ടെ
നാളെ വായോ പെണ്ണേയെണ്ണ തരാം
കേട്ടുമടങ്ങുന്നു കുമ്മിണിപ്പെണ്ണ്.
പിന്നെയും ചെല്ലുന്നു കുമ്മിണിപ്പെണ്ണ്.
എള്ള് വിതച്ചു ഓരെലവന്നു
എണ്ണയ്ക്ക് ചെല്ലുന്നു കുമ്മിണിപ്പെണ്ണ്.
തലക്കെട്ടഴിഞ്ഞിട്ടും...........തായോ
എള്ളുവിതച്ചിട്ടു രലെയാവട്ടെ
നാളെവായോ പെണ്ണേയെണ്ണതരാം
കേട്ട് മടങ്ങുന്നു കുമ്മിണിപ്പെണ്ണ്
പിന്നെയും ചെല്ലുന്നു കുമ്മിണിപ്പെണ്ണ്
എള്ളുവിതച്ചു രിലവന്നു
എണ്ണയ്ക്ക് ചെല്ലുന്നു കുമ്മിണിപ്പെണ്ണ്
തലക്കെട്ടഴിഞ്ഞിട്ടും...........തായോ
എള്ളുവിതയ്ക്കട്ടെ നാലെലയാവട്ടേ
നാളേ വായോ പെണ്ണേയെണ്ണ തരാം.
കേട്ടുമടങ്ങുന്നു കുമ്മിണിപ്പെണ്ണ്
പിന്നെയും ചെല്ലുന്നു കുമ്മിണിപ്പെണ്ണ്
എള്ളുവിതച്ചു എട്ടെല വന്നു
എണ്ണയ്ക്കു ചെല്ലുന്നു കുമ്മിണിപ്പെണ്ണ്
തലക്കെട്ടഴിഞ്ഞിട്ടും...........തായോ
പത്തെലയാവട്ടെ പൂക്കുല കാണട്ടെ
നാളേ വായോ പെണ്ണേയെണ്ണതരാം
കേട്ടുമടങ്ങുന്നു കുമ്മിണിപ്പെണ്ണ്
പിന്നെയും ചെല്ലുന്നു കുമ്മിണിപ്പെണ്ണ്
പത്തെല വന്നൂ പൂക്കുലകു
എണ്ണയ്ക്കു ചെല്ലുന്നു കുമ്മിണിപ്പെണ്ണ്
തലക്കെട്ടഴിഞ്ഞിട്ടും...........തായോ
കായതുടങ്ങട്ടെ എള്ളൊക്കെ വെട്ടട്ടേ
നാളേവായോ പെണ്ണേ യെണ്ണതരാം
കേട്ടുമടങ്ങുന്നു കുമ്മിണിപ്പെണ്ണ്
പിന്നേയും ചെല്ലുന്നു കുമ്മിണിപ്പെണ്ണ്
കായതുടങ്ങി എള്ളൊക്കെ വെട്ടി
എണ്ണയ്ക്കു ചെല്ലുന്നു കുമ്മിണിപ്പെണ്ണ്
തലക്കെട്ടഴിഞ്ഞിട്ടും...........തായോ
എള്ളളന്നീടട്ടെ ചക്കിലിട്ടാട്ടട്ടെ
നാളേ വന്നോ പെണ്ണേയെണ്ണ തരാം
എള്ളെല്ലാമളന്നു ചക്കിലിട്ടാട്ടി
എണ്ണയ്ക്കു ചെല്ലുന്നു കുമ്മിണിപ്പെണ്ണ്
തലക്കെട്ടഴിഞ്ഞിട്ടും...........തായോ
ചക്കിലിട്ടാട്ടി ചോതനയാക്കീ
തട്ടിപ്പോയിയെടിയെണ്ണ പെണ്ണേ

**ചിന്നു, തിരൂർ**

96. ഒന്നാനാം കരിമല മുകളിൽ
ഒന്നല്ലോ മയിലാടുന്നൂ
ആരുചൊല്ലീട്ടാടുന്നെന്റെ
ദേവതാരപൊൻമയിലേ
ദേവതമാരും മാമുനിമാരും
ചൊല്ലീട്ടത്രേ ആടുന്നൂ
കൊള്ളാം കൊള്ളാം പൊൻമയിലേ

നാളേയും വന്നിങ്ങാടീടുമോ
കിന്നരിമാരു പറഞ്ഞെന്നാൽ
നാളെയും ഞാൻ വന്നാടീടാം
രാനാം..................................
ദേവത.......................................
കൊള്ളാം................................
മഴമുകിൽ വന്നു പറഞ്ഞാലോ
നാളെയും വന്നിങ്ങാടീടാം.
മൂന്നാനാം..............................
മങ്ങിയമാനത്തെത്തിയ മഴമുകിൽ
ചൊല്ലീട്ടത്രേ ആടുന്നു.
കൊള്ളാം..............................
മഴമുകിൽ തങ്ങിയ മാനം കാൽ
നാളെയും ഞാൻ വന്നാടീടാം
പീലി വിടർത്തും പൊൻമയിലേ
നിന്നുടെ ഗുരുവരനാരാണ്?
മാനത്തോപ്പിൽ പൂപ്പടവാരി
കലകൾ വളർത്തും മുത്തച്ഛൻ

**കൊച്ചുനാരായണപ്പിള്ള, വെഞ്ഞാറമൂട്**

97. അയ്യനം കാവിൽ താലവരമ്പത്ത് തെയ്ത
ഇണയും പിണയും രു മയിലിറക്കമാം
പൂവൻ മയിലുപിടമയിലുമായ് തെയ്ത
(അയ്യനം.....)
മയിലിന്റിറച്ചിയോ എന്തിനു കൊള്ളാം തെയ്താ
അത്താഴച്ചോറിന് കൂട്ടാനും കൊള്ളാം തെയ്താ
(അയ്യനം.....)
മയിലിന്റെ എണ്ണയോ എന്തിനു കൊള്ളാം തെയ്താ
അന്തിത്തിരി വിളക്കിനെണ്ണക്കു കൊള്ളാം തെയ്താ
(അയ്യനം.....)
മയിലിന്റെ തൂവലൊട്ടെന്തിനു കൊള്ളാം തെയ്താ
കാവടി പൂജക്ക് തുള്ളാനും കൊള്ളാം തെയ്താ
താന്നിന്ന താന്നിന്ന താന്തിനം താരെ തെയ്താ

**തിരുവാതിരൻ, സോമൻ മൈലയ്ക്കൽ**

98. ഒന്നാം കുന്നും ഒരുമല കുന്നുമ്മേ
ഒന്നല്ല മങ്കമാർ പാലനട്ടേ
പാലയ്ക്കിലവന്നു പൂവന്നു കാവന്നു
പാലയ്ക്ക് നീർകൊട് പാർവ്വതിയേ
ഞാനല്ല പൈങ്കിളി ഓമനപ്പൈങ്കിളി
താനിരുന്നാടുന്ന പൊന്നോമൽകിളി
ചു കറുപ്പനും തൂവൻ ചുവപ്പനും
മഞ്ഞച്ചെറുകിളി കൂടണഞ്ഞു
അത്തത്തണയിട്ട് താമരയെണയിട്ടു
എങ്ങനെ കൊത്തിയെണവിരിക്കും
തന്റെ കുലം ചൊല്ലി തായ്ക്കുലം ചൊല്ലി
തങ്ങളിക്കൊത്തിയെണ വിരിക്കും

**രാധാമണി, ചൂലൂർ**

99. ഒന്നാം മണിക്കിണറ്റിൽ
വളകളഞ്ഞതു മാതവിയോ
വളയും കളഞ്ഞു പെണ്ണ്
ഞീളി ഞീളി നടക്കുന്നു
ഞീളാതെ നില്ലെടി പെണ്ണേ
കനകവള ഞാൻ തരുവേം
കനകവള കൈമേലിട്ടു
കളികളിക്ക് കാണട്ടെ
രാം......
പത്താം......

**കെ.വി. ശ്രീധരൻ, മാമ്പറ്റ**

100. ഒന്നാം മണലിലരയാലും കൊമ്പി–
ലാനന്ദം തുള്ളിക്കളിക്കും തത്തേ

ചുറ്റും കുളമ്മു ചെന്താമരയു്
കൊത്തുന്നപാമ്പ് പാർവ്വതിക്ക്
ചാന്ദോടു സിന്ദൂരം ചന്ദനം കൂട്ട്യാലും
താൻതന്നെ വന്നു കുറിതൊടണം.
രാം ..........
പത്താം.......

**രവീന്ദ്രൻ മാസ്റ്റർ, ചേർത്തല**

101. ഒന്നു പെറ്റ നാത്തൂനാരേ
മീൻകളികാണാൻ പോരിണോ
മീൻകളിച്ചു കുയഞ്ഞു വരുമ്പം
മീനിന്റെ വാലേ പൂവാല്
ര് പെറ്റ .............
പത്ത് പെറ്റ ...............

**കമല, ബേപ്പൂർ**

102. ഒന്നാം കെണപതി പകവതി ഓഹോ
എനിക്കാരും തന്നതില്ല
ഞാനൊട്ടുമെടുത്തതുമല്ല
മുല്ലേടെ ചോട്ടിൽക്കൂടെ
കളിയാടാൻ പോയപ്പോ
മുല്ലപ്പൂ പകർന്നെന്റെ
മുടിക്കെട്ടിൽ വീണതാണേ

**കൊറ്റി, കരിപ്പത്തൂ ചാൽ**

103. ഒന്നാംതുമ്പിയും അവർപെറ്റമക്കളും
പോകനടപ്പറ തുമ്പിതുള്ളാൻ
തുമ്പിയിരുമ്പല്ല ചെമ്പല്ല ഓടല്ല
തുമ്പി തുടൽമാല പൊൻമാല
രാം..........
പത്താം ..........
എന്താ തുമ്പീ തുള്ളാത്തേ
പൂ പോരാഞ്ഞോ പൂക്കുല പോരാഞ്ഞോ
ആള് പോരാഞ്ഞോ അലങ്കാരം പോരാഞ്ഞോ
പൂവു പോരാഞ്ഞോ പൂവട പോരാഞ്ഞോ
എന്താ തുമ്പീ തുള്ളാത്തേ.
തുമ്പിതുള്ളട്ടെ തുടർമണിതുള്ളട്ടെ
കാണാനെന്തൊരു ചന്തമല്ലേ
എന്താതുമ്പീതുള്ളാത്തേ എച്ചിത്തുമ്പിതുള്ളാത്തേ
പൂവുപോരെ പൂപ്പടപോരെ
ആളുപോരെ അലങ്കാരം പോരെ
എന്തു തുമ്പി തുള്ളാത്തേ
എല്ലാതുമ്പി തുള്ളിവരുമ്പം
ഞങ്ങടെതുമ്പിം ഒറഞ്ഞുവരും
പൂവുപോരേ.................................
....................................അലങ്കാരം പോരെ
എന്തു തുമ്പി തുള്ളാത്തേ
എല്ലാതുമ്പി തുള്ളിവരുമ്പം
ഞങ്ങടെതുമ്പിം ഒറഞ്ഞുവരും
പൂവുപോരെ..........................
........................അലങ്കാരം പോരെ
കിണ്ണത്തിൽ ചന്ദനം പോരാഞ്ഞെ
കിയിൽ എണ്ണ തുളുമ്പാഞ്ഞേ
എന്താ.......................എച്ചി.................
പറയന്റെ ചേല കുടിച്ചോടി തുമ്പി
പറയന്റെ മെത്തേൽ കെടന്നോടി തുമ്പി
എന്താ.................എച്ചി..............................
ഒന്നാം തുമ്പിയും ഒരു തള്ള മക്കളും
പോയി മണത്തറ തുമ്പിതുള്ളാൻ
...................................
പത്താം തുമ്പിയും..........................
എന്താതുമ്പീ തുള്ളാത്തെ എച്ചിത്തുമ്പിതുള്ളാത്തെ

**മറിയാമ്മച്ചേടത്തി, കോട്ടയം**

104. അക്കരനിക്കണ വേങ്കാമരത്തിലെ
ഒന്നാം തൊളസി മേലാടി വാ തുമ്പീ
ആടി വാ തുമ്പീ അലഞ്ഞു വാ തുമ്പീ
മൂളിവാ തുമ്പീ മുഴങ്ങി വാ തുമ്പീ
എന്തെന്റെ തുമ്പീ നീ തുള്ളാതിരിക്കുന്നു
പൂവു പോരെ പൂക്കുല പോരെ
ആളുകൾ പോരെ അലങ്കാരം പോരെ
ആടി വാ തുമ്പീ അലഞ്ഞു വാ തുമ്പീ

അലഞ്ഞുവാതുനീ മൂളിവാ തുമ്പീ
മൂളിവാതുമ്പി നീ മുഴങ്ങി വാതുമ്പി.

**കെ.വി. ശ്രീധരൻ, മാമ്പറ്റ**

105. ആരാന്റെ പാടത്തെന്തിന് കുഞ്ഞിത്തേയി നീ പോയി?
ആരാന്റെ പാടത്തെങ്ങും കറ്റപെറുക്കാൻ ഞാൻ പോയി
ആരാന്റെ പാടത്തെ കറ്റകളെന്താ നീ ചെയ്യ്വോ?
കറ്റകളെല്ലാം കെട്ടിമെതിച്ച് നെനെന്മണിയാക്കീ മാറ്റും ഞാൻ
നെന്മണിയാക്കി വന്നാൽപിന്നെ എന്താ ചെയ്യ്വ നാത്തൂനെ?
നെന്മണികുത്തികുത്തി നിന്ന് പുത്തരിച്ചോറ് വിളമ്പൂലോ
പുത്തരിച്ചോറ് വിളമ്പികുഞ്ഞിനു പുത്തരിയോണം തീർക്കൂലോ
പുത്തരിയോണം തീർത്താപ്പിന്നെ ഓണത്തപ്പനെ വെക്കൂലോ
തുമ്പി തുള്ള്യാൽ നാത്തൂനെ നാത്തൂൻ കൂടി തുള്ളൂലോ
നാത്തൂനും നാത്തൂനും തുമ്പിതുള്ളിയുറഞ്ഞല്ലോ
എന്താ തുമ്പി എന്താ തുമ്പി നാത്തൂൻതുമ്പി തുള്ളാത്തൂ
വെട്ടിച്ചാടി വെട്ടിച്ചാടി നാത്തൂൻ തുമ്പി ആടീലോ
ആടിക്കോ ആടിക്കോ നാത്തൂൻതുമ്പി ആടിക്കോ

**കൊച്ചുവേലു, തിരുവനന്തപുരം**

106. കാള കാള കളിക്കാള വരുന്നേയ്
കാള കാള കളിക്കാള വരുന്നേയ്
ആകാശം മുട്ടുന്ന കൊമ്പ്ള്ള കാള
പാതാളം മുട്ടും മടമ്പ്ള്ള കാള
കൊമ്പിന്റെയറ്റത്ത് പൊൻമുത്തും തൂക്കി
പൊന്മണി വാറു കില്ക്ക്ണ കാള
കൈലാസവാസനെഴുന്നെള്ളും കാള
കൈലാസം ചുറ്റിവരുന്നൊരു കാള
പന്തയം വെച്ചു വരുന്നൊരു കാള
പന്തയത്തിങ്കൽ ജയ്ക്ക്ന്ന കാള
ആദിത്യദേവനെഴുന്നെള്ളും കാള
മാലോകരൊക്കെയും മാനിക്കും കാള
കാള കാള കളിക്കാള വരുന്നേയ്
കാള കാള കളിക്കാള വരുന്നേയ്

**പി. കെ. സതീശൻ, തളിപ്പറമ്പ്**

107. തന്നാനെ തന്നാനെ തനി തന്നാനെ തനെ തന്നാനെ
അക്രപറമ്പിലെ മുതിരപ്പറമ്പിലെ
എന്നും കിടാങ്ങളും കൂത്താട്ടം (2)
കൂത്താട്ടം കൂത്താട്ടം കൂത്താട്ടം മേ കൂത്താട്ടം
അക്രപറമ്പിലെ മുതിരപ്പറമ്പിലെ
കാളകിടാങ്ങളും കൂത്താട്ടം
കാളയ്ക്കരവാല് പീലിക്കുളുർമുടി കണ്ണാടി തിത്തെതകതൈ തോം
കൂത്താട്ടം കൂത്താട്ടം കൂത്താട്ടം മേ കൂത്താട്ടം
കാളേടെ കണ്ണേടം ചെവ്യേടം കയ്യേടം കാല് തിത്തെ തകതൈ തോം
ആ കാളേടെ കൊത്തിവിഴുങ്ങും പോരിനാട്ടെ പെരുമ്പാമ്പ്
കൂത്താട്ടം കൂത്താട്ടം കൂത്താട്ടം മേ കൂത്താട്ടം
അക്രപറമ്പിലെ മുതിരപ്പറമ്പിലെ
ആനക്കിടാങ്ങളും കൂത്താട്ടം
ആനയ്ക്കരവാല് പീലിക്കുളുർമുടി കണ്ണാടി തിത്തെ തകതൈ തോം
കൂത്താട്ടം കൂത്താട്ടം കൂത്താട്ടം മേ കൂത്താട്ടം
ആനെടെ കണ്ണേടം ചെവ്യേടം കയ്യേടം കാല് തിത്തെ തകതൈ തോം
ആ ആനേനെ കൊത്തിവിഴുങ്ങും പോരിനാട്ടെ പെരുമ്പാമ്പ്
കൂത്താട്ടം കൂത്താട്ടം കൂത്താട്ടം മേ കൂത്താട്ടം
തന്നാനെ തന്നാനെ തനി തന്നാനെ തനെ തന്നാനെ

**അശോക്കുമാർ, കോഴിക്കോട്**

108. മാളോരെ മാളോരെ  കുമ്മാട്ടി വര്ന്ന്
വടിയും കുത്തി വാളും ചൂീ
കുമ്മാട്ടി വര്ണ്
എത്താകൊമ്പത്തെ വാളൻ പുളിങ്ങ
ഏന്തിപ്പിടിക്ക്ന്ന കുമ്മാട്ടി
കൂുകെണറ്റിൽ കുറുവടി പോയാൽ
കുമ്പിട്ടെട്ക്ക്ണ കുമ്മാട്ടി

ചെപ്പൊറത്ത് ചെമ്പരകൂട്ടി
കൊമ്പരതുള്ളണ കുമ്മാട്ടി
മിഠിരിക്ക്ണ കുഞ്ഞിക്കുട്ട്യോളെ
തേടിപ്പിടിക്ക്ണ കുമ്മാട്ടി
മാളോരെ..........................

**ശ്യാംദാസ്, കയ്യേരിക്കൽ**

109. മിതിരിയെട മിതിരിയെടാ
ചെനിന്നെ തല്ലും ഞാൻ
തല്ലാതിരിയെടാ തല്ലാതിരിയെടാ
തല്ലുന്തോറും മിം ഞാൻ

**പാർവ്വതി, മുത്തേരി**

110. ഉക്കണ്ണൻ ചെയെടുത്തേ
ചെക്കോലൊന്ന് കെടുത്തേ
ഗം ഗണ ഗണ ഗം ഗണ ഗണ
ഗം ഗണ ഗണ ഗം ഗണ ഗണ

**സ്വരാജ്, മേപ്പള്ളി**

111. അമ്പട പടപട അമ്പട പടപട
ചെക്കോലുകൾ ശണ്ഠതുടങ്ങി
ഇഞ്ചിഞ്ചായിട്ടിഞ്ചിഞ്ചായി
ഝിംഝില് ഝിംഝില് ഝിഝിലമായി

**പാർവ്വതി, മുത്തേരി**

112. ആരാണാപോകുന്നേ മാരാൻമാരല്ലയോ
എങ്ങോട്ടാണവർ പോകുന്നേ അമ്പലത്തിൽ കൊട്ടുവാൻ
ഇമ്പമോടെ പോകുന്നു താളത്തോടതപോകുന്നു
ചെന്നെത്തീ ചെന്നത്തീ പിന്നെയെന്തു ചെയ്യുന്നു?
ചെച്ചരടു മുറുക്കുന്നു മുറൊന്നരയിൽ കെട്ടുന്നു
ചെക്കോലുമെടുക്കുന്നു താളത്തിൽ മേളത്തിൽ
മെല്ലെ മെല്ലെ തുടങ്ങുന്നു ധിം തരികിട ധിം തരികിട
അഞ്ചാളാതഞ്ചത്തിൽ ചിം ചിം ചിഞ്ചില കൊട്ടുന്നു
രാളാകൂട്ടത്തിൽ കില്ലേ കുഴലൂതുന്നു
പേ പേ പെ പ്പ പേ പെ പ്പ പ്പപ്പേ പെപ്പരപേ

**കാളിദാസ്, മേപ്പള്ളി**

113. കാലഴകില്ല മയില്ല
ചെയ്ക്ക് വായും വയറുമില്ല
തിറ്റു ചോരയും നീരുമില്ല
പാനുതിന്നാനിറച്ചിയില്ല
മുില്ല കോട്ടില്ല സൂട്ടുമില്ല
തില്ലാ മന്റെ മട്ടുതന്നെ
മിാട്ടമില്ല തനിച്ചിരുന്നാൽ
മിണമെങ്കിലൊ തല്ലുവേണം
ചെകരയുന്നൊരച്ചയല്ലോ
ഡിീ ഡിീ ഡിീ

**ടി.ടി.ജി. നമ്പൂതിരി, മാതമംഗലം**

114. ഇിം താളത്തിൽ ചെ കൊട്ടി
ണേ ണേ ണേം നാദത്തിൽ ചേങ്ങിലയും
തദ്ദിമിതാളത്തിൽ മദ്ദളം കൊട്ടി
കിണി കിണി നാദത്തിൽ കൈമണിയും
ചെ, ചേങ്ങില, മദ്ദളം കൈമണി
ചേർന്നാലെന്തൊരു മേളം

**ആത്മജ, പി. എം. ഓമശ്ശേരി**

115. ചെക്കാരൻ ചെയെടുത്തു
ചെക്കിട്ടൊരു കൊട്ടുകൊടുത്തു
കൊതുമുതലേ ചെ തൊടങ്ങി
ഗം ഗണ ഗണ ഗം ഗണ ഗണ
വന്നവർ വന്നവർ കൂടെക്കൊട്ടി
ഗം ഗണ ഗണ ഗം ഗണ ഗണ
ഗം ഗണ ഗണ ഗം ഗണ ഗണ
ഗം ഗണ ഗണ ഡും ഡും ഡും

**ദീപ, കെ.കെ. വടശ്ശേരി**

116. ചെക്കാരൻ മുുമുറുക്കി
ചെയെടുത്തു ചെ മുറുക്കി
ചെക്കോലും ചെയുമായി
ർടം ർടം (2)

**രൂപേഷ്, കെ. മാരാർ, പോലൂർ**

117. ചെക്കാരൻ ചെയെടുത്തു
ചെയ്ക്കിട്ടൊരു കൊട്ടുകൊടുത്തു
കൊതു മുതലേ ചെ തുടങ്ങി
ധിംതക ധീം തക ധീംതക താളം
കേട്ടവർ കേട്ടവർ കൂടെ കൊട്ടി
ധിംതക ധീം തക ധീംതക താളം

**രൂപേഷ്, കെ. മാരാർ, പോലൂർ**

118. വാലുപോയി കത്തികിട്ടി
കിാം കിറുകിാം
കത്തിപോയ മാങ്ങ കിട്ടി
കിാം കിറു കിാം
മാങ്ങപോയി ദോശകിട്ടി
കിാം കിറു കിാം
ദോശ പോയി ചെകിട്ടി
കിാം കിറു കിാം

**മോഹനകൃഷ്ണൻ, മഞ്ചേരി**

119. കുട കുട കുട കുട
കുടയ്ക്കോ? നല്ലൊരു പിടി
പിടി പിടി പിടി പിടി
പിടിയോ? കട്ടു
പിടി പിടി വേഗം
പിടി പിടി യെന്നി–
ട്ടിടിപൊടിയാക്കെട കട്ടവനെ

**ജാനകിയമ്മ, മേപ്പള്ളി**

120. ഉരിയരിവേവിച്ചുരുളയുരുട്ടി
ഉരുളയെടുത്തിട്ടുരുളിയിലിട്ടു
ഉരുളിയെടുത്തിട്ടുറിയിൽവെച്ചു
ഉറിയിലിരുന്നിട്ടുരുളിയിരുു
ഉരുളയുമുരുളിയുമുറിയുംകൂടി
തിത്തോം തകതോം തറയിൽവീണി–
ട്ടുരുരുളകളങ്ങനെയുരുളോടുരുള്
ഉരുളിയുമുരുളയുമുരുളോടുരുള്

**ടി.ടി.ജി. നമ്പൂതിരി, മാതമംഗലം**

121. ചന്തു മോന്തിക്ക് ചന്തയ്ക്ക് പോയപ്പം
ചന്തൂന്റെ ചന്തിക്കൊരോന്തേന്തി മാന്തി.

**ഉണ്ണിക്കുറുപ്പ്മാസ്റ്റർ, മേപ്പള്ളി**

122. കാകൃതി കരകൃതി കാക്കേ നിന്നുടെ
കൂകൃതി കുരുകൃതി കൂടെവിടെ
മാകൃതി മരകൃതി മാവിൻകൊമ്പ–
ത്താകൃതി യപകൃതി യെൻകൂട്.

**നാരായണൻ, കെ.കെ. മൈത്ര**

123. അന്തപ്പൻ ചന്തേല് പോയി
പോര്മ്പോളത മോന്തിയുമായി
പന്തോംകുന്തോം തൊണയ്ക്കും പോയി
ചന്തത്തോടത കുടിയിലുമെത്തി

**കൃഷ്ണൻ, മൈത്ര**

124. അയ്യയ്യയ്യയ്യ...............................അയ് (4)
ചുലെി ചുമരെലി ചുമരങ്ങാട്ടെലി
മുലെി മത്തങ്ങെലി അറയെലി പുറയെലി
വെള്ളെലി പുള്ളെലി എരപ്പതൊരപ്പനും
മഞ്ഞസും കുഞ്ഞസും വേലിയ്ക്കച്ചാപ്പ
ഇങ്ങനെ പതിനാലെലികൾ കൂടി
അതിലൊരു  കഴുവേറി മ്ടുക്കുള്ള കഴുവേറി
പത്തായം കരലെി പായാ വിത്ത് കരലെി

അയ്യയ്യയ്യയ്യ.................................അയ് (4)
തപ്പുകരലി തകിടുകരലി
ആട്ടക്കാരന്റെ പെട്ടികരലി
തുള്ളക്കാരന്റെ പള്ള കരംലി
വള്ളക്കാരനമ്മരെ ചെള്ള കരലി
അയ്യയ്യയ്യയ്യ.................................അയ് (4)
ചേമ്പ് കട്ടത് മില്ലേ കാക്കേ
ചെമ്മീൻ കട്ടത് മില്ലേ കാക്കേ
ചേമ്പ് കട്ടത് ചെമ്മീൻ കട്ടത്
കൊമ്പ്രമ്മ കൊമ്പ്രമ്മ ചക്കികൊച്ചമ്മേ (2)
തകൃതോം ഇന്തത്തോം..തക (4)

**അശോകൻമാസ്റ്റർ, കോഴിക്കോട്**

125. പത്തു തത്ത ഒത്തുകൂടി
അത്തിമരക്കൊമ്പിലേറി
പത്തിലൊരു കുട്ടിതത്ത
കൊത്തുകൂടി താഴെ വീണു.

**ജയചന്ദ്രൻ മാസ്റ്റർ, ബാലുശ്ശേരി**

126. ഉരലിലൊരെലി വലിയൊരെലി
ചരലിലൊരെലി ചെറയൊരെലി
ഉരലിലെലി ചരലിലെലി

**ദിലീപ്, അങ്ങാടിപ്പുറം**

127. അമ്പമ്പോ, കൊമ്പൻ വമ്പൻ
കൊമ്പുകുലുക്കി കുമ്പകുലുക്കി
തുമ്പിചുരുട്ടീട്ടമ്പലവഴിയേ
പോണതുകാേ?

**വിനീത്, പത്തനാപുരം**

128. പാരൊരു കൂമൻ തെങ്ങ്മ്മേക്കേറി
മട്ടലൊടിഞ്ഞുപോയി
കൂമൻ മലർന്നു പോയി
മട്ടലോ വെണ്ണീറായി
കൂമനോ കിടപ്പിലായി

**നാരായണൻ മാസ്റ്റർ, കൂറ്റിപ്പാല**

129. അട്ടയും വട്ടിയും പാരിക്കൽ
തട്ടിയും മുട്ടിയും ചന്തയിൽപോയി
വട്ടിയ്ക്ക് വാവട്ടം മുട്ട കിട്ടി
അട്ടയ്ക്ക് ചുട്ട ചവിട്ടും കിട്ടി

**ജാനകിയമ്മ, മേപ്പള്ളി**

130. പൊട്ടട്ടെ വെടി പൊട്ടട്ടെ വെടി
ചെവിപൊട്ടും  വെടി പൊട്ടട്ടെ
പറയട്ടെ വെടി പറയട്ടെ
ചിരി പൊട്ടും വെടി പറയട്ടെ

**ടി.ടി.ജി. നമ്പൂതിരി, മാതമംഗലം**

131. ഞാനൊരു നായിയെടുത്ത്
കോയീനെയെറിഞ്ഞപ്പോ
നായീം കോയീം കൂടി
വായക്കുയീല് വീണ്
കെട്ടി മറിഞ്ഞൊരു കൊയകൊയ

**നാരയണൻ മാസ്റ്റർ, കൂറ്റിപ്പാല**

132. എലി വാലെടുത്തു
കുഞ്ഞൻ കോലെടുത്തു
എലി പോട്ടിൽ പോയ്
കുഞ്ഞൻ വീട്ടിൽ പോയ്

**ആത്തു, മുക്കം**

133. കാളീകൂളി കുമ്പളവള്ളി
കെട്ടിപ്പൊതിഞ്ഞു തോട്ടിലിട്ടു
ഈർക്കിലി ചാത്തൻ മുങ്ങിയെടുത്തു
മിന്നാമിനുങ്ങ് ചൂട്ടുകാട്ടി

**കൊച്ചുനാരായണപിള്ള**

134. തണുക്ക്ണ് തണുക്ക്ണ് കൂര്
കുപ്പായം തുന്ന്ണ് കൂഴൂര്
കഞ്ഞിക്കരിയില്ല കക്കാട്ട്
തല്ലലും കുത്തലും മങ്ങാട്ട്

**വി.സി. വാസു ചെമ്പക്കോട്ട്**

135. ആലത്തൂരെപ്പാലത്ത്മ്മേ
ന്നറുപതു ചെറുമികളറുപതു ചെറുപയ
റെണ്ണിയെടുത്തു കിളച്ചു മറിച്ചു നിരത്തി
വിതച്ചു പറിച്ചു ചവിട്ടിയുണക്കി വറുത്തു
പൊടിച്ചാലക്കറിയൊത്ത പൊടിക്കറിയുാേ

**സുഗതൻ, കച്ചേരി**

136. അക്കരയിക്കരെയിട്ടീത്തറയേ –
ലറുപതുതെങ്ങൊറുപതു –
തെങ്ങേലറുപതുപൊത്തൊ –
റുപതു പൊത്തിലുമറുപതു –
കിളിയൊറുപതുകിളിയൊരു
മുട്ടിക്കിളിയതു ചത്തേനെന്നും
ചത്തില്ലെന്നും

ചെറുബാലകരേ, ചെറുതോണിതഴോ
ചെറുകുന്നത്തോളം പോയിവരാൻ

**ഉമാദേവി അന്തർജ്ജനം, താമരശ്ശേരി**

137. ............കം എന്ന രാജ്യത്ത്
............കം എന്ന വിത്തിട്ടു
............കം വന്നു തിന്നപ്പോൾ
............കം കൊ് ഏറുകൊടുത്തു
............കം കൊ് വേലികെട്ടി
(ഒഴിവു സ്ഥലത്ത് യഥാക്രമം കർണാടകം, ജീരകം, ഒട്ടകം, ചട്ടുകം, ചെമ്പകം എന്ന് ചേർക്കും)

**ആദർശ്, കൂറ്റിപ്പാല**

138. ആരിയമ്പാട വരമ്പത്ത്
കർപ്പൂരമാവിന്റെ കൊമ്പത്ത്
മാമ്പഴം വീഴുന്ന കാലത്ത്
ആരോ ചാടിക്കളിച്ചല്ലോ
മൂവരക്കുപ്പായമൊന്നുേ
മൂത്തൊരു മാങ്കനി കയ്യിലുേ
മൂക്കിന്നരികത്ത് മീശയു്
മൂപ്പർക്ക് പൂവാലുമൊന്നു്
രാമൻ കരഞ്ഞൊരു കാലത്ത്
സീതയെതേടിയകാലത്ത്
മൺചിറകെട്ടിയ കാലത്ത്
തന്നാലായത് ചെയ്തല്ലോ
ആർക്കാനും ചൊല്ലാമോയീ വിരുതൻ
ആരെന്ന് പൊന്നോമൽ കുഞ്ഞുങ്ങളേ
ആനന്ദക്കുട്ടനാമീ വിരുതൻ
നമ്മുടെ അണ്ണാറക്കണ്ണനല്ലോ

**കൊച്ചുനാരായണപ്പിള്ള, വെഞ്ഞാറമൂട്**

139. രാമുട്ടീം കോമുട്ടീം കൂട്ടിമുട്ടി
കോമുട്ടിച്ചേട്ടന്റെ മപൊട്ടി
മലേ് തെ് കമഴ്ത്തിക്കെട്ടി
കച്ചിറക്കലെ വേലുക്കുട്ടി

**നാരായണൻ മാസ്റ്റർ, കൂറ്റിപ്പാല**

140. ആകാശത്തിലൊരാനകൊമ്പൻ
കൊമ്പുകുലുക്കി നടക്കുന്നു
കൊമ്പനുമല്ലത് വമ്പനുമല്ലത്
കാറ്റത്തുലയും കാർമേഘം

**വിജീഷ്, പത്തനാപുരം**

141. ഒരുത്തൻപോയൊരുത്തിയായ്
അവൾപെറ്റിരുവരായ്
ഇരുവരും കരുത്തരായ്
കരുത്തരും വിരുദ്ധരായ്
വിരുദ്ധര് ഇളയവന്റെ
ബന്ധുവിന്റെ ശത്രുവിന്റെ
ഇല്ലം കരിയ്ക്കാൻ പോയവന്റെ
അച്ഛനെ കാത്തിരിക്കയാ

**കൊച്ചുനാരായണപ്പിള്ള, വെഞ്ഞാറമൂട്**

142. കേറിപ്പടരുവാൻ കോലൊന്നും വോത്ത
വേലിയും വോത്ത പന്തലും വോത്ത
കായ്ക്കാത്ത പൂക്കാത്ത വള്ളീ
നിനക്കെന്തു പേരെൻ കള്ളീ
കള്ളിയെന്നെന്നെ വിളിയ്ക്കേ പിള്ളേ നീ
കണ്ണിലും മൂക്കിലും കേറുന്നോൻകുത്തും ഞാൻ
കാറുപോലുള്ളവൾ ചോറുപോലുള്ളവൾ
കായാമ്പൂ പോലെ കറുത്തവൻ ഞാൻ
ഞാൻ പുക നീ പോക

**ടി.ടി.ജി. നമ്പൂതിരി, മാതമംഗലം**

143. കിക്കിലുക്കും കിലുകിലുക്കും
ഉത്തരക്കൂട്ടിലൊളിച്ചിരിക്കും
അമ്മാവന്റെ താക്കോൽ കൂട്ടം

അമ്മായിയ്ക്കും തൊട്ടുകൂട

**ഗീത, വെഞ്ഞാറമൂട്**

144. കുപ്പയിലൊരുമണി കുന്നി മണി
ചിപ്പിയിലൊരു മണി ചിന്നമണി
നാഴികമണിയതിലന്നവധി മണിയു-
ണ്ണിപ്പറയാനാണു പണി.

**കൃഷ്ണൻ, മൈത്ര**

145. ....ള്ള എന്ന മനുഷ്യൻ
....ള്ളത്തിൽ കയറി
....ള്ളം കടന്ന്
....ള്ള വീട്ടിൽപോയി (പി,വ,വെ,ത)

**രവീന്ദ്രൻമാസ്റ്റർ, ചേർത്തല**

146. കല്ലിന്നുള്ളിലെ ഞെഠ
കല്യാണത്തിനു പോഠ
താലീം മാലേം വേഠ
പട്ടും ചേലേം വേഠ

**ആനന്ദ്, ഓമശ്ശേരി**

147. മഠത്തിലമ്മ കുടത്തീച്ചാടി
കുടമുരുു കിണറ്റീച്ചാടി
മാക്കാൻ തവള ഉന്തിക്കേറ്റി
മിന്നാമിനുങ്ങ് വെട്ടം കാട്ടി

**മനോജ്, കച്ചേരി**

148. സാറേ സാറേ സാമ്പാറേ
സാറിന്റെ വീട്ടില് കല്ല്യാണം
അട്ട വറുത്തത് ഉപ്പേരി
കോഴിത്തീട്ടം ചമ്മന്തി
ആനപ്പിം ചോറ്

**ആനന്ദ് ഓമശ്ശേരി**

149. തെക്കു തെക്കൊരു പോത്തുചത്തേ
പോത്തിന്റെ പുറത്തൊരു പൂ മുളച്ചേ
പൂ കൊാേയി– തട്ടാനുകൊടുത്തേ
തട്ടാനൊരു–മിന്നു പണിഞ്ഞേ
മിന്നു കൊാേയ്–പയ്യിനു കെട്ട്യേയ്
പയ്യൊരു കൂന–ചാണകം കൊടുത്തേ
ചാണകം കൊാേയ്–വാഴയ്ക്കിട്ടേ
വാഴയൊരു കുല–കായ കൊടുത്തേ
കായകൊാേയ്–പത്തായത്തില് വച്ചേ
പത്തായമൊരു–പലക കൊടുത്തേ
പലക കൊാേയ്–കിണറ്റിലിട്ടേ
കിണറൊരു കി–വെള്ളം കൊടുത്തേ
വെള്ളം കൊാേയ്– കൊടി നനച്ചേ
കൊടിയൊരു കയ്യ്– വെറ്റ്ല കൊടുത്തേ
വെറ്റ്ല കൊാേയ്– മുത്യപ്പനു കൊടുത്തേ
മുത്യപ്പനൊരു–മുറുക്കും മുറുക്കി
മുത്ത്യമ്മയൊരു–തുമ്മും തുമ്മി ഹായ് ച് ഛീ! ...........

**കെ. വി. ശ്രീധരൻ, മാമ്പറ്റ**

150. കൊറ്റീ കൊറ്റീ മൊള്ളാരം കൊറ്റീ
മിച്ചെന്നൊരു കൊടം തണ്ണി കൊ്രേ
തണ്ണിക്ക് പോയ കൊറ്റ്യേതാ
തവളക്കളി ക് നിക്ക്ണിപോ
കോഴിക്കോട്ടങ്ങാടീലും ചെന്നാലോന്റപ്പോ
ചൂടുള്ളപത്തിരിയും തിന്നാലോ
കൊറ്റീ കൊറ്റീ മെള്ളാരം കൊറ്റീ
മിചെന്നൊരു കൊടം തണ്ണി കൊ്രേ.

**വേലൂക്കുട്ടി, കച്ചേരി**

151. ഊമാ – ഊമാ – ഊം
താടിമ്മെ നീരോ – ഊം
ഊമത്ത്യാരില്ലേ ? – ഊ ഉം
നെല്ലൊന്നു കുത്ത്യോ – ഊ ഉം
അരിയൊന്ന് വയ്ക്ക്യോ ? ഊ ഉം
ചോറൊന്ന് ഉണ്ണ്യോ ? ഊ .........

**ജാനകിയമ്മ, മേപ്പള്ളി**

152. ആത്തോലെ ഈത്തോലെ കുഞ്ഞാത്തോലെ
ഞാനൊരു നാടകം കാണാൻ പോയി
കളിയല്ല പൊളിയല്ല കുഞ്ഞാത്തോലേ
വെള്ളാരംകല്ലിന് വേരിറങ്ങീ
പത്തായം തിങ്ങി രീച്ച ചത്തേ
കളിയല്ല പൊളിയല്ല കുഞ്ഞാത്തോലേ
പാലക്കാട്ടാലിൻമേൽ ചക്കകാച്ചു
കല്ലായിപ്പാലം രാനേപ്പെറ്റു
കളിയല്ല പൊളിയല്ല ഞാമ്പോയി കു
കൊച്ചിയഴിമുഖം തീ പിടിച്ചു
കുഞ്ഞനുറുമ്പിന്റെ കാതുകുത്തി
തെങ്ങുമുറിച്ചു കരടുമിട്ടു
കോഴിക്കോട്ടാന തെരിപ്പറന്നു

നൂറ്റും കുടത്തിൽ നൂറ്റൊന്നാന
കളിയല്ല പൊളിയല്ല കുഞ്ഞാത്തോലേ.

**ചിരുത, പഴേടത്ത്**

153. കുട്ട്യേട്ടന്റെ മുറ്റത്തുരൊരു
പച്ചച്ചേന മുളച്ചിട്ട്
ഉപ്പിട്മൊളകിട് മഞ്ഞപ്പൊടിയിട്
നല്ലോണം ശാപ്പിട് കുട്ട്യേട്ടാ

**ഉണ്ണിക്കുറുപ്പ്മാസ്റ്റർ, മേപ്പള്ളി**

154. കൊച്ചീന്നൊരു കാക്ക വന്നു
കോയ്ക്കോട്ടു കൂട് കെട്ടി
കൊയിലാി മുട്ടയിട്ടു
തലശ്ശേരീ മക്കളാക്കി

**ഉണ്ണിക്കുറുപ്പ്മാസ്റ്റർ, മേപ്പള്ളി**

155. ഉച്ചക്കാറ്റടീ ..... അടീ...
പഴുത്ത മാം തൊഴീ തൊഴീ
പല്ലെല്ലാം പുളീ പുളീ
ഉച്ചക്കാറ്റടീ.... അടീ....

**ജാനകിയമ്മ, മേപ്പള്ളി**

156. അപ്പം ചുട് ചുട് പാത്തുമ്മാ
ഇപ്പം വരും വരും മാപ്പിള
ആദ്യം ചുട്ടതു തിന്നും പോയ്
പിന്നെ ചുട്ടത് കരിഞ്ഞൂംപോയ്

**ജാനകിയമ്മ, മേപ്പള്ളി**

157. ആശ കൊ, മൂസാ തെങ്ങുമ്മേക്കേറി
മടലടർന്നു വീണു, മൂസാ മലർന്നു വീണു
മടലടുപ്പിലായി, മൂസാ കിടപ്പിലായി

**നാരായണൻ മാസ്റ്റർ, കൂറ്റിപ്പാല**

158. ഞാനൊരുപാട്ടു പഠിച്ചിട്ടു്
കൈതക്കൂില് വെച്ചിട്ടു്
അപ്പം തന്നാലിപ്പം പാടാം
ചക്കര തന്നാനാളെ പാടാം
കൊപ്പര തന്നാ പാടൂലാ....

**അച്ച്യുതൻമാസ്റ്റർ, കയ്യിട്ടാപ്പൊയിൽ**

159. കൊരങ്ങനും കൊരങ്ങനും അടികൂടി
അതിലൊരു കൊരങ്ങന്റെ തലപൊട്ടി
എടുക്കെട കൊരങ്ങാ പൂളിവാറ്
കൊടുക്കെട കൊരങ്ങാ പതിനാറ്..

**ആനന്ദ്, ഓമശ്ശേരി**

160. ദോശ നല്ല ദോശൈ
കലക്കിച്ചുട്ട ദോശൈ
അരിശുമാവ് ഉഴ്ന്ന്മാവ്
കലക്കിച്ചുട്ട ദോശൈ
അച്ഛന്ക്ക് നാല്
അമ്മാവ്ക്ക് മൂന്ന്
ചേട്ടന്ക്ക് ര്
എനിക്ക് മാത്രം ഒന്ന്

**ഈശ്വരിയമ്മ, ഭംഗിപുരം**

161. കോഴിക്കുഞ്ഞേ നിന്റെ
പാട്ടൊന്ന് കേൾക്കട്ടെ
ഞാനും ചെറുപ്പത്തിൽ
കീയോ.......കീയോ.............

**അനഘ, ഓമശ്ശേരി**

162. കൊച്ചു കുഞ്ഞിന്റെച്ഛനൊരു
പട്ടു വാങ്ങാൻ പോയി
തങ്കച്ചേരി തോട്ടീ ചെന്നപ്പം
തോണി മുങ്ങിപ്പോയി.
കിരുന്ന ചെമ്പരന്ത്

റാഞ്ചിക്കൊണ്ടുപോയി
തെക്കുതെക്കു തേക്കനാട്ടിൽ
കൊണ്ടു ചെന്നു വച്ചു
കൊത്തി കൊത്തി തിന്നാൻ നേരം
കൊക്കൊടിഞ്ഞും പോയി.

**സായി നിവേദിത, പത്തനാപുരം**

163. ഡഠം പടം പപ്പടം
എണ്ണയിലിട്ടാൽ ശുടു ശുടു
ഒന്നു തൊട്ടാൽ ചടുപുടു
വായേലിട്ടാൽ കറുമുറു

**ആദർശ് ഓമശ്ശേരി**

164. ഞാനൊരു പാവമാണേ
പാലാഴിക്കാരനാണേ
പാലുവിൽക്കാൻ വന്നതാണേ
പ്രോം.... പ്രോം...... പ്രോം.....

**ആദർശ് ഓമശ്ശേരി**

165. അയ്യപ്പന്റമ്മ നെയ്യപ്പം ചുട്ടു
കാക്ക കൊത്തി കടലിലിട്ടു
ചക്കിപരുന്ത് കൊത്തിയെടുത്തു
ചക്കിന്റെ മക്കള് കൊത്തിപ്പറിച്ചു.

**ആദർശ് ഓമശ്ശേരി**

166. പാക്കരാ പൊന്നുമോനേ
മുറ്റത്ത് വന്നതാരാണ്
പാക്കരന്റച്ഛനാണോ?
പായസം വെന്തിറങ്ങി
മന്തുകാലിട്ടിളക്കി
മന്തുകാൽ വെന്തുപോയി
ഓടിവാ പൊന്നുമോനെ കാണി

**സിവിക് കൊടക്കാട്, കാസർകോഡ്**

167. രാരി തത്തമ്മേ എന്നേ കോഴികൊത്തല്ലേ
കോഴി കൊത്ത്യാലോ എന്റെ മാലപൊട്ടൂലേ
മാല പൊട്ട്യാലോ എന്നെ അമ്മ തല്ലൂലേ
അമ്മ തല്ല്യാലോ എന്നെ അച്ഛൻ കൊല്ലൂലേ
അച്ഛൻ കൊന്നാലോ എന്നെ വലിച്ചെറിയൂലേ
വലിച്ചെറിഞ്ഞാലോ എന്നെ ചിതലരിക്കൂലേ
ചിതലരിച്ചാലോ എന്നെ കോഴികൊത്തൂലേ
കോഴികൊത്ത്യാലോ എന്റെ കണ്ണുപോട്ടൂലേ
കണ്ണുപൊട്ട്യാലോ എന്റെ കല്ല്യാണം മൊടങ്ങൂലേ
കല്ല്യാണം മോടങ്ങ്യാലോ എന്നെ മൂലയ്ക്കാക്കൂലേ
അരാരിതത്തമ്മേ എന്നെ കോഴികൊത്തല്ലേ.

**മനീഷ.കെ. പത്തനാപുരം**

168. അയ്യപ്പചങ്കരൻ പാരിക്കൽ
കയ്യാലമേലൊന്നു കേറിനോക്കി
അമ്മ പറഞ്ഞൂ കേറല്ലേ
അയ്യപ്പചങ്കരാ കേറല്ലേ
അച്ചമ്പറഞ്ഞൂ കേറല്ലേമോനേ
അയ്യപ്പഞ്ചങ്കരാ കേറല്ലേ
അയ്യപ്പചങ്കരൻ തിത്തകതിത്തോം
കയ്യാലമോളീന്ന് ചക്കപോലെ
അയ്യയ്യോ! നാട്ടുകരോടിവന്നു
അയ്യപ്പച്ചങ്കരാ താഴെവീണോ
ആളുപിടിച്ചു എലൈസാ
അയ്യപ്പചങ്കരൻ പൊങ്ങീല
ആനപിടിച്ചു എലൈസാ
അയ്യപ്പനൊട്ടുമേ പൊങ്ങിയില്ല
പടയാളുവന്നുപിടിച്ചുനോക്കി
തടിമാടനൊട്ടുമേ പൊങ്ങിയില്ല

രാജവുവന്നു, മന്ത്രിയുംവന്നു
രാജ്യത്തെപ്പട്ടാളമൊക്കെവന്നു
പടയാളും കുതിരയും നാട്ടുകാരും
പിടിയെടാ വലിയെടാ ഏലൈസാ
എല്ലാരുമൊത്തുപിടിച്ചുനോക്കി
ഒത്തുപിടിയെടാ ഏലൈസാ
തടിമാടനയ്യപ്പച്ചങ്കരനോ
പൊടിപേലുമെന്നിട്ടനങ്ങിയില്ല.

**നാരായണൻ മാസ്റ്റർ, കുറ്റിപ്പാല**

169. താനാ തുന്തും താനാ......താനാ തുന്തും താനാ...... (2)
ഇഞ്ചിപെരുംജീരം മഞ്ഞള് കൊത്തമ്പാല്
അമ്മീമ്മേലിട്ടിട്ട് നീട്ടിയരച്ചോളെ.......(താനാ...............)
ഒരു കെട്ട് പപ്പടം കാച്ചിഞാൻ ബെച്ചിട്ട്
ഒറ്റചവിട്ടിന്ന് ഒക്കെപ്പൊടിച്ചോനെ....(താനാ.................)
അടച്ചിട്ട പത്തായം ചവ്ട്ടിതൊറന്നപ്പോ
കാരക്ക പോല്ള്ള കൂറയെ കാളേ (താനാ...........)
മുട്ടോളം ബെള്ളത്തിലെട്ടണ വീണപ്പോ
മുഖൊന്നും നനയാതെ മുങ്ങിയെടുത്തോനെ (താനാ....)
മാനാഞ്ചിറ നിന്നും സൈക്കളെടുത്തിട്ട്
വെട്ടത്തില് ചവിട്ടയപ്പം നീട്ടത്തില് പോയോനെ (താനാ.......)
അങ്ങേലെ ബീപ്പാത്തൂ മുറ്റത്തെറങ്ങ്യപ്പം
മേലോട്ട് നോക്കാതെആകാശം കാനെ (താനാ........)
തെങ്ങുമ്മ് കേറീട്ട് കൈരും വിട്ടപ്പം
തടസ്സൊന്നും കൂടാതെ താഴോട്ട് വീണോനെ (താനാ....)
ഒഴുകുന്ന പൊയേല് മേലോട്ട് നീന്ത്യപ്പം
തടസ്സൊന്നും കൂടാതെ തായൊട്ടേ് പോയോളെ (താനാ....)

**മനോജ്, കച്ചേരി**

170. താതിന്ന തക തിന്നെ താതിന്ന തകതിന്തെ
താതിന്ന തകതിന്തെ തന്നാന്നോ
ചെങ്ങന്നൂരില്ലത്ത് ചെത്തിവരമ്പത്ത്
ചെത്തിപ്പറിച്ചൊരു ചേനനട്ടു (താതിന്ന..........)
കൊച്ചീല് വേരൂന്നി കൊയിലാി നാമ്പിട്ടു
പട്ടാമ്പീച്ചെന്നു തലനാട്ടി (താതിന്ന..........)
ചേനത്തലവെട്ടികൊട്ടേലിട്ടപ്പം
കൂകിത്തെളിഞ്ഞൊരു കോഴിക്കുഞ്ഞ് (താതിന്ന..........)
കോഴിക്കുഞ്ഞ്കൂകി നേരംവെളുപ്പിച്ച്
സൂര്യനുദിച്ചപ്പം കൊത്തച്ചക്ക (താതിന്ന..........)
കൊത്തംചക്കവെട്ടി കൂഞ്ഞ് വലിച്ചപ്പം
ചക്കക്കുരുവെല്ലാം കട്ടുറുമ്പ് (താതിന്ന..........)
കട്ടുറുമ്പിൻ കാതു കുത്തിതുളച്ചപ്പം
കായംകുളംകാള പെറ്റെണീറ്റു. (താതിന്ന..........)
കാളയ്ക്ക് പേറ്റ്മര്ന്ന് കൊടുത്തപ്പം
കൊച്ചീലൊരച്ചിക്ക് മീശവന്ന്
മീശമിനിക്കിയൊതുക്കിയെടുത്തപ്പം
കേശവൻനായർക്ക് കൊമ്പ് വന്നേ
അക്കൊമ്പിലിക്കൊമ്പിലൂഞ്ഞാലിട്ടിട്ട്
അക്കരെയിക്കരെയാടാൻ വാ...

**കെ.വി. ശ്രീധരൻ, മാമ്പറ്റ**

171. അമ്മായിയമ്മയ്ക്ക് കല്യാണം വന്നപ്പോ
പാവയ്ക്കാ വേണമെന്നെന്നോട്
പാവയ്ക്കാമേടിച്ച് വട്ടിയിലിട്ടപ്പോ
വട്ടിയിൽ കത് കട്ടുറുമ്പ്
കട്ടുറുമ്പേ കൊട്ടി കൊട്ടയിട്ടപ്പോ
കൊട്ടയിൽകത് കോഴിക്കുഞ്ഞ്
കോഴിക്കുഞ്ഞ് കൂവി കൊല്ലത്ത് ചെന്നപ്പോ
കൊല്ലത്തൊരച്ചിക്ക് മീശവന്ന്
മീശയും കൊണ്ട് കൊച്ചിയിൽ ചെന്നപ്പോ
കൊച്ചീലഴിമുഖം തീപിടിച്ച്
ആളിയാളിക്കത്തി മൂളിമൂളിക്കത്തി

കൊച്ചപ്പച്ചാരുടെ മീശകത്തി
ചക്കയ്ക്കും ചാലയ്ക്കും തീപിടിച്ചപ്പം
പഞ്ഞിറയെടുത്തിട്ട് തീ കെടുത്തി

**അശോകൻമാസ്റ്റർ, കോഴിക്കോട്**

172. ആറ്റേം മക്കളും പൊക്കോളേ
പാലായിപ്പാലം കടന്നോളേ
കൊത്തീം പെറുക്കീം തിന്നോളേ
നാളേം രാവിലെ വന്നോളേ
ഏറുംകൊ്ു മരിച്ചോളേ..

**കെ.വി. ശ്രീധരൻ, മാമ്പറ്റ**

173. റാകിപ്പറക്കുന്ന ചെമ്പരുന്തേ
നീയുോ മാമാങ്കവേല കു
വേലയും കു വിളക്കും കു
കടലിൽ തിര കു കപ്പൽ കു

**സ്വപ്ന, ചാത്തമംഗലം**

174. അയ്യപ്പന്റ്യമ്മ നെയ്യപ്പം ചുട്ടു
കാക്ക കൊത്തി കടലിലിട്ടു
മുങ്ങാപ്പിള്ളേരു മുങ്ങിയെടുത്തു

തട്ടാപ്പിള്ളേരു തട്ടിപ്പറിച്ചു
വാണിയപ്പിള്ളേരു വായിലിട്ടു

**മോഹനകൃഷ്ണൻ, മഞ്ചേരി**

175. പാട്ടൊക്കെ പാടി പണം വാരിക്കെട്ടി
കോയിക്കോട്ടങ്ങാടിയൊക്കെയോടി
ഞാനെന്റെ തുപ്പനേ പോരുന്നില്ലേ (2)

**മോഹനകൃഷ്ണൻ, മഞ്ചേരി**

176. അക്കരെപ്പറ്റുക്കരെ കൊട്ടാ–
റാട്ടുന്റെയ്യപ്പാ
ഇക്കരെപ്പറ്റുക്കരെ കൊട്ടാ–
റാട്ടുന്റെയ്യപ്പാ

**രൂപേഷ്. കെ. മാരാർ, പോലൂർ**

177. കണ്ണടമൂക്കത്തു വെച്ചുകൊമ്മൂമ
തപ്പോട് തപ്പ് തപ്പ് തപ്പ്
അപ്പുറത്തും തപ്പി ഇപ്പുറത്തും തപ്പി
തപ്പോട് തപ്പ് തപ്പ് തപ്പ്
ചായ്പ്പ്ത്തപ്പി മേപ്പടി തപ്പി
തപ്പോട് തപ്പ് തപ്പ് തപ്പ്
അതാ മുത്തശ്ശി കണ്ണട മൂക്കത്ത്
അയ്യേ... ഛെ...

**രാമചന്ദ്രൻ. പി., ആലുവ**

178. അച്യുതനുച്ചയ്ക്കപ്പം കട്ടു
മാരാരാമൻ കുപിടിച്ചു
ചെക്കോലോന്നു കൊടുത്തു
ചെ മറിഞ്ഞത കുൽച്ചാടി
കുലെ മിലിയൊന്നുകൊടുത്തു
കവരൊക്കെയുമാർത്തു വിളിച്ചു.

**സാവിത്രി, സുൽത്താൻബത്തേരി**

179. ഒന്നാം കൂരിതമ്പുരാനൊരു
പള്ളിമാടം വെയ്ക്കേണം
പള്ളിമാടം വെച്ചാപ്പോരാ
പള്ളിവേട്ടയാടേണം
പള്ളിവേട്ടയാടി വരുമ്പം
പുള്ളിമാന്റെ ചാട്ടം കി–
ട്ടമ്പും വില്ലും തുള്ളട്ടെ !
തുള്ളട്ടങ്ങനെ തുള്ളട്ടെ !
അമ്പും വില്ലും തുള്ളട്ടെ

**കെ.വി. ശ്രീധരൻ, മാമ്പറ്റ**

180. പൊയ്വെടി ഞാനൊന്ന് പൊട്ടിക്കാം കേട്ടോളൂ
ഏറ്റുപിടിക്കണം കൂട്ടുകാരേ
ഏററു പിടിച്ചത് കൂട്ടായി പ്പാടണം
കൈകൊട്ടിപ്പാടണം കൂട്ടുകാരേ
അമ്മിമേൽ കൂറ്റനൊരാലുമുളച്ചു
ഇലതോറും ഈച്ചകൾ പാടിനടന്നു
ഉണ്ണികൾ ഈച്ചയെ ഊതിയകറ്റി
കാളകൾ മൂക്കറയിട്ടുകൊടോടി
എലികളൊരായിരം ഏണിമേലേറി
ഐരാവതമൊന്നൊരാന വിരു
ഒട്ടകപ്പക്ഷികളോടിയൊളിച്ചു
ഔഷധം തേടിയംബികയോടി
അയ്യയ്യോ യീ വെടി പോയ്വെടിയല്ലോ

**സിവിക് കൊടക്കാട്, കാസർകോഡ്**

181. പൂവൻകോഴി രു മൊട്ടയിട്ടേ അന്ന്
ആലപ്പുഴേൽ രു കാളപെറ്റേ
ആലപ്പുഴേൽ രു കാളപെറ്റേ അന്ന്
വെള്ളിലപ്പാറ വിരുന്നു പോയേ
വെള്ളിലപ്പാറ വിരുന്നു പോയേ അന്ന്
പുറ്റാട്ടൊരച്ചിക്കു മീശ വന്നേ
പുറ്റാട്ടോരച്ചിക്കു മീശവന്നേ അന്ന്

വൈക്കത്തൊരച്ചിക്കോ മൂക്കേപ്പല്ല്

**അപ്പൂട്ടി, കെട്ടിൽ**

182. ആരാന്റെ കത്തി
എന്നെ വന്ന് കൊത്തി
കത്തി ര് കം
രാമ രാമ രാമ രാമ

**പവിത്രമണി, മല്ലിശ്ശേരി**

183. ശങ്കരനെന്ത്യേ ശങ്കരനെന്ത്യേ
ശങ്കരനില്ലാ താഴത്ത്
ശങ്കരനെന്ത്യേ ശങ്കരനെന്ത്യേ
ശങ്കരനില്ലാ മാനത്ത്
ശങ്കരനെന്ത്യേ ശങ്കരനെന്ത്യേ
ശങ്കരൻ തെങ്ങിന്റെ മലേ്
ശങ്കരനെന്ത്യേ ശങ്കരനെന്ത്യേ
ശങ്കരൻ പിന്നേം തെങ്ങേല്

**ഉണ്ണിക്കുറുപ്പ്മാസ്റ്റർ, മേപ്പള്ളി**

184. തിത്തിത്താരാപ്പൊയ്കയിലുരൊരു
മാക്കിരി ചത്തുകിടക്കുന്നു
എട്ടോ പത്തോ കാമന്മാരതി–
ലേന്തി വളിഞ്ഞു നോക്കുന്നേ
അതിലൊരു കാടൻ കിങ്ങിണി
കെട്ടിത്തുള്ളുന്നേ
തുള്ളുന്നേ തുള്ളുന്നേ
കിങ്ങിണികെട്ടിത്തുള്ളുന്നേ

**ശങ്കരൻ, മൈത്ര**

185. അപ്പുക്കുട്ടാ തൊപ്പക്കണ്ണാ
എപ്പം കല്ല്യാണം
മകരമാസത്തിൽ വേലികെട്ടി
ട്ടപ്പം കല്ല്യാണം

**അമ്മു, ഗുരുവായൂർ**

186. കഥ കഥ നായരെ
കസ്തൂരി നായരെ
കാഞ്ഞിരക്കാട്ടമ്പലത്തിലൊരു
തേങ്ങ മൂത്തെളന്നീരായി

**നാരായണൻ മാസ്റ്റർ, കുറ്റിപ്പാല**

187 കടലേ കടലേ കടലുടെ നടുവിൽ
കറുത്ത മുൻ കയ്പ്പക്ക

വറുത്തുകൊാ വറുത്തുകൊാ
വറുത്തുകൊാ തിന്നട്ടെ

**പോക്കുട്ടി, മുക്കം**

188. കൊച്ചീലൊരച്ചിക്ക് മീശവന്നു
കൊല്ലത്ത്കൊച്ചുണ്ണി മുട്ടയിട്ടു
ഇടവഴി തിങ്ങി രീച്ച ചത്തു
കൊതുകിന്റെ മുതുകത്തൊരാന കേറി

**പോക്കുട്ടി, മുക്കം**

189. തെക്കേമലേന്നൊരു കോയി ബന്നേ ഹോയ് ഹോയ്.
നെല്ലുകൊത്താനൊരു പൂവൻകോയി
നെല്ലുകൊത്തീകോയി കല്ലു കൊത്തീ പെണ്ണ്
കൊത്തരിവാളും കൊടോടിച്ചെന്നേയ് ഹോയ് ഹോയ്
കൊത്തല്ലേ കൊത്തല്ലേ കോയിപ്പൂവാനെല്ല്
മുത്തിയ്ക്കും പാത്തിയ്ക്കും പങ്കാണല്ലോ
കൊത്തൂല്ല കൊത്തൂല്ല കുഞ്ഞിപ്പെണ്ണേ നെല്ല്
കുത്തിതിരിച്ചൊരു പങ്ക് തായോ
കൂവിത്തെളിഞ്ഞൊരു പൂവനപ്പോൾ
പെണ്ണിനെ കൊത്തിപ്പറന്നേ ഹോയ് ഹോയ് ഹോയ്
മുത്തി പറഞ്ഞെടാ മുത്തനാരെന്നെന്റെ
പെണ്ണിനെ തെക്കച്ചു കൊു പോയി.

**ആയിഷ (ബിച്ചായ്ശൂമ്മ) കുറ്റിപ്പാല**

190. കുളക്കോഴിയമ്മ മുട്ടയിട്ടു
മുട്ടതട്ടിതോട്ടിലിട്ടു
തോടൊടൊപ്പം കൈതവെച്ചു
കൈതയെനിയ്ക്കൊരു പൂവുതന്നു
പൂവ്ഞാനൊരു പെണ്ണിനുകൊടുത്തു
പെണ്ണെനിയ്ക്കൊരു ചെക്കനെ തന്നു
ചെക്കനെഞാനൊരു മാടത്തിലിട്ടു
മാടമെനിയ്ക്കൊരു കയറുതന്നു
കയറുഞാനൊരു കാളയ്ക്കിട്ടു
കാളയെനിയ്ക്കൊരു കുന്തിതന്നു
കുന്തി ഞാനൊരു വാഴയ്ക്കിട്ടു
വാഴയെനിയ്ക്കൊരുകുലതന്നു
കുല ഞാനൊരു മുക്കിലുവെച്ചു
മുക്കെനിക്കത് പയ്പ്പിച്ചുതന്നു
പയം ഞാനൊരു തട്ടാന് കൊട്ത്തു
തട്ടാനെനിയ്ക്കൊരു മാല തന്നു
മാല ഞാൻ കഴുത്തിലിട്ടേയ് പൂയ്..പൂയ്.

**പാർവ്വതി, ഓമശ്ശേരി**

191. ആലത്തൂരമ്മിണി കെട്ടിലമ്മ
ചോലത്തലമുടി കെട്ടുന്നേരം
പതിന്നാലിളംമുളം കൊമ്പനാന
ചോലത്തലക്കെട്ടിലായിപ്പോയി.
മുറ്റും പിടിയാനേം തേങ്ങാപ്പൂളും
കാട്ടീട്ടിളം കൊമ്പൻ കീഞ്ഞിലാല്ലോ
ആയിരാളുന്തി പിന്നാനയുന്തി
ആയിരാളുന്തീട്ടും കിയ്യാകൊമ്പനെ
പേനുന്തിതാഴേയ്ക്ക് തള്ളിട്ടീക്കി

**ശ്രീലത, ഓർക്കാട്ടേരി**

192. അപ്പക്കുട്ടാ അപ്പുക്കുട്ടാ
എപ്പങ്കിട്ടും നെയ്യപ്പം
അപ്പച്ചട്ടിയപ്പംചുട്ടാൽ
ഇപ്പം കിട്ടും നെയ്യപ്പം

**രാംദാസ്, താമരശ്ശേരി**

193. കുഞ്ചിയമ്മയ്ക്കഞ്ച് മക്കളാണേ
അഞ്ചാമനോമനക്കുഞ്ചുവാണേ
പഞ്ചാരവിറ്റു നടന്നു കുഞ്ചു
പഞ്ചാരക്കുഞ്ചെന്ന പേരുവന്നു
വഞ്ചിയിൽ പഞ്ചാരച്ചാക്കുവെച്ചു

തുഞ്ചത്തിരുന്നു തുഴഞ്ഞു കുഞ്ചു
പഞ്ചാരതിന്നു മടുത്തുകുഞ്ചു
ഇഞ്ചികടിച്ചു രസിച്ചുകുഞ്ചു
കുഞ്ചിയമ്മയ്ക്കഞ്ചുമക്കളാണേ
അഞ്ചാമൻ പഞ്ചാരക്കുഞ്ചുവാണേ

**അച്യുതൻ മാസ്റ്റർ, കയ്യിട്ടാപ്പൊയിൽ**

194. കൊല്ലത്ത് ബിത്തിട്ട് കൊയിലാഠി ബേരൂന്നി
ആടെ മൊളച്ചൊരു ചെഞ്ചീര
ആ ചീര പറിക്കാനായ് ഉമ്മായും ചെല്ലുമ്പോ
വേലീമ്മേക്കൊരു ചീനമൊള്
പറുക്കുമ്പം കുമ്പളങ്ങ മുറിക്കുമ്പം കക്കരിക്ക
അട്പ്പത്ത്  വെക്ക്മ്പം വെള്ളരിക്ക
കൊ് വെളമ്പ്യപ്പം കൊാട്ടമത്
പെറ്ക്കിച്ചവച്ചപ്പം ഏട്ടത്തല

**ആമിന, അമ്പലക്കി**

195. തള്ളേ തള്ളേ എങ്ങട്ടുപോണൂ
ഭരണിക്കാവിൽ നെല്ലിനു പോണൂ
അവിടെത്തെ തമ്പ്രാനെന്തു പറഞ്ഞ്
തല്ലാൻ വന്ന് കുത്താൻ വന്ന്
ഓടിയൊളിച്ചു കൈതക്കാട്ടിൽ
കൈതയെനിയ്ക്കൊരു പൂവു തന്നു
പൂവ് കൊാേയ് മാടത്തിൽ വെച്ച്
മാടമെനിയ്ക്കൊരുകയറ്തന്ന്
കയറ് കൊ്വായ് കാളേക്കെട്ടി
കാളയെനിയ്ക്കൊരു കുന്തി തന്ന്
കുന്തി കൊ്വായ് വാഴയ്ക്ക് വെച്ച്
വാഴയെനിയ്ക്കൊരു കുലയും തന്ന്
കൊലകൊ്വായ് പത്തായത്തിൽ വെച്ച്
പത്തായമെനിയ്ക്കത് പഴ്പ്പിച്ച് തന്ന്
പഴം കൊ്വായ് അമ്മയ്ക്ക് കൊട്ത്ത്
അമ്മയെനിയ്ക്കൊരുരുളയും തന്ന്
ഉരുളകൊാേയ് പട്ടിയ്ക്ക് കൊട്ത്ത്
പട്ടിയെനിക്കൊരു കടീം തന്നേയ്
ഈ..................ഈ............ഈ..............

**പ്രസന്ന, തൃക്ടീരി**

196. ചക്കരക്കുട്ടൻ കറിവെച്ചി–
ട്ടെനിയ്ക്കൊട്ടും തന്നില്ല

ചേട്ടന്മാരെ തവിപിടി
ഞാനൊന്ന് നക്കി നക്കി തിന്നട്ടെ

**ജാനകിയമ്മ, മേപ്പള്ളി**

197. വെട്ടുകല്ലേലിട്ടിമത്തൻ
ചക്കയിട്ടുതിന്തകതോം
ചക്കവെട്ടീട്ടിട്ടിമന്തൻ
ചൂളപറിച്ചു തിന്തകതോം
ചൂളപറിച്ചിട്ടിട്ടീമന്തൻ
കുരുവിഴുങ്ങി തിന്തകതോം
കുരുവിഴുങ്ങീട്ടിട്ടീമന്തൻ
ചൂളകളഞ്ഞത തിന്തകതോം

**ഗിരിഷ്. അരീക്കോട്**

198. ചക്കമടലോ് തോണിയുാക്കി
ചെക്കനും കൂട്ടരും ചന്തയ്ക്ക് പോയേ
കൂര് ചെന്നപ്പം തോണി മറിഞ്ഞപ്പം
ഇി കൊട്ടുമെൻ ചെയും പോയേ
ഞാനുമെന്റുണ്ണിയും നീന്തിക്കരേറി
ചെക്കനും കൂട്ടരും ചെലേും കേറി
ചെയ്ക്കകത്തൊരു നീർക്കോലിചാത്തൻ
ചെക്കനും കൂട്ടരും പേടിച്ചുമി

**രൂപേഷ്. കെ. മാരാർ, പോലൂർ**

199. വെയിലും മഴയും
അന്നാണല്ലോ കല്യാണം
അങ്ങേക്കാട്ടിലെ കല്ല്യാണം
കുഞ്ഞിക്കുറുക്കന്റെ കല്യാണം

**ശാന്ത, മടപ്പള്ളി**

200. മഴയതാ പെയ്യ്ണ്
ഇടിയതാ വെട്ട്ണ്
അയ്യപ്പന്റോളതാ
മത്തിക്ക് പായിണ്

**ശാന്ത, മടപ്പള്ളി**

201. ഇടിയതാ മുട്ടുന്ന്
മഴയതാ പെയ്യുന്നു
മാധവന്റോളതാ
മത്തിക്ക് പായുന്നു

**ദേവി, ചേർത്തല**

202. ഒരു മുളകൊടുക്കണം
കുടിക്കണം മുറിക്കണം
കണ്ണീല്തേക്കണം
മൂക്കില്ത്തേക്കണം
നാവില്ത്തേക്കണം
തേക്കണം...തേക്കണം...
തേക്കണം...തേക്കണം... ഹാ....ഹാ.....

**കെ.വി. ശ്രീധരൻ, മാമ്പറ്റ**

203. കുഴിമടിച്ചീ കാരണോത്തീ
കാടീലുരിയരിയിട്ടവളെ
അടച്ചുപാറ്റി പുറത്തുകോരി–

യിട്ടു തിന്നവളെ
നായരെ മുൽ കൈ തൊടച്ചവളെ

**അഞ്ചു, നിലമ്പൂർ**

204. അപ്പം ചുട്ചുട് പാത്തുമ്മ
ഇപ്പം വരും പുയ്യാപ്ള
കൂടെബരുന്നൊരു കൂട്ടർക്കെല്ലാം
പത്തിരിയൊത്തിരി ചുട്ടോൂ
പല്ലില്ലാത്തൊരു വല്ല്യുപ്പാക്ക്
പതമുള്ളപ്പം ചുട്ടോൂ
അപ്പം ചുട്ചുട് പാത്തുമ്മ
ഇപ്പം വരും പുയ്യാപ്ള
ചുട്ടോരപ്പം കരിഞ്ഞുമ്പോയ്
വന്നൊരു മാപ്പിള മടങ്ങീംപോയ്

**ജാനകിയമ്മ, മേപ്പള്ളി**

205. ആ അരിവാളെവിടെപ്പോയെടി മുരുതങ്കോടിപ്പൊന്നമ്മേ
ആ അരിവാളെല്ലേയിവന്നലെ ചാമകൊയ്യാൻ പോയത്
ആ ചാമയെവിടെ.......................
ആ ചാമയല്ലെയിന്നലെ വറുത്തുകുത്തിവെച്ചത്
ആ ഉമി എന്തുചെയ്തെടി ................
ആ ഉമിയല്ലെയിന്നലെ പാലടുപ്പിലിട്ടത്
ആ വെണ്ണീരെന്തുചെയ്തെടി ....................
ആ വെണ്ണീരല്ലേയിന്നലെ പൂജാപാത്രം തേച്ചത്
ആ പാത്രമെവിടെപ്പോയെടി.........................
ആ പാത്രമല്ലെയിന്നലെ കള്ളൻ കട്ടോാേയേ
ആ കള്ളനെവിടെപ്പോയെടി..............................
ആ കള്ളനല്ലെയിന്നലെ കാടുകേറിപ്പോയത്
ആ കാട് എന്ത് ചെയ്തെടി.............................................
ആ കാട്യല്ലെയിന്നലെ വെട്ടിക്കോരിക്കളഞ്ഞത്
ആ സ്ഥലത്തെന്തുചെയ്തെടി ................................
ആ സ്തലത്തല്ലെ  നമ്മള് കണ്ണൻവായവെച്ചത്
ആ വായകളെന്തുചെയ്തെടി........................
ആ വായകളല്ലേയിന്നലെ പൊണ്ണൻപോത്ത് തിന്നത്
ആ പോത്തെവിടെപോയെടി ........................
ആ പോത്തല്ലേയിന്നലെ ത്തൂറ്റത്തൂറ്റി ചത്തത്
ആ ചാണകമെവിടപ്പോയെടി.....................
ആ ചാണകമല്ലെയിന്നലെ അമ്പമുറ്റം തളിച്ചത്

**ശശിമാസ്റ്റർ, ചേവായൂർ, ആഞ്ഞ**

206. വേങ്ങാടൻ കോഴി വടക്കൻ കോഴീ
കോഴിമലകേറി മുട്ടയിട്ടേ
മുട്ടയിലെട്ടെണ്ണ്വോം പൊട്ടിപ്പോയേ
പൂവത്തലയ്ക്കൊരു ചൂറിഞ്ഞേ
ചൂത്തലയ്ക്കൊരു മീൻ കുടുങ്ങ്യേ
മീനെ വലിച്ചു വലിച്ചു കരേലുമിട്ടേ
മീനേ മുറിച്ചവൾ നോക്കുന്നേരം
മീനിന്റകത്തൊരു ചെപ്പ്കേ
ചെപ്പുതുറന്നവൾ നോക്കുന്നേരം
ചെപ്പിനകത്തൊരളുക്കു കേ
അളുക്കു തൊറന്നവൾ നോക്കുന്നേരം
അളുക്കിനകത്തൊരു മാലകേ
മാലയെടുത്തവൾ കഴ്ത്തിലിട്ടേ
മാലയ്ക്കും ചേലയ്ക്കും ചേർന്നപെണ്ണേ
മംഗല്യം ചാർത്തുവാൻ ചേർന്നപെണ്ണേ

**രമേശൻ കാവിൽ, മേലടി ആഞ്ഞ**

207. കല്ലിടുമ്പിലെ കരുതലെ
നീയെന്നോട് കളിയ്ക്ക
നീയെന്നോട് കളിച്ചാല്
ചൂലേിട്ട് പിടിക്കും ഞാൻ
ചൂലേിട്ട് പിടിച്ചിട്ട്
പാറേമ്മലിട്ടടിക്കും ഞാൻ

**ചന്ദ്രൻമാഷ്, മണാശ്ശേരി**

208. കണ്ണില്ലാത്തൊരു പെണ്ണ് പറഞ്ഞു
കണ്ണിനുകൺമഷിചേരില്ലെന്ന്
കയ്യില്ലാത്തൊരു പെണ്ണ് പറഞ്ഞു
കയ്യിന് കരിവള ചേരില്ലെന്ന്
കാതില്ലാത്തൊരു പെണ്ണ് പറഞ്ഞു
കാതിന് കമ്മല് ചേരില്ലെന്ന്
കാലില്ലാത്തൊരു പെണ്ണ് പറഞ്ഞു
കാലിന് കാൽത്തള ചേരില്ലെന്ന്
കയ്യും കാലും കണ്ണും ഉള്ളൊരു
പെണ്ണ് പറഞ്ഞു മടിക്കാതെ
അജ്ഞനമെന്നത് ഞാനറിയും
മഞ്ഞളുപോലെ വെളുത്തിരിക്കും

**രാജേഷ്, ഒ.ടി. മൂത്തേരി**

209. ആലങ്ങാട്ടാലിന്മേൽ, അഞ്ചെട്ടു ചക്ക
കളവെല്ലെൻ കുഞ്ഞിക്കോതേ ഞാമ്പോയിക്കതാ
കോഴീക്കോട്ടങ്ങാടീൽ കൊങ്ങിണി പെറ്റിനീ
കളവെല്ലെൻ കുഞ്ഞിക്കോതേ ഞാമ്പോയിക്കതാ
അമ്പഴം മൂന്നൂറ് അടക്ക കായ്ച്ചിനി
കളവെല്ലെൻ കുഞ്ഞിക്കോതേ ഞാമ്പോയിക്കതാ

**രമേശൻ കാവിൽ, മേലടി**

210. പാട്ടൊക്കെപാടി പഴമ്പാളെകെട്ടി
തോട്ടപ്പാട്ടീടെ മുറ്റേ കൊടോടി
പാട്ടിലൊരു മൊഴി തോട്ടിൽ പോയി
കൊട്ട കൊടൊവട്ടി കൊടൊ
കോരിപ്പിടിയെടാ കോരിപ്പിടി

**രമേശൻ കാവിൽ, മേലടി**

211. തൂശിമുനയില് മൂന്നുകൊളം കുത്തി
രുകൊളം പൊട്ട ഒന്നില് തണ്ണിയുമില്ലേ
തണ്ണിയില്ലാകൊളത്തീല് നീന്തിവന്നതു മൂന്ന് പേര്
ര് പേര് ഞൊിയൊരുത്തനു കയ്യുമില്ലേ
കയ്യില്ലാകൊശവനാരുമെനഞ്ഞ കലം മൂന്ന്
ര് കലം ഓട്ട ഒന്നിന് മൂടുമില്ലേ
മൂടില്ലാക്കലത്തില് വച്ചരിശു മൂന്ന്
രരിശു പച്ച ഒന്ന് വെന്തതുമില്ലേ
വേവാത്തരിശിനേ ഉണ്ണാൻ വന്നതു മൂന്നുപേര്
ര് പേര് പഷ്ണിയൊരുത്തനുതുമില്ലേ
ഉണ്ണാത്തവനുക്കുപാൽ കുടിക്കാൻ മൂന്നെരുമ
രരുമ മച്ചി ഒന്നു പെറ്റതുമില്ലേ
പെറാത്തൊരുമയ്ക്ക് മേച്ചിക്കാട് മൂന്ന് കാട്
രു കാട് മൊട്ട ഒന്നീപ്പുല്ലുമില്ലേ
പുല്ലില്ലാകാടിനുകൊടുത്ത പണം മൂന്ന്
ര് പണം കള്ളംഒന്നെടുക്കേംമില്ല
എടുക്കാപണത്തിന് നോട്ടക്കാര് മൂന്ന്പേര്
ര്പേര് കുരുടൻ ഒരുത്തനു കണ്ണുമില്ലേ

**അർജുൻ വെസ്റ്റ്മാമ്പറ്റ**

212. മുള്ളിന്റെ മുനകൊ് മൂന്നു കുളംകുത്തി ഞാൻ
രണ്ണെം പൊട്ട ഒന്നില് വെള്ളമേ ഇല്ല
വെള്ളമില്ലാ കുളത്തില് മണ്ണെടുക്കാൻ മൂന്ന്പേര്
ര്പേര് ഞൊി ഒരുവന് കാലേ ഇല്ല
കാലില്ലാത്തവനിക്ക് ചോറ്വെക്കൻ മൂന്നരിശ്
രണ്ണെം പച്ച ഒന്ന് വെന്തതേയില്ല
വെന്തിടാത്തരിശിക്ക് വിരുന്നുകാര് മൂന്ന്പേര്
ര് പേരി പട്ടിണി ഒരുവനുതേയില്ല
ഉണ്ണാത്തവന്ക്ക് പാല്കുടിക്കാൻ മൂന്നെരുമ
രണ്ണം മച്ചി ഒന്ന് പെറ്റതേയില്ല
പെറ്റിടാത്തെരുമക്ക് പുല്ലുതിന്നാൻ മൂന്ന് മല
രണ്ണെം മൊട്ട ഒന്നില് പുല്ലേയില്ല

പുല്ലില്ലാ മലയൊന്ന് വിറ്റപണം മൂന്ന് പണം
രണ്ണെം കള്ള ഒന്ന് എടുപ്പതേയില്ല
എടുക്കാത്ത  പണത്തിന് കാവലിന് മൂന്ന്പേര്
രുപേര് കുരുടർ ഒരുവന് കണ്ണേയില്ല
കണ്ണില്ലാത്തവനിക്ക് കണ്ണിന് വെക്കാൻ മൂന്നു കണ്ണട
രണ്ണെം പൊട്ട ഒന്നിന് ചില്ലേയില്ല
ചില്ല് വാങ്ങാൻ ചെന്നപ്പം ചില്ല് കട മൂന്നെണ്ണം
രണ്ണെം പൂട്ടി ഒന്ന് തൊറന്നതേയില്ല.

**അമ്മു, ഗുരുവായൂർ**

213. എന്തിനി വന്നൂന്റെ കുന്നുമ്മലാച്ചേ
അമ്മയ്ക്കൊട്ടെണ്ണയ്ക്കും വാകയ്ക്കും താളിയ്ക്കും
ഒരു തും ചക്കയ്ക്കും ഇത്തിരി തീയ്യിനും
ആ ഈരോലിക്കും
വിരുന്നിന് പൂവ്വാനൊര്
പൂഞ്ചേലയ്ക്കും ഒരു പൊൻ മാലയ്ക്കും

**ശ്രീകാന്ത്, പയ്യന്നൂർ**

214. നങ്ങേലിപെണ്ണേ നാണം കുണുങ്ങി
നിനക്കാരു തന്നീ മുല്ലമാല
എനിക്കാരും തന്നതല്ല ഞാനാ
ങ്ങറുത്തിട്ടു ചൂടിതല്ല
മുല്ല കൊയിഞ്ഞെന്റെ
മൂടിയിൽ വീണതാണേ

**പെണ്ണൂട്ടി, ചോലയ്ക്കൽ**

215. നിൽക്കെന്റെ കേള്വോ ചോയ്ക്കട്ടെ
ആറ്റ്ലെത്തറ മീന്
അങ്ങാടീലെത്തറ ആള്
ചക്കയ്ക്കെത്തറ ചവ്ണി
ചായേലെത്തറ പാല്
പൂച്ചയ്ക്കെത്തറ രോമം
പൂഴീലെത്തറ തരീ
ആനേന്റെ കാല് തൂണാണോ
ആമേന്റെ വാല് നീട്ടാണോ
അയ്യോന്റെ നാണ്വോ ഇയ്യെന്തൊരു വിഡ്ഢ്യാ–
ഞാരാരും ചോയ്ക്കാത്ത ചോദ്യാണ്

**നാരായണൻ മാസ്റ്റർ, കൂറ്റിപ്പാല**

216. ഇടവപ്പാതി കഴിഞ്ഞിട്ടും
മഴ പെയ്യാത്തതെന്തെടോ
പാറപ്പുറത്തു പുണ്ണി
പല്ലു തേക്കാത്ത കാരണം

**വാസുദേവൻ, മൈത്ര**

217. പുഴുപ്പല്ലൻ ചിറ പിടിച്ചു
കിഴക്കെല്ലാം മഴപിടിച്ചു
നാരങ്ങാവെടിവെച്ചു
നാടെല്ലാം പേടിച്ചു

**ടി.ടി.ജി. നമ്പൂതിരി, മാതമംഗലം**

218. അത്തത്തിന്റുച്ചയ്ക്കൊരു പച്ചമൊളവെട്ടി
പത്തായിച്ചീന്തീട്ടൊരൊറ്റലുംകുത്തി
മാനാഞ്ചിറയ്ക്കല് മീനൂറ്റാമ്പോയി
ഒറ്റലിൽ നല്ലൊരു വാലേട്ടകിട്ടി
വാലുപിടിച്ചു വരമ്പത്തടിച്ചു
ചീറ്റുളിജീരകം മുന്നാഴ്യരച്ചു
പാലുള്ള തേങ്ങായെരെൺപതരച്ചു
ആനത്തലയോളം കായം കലക്കി
പതിനെട്ടു പെണ്ണുങ്ങളുപ്പിട്ടുനോക്കുമ്പോ–
ളൊരു പിടിച്ചോറിന് കൂട്ടാനുമില്ലേ

**കെ.വി. ശ്രീധരൻ, മാമ്പറ്റ**

219. അന്നുകുളിച്ചു മുടിയാറ്റി പോകുമ്പോൾ
കുന്നിമണികൊറിഞ്ഞു തൊടുത്തൊരാ
സുന്ദരൻ തന്നെയെന്നെ വേൾക്കുകയില്ലെങ്കിൽ

തുമ്പക്കഴുത്തിന്മേൽ തൂങ്ങിമരിക്കും ഞാൻ
എന്നിട്ടും ചത്തില്ല ജീവിച്ചിരിക്കുകിൽ
പൂവൻ പഴം കൊ് കുത്തി മരിക്കും ഞാൻ
എന്നിട്ടും ചത്തില്ല ജീവിച്ചിരിക്കുകിൽ
കണ്ണൻ ചിരട്ടയിൽ നൂമരിക്കും ഞാൻ
എന്നിട്ടും ചത്തില്ല ജീവിച്ചിരിക്കുകിൽ
തളികയിൽ വെള്ളംവെച്ച് മുങ്ങി മരിക്കും ഞാൻ
എന്നിട്ടും ചത്തില്ല ജീവിച്ചിരിക്കുകിൽ
നെയ്യപ്പം ചുട്ട് വിഷമാക്കിത്തിന്നും ഞാൻ
എന്നിട്ടും ചത്തില്ല ജീവിച്ചിരിക്കുകിൽ
ആ സുന്ദരനെ വിട്ട് വേറ്യാളെ തേടിപ്പോകും

**കൃഷ്ണൻമാസ്റ്റർ, ചൂലൂർ**

220. വിത്തും കൈക്കോട്ടും
അച്ചങ്കൊമ്പത്ത് അമ്മ വരമ്പത്ത്
കള്ളൻ ചക്കേട്ടു കാ മിാ
കൊഠായ് തിന്നോട്ടെ
ചക്കക്കുപ്പില്ല

**പാർവ്വതി, മുത്തേരി**

221. തൃക്കാക്കരപ്പാ പൊന്നും പൂവേ
ഉച്ച തിരിവോളം പിച്ചതെി
ഉച്ചതിരിഞ്ഞിട്ടൊരമ്പലത്തിൽ
വെണ്ണകൊുണ്ണിയടുപ്പുാക്കി
കുമ്പിളു കുത്തിയരിയും വെച്ചു
വെണ്ണയുരുകിയടുപ്പിൽ പോയി
ഇന്നത്തെപ്പട്ടിണി കേമം തന്നെ
തോണിപ്പുഴയ്ക്കലും ചെന്നുനിന്നു
തോണികടത്തേണം തോണിക്കാരാ
തോണി കടത്തുവാൻ കാശുവേണം
കാശുമില്ലെൻ കയ്യിൽ തുഴയുമില്ല.
പുസ്തകകെട്ടോ് തോണിയാക്കി
പൊന്നെഴുത്താണി തുഴയുമാക്കി
ഒന്നു തിരിഞ്ഞു തലതിരിഞ്ഞു
രു തുഴഞ്ഞു നടക്കെലെത്തി
മൂന്നു തുഴഞ്ഞു കരക്കലെത്തി,
തൃക്കാക്കരപ്പനും പോയല്ലോ.

**ഉമാദേവി അന്തർജ്ജനം. താമരശ്ശേരി**

222. തൃക്കാകരപ്പനൊരു വിഡ്ഢിത്തം പറ്റി
പൂവമ്പഴം തിന്നിട്ട് പല്ലൊക്കെ പോയി
തേങ്ങാമുറി തിന്നിട്ട് പല്ലൊക്കെ വന്നു
പൂവേപൊലി പൂവേപൊലി പൂവേ.

**അനീഷ്, മൈത്ര**

223. തൃക്കാക്കരപ്പാ നീ എങ്ങട്ടു പോണൂ
കന്യകാക്കുട്ട്യോളെ പൂക്കളം കാണാൻ
പൂക്കളം കാലെന്തെല്ലാം കിട്ടും
ചാടിക്കളിക്കാൻ കുളമൊന്ന് കിട്ടും
പോരുമ്പം നാല് പൊതിപ്പണം കിട്ടും
തൃക്കാക്കരപ്പാ പൂവോ പൊലി പൂവോ.

**ഉണ്ണിനാരായണൻ മാസ്റ്റർ, മൈത്ര**

224. തൃക്കാക്കരപ്പനൊരു വിഡ്ഢിത്തം പറ്റി
നേന്ത്രപ്പഴം തിന്നിട്ട് പല്ലൊന്നു പോയി
ഏട്ടത്തല തിന്നിട്ട് പല്ലൊന്നു പൊട്ടി
പൂവേ പൊലി പൂവേ പൊലി
തൃക്കാക്കരപ്പാ നീ ഏക്കേക്കര പോണൂ
കക്കാനുമല്ല കളവാനുമല്ല
കന്യകാകുട്ട്യോളെ പൂപ്പൊലി കേൾക്കാൻ
അങ്ങോട്ടു പോകുമ്പ്ലൊരു ഓട്ടക്കിണ്ണം കിട്ടി
കിണ്ണത്തിന്റ്റോട്ട അടപ്പാനുമാകാ
ഇങ്ങോട്ടു പോരുമ്പ്ലൊരു കള്ളപ്പണം കിട്ടി
കന്യകാ കുട്ട്യോൾക്കു കൊടുക്കാനുമാകാ
പൂവേ പൊലി പൂവേ പൊലി

**കെ. വി. ശ്രീധരൻ മാമ്പറ്റ**

225. വീശി വീശി കയററ്റൂ
കയറാലഞ്ചു മടക്കിട്ടു
നെറ്റിപ്പട്ടം മുട്ടിട്ടു
നേരെ ചെന്നു കൈവെച്ചു
പൂവേ പൊലി പൂവേ.

**ദേവകി അന്തർജ്ജനം, വാഴാമ്പറ്റ**

226. ആന പോകുന്ന പൂമരത്തിന്റെ
ചോടെ പോകുന്നതാരെടാ
ആരാനുമല്ല കൂരാനുമല്ല
കുറ്റിക്കാട്ടുണ്ണി കിളുംപന്നി
പന്നിവാലുമ്മൽ തൊങ്ങലും കെട്ടി
പലിശേലോടുന്ന മാധേവാ
എരഞ്ഞികോട്ടുണ്ണി തിരിയെച്ചെല്ലുമ്പോ
നാരിമാർക്കൊക്കെ പൂ പൊലി....
പൂവേ പൊലി പൂവേ പൊലി പൂവേ.

**ഉണ്ണിനാരായണൻ നമ്പൂതിരി, വാഴാമ്പറ്റ**

227. ഓണത്തപ്പാ കുടവയറാ
ചേനതിൻ ചെറുപയറും
നാളെത്തന്നെ തിരുവോണം.

**ആത്മജ പി.എം., ഓമശ്ശേരി**

228. കറ്റക്കറ്റക്കയറിട്ടു
കയറാലഞ്ചു മടക്കിട്ടു
നെറ്റിപ്പട്ടം പൊട്ടീട്ടു
നേരെ വാതുക്ക് നെയ് വെച്ചു-
ചെന്നു കുലുങ്ങിച്ചെന്നു കുലുങ്ങി-
ത്തമ്പ്രാന്മാരെ പൂക്കൊ
പൂവേ പൊലി പൂവേപൊലി പൂവേ....

**നാരായണൻ മാസ്റ്റർ, കൂറ്റിപ്പാല**

229. കാത്തീല പുത്തീല
ഇളം കൊടി വെറ്റില
നാളേയ്ക്കൊരു വട്ടി പൂത്തരണേ
തുമ്പപ്പൂവേ പൂത്തിരളേ
നാളേയ്ക്കൊരു വട്ടി പൂത്തരണേ
തെച്ചിപ്പൂവേ........
കാക്കപ്പൂവേ...........
വേലിപ്പൂവേ.........
മുക്കുറ്റിപ്പൂവേ..........
പൂവേ പൊലി പൂവേപൊലി പൂവേ.....

**ഉമാദേവി അന്തർജ്ജനം, താമരശ്ശേരി**

230. അങ്ങേക്കരയിങ്ങേക്കര കണ്ണാന്തളി
മുറ്റത്തൊരാലുമുളച്ചു
ആലിന്റെ കൊമ്പത്തൊരുണ്ണി പിറന്നു
ഉണ്ണിയ്ക്കു കൊട്ടാനും ഉണ്ണിക്കു പാടാനും
തുടിയും തുടിക്കോലും പറയും പറക്കോലും
പൂവേ പോലി പൂവേ പൊലി പൂവേ..

**ഉമാദേവി അന്തർജ്ജനം, താമരശ്ശേരി**

231. പൂവായ പൂവെല്ലാം പിള്ളേരറുത്തു
പൂവാങ്കുറുന്തില ഞാനുമറുത്തു
പിള്ളേര്ടെ പൂവെല്ലാം കത്തിക്കരിഞ്ഞു
എന്നുടെ പൂവെല്ലാം മിന്നിത്തെളിഞ്ഞു
പൂവേ പൊലി പൂവേ പൊലി പൂവേ...

**ഉമാദേവി അന്തർജ്ജനം, താമരശ്ശേരി**

232. മാവേലിമന്നൻ വരുന്നനാളിൽ
മാവേലിനാടിനു പൊന്നോണം
പൂക്കൾ ഇറുക്കണം പൂക്കളം തീർക്കണം
അത്തം പത്തിനു തിരുവോണം
ഉയരത്തിൽ ആടാൻ ഊഞ്ഞാലുകെട്ടണം
ഓണപ്പാട്ടുകൾ ഈണത്തിൽ പാടണം
തുമ്പി തുള്ളണം കുമ്മിടിയിക്കണം
അത്തം പത്തിനു തിരുവോണം

**ആനന്ദ്കൃഷ്ണ, നിലമ്പൂർ**

233. മാവേലി നാടുവാണീടും കാലം
മനുഷ്യരെല്ലാരുമൊന്നുപോലെ
ആമോദത്തോടെ വസിക്കും കാലം
ആപത്തങ്ങാർക്കുമൊട്ടില്ലതാനും
ആധികൾ വ്യാധികളൊന്നുമില്ല
ബാലമരണങ്ങൾ കേൾപ്പാനില്ല
കള്ളവുമില്ല ചതിയുമില്ല
എള്ളോളമില്ല പൊളിവചനം
വെള്ളിക്കോലാദികൾ നാഴികളും
എല്ലാകണക്കിനു തുല്യമായി
കള്ളംപ്പറയും ചെറുനാഴിയും
കള്ളത്തരങ്ങൾ മറ്റൊന്നുമില്ല.

**ഗായത്രി, അരീപ്പറ്റ**

234 ഓണം വന്നാലെന്ത് ഓണം വന്നാൽ പന്ത്
പന്ത്കളിച്ചിട്ടെന്ത് പന്ത് കളിച്ചാൽ പൂവ്
പൂക്കളമിട്ടാലെന്ത് പൂക്കളമിട്ടാലൂഞ്ഞാൽ
ആടിപ്പാടിട്ടെന്ത് ആടിപ്പാടീട്ടൂണ്
ഉുകഴിഞ്ഞാലെന്ത് ഉുകഴിഞ്ഞാലോണം
ഓണംവന്നാലോണം കൊള്ളാമോണം നല്ലോണം

**പി.കെ. ചന്ദ്രശേഖരൻ, കൊളായിത്താഴം**

235. പൂപൊലി പാടാൻ ഊഞ്ഞാലാടാൻ
ഓണം പൊന്നോണം
പൂക്കളിറുക്കാൻ പൂക്കളമെഴുതാൻ
ഓണം പൊന്നോണം

**കണ്ണൻ തൃക്ടീരി**

236. കൊട്ടാരക്കരയ്ക്കെത്തറ ദൂര്
കുട്ടപ്പാ...... കുട്ടപ്പാ ......
കാലുംനീട്ടി വലിച്ചു നടന്നാൽ
നാലു് നായിക കോവാലാ
കൊട്ടാരക്കരച്ചെന്നു കയിഞ്ഞാ
കിട്ടാനെന്തു് കുട്ടപ്പാ
ആനപ്പിടോം ചെമുറീം
തോനെക്കിട്ടും കോവാലാ
മ്റു മുറുക്കിയുടുത്തോടാ
മുമ്പേ നടക്കട കുട്ടപ്പാ
ഓണം വന്ന് പടിക്കലെത്തി
ഓടി നടക്കെട കോവാലാ

**മേരിടീച്ചർ, പാല**

237. ഒന്നാം നാട്ടില് ഓണം വന്നപ്പോൾ
ഓമന മക്കൾക്ക്
ചാടിക്കളിക്കണം പാടിക്കളിക്കണം
തുമ്പിതുള്ളണം കോലടിക്കണം
തിന്തക തെയ് തെയ്
രാം നാട്ടില് ഓണം വന്നപ്പോൾ
മാലോകർക്കെല്ലാം
പൂപറിക്കണം മുറ്റമടിക്കണം
പൂക്കളം തീർക്കണം ചിന്തുകൾ പാടണം
തിന്തക തെയ് തെയ്
മൂന്നാം നാട്ടില് ഓണം വന്നപ്പോൾ
നങ്ങേലിപ്പെണ്ണിന്

ഊഞ്ഞാലാടണം തലയാട്ടിക്കളിക്കണം
തേവരെയൊരുക്കണം പൂമുറ്റംമെഴുകേണം
തിന്തക തെയ് തെയ്
നാലാം നാട്ടില് ഓണം വന്നപ്പോൾ
ഓണത്തപ്പന്
പപ്പടം വേണം പായസം വേണം
കാളനും വേണം ഉപ്പേരീം വേണം
തിന്തക തെയ് തെയ്
അഞ്ചാം നാട്ടില് ഓണം വന്നപ്പോൾ
ആവണിമാസമി–
താനന്ദമാസം കയ്യാങ്കളിയും
പുലിക്കളിയും കൈകൊട്ടിക്കളിയും
തിന്തക തെയ് തെയ്
ആറാം നാട്ടില് ഓണം വന്നപ്പോൾ
പെണ്ണുങ്ങൾ വട്ടത്തിൽ
ചാടിക്കളിച്ചിട്ടും പട പറഞ്ഞിട്ടും
വില്ലടിച്ചിട്ടും കുമ്മികളിച്ചിട്ടും
തിന്തക തെയ് തെയ്
ഏഴാം നാട്ടില് ഓണം വന്നീല
തുമ്പി തുള്ളീല പൂക്കളം തീർത്തീല
കോലം വരച്ചില്ല തേവരും വന്നീല
തിന്തക തെയ് തെയ്
എട്ടാം ..........
ഒമ്പതാം ...........
പത്താം .............

**ദേവകി അന്തർജ്ജനം, താമരശ്ശേരി**

238. തുമ്പപ്പൂക്കളിറുക്കേണം പുല–
രുമ്പോൾ പൂക്കളമെഴുതേണം
ഓണക്കോടിയുടുക്കേണം തിരു–
വോണപ്പാട്ടുകൾ പാടേണം
ഓലൻ, കാളൻ, പ്രഥമൻ പപ്പട–
മോണസ്സദ്യതകർക്കേണം

**ദേവകി അന്തർജ്ജനം, താമരശ്ശേരി**

239. കുമ്മിയടിക്കുവിൻ കുമ്മിയടിക്കുവിൻ
കുമ്മിയടിക്കുവിൻ കൂട്ടുകാരെ
കുമ്പിട്ടു കുമ്പിട്ടു കുമ്മിയടിക്കുവിൻ

കുമ്മിയടിക്കുവിൻ കൂട്ടുകാരേ
കോടിയുടുക്കാൻ ആടി നടക്കാൻ
ഓണം പോന്നോണം
ഒത്തൊരുമിക്കാൻ ഒരുമിച്ചുണ്ണാൻ
ഓണം പൊന്നോണം
മലയാളക്കര താലോലിക്കും
ഓണം പൊന്നോണം

**ദേവകി അന്തർജ്ജനം, താമരശ്ശേരി**

240. ഓണപ്പൂക്കൾ പറക്കേ
ഓണക്കോടി ഉടുക്കേ
ഓണത്തപ്പനു കുംഭനിറയ്ക്കാൻ
ഓണസദ്യ ഒരുക്കേ

**രമണി, തിരുവമ്പാടി**

241. ഒന്നാംതുമ്പിയും ആൽപെറ്റമക്കളും
ഓടി നടപ്പതു തുമ്പിതുള്ളാൻ
തുമ്പി ഇരുമ്പല്ല ചെമ്പല്ല ഓടല്ല
തുമ്പികുടൽമാല പൊൻമാല

**ദേവി, ചേർത്തല**

242. പൂവേപൊലി–പൂവേപൊലി
പൂവേ പൊലി പൊൻപൂവേ !
ആ പൂ പറിക്കേ; ഈ പൂ പറിക്കേ
പൂവിൻമേലൊക്കെയും തുമ്പിയല്ലോ
പൂവ്കൊഴിഞ്ഞാലോ തുമ്പിപറന്നാലോ
തൃക്കാക്കരയപ്പൻ പിണങ്ങിപ്പോയാലോ!
ആ പൂ പരിക്കണം, ഈ പൂ പരിക്കണം
പൂത്തുമ്പി പൊൻതുമ്പി പൂവാലൻതുമ്പിയെ
വീട്ടിൽ വരുത്തണം, തിരുവോണമുണ്ണണം
പാട്ടുകൾ പാടീട്ട് തുള്ളിയാടിക്കണം
പൂവേപൊലി–പൂവേപൊലി
പൂവേ പൊലി പൊൻപൂവേ !

**മറിയാമ്മച്ചേടത്തി, കോട്ടയം**

243. കാടായ കാടൊക്കെ
പൂചൂടിനിന്നേയ് !
തിത്തെയ്യം തകതെയ്യം തിന്തിനം താരാ!
കോമനും കോതയും
കോടിയുടുത്തേയ്
തിത്തെയ്യം തകതെയ്യം തിന്തിനം താരാ!
ചാപ്പന്റെ മുറ്റത്തും പൂക്കളം കയ്യേ്
തിത്തെയ്യം തകതെയ്യം തിന്തിനം താരാ!
എല്ലാർക്കുമെല്ലാർക്കും
പൊന്നോണം വന്നേയ്
തിത്തെയ്യം തകതെയ്യം തിന്തിനം താരാ!

**കെ.വി. ശ്രീധരൻ, മാമ്പറ്റ**

244. നാലുകാലുള്ളോരു നങ്ങേലിപ്പെണ്ണിനെ
കോലു നാരായണൻ കട്ടോും പോയി

**നാരായണൻ മാസ്റ്റർ, കൂറ്റിപ്പാല**

245. എട്ടപ്പം ചുട്ടപ്പം ഞാനപ്പം ര്
അങ്ങേര് തിന്നപ്പം ഞാനപ്പം ര്
പിള്ളേര് തിന്നപ്പം ഞാനപ്പം ര്
അമ്മായി വന്നപ്പം ഞാനപ്പം ര്
ഓണം വന്ന് കുശാല് തന്നെ

**ഭാനുമതിയമ്മ, കൊല്ലം**

246. മാവേലി മന്നൻ വരുന്ന നാളിൽ
മാമലനാട്ടിന്നു പൊന്നോണം
പൂക്കളറുക്കേണം പൂക്കളം തീർക്കേണം
അത്തം പത്തിനു തിരുവോണം
ഉയരത്തിലാടാൻ ഊഞ്ഞാലുകെട്ടണം
ഓണപ്പാട്ടുകൾ ഈണത്തിൽ പാടണം

തുമ്പിതുള്ളണം കുമ്മിയടിക്കണം
അത്തം പത്തിന് തിരുവോണം

**ശ്രീദേവി, ആലുവ**

247. ഓണത്തപ്പാ കുടവയറാ
എന്നാപോലും തിരുവോണം
നാളേയ്ക്കാണേ തിരുവോണം
നാക്കിലയിട്ടു വിളമ്പേണം
ഓണത്തപ്പാ കുടവയറാ
തിരുവോണക്കറിയെന്തെല്ലാം?
ചോനത്തും ചെറുപയറും
കാടും പടലവുമെരിശ്ശേരി
വാഴയ്ക്കാചുുപ്പേരി
മാമ്പഴമിട്ടൊരു പുളിശ്ശേരി
കാച്ചിയമോരും നാരങ്ങാക്കറി
പച്ചടി കിച്ചടിയച്ചാറും
ഓണത്തപ്പാ കുടവയറാ
എന്നാപോലും തിരുവോണം

**ദേവകി, മാതമംഗലം**

248. കറ്റ കറ്റ കയറിട്ടു
കയാറാലഞ്ചുമടക്കിട്ടു
നെറ്റിപ്പട്ടം പൊട്ടിട്ടു
ചെന്നു കുലുങ്ങിച്ചെന്നു കുലുങ്ങി
ചെന്തിരു മാല പൂത്തിരുപൂവേ
പൊലി പൂവേ പൊലി പൂവേ
ഉത്രാടം അന്തി തൊട്ട്
തിരുവോണം പുലർച്ചയ്ക്ക്
ചന്ദന വടിയും കുത്തി
കുളം ചാടി കുളിച്ച് വന്ന്
ആവണപ്പലകയിട്ട്
മാതേരിങ്ങെഴുന്നെള്ളി
അന്നൊരു പൊന്നു രൂപം
ഇന്നൊരു മണ്ണു രൂപം
കൂടെപ്പിറന്ന പൂവേ പൊലി
പൂവേ പൊലി പൂവേ

**ഉമാദേവി അന്തർജ്ജനം, താമരശ്ശേരി**

249. പൂവെയ്ക്കാം പുണർന്നേക്കാം
പൂച്ചുൻ ചാലേക്കാം
ചാലേ പൊട്ടിരിക്കുന്ന
കോവിലുള്ളി ചിരുതേന്റെ
അടിയീന്നു മുടിയോളം
തമ്പപ്പൂ പൊലിയോളം
പൂവേ പൊലി പൂവേ പൊലി 2

**കുഞ്ഞുണ്ണിമാഷ്, കൊടുങ്ങല്ലൂർ**

250. കുഞ്ഞാഞ്ഞേ്യ കുഞ്ഞാഞ്ഞേ്യ
തിര്യോണം വന്നല്ലോ കുഞ്ഞാഞ്ഞേ്യ
പപ്പടോം വേണം പായസോം വേണം
തിര്യോണത്തിന് കുഞ്ഞ്യാഞ്ഞേ
തിര്യോണം തിര്യോണം
മാവേലിത്തമ്പ്രാന്റെ തിര്യോണം
കുഞ്ഞാഞ്ഞേ്യ കുഞ്ഞാഞ്ഞേ്യ
തിര്യോണം വന്നല്ലോ കുഞ്ഞാഞ്ഞേ്യ
ഊഞ്ഞാലോ ഊഞ്ഞാലോ
തിര്യോണത്തിനങ്ങുഞ്ഞാലോ
പപ്പടോം വേണം പായസോം വേണം
കുഞ്ഞാഞ്ഞേ്യ കുഞ്ഞാഞ്ഞേ്യ
തിര്യോണം വന്നല്ലോ കുഞ്ഞാഞ്ഞേ്യ
കൊടകരയാറ്റില് കൂരി തുള്ളി
കൂരിക്കറി കൂരിക്കറി
തര്യേണത്തിന് കൂരിക്കറി

കുഞ്ഞാഞ്ഞേ്യ കുഞ്ഞാഞ്ഞേ്യ
തിര്യോണം വന്നല്ലോ കുഞ്ഞാഞ്ഞേ്യ

**അശോകൻ മാസ്റ്റർ, കോഴിക്കോട്**

251. ഊഞ്ഞാലോ മക്കാണി ഉരിയനെല്ല് പാച്ചോറ്
ഉ് ഇരിക്കുമ്പം ഓണം വന്ന് മുട്ടൂട്ടോ
ഊഞ്ഞാലാടാൻ വാടീ പെണ്ണേ
നല്ലപെണ്ണേ തങ്കക്കൊടീ
എനിക്കെന്റെ കാൽ കൊയഞ്ഞ്
ഒരടിയും നടക്കാൻ മേലേ
എനിക്കിരിക്കും കൊയക്കൻ ചേല
എടുത്തുടനേ കൊടിക്കിനമ്മേ
ഇനിയെങ്കിലും വാടിപെണ്ണേ
നല്ലപെണ്ണേ തങ്കക്കൊടീ

**കൊച്ചുനാരായണപ്പിള്ള, വെഞ്ഞാറമൂട്**

252. ഒന്നേ ഒന്നേ പോയ് പോയ്
ഓരാറു കുടുംബം തിരുവാതിര
രര രര പോയ് പോയ്
രാവും പകലും തിരുവാതിര
മൂന്നേ മൂന്നേ പോയ് പോയ്
മൂവാളുയരത്തിൽ ഊഞ്ഞാലിട്ടു
നാലേ നാലേ പോയ് പോയ്
നാടു മുഴങ്ങോളം പാട്ടു പാടി
അഞ്ചേ അഞ്ചേ പോയ് പോയ്
അയ്യപ്പൻ താനതു കേട്ടിരുന്നു
ആറേ ആറേ പോയ് പോയ്
ആറ്റിലിറങ്ങി കുളി തുടങ്ങി
ഏഴെ ഏഴെ പോയ് പോയ്
ഏഴെട്ടു പെണ്ണുങ്ങൾ മുങ്ങിക്കേറി
എട്ടേ എട്ടേ പോയ് പോയ്
പട്ടു പുടവ ഞൊറിഞ്ഞുടുത്തു
ഒൻപതേ ഒൻപതേ പോയ് പോയ്
വട്ടത്തിൽ നിന്ന് കളി തുടങ്ങി
പത്തേ പത്തേ പോയ് പോയ്
പാർവ്വതീകാന്തനെ മാലയിട്ടു.

**രാധ ടീച്ചർ, ഗുരുവായൂർ**

253. ഒന്നേ ഒന്നേ പോൽ
ഓമനയായി പിറന്നാനുണ്ണീ-പൊലി
രര രര പോൽ
രില്ലം പുക്കുവളർന്നാനുണ്ണീ-പൊലി
മൂന്നേ മൂന്നേ പോൽ
മുല്ലയ്ക്കൽ കംസനെ കൊന്നാനുണ്ണീ-പൊലി
നാലേ നാലേ പോൽ
നാരായണനെന്നു പേരുണ്ണിയ്ക്ക്-പൊലി
അഞ്ചേ അഞ്ചേ പോൽ
അഞ്ജനം കൊങ്ങ് കണ്ണെഴുതി-പൊലി
ആറേ ആറേ പോൽ
ആനമുഖം വെട്ടി കാഴ്ചവെച്ചു-പൊലി
ഏഴേ ഏഴേ പോൽ
ഏഴുപേരൊന്നിച്ച് പോന്നാനുണ്ണീ-പൊലി
എട്ടേ എട്ടേ പോൽ
പെട്ടെന്നു കംസനെ കൊന്നാനുണ്ണീ-പൊലി
ഒമ്പതേ ഒമ്പതേ പോൽ
ഒമ്പതും പത്തും തിരുവാതിര-പൊലി

**സരസ്വതി, തൃശൂർ**

254. കുഞ്ഞാങ്ങലം തിറ കമ്പളങ്ങാക്കറി
തൊക്കിലും തോളിലും തൊക്കഴുത്തിലും
വാത്തിയ കാർക്കെന്തേ ചോദ്യമിത്രേ
വേണോങ്കി അക്കരട്ടാൻ കൂട്ടയാമതി.

**പരമേശ്വരൻ നമ്പൂതിരി, ഷോളയൂർ**

255. അക്കരെ വീട്ടിന്നും ചെകൊട്ട്
ഇക്കരെ വീട്ടിന്നും ചെകൊട്ട്
ചാണം തളിക്കെടി കുഞ്ഞിപ്പെണ്ണേ
ദീപം കൊളുത്തെടി കുഞ്ഞിപ്പെണ്ണേ
തെയ്യം വരണ് തെയ്യം വരണ്
മുറ്റത്ത് വെക്കം വാ കുഞ്ഞിപ്പെണ്ണേ

**വിജയമ്മ, ആലപ്പുഴ**

256. കൊച്ചുനീല്യേ എന്റെ കൊച്ചുനീല്യേ
നീയെവിടെപ്പോണെവിടെപ്പോണു
ആയിരം കാവിൽ വിളക്കുകാണാൻ
അവിടപ്പോണവിടപ്പോണു
തേവൻമാർക്കെന്തല്ലാം നേർച്ചവേണം?
തേവൻമാർക്കെന്തല്ലാം നേർച്ചവേണം?
പൊന്നു നൂലിട്ടൊരു ആനവേണം
ആനയക്കെടുപ്പതുചേലവേണം
ചേലയൊരുമുറി കള്ളൻ കട്ടു
കള്ളന്റെ കൈവെട്ടി പന്തലിട്ടു
പന്തപ്പുറത്തഞ്ച് തൂണുതീർത്തു
തൂണിനകത്തൊരു ചെപ്പിരുന്നു
ചെപ്പിനകത്തൊരു മുത്തിരുന്നു
ആനമദംകേറിചെപ്പെടുത്തു
ചെപ്പുകറങ്ങി കടലിൽവീണു

**രാമദാസ്, തിരുവനന്തപുരം**

257. ആ......... ഈ........ ഊ.........
കൈതോലപ്പായ വിരിച്ച്
പായേല് നെല്ല് വിരിച്ച്
കാതുകുത്താനെപ്പം വരും
നിന്നമ്മാവമ്മാരു പൊന്നേ... (2) (കൈതോല....)
കുന്നത്തങ്ങാടീല് ഷാപ്പിലും കേറി
പള്ള നെറച്ച കള്ളും കുടിച്ച്
ആട്യാടിയെപ്പൊ വരും
നിന്നമ്മാവമ്മാരു പൊന്നേ... (2) (കൈതോല...)
കാത്തൂരുമ്മി കാരമുള്ളെട്
കാതുകുത്തണ നേരം
നോവുമ്പോ കൈനോക്കിയിരുന്നാ
മത്യേ....ന്റെ പൊന്നേ (2) (കൈതോല....)
കാതുകുത്തി കൈതോല തൂക്ക്യപ്പം
കടച്ചില് മാറ്യോ...ടി പെണ്ണേ
ഇപ്പം കാണാനെന്തൊരു ചന്താടി
കുഞ്ഞിച്ചിരുതേയി പെണ്ണേ (2) (കൈതോല...)

**വത്സല ടീച്ചർ, മൂഴിക്കൽ**

258. മാടപ്രാവിന്
മാടമുലേും കൂടുലേും
വലിയോരു വരിനെല്ല്
ചോറാണേലും
പുല്ലരി കൊത്തൂലും
പുല്ലേൽ കെടക്കൂലും
കുലമില്ലാ പയ്യന്
പെണ്ണ് കൊടുക്കൂലാ
പൊന്ന് കൊടുക്കൂലാ
കുറു... കുറു... കുറു... കുറു...

**ഏട്ടനുണ്ണിരാജ, തിരുവണ്ണൂർ കോവിലകം**

259. നാലകത്ത് നടുമിറ്റത്ത്
മുള്ളുപൊന്തിയ മൈലാഞ്ചീ
അടിച്ചു മാടിയ മണപ്പുറത്ത്
മുളച്ചുപൊന്തിയ മൈലാഞ്ചീ
ആലിയാര് തങ്ങള്
പറിച്ചുവെച്ച മൈലാഞ്ചീ
ബീവി ഫാത്തിമ്മ

മുക്കി നനച്ച മൈലാഞ്ചീ
കുപ്പിക്കുടം കൊ്
കോരി നനച്ച മൈലാഞ്ചി
പുള്ളി മൈലാഞ്ചീ
നാലാണും നാലു പെണ്ണും
നിന്നൂരും മൈലാഞ്ചീ
അഞ്ജനക്കല്ലിമ്മേ-
ലരച്ചുരുട്ടും മൈലാഞ്ചീ
വെള്ളിത്തളികയിൽ
വാങ്ങിവെക്കും മൈലാഞ്ചീ
പൊന്നും തളികകൊ്
മൂടിവെക്കും മൈലാഞ്ചീ
വീരാളി പട്ടിൽ പ്പൊ-
തിഞ്ഞുവെയ്ക്കും മൈലാഞ്ചി
കല്യാണപ്പെണ്ണുങ്ങൾ
കയ്യിലിടുന്ന മൈലാഞ്ചി
പുള്ളി മൈലാഞ്ചി

**വീണ, തിരുന്നാവായ**

260. അന്നന്നു കന്നിമാർ മംഗല്യം വാഴുവാൻ
പച്ചില മൈലാഞ്ചികൊു പൊതിയുന്നു
കയ്യാലെ കായും പറിച്ചൊരു കാരണം
കൈപ്പുടം തന്നിൽ പൊതിയുന്നു മൈലാഞ്ചി
കാലാൽ  നടന്നു കനി തിന്ന കാരണം
കാൽ നഖം തന്നിൽ പൊതിയുന്നു മൈലാഞ്ചി

**ത്രേസ്യാമ്മ, നെടുങ്കം**

261. മയ പെയ്ത് മയ പെയ്ത് മയയോട് മയതന്നെ
നല്ലോര് മയ്യ്യാണേ നെടുങ്കം നെറഞ്ഞിക്കി
നെട്ങ്ക ബരമ്പത്ത് പേക്കാച്ചി ചെലക്ക്ന്ന്
ഓലച്ചാത്തമ്മാര് കുറ്റ്യേറ് കളിക്ക്ന്ന്
ഏലത്ത്മ്മേന്ന് വെള്ളി മറിയന്ന്
ജാടി നെറഞ്ഞിക്കി ജാമ്പോ തിരുമ്പിക്കോ
കന്നൂട്ടിലേന്ന് തൊ പൊളിയ്ക്ക്ന്ന്
കോലായിന്നിങ്ങോട്ട് പിര്യോലങ്ങെട്ത്തൂട്
കുട്ട്യോളേ കേറിയ്ക്കോ പുതുമയ കൊള്ളാ
കയ്യെങ്കിലഞ്ചാറ്  ബള്ളി തലേലിട്ടൂടീൻ
കുമ്പൊത്ത്യോം തൽബെന്യേം പനീം പിടിയ്ക്കാ
ഈറ്റാ ഒരഞ്ചാറ് മയ്യ്യങ്ങ് പെയ്താല്
കെരിലും മെള്ളാവും പുല്ലും പൊടിക്ക്യല്ലോ
മയ പെയ്ത് മയ പെയ്ത് മയയോട് മയ തന്നെ
നല്ലൊരു മയ്യ്യാണേ തിര്വാതിരങ്ങ്ടത്തോയി
മയ പെയ്ത് മയ പെയ്തീറ്റെല്ലാടോം നാസായി
എന്തോര് മയ്യ്യാത് ലോകാവസാനത്തോയി
കോനായി ചെല്യായി ആത്താണേ ചോര്ന്ന്
പണിയാണേലൊന്നൂല്യാ ഇല്ലേനേ പോയ്ക്കൂടാ
ഇന്നലെ ഞാളുടെ പട്ടിണി നിന്നീനാ
നുള്ളിട്ട കൂട്ക്കേന്ന് മെന്യാനെട്ത്ത്വോയി
ര് പ്ലാവ്ള്ളേന്ന് രണ്ണെം വിറ്റ്വോയി
ഇല്ലെങ്കിൽ ചക്ക രണ്ണെം പറ്യ്ക്കേനൂ
എന്തോര് മയ്യ്യാത് എങ്ങോട്ടും കീഞ്ഞൂടാ
കെട്ടിങ്ങ്ട്ട്ത്തീനി ഇമ്മാരിക്കുരിപ്പിനെ

**ചന്ദ്രൻമാഷ്, മണാശ്ശേരി**

262. ഉരുളിയുരുള്ണ് തെയ്യംതാര
മലര്പൊരിയണ് തെയ്യംതാര
തളിര് തളര്ണ് തെയ്യംതാര
മതിലുപൊളിയ്ണ് തെയ്യംതാര
മലര് വിരിയ്ണ് തെയ്യംതാര
കി മ്ണ് തെയ്യംതാര

കു നിക്കണഞാനുമോട്ണ്
തെയ്യാ തെയ്യകം തെയ്യംതാര

**അഞ്ജുഷ, കളൻതോട്**

263. തെച്ചീ വടിവെട്ടീ
കുളം കുത്തീ കുറി തൊട്ടു
ആനാമദം പൊട്ടി
ചിലരുമോ ചിലരില്ല

**നിർമ്മല, താമരശ്ശേരി**

264. അണ്ണാറക്കണ്ണാ വാ വാ വാ
മാമ്പഴം തിന്നാൻ വാ വാ വാ
മാമ്പഴം തിന്നു കഴിഞ്ഞാലോ
ചക്കപ്പഴം തിന്നാൻ വാ വാ വാ
ചക്കപ്പഴോം തിന്ന് കഴിഞ്ഞാലോ
വാഴപ്പഴം തരാം വേു വോളം

**അങ്കിത്, കെട്ടാങ്ങൽ**

265. ഒന്നേ ഒന്നേ ഓണപ്പൂ
രേ രേ വെക്ക
മൂന്നേ മൂന്നേ മുല്ലപ്പൂ
നാലേ നാലേ നാരങ്ങ
അഞ്ചേ അഞ്ചേ മഞ്ചാടി
ആറേ ആറേ ആമ്പൽപ്പൂ
ഏഴേ ഏഴേ ഏലക്കാ
എട്ടേ എട്ടേ കുട്ടപ്പൻ
ഒമ്പതേ ഒമ്പതേ തുമ്പപ്പൂ
പത്തേ പത്തേ പത്തായം

**ആത്മജ. പി.എം. ഓമശ്ശേരി**

266. കാക്കേ കാക്കേ നീയും വാ
കുട്ടന്റെ കാടത്തം കാണാൻ വാ
പൂച്ചേ പൂച്ചേ നീയും വാ
കുട്ടന്റെ പുഞ്ചിരി കാണാൻ വാ
ആനേ ആനേ നീയും വാ
കുട്ടന്റെ ആനന്ദം കാണാൻ വാ
കോഴ്യേ കോഴ്യേ നീയും വാ
കുട്ടന്റെ കൗതുകം കാണാൻ വാ
പയ്യേ പയ്യേ നീയും വാ
കുട്ടന്റെ പായ്യ്യാരം കാണാൻ വാ
..................

**ഗംഗ, പറപ്പൂർ**

267. ശ്രീ ഭഗവതി ചിരുതേയി
നിനക്കാരീ പൂ തന്നു
എനിക്കാരും തന്നതല്ല
ഞാനെടുത്തു ചൂടിയതല്ല
മുല്ലേടെ ചോട്ടൂടെ
മുല്ലോളിപ്പാൻ പോയപ്പോൾ
മുല്ലപ്പൂ കൊലവിരിഞ്ഞിട്ടെൻ
മുടിമേലു വീണതാണ്
ശ്രീ ഭഗവതി............
ചെമ്പക .................

**രാധ ടീച്ചർ, ഗുരുവായൂർ**

268. അണ്ണാറക്കണ്ണാ മുറിവാലാ
ആ്യാലൊന്ന് പഴുപ്പായോ
കാക്കച്ചുീ കരിംഞ്ചുീ
കർക്കടം പിറന്നതറിഞ്ഞില്ലേ

**ചന്ദ്രിക, എറണാകുളം**

269. കൊച്ചീന്നൊരു കാക്ക വന്നു
കോഴിക്കോട്ടു കൂടു കെട്ടി
കൊയിലാീ മുട്ടയിട്ടു
തലശ്ശേരീ മക്കളാക്കി

**ജാനകിയമ്മ, മേപ്പള്ളി**

270. അയ്യപ്പന്റമ്മാ നെയ്യപ്പം ചുട്ടു
കാക്ക കൊത്തി കടലിലിട്ടു
ചക്കിപ്പരുന്ത് കൊത്തിയെടുത്തു
ചക്കീന്റെ മക്കള് കൊത്തിപ്പറിച്ചു

**രാജേന്ദ്രൻ, മെഡിക്കൽകോളേജ്**

271. എന്തോന്ന് ചാന്തോന്ന് ചാന്തെങ്കിൽ മണക്കൂലേ
മണക്കുന്ന പൂവല്ലേ പൂവെങ്കിൽ കെട്ടൂലെ
കെട്ടുന്ന കയറല്ലേ കയറെങ്കിൽ ചുറ്റൂലെ
ചുറ്റുന്ന പാമ്പല്ലേ പാമ്പെങ്കിൽ കൊത്തുലേ
കൊത്തുന്ന കോഴ്യല്ലേ കൊക്കക്കോ കൊക്കരകോ

**മനീഷ. കെ. പത്തനാപുരം**

272. കൊച്ചീലൊരച്ചിക്ക് മീശവന്നു
കൊല്ലത്ത് കൊച്ചുണ്ണി മുട്ടയിട്ടു
ഇടവഴി തിങ്ങി രീച്ച ചത്തു
കൊതുകിന്റെ മുതുകത്തൊരാന കേറി

**ദേവി, ചേർത്തല**

273. ആരാന്റെ കത്തി എന്നെ വന്ന് കുത്തി
ഞാനൊരുതട്ട് കത്തി ര് കം
കത്തി കൊല്ലൻ കൊ്വോയ്
തട്ടി മുട്ടി മിനുക്കി പുതുപുത്തൻ കത്തി
കത്തി നല്ല കത്തി മാങ്ങായിങ്ങ് കൊ

**പി. കെ. സതീശൻ, തളിപ്പറമ്പ്**

274. തുമ്പപ്പൂവേ–പൂത്തിരളേ
നാളേക്കൊരു വട്ടി പൂ തരുമോ
ആയ്ക്കില–ഈയ്ക്കില ഇളം കൊടി പൂക്കില
പിന്നെ ഞാനെങ്ങനെ പൂതരേു
കാക്കപ്പൂവേ.....
അരിപ്പൂവേ ......

**ഉമാദേവി അന്തർജ്ജനം, താമരശ്ശേരി**

275. കല്ലിടുമ്പിലെ കരുതലെ
നീയെന്നോട് കളിക്ക
നീയെന്നോട് കളിച്ചാല്
ചൂലേിട്ട് പിടിക്കും ഞാൻ
ചൂലേിട്ട് പിടിച്ചിട്ട്
പാറേമ്മേലിട്ടടിക്കും ഞാൻ

**ആർ.സി. കരിപ്പത്ത്, പയ്യന്നൂർ**

276. കുന്നിമണീ കുന്നിമണീ
കുന്നിക്കുരുമണി പൊന്നുമണി

കണ്ണെഴുതി ചുഴെുതി
കാട്ടിൻ കൺമണി കുഞ്ഞിമണി

**വിജീഷ്, പത്തനാപുരം**

277. വെള്ളരി വളപ്പിൽ തീയെത്തി
നായരെ പന്നക്ക് തീപറ്റീ
തച്ചു കെടുക്കാൻ തച്ചത്തി

**കെ.വി. ശ്രീധരൻ, മാമ്പറ്റ**

278. തട്ടിൻപുറത്തൊരു ചുലിക്കുഞ്ഞിനെ
പൂച്ചപിടിച്ചപ്പോൾ കിക്കികീ....
ചിക്കിപ്പെറുക്കുന്ന തള്ളച്ചികോഴിയെ
കള്ളൻ പിടിച്ചപ്പോൾ കൊക്കക്കോ...
കൂട്ടിൽ കിടന്നൊരു വെള്ളച്ചിപ്പട്ടിയെ
കുട്ടനടിച്ചപ്പോൾ ബൗ ബൗ ബൗ..
പൊട്ടക്കുളത്തിലെ പോക്കാച്ചി പെണ്ണിനെ
പാമ്പു പിടിച്ചപ്പോൾ ക്രോം.. ക്രോം... ക്രോം...
വല്ലാതെ വാശിപിടിക്കുന്ന കുഞ്ഞിനെ
അമ്മ അടിച്ചപ്പോൾ അയ്യയ്യോ...

**പി.കെ. ചന്ദ്രശേഖരൻ, കൊളായിത്താഴം**

279. അമ്പാട്ടമ്മേ അമ്പാട്ടമ്മേ
ദാ ഒരു പൈക്കുട്ടി നെല്ലു തിന്ന്ണൂ
വടിട്ത്ത് അടിച്ചോടിക്കിൻ
ന്ന്ട്ടും പോണില്ല
കല്ലെടുത്തെറിയിൻ
ന്ന്ട്ടും പോണില്ല
ഒലക്കട്ത്ത് അടിക്കിൻ
ന്ന്ട്ടും പോണില്ല
ചൂടുവെള്ളമൊഴിക്കിൻ
ന്ന്ട്ടും പോണില്ല
അമ്പാട്ടമ്മ അങ്ങ്ട് വരൃാ വേ്
പൈക്കുട്ട്യങ്ങ്ട് പോവ്വാ വേ്
അമ്പാട്ടമ്മങ്ങ്ട് വരൃാ നല്ലത്

**ഹേമ, വടശ്ശേരി**

280. കട്ടുറുമ്പിനു കാതു കുത്ത്
ഞങ്ങണം പുല്ലിന് വേലി കെട്ടി
അവിടുന്നു കിട്ടി ഉരിയരി
ഇവിടുന്നും കിട്ടി ഉരിയരി
കാച്ചിക്കുടിക്കാ വെറകിന് പോയപ്പം
വെറകേ കത് ചോര
ചോര കെഴുകാൻ ആറ്റീ ചെന്നപ്പം
ആറ്റിലപ്പടി വാള
വാളേപ്പിടിക്കാൻ വള്ളിക്ക് പോയപ്പോ
വള്ളിമേ തട്ടി പ്പിർ....

**കുസുമകുമാരി, കൊല്ലം**

281. മാടായിത്തിരിച്ചെങ്ങക്കോലോത്തെ
മാണിക്കത്തമ്പാട്ടി പൂവിരുന്നു
പൂവിരന്നമ്മേയമ്മാണിക്കത്തമ്പാട്ടി
പൂക്കൈ നിറയെ ഞാൻ പൂവ്വുംവെച്ചു
പൂച്ചന്തം കിട്ടോ പൂനെറം കിട്ടോ
എന്നമ്മോ തമ്പാട്ടി പൂവിരന്നു
പൂച്ചന്തം കല്ലോ പൂനിറം കൊല്ലോ
പൂമണം കൊിട്ടു പൂവിരന്നോ

**ഗൗരി, മാങ്കാവ് കോവിലകം**

282. ഇന്നലെ ഞാനൊരു മുല്ല നട്ടു
മുല്ലയ്ക്ക് മുക്കുടം വെള്ളമൊഴിച്ചു
നാളേയ്ക്ക് മുന്നാഴി പുവിറുക്കാം...
എന്തിലറുക്കേു മുല്ലപ്പൂവ്
കയ്യിലറുക്കേു മുല്ലപ്പൂവ്
കയ്യിലറുത്താലോ കരിയും പൂവ്

എന്തിലറുക്കേു മുല്ലപ്പൂവ്
മുിലറുക്കേു മുല്ലപ്പൂവ്
മുിലറുത്താലോ മുഷിയും പൂവ്
എന്തിലറുക്കേു മുല്ലപ്പൂവ്
വെള്ളിത്തളികേലറുക്കാം പൂവ്
വെള്ളിത്തളികേലറുക്കാം പൂവ്
വെള്ളിത്തളിക നിറയോളമറുത്തു
പൊന്നിൻ തളിക കൊാകെ മൂടി
നീട്ടത്തിലായിരം മാല കോർത്തു.

**ഉമാദേവി അന്തർജ്ജനം, താമരശ്ശേരി**

283. നല്ലതു നല്ലതു കുട്ട്യോളേ
പയറ്റിൻ പച്ചില ഉപ്പേരി
നല്ലതു നല്ലതു കുട്ട്യോളേ
തകരപ്പച്ചില ഉപ്പേരി
നല്ലതു നല്ലതു കുട്ട്യോളേ
മുരിങ്ങാപ്പച്ചില ഉപ്പേരി
നല്ലതു നല്ലതു കുട്ട്യോളേ
ചീരപ്പച്ചില ഉപ്പേരി
നല്ലതു നല്ലതു കുട്ട്യോളേ
താളിൻ പച്ചില ഉപ്പേരി
നല്ലതു നല്ലതു കുട്ട്യോളേ
ചേനപ്പച്ചില ഉപ്പേരി

**മൂക്കം ഭാസി**

284. മണ്ണേ നമ്പി ഏലേലോ മരമിരിക്ക് ഐലസാ
മരത്തേ നമ്പി ഏലേലോ കൊമ്പിരിയ്ക്ക് ഐലസാ
കൊമ്പേ നമ്പി ഏലേലോ ഇലയിരിയ്ക്ക് ഐലസാ
ഇലയെ നമ്പി ഏലേലോ പൂവിരിയ്ക്ക് ഐലസാ
പൂവേ നമ്പി ഏലേലോ കായിരിയ്ക്ക് ഐലസാ
കായ് നമ്പി ഏലേലോ പളമിരിയ്ക്ക് ഐലസാ
പളത്തെ ഏലേലോ നീയിരിയ്ക്ക് ഐലസാ
ഉന്നെ നമ്പി ഏലേലോ ഞാനിരിയ്ക്ക് ഐലസാ

**സുഭാഷ്, വയനാട്**

285. പൂപത്ത് വന്നിനി മാവ്
മൊട്ടു മൊളച്ചിനി മാവ്
മാങ്ങ പിടിച്ചിനി മാവ്
മാങ്ങ ത്റാവിനി മാവ്

**സിവിക് കൊടക്കാട്, കാസർകോഡ്**

286. ആലിൻകൊമ്പിൽ തുമ്പത്ത്
ആനയ്ക്കുാരു ഊഞ്ഞാല്
ആകാശംതൊട്ടാടിപ്പാടാൻ
ആരോ കെട്ടിയ ഊഞ്ഞാല്

**പാർവതി, ഓമശ്ശേരി**

287. തെങ്ങിൻ വിശേഷങ്ങൾ കേൾപ്പിനെല്ലാവരും
കാട്ടാനയെക്കെട്ടാം കരടിയെക്കെട്ടാം
ചത്തോരു മാടിനെ തോലിട്ടുകെട്ടാം
ചാവാത്തമാടിനെ കയറിട്ടുകെട്ടാം
കൂിലെ വെള്ളത്തെ മേല്പ്പോട്ടുകേറ്റാം
കൊമ്പത്തെച്ചക്കയെ കീഴോട്ടിറക്കാം
കിഴവൻമാർ പോകുമ്പോൾ താലത്തിരിക്കാം
കിഴവിമാർ പോകുമ്പാൾ ചൂലൊന്നുചീന്താം
ആത്തേമാർ പോകുമ്പോൾ കാതോലചീന്താം
മന്നിങ്ങതിന്നീടാം പല്ലിടകുത്തിടാം
താരച്ചെക്കനു ചെത്താനും കൊള്ളാം
അങ്ങാടിപ്പിള്ളേർക്കു മോന്താനും കൊള്ളാം

**കെ.വി. ശ്രീധരൻ, മാമ്പറ്റ**

288. പേരില്ലാ നാട്ടിലൊരു പേര മരം പൂത്തേ
പേരിനു നാലഞ്ചു പൂവുായ് തെയ്തോ
പൂവിന്നു താഴയായ് കായുായ് തെയ്തോ
പേരില്ലാ നാട്ടിലെ പേര കായ്ചപ്പോൾ

പേരയ്ക്കാ കൊതിയന്മാർ പേരച്ചുവട്ടിൽ
പേരയ്ക്കാ നോക്കി കിടപ്പായ് തെയ്തോ
പേരയ്ക്കാ മൂത്ത് നിറം മാറിയപ്പോൾ
താഴെ കൊതിയന്മാർ കളിയായി തെയ്തോം
കളിമൂന്നു കളിയ്ക്കുമ്പോളൊരു നാളിലയ്യോ
കിളവന്നു പേരയ്ക്ക തിന്നല്ലോ തെയ്തോ

**സുധ, ചേവായൂർ**

289. തൂരിയൻ തമ്പുരാൻ കെയക്കുദിച്ചപ്പോൾ
കെയക്കത്തെ മാനത്ത് ചെമ്പട്ടുവിരിച്ചല്ലോ
തൂരിയൻ തമ്പുരാൻ ഉദികൊങ്ങുണരുന്നേ
എന്നും പൂനെറമിട്ടങ്ങുദിയ്ക്കണേ പകവാനേ
തെറ്റിച്ച നെറമിട്ടങ്ങുദിയ്ക്കണേ പകവാനേ
വായപ്പും നെറത്തിലോ കോയിപ്പും നെറത്തിലോ?
തൂരിയൻ തമ്പുരാൻ കാരിയം പറഞ്ഞപ്പം
ഇരുളെല്ലാം മറഞ്ഞല്ലോ പൊയവെള്ളം തെളിഞ്ഞല്ലോ
കാവലം കൊടുക്കുന്ന കനിവെള്ള തമ്പുരാൻ
തീവെട്ടം കൊളുത്തിനെ കനിവെള്ള തമ്പുരാൻ
കരുമുൻ കറുപ്പിന്റെ തല തല്ലിപ്പറിയ്ക്കിണേ
ഒരു തെനോം മൊടങ്ങല്ലേ കനിവെള്ള പകവാനേ
കതിരൊള്ള പകവാനേ കണികന്നൊയരുണേ
കണികാണാൻ പൊരമുറ്റം തൊയ്തു ഞാനെങ്ങ്ണേ
കണികാണാൻ പൊരമുറ്റം തൊയ്തുഞാനെ

**കല്ല്യാണി, കരിപ്പത്തു ചാൽ**

290. വന്നുദിച്ചേ നിന്നുദിച്ചേ ആതിത്യപകവാനും
ഇന്നന്തെ പകവാനും വന്നുദിച്ചാനിത്തറ താമസിച്ചേ (വന്നു)
ആനകേറാമാമലയിൽ ആനകളികു താമസിച്ചേ (വന്നു)
ആടുകേറാ മലയിൽ ആടുകളികു താമസിച്ചേ (വന്നു)
കുതിരകേറാമലയിൽ കുതിരകളികു താമസിച്ചേ (വന്നു)
കുയിലുകൂകാ മലയിൽ കുയിലൂത്ത് കേട്ട് താമസിച്ചേ (വന്നു)
മയിലുകേറാ മലയിൽ മയിലാട്ടം കുതാമസിച്ചേ (വന്നു)
കോഴികേറാ മലയിൽ കോഴിപ്പോര്ക് താമസിച്ചേ (വന്നു)
തത്ത കേറാമലയിൽ തത്തപ്പായ്യാരംകേട്ട് താമസിച്ചേ (വന്നു)

**പ്രസാദ്, വടകര**

291. അമ്പിളിയമ്മാവാ ചൊല്ലൂ
കുമ്പിളിലെന്താന്നേ
പാലുവഴിയുന്നേ മാനം
പാൽക്കടലാവുന്നേ
കുഞ്ഞിനും തന്നൂടെ പൈമ്പാൽ
കുമ്പിൾ നിറച്ചില്ലേ

**ഭാനുമതിയമ്മ, കൊല്ലം**

292. അമ്പിളിയമ്മാവാ വെള്ളി–
ത്താലത്തിതെന്തു്?
വാരിയെറിഞ്ഞല്ലോ പൂക്കൾ
മാനം നിറഞ്ഞല്ലോ
താലത്തിൽ നിന്നൊരു പൂ–മാമൻ
താഴ്ത്തിടുകയില്ലേ

**ഈശ്വരിയമ്മ, ഭംഗിപുരം**

293. കുന്നായ കുന്നിൻമേൽ
കൊന്നമരത്തിൻമേൽ
പൊന്നിൻ പൂത്താലി ചാർത്തിയതാരാ
ഞാനല്ല നീയല്ല
കന്നി നിലാവല്ല
കർക്കിടകക്കാറല്ല
മകരത്തിൻ മഞ്ഞല്ല
മേടവിഷുവിനു കണി കാണാൻ നല്ലൊരു
മീനവെയിലൊളി തൂക്കിയതാവാം

**ടി.ടി.ജി. നമ്പൂതിരി, മാതമംഗലം**

294. മിന്നുന്നവെള്ളം മിനുങ്ങുന്നവെള്ളം
മിന്നായി മിന്നിത്തെളിയുന്ന വെള്ളം

**ആദർശ്, കൂറ്റിപ്പാല**

295. ആ വരുന്നതൊരാന
ഈ വരുന്നതൊരീച്ച
ആനയുമീച്ചയുമങ്ങനെയങ്ങനെ
യടുത്തടുത്തുവരുന്നു
ആനയ്ക്കുമോ പേടി
ഈച്ചയ്ക്കുമോ പേടി
ആന താഴെം പോയി
ഈച്ച മേലേം പോയി.

**ആര്യ, കല്ലൂരുട്ടി**

296. പരൊരു കുരങ്ങച്ചൻ
മുരുങ്ങേമ്മേക്കേറി
മുരിങ്ങേമ്മേക്കേറീട്ട്
തിരിഞ്ഞൊന്നു കളിച്ചു
തിരിഞ്ഞോന്നു കളിച്ചിട്ട്
മറിഞ്ഞൊന്നു കളിച്ചു
മറിഞ്ഞൊന്നു കളിച്ചപ്പം
മറിഞ്ഞൊന്നു വീണു

മറിഞ്ഞൊന്നു വീണിട്ടും
തിരിഞ്ഞൊന്നു വീണു.

**മോഹനകൃഷ്ണൻ, മഞ്ചേരി**

297. കുട്ടോട്ടീലെ കുഞ്ഞയ്യപ്പൻ
കുഞ്ഞയ്യപ്പനാന വരുന്ന്ടേ
ആനവരുന്നേ ആനവരുന്നേ
കുഞ്ഞയ്യപ്പനാന വരുന്നുടേ
കലക്കവെള്ളോം തെറ്റിത്തെറിച്ചേ
കൂവത്തും വലിച്ചൊടിച്ചേ
ആന.............ന്ന്ടേ
കുഞ്ഞിക്കൈയൊന്ന് മുമ്പ് ചവിട്ടി
കുഞ്ഞിത്തലയൊന്ന് വട്ടംകറക്കി
ആന........................ന്ന്ടേ
കൊച്ചുമുറംപോലെ ചെവിയൊന്നാട്ടി
തുമ്പിക്കൈയ്യും നീട്ടിക്കൊ്
ആനവരുന്നേ.........................ന്നുടേ
പഴംകൊടുക്കെട പനകൊടുക്കെട
കൊട്ടത്തേങ്ങ കുഞ്ഞയ്യപ്പന്

**രാമചന്ദ്രൻ, പറപ്പൂർ**

298. പയ്യേ പയ്യേ നീയെന്തിങ്ങനെ
കുഞ്ഞിനു പാല് കൊടുക്കാത്തു
കൊടുക്കാമേ ഞാൻ കൊടുക്കാമേ ഞാൻ
പാടത്തു പുല്ലു മൊളച്ചോട്ടെ
പുല്ലെ പുല്ലെ നീയെന്തിങ്ങനെ
പാടത്തുചെന്നു മുളക്കാത്തു
മുളയക്കാമേ ഞാൻ മുളയക്കാമേ
മാനത്തു മഴയൊന്നു പെയ്തോട്ടെ
മഴയെ മഴയെ നീയെന്തിങ്ങനെ
മാനത്തു നിന്നങ്ങു പെയ്യാത്തു
പെയ്യാമെ ഞാൻ പെയ്യാമെ
കരയാതമ്മിണി കരയാതെ

**മാനവേദൻരാജ, മഞ്ചേരി**

299. കൂനാ കൂനാ എവിടെപ്പോണൂ
ആനക്കൊളത്തില് കുളിക്കാമ്പോണൂ
ആന വന്നെങ്കിലെന്തു ചെയ്യും?
കൂനു വലിച്ചൊരു കുത്തു കൊടുക്കും.

**വിജയമ്മ, ആലപ്പുഴ**

300. ഓന്തായൊരോന്തെല്ലാം ഓണപ്പറമ്പില്
താന്നീടെ മോളീന്ന് കൂട്ടം പറയ്ണ്
കാരോന്തായീടിനൊരോന്ത് പറയ്ണ്..ഓന്റെ
പാറയ്ക്കടക്കാല് ഞാനിന്ന് നിർത്തും
വെള്ളോന്തായീടിനോരോന്ത് പറയ്ണ് ഓന്റെ
വെള്ളത്തില് മുക്കല് ഞാനിന്ന് നിർത്തും
നീലോന്തായിട്ടിനോരോന്ത് പറയ്ണഓന്റെ
നീലത്തില് മുക്കല് ഞാനിന്ന് നിർത്തും
ഒന്നുകില് വണ്ണത്താനച്ചീന്ന്യായിയ്ക്കണം
അല്ലെങ്കില് വണ്ണത്താൻ വാലായ്മ ചെയ്യണം

**നാരായണൻ മാസ്റ്റർ, കുറ്റിപ്പാല**

301. കുറ്റിക്കയ്യുകുറുങ്കയ്യോടെ
ഓടുന്നപൂച്ച കുറുമ്പൂച്ച
അങ്ങേതിലമ്മ തേങ്ങാതിരുമ്മുന്നു
ആ മണം കേട്ടോടുന്ന പൂച്ച
ഓടുന്ന പൂച്ചകുറുമ്പൂച്ച
അങ്ങേതിലമ്മ മീൻവെട്ടുമ്പോ
ആ മണംകേട്ടോടുന്ന പൂച്ച
ഓടുന്ന പൂച്ച കുറുമ്പൂച്ച

**തിരുവാതിരൻ, മൈലയ്ക്കൽ**

302. തത്തമ്മേ തത്തമ്മേ നമ്മള് തമ്മില് കൊത്ത
അന്റെ ചൂിലും ചോപ്പ് എന്റെ ചുിലും ചോപ്പ്
നമ്മള് തമ്മില് കൊത്ത്യാല് നമ്മള്രും ചാവൂല

**ഗീതാമണി, ചോക്കൂർ**

303. റാകിപ്പറക്കുന്ന ചെമ്പരുന്തേ,
നീയുാേ മാമാങ്ക വേല കു
വേലയും കു വിളക്കും കു
കടലിൽ തിര കു കപ്പൽ കു.

**സ്വപ്ന, ചാത്തമംഗലം**

304. മുറ്റത്ത് മുരിക്ക് ഇട്ട് മുരിക്കിൻമേൽ കരിമ്പിട്ട്
കരുമ്പും തിന്ന് ഇരിക്കുന്ന കുരങ്കപക്ഷി
മാനത്തു മണിയന്റെ മകളും പെറ്റ് ഇരിക്കുന്നു
വേഗം ചെന്ന് അറിഞ്ഞുവാ കുറിഞ്ഞിത്തത്തേ
മുറ്റത്ത് കിണർ വെട്ടി വട്ടകം വച്ചിട്ട്
വട്ടകം നിറച്ചിട്ട് വെള്ളം തരാം
ഒന്നാം കിളി വാ രാം കിളി വാ
വാ എന്റെ ചെറുകിളി വെള്ളം കുടി.

**കുഞ്ഞുമോൻ, പാല**

305. തത്തി ത്തത്തി താളത്തിൽ തുള്ളും തത്തമ്മേ
തഞ്ചം നോക്കി തക്കത്തിൽ തുള്ളും തത്തമ്മേ
നിന്റെ പേരെന്താപറഞ്ഞില്ലല്ലോ
നിന്റെ നാടേതാ അറിഞ്ഞില്ലല്ലോ
പാറിപ്പാറിപ്പോകാതെ ദൂരെ ദൂരെ മാറാതെ
പേരെന്താ നാടേതാ ചൊല്ലൂതത്തമ്മേനിന്റെ
പേരെന്താ നാടേതാ ചൊല്ലൂതത്തമ്മേ
പോരൂ പോരൂനീ പാലുതരാം
പുത്തരിച്ചോറാൽ മാമുതരാം
പട്ടുമെത്ത തന്നീടാം പട്ടുറുമ്മാൽ കെട്ടിടാം
പാട്ടുപാടിയുറക്കാം ഞാൻ പോരൂ തത്തമ്മേ

**മിനി, തൃക്ലയൂർ**

306. അണ്ണാറക്കണ്ണാ തൊണ്ണൂറ് മൂക്കാ
എനിയ്ക്കൊരു മാമ്പഴം കടം തരോ
കാക്കച്ചുീ കരിംചുീ
കർക്കടം വന്നതറിഞ്ഞില്ലെ

**അപ്പൂ, മൈത്ര**

307. വാനിൽ പറക്കുന്ന ചെമ്പരുന്തേ
വാനിൽ നീയെന്തെല്ലാം കാഴ്ച കു
സൂര്യനെക്കു മേഘങ്ങൾ കു
മേഘങ്ങൾ ചാർത്തിയ വില്ലു കു

**വിനീത്, പത്തനാപുരം**

308. അക്കരക്കാവിലെ ചക്കരമാവിലെ
കാക്കച്ചി പെണ്ണിനു കല്യാണം
മാറിൽ മരതകപ്പൂമാല
മേനിയിൽ മിന്നുന്ന പൂഞ്ചേല
കൊക്കു തുളച്ചൊരു മൂക്കുത്തി
കാൽ നഖമാറിലും മൈലാഞ്ചി
മാന്തളിർ തോരണം തൂക്കിട്ട്
മാമ്പു നീളെ വിരിച്ചിട്ട്
മാവിൻ കൊമ്പത്തല്ലോ പെണ്ണിനു
മംഗല്യപ്പന്തൽ പൂപ്പന്തൽ

മാവിൻ കൊമ്പത്തെ കല്യാണപ്പന്തലിൽ
കാക്കക്കുറുമ്പൻ മണവാളൻ
കാക്കച്ചി പെണ്ണിനെ മാലയിടാൻ
കാക്കതൊള്ളായിരം കാക്കകൾ ചേർന്നല്ലോ
കൈകൊട്ടിപ്പാടുന്നു കാ..........കാ.........കാ..................

**ഷീജ, റാന്നി**

309. ഇന്നലെ ഞാനൊരു ചേരയെക്കു
ചേര പടം വിടർത്തി
ഞാൻ മുറയമുയർത്തി
ചേര കണ്ണുരുട്ടി
ഞാൻ കല്ലുരുട്ടി
ചേര മടയിലൊളിച്ചു
ഞാൻ മുറിയിലൊളിച്ചു

**പി. രാമചന്ദ്രൻ, എറണാകുളം**

310. മുത്തശ്ശാ ഞാനൊരു പാമ്പിനെ കു
നീട്ടിപ്പറയെട
പടം വിരുത്തി
ചുരുക്കി പറയെട
പാഞ്ഞുപോയി

**കുഞ്ഞുണ്ണിമാഷ്**

311. കട്ടുറുമ്പിന്റെ കല്ല്യാണത്തിനു
കാട്ടിലെന്തൊരു മേളാങ്കം
നാട്ടുകാർ വന്നു വീട്ടുകാർ വന്നു
കേട്ടവരൊക്കെ വിരുന്നുവന്നു
അരിയുമായ് ചുലെി വന്നു
വിറകുമായിട്ടാനയും വന്നു
വെച്ചു വിളമ്പാനീച്ചയും വന്നു
വേവു നോക്കാൻ പൂച്ചയും വന്നു
പരിപ്പുവെച്ചു പായസം വെച്ചു
പച്ചടി കിച്ചടി തോരനും വെച്ചു
എല്ലാർക്കും കിട്ടീ എല്ലാർക്കും കിട്ടി
എനിക്കുമാത്രം കിട്ടീല്ല.
എനിക്കുമാത്രം കിട്ടീല്ല.

**നിഖിൽ കൃഷ്ണൻ, പത്തനാപുരം**

312. മഞ്ഞച്ചേരെ നെന്റെവാലെന്ത്യേ?
തമ്പുരാൻ മിറ്റൂടെ പ്പോന്നു ഞാനും
തമ്പുരാർക്കെന്തിന് ചേരവാല്
പൂണൂൽചരടിന് കൊള്ളാമല്ലോ
മഞ്ഞച്ചേരെ നെന്റെവാലെന്ത്യേ?
എമ്പ്രാൻമാർ മിറ്റൂടെ പോന്നുഞാനും
എമ്പ്രാൻമാർക്കെന്തിനി ചേരവാല്
താലിച്ചരടിനും കൊള്ളാമല്ലോ
മഞ്ഞച്ചേരെ നെന്റെവാലെന്ത്യേ?
പട്ടന്മാർ മിറ്റൂടെ പ്പോന്നു ഞാനും
പട്ടന്മാർക്കെന്തിന് ചേരവാല്
പാളയ്ക്കാത്താറിനും കൊള്ളാമല്ലോ
മഞ്ഞച്ചേരെ നെന്റെവാലെന്ത്യേ?
നായന്മാർ മിറ്റൂടെ പ്പോന്നു ഞാനും
നായന്മാർക്കെന്തിന് ചേരവാല്
പാളേങ്കയറിനും കൊള്ളാമല്ലോ
മഞ്ഞച്ചേരെ നെന്റെവാലെന്ത്യേ?
മാപ്പിള മിറ്റൂടെ പ്പോന്നു ഞാനും
മാപ്പിളാർക്കെന്തിന് ചേരവാല്
കാളക്കയറിനും കൊള്ളാമല്ലോ

**പി. കെ. സതീശൻ, തളിപ്പറമ്പ്**

313. ആ ആ ആല്മരം
ആലിന്മീതെ തത്തമ്മ
മാമാമാവ്മരം
മാവിന്മേലെ കുയിലമ്മ

പാപാപാലമരം
പാലമരത്തിൽ പൂവമ്മ
പൂവമ്മയ്ക്കൊരു പൊന്നുമ്മ
അമ്മേടുമ്മ പൊന്നുമ്മ

**തീർത്ഥദാസ്, ആനയാങ്കുന്ന്**

314. മുളുന്ന വ മൂരളുന്ന വ
താമരച്ചോലയിൽ തേനുറോവേ

**അനുശ്രീ, ഏഴിമല**

315. ആരാണവിടെ പൂഴിക്കുഴിയിൽ
ഞാനാണല്ലോ കുഴിയാന

**അനുശ്രീ, ഏഴിമല**

316. തുമ്പപ്പൂവേ പൂത്തിരളേ
നാളേക്കൊരു വട്ടിപൂ തരണേ
തെച്ചിപ്പൂവേ പൂത്തിരളേ
നാളേക്കൊരുവട്ടി പൂതരണേ
കാക്കപ്പൂവേ പൂത്തിരളേ
നാളേക്കൊരു വട്ടി പൂതരണേ
വേലിപ്പൂവേ പൂത്തിരളേ
നാളേക്കൊരു വട്ടി പൂതരണേ
മുക്കുറ്റിപ്പൂവേ പൂത്തിരളേ
നാളേക്കൊരു വട്ടി പൂതരണേ
പൂവേ പൊലി പൂവേ പൊലി പൂവേ പൊലി

**സബിത, ചേവായൂർ**

317. അമ്മാവൻ വന്നീല
സമ്മാനം തന്നീല
എന്തെന്റെ മാവേലീ ഓണം വന്നേ !
അമ്മായി വന്നില
നെല്ലൊട്ടും തന്നീല
എന്തെന്റെ മാവേലി ഓണം വന്നേ !
കാർന്നോരു വന്നീല
കോടി മുറിച്ചീല
എന്തന്റെ മാവേലി ഓണം വന്നേ
പൊന്നളിയൻ വന്നീല
പൊന്നാര്യൻ കൊയ്തീല
എന്തെന്റെ മാവേലി ഓണം വന്നേ

**കൊച്ചുനാരായണപിള്ള, വെഞ്ഞാറമൂട്**

318. ചന്തത്തിൽ മുറ്റം ചെത്തിപ്പറിച്ചീല
എന്തെന്റെ മാവേലി ഓണം വന്നു
ചന്തയ്ക്കുപോയീല നേന്ത്രക്കവാങ്ങീല
എന്തെന്റെ മാവേലി ഓണം വന്നു
പന്തുകളിച്ചീല പന്തലുമിട്ടീല
എന്തെന്റെ മാവേലി ഓണം വന്നു
അമ്മാവൻ വന്നീല സമ്മാനം തന്നീല
എന്തെന്റെ മാവേലി ഓണം വന്നു
അച്ഛനും വന്നീല ആടകൾ തന്നീല
എന്തെന്റെ മാവേലി ഓണം വന്നു
നെല്ലുമുണങ്ങീല തെല്ലുമുണങ്ങീല
എന്തെന്റെ മാവേലി ഓണം വന്നു
പിള്ളേരു വന്നീല പാഠം നിറുത്തീല
എന്തെന്റെ മാവേലി ഓണം വന്നു
തട്ടാനും വന്നില്ല താലികൾ തീർത്തീല
എന്തെന്റെ മാവേലി ഓണം വന്നു
കുഞ്ഞേലിപ്പെണ്ണിന്റെ മുത്തികറക്കുന്നു
എന്തെന്റെ മാവേലി ഓണം വന്നു
നങ്ങേലിപ്പെണ്ണിന്റെ അങ്ങേരും വന്നീല
എന്തെന്റെ മാവേലി ഓണം വന്നു

**കെ.വി. ശ്രീധരൻ, മാമ്പറ്റ**

319. കോയിക്കാ വാതുക്കെ

തീയിക്കു പോയപ്പോ
നത്തു കടിച്ചെന്റെ കൈയൊടിഞ്ഞേ !
കൊച്ചു പൂച്ചയ്ക്കിത്ര
പാലുകൊടുത്തപ്പോ
കൊച്ചു പൂച്ച നക്കി കൈനിവർന്നേ !

**കെ. വി. ശ്രീധരൻ, മാമ്പറ്റ**

320. അണ്ണാ അണ്ണാ എവിടപ്പോയ്?
അയക്കുളങ്ങര നെല്ലിനുപോയി
തെല്ലിൻ തമ്പ്രാനെന്തുപറഞ്ഞു?
തല്ലാൻ വന്നു തിന്നാൻ വന്നു
കൈതപ്പന്തേലോടിയൊളിച്ചു
കൈതയെനിക്കൊരു പൂങ്കുല തന്നു
പൂങ്കുല കൊടോയ് പാടത്തിട്ട്
പാടം നിറയെ നെല്ലുായ്
നെല്ലു കുത്തിച്ചോറുംവെച്ചു
ചോറിൽ പാതിയെനിക്കും തന്നു

**രവീന്ദ്രൻമാസ്റ്റർ, ചേർത്തല**

321. അപ്പന്റെ മുറ്റത്തൊരുതുമ്പമുളച്ചു
തുമ്പകൊമ്പത് തോണിയുംകുത്തി
തോണിക്കിളംതല ചുക്കാനുംവെച്ചു
ചുക്കാനെടുത്തൊരു വാഴക്കുചാരി
വാഴകുലച്ചങ്ങു തെക്കോട്ടുവീണു
തെക്കേലെത്തമ്പുരാൻ കുലയുംകൊാടി

**ഉമാദേവി അന്തർജ്ജനം, താമരശ്ശേരി**

322. നാടായനാടെല്ലാം പുല്ലുമൊളച്ചപ്പംകുഞ്ഞി
തേയിയ്ക്ക് പുല്ല്മ്മകണ്ണ് നട്ടു
കല്ലരികാശിന് കോള് കെടച്ചപ്പം
മയതന്ന തേവരെനീട്ടിപ്പാടി
വല്ലത്തില് പുല്ലുമായില്ലത്ത്ചെന്നപ്പം
പുള്ളിച്ചിപയ്യിന്റെ കണ്ണുതള്ളി
ഏത്തറപുല്ലപ്പാ ഒക്കെ ഞാന്തിന്നാല
ഞെത്തറ നായിപ്പാലൂറിക്കൂടും
കന്ന്കുടിച്ചിറ്റ് തുള്ളിക്കളിക്കട്ടെ
തേയിയ്ക്ക് കൂരെപ്പൊാകപൊങ്ങട്ടെ
കല്ലരികാശിന് കാത്ത്കെടന്നപ്പം
കാലടി പാടെ ചെതലരിച്ചു
വാപൊത്തിമൂളി മൊകംകാട്ടി നിന്നപ്പം
തമ്പ്രാൻ ചോക്കനെ നീട്ടിത്തുപ്പി
പാഞ്ഞ്കെതച്ചോ് കൂരയിച്ചെന്നപ്പം
പിള്ളര് പയിച്ചിറ്റലമുറയെ
പിള്ളേരെ പൊത്തിപ്പിടിച്ചു കെടന്നപ്പം
വയ്യ്താനെ മയങ്ങിപ്പോയേ
തമ്പ്രാട്ടിക്കുട്ടീടെ കല്ല്യാണക്കോളെല്ലാം
പള്ള നെറയോളം ചൊപ്പനംകേ
പിള്ളേരെകൂട്ടി തെരക്കില് നടന്നപ്പം
കാക്ക കരഞ്ഞത് കട്ടമായേ

**തങ്കമ്മ, ആനപ്പാറ**

323. പാട്ടുപറിച്ചു പാളയിൽകെട്ടി
തോട്ടുവരമ്പേ കൊുനടന്നു
കൂട്ടുകാർ കു കൊഞ്ചിനടന്നു
തമ്പുരാൻ കേട്ടു
പെട്ടൊന്ന് പറഞ്ഞു
പാടാൻ പറഞ്ഞു
പാടില്ല്യാന്നു പറഞ്ഞു
തമ്പുരാൻ കണ്ണുരുട്ടി
ഞാനെന്റെ കൈചുരുട്ടി
തമ്പുരാൻ വടിയെടുത്തു
വടികു ഞാനോടി
തമ്പുരാൻ കൂടോടി

വഴിനീളെ പൊടി പാറി
പൊടിവീണു തമ്പ്രാന്റെ
കണ്ണും പോയി

**ടി. ടി. ജി. നമ്പൂതിരി, മാതമംഗലം**

324. അത്തയ്യും കിളിച്ചീലാ
ഇത്തയ്യും കിളിച്ചീലാ
തെക്കു തെക്കു ചെന്ന വിത്തും പലമായിലാ
അത്തയ്യും വളർന്നീലാ
ഇത്തയ്യും വളർന്നീലാ
പടീറ്റേതിൽ ചെന്ന വിത്തും പലമായീലാ
വാഴയ്ക്കു കൂമ്പുവന്നേ
കൊടിക്കെല്ലാം തിരിവന്നേ
പതുപത്തിനൊരുപതം
അളന്നീടണേ
കൂമ്പെല്ലാം പയ്യ് തിന്നു
കൊടിയെല്ലാം കരിഞ്ഞേപോയ്
പതമെല്ലാം പതിരായി
അളന്നു തമ്പ്രാൻ.

**ജയചന്ദ്രൻ മാസ്റ്റർ, ബാലുശ്ശേരി**

325. തള്ളേ തള്ളേ എങ്ങട് പോണു?
ഭരണിക്കാവില് നെല്ലിന് പോണു
അവിടെത്തെ തമ്പ്രാനെന്തുപറഞ്ഞു
തല്ലാൻ വന്നു-കുത്താൻ വന്നു
എന്നിട്ടയ്യോ എവിടെയൊളിച്ചു
കൈതപ്പൊത്തിൽ കേറിയൊളിച്ചു
കൈതയെനിക്കൊരു പൂങ്കുലതന്നു
പൂങ്കുല കൊടോയ് പാടത്തിട്ടു
പാടം നിറയെ നെല്ലുായി
അതിലൊരു നെന്മണിയെനിക്കും കിട്ടി
നെല്ലരികുത്തി ചോറും വെച്ചു.

**കെ. വി. ശ്രീധരൻ മാമ്പറ്റ**

326. എള്ളൊണങ്ങണതെണ്ണയ്ക്ക്
പുല്ലൊണങ്ങണതാലയ്ക്ക്
ഏനൊണങ്ങ്ണതെന്തിന്?
കോലോത്തോരുടെ പള്ളയ്ക്ക്

**ശശിമാസ്റ്റർ, ചേവായൂർ, ആഞ്ഞ**

327. പാടം കൊയ്യ്ന്നേ പണിയാരു കൊയ്യുന്നേ
തമ്പ്രാന്റെ പത്തായം നെറയ്ന്നേ
പത്തായം നെറയട്ടെ പണപ്പെട്ടി നെറയട്ടെ
തമ്പ്രാനും കുട്ട്യോളും വീല് പോകട്ടെ
കോമനും കോരനും നെല്ല് കിട്ടും
പതമായി നാഴൂരി നെല്ലുകിട്ടും
ഇന്നത്തെ രാത്രീല് കോളുതന്നെ.

**കൊറ്റി, കരിപ്പത്ത് കുന്ന്**

328. അരി ചെറുക.... തമ്പുരാനു് വരമ്പത്ത് (അരി...)
എന്റെ പിടിത്താള് കപ്പം തമ്പുരാൻ
പമ്പരം പോലുള്ള കണ്ണുരുട്ടി
ഓ... പമ്പരം പോലുള്ള കണ്ണുരുട്ടീ... (അരി...)
എന്റപ്പൻ മാടത്തിൽ കാവൽ കിടന്നപ്പോ
തമ്പുരാൻ മാളിക മോളില് ഓ... (തമ്പുരാൻ... അരി കുറുക...)

**അശോകൻ മാസ്റ്റർ, കോഴിക്കോട്**

329. തുമ്പേലരിമ്പേലൊരീരമ്പൻ തുമ്പ
തുമ്പ കൊമ്പതു തോണിയും കൊത്തി
തോണിത്തലയ്ക്കൊരു ചുക്കാനും കൊത്തി
ചുക്കാനിളം തല വാഴയും വെച്ചു
വാഴ കുലച്ചങ്ങ് തെക്കോട്ടു വീണു
തെക്കുണ്ണിതമ്പുരാൻ കത്തിയണച്ചു
വടക്കുണ്ണിത്തമ്പുരാൻ വെട്ടിക്കൊാടി
പിറ്റേന്നു പിറ്റേന്നൊരാനയും വന്നു

ആനക്കരത്തിലൊരു കീരിയുമു്
കീരിനെ നോക്കാനൊരു നായരുമു്
നായരെ കയ്യിലൊരു കത്തിയുമു്
കത്തിയണപ്പാനൊരു കൊല്ലനുമു്
കൊല്ലന് നാഴിയൊഴക്കല്ലരി കൊട്ത്തൂ
കുത്താനും വെപ്പാനും കൊല്ലത്തിപ്പെണ്ണില്ല
പൂവേ പൊലി പൂവേ പൊലി (2)

**ദേവകി അന്തർജ്ജനം, താമരശ്ശേരി**

330. വെള്ളരി വളപ്പിൽ തീയെത്തി
നായരെ പന്നക്ക് തീപ്പറ്റി
തച്ചുകെടുത്താൻ തച്ചെത്തി

**വാസുദേവൻ, മൈത്ര**

331. ഇച്ചുള്ളിക്കോമ്പത്ത് തമ്പാൻ വരുമ്പം
എന്റെ പടിഞ്ഞാറ്റിൽ അമ്പു വളര്ണ്
ഇച്ചുറിക്കോലോന്ന് പൊൻതൊട്ടില് തൂക്കുമ്പം
എന്റെ പടിഞ്ഞാറ്റീൻ 'മന്തൊട്ടില്' തൂക്ക്ണ്
കോലോത്ത് തമ്പാനേ പൊന്നിന്റരഞ്ഞാണം
എന്റോരിയെമ്പോന് കർപ്പൂലരഞ്ഞാണം
കോലോത്ത തമ്പാനേ കാച്ച്യാല് കൂടിയ്ക്കാനും
എന്റോരിത്തമ്പാനേ കഞ്ഞിത്തെളി മാത്രം
കോലോത്തെ മിറ്റത്തും സൂര്യനുദിയ്ക്ക്ണ്
എന്റ്യോരീച്ചാലും സൂര്യനുദിയ്ക്കണ്
വേറിട്ട വകവേദം സൂര്യനിദില്ലല്ലോ
വേറിട്ട വകവേദം നമ്മക്ക് മാത്രല്ലേ

**ആർ. സി. കരിപ്പത്ത്, പയ്യന്നൂർ**

332. മുഹമ്മദ് മുഹമ്മദ് കുഞ്ഞിമുഹമ്മദ്
അഹമ്മദ് ആലി കുഞ്ഞിയസീസ്

**ദിലീപ്, അങ്ങാടിപ്പുറം**

333. ഡമ്മിക്കുട്ടൻപട്ടി
നാലുകാലും കെട്ടി
റോട്ടിലിട്ടു തട്ടി
വിവന്നു മുട്ടി
എട്ടുരൂപ നഷ്ടം

**അനഘ, ഓമശ്ശേരി**

334. മനയ്ക്കലെ ചെറ്ക്കാ നീ
ചുമടെത്രയെട്ക്കും?
മനയ്ക്കലെ പറയ്ക്കുഞാൻ
ഇരുപത്തെഞ്ചെടുക്കും
മനയ്ക്കലെ ചെറ്ക്കാനീ
യെവിടെക്കൊറെക്കും?
മനയ്ക്കലെ പടിഞ്ഞാറെ
പടിക്കക്കൊറെക്കും
അറതൊറ–മുറിതൊറ
പടിഞ്ഞാറെ–പടിതൊറ
പറയെട്–മൊറമെട്ട്
പയറെല്ലാമളക്കാം
പറവിട്ട് പടിതൊറ

പറയെട് മൊറമെട്
പയറെല്ലാമളക്കാം

**അപ്പൂട്ടി, കെട്ടിൽ**

335. നൊണച്ചിയമ്മായി അയ്യേമടിച്ചിയമ്മായി
മുകനെല്ലു വിളഞ്ഞുകിടക്കവെ
ചോറില്ലെന്നവളമ്മായി
പൂവാലിപ്പശു പെറ്റുകിടക്കവെ
പാലില്ലെന്നവളമ്മായി
കാഞ്ഞിരമുട്ടിയെരിഞ്ഞുകിടക്കവെ
തീയില്ലെന്നവളമ്മായി
തോണിയിലപ്പടിയുപ്പുകിടക്കവെ
ഉപ്പില്ലെന്നവളമ്മായി
നൊണച്ചിയമ്മായി അയ്യേ മടിച്ചിയമ്മായി

**കരുണാകരൻ, കെട്ടിൽ**

336. ഓണം വന്നോണം വന്നോണം വന്നേ
ഓണച്ചടുതി ചടുതിതന്നെ
പത്തുനാൾ മുമ്പേ ഞാൻ അത്തം തൊട്ടേ
അത്തത്തിൽ പത്തു തിരുവോണമേ
എന്നുള്ളം വെന്തങ്ങുരുകുന്നുേ
ഓണച്ചെലവിനായൊന്നുമില്ലേ
അമ്മായിക്കും കൊടുക്കവേണം (ഓണം
ബന്തുക്ക വീട്ടിലും പോയിടേണം
വീട്ടിൽ ചെലവ് കഴിഞ്ഞില്ലേലും
ആളുകൾക്കോണം കൊടുത്തില്ലേലും
ബന്തുക്ക വീട്ടിലും പോകവേണം
ബന്തുക്ക വീട്ടിലും പോയില്ലെങ്കി
ബന്തുക്കാരെന്നുടെ കൂരവിലക്കും
എന്നുള്ളം വെന്തങ്ങുരുകുന്നു്
എന്നുടെ പെങ്ങളെ കൊച്ചു പാറോതി
ഓണം വന്നോണം വന്നോണം വന്നേ
ഓണച്ചടുതി ചടുതിതന്നെ

**ശിവജ്യോതി നെടുങ്കം**

337. ഒന്നു് കേൾക്കണം തമ്പുരാനേ
അത്തം പത്തോണം തൊടങ്ങാറായി
അപ്പോൾ പറയുന്നു തമ്പുരാനും
ഒന്നു് കേൾക്കണം കുഞ്ഞുങ്ങളേ
മാവേലി പൂവത് ചാർത്ത വേ?
മുറ്റമടിച്ചു തളിച്ചിടേ?
പൂക്കളം പത്തെണ്ണം തീർത്തിടേ?
കൈകൊട്ടിപ്പാട്ടത് പാടീടേ
പൂക്കൾ പറിക്കേ കുഞ്ഞുങ്ങളേ
പൂപ്പാട്ടും പാടേ കുഞ്ഞുങ്ങളേ
അതു താനേ കേൾക്കുന്നു കുഞ്ഞുങ്ങളും
മുറ്റവും ചെത്തി മിനുക്കുന്നു്
മുറ്റമടിച്ചു തളിക്കുന്നു്
പൂക്കളം തീർത്തു രസിക്കുന്നു്
കൈകൊട്ടി പ്പാട്ടുകൾ പാടിയവർ
പൂക്കളം തൊട്ടു വണങ്ങുന്നുേ
പൂവട്ടി കയ്യിലെടുക്കുന്നുേ
പൂപ്പാട്ട് തന്നെയും പാടുന്നുേ
പൂപ്പാട്ട് പാടിയും പൂ പറിച്ചും
ആമോദത്തോടവരോണമു
അത്തം പത്തോണവും തീർന്നുവല്ലോ
ഓണനിലാവും അണഞ്ഞുവല്ലോ.

**കൊച്ചുനാരായണപ്പിള്ള, വെഞ്ഞാറമൂട്**

338. അത്തവും ചിത്തിര ചേതിനാള്
അത്തപ്പൂവിട്ടു കൊരവ വിളിച്ചേ
നല്ലച്ചന്റെ ചെത്തിവാരി ചിതം വര്ത്തി
നല്ലേമ്മേടെ വലങ്കയിക്കു ചൂത്തടിച്ചു നീർ തളിച്ചു

കെട്ടാത്ത കന്നികളു മണ്ണ് കൊു തിണ്ണലെല്ലാം
പൊന്നുപോലെ അന്നുതൊടുത്തു
ഓണത്തപ്പാ കുടവയറാ
നാളെ വെളുക്കും തിരുവോണം
ചേനത്തും ചെറുപയറും
കൊയ്തവെട്ടും നല്ലച്ചനു കൊയ്തവള്ളി വെട്ടിത്തരേണം
കൊട്ടത്തേങ്ങപ്പൂളുവേണം വരിനെല്ലിന്റെ അവില് വേണം
കൊയ്തവെട്ടും നല്ലച്ചനു കൊയ്തവള്ളി വെട്ടിത്തന്നു
കൊയ്തവെട്ടും നല്ലച്ചനുയെന്തുതന്നെ കൊടുക്കേു
കൊട്ടത്തേങ്ങപ്പൂളുവേണം വരിനെല്ലിന്റെ അവില് വേണം
കൊയ്തവെട്ടും നല്ലച്ചനു ഇതെല്ലാം കൊടുക്കയല്ലീ

**മറിയാമ്മ ചേട്ത്തി, കോട്ടയം**

339. എങ്ങ്ന്ന് വെരുന്നു കിളിക്കിടാവേ
തെക്കന്ന് വര്ണു വടക്ക് പോണു
തെക്കെല്ലാമെന്ത് വിശേഷങ്ങള്
ആരുരയാരഞ്ഞിയൂടേ
പൂവു് പൂമലർ പൊയ്കയൂടേ
പൊയ്കയ്ക്കാകത്തൊരു തേവരുടേ
തേവരെ കൈ തൊഴാൻ എന്തു വേൂ
എരഞ്ഞിപ്പൂ കൊുള്ള മാല വേണം
ഏഴു നിലയുള്ള നിലവിളക്കിൽ
നൂറ്റൊന്നു തിരിയിട്ടു കത്തിയ്ക്കണം
ഇട്ടേലെ തട്ടാനേ കൂട്ടിനമ്പീ
നീൻ കൂടെ പോരണം പൊൻ പണിയ്ക്ക്
ആയിരം നെല്ലുകുത്ത്യുമിയെടുത്ത്
ആയിരം തേങ്ങയുടെ ചെരട്ടെയെടുത്ത്
ഏഴുനിലയുള്ള നിലവിളക്ക്
ഏഴാ് കൊ് പണിയും തീർത്ത്
ഏഴു നിലയുള്ള നിലവിളക്കിൽ
നൂറ്റൊന്നു തിരിയിട്ടു കത്തിച്ചിട്ട്
പൊന്നിൻ തളികയിൽ പൊൻമലരും
വെള്ളിത്തളികയിൽ വെള്ളരിയും
എല്ലാമെടുത്തോമ്ട് കൊ് പോയി
തൃക്കാക്കരപ്പനെ കൈതൊഴേണം

**മറിയാമ്മ ചേട്ത്തി, കോട്ടയം**

340. അമ്മ മാണി മോളു മാണി
മോളെ മോളൊരു കുഞ്ഞുമാണി

അച്ഛൻ രാമൻ മോനും രാമൻ
മോന്റെ മോനൊരു കുഞ്ഞുരാമൻ

**ഉണ്ണിക്കുറുപ്പുമാസ്റ്റർ, മേപ്പള്ളി**

341. ചക്കേലൊരു ചുള
ചകിണീലൊരു ചുള
നീലാൻ ചുള നീ ചുള
ചക്കിക്കൊരു ചുള
മക്കക്കൊരു ചുള
മുത്തപ്പനൊരു ചുള മൂത്ത ചുള

**ഉണ്ണിക്കുറുപ്പുമാസ്റ്റർ, മേപ്പള്ളി**

342. ചക്കയ്ക്ക് ചരലേര്
കള്ളർക്കായിരം
പിള്ളർക്കായിരം
നാട്ടാർക്ക് പന്തീരായിരം

**കൊച്ചുനാരായണപ്പിള്ള, വെഞ്ഞാറമൂട്**

343. അടുക്കളയ്ക്കലങ്കാരം പെണ്ണുങ്ങള്
കോലായ്ക്കലങ്കാരം പൈതങ്ങള്
മുറ്റത്തലങ്കാരം പുള്ളിപ്പൂവൻ
ആലയ്ക്കലങ്കാരം കാമദേനു
കുപ്പേലലങ്കാരം വാഴക്കു
പടത്തലങ്കാരം പുഞ്ചനെല്ല്

**മറിയാമ്മച്ചേട്ത്തി, കോട്ടയം**

344. അരിയരയ്ക്കുമ്പം പിറുപിറുക്കുന്ന
നീയോടീ നാളെ പൊറുക്ക്ണ്ത്
കാടൻ കരയുമ്പം ഉറിയിക്കേറുന്ന
നീയോടീ നാളെ പൊറുക്ക്ണ്ത്
കിടുകിടുക്കുമ്പം കൂട്ടംകൊടോടുന്ന
നീയോടീ നാളെ പൊറുക്ക്ണ്ത്
മാനം കറുക്കുമ്പം ചൂട്ടുംകൊടോടുന്ന
നീയോടീ നാളെ പൊറുക്ക്ണ്ത്

**ലീലാമ്മ, അയിർക്കുന്നം**

345. പൈയ്ക്ക്ണ് കൂമാ പയ്ക്കാലൻ കൂമാ
ആടക്കമ്മേ മലയീ ചെത്ത്ണ്
പൈയ്ക്ക്ണ് കൂമാ പയ്ക്കാലൻ കൂമാ
ആടക്കമ്മേ മലയീ കൊത്ത്ണ്
പൈയ്ക്ക്ണ് കൂമാ പൈയ്ക്ക്ലൻ കൂമാ
ആടക്കമ്മേ വിത്ത് പെയ്യ്ണ്
പൈയ്ക്ക്ണ് കൂമാ പയ്ക്കാലൻ കൂമാ
ആടക്കമ്മേ വിത്ത് മൊളക്ക്ണ്
പൈയ്ക്ക്ണ് കൂമാ പയ്ക്കാലൻ കൂമാ
ആടക്കമ്മേ നെല്ല് കൊയ്യ്ണ്
പൈയ്ക്ക്ണ് കൂമാ പയ്ക്കാലൻ കൂമാ
ആടക്കമ്മേ കറ്റ് തല്ല്ണ്
പൈയ്ക്ക്ണ് കൂമാ പയ്ക്കാലൻ കൂമാ
ആടക്കമ്മേ നെല്ല് കുത്ത്ണ്
പൈയ്ക്ക്ണ് കൂമാ പയ്ക്കാലൻ കൂമാ
ആടക്കമ്മേ നെല്ല് ചേറ്ണ്
പൈയ്ക്ക്ണ് കൂമാ പയ്ക്കാലൻ കൂമാ
ആടക്കമ്മേ കഞ്ഞീ വെയ്ക്കണ്
പൈയ്ക്ക്ണ് കൂമാ പയ്ക്കാലൻ കൂമാ
അയ്യോന്റെമ്മേ നിങ്ങളും പോയല്ലോ.

**ഉണ്ണിക്കുറുപ്പ് മാസ്റ്റർ, മേപ്പള്ളി**

346. പൈയ്ക്ക്ണ് കൂമാ മോനേ
മലേമ്മേ ചെത്ത്ണ്
പൈയ്ക്ക്ണ് കൂമാ മോനേ
മലേമ്മേ കൊത്ത്ണ്
.........................................

**ജാനകിയമ്മ, മേപ്പള്ളി**

347. അമ്പല വാസി അപ്പം കട്ടു
മാരാൻ ചങ്കരൻ കുപിടിച്ചു
പറേല്ലപറേല്ല മാരാൻ ചെക്കാ
ഒരുമുറി അപ്പം നിനക്കും തരാം

**ദേവകി, ഉഗ്രപൂരം**

348. ആലത്തൂരമ്പലത്തിൽ
ഊട്ടുണ്ണൊരു പയ്യൻ
ഊട്ടുണ്ണാൻ പോകാൻ
തരമില്ലെന്നൊരു പയ്യൻ
കിണ്ണത്തിലരി വെച്ചാൽ
ഉണ്ണെന്നൊരു പയ്യൻ
കിന്നാരം പറയാതെ
കിടക്കെന്നൊരു പയ്യൻ
മാനത്തെമീനിനു
വാലുണ്ണൊരു പയ്യൻ
കൊമ്പത്തു ചക്കകുരു-
വുന്നൊരു പയ്യൻ

**കാന്തിമതിടീച്ചർ, തൃശ്ശൂർ**

349. കൊച്ചീക്കാരത്തി കൊച്ചുപെണ്ണേ
നെനക്കെങ്ങനെ കിട്ടിയീ കുപ്പിവള?
കൊച്ചീ ചെന്നിട്ട് കുമ്മിയടിച്ചപ്പം
കൊച്ചപ്പൻ തന്നതീ കുപ്പിവള
കൊച്ചീ........................ പാദസരം?
കുമ്മിയടിക്കാൻ ഞാൻ കൂട്ടത്തീ പോയപ്പം
കൊച്ചമ്പ്രാൻ തന്നതീ പാദസരം
കൊച്ചീ.................... മുത്തരഞ്ഞാൾ?
കൊച്ചീലെത്തിയ കപ്പിത്താനമ്മാവൻ
കല്പിച്ചു തന്നതീ മുത്തരഞ്ഞാൾ
കൊച്ചീ......................... മൂക്കുത്തി?
ആരിയം കാവിലെ പൂരത്തിനെത്തിയ
മുത്ത്യമ്മ തന്നതീ മൂക്കുത്തി

**ദേവി, ചേർത്തല**

350. പത്താംനാൾ പന്തളത്ത്
പടപറഞ്ഞ് കിടന്നു ഞങ്ങൾ
ഒമ്പതാം നാൾ ഓതിക്കന്റെ
ഓത്തു കേട്ട് കിടന്നു ഞങ്ങൾ
എട്ടാം നാൾ എട്ടു കുരു
ചുട്ടു തിന്നു കിടന്നു ഞങ്ങൾ
ഏഴാം നാൾ എഴുത്തച്ചന്റെ
വീട്ടിൽ ചെന്നു കിടന്നു ഞങ്ങൾ
ആറാം നാൾ ആറു മണി
അരി കൊറിച്ചു കിടന്നു ഞങ്ങൾ
ഏഴാം നാൾ നാണം കൂടാ
തവിടത്തന്നെ കിടന്നു ഞങ്ങൾ
ഇന്നലെയും മിനഞ്ഞാന്നും
ശുദ്ധപഷ്ണി കിടന്നു ഞങ്ങൾ
ഇന്നു തെക്കേ വാരിയത്തേ
തമ്പുരാന്റെ തിരുനാള്
മതിയാവേളം ഊണുകഴി-
ച്ചിപ്പത്തന്നെപോകും ഞങ്ങൾ

**തന്വംഗിത്തമ്പുരാട്ടി, പന്തളം**

351. അയിലേപ്പോന്നേ ആരാ ?
കുഞ്ഞൂഞ്ഞമ്മേടമ്മ
കൂടെപ്പോന്നേ ആരാ ?
വേലക്കാരൻ പാപ്പി
എന്തുടുത്തു പോണൂ ?
പട്ടുടുത്തു പോണൂ
പട്ടിന്റേറ്റത്തെന്ത് ?
കാക്കപ്പൊന്നും നൂലും

ആർക്കണിയാൻ പൊന്ന് ?
ആർക്കറിയാം പെണ്ണേ...

**തമ്പാംഗിത്തമ്പുരാട്ടി, പന്തളം**

352. ചോറ്റോ കെയക്കേലേ വല്ല്യമ്മേടമ്മേ
കുന്താലിയുന്റെ കോവാലാ
അരിയ്ഓ കെയക്കേലേ വല്ല്യമ്മേടമ്മേ
കുന്താലിയുന്റെ കോവാലാ
നെല്ലോ കെയക്കേലേ വല്ല്യമ്മേടമ്മേ
കുന്താലിയുന്റെ കോവാലാ
കെളയ്ക്കട്ടെ കീറട്ടെ വിത്ത്വെതക്കെട്ടേ
ചൊടിയിൻ കിളയ്ക്കട്ടേ വളരട്ടെ പൂക്കട്ടേ
നെല്ലായിരട്ടിയായ് ചോറായിമാറട്ടേ... ഇപ്പം
കുന്താലി കൊന്റെ വല്ല്യമ്മേടമ്മേ
പയ്യാരം പറയാതെ നടയെടാ ക്ടാത്താ
നമ്പൂരീം മേനോനും കുടച്ചൂടി പെർകേ
പായ്യാരം പറയാതെ നടയെടാ കടാത്ത
കൂമൻ കൂവ്ന്ന് മരക്കൊമ്പത്തിപ്പോ
പായ്യാരം പറയാതെ നടയെട കുട്ടാ
പയ്യാനമൂർഖ്ന് തോട്ടിലൊക്കെയോർത്തോ
പായ്യാരം പറയാതെ നടയെട മോനൂ
പിന്നാലെ ചെലമ്പൊന്ന് കലമ്പ്ന്നത് കേട്ടോ
വിത്ത് വിതയ്ക്കതിക്കാലമമ്മേ
കൊയ്ത്തും മെതിയും അത് കയിഞ്ഞിട്ട്

**കൊച്ചുനാരായണപ്പിള്ള, വെഞ്ഞാറമൂട്**

353. ഒന്നാം മലമേൽ നിന്നൊരുകൂട്ടം കരിവ്
ആഴി നോക്കി പറന്നാഴി നോക്കി
മൂളി മുര് പാൽക്കടലിൽ ചെന്താമര
പൂവു കാരവർ പൂവുകാർ
പൂവിൻ മണമറ്റേ പൂവിൻ മധുവ്
പോരുമിനിയെന്ന് പോരുമിനി
രാം മലയീന്ന് കൊാടും കരിവ്
.....................................................
പത്താം മലയീന്ന് ആർത്തുവരിവ്
ആഴി ........ പോരുമിനി

**കൊച്ചുനാരായണപ്പിള്ള, വെഞ്ഞാറമൂട്**

354. ചന്തേലച്ഛാ പാവയ്ക്കാ
വാങ്ങെടി മോളെ പാവയ്ക്ക
വാങ്ങിച്ചപ്പാ പാവയ്ക്ക
അരിയെടി മോളേ പാവയ്ക്ക
അരിഞ്ഞേനച്ചാ പാവയ്ക്ക
കറിവെയ് മോളെ പാവയ്ക്ക
കറിവെച്ചച്ചാ പാവയ്ക്ക
കൂട്ടെടി മോളേ പാവയ്ക്ക
കയ്ക്കുന്നച്ചാ പാവയ്ക്ക
കളയെടി മോളേ കയ്പയ്ക്ക.

**കോമളവല്ലി, മണാശ്ശേരി**

355. കല്ലും വീട്ടിലെ ഞ
കല്ല്യാണത്തിന് പോ
എന്തുടുത്ത്പോവും?
പട്ടുടുത്തുപോവും
എന്തിക്കേറിപ്പോവും?
വഞ്ചീക്കേറിപ്പോവും
വഞ്ചിവലിയ്ക്കാനാര്?
തെക്കേലത്തെ വാവ
വാവയ്ക്കെന്ത് കൂലി?
എട്ടുപുത്തൻ കൂലി

**മോഹനകൃഷ്ണൻ, മഞ്ചേരി**

356. വെള്ളിമാൻ തുള്ളിവന്നു

കുന്നത്തൊരു മാവുപൂത്തു
ഉണ്ണിതിരിയാത്ത കണ്ണിമാങ്ങ
കണ്ണൻ ചിരട്ടയിലുപ്പിലിട്ടു
കോലോത്തും പടി കൊുചെന്നു
അവിടെകിടന്നൊരു പട്ടുകിട്ടി
കുറ്റിയിൽ കൊപ്പം പട്ടുകീറി
അമ്മയറിയാതെ തുന്നികെട്ടി
അച്ഛനറിയാതെ പെട്ടിയിൽവെച്ചു
ആരോടും പറയാതെ വാരിചുറ്റി

**മറിയാമ്മച്ചേട്ത്തി, കോട്ടയം**

357. ചക്കടെ മടലും ചങ്കുണ്യാരും
പെപ്പെപ്പെപ്പേ - പെപ്പരപേ !
കോഴിടെ കൊക്കും - കോലുണ്യാരും
പെപ്പെപ്പെപ്പേ - പെപ്പരപേ !

**നാരായണൻ മാസ്റ്റർ, കൂറ്റിപ്പാല**

358. പത്തായത്തിലിറങ്ങിയൊരിത്തിരി
നെല്ലെടുക്കെന്റെ മോളേ
അമ്പമ്പോ..എനിക്കുവയ്യമ്മേ
എലിയെന്നെ കടിച്ചുതിന്നുമമ്മേ
ഉരക്കളത്തിലെ നെല്ലിനെയി
ട്ടൊന്നിടിച്ചുതാമോളേ
അമ്പമ്പോ എനിക്കു വയ്യമ്മേ
ചെറുക്കൻമാരൊളിച്ചു നേക്കുമമ്മേ
അടുക്കളേലെ അരിവേവിച്ച്
വാർത്തെടുക്കെടീ മോളേ
അമ്പമ്പോ എനിക്കു വയ്യമ്മേ
അടുപ്പെന്നെ തുറിച്ചുനോക്കുമമ്മേ
ഇല കഴുകീട്ട് വെളമ്പി വെച്ചടി
ഉണ്ണാൻ വാ മോളേ ഉണ്ണിമോളേ
അമ്പമ്പോ....എന്തു രുചിയമ്മേ
ഇച്ചിരിക്കൂടി വിളമ്പിത്താ അമ്മേ

**കൃഷ്ണപ്രഭ, കോട്ടക്കൽ**

359. അറതുറന്നു പയറെടുത്തു
മുറിതുറന്നു പറയെടുത്തു
പയറുകൊ് പറനിറച്ചു
പറനിറച്ചു മുറിയിൽവെച്ചു
മുറിയടച്ചു വയറെരിച്ചു

**പി. കെ. ചന്ദ്രശേഖരൻ, കൊളായിത്താഴം**

360. അന്തിമോന്തിയിരുട്ടായി
അമ്മേംമോളും പെണക്കായി
അയിലേം ചോറും എനിക്കായി

**ഉണ്ണിക്കുറുപ്പ്മാസ്റ്റർ, മേപ്പള്ളി**

361. ചിറ്റപ്പൻ ചെറുപ്പത്തീ ചേന കട്ടു
ഞാനല്ല കട്ടത് കള്ളനാണേ
കള്ളന്റെ കൈ വെട്ടി പന്തലിട്ടു
പന്തപ്പുറത്തായിരം തുമ്പ നട്ടു
തുമ്പ പിഴുതൊരു വാഴയ്ക്കിട്ടു
വാഴകുലച്ചു കുടം തിരിഞ്ഞു
തെക്കുള്ള നായന്മാരങ്കം വെട്ടി
അങ്കത്തിൽ പിഴച്ചുള്ളൊരാനയുായ്
ആനെടെ കീഴൊരു നത്തിരുന്നു
നത്തു പറന്നു കടലിൽ ചാടി
കടലീന്നെടുത്തൊരു കൊളത്തിൽ ചാടി
കൊളത്തീന്നെടുത്തെന്റെ വയറ്റിൽ ചാടി

**രമേശൻ കാവിൽ, മേലടി ആഞ്ഞ**

362. കെട്ടിത്തന്നാളൂ കെട്ടിത്തന്നാളൂ
കെട്ടിച്ച പെരേല് നൂറോ നാണു
ആകാശപ്പച്ചി പാഞ്ചപ്പം നാണു
കോയീനെക്ക് പേടിച്ച നാണു ആഹാ..........ആഹാ............

**കെ. കെ. നാരായണൻ, മൈത്ര**

363. ചക്കിപ്പരുന്തേ കിയോകിയോ
നീയെന്റെ മക്കളെ കിയോകിയോ
തീകെറ് കുത്തീലേ കിയോകിയോ
നേരം വെളുത്തോട്ടെ കിയോകിയോ
ഞാൻ നിന്റെ മക്കളേ കിയോകിയോ

**പാർവ്വതി, ഓമശ്ശേരി**

364. എല്ലാരും പറേയ്ന്ന് എല്ലാരും പറേയ്ണ്
അമ്മിണിക്കുട്ടിയ്ക്ക് വങ്ങിയില്ലെന്ന്
ഈ മാലയിട്ടപ്പം ഇക്കമ്മലിട്ടപ്പം
എല്ലാരും പറേയ്ണ് എല്ലാരും പറേയ്ണ്
അമ്മിണിക്കുട്ടിയ്ക്ക് വങ്ങിയുന്നെ്.

**ശാരദ, വടകര**

365. എന്റെ മകനുണ്ണിക്കൃഷ്ണൻ
കൃഷ്ണനാട്ടത്തിന് പോകേണം
കൃഷ്ണാട്ടത്തിനു പോയാൽപോരാ
കൃഷ്ണൻ തന്നേ കെട്ടേണം
കൃഷ്ണൻതന്നെ കെട്ട്യാൽപോരാ
കാളിയമർദ്ദനമാടേണം
കാളിയമർദ്ദനമാട്യാൽപോരാ
എല്ലുമുറിയെ തുള്ളേണം
എല്ലുമുറിയെ തുള്ള്യാൽപോരാ
സമ്മാനങ്ങൾ വാങ്ങേണം
സമ്മാനങ്ങൾ വാങ്ങ്യാൽപോരാ
അമ്മയ്ക്ക് സമ്മാനിക്കേണം

**ദേവകി, ഉഗ്രപുരം**

366. ചക്കരച്ചേട്ടനു മക്കളില്ലാഞ്ഞപ്പം
ചക്കക്കുരുവിനെ ദത്തെടുത്തു
ചക്കരച്ചേട്ടന്നു മക്കളുായപ്പോ
ചക്കക്കുരുവിനെ ചുട്ടു തിന്നു.

**നാരായണൻ മാസ്റ്റർ, കൂറ്റിപ്പാല**

367. കറുപ്പുമ്മേം പുള്ളിള്ള പയ്യിനെ വേണം
വെളിപ്പുമ്മേം പുള്ളിള്ള പയ്യിനെ വേണം
വെളുക്കുമ്പം കറക്ക്ന്ന പയ്യിനെ വേണം
കടലോളം പാല്ള്ള പയ്യിനെ വേണം
തെയ്യാ തിനന്താ തിന തിന താരാ
താരാ തിനന്താ തിനതിനം താരാ
പുല്ലൊന്നും വോത്ത പയ്യിനെ വേണം
ആലേന്നെറങ്ങാത്ത പയ്യിനെ വേണം
തീറ്റി കൊടുക്കാത്ത പയ്യിനെ വേണം
ചാണം മണക്കാത്ത പയ്യിനെ വേണം
തെയ്യാ തിനന്താ തിന തിന താരാ
താരാ തിനന്താ തിനതിനം താരാ
നാട്ടാരെ കുത്തുന്ന പയ്യിനെ വേണം
വീട്ടാരെ കുത്താത്ത പയ്യിനെ വേണം
തെയ്യാ തിനന്താ തിന തിന താരാ
താരാ തിനന്താ തിനതിനം താരാ

**അശോകൻ മാസ്റ്റർ, കോഴിക്കോട്**

368. തെയ്തണം തെയ്തണം തിത്തണം താരോ (2)
ഏനവിടെ ചെന്നേ പിന്നെ
കൊട്ടാരപ്പുര കെട്ടിച്ചേ
ഏനവിടെ ചെന്നേപിന്നെ
വെട്ടാക്കുളം വെട്ടിച്ചേ
ഏനവിടെ ചെന്നേപിന്നെ
കെട്ടാവേലി കെട്ടിച്ചേ
തെയ്തണം......................................

**രമേശൻ കാവിൽ, മേലടി**

369. ഇല്ലത്തമ്മേടെ നെല്ലല്ലേ
കാലിയാൻ കോരന്റെ കാല്യല്ലേ
തിന്നട്ടങ്ങെനെ തിന്നട്ടെ
എനിക്കെന്ത്ചേതം ചങ്ങാതീ

**ടി.ടി.ജി. നമ്പൂതിരി, മാതമംഗലം**

370. കാട്ടിലെ തടി, തേവരുടെ ആന
പിടിയെടാ പിടി, വലിയെടാ വലി

**ടി.ടി.ജി. നമ്പൂതിരി, മാതമംഗലം**

371. നാരായണൻ നരിയെങ്ങോട്ട്
നാറാത്തെ വീട്ടിലേക്കങ്ങോട്ട്
എന്താണിത്തറ കാലത്തേ
അച്ചീം മക്കളും ചത്തിട്ട്
പതിനെഞ്ചും പതിനാറുമുണ്ണാനേ

**നാരായണൻ മാസ്റ്റർ, കുറ്റിപ്പാല**

372. അമ്മായിയമ്മയെ കല്ലിൻമേൽ വെച്ചിട്ടു
നല്ലൊരു കല്ലോ് നാരായണ

**നാരായണൻ മാസ്റ്റർ, കുറ്റിപ്പാല**

373. കോഴ്യേ നീനെല്ലു തിന്നല്ലേ (2)
നെല്ലു തിന്നാലെന്തു ചെയ്യും ?
ഞാൻ നെല്ലു തിന്നാലെന്തു ചെയ്യും?
ഓടിച്ചെന്നൊരു കത്തിയെടുക്കും
കൊത്തി നുറുക്കും കൂട്ടാൻ വെയ്ക്കും
വാട്ടികെട്ടും ഷാപ്യേപ്പോകും
കള്ളു കുടിക്കും പള്ള നിറയ്ക്കും
തല കറങ്ങും കണ്ണ്ചൊമക്കും
പറ പറ പറയും അതോന്റെ കോഴ്യേ
നീ നെല്ലു തിന്നല്ലേ

**കെ.വി. ശ്രീധരൻ മാമ്പറ്റ**

374. കട്ടുറുമ്പ് കാതുകുത്തി
അവിടുന്നും കിട്ടി നാഴിയരി ഇവിടുന്നുംകിട്ടി നാഴിയരി
കാച്ചിക്കുടിക്കാൻ ചുള്ളിക്ക് പോയപ്പം
ചുള്ളിയിലെല്ലാം തേന്
തേനെടുക്കാൻ കുപ്പിക്ക്പോയപ്പം
കുപ്പിയിലെല്ലാം ചേറ്
ചേറ് കഴുകാൻ ആറ്റിൽ ചെന്നപ്പം
ആറ്റിലെല്ലാം മീന്
മീൻപിടിക്കാൻ വലക്ക് ചെന്നപ്പം
വലയിലെല്ലാം ചെതല്
ചെതല് തിന്നാൻ കോഴിയെ വിളിച്ചപ്പം
കോഴിയെല്ലാം കുറുക്കന്റെ വായിൽ
കൊക്കക്കോക്കോ കൊക്കരക്കോ

**ചന്ദ്രികത്തമ്പുരാട്ടി, പന്തളം**

375. ഭും.. ഭും.. മുത്ത്യമ്മേ
മദ്ദളം കെട്ടിയാൽ കാപ്പണം കിട്ടും
കാപ്പണം കിട്ട്യാ തെക്കനെടുക്കും
തെക്കനെടുത്താൽ ഞാത്തിച്ചിറ്റാം
ഞാത്തിച്ചിറ്റ്യാൽ ചവിട്ടിക്കീറാം
ചവിട്ടിക്കീറ്യാൽ തല്ലും കൊള്ളാം
ഭും... ഭും... ഭും... മുത്ത്യമ്മേ

**കൊച്ചുനാരായണപ്പിള്ള, വെഞ്ഞാറമൂട്**

376. ചാരൻ ചോക്കറെ
വീട്ടിലുമൊരു
നീലൻപെണ്ണ് വളരുന്നു
മത്തിച്ചങ്ങല വിറ്റിട്ടെങ്കിലും
അപ്പെണ്ണിനെ കെട്ടേണം

**പരമേശ്വരൻ നമ്പൂതിരി, പയ്യന്നൂർ**

377. അമ്മിണി കുമ്മിണിയാലോലം

മത്തങ്ങാപ്പയറോലോലം
നാരായണൻ നത്തുകണ്ണ–
നെട്ടുപൂച്ചേ ച്ചുട്ടുതിന്നു
അപ്പൂപ്പൻ താടിയിലുപ്പിട്ടുകെട്ടി
അമ്മൂമ്മവന്നപ്പോളഴിച്ചിട്ടുകെട്ടി
അമ്മൂമ്മക്കുട്ട്യമ്മുക്കുട്ട്യാരെപ്പോലെ
ഉമ്മത്തും കാവിലെ പൂരം പോലെ
ചക്കികൊച്ചമ്മേ, ചക്കയ്ക്കുപ്പുറോ
ചക്കകുരുപ്പേരി മാനിറച്ചി
ചക്ക്ങ്ങലുണ്ണൂലി പേന്തലച്ചി
അപ്പുക്കുട്ടാ തൊപ്പക്കണ്ണാ എപ്പോകല്ല്യാണം
തവളക്കണ്ണൻ പാടം കൊയ്താലപ്പോ കല്ല്യാണം

**ജാനകിയമ്മ, മേപ്പള്ളി**

378. കുട്ടീടമ്മ എങ്ങട്ട്പോയി
കുട്ടീടമ്മ കൊോട്ടീപോയി
കുട്ടിക്കെന്തെല്ലാം വെച്ചിട്ടുപോയി?
അമ്മിക്കുട്ടി ചുട്ടത്
കണ്ണൻചെരട്ടേലെ വെള്ളോം

**ചെറിയേത്, മൈത്ര**

379. കുഞ്ഞി കുഞ്ഞിക്കുട്ടന്
എണ്ണതേച്ചു കുളിയ്ക്കേണം
വാഴയ്ക്കാമാമു ഉണ്ണേണം
അമ്മടകയ്യിൽ പോകേണം
അമ്മിഞ്ഞകുടിച്ചങ്ങുറങ്ങേണം
തൊട്ടീലിക്കെടന്നങ്ങാടേണം
താരാട്ടുകേട്ടുറങ്ങേണം

**ശാരദ, വടകര**

380. കഞ്ഞീം കറിയും വെച്ചുവിളമ്പി
കുഞ്ഞിപ്പൂച്ചയെ മൂന്നിലിരുത്തി
ചില്ലുകൾ കൊു മെനഞ്ഞൊരു വീട്ടിൽ
കുട്ടികളുമച്ചനുമമ്മയുമായി
മണൽ കൊാരു ചോറും പിന്നെ
പലനിറത്തിൽ പല കറികൾ
കുട്ടികളൊരുമിച്ചൂണു കഴിച്ചതു
നോക്കിയിരുന്നാപ്പൂച്ച കൊതിച്ചു

**പാർവതി, ഓമശ്ശേരി**

381. കരയ മോളേ വിളിക്കേ മോളേ
നിന്നെക്കെട്ടും കല്ല്യാണത്തിന്
പന്ത്രാന ചമഞ്ഞുവരും പിന്നെ
പിത്തളത്താക്കോലോടിവരും

**പാർവതി, ഓമശ്ശേരി**

382. കുഞ്ഞിക്കുഞ്ഞിപ്പെണ്ണുങ്ങൾ
പുന്നച്ചോട്ടില് നിൽക്കുമ്പോൾ
കുഞ്ഞിക്കുഞ്ഞി ആണുങ്ങൾ
ഏന്തീട്ടെന്തിനാ നോക്കണത്.

**കെ. വി. ശ്രീധരൻ, മാമ്പറ്റ**

383. ചക്ക്യേ പനയിടിക്കാൻ വാ ന്റേല് കുട്ട്യാണേ
ചക്ക്യേപനപിഴിയാൻ വാ ന്റേല് കുട്ട്യാണേ
ചാക്ക്യേ പന വെയ്ക്കാൻ വാ ന്റേല് കുട്ട്യാണേ
ചക്ക്യേ പന തിന്നാൻ വാ അവടക്കെട കുട്ടി ഇവടക്കെട കുട്ടി
ഞാമ്പോയി നന്നായി പന തിന്നട്ടേ, പന തിന്നട്ടെ

**ശശിമാസ്റ്റർ, ചേവായൂർ**

384. അള്ളോ എന്നും ചൊല്ലല്ല മോനേ
ചക്കമ്മേൽ കൈവെയ്ക്കല്ലമ്മായി
എലബെച്ചു മുറിയ്ക്കണ ബരിക്കചക്ക അള്ളോ
എലബെച്ചു മുറിയ്ക്കണ ബരിക്കചക്ക
ഒരു ചൊള തായെന്റെ കോയ മോനെ

**കുഞ്ഞാമുട്ടി, മൈത്ര**

385. അമ്മയെയിങ്ങോട്ടു വിളിക്കെടാ ചോറുണ്ണാൻ
അമ്മയ്ക്കാലേപ്പയ്യ്
അച്ഛനെയിങ്ങോട്ട് വിളിക്കെടാ ചോറുണ്ണാൻ
അച്ഛന് പാടത്ത് വേലേ്
ചേച്ച്യേയിങ്ങട് വിളിക്കെടാ ചോറുണ്ണാൻ
ചേച്ചീടെ ഒക്കത്ത് കുട്ടീ
നീയൊന്നിങ്ങട്ട് വന്നേടാ ചോറുണ്ണാൻ
ഞാനിതായെത്തിപ്പോയ് എത്തിപ്പോയി

**കുഞ്ഞുണ്ണിമാഷ്**

386. അത്തം ചിത്തിര ചോതി
അച്ചൻകെട്ടിയ വേലി
അമ്മപൊളിച്ചിട്ടരിവെട്ടു
അച്ചൻ വന്നു കലഹിച്ചു

**പാർവ്വതി, മൂത്തേരി**

387. കേറിരിയ്ക്കാങ്ങളേ കേറിരിയ്ക്കാങ്ങളേ
ഞാനിട്ട പായേല് കേറിരിക്ക് (2)
ഇന്നുപോാങ്ങളേ നാളെപ്പോകാങ്ങളേ
കൂട്ടിക്കുറമ്പനാം പൊന്നാങ്ങളേ (2) (കേറിരിയ്ക്കാങ്ങളെ )
ഒന്നും രും പറഞ്ഞിരിക്കുന്നനേരം
കുപ്പീലൊരുകുപ്പിക്കളുതരാം (2) (കേറിരിയ്ക്കാങ്ങളെ)
മന്നത്തും പോവ ഷാപ്പിലും പോവ
കുപ്പീല് കള്ള് ഞാങ്കൊത്തരാം (2) (കേറി....)
കുത്തി നെടിയരി ചേറ്റി പ്പൊടിയരി
തുമ്പപ്പൂപോലുള്ള ചോറു തരാം (2) (കേറി...)
ഐലത്തല ചുട്ടു ചമ്മന്ത്യരച്ചിട്ട്
ആങ്ങലയ്ക്ക് ഞാനിന്ന് ചോറുതരാം (2) (കേറി...)
കൂട്ടികെടക്ക്ണ പൂങ്കോഴ്യേക്കൊന്ന്
പച്ചോലപൊതികെട്ടിതന്ന് വിടാം (2) (കേറി.............)
ഇന്നുപോാങ്ങളെ നാളെപ്പോകാങ്ങളെ
ഇന്നത്തൊരന്തി ഇവിടുറങ്ങാം (2) (കേറി........)

**പ്രശോഭ്, ചങ്ങരോത്ത്**

388. കരയല്ല കരയല്ല പൊൻമകളെ
നിന്നെക്കെട്ടാനാള് വരും
ആനെയ്ക്കെടുക്കെ പൊന്നുവരും
വെള്ളതാക്കോലോടിവരും
കുഞ്ഞിക്കിണ്ണം തുള്ളിവരും
മീത്തലെ പത്തായം തൊറന്ന് വരും
താഴെപത്തായം അടച്ചുവരും
കരയല്ല കരയല്ല പൊൻമകളെ

**പ്രശോഭ്, ചങ്ങരോത്ത്**

389. മഴപെയ്യ്ണ പെയ്യലിലേ
ഇടിവെട്ടണ വെട്ടലിലെ
എന്റമ്മ കുന്നത്ത്
തിന കാക്കാൻ പോയല്ലോ

**മറിയാമ്മച്ചേട്ത്തി, കോട്ടയം**

390. അത്തം ചിത്തറ ചോതി
അന്തിക്കിത്തറ വറ്റ്
അത്യേക്കൂട്ടാൻ താള്
അമ്മേടെ മോത്തൊരു കുത്ത്

**പാർവ്വതി, ഓമശ്ശേരി**

391. അച്ഛൻ കൊമ്പത്ത് അമ്മ വരമ്പത്ത്
ഉണ്ണിക്കുട്ടനെയുണ്ണാനിരുത്തി
ട്ടച്ഛൻ കൊമ്പത്തമ്മവരമ്പത്ത്
അമ്പിളിക്കിണ്ണത്തിൽ ചോറ്വിളമ്പി
ട്ടച്ഛൻ കൊമ്പത്തമ്മവരമ്പത്ത്
കുഞ്ഞിക്കാറ്റിനെ കൂട്ടിനിരുത്തി
ട്ടച്ഛൻ കൊമ്പത്തമ്മവരമ്പത്ത്

ചറപറ മഴയിൽ പിറുപിറുചൊല്ലി
ട്ടച്ഛൻ കൊമ്പത്തമ്മവരമ്പത്ത്

**മോഹനകൃഷ്ണൻ, മഞ്ചേരി**

392. ആക്കം ഈക്കം നെല്ലിക്കാകം
നെല്ലിക്കാക്കത്തിൽ പയറുവിളഞ്ഞു
അമ്മായ്യേ വിളി പെണ്ണേ പയറേ നുള്ളാൻ
അമ്മായി പാക്കഞ്ഞിവക്കയിലാണ്
അമ്മമ്മേ വിളിപെണ്ണേ പയറുനുള്ളാൻ
അമ്മാമൻ പാക്കഞ്ഞി കുടിക്കയില്ലെന്ന്
ഏട്ടനെ വിളിപെണ്ണേ പയറേ നുള്ളാൻ
ഏട്ടനു പാടത്തു കൈക്കോട്ട് വേല
നീതന്നെ വാപെണ്ണേ പയറേ നുള്ളാൻ
ഞാനീ നാട്ടിലെ വെശപ്പെണ്ണല്ലേ

**ചെറിയേത്, മൈത്ര**

393. അച്ഛാ... അച്ഛാ... എന്താ മോനേ ?
അമ്മ തല്ലി എങ്ങനെ തല്ലി
തിരിച്ചട്ടും മറിച്ചിട്ടും
മറിച്ചിട്ടും തിരിച്ചട്ടും

**കുഞ്ഞുണ്ണി മാഷ്**

394. ഞാനൂന്റളിയനും പാടത്തുപോകുമ്പം
ഓ കെട്ക്ക്ണ് വെമ്പാല
പാടവരമ്പത്തെ വെമ്പാലതൊട്ടാൽ
വെള്ളം കുടിക്കാതെ ചാകേണം
നോക്കളിയാ മാറളിയാ ഓടളിയാ കിഴക്കോട്ട്
തോട്ടിൽ കെടക്ക്ണ മുജ്ജിൻരെ കുട്ട്യേ
ഇജ്ജ് കെടന്ന് പെടയ്ക്കാ
ഇജ്ജ് കെടന്ന് പെടച്ചാലോ
ചട്ടീലിട്ടു വറക്കും ഞാൻ
നോക്കളിയാ മാറളിയാ ഓടളിയാ പടിഞ്ഞാറ്
തോയ്ത്തിക്കെടക്ക്ണ പോത്തിന്റെ കുട്ട്യേ
കൊമ്പു കുലുക്കി ചിരിക്കണം
കൊമ്പു കുലുക്കി ച്ചിരിച്ചാലോ
നാളെ വെളുപ്പിന് ശാപ്പാട്
നോക്കളിയാ മാറളിയാ ഓടളിയാ വടക്കോട്ട്
കന്നു പൂട്ടണ കുഞ്ഞിക്കോരാ
ഞാറുനടുന്നൊരു നോക്ക്യാലോ
കന്നു പൂട്ടു നടക്കൂലാ
നോക്കളിയാ മാറളിയാ ഓടളിയാ തെക്കോട്ട്.

**കൊച്ചുനാരായണപ്പിള്ള, വെഞ്ഞാറമൂട്**

395 ഒന്നാംമലവെട്ടി ഒന്നരമലവെട്ടി നിന്നുംകൊറൊരുനാഴി തെനവിതച്ച്
നാത്തൂന്മാരിരുവരും ചേട്ടത്തിമാരിരുവരും തേങ്ങിതേങ്ങിനിന്നും തെന വിതച്ച്
ഇക്ക തിരയെല്ലാം കിളിതിന്ന് പോയപ്പം നീയ്യെങ്ങ്പോയ്യോടി കിളിക്കുറമ്പെ
അക്കരപ്പ്യാരും ഞാനും കൂടിയങ്ങു കിളിമാടംകെട്ടിക്കളിച്ചിരുന്നു
ഒന്നാംമലകേറിച്ചെന്നപ്പോഴെ കിളി ഒന്നരവട്ടകം തേനെടുത്തേ
തേനെടുക്കാം കിളി തകിലെടുത്താംകിളി തേനുംകൊക്കിളിതാലോലം
തങ്കത്തി, തറുകത്തി താലോലക്കിളി
താലോലക്കിളി താലോലം

**ആർ. സി. കരിപ്പത്ത്**

396. അടിച്ചു വാരിയ മണപ്പുറത്ത്
മുളച്ചുവന്നൊരു കുമ്പളങ്ങ (2)
നമുക്കു നമ്മുടെ കുമ്പളത്തിന്
പന്തലിടേണം കവരേ (2)
മൂടില്ലാത്ത കുടംകൊ്
മുക്കി നനയ്ക്കണം കവരേ (2)
തായില്ലാത്ത കൈക്കോട്ടോ്
കോരിയിടേണം കവരേ (2)
അടിച്ചു വാരിയ മണപ്പുറത്ത്
മുളച്ചുവന്നൊരു കുമ്പളങ്ങ
ആദ്യം കാഴ്ച കുമ്പളങ്ങ

വിത്തിനിടേണം കവരേ (2)
പിന്നെക്കാഴ്ച കുമ്പളങ്ങ
മനയ്ക്കൽ കൊടുക്കണം കവരേ (2)
അടിച്ചു വാരിയ മണപ്പുറത്ത്
മുളച്ചുവന്നൊരു കുമ്പളങ്ങ
പിന്നെക്കാഴ്ച കുമ്പളങ്ങ
കൂട്ടാൻ വെയ്ക്കണം കവരേ (2)
ഉപ്പൊഴിച്ചു വെച്ചാലോ കറി
മൂപ്പിച്ചടുക്കറി  കവരേ (2)
മോരു വീഴ്ത്തി വെച്ചാലോ പിന്നെ
മോശപ്പെടും കറി കുമ്പളങ്ങ (2)
തേങ്ങ്യരച്ച് വെച്ചാലോ കറി
തെങ്ങ്യമ്മ്ക്കേറും കുമ്പളങ്ങ
അടിച്ചു വാരിയ മണപ്പുറത്ത്
മുളച്ചുവന്നൊരു കുമ്പളങ്ങ

**അശോകൻ മാസ്റ്റർ, കോഴിക്കോട്**

397. ആലിമാലി മണപ്പുറത്ത് ആറ്റിറമ്പേ പോകുമ്പോം
ആലിമാലി മണപ്പുറത്ത് ന്നൊരാനനിന്ന് കുളിയ്ക്കണ്
ആലിമാലി മണപ്പുറത്ത് ന്നൊരു മന്നെൻ തയ്യുമെനക്കെ
മത്ത പൂത്തതും കാ പിടിച്ചതും പറിച്ചതും
കറിയ്ക്കരിഞ്ഞതും കൂട്ടാൻവെച്ചതും
നീയറിഞ്ഞോടീ കുഞ്ഞാലേ
അച്ചൻകിളിയ്ക്കും കുളങ്ങരത്തിട്ടയ്ക്ക് കാലോു തടംവെട്ടി കയ്യോു കുത്തി
വെട്ടീം കുത്തീം പന്തലീ കേറീം
ഏൻ വളർത്തിയ പൊന്നോല (2)
ആരു പറിച്ചെടി ആരു പറിച്ചെടി കുഞ്ഞുക്കുറുമ്പേ പാവയ്ക്ക
ഞാൻ പറിച്ചില്ല ചക്കി പറിച്ചില്ല നീലി പറിച്ചില്ല പാവയ്ക്ക (2)
ആലിമാലി മണപ്പുറത്ത് ആറ്റിറമ്പേ പോകുമ്പോം
ആലിമാലി മണപ്പുറത്ത് ന്നൊരാനനിന്ന് കുളിയ്ക്കണ്
പാവല് പന്തല് പൊന്നോലയിട്ടതും
പൊന്നോല് ഞെട്ട് ഇരിട്ടികായിട്ടതും
കായറിഞ്ഞതും കറിയ്ക്കരിഞ്ഞതും
നെയ്യിൽ പൊരിച്ചതും (2)
നെയ്യുപ്പ് നോക്ക്യതും
നീയറിഞ്ഞോടാ കുഞ്ഞാത്താ (2)
ആരു പറിച്ചെടി ആരു പറിച്ചെടി കുഞ്ഞുക്കുറുമ്പേ പാവയ്ക്ക
ഞാൻ പറിച്ചില്ല ചക്കി പറിച്ചില്ല നീലി പറിച്ചില്ല പാവയ്ക്ക
ആലിമാലി മണപ്പുറത്ത് ആറ്റിറമ്പേ പോകുമ്പോം
ആലിമാലി മണപ്പുറത്ത് ന്നൊരാനനിന്ന് കുളിയ്ക്കണ്

**അശോകൻ മാസ്റ്റർ, കോഴിക്കോട്**

398. താതിനന്തോം താതിനന്തോം
താതിനന്തോം തെയ്യംതാരാ (2)
ആലുവാ മണപ്പുറത്തുരൊരു
മത്തേതെയ്യും തെയ്യുതേ
മത്തേ തെയ്യും തെയ്യുതേ
മത്ത പൂത്തതും കാ പറിച്ചതും
കറിക്കരിഞ്ഞതും കൂട്ടാൻ വെച്ചതും
നെയ്യിൽ വറുത്തതും നെയ്യപ്പം ചുട്ടതും
നീയറിഞ്ഞോടി
അടുത്ത വീട്ടിലെ കറുത്ത പെണ്ണേ മീനാച്ചീ.............(2)
(താതിന.....................)

**കൊച്ചുനാരായണപ്പിള്ള**

399. അരി ചെറുക ചെറുകുറുക ജീരക ചെമ്പക
വിത്തെല്ലാം വാരിപ്പാകുന്നേ (2)
അരി ചെറുക ചെറുകുറുക ജീരക ചെമ്പക
പറിക്കുന്നേ ഞാറു പറിയ്ക്കുന്നേ പിടി
കെട്ടിയെറിയുന്നേ ഞാറു കെട്ടിയെറിയുന്നേ (2)
ചെമ്പകനെല്ലിന്റെ ചുചുചുകന്നപ്പോ

തമ്പുരാനു്‌ വരമ്പത്ത് (2)
അരി ചെറുക ചെറുകുറുക ജീരക ചെമ്പക
എന്റെ പിടിയാള് കപ്പോ തമ്പുരാൻ
പമ്പരം പോലുള്ള കണ്ണുരുട്ടി
എന്റപ്പൻ പാടത്ത് കാവൽകിടന്നപ്പ
തമ്പുരാൻ മാളികമേളില്

**അഥീന. യു.പി. അഗസ്ത്യൻമൂഴി**

400. ആലപ്പുഴയ്ക്ക് വടക്കുകിഴക്ക്
ആലംബം വേർപെട്ട പാലയ്ക്കൽ വീട്ടിൽ
ഞാൻവെച്ചോ നീ വെച്ചോ രിക്കിളുന്ന്
വെച്ചതിനെട്ടിന് പൊട്ടിമുളച്ചു
പൊട്ടിമുളച്ചതിൽകൂടുവളഞ്ഞൂ
കൂടുവളഞ്ഞത് പോകുന്നകൊമ്പ്
പോകുന്ന കൊമ്പതിൻ പൂക്കുന്ന പൂവ്
പൂക്കുന്ന കൊമ്പതിൽ കായ്ക്കുന്നമാങ്ങ
എറിയല്ലെ എറിയല്ലെ കള്ളപ്പിള്ളാരെ
രുമാസം കഴിഞ്ഞെന്നാൽ മൂക്കുമീമാങ്ങ
അക്കൂറ്റെചെക്കൻ പറിക്കമീമാങ്ങ
കുഞ്ഞമ്മപെണ്ണ് പെറുക്കുമീ മാങ്ങ
നാലുതരത്തിൽ തിരയുമീമാങ്ങ
വെള്ളയ്ക്ക് വിലവെച്ച് വിൽക്കുമീ മാങ്ങ
ചീനഭരണിയിൽ ഉപ്പിടും മാങ്ങ
കല്ല്യാണ പന്തലിൽ സഭകൂടുന്നേരം
രാജാക്കൾകൂടി സുഖിക്കുമീ മാങ്ങ

**രവീന്ദ്രൻ മാസ്റ്റർ, ചേർത്തല**

401. നെല്ല്കൊയ്യട കോരാ
എനിയ്ക്കുവയ്യെന്റമ്മേ
കറ്റകെട്ടെടകോരാ
എനിക്ക്...........
കറ്റമെതിക്കെട
എനി..........
നെല്ലകുത്തെടാകോരാ
എനി...........
കഞ്ഞിവെയ്ക്കെടാകോരാ
എനി..........
കഞ്ഞികുടിക്കെടാകോരാ
അങ്ങനെപറയെന്റമ്മേ
അയ്യെട ഇപ്പം കിട്ടും
മോനേപോയ് പണിചെയ്യ്
അന്നുമുതൽക്കാ കുഴിമടിയെൻ
പണിചെയ്യാനാരംഭിച്ചു.

**അലീന. പി.ജി. മണാശ്ശേരി**

402. കന്നുപൂട്ടെട കോരാ......
എനിയ്ക്ക് വയ്യെന്റമ്മേ
കട്ട തല്ലെടാ കോരാ......
എനിയ്ക്ക് വയ്യെന്റമ്മേ
വിത്തു വിതയ്ക്കെടാ കോരാ......
എനിയ്ക്ക് വയ്യെന്റമ്മേ
കളപറിക്കെടാ കോരാ......
എനിയ്ക്ക് വയ്യെന്റമ്മേ
വളമിടെടാ കോരാ......
എനിയ്ക്ക് വയ്യെന്റമ്മേ
കിളിയെ നോക്കെടാകോരാ......
എനിയ്ക്ക് വയ്യെന്റമ്മേ
നെല്ലാ കൊയ്യെടാ കോരാ......
എനിയ്ക്ക് വയ്യെന്റമ്മേ
കറ്റ കെട്ടെടാ കോരാ......
എനിയ്ക്ക് വയ്യെന്റമ്മേ
നെല്ല് മെതിയ്ക്കെടാ കോരാ......

എനിയ്ക്ക് വയ്യെന്റമ്മേ
നെല്ലുണക്കെടാ കോരാ......
എനിയ്ക്ക് വയ്യെന്റമ്മേ
നെല്ല് കുത്തെടാ കോരാ......
എനിയ്ക്ക് വയ്യെന്റമ്മേ
കഞ്ഞി വെക്കെടാ കോരാ......
എനിയ്ക്ക് വയ്യെന്റമ്മേ
കഞ്ഞി കുടിയ്ക്കെടാ കോരാ......
എനിയ്ക്ക് വയ്യെന്റമ്മേ
അങ്ങനെയങ്ങനെയെന്റ്യമ്മേ.... (2)

**ആദർശ്, ഓമശ്ശേരി**

403. ഒന്നാം നാട്ടില് ചെന്നപ്പഴോ
ഒന്നരവട്ടി പ്പാവയ്ക്ക
അമ്മ പറിയ്ക്കണേ മോളുപറിയ്ക്കണോ
പൊന്നാരമ്പം പാവയ്ക്ക
നീ പറിയ്ക്കെടീ നീ പറിയ്ക്കെടീ
പൊന്നാരമ്പം പാവയ്ക്ക
ഞാൻ കറിവെയ്പോം നീ കറി വെയ്പോം
പൊന്നാരംമ്പം പാവയ്ക്ക.
രാം നാട്ടില് ചെന്നപ്പഴോ
രരവട്ടി പ്പാവയ്ക്ക ...............
പത്താം നാട്ടില് ...............

**രാധ ടീച്ചർ, ഗുരുവായൂർ**

404. തൈതിനം താരോ...............തൈതിനം താരോ...............
തൈതിനം തൈതിനം തൈ താരോ.
കല്ലേലിരിക്കുന്ന കല്ലോരിഞ്ഞേ
കല്ലേന്നങ്ങപ്പുറം മാറിരി ഞേ (തൈതിനം)
കല്ലേലിക്കത്തിലാളിറങ്ങട്ടേ (തൈതിനം)
കല്ലേലിക്കം വെതയ്ക്കട്ടെ ഞേ (തൈതിനം)

**ആർ. സി. കരിപ്പത്ത്**

405. വട്ടത്തില് കുയികുത്തി, നീളത്തില് തടമിട്ട്
അങ്ങനെ പാവണം ചെഞ്ചീര
വെണ്ണീരണിയണം ചെഞ്ചീര
വെള്ളം നനയണം ചെഞ്ചീര
മാറോളം വളരണം ചെഞ്ചീര
മറിഞ്ഞ് കുനിയണം ചെഞ്ചീര
അങ്ങനെ വളരണം ചെഞ്ചീര
എങ്ങനെ നുള്ളണം ചെഞ്ചീര
മുട്ട്ന്ന നുള്ളണം ചെഞ്ചീര
ആരാരരിയണം ചെഞ്ചീര?
അമ്മായിയരിയണം ചെഞ്ചീര
എങ്ങനെഅരിയണം ചെഞ്ചീര
നനുനനെ അരിയണം ചെഞ്ചീര
ആരാര് വെക്കണം ചെഞ്ചീര?
അമ്മായിവെക്കണം ചെഞ്ചീര
എങ്ങനെ വെക്കണം ചെഞ്ചീര
മുറ്റത്ത് നിക്കണ ചെന്തങ്ങിന്റെ
താഴത്തെ മൂത്തൊരു വന്നെങ്ങ
തല്ലിപ്പൊളിക്കണം വന്നെങ്ങ
മുട്ടിപ്പൊളിക്കണം വന്നെങ്ങ
കറ്കറെ ചെരകണം വന്നെങ്ങ
നീട്ടിയരയ്ക്കണം വന്നെങ്ങ
വാരിക്കലക്കണം വന്നെങ്ങ
ചളുചളെത്തെളക്കണം ചെഞ്ചീര
അങ്ങനെ വെയ്ക്കണം ചെഞ്ചീര
ആരാര് കൂട്ടണം ചെഞ്ചീര
അമ്മാവൻ കൂട്ടണം ചെഞ്ചീര
ആരാര് വെളമ്പണം ചെഞ്ചീര
അമ്മായി വെളമ്പണം ചെഞ്ചീര

ആരും കൊതിക്കണം ചെഞ്ചീര
അമ്മായിവെച്ചൊരു ചെഞ്ചീര!

**തങ്കമണി, കൊറ്റങ്ങൽ**

406. താനാ തന തന (3) താന്തിനനോം
തവര മൊളക്ക്ന്ന് താനെ മൊളക്ക്ന്ന്
ഒരുപാട് മൊളക്ക്ന്ന് പൊൻതവര
തവര മൊളച്ചീറ്റ് ഈരെല തിരിയിന്ന്
അത്ക് പിള്ളന്മാരടി തൊടങ്ങി
മുട്ടെകരത്തിൽ തവര വളർന്നിറ്റ്
അടിമുടി കുർന്നെല നെറഞ്ഞല്ലോ
ഒരു നാൾ ഒരു വട്ടി രാംനാൾ ര് വട്ടി
മൂന്നാം നാൾ മൂന്നു വട്ടി തകര നുള്ളി
തകരയും നുള്ളീട്ടകത്തേക്ക് ചെല്ലുമ്പോൾ
ചെറുപിള്ളേരത്ക് കളിതൊടങ്ങി
തവരയരിയിന്ന് അട്പ്പത്ത്കേറ്റ്ന്ന്
എളക്ക്ന്ന് വാങ്ങ്ന്ന് ചീരുക്കുട്ടി
തേങ്ങാചെരക്ന്ന് കട് വറ്ത്ത്ട്ന്ന്
എളക്ക്ന്ന് ചിരിക്ക്ന്ന് ചീരുക്കുട്ടി
കംഭവും വന്നല്ലോ തവരയൊണങ്ങ്യല്ലോ
എനിയെന്ത് പോംവഴി പെരുംങ്കൊടലേ
ആറായി മടക്കീറ്റ് അറുപത് ചൊറയിട്ട്
അയിനുള്ളിലടങ്ങിക്കോ പെരുങ്കുടലേ

**തങ്കമണി, കൊറ്റങ്ങൽ**

407. ഞാൻ നട്ട മാങ്ങാി പൊട്ടി മുളച്ചേ
പൊട്ടിമുളച്ചപ്പം കൂട്ടു വളച്ചേ
കൂടു വളച്ചതിൽ പൊന്തുന്ന മാവ്
പൊന്തുന്ന മാവേല് കായ്ക്കുന്ന ചില്ല
കായ്ക്കുന്ന ചില്ലേല് തൂങ്ങുന്ന മാങ്ങ
കാറ്റൊന്ന വന്നാല് തുള്ളുന്ന മാങ്ങ
എറിയല്ലേ എറിയല്ലേ വികൃതിപ്പീള്ളേരെ
മമ്മതുകുട്ടി പറിക്കുന്ന മാങ്ങ
ചീന ഭരണിയിലുപ്പിടും മാങ്ങ
എരിവുള്ള കാന്താരി ചേർത്തുള്ള മാങ്ങ
ശീലം നല്ലാണുങ്ങൾ കൂട്ടണ മാങ്ങ.

**കൊച്ചുവേലു, തിരുവനന്തപുരം**

408. കാനനും വാഴനട്ടു കൂനനും വാഴനട്ടു
കുഞ്ഞിക്കൂനനായവനും വാഴനട്ടു
കാനനും വെള്ളമൊഴിച്ചു
കൂനനും വെള്ളമൊഴിച്ചു
കുഞ്ഞിക്കൂനനായവനും വെള്ളമൊഴിച്ചു
കാനനും വളമിട്ടു കൂനനും വളമിട്ടു
കുഞ്ഞിക്കൂനനായവനും വളമിട്ടു
കാനനും കൊലവെട്ടി കൂനനും കൊലവെട്ടി
കുഞ്ഞിക്കൂനനായവനും കൊലവെട്ടി
കാനനും ചന്തയിൽപ്പോയ് കൂനനും ചന്തയിൽപോയ്
കുഞ്ഞിക്കൂനനായവനും ചന്തയിൽപോയ്
കാനനും കൊലവിറ്റു കൂനനും കൊലവിറ്റു
കുഞ്ഞിക്കൂനനായവനും കൊലവിറ്റു
കാനനും കാശുകിട്ടി കൂനനും കാശുകിട്ടി
കുഞ്ഞിക്കൂനനായവനും കാശുകിട്ടി
കാനനും പെണ്ണുകെട്ടി കൂനനും പെണ്ണുകെട്ടി
കുഞ്ഞിക്കൂനനായവനും പെണ്ണുകെട്ടി
കാനന്റെയും കണ്ണുപൊട്ടി കൂനന്റെയും കണ്ണുപൊട്ടി
കുഞ്ഞിക്കൂനനായവന്റെയും കണ്ണുപൊട്ടി

**അച്യുതൻ മാസ്റ്റർ, കയ്യിട്ടാപ്പൊയിൽ**

409. പാറമ്മലാലിയും പാറമ്മൽ കദീജ്യം
പാറയിടകൊത്തി ചേനനട്ടു
അക്കൊല്ലം ചേന കിളകിളച്ചു

ഉമ്മ തട്ടം വാങ്ങി മോള് കങ്കനിട്ട്
തന്നന്തിനം തന്നാനേതിക
തനതനം തന്തിനം മെല്ലെമെല്ലെ

**ആയിഷ (ബീയ്യാത്തൂമ്മ) കുറ്റിപ്പാല**

410. തെയ്യക്കം തിന്തിമി തെയ്യകം താരാ (2)
പാടത്ത് നിക്കണ പുന്നാരപെണ്ണേ
പാട്ടൊന്നു പാടെടീ പുന്നാരപ്പെണ്ണേ (തെയ്യകാ...)
ഇന്നെന്തേ പെണ്ണൊരു പാട്ടു പാടാത്തെ
ഇന്നെന്തേ പെണ്ണിനൊരീണമില്ലാത്തെ (തെ...)
ഞാറു നടുന്നേരം പാടണ പാട്ട്
ഞാറു നടുമ്പം വള കിലുങ്ങട്ടെ... (തെ...)
ചക്കരമാവിന്റെ കൊമ്പത്തിരുന്ന്
ഓടക്കുയില് വിളിയ്ക്കുന്ന് തേവൻ (തെ...)
പാട്ട് അകലേക്ക് കേക്ക്ണ നേരം
പെണ്ണെന്തേ ലോക്ഹം മറന്നു പോണയ്യോ (തെ....)

**മറിയാമ്മച്ചേട്ത്തി, കോട്ടയം**

411. ഒരു ചാലുഴുതില്ല ഒരു വിത്തും വിതച്ചില്ല
താനോ മൊളച്ചൊരു പൊൻതകര (താനാ....)
ഒന്നാം നാൾ ഒരു വട്ടി രാം നാൾ രു വട്ടി
മൂന്നാം നാൾ മൂന്നു വട്ടി തകരനുള്ളി (താനാ...)
ഉപ്പൊടു മൊളകൊട് വെങ്കായക്കൂട്ടൊടു
തകര പറച്ചൊരു കറിയൊാക്കി (താനാ...)
അപ്പൂപ്പനമ്മാവൻ അയലത്തെ കുട്ട്യേട്ടൻ
വടക്കേലെ നാണിക്കും വിരുന്നൊരുക്കി (താനാ...)
കുംഭമാസം കഴിഞ്ഞു തകര കരിഞ്ഞു
ഇനിയെന്ത് ചെയ്യും പെരും കുടലേ (താനാ....)
ആറാറ് മടക്കിട്ട് അറുപത് കുരുക്കിട്ട്
അനങ്ങാതെ കിടന്നോ പെരും കുടലേ (താനാ...)

**ശിവജ്യോതി, നെടുങ്കം**

412. കൊട്ടോീലെ കുഞ്ഞിപ്പെണ്ണാള്
കുന്നോളം നെല്ലിട്ടു കുത്ത്യല്ലോ
കുന്നോളം നെല്ലിട്ടും കുത്തമ്പോളോ
കുഞ്ഞിപ്പെണ്ണവൾ മൂളൊല്ലൊ
മൂളിക്കൂത്തിയ നെല്ലിന്നൊരു
മുന്നാഴി പൊന്നരി പൊങ്ങ്വൊല്ലോ
മുന്നാഴി പൊന്നരി പൊങ്ങിക്കാൽ
പുന്നാര മുത്തു ചിരിക്ക്വൊല്ലോ
പുന്നാരമുത്തു ചിരിച്ചു വെളമ്പിയ
കഞ്ഞിക്കും ചിരി പൊട്ട്വല്ലോ
കുഞ്ഞികുടിച്ചെഴുന്നേറ്റിട്ടെന്നുടെ
കുഞ്ഞൻ കന്നിനെ നോക്വൊല്ലോ
കന്നിനു നന്നായ് തവിടു കലക്കി
കഞ്ഞി തെളപ്പിച്ചു കാട്ട്വൊല്ലോ
കഞ്ഞി തെളപ്പിച്ചു കാട്ട്യാൽ കന്നുകൾ
കത്തിൽ ചാടിത്തിമർക്ക്വല്ലോ
കന്നുകൾ കത്തിൽ ചാടിത്തിമർത്താൽ
കത്തിൽ ചേറു കലങ്ങ്വല്ലോ
കത്തിൽ ചേറു കലങ്ങ്യാ കന്നി-
ക്കതിരുന്നു നീളും കൂട്വൊല്ലോ
കന്നിക്കതിരിന്റെ നീളം കൂട്യാ
കയ്യിലരിവാൾ ചിരിക്ക്വല്ലോ
അരിവാളേ ചിരി അരിവാളേ ചിരി
അരിവാളേ ചിരി അരിവാളേ

**രാമചന്ദ്രൻ, പറപ്പൂർ**

413. കാലിനെ നോക്ക്ണ കാലിയാൻമാരെടോ
എന്റോരുപയ്യിനെ കടോ കൂട്ടരെ
ഞങ്ങളും കില്ല നിങ്ങളെ പയ്യിനെ
നിങ്ങളെ പയ്യിനോ എന്തുടയാളം?
നെറ്റിയ്ക്ക് ചൊട്ടേ് പൂവാൻ കൊടിയു്

നാൽക്കാൽ വളയു് പള്ളയ്ക്ക് മറുകു്
കീനും കീനും നിങ്ങളെപയ്യീനെ (താരാട്ട്)
ഏടേടക്കത് കാലിയാൻമാരെടോ?
കാവേരിമലമ്മേന്ന് പുല്ലും തിന്നിട്ട്
താമരകൊളത്തീന്ന് വെള്ളോംകുടിച്ചിട്ട്
കാഞ്ഞിരത്തിൻ തണലിൽ കെടക്ക്ന്ന് കീനും
ഒന്നാം വിളിക്കോള് പുല്ല് പറിക്കുന്ന്
രാം വിളിക്കോള് ചെവിടോർത്ത് നിക്ക്ന്ന്
മൂന്നാം വിളിക്കോള് പാച്ചലേ പായ്ന്ന്
നാലാം വിളിക്കോള് ആലേരെ വാതുക്കെ
കുറ്റീം കയറുമെടുത്തല്ലോ ചീയോതി
പയ്യീന പിടിച്ചങ്ങു കെട്ടുന്നല്ലോ
ആദ്യം കറന്ന പാലാരിക്ക് ചീയോതീ?
ആദ്യം കറന്ന പാൽ പൂമീദേവ്യമ്മയ്ക്ക്
പിന്നെ കറന്ന പാലാരിക്ക് ചീയോതീ?
പിന്നെ കറന്ന പാൽ ശ്രീകൃഷ്ണൻ കണ്ണന്
പിന്നെ കറന്ന പാലാരിക്ക് ചീയോതീ?
പിന്നെ കറന്ന പാൽ കുഞ്ഞമ്പു തമ്പാന്
കാച്ചിക്കുറുക്ക്യമ്മ ഏന്തി തണിച്ചല്ലോ
വയറ് നിറയ്യോളം പാല് കൊടുത്ത്വല്ലോ
ഇച്ചാലിലോമന പാട്ടും വിരിച്ചിട്ട്
ഇച്ചാലിൽ പാടി വളരണേ കുഞ്ഞമ്പൂ.

**ശ്രീധരൻ കൂട്ടമത്ത്, പയ്യന്നൂർ**

414. പൊന്നില്ലം കെട്ടിയമ്മ കെട്ടിച്ചമച്ചാളല്ലേ
പൊലിയോണേ ശ്രീകൃഷ്ണൻപെറന്നാളേ നമഃ
അപ്പോഴെയിലയടവെച്ചു തൊഴുതും കൊു
അമ്പാടിതന്നിലും വാഴുന്നൂ നമഃ
വളയിട്ട കയ്യഴകൻ തളയിട്ടകാലഴകൻ
ഓമന ശ്രീകൃഷ്ണൻ പിറന്നാളേ നമഃ
എഴുതൊഴുത്തുല്ലോയിട കൊട്ടിലേ താനു്
ഏഴായിരം കോടി പശുക്കളൂ നമഃ
കറവുള്ള പയ്യിനെ മങ്ക കുറ്റീകെട്ടാനല്ലേ
കറവില്ലാപ്പയ്യിനെ മങ്കയഴിച്ചുവിട്ടാൻ നമഃ
കിയിൽ നീരെടുത്ത് പയ്യിന്റെകിടുകഴുകി
ശേഷിച്ച നീർകൊ് മുതുകുഴിഞ്ഞേ നമഃ
ആരിയമുഖം നോക്കിയിരുന്നുകൊാളമ്മ
സൂരിയ മുഖം നോക്കി കറന്നുകൊാൾ നമഃ
പയ്യും കറന്നു മങ്കയില്ലത്തുവെച്ചാളല്ലേ
പാൽകാച്ചാൻ തീ തേടി പോകുന്നൂ നമഃ

**നങ്ങേലി അന്തർജ്ജനം, മല്ലിശ്ശേരി തളിപ്പറമ്പ്**

415. കാരിച്ചി പയ്യേ കടക്കം പുള്ളേ്യ
നീയെന്തിനാരാന്റെ നെല്ലുതിന്നു
ഞാനെങ്ങാനാരാന്റെ നെല്ല് തിന്നേനെങ്കിൽ
നാട്ടപൊരിച്ചെന്നെ തച്ചിട്ടില്ലെ
നാട്ടപൊരിച്ചെങ്ങാൻ തച്ചിട്ടുങ്കില്
കെട്ടിനൊരുകെട്ട് പുല്ല് തന്നിട്ടില്ലേ
കെട്ടിനൊരുകെട്ട് പുല്ല് തിന്നീനെങ്കില്
കുറ്റിക്കൊരു കുറ്റിപാല് തന്നിട്ടില്ലെ
കുറ്റിക്കൊരുകുറ്റിപാല് തന്നീനെങ്കില്
കാണം കൊടുത്തുഞാൻ കൊിട്ടല്ലെ
കാണം കൊടുത്തി നീയെന്നെ കൊീനെങ്കില്
ആലനെറച്ചു ഞാൻ പെറ്റിട്ടില്ലെ.

**ഇന്ദിര, അരീക്കാട്**

416. കാരിച്ചി പയ്യെ കറുത്ത പയ്യെ
നീയെന്തിനാരാന്റെ നെല്ല് തിന്ന്ണ്
ഞാനേതെങ്കിലാരാന്റെ നെല്ല് തിന്നാല്
കുറ്റിയ്ക്കൊരുകുറ്റി പാല് തരുന്നില്ലേ
കുറ്റിയ്ക്കൊരുകുറ്റി പാല് തന്നെങ്കില്
കൊട്ടയ്ക്കൊരു കൊട്ടപ്പുല്ല് തരുന്നില്ലേ

കൊട്ടയ്ക്കൊരു കൊട്ടപ്പുല്ല് തന്നെങ്കില്
കയറിൻ വഴിയേ വരുന്നില്ലേ ഞാൻ
കയറിൻ വഴിയേ നീ വര്ണെങ്കില്
മരിയ്ക്കൊരു മരിവെള്ളം തെര്ണില്ലേ ഞാൻ
കാരിച്ചി പയ്യേ കര്ത്ത പയ്യേ
നീയെന്തിനാരാന്റെ നെല്ല് തിന്ന്ണ്

**കൊച്ചുനാരായണപ്പിള്ള**

417. പശൂ പശൂ പുല്ലിന്ന
പുലീ പുലീ കന്നിന്നാ
ഈ പശു ഒന്ന് പെറ്റ്
ഒന്നര പാലും കറന്നെടുത്തേ
......................................
ഈ പശു പത്തു പെറ്റേ
പത്തര പാലും കറന്നെടുത്തേ

**ചന്ദ്രികത്തമ്പുരാട്ടി, പന്തളം**

418. രേരടി യെന്റപ്പാ രേരടി എന്റപ്പാ
രാരിരംരാരോ യെന്റപ്പാ
കുന്നുമ്മേലെ പൂരവെച്ചെന്റപ്പാ (രേരടി)
വര്ണോരേംകാണാം പോണോരേംകാണാം (രേരടി)
കൊട്ടേംനെയ്യാം മത്തേംതിന്നാം
വലിയമനുസ്യരെ പറഞ്ഞ്‌വിടപ്പ (രേരടി)
ചെറിയ മനുസ്യരെ പിടിച്ചിരുത്തപ്പാ (രേരടി)

**മനേഷ്, കൊല്ലം**

419. രേരേരേ എന്റപ്പോ രാരീരം രാരോ എന്റപ്പോ (3)
കുന്നുമ്മേലേ പെരവയെന്റപ്പോ (രേരേ)
കൊട്ടേം നെയ്യാം വെറ്റേംതിന്നാം (രേരേ)
വലിയ മന്ശ്യരെ പറഞ്ഞ്‌വിടപ്പോ (രേരേ)
ചെറിയ മന്ശ്യരെ പിടിച്ചിരുത്തപ്പോ (രേരേ)
ഒന്നാം മലയക്ക് ചെന്ന് ഒന്നാം  മയിലയിലോ (രേരേ)
ഒന്നാം മയിലയിലോ ഒരു മുടിപ്പീലികെട് (രേരേ)
എടത്ത്കെട്ടി വലത്ത് തൂക്കണ
നന്തുണി വാളികള് ഏ (രേരേ)
തിരുവരങ്കത്ത് പകവതിയ്ക്ക്
തിരുമുടി ചൂടുവാനോ.. ഓ.....(രേരേ)
ഒന്നാം തോക്കും തണ്ണിച്ചി തോക്കും
കടലിൽ ചോഞ്ചിക്കണേ (രേരേ)
കടലിൽ ചെരിഞ്ച മരം
കടലിൽ ചോഞ്ചിക്കണേ (രേരേ)

**സുഭാഷ്, വയനാട്**

420. ഏലേലം കുന്നുമ്മേ....പയ്യേ പയ്യേ
ഏലിലേ ലേലോ എന്റപ്പ ........ഏലിലേലേലോ എന്റപ്പാ.....
കുന്നുമ്മേക്കേറ്യാ........ഈറ്റേം വെട്ടാം
ഏലിലേ ലേലോ എന്റപ്പ ........ഏലിലേലേലോ എന്റപ്പാ.....
കൊട്ടേം നെയ്യാം വട്ടീം നെയ്യാം..
ഏലിലേ ലേലോ എന്റപ്പ ........ഏലിലേലേലോ എന്റപ്പാ.....
വല്യമനിച്ചരെ പറഞ്ഞുവിടപ്പാ
ഏലിലേ ലേലോ എന്റപ്പ ........ഏലിലേലേലോ എന്റപ്പാ.....
ചെറിയമനിച്ചരെ പിടിച്ചിരുത്തപ്പാ
ഏലിലേ ലേലോ എന്റപ്പ ........ഏലിലേലേലോ എന്റപ്പാ.....

**സുഭാഷ്, വയനാട്**

421. ചാമ്പക്കയലീച്ചെന്നേ തെയ്യന്താരാതൈ
വെയിലെത്തും മഞ്ഞത്തിട്ടേ തെയ്യന്താരാതൈ
എയയെല്ലാരാരെടുത്തേ തെയ്യന്താരാതൈ
ഏയായിക്കീറുന്നൂ തെയ്യന്താരാതൈ
നൊട്ടനും തുച്ചനിട്ടേ തെയ്യന്താരാതൈ
കരിമീനും തൊച്ചുപോലെ തെയ്യന്താരാതൈ
വട്ടിയ്ക്കു തെട്ടുമിച്ചേ തെയ്യന്താരാതൈ
വട്ടിയും കൂട്ടിനെയ്തേ തെയ്യന്താരാതൈ
വട്ടിയും പോന്നെടുത്തേ തെയ്യന്താരാതൈ

**വേണു, ആലപ്പുഴ**

422. അന്നാം ചിന്നാം മഴ പെയ്തു
പൊന്നഴകിയ പൂഞ്ചിറയിൽ
അന്നിൽ വെള്ളം വന്നു
തോടും, ചിറയും മുങ്ങി തക തക
വേനൽ ഒന്നു പിറക്കട്ടെ
വെള്ളമൊന്നു വലിയട്ടെ
പാടത്തെ ചെളിയെല്ലാം പൊടിയാകട്ടെ
കൊക്കെല്ലാം പറന്നുപോയി
പുഞ്ചപ്പാടം തന്നിലിരുന്നു
കൊത്തിയും പെറുക്കിയും
തിന്നുന്ന കൊക്ക്
വെള്ള കൊക്ക പറയുന്നു
തവിടു കൊക്കങ്ങാതിനോടു
കരമന കുയിലു നാട്ടിനവതുേ
തക തികി തെയ്
അതു നേരം വരുന്നു്
കോട്ടയ്ക്കൽ കുഞ്ഞു മരയ്ക്കാർ
ഇരു വിരൽ മരുന്നുമായ്
കൈതോക്കും കൊ്
നേർവഴി വെച്ച വെടി
പള്ളയ്ക്കു ചെന്നുകൊ്
പറന്നെടുത്തവൻ സഞ്ചിയിലാക്കി തകതികതെയ്

**തങ്കമ്മ, ഉതിമൂട്**

423. ഒന്നാം കൊല്ലി വയ്യേ വാവാ ചിങ്കിരി നായാടുവാൻ
രാം കൊല്ലി വയ്യേ വാവാ ചിങ്കിരി നായാടുവാൻ
മൂന്നാം കൊല്ലി വയ്യേ വാവാ ചിങ്കിരി നായാടുവാൻ
നാലാം കൊല്ലി വയ്യേ വാവാ ചിങ്കിരി നായാടുവാൻ
അഞ്ചാം കൊല്ലി വയ്യേ വാവാ ചിങ്കിരി നായാടുവാൻ
ആറാം കൊല്ലി മേലേചെന്നു പട്ടം കെട്ടിനത്

**സുഭാഷ്, വയനാട്**

424. പാറക്ക്ട്ടടി പാറക്ക്ട്ടടി ഏലേലയ്യാ ഏലേലം
തൊപ്പനാളുകളൊപ്പരം കൂടി
യപ്പാറയ്ക്കിട്ടടി ഏലേലം (ഏലേല..........2)
ഞെട്ടിട്ട് പാറ പൊട്ടട്ട് പാറ
പൊളിയട്ട് പാറ ഏലേലം (ഏലേല..........2)
പാറപൊട്ടീട്ട് പാറക്കണ്ണീല്
തണ്ണികാണട്ട് ഏലേലം (ഏലേല..........2)
തണ്ണി കോരീട്ട് കുഞ്ഞിമക്കള്
കഞ്ഞിവെയ്ക്കട്ട് കുഞ്ഞിമക്കള്
പയ്യകറ്റട്ട് ഏലേലം (ഏലേല..........2)
പയ്യകറ്റീട്ട് കുഞ്ഞി മക്കള്
പാട്ടുപാടട്ട് ഏലേലം (ഏലേല)

**നിത. എൻ. നായർ, വെസ്റ്റ് മാമ്പറ്റ**

425. താരിളം തെയ്യാരാ തെയ്യത്താരോ
താരിളം തെയ്യാരാ തെയ്യത്താരോ
താരിളം തെയ്യാരാ തെയ്യത്തക
താരിളം തെയ്യാരോ
താതക്കിട തെയ്യാരോ തക
തക്കിട തരികിട തന്നാരോ
പിടിയെടാ മോനേ എയ്ലസാ
ഒത്തുപിടിച്ചാൽ എയ്ലസാ
മലയും മറിയും എയ്ലസാ
മടിച്ചു നിന്നാൽ എയ്ലസാ
മുടിഞ്ഞുപോകും എയ്ലസാ

**അഖിൽ വേണുഗോപാൽ, കയ്യേരിക്കൽ**

426. ഏലോസാ ഏലേലം
ഏലേലയ്യാ ഏലേലം
ഒത്തുപിടിച്ചോ ഐലേസാ

തള്ളിവിടയ്യ ഐലേസാ
ഉന്തിവിടയ്യ ഐലേസാ

**ആദിഷ്, മാമ്പറ്റ**

427. തെയ് തെയ് തക തെയ് തെയ് തോം
പൊണ്ണത്തടിയൻ വന്നു കേറി
തെയ് തെയ് തക തെയ് തെയ് തോം
തോണി മുങ്ങി-ത്തുഴയും പോയി
തെയ് തെയ് തക തെയ് തെയ് തോം
കല്ലിടിച്ചു പല്ലും പോയി
തെയ് തെയ് തക തെയ് തെയ് തോം

**മനേഷ്, കൊല്ലം**

428. തോണിയെറക്കെന്റെ ചങ്ങാതീ
അക്കരെ ചെന്നിട്ട് കാര്യമ്
വെള്ളച്ചീം കുട്ട്യോളും കാക്ക്ന്ന്
ചോറ് കറീംവെച്ച് കാക്ക്ന്ന്
ഇത്തിരി ധിറുതി ചങ്ങാതി
തോണിയെറക്കെന്റെ ചങ്ങാതീ

**വിഷ്ണു, അരിക്കുളം**

429. വഞ്ചിറാണി വാണിടുമ്പോൾ തൈ തൈ തക തൈ തൈ തോം
വഞ്ചിറാണി വാണിടുമ്പോൾ തിത്തിത്താരാ തൈ തോം
വഞ്ചിറാണി വാണിടുമ്പോൾ വഞ്ചിക്കെന്നും തിരുവോണം
വഞ്ചിപ്പാട്ടും കളികളും നാട്ടിലെല്ലാടോം ഓ തിത്തിതാര
പുഞ്ചപ്പാടം തോറും നിന്നു തൈതൈ
പുഞ്ചപ്പാടം തോറും നിന്നു തൈ തൈ
പുഞ്ചപ്പാടം തോറും നിന്നുതിത്തത്താരി

പുഞ്ചപ്പാടം തോറും നിന്നുപുഞ്ചകൊയ്യും പുലയരും
പുഞ്ചിരിച്ചീടുന്നു പിന്നെ പറയണമേ ഓ തിത്തിത്താര

**രവീന്ദ്രൻ മാസ്റ്റർ, ചേർത്തല**

430. തെയ് തെയ് തക തെയ് തെയ്തോം
ഇല്ലിക്കമ്പുകൊു തോണി
തെയ് തെയ് തക തെയ് തെയ്തോം
പൊണ്ണത്തടിയൻ വള്ളം കേറി
തെയ് തെയ് തക തെയ് തെയ്തോം
തോണീം മുങ്ങി തുഴയും പോയി
തെയ് തെയ് തക തെയ് തെയ്തോം
കല്ലിടിച്ചു പല്ലുംപോയി
തെയ് തെയ് തക തെയ് തെയ്തോം

**കേലൂ, കച്ചേരി**

431. തിത്തോം തിത്തോം തൈ തിത്തോം
താതൈ തൈ തൈ തിത്തോം
ചക്രമൊന്ന് ചവിട്ടെന്റ്ളിയാ (താതൈ)
കോളും പുഞ്ചനനച്ചെന്റ്ളിയാ
വാഴയ്ക്ക് കൂട്ടല്ലെന്റ്ളിയാ
മയ പെയ്തീട്ടു പുഴ നെറഞ്ഞേ
പുഴ കടക്കാനാവതില്ലേ താതൈ
അടയ്ക്കാത്തോാരു തോണിയാക്കി
യാമ വൈയ്ക്കോല് തുഴക്കോലാക്കി
ഒന്നു തൊഴഞ്ഞേ തോണിയെങ്ങീ
രു തൊഴഞ്ഞേ നട്ക്ക് ചെന്നൂ
മൂന്നു തൊഴഞ്ഞേ മൂലേച്ചെന്നൂ
നാലു തൊഴഞ്ഞേ അക്കരെച്ചെന്നു (തിത്തോം....)
ചക്രമൊന്ന് ചവിട്ടെന്റ്ളിയാ (താതൈ...)

**മറിയാമ്മ ചേട്ത്തി, കോട്ടയം**

432. ആ പൂ മുല്ലപ്പൂ വാസനയുള്ള മുല്ലപ്പൂ
തെങ്ങിൻ തറയിലെ മുല്ലപ്പൂ
പന്തലിൽ പൂവിട്ട മുല്ലപ്പൂ
ഏട്ത്തി മുിലറുത്തിട്ട്
മാല കെട്ട്ണ മുല്ലപ്പൂ
തലയിൽ ചൂട്ണ മുല്ലപ്പൂ
വാസനയുള്ള മുല്ലപ്പൂ
ആ പൂ തൃത്താപ്പൂ
നട്ടു നനച്ച തൃത്താപ്പൂ
മുറ്റത്തുള്ള തറയില്
കതിരായ് നിൽക്ക്ണ  തൃത്താപ്പൂ
നങ്ങേലിക്കുട്ടിയറുത്തിട്ട്
മാല കെട്ട്ണ തൃത്താപ്പൂ
അമ്പലത്തിലെ തമ്പാട്ടി
എന്നും ചൂട്ണ തൃത്താപ്പൂ

**ഉമാദേവി അന്തർജ്ജനം, താമരശ്ശേരി**

433. ഇന്നലെ ഞാനൊരു മുല്ല നട്ടു
മുല്ലയ്ക്കു മുക്കുടം വെള്ളമൊഴിച്ചു
നാളേയ്ക്കു മുന്നാഴി പൂവിറുക്കാം
എന്തിലറുക്കേു മുല്ലപ്പൂവ് ?
മുിലറുക്കേു മുല്ലപ്പൂവ്
മുിലറുത്താൽ മുഷിയും പൂവ്
എന്തിലറുക്കേു മുല്ലപ്പൂവ്
കൈലിയിലറുക്കേു മുല്ലപ്പൂവ്
കയ്യിലറുത്താൽ കരിയും പൂവ്
എന്തിലറുക്കേു മുല്ലപ്പൂവ് ?
പൊൻതളികേലറുക്കാം പൂവ്
പൊൻതളിക നിറച്ചറുത്തു
വെള്ളിത്തളികകൊാകെ മൂടി
നീളത്തിലായിരം മാല കെട്ടി
ആർക്കാർക്കു ചാർത്തേു മുല്ലപ്പൂവ് ?

കണ്ണാട്ടു കാവിൽ ഭഗവതിയ്ക്ക്
മുല്ലപ്പൂവ് ചാർത്തി വലത്തുവെച്ച്
ഞാനിതാ ശ്രീപദം കൈതൊഴുന്നേൻ

**ദേവകി, ഉഗ്രപുരം**

434. വളരുന്നങ്ങനെ വളരുന്നങ്ങനെ
നടുമുറ്റത്തൊരു തൃത്താവ്
വിലസുന്നങ്ങനെ വിലസുന്നങ്ങനെ
തിരുമുറ്റത്തു കരിന്തൊളസി
കുട്ടികളാടീപാടീടുമ്പം
തൃത്താവിന്നൊരു ചാഞ്ചാട്ടം
ശാന്തിക്കാരൻ വെള്ളം പാരുമ്പം
ചാഞ്ഞൊലയും കരിന്തൊളസി
വെള്ളം വീണു കനത്തീടുമ്പം
താഴ്ത്തുന്നു തല തൃത്താവ്
തീർത്ഥചാലിലെ നീരേൽക്കുമ്പം
തലചായ്ക്കുന്നുകരിന്തൊളസി
കല്യാണപ്പന്തലിൽ നാണിച്ചുനിൽക്കും
കന്യകയല്ലോ തൃത്താവ്
നോമ്പും നോറ്റും വലം വെച്ചീടും
ആത്തോലല്ലോകരിന്തൊളസി
പെറ്റുകെടക്കും കുഞ്ഞിപ്പെണ്ണിന്
ഈറ്റുമരുന്നായ് തൃത്താവ്
ദ്വാദശിനാളിൽ പൂജയ്ക്കുള്ളൊരു
പൂദളമായി കരിം തൊളസി

**നങ്ങേലി അന്തർജ്ജനം, മല്ലിശ്ശേരി, തളിപ്പറമ്പ്**

435. ചക്കരപ്പാവയു...............അയ്യയ്യാ
പഞ്ചാരപ്പാവയു............
കൽക്കപ്പാവയു..............അയ്യയ്യാ
ശർക്കരപ്പാവയു
ചക്കരപ്പാവചിരിക്കുന്ന പാവ
പഞ്ചാരപ്പാവ പറക്കുന്നപാവ
കൽക്കപ്പാവ കളിക്കുന്നപാവ
ശർക്കരപാവ ശരിക്കുള്ളപാവ
വന്നോളിൻ വന്നോളിൻ പൊന്നുകുഞ്ഞുങ്ങൾ
നിന്നോളിൻ കാളിൻ പൊന്നു കുഞ്ഞുങ്ങൾ
കാശുതന്നിട്ടവ കൊുപൊയ്ക്കൊളിൻ
ആശതീരുംവരെ കുരസിച്ചോളിൻ

തിന്നുരസിച്ചോളിൻ കളിച്ചുരസിച്ചോളിൻ
ആശതീർന്നില്ലെന്നാൽ വീും വന്നോളിൻ

**കൊച്ചുനാരായണപിള്ള**

436. കോയിക്കോട്ട്ഒരു ചായ മക്കാനി
മക്കാനീല്ഒരു മൂപ്പീല്
മൂപ്പൻരെ മക്കാനി ക്കേറിച്ചെല്ല്മ്പം
എന്തെല്ലാം വിശേശം കാണണ്
ചായ ബീത്തണ് പീയിഞ്ഞടിക്ക്ണ്
പാലും പഞ്ചാരോട്ട്യാട്ട്ണ്
വരിക്കച്ചക്കേന്റെ കുരുകളഞ്ഞിട്ട്
തൊലികൂത്ത്യങ്ങട്ടെട്ക്ക്ണ്
അരിയരക്ക്ണ് ഉഴന്നരക്ക്ണ്
ദോശചുട്ടങ്ങു കൂട്ടണ്
ചമ്മന്തിയരച്ചങ്ങ്ട്പ്പത്താക്കീട്ട്
കടുവറത്തങ്ങാഴിക്ക്ണ്
കോയിക്കോട്ട്ഒരു ചായമക്കാനി
മക്കാനീലുഒരു മുപ്പീല്

**കുഞ്ഞാമൂട്ടി, മൈത്ര**

437. തിത്താരോ തെയ്താരോ തക തെയ്താരോ
എല്ലാർക്കും എല്ലാർക്കും  കിളിവളർത്തൊ‌േ
എണ്ണൂരു പതിനാറു കിളിവളർത്തൊ‌േ
മണ്ണുകൊു മയപിടിച്ചേ രുതൂത പണുതേ
അത്തൂതക്കകത്തൊ‌േ കിളിവളർത്തൊ‌േ
പഞ്ചവടി പരമീശരനോടും വരമെരക്കുന്നേ
കുതിന്നാൻ കണ്ണൂരും വരമെരക്കുന്നേ
കൊത്തിതിന്നാൻ  കണ്ണൂരും വരമെരക്കുന്നേ
പറന്നുപറ്റാൻ ചെറകുരും വരമെരക്കുന്നേ
കിച്ചുതിന്നാൻ കാലുരും വരമെരക്കുന്നേ
തായിത്തായി പറപറക്കുന്നേ പൈങ്കിളിതത്ത
വട്ടമിട്ടേ വലം പറന്നേ പയിങ്കിളിത്തത്ത
ചെന്തെങ്ങും ചെറിയോലും പറന്നു പറ്റി
ചെന്തെങ്ങും ചെറിയോലും കത്യക്കരിഞ്ഞിട്ട്
ചെന്നെല്ലും ചെറിയോലേ പറന്നുപറ്റി
ചെന്നെല്ലും ചെറിയോലേ  കത്യക്കരിഞ്ഞിട്ട്
ആറ്റിങ്കൽ ചെറുകൈതേൻ പറന്നുടൻപറ്റി
ആറ്റിങ്കൽ ചെറുകൈതേൻ കത്യക്കരിഞ്ഞിട്ട്
വട്ടമിട്ടേ വലം പറന്നേ പയിങ്കിളിത്തത്ത
വട്ടമിട്ടേ വലം പറന്നേ പയിങ്കിളിത്തത്ത

**മറിയാമ്മച്ചേട്ത്തി, കോട്ടയം**

438. അയിനിക്ക പറിക്കാൻ വാ കൊറത്ത്യേ (3)
ഏനൊട്ടു വയ്യ വയ്യെൻ കൊറവാ
ഏന്റെ മടീലൊരു പുള്ളയുേ കൊറവാ
അയനിക്ക ചെത്താൻ.........
അയനിക്ക പുയുങ്ങാൻ ........
അയനിക്ക വെളമ്പാൻ.............
അയനിക്ക തിന്നാൻ ...........
അവ്ടെക്കെടാ പുള്ളേ

ഇവ്ടെക്കെടാ പുള്ളേ
ഞാമ്പോയി അയനിക്ക തിന്നട്ടെ

**രമേശൻ കാവിൽ, മേലടി**

439. പൂത്തൂരെച്ചന്തുവും പത്താളും വന്നാൽ
ഇങ്ങന്യോ കുമ്പേ അരിവെയ്ക്കല്
ഇങ്ങന്യോ കുമ്പേ കറിവെയ്ക്കല്
പഴയരി വെച്ചത് ചീഞ്ഞ് പോയി
കോയക്ക വെച്ചത് കഴിഞ്ഞുംപോയി
വായക്ക യുപ്പേരിയ്ക്കുപ്പോയില
പുത്തൂരെച്ചന്തുവും പത്താണ്ങ്ങളും
നിന്നെപ്പറ്റ്യെന്താ നിരൂപിക്ക്യാ

**സിവിക് കൊടക്കാട്, കാസർകോഡ്**

440. കായും കാമ്പും കൂമ്പും ചേമ്പും
ചേനേം കൂടി കൂട്ടാൻ വെച്ചാൽ
കായോ കാമ്പോ കൂമ്പോ ചേമ്പോ
ചേന്യോ നല്ലത് ചൊല്ലാനാമോ

**നാരായണൻ മാസ്റ്റർ, കുറ്റിപ്പാല**

441. പ്ലാവ്മ്മേക്കേറീട്ട് താഴോട്ടെറങ്ങ്യപ്പം
താഴെക്കെടക്ക്ന്ന് ചക്കേമ്മ
ചക്കേമ്മ പൊക്ക്യപ്പം മുള്ളൊന്നു കൊന്റെ
ദേഹം മുറിഞ്ഞല്ലോ ചീതമ്മേ
ദേഹം മുറിഞ്ഞപ്പം ചക്കേമ്മ ഞാനങ്ങു
താഴേത്തേക്കിട്ടല്ലോ ചീതമ്മേ
താഴത്തേക്കിട്ടപ്പം കണ്ണീര്മെല്ലെ ഞാൻ
തൂത്തു കളഞ്ഞല്ലോ ചീതമ്മേ
കണ്ണീരു തുത്തപ്പം കയ്യാകെയൊട്ടുന്നു
എന്തൊരു പെല്ലാപ്പ് ചീതമ്മേ
വെട്ടിമുറിച്ചിട്ടു മുഴുമുഴു ചുളയെല്ലാം
കൊത്തിയരിഞ്ഞല്ലോ ചീതമ്മേ
വട്ടുരുളീലാക്കീട്ടു വേവിച്ചു വെച്ചപ്പോ
എന്തു രുചിയെന്റെ ചീതമ്മേ
ഹായ് എന്തു രുചിയെന്റെ ചീതമ്മേ

**മോഹനകൃഷ്ണൻ, മഞ്ചേരി**

442. തെക്ക്ന്ന് വന്ന പൈങ്കിള്ള്യേ
തെക്കോട്ടെന്ത് വർത്താനം
ഇന്നലേം പന്തറ് വെള്ളാടി
ഇന്നും പന്തറ് വെള്ളാട്ടിം ഹുവാ...........ഹൃദാ........

**ആയിഷ (ബീയാത്തുമ്മ) കുറ്റിപ്പാല**

443. കറുത്തപെണ്ണേ കരിങ്കുഴലീ
നെനക്കൊരുത്തൻ കെയക്കുദിച്ചു
കാടുവെട്ടി തിന വിതച്ചു
തിനതിന്നാൻ കിളിയിറങ്ങി
കിളിയാട്ടാൻ പെണ്ണിറങ്ങി
പെൺകയ്യിൽ വള കിലുങ്ങി
വളകിലുങ്ങി കിളി പറന്നു
കിളിയോടി മല കടന്നു

444. നമ്മംനമ്മംനാറാച്ചി
കുഞ്ഞിക്കുമ്പേലെന്തു്?
കുഞ്ഞിനുവെച്ച കിങ്കു്
കിങ്കിന്കൂട്ടനെന്തു്?
കുഞ്ഞിക്കോഴീടെ കൊക്കു്
കൊക്കുമുറിച്ചു പാലമിട്ടു
പാലത്തിന്റരികെ വാഴവെച്ചു
വാഴകൊലച്ചു തെക്കുവീണു
തെക്കുന്നുവന്നൊരു പൈങ്കിളിയെ
തെക്കോട്ടെന്തെല്ലാം വർത്താനം
ഇന്നലേം പന്ത്രള്ളൊട്ടി
ഇന്നും പന്ത്രള്ളൊട്ടി
വലിയ പിലാക്കൂറ് ചെല്ലുമ്പം

ചെറിയ പെണ്ണിന്റെ കാതുകുത്ത്
ചെറിയ പിലാക്കൂറ് ചെല്ലുമ്പം
വലിയപെണ്ണിനു കല്ല്യാണം

**തമ്പാംഗിത്തമ്പുരാട്ടി, പന്തളം**

445. കറുത്തപെണ്ണേ കരിം കുങ്കുഴലീ
നെനക്കൊരുത്തൻ കെയക്കുദിച്ച്
കാടു വെട്ടി തരം വെരുത്തി
തറയുഴുതു പതം വരുത്തി
പതം വരുത്തി തെന വെതച്ചു
തെന തിന്നാൻ കിളിയെറങ്ങി
കിളിയാട്ടാൻ പെണ്ണിറങ്ങി
അവളെറങ്ങീ വള കിലുക്കി
വളകിലുങ്ങി കിളിപറഞ്ഞു
പെണ്ണിന്നുടെ വളകിലുക്കം
കിളിപറന്നൂ മലകടന്നൂ
കറുത്ത പെണ്ണേ കരിങ്കുഴലീ

**ദേവീ, ചേർത്തല**

446. മേ മല മേലേമ്മ കൊയ്യണ
കാലമല്ലിതു കേട്ടോ
വെള്ളം ചവിട്ടു കുറിക്കണകാലത്തോ
വയ്യാതെ കാവലുറച്ചിരിക്കാൻ
തമ്പുരാനില്ല വരമ്പത്തേ
തമ്പുരാനില്ല വരമ്പത്തേ
മുകം ചുട്ടു പഴുക്കുന്ന കാലത്തിലേ
വയ്യാതെ കാവലുറച്ചിരിക്കാൻ
തമ്പുരാനില്ല വരമ്പത്തേ
തമ്പുരാനില്ല വരമ്പത്തേ
എന്റച്ഛൻ രാത്രിയിൽ കാവലിരിക്കുമ്പം
തമ്പുരാൻ മാളിക മേടേലാണേ (2)
തെയ്തിനത്തോം താരോം തിത്തോം
തെയ്തിനത്തോം താരോം തിത്തോം

**പെണ്ണമ്മ, പെരുവ**

447. എട എട ലാടാ തലേക്കുത്തും പനിക്കും
മരുന്നുമോ ലാട
എടി എടി ലാടീ തലകുത്തും പനിയ്ക്കും
മരുന്നു ലാടീ
മരമഞ്ഞൾ തൊലിയെടി
മായിക്കു ചുക്കെടി
അരിയാറെടടീ
ജീരകം മൂന്നെടി
മരമഞ്ഞൾ തൊലിയെടി
വെയ്ലത്തു വയ്ക്കെടി
ഉണക്കിപ്പൊടിയെടി
തിരിയാക്കി തെറിക്കടി
മൂക്കിൽ വലിയെടി

**അയ്യപ്പൻവൈദ്യർ, കാരശ്ശേരി**

448. ചുക്കു മുളകെട്ടി തിപ്പലിം കൂട്ടെടീ
അമ്മീലരയെടീ ശീലേൽ പരത്തെടീ
വെയിലത്തു വെയ്ക്കാതെ നെഴലേലൊണക്കെട്ടി
തിരിയായ് തെറുക്കെട്ടി എണ്ണേൽ നനയ്ക്കെടീ
വേഗം കൊളുത്തെടീ ഊതിക്കെടുത്തെടി
കുമ്പിളിക്കൂടെടി മൂക്കേൽ വലിക്കെട്ടീ
തലക്കുത്തു പോമെടി പോടി പോടി

**അയ്യപ്പൻവൈദ്യർ, കാരശ്ശേരി**

449. ആട്ടീപാട്ടീ പാമ്പാട്ടീ
പാമ്പിൻ കൂടിലിതെന്താണ്?
തൊട്ടാൽ ചൊറിയണ ചേമ്പൊ്
വെട്ടയാമുറിയുന്ന കൊമ്പു്

ആട്ടീ പാട്ടീ പാമ്പാട്ടീ
പാമ്പിൻ കൂടേൽ പാമ്പില്ലേ
പാമ്പാണേൽ കൊത്തൂല്ലേ
കൊത്ത്യാലപ്പോ ചാവൂല്ലേ?

**കൊച്ചുനാരായണപ്പിള്ള**

450. കണ്ണനെന്നൊരു പൈതലുപോൽ
അമ്പാടിയിങ്കൽ വളരുന്നു
പല്ലും വന്നീല ചെല്ലും വന്നീല
നമ്മുടെയുണ്ണികൃഷ്ണന്
കറുത്ത മേനിമേൽ ചേർന്ന കിങ്ങിണി
കുഴലുമുണ്ണിത്തുകയ്യിൽ
ചെറിയൊരുണ്ണി പോയുറിതുരന്നപ്പോൾ
അരമണിയൊന്നു കിലുങ്ങിപ്പോയ്
കിലുക്കം കേട്ടമ്മയരികെച്ചെന്നപ്പോൾ
അരമണിപൊത്തിപ്പാഞ്ഞുപോൽ
കുന്നെടുത്തതും കുടപിടിച്ചതും
കന്നുകാലിയെ മേച്ചതും
വെണ്ണ കട്ടതും കലമുടച്ചതും
കള്ളനെന്നു വരുത്തുവാൻ
തൃച്ചംബരത്തു നൃത്തമാടുന്ന
കൃഷ്ണനെയിതാ കൂപ്പുന്നേൻ
കൃഷ്ണനെയിതാ കൂപ്പുന്നേൻ

**നങ്ങേലി അന്തർജ്ജനം, മല്ലിശ്ശേരി, തളിപ്പറമ്പ്**

451. അമ്പാടി തന്നിലൊരുണ്ണിക്കിടാവായി
അൻപോടെ കണ്ണൻ വളരുംകാലം
അന്നൊരു നാളുണ്ണിക്കണ്ണൻ പതുക്കവേ
അമ്മയുറിയിൽചെന്നു ചൊല്ലീ
താലോലമേ പൈതൽ താലോലമേ പൈതൽ
താലോലമേ പൈതൽ താലോലമേ പൈതൽ
അമ്മേ എനിക്കിപ്പോൾ അമ്മിഞ്ഞ നൽകേണം
അല്ലെങ്കിൽ ഉണ്ണാനയക്കയില്ല
അന്തിയായുണ്ണിക്കമ്മിഞ്ഞ നൽകിടാം
എൻ മകനെ പോയ് കളിച്ചുകൊൾക
താലോലമേ പൈതൽ താലോലമേ പൈതൽ
താലോലമേ പൈതൽ താലോലമേ പൈതൽ
അന്തിയായാലമ്മേ  എന്തോരടയാളം
അന്തിയായലുണ്ണീ കൂരിരുട്ട്
അന്നേരം കണ്ണുകൾ ചിമ്മീ മുകുന്ദനും
അമ്മേ ഇരുട്ടായി കുകൂടാ
'കള്ളാ' എന്നിങ്ങനെ ചൊല്ലീ യശോദയും
കണ്ണനുണ്ണിക്കു മുലകൊടുത്തു
താലോലമേ പൈതൽ താലോലമേ പൈതൽ
താലോലമേ പൈതൽ താലോലമേ പൈതൽ

**നങ്ങേലി അന്തർജ്ജനം, മല്ലിശ്ശേരി, തളിപ്പറമ്പ്**

452. ആനത്തലയോളം വെണ്ണതരാമെടാ
ആനന്ദശ്രീകൃഷ്ണാ വാ മുറുക്കേ
പീലിത്തലക്കെട്ടിൽ പൂമാല ചൂടാം ഞാൻ
കോടക്കാർ വർണ്ണനേ ഓടിവായോ
പൈയ്ക്കളെ മേയ്ക്കുവാൻ പാടത്തയക്കം ഞാൻ
പൈക്കണ്ണാ പൊന്നുണ്ണീ വാമുറുക്കേ....

**കമല, ബേപ്പൂർ**

453. ആനത്തലയോളം വെണ്ണ തരാം കണ്ണാ
ആനന്ദ ശ്രീ കൃഷ്ണാ ഓടി വായോ
ആറ്റിൽ കുളിയ്ക്കാനായ് കൊ‌ു പോവാം കുഞ്ഞേ
പോറ്റിമുരാന്തകാ ഓടി വായോ
അച്ഛന്റെ തേവാരക്കച്ച തരാം കുഞ്ഞേ
അച്ചുത പൈതലേ ഓടി വായോ
പീലിത്തലക്കെട്ടിൽ പൂമാല ചൂടിക്കാം

നീലക്കാർ വർണ്ണനേ ഓടിവായോ
കിങ്ങിണി മോതിരം തങ്കത്താൽ ചാർത്തിടാം
പങ്കജ ലോചനാം ഓടിവായോ (ആന.... )

**പാർവ്വതി, ഓമശ്ശേരി**

454. തൃച്ചംബരത്തു ശ്രീകൃഷ്ണൻ വളരുന്നു
നമ്മടെ വടക്കിനീൽ പൊന്നുണ്ണി വളരുന്നു
തൃച്ചംബരത്തുപോൽ വല്ല്യവട്ടളം പായസം
നമ്മടെ വടക്കിനീൽ കുഞ്ഞുരുളി പായസം
തൃച്ചംബരത്തുപോൽ പൊന്നിന്റെ തൊട്ടില്
നമ്മടെ വടക്കിനീല് മരത്തൊട്ടില് തൂക്കാലോ
തൃച്ചംബരത്തുപോൽ പൊന്നിൻ ചിറ്റാട
നമ്മടെ വടക്കിനീൽ ചിറ്റാട തൂക്കാലോ
തൃച്ചംബരത്തുപോൽ പൊന്നിന്റരഞ്ഞാണം
നമ്മടെ വടക്കിനീല് പൊന്നരഞ്ഞാണം തൂക്കാലോ

**നങ്ങേലി അന്തർജ്ജനം, മല്ലിശ്ശേരി, തളിപ്പറമ്പ്**

455. തൃച്ചംമ്പരത്തുോലും
ഉണ്ണികൃഷ്ണൻ വളർന്ന്
എന്റെ പടിഞ്ഞാറ്റീൽ
കുഞ്ഞമ്പുതമ്പാനും
തൃച്ചംമ്പരത്തുോലും
പൊൻതൊട്ടില് കെട്ടീറ്റ്
എന്റെ പടിഞ്ഞാറ്റീല്
മരത്തൊട്ടില് തൂക്കിന്

**കൊച്ചുനാരായണപ്പിള്ള**

456. മലരിമ്പതൊട്ടിലിൽ മലക്കുകൾ
ആട്ടിടും താരാട്ടി കൺമണിയെ
മാതാവ് ആമിനാബി മാറോടണച്ച
മലർ മാണിക്യ പ്പൂങ്കനിയെ
തങ്കതിരുമാണിക്യ പൂങ്കനിയെ
ലോല ഹലമ മുലപ്പാലൂട്ടി
പോഷിത്ത ലാവണ്യപൂപൈതലേ
ലോകാഭിലോകത്തിന്റെ ലോചനമായ മുത്ത്
ലോകം ഇലൈത്തവരെ
സത്യമതം ലോകം തുലൈത്തവരെ

**ജമീല, എടവണ്ണപ്പാറ**

457. അഹതമരത്തിൽവളന്തോരെ
ഹക്ക് കുഞ്ഞിനെ കാപ്പിനെമന്നാനെ
ബാലൻമാർ ആട്ടിയുറക്കുന്ന കുട്ടി
ആലോലം കുഞ്ഞിന് താലോലം
മേലായതൊട്ടിലിൽ ആടുന്ന കുട്ടി
താലോലം കുട്ടിയെ താലോലം
ആരംബപൈങ്കിളി ആറ്റോലം കുട്ടി
ആലോലം കുഞ്ഞിന് താലോലം
ആരംബപൈങ്കിളി ആറ്റോലം കുട്ടി
തണലില്ല തറയിൽ തണലാരോകുട്ടി
താലോലം കുഞ്ഞിന് താലോലം

**ജമീല, എടവണ്ണപ്പാറ**

458. കുഞ്ഞിന്റെ കണ്ണിലൊരു
മഞ്ചാടി മയിലുറക്കം വര്ണ്
കുഞ്ഞേ നീയുറങ്ങുറങ്ങൂ
ഉറങ്ങുറങ്ങൂ........

**ലീലാമ്മ, അയിർക്കുന്നം**

459. കൊമ്പയിലെ കൂട്ടരൂം
കൊത്തമല്ലിവ്യാപാരം
കൊത്തമല്ലി വിത്തൊടനെ
മാമാർ തൽശെയ്ന്ത്
പോട്ടുവരും മാമർ കൊലുസ് വാങ്ങി
പോട്ടു വരും മാമർ

**പരമേശ്വരൻ നമ്പൂതിരി, കൊടക്കാട്**

460. രാരീരം രാരീരം രാരീരം രീര്
ഇല്ലത്തെ രാജാവ് രാജാവ് തന്നെ
ഇല്ലത്തെ രാജാവിനെന്ത് പെരുമ
ഇല്ലത്തെ രാജാവിനാന പെരുമ
ആന മദിച്ചു മലയ്ക്കല്ലേ പോണ്
ആനയെ പാപ്പാൻ തിരഞ്ഞല്ലെ പോണ്
രാരീരം രാരീരം രാരീരം രീര്
രാരീരം രാരീരം രാരീരം രീര്
ഇല്ലത്തെ രാജാവ് രാജാവ്തന്നെ
ഇല്ലത്തെ രാജാവ് ചൂടണ പൂവ്
അനലി പുനലി ചെമ്പകത്തണലി
തെച്ചി പിച്ചകം ചെമ്പകപ്പൂവ്
ഇല്ലത്തെ രാജാവ് ചൂട്ണ പൂവ്
രാരീരം രാരീരം രാരീരം രീര്

**സിവിക്, കൊടക്കാട്**

461. രാരീരം രാരീരംരാരാരോ കുഞ്ഞേ
രാരീരം രാരീരംരാരാരോ കുഞ്ഞേ
കൺമണി എൻ മകനൊന്നുറങ്ങ് തങ്ക
പൊൻമണി പൈതലേ നീയൊറങ്ങ്
നേരം പെരുത്ത് കഴിഞ്ഞല്ലോ കുഞ്ഞേ
പാതിരാക്കാലം ഉദിക്കാറായ്
താലോലം പാടുന്നോരുമ്മേന്റെ പാട്ടി
ന്റോരീണത്തിൽ കൺമണിനീയൊറങ്ങ്
ഭാവിയിൽ നീയൊരു ജവഹറിലാലായ്
ത്തീരുവാൻ പടച്ചവൻ തുണച്ചീടട്ടെ
രാരീരം രാരീരംരാരാരോ കുഞ്ഞേ
രാരീരം രാരീരംരാരാരോ കുഞ്ഞേ

**പാത്തുമ്മ, പന്നിക്കോട്**

462. എന്മകനൊറങ്ങൊറങ്ങൂ
കൺമണിയൊറങ്ങൊറങ്ങൂ
നേരമൊട്ടുപാതിരായി
ഭൂതസഞ്ചാരവുമായി
പക്ഷികളൊറക്കമായി
പൊന്മകനൊറങ്ങൊറങ്ങ്

**കൊച്ചുനാരായണപ്പിള്ള, വെഞ്ഞാറമൂട്**

463. രാരീരം രാരീരംരാരാരോ കുഞ്ഞേ
രാരീരം രാരീരംരാരാരോ കുഞ്ഞേ
മനം നൊന്ത് ഞാമ്പെറ്റ മാണിക്യമേ എന്റെ
മണിമുറ്റത്തെ അയകൊത്ത മങ്ഗല്യമേ
വിരിയാത്ത മഴവില്ലേ ആനന്ദതിരുമുല്ലേ
അഴകിന്റെ അഴകായ് നീയൊറങ്ങ്
മണിമുറ്റത്ത് മധുവാർന്ന പൂമോളെയെന്റെ
മനമിന്ന് കുളിരേകും കനിമോളെ
കനിയല്ലേ കനവല്ലേ ഉമ്മാന്റെ തങ്ക
കനവിന്റെ കുളിരല്ലേ രാരാരോ
പാലില്ല പഴമില്ല തരുവാനായ് കയ്യിൽ
പണമില്ല ഗതിയില്ല വാങ്ങാനായ്
കുടിലിന്റെ കുളിരാകും പൂമോളേ കുഞ്ഞേ
കരയാതുറങ്ങിക്കോ രാരാരോ
വരുമല്ലോ ലോകത്തിലൊരുകാലം നല്ല
ചെറുകൂടിലിൽ ചിരിതൂകും പുലർകാലം
ആശകളക്കാലം തീർന്നീടും മോളേ
ആരംബ കനിയായ് നീ വളർന്നീടും

**ജമീല, എടവണ്ണപ്പാറ**

464. റിറ്റ രാരിരോ റ്റിരാരാ........(4)
ഏഴിച്ചെറുപ്പത്തിലെ പൊൻകൊച്ചേ
മിന്നും ചരടും കെട്ടി തരാ

കുഞ്ഞേ ഉറങ്ങു എന്റെ കുഞ്ഞേ ഉറങ്ങ്
തേൻപാട്ടു പാടുമ്പം കുഞ്ഞുതേൻപോലങ്ങുറങ്ങ്
മാമ്പാട്ടു പാടുമ്പം കുഞ്ഞു മാമ്പാലങ്ങുറങ്ങ്
തേനും മാനും പാടുമ്പം കുഞ്ഞു തേനും മാനുമുറങ്ങ്

**മറിയാമ്മച്ചേട്ത്തി, കോട്ടയം**

465. ബാവാവോ കുഞ്ഞനെ ബാവാവോ
ബാവാവോ കുഞ്ഞനെ ബാവാവോ
താലോലം കുഞ്ഞനെ താലോലം
താലോലം കേട്ടുറങ്ങേണം
മേലായ തൊട്ടിലെ ആടുന്ന കുട്ടി
ആരംഭപ്പൂവായ ഓമനക്കുട്ടി
മേലായരസിങ്ങൾ ചെന്നോരെ
എക്കൽക്കുത്തനെക്കാപ്പിരി മന്നാനെ
നെല്ല് തിന്നുന്ന ആട്ടിക്കൊ് പാടുന്ന പാട്ട്

**ആയിഷ (ബീയാത്തുമ്മ, കുറ്റിപ്പാല)**

466. എൻ മഹന്ക്ക് നീയടിച്ചേവനേ ശൊല്ലിത്തരൂ
എൻ മഹന്ക്ക് നീടോർത്തവനെ ശൊല്ലിത്തരൂ
എൻ മഹന്ക്ക്  നീ തൊട്ടേതല്ലാം പൂമാണത്തു
നിൻകയ്യാവക്കു നീ തൊട്ടേതല്ലാം പൂമാണത്തു

**സുഭാഷ്, വയനാട്**

467. ഓമനക്കുഞ്ഞിത്തായി എന്റെ
ഓമനക്കുഞ്ഞിത്തായി
ഓമ്മിപത്തുമാതോം എടുത്ത
നാങ്ങലെ പെറ്റുപോറ്റിയതായി.

**മറിയാമ്മച്ചേട്ത്തി, കോട്ടയം**

468. കുട്ടീന്റ്യമ്മ് പാലിന് പോയ്ക്ക്ന്ന്
പാലുകൊിങ്ങ് പോരുംന്നേരം
കൊമ്പില്ലാപ്പയ്യൊന്ന് കുത്ത്യോന്നാവം
കുട്ടീന്റ്യമ്മ .................. പോരുന്നേരം
പല്ലില്ലാ പട്ടി കടിച്ചോന്നാവം
കുട്ടീന്റ്യമ്മ .................. പോരുന്നേരം
കൊക്കില്ലാ കോയ്യ്യോന്ന് കൊത്ത്യോന്നാവം
കുട്ടീന്റ്യമ്മ .................. പോരുന്നേരം
നകമില്ലാ പൂച്ച്യ്യോന്ന് മാന്ത്യോന്നാവം
.............................................

**കമല, ബേപ്പൂർ**

469. കണ്ണും പൂട്ടിയൊറങ്ങ് നീയെൻ
കണ്ണേ പൊന്നര പൂമോളേ
അമ്മയുമച്ഛനും കൂടെയിരിയ്ക്കാം
വാവേ നീയൊറങ്ങ്... എന്റെ ചക്കരേ നീയൊറങ്ങ്
എൻ പൊന്നര കമ്മണി വാവോ വാവോ
പൊന്നാരം കമ്മണി വാവാവോ

470. ഒന്നാം മണിപ്പാറമ്മൽ
ഒന്നല്ലോ കിളി പുഷ്പം നട്ടു
പുഷ്പത്തിന്റെ പൂമണംകേട്ടു
മയിലൻ കുഞ്ഞന്റാട്ടം കു

കിളിപാടും പാട്ടുകേട്ടി–
ട്ടുറങ്ങേണം ഭഗവാനേ

**കൊച്ചുനാരായണപിള്ള, വെഞ്ഞാറമൂട്**

471. കുന്ന്മ്മ്ന്ന്ഠൊരു ചൂട്ട്യാണ്ന്ന്
കുഞ്ഞമ്പുന്റ്ച്ചനോ മറ്റാരാനോ
ഊയിവിരിയെന്റെ കുഞ്ഞിമ്മോനേ
കഞ്ഞികുടിയെടാ കുഞ്ഞിബാവെ

**ജാനകിയമ്മ, മേപ്പള്ളി**

472. ആരാരിരാരോ കുഞ്ഞു ആരാരിരാരാ
അപ്പനിവിടല്ല കുഞ്ഞിന്റമ്മേം ഇവിടില്ല
അവർ കൊയ്യാനും പോയേ മെതിക്കാനും പോയ്
കൂവരുതെന്റെ കുഞ്ഞേ കരയരുതെന്റെ കുഞ്ഞേ
ഒരു മൂലയിപ്പാലും ഒരു മൂലയീ വെള്ളോം
ഒന്നോടിയെന്നു നടന്നിപ്പം വരും കുഞ്ഞേ
കുഞ്ഞിനു കഞ്ഞിതരാമെന്റെ കുഞ്ഞേ
ആരാരിരാരോ കുഞ്ഞു ആരാരിരാരാ

**മറിയാമ്മച്ചേട്ത്തി, കോട്ടയം**

473. എങ്ങട്ട് പോണൂ മുത്ത്യമ്മേ
ചാത്തൂനെ കാണാ കുട്ട്യോളേ
ചാത്തൂന്ന് പറയുന്നതാരാണ്
ന്നുണ്ണി പൊന്നിൻകുടമാണ്
ഓനെന്ത് പറ്റി മുത്ത്യമ്മേ
പെണങ്ങിപ്പോയി കുട്ട്യോളേ
എന്തിന് പെണങ്ങി മുത്ത്യമ്മേ
ചന്തിക്കൊന്നു കൊടുത്തേ ഞാൻ
എന്തിന് തല്ലി മുത്ത്യമ്മേ
ശർക്കര കട്ടുതിന്നേന്
ഓനൊരു പാവം കുട്ട്യല്ലേ്യ
ഓർത്തീലൊട്ടും കുട്ട്യോളേ
ഇനിയും കാൽ തല്ലുമോ ?
ഇല്ല സത്യം കുട്ട്യോളേ
ചാത്ത്വോ ചാത്ത്വോ എറങ്ങിക്കോ
മാവിൻകൊമ്പേന്നെറങ്ങിക്കോ
മുത്ത്യമ്മ നിന്നെ തല്ലൂലാ
സത്യം സത്യം എറങ്ങിക്കോ
ചാത്തൂ മാവിന്നെറങ്ങ്യപ്പം
മുത്ത്യമ്മ കെട്ടിപ്പിടിച്ചോനെ
മുത്തംകൊ് പൊതിഞ്ഞോനെ
ഇക്കിളിയാക്കി നടന്നേ പോയ്.

**മൂക്കം ഭാസി, കയ്യിട്ടാപ്പൊയിൽ**

474. അടയുാേ വടയുാേ മുത്തശ്ശി
ഉങ്കിൽ രണ്ണംതന്നേക്കൂ
അടയില്ലാവടയില്ലാ പിള്ളാരേ
വടിയു് രണ്ണംതന്നേക്കാം

**ജയശങ്കരൻ മൂത്തേരി**

475. അമ്മൂമ്മേ അമ്മൂമ്മേ
അമ്മൂമ്മയെന്താ തെരയ്ണേ
തൂശിയാണെൻ കുട്ട്യേളേ
തൂശിയെന്തിനാണമ്മൂമ്മേ
നൂലുകൊരുക്കാൻ കുട്ട്യോളേ
നൂലുകൊരുക്കുന്നതെന്തിനാ?
ചാക്കൊന്നു തുന്നാൻ കുട്ട്യോളേ
ചാക്കെന്തിനാണെന്റമ്മൂമ്മേ
ചാക്കൊന്ന് വേണം കുട്ട്യേളേ
നിങ്ങളെയൊക്കെ പിടിച്ചിടാൻ
വികൃതിക്കുട്ട്യേളേ പിടിച്ചങ്ങിടാൻ

**കെ. വി. ശ്രീധരൻ, മാമ്പറ്റ**

476. കുട്ടീടമ്മ എങ്ങട്ട്പോയി
കുട്ടീടമ്മ കൊട്ടാരത്ത്ല് പോയി

കുട്ടിയ്ക്ക് എന്തെല്ലാം വെച്ചിട്ട് പോയി
അമ്മിക്കുട്ടി ചുട്ടതും കണ്ണൻ ചെരട്ടേലെ വെള്ളോം
അമ്മിക്കുട്ടി ചുട്ടത് നായ തിന്നോം പോയി
കണ്ണൻ ചെരട്ടേലെ വെള്ളം പൂച്ചകുടിച്ചോം പോയി
നേരാണേൽ അന്തിമയങ്ങി കുട്ടീടമ്മ വന്നതിപ്പം
കാട്ടിലരിക്കും കട്ടുറുമ്പേ വീട്ടിലെപ്പിള്ളയ്ക്കുറക്കംതായോ

**മറിയാമ്മചേട്ത്തി, കോട്ടയം**

477. കാക്ക കരയുമ്പം പോയിനി നിന്റമ്മ
പോക്കർ കരഞ്ഞിട്ടും വന്നില്ല നിന്റമ്മ

**കമല, ബേപ്പൂർ**

478. ഗോവിന്ദാ പോകാം വീട്ടിലേയ്ക്കൊന്ന്
കൂരിരിട്ടു കൂടും മുമ്പെ വീട്ടിലെത്തേ
രാമ നോക്കൊന്ന് മാവിൻമേൽ മാങ്ങ
കേമമായ് പഉത്ത് നില്ക്കുന്നെത്ര ഭംഗിയിൽ
കുകങ്ങനെ പോവുന്നു ഞമ്മൾ
ര് മാങ്ങ ഞാനിങ്ങ് പറിച്ചിടട്ടയോ
ഞമ്മുടേതല്ല മാവ് നോക്കണം
ശമ്മതം കൂടാതെയാരെന്റെ സ്വത്തെടുക്കാമോ..

**ആയിഷ (ബീയാത്തുമ്മ) കുറ്റിപ്പാല**

479. ആലായാൽ തറവേണം അടുത്തൊരമ്പലം വേണം
അതിനു ചേർന്നതൊരു കുളവും വേണം
കുളിപ്പാനായ് കുളം വേണം കുളത്തിൽ ചെന്താമരവേണം
കുളികഴിഞ്ഞൊരുങ്ങുവാൻ ചന്ദനം വേണം
യുദ്ധത്തിന് രാമൻ നന്ന് കുലത്തിന് സീത നന്ന്
ഊണുറക്കമുപേക്ഷിക്കാൻ ലക്ഷ്മണൻ നന്ന്
പടയ്ക്ക് ഭരതൻ നന്ന് പറവാൻ പൈങ്കിളി നന്ന്
പറക്കുന്ന പരിഷയിൽ ഗരുഡൻ നന്ന്.

**ഉമാദേവി അന്തർജ്ജനം, താമരശ്ശേരി**

480. ഒന്നാനാം കൊച്ചുതുമ്പീ
എന്റെ കൂടേ പോരുമോ നീ
നിന്റെ കൂടേപ്പോന്നാലോ
എന്തെല്ലാം തരുമെനിക്ക്
കളിപ്പാനോ കളം തരുവേൻ
കുളിപ്പാനോ കുളം തരുവേ
ഇട്ടിരിപ്പാൻ പൊൻ തടുക്ക്
ഇട്ടുണ്ണാൻ പൊൻതളിക
കൈകഴുകാൻ വെള്ളിക്കിണ്ടി
കൈതോർത്താൻ പുള്ളിപ്പട്ട്

ഒന്നാനാം കൊച്ചുതുമ്പീ.....
എന്റെ കൂടേ പോരുമോ നീ........

**സായിനിവേദിത, പത്തനാപുരം**

481. വേശങ്ങളായിരം – വേദങ്ങളൊന്ന്
ഭാഷകൾ വെവ്വേറെ – ആശയമൊന്ന്
വർണ്ണങ്ങൾ പലതല്ലോ – ചോരയുമൊന്ന്
നോവും സുഖവും – ജീവിതമൊന്ന്
ആഹാരം പലതരം – മനുഷ്യരൊന്ന്
സാന്തനാം മൂർത്തിയാം – ദൈവവുമൊന്ന്

**ചിന്നൂ, കൂത്തുപറമ്പ്**

482. അഞ്ചുതത്ത ഒത്തുകൂടി
അത്തിക്കൊമ്പിൻമോളിലേറി
അതിലൊരുതത്ത കൊത്തുകൂടി
കൊത്തുകൂടി താഴെവീണു
ഓടിച്ചെന്നു കോരിയെടുത്തു
പാലുകൊടുത്തുപഴവുംകൊടുത്തു
ഇനിയെന്റെ കുഞ്ഞിതത്തേ
കൊത്തുകൂടല്ലേയിനികൊത്തുകൂടല്ലേ

**സുഗതൻ, കച്ചേരി**

483. അണ്ണാരക്കണ്ണാ തൊണ്ണൂറ് വാലാ
മാങ്ങേടി കടം തരോ
കാരിച്ചി കാക്കേ കരിംകണ്ണ്യേ
വേനലും വർഷവുമെന്ന്
ഉള്ളൊരു കാലത്ത് സൂക്ഷിച്ചുവെച്ചാ
പൊല്ലാപ്പിലാകില്ല ചങ്ങാതീ

**കൊച്ചുനാരായണപ്പിള്ള, വെഞ്ഞാറമൂട്**

484. കറിഞ്ഞീടുവാനെന്തു വേണം?
കറിഞ്ഞീടുവാൻ കണ്ണുവേണം?
കേട്ടറിഞ്ഞീടുവാനെന്തു വേണം?
കേട്ടറിഞ്ഞീടുവാൻ കാതുവേണം
മണമറിഞ്ഞീടുവാനെന്തുവേണം?
മണമറിഞ്ഞീടുവാൻ മൂക്കുവേണം
രുചിയറിഞ്ഞീടുവാനെന്തു വേണം?
രുചിയറിഞ്ഞീടുവാൻ നാക്കുവേണം
തൊട്ടറിഞ്ഞീടുവാനെന്തു വേണം?
തൊട്ടറിഞ്ഞീടുവാൻ ത്വക്കുവേണം

**ഉമാദേവി, മൂത്തേരി**

485. ആരാമ്പഴുക്കാത്തോട്ടത്തി
പോവരുതെ ചെറു പൂവലേ
കൊച്ചു കൊച്ചു പല്ലുകൊുപോയത്
കടിച്ചു മുറിച്ചു കൊുപോയത്
കവരുേ ചെറുപൂവല്ലേ
കൊച്ചു കൊച്ചു കണ്ണുകൊ്
കാതൊുക്കി കൊുപോയത്
കവരുേ ചെറുപൂവല്ലേ
താണമലയിന്റെ താണചെരുവെ
താണു പറന്നു കൊു പോയതു
കവരുേ ചെറുപൂവല്ലേ

**കണ്ണൻ നല്ലൂരാൻ, ഉറകുന്ന്**

486. ആരാനയിലെ പോന്ന്
പോകുന്നത് മൂര്യല്ലേ?
മൂര്യാണെങ്കില് കുത്തുലേ?
കൂത്തുന്നത് കൊമ്പല്ലേ
കൊമ്പാണെങ്കില് ആടൂലേ?
ആടുന്നത് പുളിങ്ങ്യല്ലേ
പുളിങ്ങ്യാണെങ്കില് പുളിയ്ക്കൂലേ?
പുളിയ്ക്കുന്നത് മോരല്ലേ
മോരാണെങ്കില് നാറൂല്ലേ?

നാറുന്നത് തീട്ടല്ലേ
തീട്ടാണെങ്കില് തിന്നൂലേ'
തിന്നുന്നത് നായ്യല്ലേ

**കുഞ്ഞാമൂട്ടി, മൈത്ര**

487. അക്കരയിക്കരെ നീന്തിയണയുന്ന
നീർക്കോലി ചാത്തന്റെ വാലുപിടിച്ചിട്ടും
വരമ്പോടടിച്ചിട്ടും തോലുപൊളിച്ചിട്ടും
വട്ടത്തിൽ നുറുക്കീട്ടും നെയ്യിൽ പൊരിച്ചീട്ടും
മിാത്ത കുട്ട്യോളെ തൊള്ളേല് തേച്ചിട്ടും
പൂവേപൊലി പൂവേപൊലി .............

**കെ.വി. ശ്രീധരൻ, മാമ്പറ്റ**

488. കോരപ്പാ പൊന്നനിയാ
തൂറട്ടെ ചൂട്ട് പിടി

**ഉണ്ണിക്കുറുപ്പ്മാസ്റ്റർ, മേപ്പള്ളി**

489. ചക്കമെരോ ചവിണിമരോ
ചവിണിയൻ കണ്ണന്റോളെമരോ

**ചേക്കാമു, മൈത്ര**

490. കണ്ണാടം പൊത്തി
കടുക്കാടം പൊത്തി
ആരാൻ കുത്തിന
തൊട്ടും വന്നാൻ
നിനക്കൊരു തീട്ടക്കട്ട
എനിയ്ക്കൊരു തേങ്ങാപ്പൂള്

**ചിത്തു, കയ്യിട്ടാപ്പൊയിൽ**

491. അണ്ണാച്ചീന്റ്യോള് പെറ്റെടി
എന്റുകുട്ട്യാടി പൂച്ചക്കുട്ട്യാടി
എന്തിലിട്ടു കൊുപോകും
മാറാപ്പിലിട്ട് കൊുപോകും
റെഡി.. വൺ.. ടു.. ത്രീ...

**സൂര്യ. സി. പത്തനാപുരം**

492. ഒന്നാനാം കുന്നിന്മേൽ ഓരടിക്കുന്നിൻമേൽ
ഓരായിരംകിളി കൂടുവെച്ചു
കൂട്ടിനിളം കിളി താമരപ്പൈങ്കിളി
താനിരുന്നാടുന്ന പൊന്നോലാ...
രാനാം.......
പത്താനാം......

**നാരായണൻ മാസ്റ്റർ, കൂറ്റിപ്പാല**

493. ഒന്നാം മലയിൽ കയറാമോ? അവിടുന്ന് തലേംകുത്തി മറിയാമോ?
രാം മലയിൽ കയറാമോ? അവിടുന്ന് തലേംകുത്തി തലേംകുത്തി മറിയാമോ?
പത്താം മലയിൽ കയറാമോ അവിടുന്ന് തലേംകുത്തി (10) മറിയാമോ?

**അഹമ്മദ് മാസ്റ്റർ, കാരശ്ശേരി**

494. ഒന്നാമനോടിക്കിതച്ചിരുന്നേ താതെയ്
രാമനോടിത്തളർന്നിരുന്നേ
മൂന്നാമൻ പാട്ടിൽ ലയിച്ചിരുന്നേ താതെയ്
നാലാമൻ കാട്ടിലൊളിച്ചിരുന്നേ
അഞ്ചാമൻ ഒറ്റയക്കു വെച്ചുതിന്നേ താതെയ്
ആറാമൻ തെി തിരിഞ്ഞുതിന്നേ
ഏഴാമനേഴയായ് കാത്തുനിന്നേ താതെയ്
എട്ടാമൻ തട്ടിപ്പറിച്ചുതിന്നേ
ഒമ്പതാമത്തവൻ കട്ടു തിന്നേ താതെയ്
പത്താമനൊക്കെയും കുനിന്നേ

**രാധാമണി, ചൂലൂർ**

495. അത്തിപ്പൊത്തിൽ തത്തമ്മക്കിളി
മുട്ടകളിട്ടു പത്തെണ്ണം
കുഞ്ഞിക്കാലുകൾ കാണാനായി
കാത്തുകഴിഞ്ഞൂ കിളിയമ്മ
അത്തംപത്തിനു മുട്ടകൾ പത്തും
പൊട്ടിവിരിഞ്ഞു തിത്തിത്തൈ
ഒന്ന് ര് മൂന്ന് നാല്
അഞ്ചുല്ലോ പെൺകിളികൾ
ആറ് ഏഴ് എട്ട് ഒമ്പത്
പത്തിൽ പാതിയുമാൺകിളികൾ.

**അരുൺലാൽ, ബാലുശ്ശേരി**

496. ഒരു കുന്നൊരു കുന്നൊരു കുന്നൊരു കു-
ന്നൊന്നും രും മൂന്ന്
മുല്ലപ്പൂവിനു മണമുള്ളതു കൊ-
ാന്നും മൂന്നും നാല്
ഞും വും പ കടതു
രും രും നാലും ചേർന്നാലെട്ട്
തത്തകളതുകേട്ടൊത്തു പറഞ്ഞതു
പത്തും പത്തും പതിറ്റുപ്പത്തും
വെട്ടും കുത്തും കൊത്തും കിളയും
വിത്തും മുത്തും തിത്തിത്തൈ

**സുദർശൻ, കച്ചേരി**

497. ഇഞ്ചിയുണങ്ങിയാൽ ചുക്ക് അതി
ലീരഞ്ച് കൂട്ടിയാൽ പത്ത്
പത്തിൽ നിന്നൊന്നു ഭഗവാനു പോകവേ
ഒമ്പതല്ലോ നവദ്വാരം
ഒമ്പതീന്നൊരു ഭഗവാനു പോകവേ
എട്ടെല്ലോ അഷ്ട വസുക്കൾ
എട്ടിൽ നിന്നൊരു ഭഗവാനു പോകവേ
എഴല്ലോ ആഴ്ചയ്ക്കുദിവസം
എഴിൽ നിന്നൊരു ഭഗവാനു പോകവേ
ആറല്ലോ വിനു കാല്
ആറിൽ നിന്നൊരു ഭഗവാനു പോകവേ
അഞ്ചല്ലോ വിരല് കയ്യിന്ന്
അഞ്ചിൽ നിന്നൊരു ഭഗവാനു പോകവേ
നാലല്ലോ കട്ടിളിന്നു കാല്
നാലിൽ നിന്നൊരു ഭഗവാനു പോകവേ
മൂന്നല്ലോ തേങ്ങയ്ക്ക് കണ്ണ്
മൂന്നിൽ നിന്നൊരു ഭഗവാനു പോകവേ
രല്ലോ കാളയ്ക്ക്കൊമ്പ്
രിൽ നിന്നൊരു ഭഗവാനു പോകവേ
ഒന്നല്ലോ കിയ്ക്കു മുരല് (വാല്)
ഒന്നിൽ നിന്നൊരു ഭഗവാനു പോകവേ
ഇല്ലല്ലോ കുതിരയ്ക്കു കൊമ്പ്.

**സരോജിനി, ചാത്തമംഗലം**

498. വക്കനോ ബധവനോ പ്രാവുന്ന് വേലാ,
ഉപ്പീട്ട ചട്ടിയോ പ്രാവൂന്ന് വേലാ,
വണ്ണനോ മലയനോ പ്രാവൂന്ന് വേലാ,
വണ്ണാത്ത്യോ മലയത്ത്യോ പ്രാവൂന്ന് വേലാ
നായരോ നമ്പ്യാരോ പ്രാവൂന്ന് വേലാ
തിയ്യനോ തിയ്യത്ത്യോ പ്രാവൂന്ന് വേലാ
വാണ്യനോ, ചേന്നനോ പ്രാവൂന്ന് വേലാ
മുക്കുവനോ മുക്കോത്ത്യോ പ്രാവൂന്ന് വേലാ
കോലാനോ കോലാത്ത്യോ പ്രാവൂന്ന് വേലാ
നാക്കുല പൂക്കുല വെള്ളരി വെറ്റില കൂമ്പില
ഒക്കുമുറുക്കു ചടക്കുചടയാട .
നീങ്ങാച്ചിലനിന്നേർ, കണ്ണേർ
നീക്കിക്കളയാനുരോരുപായം ഹ്രീം – ഹ്രീം

**പരമേശ്വരൻ നമ്പൂതിരി, കൊടക്കാട്**

499. ഹരിമുന്നമേ മൂലദേവ
പൊൻ നിറമൊത്ത മൂലദേവി
ഹരിയാന സുഖിയാന
ലോകാന ഗുണവാന
സർവ്വാന മദയാന
പുരുഷാന ബലവാന
ഇങ്ങനെ അഞ്ചും ര–
ഴോനക്കിട്ട
ബലവും വീര്യവും അഴകുമായുസ്സും
വാണാളും വർദ്ധനയും
തിരുന്നാളും ദീർഘായുസ്സും കൂടിയിരിക്ക

**സുഭാഷ്, വയനാട്**

500. കൊച്ചീചെന്നാ കൊച്ചഴി കാണാം
കൊച്ചമ്മാളു പോരുന്നോ
കോച്ചീചെന്നാ കപ്പലുകാണാം
കൊച്ചമ്മാളു പോരുന്നോ
കൊച്ചീചെന്നാ കോട്ടകൾ കാണാം
കൊച്ചമ്മാളു പോരുന്നോ
കൊച്ചീചെന്നാ കോടതി കാണാം
കൊച്ചമ്മാളു പോരുന്നോ

**ദേവി, ചേർത്തല**

501. തന്തോയം തന്തോയം തന്തോയം ബാലേ
നമ്മക്കും ചേത്രത്തീപ്പോകാം
അടിതൈവത്തെ തൊട്ട്തൊയാലോ
നാട് ബരിക്കണ തമ്പ്രാ
നമ്മക്കനുബാതം തന്നെടി ബാലേ
തന്തോയം...............
നമ്മക്കും അമ്പലം തീാം
അടിതൈവത്തെ തൊട്ടുതൊയാലോ
ഏഴുകൊളത്തി കുളിയ്ക്കാ
നല്ല പാട്ടുകൾ പാടിരസിക്കാം
തന്തോയം............
ആയിരം നാവുള്ളൊരനന്തന്റെ മോളീ
വല്ല്യമ്പ്ര മറിഞ്ഞുകെടക്ക്ണ കാണാം
തമ്പ്രന്റെ പൊക്കിളിൽ നിന്നും
ഒരു പുസ്പം കിളിച്ചങ്ങ് പോയത് കാണാം
തന്തോയം..........
കക്കയെടുത്തങ്ങുതന്നെ തമ്പ്രാ
ചന്ദനം വാരിയണിയെണ തമ്പ്രാ
കറുത്തകല്ലിക്കെടക്ക്ണ തമ്പ്രാ
തന്തോയം............
പോറ്റിത്തമ്പ്രാക്കന്മാരെല്ലാം വെറും പോയമ്മാരൊക്കെ ബാലേ
തന്തോയം.........

**വത്സല ടീച്ചർ, മൂഴിക്കൽ**

## 3.3.2 നാടൻകുട്ടിപ്പാട്ടുകളുടെ വർഗ്ഗീകരണം

വിവിധകൂട്ടായ്മകളിൽ പല കാലഘട്ടങ്ങളിലായി സ്വാഭാവികമായി രൂപംകൊതും പാഠഭേദങ്ങളാൽ സമ്പുഷ്ഠവുമായ നാടൻകുട്ടിപ്പാട്ടുകളെ വർഗ്ഗീകരിക്കുക എളുപ്പമല്ല. മാത്രമല്ല ഒരേ പാട്ട് തന്നെ വിവിധ വർഗ്ഗീകരണസാധ്യതയുള്ളതാണ് എന്നതും ഈ ഉദ്യമത്തെ കൂടുതൽ സങ്കീർണ്ണമാക്കുന്നു. എങ്കിലും പഠനസൗകര്യാർത്ഥം വിവിധ മാനദണ്ഡങ്ങൾക്കനുസരിച്ച് വർഗ്ഗീകരിക്കുകയേ തരമുള്ളൂ.

**ക.** പാടുന്നവരെ ആസ്പദമാക്കി നാടൻ കുട്ടിപ്പാട്ടുകളെ മൂന്നായി തിരിക്കാം.

1. കുട്ടികൾ പാടുന്നവ
2. കുട്ടികൾക്ക് വേി പാടുന്നവ
3. സംഭാഷണരൂപത്തിൽ പാടുന്നവ

## 1. കുട്ടികൾ പാടുന്നവ

കളി, വിനോദങ്ങൾ, ഉത്സവങ്ങൾ, പ്രകൃതി, തൊഴിൽ, ആചാരനുഷ്ഠാന ങ്ങൾ തുടങ്ങി വിവിധ ജീവിതാവസരങ്ങളിൽ കുട്ടികൾ പാടുന്ന കുട്ടിപ്പാട്ടുകളാണ വ. ഇതിലെ സന്ദർഭത്തെക്കൂടി കണക്കിലെടുത്താൽ ഇത്തരം പാട്ടുകളെ വീും പല വിഭാഗങ്ങളായിത്തിരിക്കാവുന്നതാണ്.

1. കളിയുടെ ഭാഗമായി പാടുന്നവ – നാരങ്ങാപ്പാല് (പേജ് 281), ഡും.. ഡും.. (45)
2. ഉത്സവപ്പാട്ട് – ചന്തത്തിൽ (318), ഓണമെന്നോണം (പേജ് 312)
3. കടങ്കവിതകൾ – കം എന്ന രാജ്യത്ത് (137), കേറിപ്പടരുവാൻ (142)
4. വിനോദപ്പാട്ടുകൾ – രാരിത്തത്തമ്മേ (167), അമ്പട പട പട ... (111)
5. കലകളുമായി ബന്ധപ്പെട്ട പാട്ടുകൾ – ഒന്നാം കുന്നും (98), തലകെട്ടഴി (95)
6. അനുഷ്ഠാനപ്പാട്ടുകൾ – ഒന്നാം തുമ്പിയും ... (103), ഒന്നേ ഒന്നേ (86)
7. പ്രകൃതിപാട്ടുകൾ – പശൂ പശൂ ... (417), പെയ്യട്ടെ മഴ ... (പേജ് 315)
8. സാമൂഹ്യപ്പാട്ടുകൾ – ചക്കരച്ചേട്ടനു ... (366), തലമുടികാട്ടി (53).
9. അക്ഷരപ്പാട്ടുകൾ – കേശവനാശാനാശ (പേജ് 287), ഉരലിലെരെലി (126)
10. തെറിപ്പാട്ടുകൾ – കോരപ്പാ ... (488), ചക്കമരോ (489)

## 2. കുട്ടികൾക്കുവേി പാടുന്നവ

കുട്ടികൾക്ക് വേി മുതിർന്നർ പാടുന്ന പാട്ടുകളെ സന്ദർഭത്തെ ആസ്പദ മാക്കി പലതായി തിരിക്കാം

1. കളിപ്പാട്ടുകൾ – അപ്പോം ചുട്ട് (പേജ് 271), ചാഞ്ചാടുണ്ണി ... (പേജ് 279)
2. താരാട്ട് – അമ്പാടി തന്നി (451), കൊമ്പയിലെ (459)
3. ഉപദേശപ്പാട്ട് – ആരാരാരു ... (485), താരിളം (425)
4. അനുഷ്ഠാനപ്പാട്ട് – ഹരിയെന്നേ മുന്നം (499), വക്കനോ (498)
5. ഉൽസവപ്പാട്ട് – ആ ... ഈ ... (257), തന്തോയം (501)
6. വിനോദപ്പാട്ട് – തൊൻ വട്ടി ... (6), അച്ചപ്പം (2)
7. സന്ദേശപ്പാട്ട് – വേശങ്ങളായിരം (481), കാലീനെ ... (413)
8. പ്രകൃതിപരം – മണ്ണേനമ്പി (284), തൂരിയൻ... (289)

9. തൊഴിൽപരം – അടിച്ചുവാരിയ (396), രേരേരേയെന്റെപ്പാ (419)

### 3. സംഭാഷണരൂപത്തിൽ പാടുന്നവ

സംഭാഷണപ്പാട്ടുകളിൽ നല്ലൊരുഭാഗം അമ്മയും കുട്ടിയും തമ്മിലുള്ള സംഭാഷണമാണെങ്കിലും അച്ഛൻ, മുത്തശ്ശി തുടങ്ങിയ മറ്റു കുടുംബാംഗങ്ങളോ ടുള്ള സംഭാഷണരൂപത്തിലും പാട്ടുകളു്. പ്രകൃതിവസ്തുക്കളോടും ജീവികളോടും സംവദിക്കുന്ന കുട്ടിയെയും കാണാം. ചില നാടൻകുട്ടിപ്പാട്ടുകൾ മുതിർന്നവരുടെ സംഭാഷണരൂപത്തിലുള്ളതാണ്.

1. അമ്മയും കുട്ടിയും – കന്നുപൂട്ടെട... (402), ആരിയൻകാവില് (പേജ് 288)
2. മുത്തശ്ശിയും കുട്ടിയും – നല്ലതു നല്ലതു ... (283), അടയുാേ (474)
3. അച്ഛനും കുട്ടിയും – അച്ഛാ! അച്ഛാ! (393), ചന്തേലച്ചാ (354)
4. കുട്ടിയും തുമ്പിയും – ഒന്നാനാം (480), അക്കരെ (104)
6. കുട്ടിയും മുതിർന്നവരും – ഏയ് കാക്ക (434)
7. മുതിർന്നവർ പരസ്പരം (കുറവനും കുറത്തിയും) – അയിനിക്കാ പറിക്കാൻ (438)
8, കുട്ടിയും വസ്തുക്കളും – മിാതിരിയെട... (109)
9. കുട്ടിയും മൃഗങ്ങളും – കാരിച്ചിപ്പയ്യേ (415)
10. കുട്ടിയും പക്ഷികളും – കാകൃതി കരകൃതി (122)

**കക.** ഉള്ളടക്കത്തിലും സ്വഭാവത്തിലും വ്യത്യസ്തത പുലർത്തുന്നവയാണ് നാടൻകുട്ടിപ്പാട്ടുകൾ. ശിശുസഹജമായ കളികൾ, ഇവയിൽ നിന്നുരുത്തിരിഞ്ഞുവ രുന്ന കലകൾ, ജീവിതാനുഭവങ്ങളുടെ ഭാഗമായി ഉായ നർമ്മങ്ങൾ തുടങ്ങിയവയെ ആവിഷ്കരിക്കുന്ന വിനോദപ്രദങ്ങളായ നാടൻകുട്ടിപ്പാട്ടുകൾ നിരവധിയാണ്. കുട്ടി കളുടെ ആദ്യസമൂഹമായ വീടുമായും സമൂഹവുമായും ബന്ധപ്പെട്ടു കിടക്കുന്ന ഉത്സവങ്ങളും തദനുബന്ധപാട്ടുകളും പ്രചാരത്തിലു്. പ്രകൃതിയിലെ ജീവീയ-അജീ വീയ ഘടകങ്ങൾ, പ്രാപഞ്ചികവസ്തുക്കൾ അവയുടെ പ്രത്യേകതകൾ തുടങ്ങിയവ യെക്കുറിക്കുന്ന പാട്ടുകളുമു്. കേരളത്തിലെ വിവിധ കാലങ്ങളിലെ സാമൂ ഹിക-സാമ്പത്തിക-രാഷ്ട്രീയസ്ഥിതിഗതികൾ, ജനജീവിതം, അഭിലാഷങ്ങൾ, സംസ്കാരം തുടങ്ങി ഒരു സമൂഹത്തിന്റെ ഗതിവിഗതികളെയും വീക്ഷണവൈവിധ്യ ങ്ങളെയും പ്രതിഫലിപ്പിക്കുന്ന നാടൻകുട്ടിപ്പാട്ടുകൾ ധാരളമു്. വിവിധ ജീവിത സന്ദർഭങ്ങളിലും പരിതസ്ഥിതികളിലും ഒരു വ്യക്തിയുടെ മനസ്സിനെയും സമൂഹമന

സ്സിനെയും ചിത്രീകരിക്കുന്ന പാട്ടുകളും കാണാം. കുട്ടിയുടെ ഏറ്റവും പരിചിത ഇട മായ വീട്, വീട്ടുകാർ, ചുറ്റുപാടുകൾ തുടങ്ങിയവ ദൃശ്യമാകുന്ന പാട്ടുകളുമു്. തൊഴിലായ്മ, അതിനോടുള്ള താത്പര്യം, താത്പര്യക്കുറവ്, തൊഴിൽപരമായ പ്രയാ സങ്ങൾ, മേന്മകൾ എന്നിങ്ങനെ തൊഴിൽസംബന്ധിയായ പാട്ടുകളും ധാരാളമാണ്. മുതിർന്നവർക്ക് കുട്ടികളോടുള്ള സ്നേഹവാത്സല്യങ്ങൾ അവരെക്കുറിച്ചുള്ള മോഹങ്ങൾ, സ്വപ്നങ്ങൾ തുടങ്ങിയവ പ്രകടിപ്പിക്കുന്ന പാട്ടുകളും നിരവധിയാണ്. കുട്ടിക്ക് ജീവിതായോധനശേഷി ഉാക്കാനുതകുന്ന ഉപദേശപ്പാട്ടുകളും കൂട്ടായ്മ യുടെ ചിട്ടവട്ടങ്ങൾക്കനുസരിച്ച് ജീവിക്കുമ്പോൾ കുട്ടിയിൽ സംജാതമാകുന്ന സമ്മർദ്ദങ്ങളുടെയും പൊരുത്തക്കേടുകളുടെയും സംഘർഷങ്ങളിൽ നിന്ന് വിമോ ചനത്തിനുള്ള ഉപാധികൂടിയായ തെറിയംശങ്ങൾ നിറഞ്ഞ പാട്ടുകളും ധാരാളമു്. ജീവിതസന്ദർഭങ്ങളിൽ അറിയാതെ ഗണിതാശയങ്ങളും ഗണിതകേളികളും അട ങ്ങിയ സംഖ്യാപാട്ടുകൾ ചരിത്രസംഭവങ്ങളുമായി പ്രത്യക്ഷത്തിൽ ബന്ധം പ ുലർത്തുന്ന പാട്ടുകൾ തുടങ്ങി അതി വിപുലവും വ്യത്യസ്തവുമാണ് നാടൻകുട്ടി പ്പാട്ടുകളിലെ ലോകം. ഈ വൈപുല്യത്തേയും വൈവിധ്യത്തേയും ബോധ്യപ്പെടു ത്തുക എന്ന ഉദ്ദേശ്യത്തോടെയാണ് വർഗ്ഗീകരണത്തിന് ശ്രമിച്ചിട്ടുള്ളത്. നാടൻകുട്ടി പ്പാട്ടുകളിലെ ഉള്ളടക്കം, സ്വഭാവം എന്നിവയെ ആസ്പദമാക്കി വിനോദം, ഉത്സവം, പ്രകൃതി, സമൂഹം, മനസ്സ്, വീട്, തൊഴിൽ, വാത്സല്യം, ഉപദേശം, തെറി, ഗണിതം, അനുഷ്ഠാനം, ചരിത്രം എന്നിങ്ങനെ തിരിക്കാം.

## 1. വിനോദം

വിനോദങ്ങളും അതിലെ ആഹ്ലാദകാരിത്വവും ജൈവികമാണ്. നാടൻകുട്ടിപ്പാട്ടുകളിൽ അതിവിപുലമായ ഒരു ഭാഗമാണ് വിനോദത്തിന്റെത്. കളി, കല എന്നിവയുമായി ബന്ധപ്പെട്ട് പാടുന്ന നാടൻകുട്ടിപ്പാട്ടുകളും അക്ഷരോച്ചാരകഭാഷയായ മലയാളത്തിന്റെ സവിശേഷതകൾ വിളിച്ചറിയിക്കുന്ന വിനോദപ്പാട്ടുകളും വിവിധ സാമൂഹിക സന്ദർഭങ്ങളിൽ ഉരുത്തിരിഞ്ഞ നർമ്മം തുളുമ്പുന്ന ഫലിത പരിഹാസപ്പാട്ടുകളുമാണ് ഈയൊരു വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

*1. കളിപ്പാട്ടുകൾ*

കളി ശിശുസഹജമാണ് (കുട്ടികളും സംസ്കാരവും എന്ന അദ്ധ്യായത്തിൽ വിശദമാക്കിയിട്ട്) മാനസികോല്ലാസത്തിന് പ്രാമുഖ്യം നൽകുന്ന കളികളിലെ പാട്ടുകളെ പ്രായം, ലിംഗം എന്നിവയെ അടിസ്ഥാനമാക്കി ശൈശവം, ആദിബാല്യം, ബാല്യം, ആൺ, പെൺ എന്നിങ്ങനെ തിരിക്കുമ്പോൾ അതിന്റെ വൈലുപ്യം ബോധ്യപ്പെടുന്നു. സംഭാഷണപരങ്ങളായ കളിപ്പാട്ടുകൾ ധാരാളമു്. കേരളീയ ജീവിതത്തിന്റെയും ഉൽസവങ്ങുടെയും ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് ഊഞ്ഞാൽ. ഉത്സവത്തിന്റെ ഭാഗമായി ജലോൽസവങ്ങളും ജലയാത്രകളും സാർവ്വത്രികമായിരുന്നു. അതുകൊ് തന്നെ ഊഞ്ഞാൽകളികളും ജലകേളികളുമായി ബന്ധപ്പെട്ട പാട്ടുകളും ധാരാളമു്. ഇത്തരം നാടൻകുട്ടിപ്പാട്ടുകളെയാണ് കളി എന്നതിലൂടെ ഉദാഹരണസഹിതം പരിചയപ്പെടുത്തുന്നത്.

1. ശൈശവം – അപ്പോം ചുട്ട് (പേജ് 271), തപ്പോതപ്പോ (പേജ് 263)
2. ആദിബാല്യം – നാരങ്ങാപ്പാല് (പേജ് 281), തിപ്പെട്ടിപ്പൊട്ടാമസ് (67)
3. ബാല്യം – സാ.... സീ... സൂ .. (22), കുല കുല ... (15)
4. പെൺ – പൂപറിയ്ക്കാൻ (56), ഒരു കോര്യാ (പേജ് 293)
5. ആൺ – അപ്പച്ചി (61), ചുടകുടു ... (62)
6. ഗണിതം – ദോശ നല്ല (378), എട്ടപ്പം ചുട്ടപ്പം (245)
7. സംഭാഷണം – ഡും ഡും മലാഖ (45), സൈനബാ ... (19)
8. ഊഞ്ഞാൽ – ഊഞ്ഞാലാടാൻ (69), ഊഞ്ഞാലോ (72)
9. ജലകേളികൾ – തെയ്തെയ്തക (427), വഞ്ചിറാണി (429)

*2. കലകളുമായി ബന്ധപ്പെട്ടവ*

കുട്ടിക്കളികളുടെ ഭാഗമായി അനുകരണാഭിനയങ്ങളിലൂടെയും മറ്റും സ്വയ മാർജ്ജിച്ചെടുക്കുന്ന ജ്ഞാനദൃഷ്ടിയിലൂടെ കുട്ടിയുടെ ഭാവനാലോകം സമ്പുഷ്ട മാകുന്നു. അവയ്ക്കൊപ്പം പരമ്പരാഗത മൂല്യങ്ങൾ ഉൾച്ചേരുമ്പോൾ കുട്ടിക്കലകൾ വികസിതമാകുന്നു. കളിയുടെ ഭാഗമായി കലകളുടെ പ്രാഥമികതലങ്ങൾ അഭ്യസി ക്കുന്ന കുട്ടി ബാല്യഘട്ടത്തോടെ കലകളിൽ സ്വയം ഭാഗഭാക്കാവുന്നു. കേരളം മുഴു വൻ പ്രചാരത്തിലുള്ളതും ഇന്നും ഉത്സവങ്ങളുടെയും ഗാർഹികാഘോഷങ്ങളു ടെയും ഭാഗമായി നടത്തപ്പെടുന്നതുമായ കൈകൊട്ടിക്കളി, പുലയരുടെ ഉപവിഭാഗ മായ താപ്പുലയർക്കിടയിൽ പ്രചാരത്തിലുള്ള തലയാട്ടം, തിരുവിതാംകൂർ ഭാഗങ്ങളി ലുള്ള മയിലാട്ടം, പാലക്കാട് ജില്ലയിലെ പുലയർ തച്ചനാടന്മാർ, കണിയാന്മാർ, കൃസ്ത്യാനികൾ, നമ്പൂതിരിമാർ തുടങ്ങിയവർക്കിടയിൽ നിലനിൽക്കുന്ന വട്ടക്കളി തുടങ്ങിയവ മുതിർന്ന കുട്ടികളുടേതാണ്. ദക്ഷിണ കേരളത്തിലെ ദളിതസമുദാ യങ്ങളിലെ പെൺകുട്ടികൾക്കിടയിലും നായർപെൺകുട്ടികൾക്കിടയിലും കുടംകളി എന്ന കല പ്രചാരത്തിലുായിരുന്നു. ഓണം, തിരുവാതിര എന്നിവയോടൊത്ത് നട ത്തപ്പെടുന്ന തുമ്പിതുള്ളൽ, തിരുവനന്തപുരം, കൊല്ലം ഭാഗങ്ങളിലെ ആദി വാസിവിഭാഗങ്ങളായ കാണിക്കാർക്കിടയിൽ നിലനിൽക്കുന്ന മയിലാട്ടപ്പാട്ട് മണ്ണാ ന്മാർക്കിടയിൽ നിലനിൽക്കുന്ന കുമ്മാട്ടിക്കളി തുടങ്ങിയവയിലും മുതിർന്ന കുട്ടി കൾ ഭാഗഭാക്കാണ്. ഇവയുമായി ബന്ധപ്പെട്ട നാടൻകുട്ടിപ്പാട്ടുകളും കേരളീയ വാദ്യകലയെ കുറിക്കുന്ന പാട്ടുകളും ഇവിടെ ചേർക്കുന്നു.

1. കൈകൊട്ടിക്കളി – ഒന്നേ ഒന്നേ പോൽ (86)
2. തലയാട്ടം – തല കെട്ടഴിഞ്ഞിട്ടും (95)
3. മയിലാട്ടം – ഒന്നാനാം കരിമല ... (96)
4. വട്ടക്കളി – ഒന്നാം വേലിയും ... (91),
5. കുടംകളി – ഒന്നാം മണിക്കിണ്ണറ്റില് (99)
6. തുമ്പിതുള്ളൽ – ഒന്നാം തുമ്പിയും (103)
7. മയിലാട്ടപ്പാട്ട് – അയ്യനംകാവിൽ (97)
8. കുമ്മാട്ടിക്കളി – മാളോരെ (108)
9. വാദ്യകല – ചെക്കാരൻ (115)

*3. ഭാഷ–ഭാഷണം*~

ഭാഷ, ഭാഷണം, ഭാഷണവികസനം, ഭാഷാവിനോദങ്ങൾ തുടങ്ങി കുട്ടിയുടെ ഭാഷാപരമായ വികസനഘട്ടത്തെ കുട്ടികളും സംസ്കാരവും എന്ന അധ്യായത്തിൽ

വിവരിച്ചിട്ടു്. അക്ഷരോച്ചാരകഭാഷയായ മലയാളത്തിന്റെ പ്രത്യേകസവിശേഷത കളും രസികത്വവും വിശദമാക്കുന്ന ധാരാളം നാടൻകുട്ടിപ്പാട്ടുകളു്. ഇവ കുട്ടിക ളാൽ പ്രചരിക്കപ്പെടുന്നവയാണ്. ഉച്ചാരണവൈകല്യങ്ങളെ മാറ്റി ക്രമപ്പെടുത്താൻ പ ര്യാപ്തവുമാണ്. മനുഷ്യന്റെ ആസ്വാദനക്ഷമത വ്യക്തമാക്കുന്ന ഭാഷാ കളിപ്പാട്ടു കൾ, കടങ്കഥാപാട്ടുകൾ, പഴഞ്ചൊൽപ്പാട്ടുകൾ തുടങ്ങിയവയും ശ്വാസത്തെ ക്രമീക രിക്കാൻ പരിശീലിപ്പിക്കുന്ന ഒറ്റശ്വാസപ്പാട്ടുകളും ഇതിലു്. നാവുരുളൽപാട്ടുകൾ സംസാരവേഗതയും ഉച്ചാരണസ്ഫുടതയും കൈവരിച്ച് സംഭാഷണചാതുരി ഉ ണ്ടാക്കാൻ ഉദ്ദേശിച്ചവയെങ്കിൽ അക്ഷരപ്പാട്ടുകൾ കഠിനാക്ഷരങ്ങളെ ശൃംഖലീകരിച്ച് ആവർത്തിപ്പിച്ച് ഉച്ചാരണക്രമീകരണത്തിനുള്ള പരിശീലനമാണ് നൽകുന്നത്.

1. നാവുരുളൽ – ഉരിയരിവേവി (120), കാകൃതി കരകൃതി (122)
2. അക്ഷരപ്പാട്ടുകൾ – കേശവനാശാ ... (പേജ് 287), അയ്യയ്യയ്യയ്യാ ... (124)
3. ഒറ്റശ്വാസപ്പാട്ടുകൾ – ആലത്തൂരെ ... (135), അക്കരെയിക്കരെ (136)
4. ഭാഷാകളിപ്പാട്ടുകൾ – കൊമ്പേറാം (പേജ് 94)
5. കടങ്കഥാപ്പാട്ടുകൾ – ‘കം’ എന്ന ... (137), ഒരുത്തൻപോയ് (141)
6. പഴഞ്ചൊൽപ്പാട്ടുകൾ – ആനയായാലും (പേജ് 14)

*4. നർമ്മം*

ഫലിതപരിഹാസങ്ങൾ മനുഷ്യന്റെ കൂടപ്പിറപ്പുകളാണ്. ജീവിതത്തിന്റെ വിവിധസന്ദർഭങ്ങളിൽ ഉായ അനുഭവങ്ങളും ആശയങ്ങളും വിഡ്ഢിത്തങ്ങളും എല്ലാം നർമ്മത്തിൽ ചാലിച്ച് ഒരു പരിഷ്കരണത്തിനുതകുന്ന മട്ടിൽ വിമർശനാത്മ കമായി അവതരിപ്പിക്കപ്പെടുന്നു. ഇത്തരം നാടൻ കുട്ടിപ്പാട്ടുകളുടെയും പ്രയോക്താ ക്കൾ കുട്ടികളാണ്. സാമൂഹ്യവും സാംസ്കാരികവും രാഷ്ട്രീയവുമായ വിമർശന ങ്ങൾക്കൊപ്പം ഹാസ്യാത്മകമായി പ്രകൃതിയും പ്രകൃതിവസ്തുക്കളും ജീവികളും അവയുടെ പാരസ്പര്യവും എല്ലാം ഇതിൽ ഉൾപ്പെടുന്നു.

1. പരിഹാസം – കൊറ്റി (150), ആലത്തൂരമ്മിണി (191)
2. തമാശ : മഴയതാ ... (200), ശങ്കരനെന്ത്യേ (183)

**2. ഉത്സവം**

കേരളീയ ഉത്സവങ്ങളെ സംബന്ധിച്ച നാടൻകുട്ടിപ്പാട്ടുകളാണ് ഇവിടെ ഉദ്ദേ ശിച്ചിട്ടുള്ളത്. ഓണം, തിരുവാതിര എന്നീ ഉത്സവങ്ങളോട് ബന്ധപ്പെട്ട പാട്ടുകളാണ് ഇതിൽ അധികവും. തെയ്യം, തിറ, പൂരം, വിളക്ക്, വേല തുടങ്ങിയ ക്ഷേത്രോത്സവ ങ്ങൾ/ കാവുത്സവങ്ങളും ഗൃഹോത്സവങ്ങളും ഈ വിഭാഗത്തിൽപ്പെടുന്നു.

1. ഓണം – ഓണത്തപ്പാ (247), തൃക്കാക്കരപ്പനൊരു (224)
2. തിരുവാതിര – ഒന്നേ ഒന്നേ പോൽ (86), ഒന്നാംപൂപൊലി (84)
3. ക്ഷേത്രോത്സവങ്ങൾ (കാവ്)
    1. തിറ – കുഞ്ഞാങ്ങലം തെറ (254)
    2. തെയ്യം – അക്കരെ .. (255)
    3. പൂരം – ആരിയൻകാവില് (പേജ് 288)
    4. വിളക്ക് – കൊച്ചുനീല്യേ (256)
    5. വേല – ആരിയങ്കാവില് (പേജ് 288)
4. ഗൃഹോത്സവങ്ങൾ – ആ... ഈ... (257), നാലകത്ത് (259)

**3. പ്രകൃതി**

പ്രകൃതിയും അതിലെ ജീവീയ അജീവീയഘടകങ്ങളും ഉൾപ്പെട്ട പാട്ടുകളെ യാണ് പ്രകൃതി എന്നതിൽ പെടുത്തിയിട്ടുള്ളത്. മഴ. വെയിൽ തുടങ്ങിയ കാലാവ

സ്ഥകൾ, സസ്യലതാദികൾ, അമ്പിളി, കുന്ന്, വെള്ളം, സൂര്യൻ, പൂവ് തുടങ്ങി കുട്ടിയുടെ ഭാവനാലോകം തുടങ്ങിയവ ഇതിന്റെ ഭാഗമാണ്. ഇവയോടെല്ലാം അറിഞ്ഞോ അറിയാതെയോ സംവദിക്കുന്നവരാണ് കുട്ടികൾ. പ്രകൃതിയിലെ പക്ഷിമൃഗാദികൾ, ഇഴജന്തുക്കൾ, പ്രാണികൾ തുടങ്ങിയവയെല്ലാം കുട്ടിയുടെ കളിക്കൂട്ടുകാരാണ്. കുട്ടിയും പ്രകൃതിയിലെ ജീവീയ അജീവീയ ഘടകങ്ങളും തമ്മിലുള്ള പാരസ്പര്യത്തെ വിശദമാക്കാനാണ് ഈ വിഭജനം കൊ് ഉദ്ദേശിക്കുന്നത്.

*1. അജീവിയം*

1. കാലാവസ്ഥ – ഉരുളിയുര്ള്ണ് (262), പെയ്യട്ടെ മഴ ... (പേജ് 315)
2. സസ്യലതാദികൾ : മണ്ണേ നമ്പി (284), പേരില്ലാ (288)
3. പ്രകൃതി
   1. അമ്പിളി – അമ്പിളിയമ്മാവ (291)
   2. കുന്ന് – ഒന്നാം കുന്നും (98)
   3. വെള്ളം – മിന്നുന്ന  (294)
   4. സൂര്യൻ – വന്നുദിച്ചേ (290)
   5. പൂപ്പാട്ടുകൾ – മാടായി (316)

*2. ജീവിയം*

1. മൃഗങ്ങൾ – അയ്യയ്യയ്യ ... (124), കുഞ്ഞുക്കുഞ്ഞി ... (പേജ് 283)
2. പക്ഷികൾ – മുറ്റത്ത് മുരക്കിട്ട് (304), അയ്യനംകാവിൽ (97)
3. ഇഴജന്തുക്കൾ – മഞ്ഞച്ചേരേ .. (312), അണ്ണാറക്കണ്ണാ ... (306)
4. പ്രാണികൾ – വാനിൽ (307), കട്ടുറുമ്പിന്റെ (311)

**4. സമൂഹം**

മനുഷ്യൻ സാമൂഹ്യജീവിയാണ്. അതത് സമൂഹത്തിന്റെ പരിച്ഛേദം അവരുടെ സാഹിത്യത്തിൽ കാണാം. വാമൊഴിയിലെ നാടൻകുട്ടിപ്പാട്ടിലും ഈ ഗുണവിശേഷം ദൃശ്യമാണ്. കേരളത്തിൽ നിലനിന്നിരുന്നതും നിലനില്ക്കുന്നതുമായ സാമൂഹ്യസാംസ്കാരിക സവിശേഷതകൾ നാടൻകുട്ടിപ്പാട്ടുകളിൽ നിഴലിക്കുന്നു. സാമൂഹ്യഘടന, ആചാരങ്ങൾ, സാമൂഹ്യവീക്ഷണം, ദാരിദ്ര്യം, കുട്ടികളെ സംബന്ധിച്ച വസ്തുതകൾ ചർച്ച ചെയ്യുന്നവ, സദ്യ, പാചകം തുടങ്ങി സമൂഹത്തിന് പൊതുവെയും കുട്ടികൾക്ക് പ്രത്യേകിച്ചും ഇഷ്ടപ്പെട്ട ആഹാരസംബന്ധിയായവ എന്നി

ങ്ങനെ ഈ വിഭാഗത്തെ തിരിച്ചിരിക്കുന്നു. സാമൂഹ്യഘടനയെ കുടുംബം, ജാതി, മതം എന്നിങ്ങനെയും ഒരു കാലഘട്ടത്തിന്റെ അധികാരകേന്ദ്രമായിരുന്ന ജന്മിത്വ ത്തെയും ഇഴപിരിക്കുന്നു. കുടുംബം എന്നതിൽ മക്കത്തായമരുമക്കത്തായങ്ങളും ഇന്ന് പ്രബലമായ അണുകുടുംബവ്യവസ്ഥയും ഉദാഹരിക്കുന്നു. ജാതിയിൽ സവർണം, അവർണം, ഇതരം എന്നിങ്ങനെ ഒരു കാലഘട്ടത്തിന്റെ പ്രധാന ധ്രുവീക രണത്തെ എടുത്തു കാട്ടുന്നു.

ആചാരാനുഷ്ഠാനങ്ങൾക്ക് വലിയ പ്രാധാന്യം കല്പിച്ച നാടാണ് കേര ളം. നാടൻകുട്ടിപ്പാട്ടുകളിൽ നിഴലിക്കുന്ന ഓണം, തിരുവാതിര തുടങ്ങിയ ഉത്സവാ ചാരങ്ങളും ഗൃഹസംബന്ധമായ ഉത്സവാചാരങ്ങളും ഉദാഹരിക്കുന്നു. ഗൃഹാചാര ങ്ങൾ, അനാചാരങ്ങൾ, വിശ്വാസവുമായി ബന്ധപ്പെട്ട ആചാരങ്ങൾ എന്നിവയെ വേർതിരിക്കുന്നു. സാമൂഹ്യവീക്ഷണം നല്കുന്ന പാട്ടുകളെയും ദാരിദ്ര്യം എന്ന സാമൂഹ്യ വിപത്തിനെ പ്രതിഫലിപ്പിക്കുന്ന പാട്ടുകളെയും ഉദാഹരിക്കുന്നു. സമൂഹ ത്തിന്റെ പകുതിയിൽ കൂടുതൽ വരുന്ന കുട്ടികളെക്കുറിച്ചുള്ള പാട്ടുകളെയും ക ത്തുന്നു. ഒപ്പം സമൂഹത്തിന്റെ പ്രത്യേകിച്ചും കുട്ടികളുടെ സുപ്രധാന ആവശ്യമായ ആഹാരസംബന്ധിയായവ കത്തുന്നു.

*1. ഘടന*

1. കുടുംബം

    1. അണുകുടുംബം – അമ്മയെയൊ ... (385), അച്ഛൻ (391)

    2. കൂട്ടുകുടുംബം – നൊണച്ചിയമ്മായി (335), ഒന്നാംമലവെട്ടി (395)

1. മക്കത്തായം – അപ്പോം (പേജ് 271–1), പൈയ്ക്ക്ണ് (345)

2. മരുമക്കത്തായം–ചന്തത്തിൽ(318), അപ്പോം ചുട്ട് (പേജ് 272–4)

2. ജന്മിവ്യവസ്ഥ – തലക്കെട്ടഴി (95), അപ്പന്റെ (321)

3. ജാതി – മഞ്ഞച്ചേരേ (312), തൃക്കാക്കരപ്പ (221)

1. സവർണ്ണം – ചാഞ്ചാടുണ്ണി (പേജ് 279)

2. അവർണ്ണം – തള്ളേ തള്ളേ (325)

3. ഇതരം – അന്നന്നു (260)

4. മതം – അള്ളോ (384), നാലകത്ത് (259)

*2. ആചാരം*

1. ഉത്സവം

1. ഓണവുമായി ബന്ധപ്പെട്ടവ – ചന്തത്തിൽ (318), ഓണം വന്നാലെന്ത്? (324)

2. തിരുവാതിര – ഒന്നാം പൂപൊലി (84), ഒന്നേ ഒന്നേ (86)

3. ഗൃഹോത്സവം – ആ...ഈ... (257)

2. ഗൃഹാചാരസംബന്ധിയായവ – നാലകത്ത് (259), അക്കരെ (255)

3. അനാചാരസംബന്ധിയായവ – ഒരിക്കത്തെടാ ... (പേജ് 317)

4. വിശ്വാസസംബന്ധിയായവ – കാലീനെനോക്ക്ണ (413)

*3. സാമൂഹ്യവീക്ഷണം നൽകുന്നവ* – ഗോവിന്ദ (478), ആലായാൽ (479)

*4. ദാരിദ്ര്യം* – തലകെട്ടഴിഞ്ഞി ... (95), മയപെയ്ത് ... (261)

*5. കുട്ടികളെ സംബന്ധിക്കുന്നത്* – കുട്ടീടെ ... (476), കുഞ്ഞി (379)

*6. ആഹാരം*

1. പാചകം – ദോശനല്ല... (378) ഡം പടം പപ്പടം ...(163)

2. സദ്യ – അടക്ക ... (പേജ് 308), കട്ടുറുമ്പിന്റെ ... (311)

## 5. മനസ്സ് (മന:ശാസ്ത്രം)

ഇന്ന് ഏറെ വികസിതമായ ഒരു ശാസ്ത്രശാഖയാണ് മനഃശാസ്ത്രം. വ്യക്തിയുടെയും സമൂഹത്തിന്റെയും മനഃശാസ്ത്രത്തെ വെളിപ്പെടുന്ന തരത്തിലുള്ള

നാടൻകുട്ടിപ്പാട്ടുകളു്. അവയെ കത്തുകയാണിവിടെ. വിവിധ സന്ദർഭങ്ങളിൽ വ്യക്തിയുടെയും സമൂഹത്തിന്റെയും മനോഭാവങ്ങളെയും വീക്ഷണങ്ങളെയും പെരുമാറ്റരീതികൾ പ്രത്യക്ഷീകരിക്കുന്നു. ഇങ്ങനെ വ്യക്തിയുടെ മനസ്സിനെ ചിത്രീ കരിക്കുന്നവയും വ്യക്തിയിലൂടെ ഒരു സമൂഹത്തിന്റെ പൊതുസ്വഭാവത്തെ പ്രതിഫ ലിപ്പിക്കുന്നതുമായ നാടൻകുട്ടിപ്പാട്ടുകളെയാണ് ഇവിടെ പരാമർശിച്ചിരിക്കുന്നത്.

1. സമൂഹമനഃശാസ്ത്രം – ചക്കരച്ചേട്ടനു(366), എന്റെ മകനുണ്ണി(365)
2. വ്യക്തിമനഃശാസ്ത്രം – കറുപ്പ്മ്മേ ... (365), ചക്കൈടെ.. (357)

**6. വീട്**

കുട്ടിക്ക് ഏറ്റവും പരിചിതമായ ഇടമാണ് ഗൃഹവും പരിസരവും ഈ വസ്തുത നാടൻകുട്ടിപ്പാട്ടുകളിലും ദൃശ്യമാണ്. ഗൃഹസംബന്ധിയായ പാട്ടുകളാണ് ഇവിടെ പരാമർശിക്കുന്നത്.

1. അമ്മയെ (385), അച്ചാ (393), അടയുഠോ (474).

**7. തൊഴിൽ**

ഒരു ജനതയുടെ സംസ്കാരം രൂപപ്പെടുത്തിയെടുക്കുന്നതിൽ തൊഴിലിനും തദനുബന്ധജീവിതത്തിനും വലിയപങ്കു്. തൊഴിൽ പരമ്പരാഗതമായി തുടർന്ന ഒരു കാലഘട്ടത്തിൽ തൊഴിൽ പരിചയപ്പെടുത്താനും അത് നിലനിർത്തേതിന്റെ ആവശ്യ കതയെ ബോധ്യപ്പെടുത്താനും മുതിർന്നവർ അഥവാ രക്ഷിതാക്കൾ ശ്രമിച്ചിരുന്നു. തൊഴിൽസംബന്ധമായ ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകിയിരുന്നു. തൊഴിൽ പരിചയപ്പെടുത്തുന്നതും നൈപുണീവികസനത്തിനും തദനുബന്ധവിഷയ ങ്ങളെ കൈകാര്യം ചെയ്യുന്നതുമായ നാടൻകുട്ടിപ്പാട്ടുകളെയാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൃഷി, കന്നുകാലി വളർത്തൽ, വട്ടിനിർമ്മാണം, നായാട്ട്, പാറപൊട്ടിച്ച് കിണറ് കുഴിക്കൽ, ഭാരോധ്വഹനം, വഞ്ചിതുഴയൽ, കച്ചവടം, പാനെയ്ത്ത്, വൈദ്യം, കാവൽ, കിളിവളർത്തൽ, പാചകം തുടങ്ങിയ സാധാരണ ക്കാരുടെ തൊഴിലുകളെ ഇതിൽ പരാമർശിക്കുന്നു. മാരാന്മാരുടെ വാദ്യമേളം, ജന ങ്ങളെ വിസ്മയിപ്പിക്കുന്നതായി അവകാശപ്പെടുന്ന പാമ്പാട്ടിപ്പണി, അമ്പലവാസിക ളായ വാര്യർ, നമ്പൂതിരി വിഭാഗക്കാരുടെ മാലകെട്ടൽ, പൂജ തുടങ്ങിയവയും ഇതിൽ കാണുന്നു.

1. കൃഷി – കന്നുപൂട്ടെട.. (402), ആലപ്പുഴയ്ക്കു (400)
2. കന്നുകാലിവളർത്തൽ – കാരിച്ചിപ്പയ്യേ (415), കാലീനെ ... (413)

3. വട്ടിനിർമ്മാണം – രേരടിയെന്റപ്പാ (419), ചാമ്പക്കായലീ ... (421)
4. നായാട്ട് – ഒന്നാം കൂരി (179), അന്നം ചിന്നം (422)
5. പാറപൊട്ടിയ്ക്കൽ – പാറയ്ക്കിട്ടടി... (424)
6. ഭാരോധ്വഹനം – ഏലേസാ ... (426), താരിളം (425)
7. വഞ്ചിതുഴയൽ – തിത്തോം ... (431), തെയ് തെയ് തക.. (430)
8. മാല കെട്ടൽ – ഇന്നലെ (433)
9. പൂജ – വളരുന്നങ്ങനെ ... (434)
10. പാനെയ്ത്ത് – ഒന്നാനാം പാൽക്കടൽ (77)
11. കച്ചവടം – ഏയ് കാക്ക (434)
12. വാദ്യമേളം – ആരാണാ പോകുന്നേ (112)
13. പാമ്പാട്ടി – ആട്ടീ പാട്ടീ (449)
14. വൈദ്യം – എട എട ലാടാ (447)
15. കാവൽ – മേമല (446), കറുത്തപെണ്ണേ (443)
16. കിളിവളർത്തൽ – തിത്താരോ തെയ്താരോ (437)
17. പാചകം – പുത്തേരേ (439)

**8. വാത്സല്യം**

കുഞ്ഞ് ഓരോ വീട്ടിലെയും വാത്സല്യഭാജനമായിരിക്കും. അമ്മ, മുത്തശ്ശി തുടങ്ങിയ സ്ത്രീജനങ്ങളാണ് അവരെ വളർത്തുന്നത് (ഇന്ന് പല കാരണങ്ങളാൽ ഈ ധർമ്മം നിർവ്വഹിക്കുന്നത് ആയയോ അതിനായി നിയോഗിക്കപ്പെടുന്നവരോ ആണ് എന്ന യാഥാർത്ഥ്യത്തെ നിഷേധിക്കുന്നില്ല). അവരുടെ സ്നേഹവാത്സല്യങ്ങൾ അനുഭവിച്ചു വളരുന്ന കുട്ടിക്ക് നാടൻകഥകളും പാട്ടുകളും സാഹിത്യാഭിരുചിയും സംഗീതബോധവും ഭാവനയും വളർത്തുന്നു. താരാട്ട് ആത്മഹർഷമാകുന്നു. ഇത്തരം താരാട്ടുപാട്ടുകളും മുത്തശ്ശിപ്പാട്ടുകളുമാണ് ഈ ഭാഗത്ത് ചേർത്തിരിക്കുന്നത്. താരാട്ടുപാട്ടുകളുടെ ഉള്ളടക്കത്തെ അടിസ്ഥാനമാക്കി പുരാണം, ക്ഷേത്രപരം, മതപരം, സാമൂഹ്യം, ഭാവന, വാത്സല്യം, വിനോദം, പരിഭവം എന്നിങ്ങനെയും മുത്തശ്ശിപ്പാട്ടുകളെ സംഭാഷണം, കഥ, കളി, പരിഭവം എന്നിങ്ങനെയും വിഭജിച്ചിരിക്കുന്നു.

*1. താരാട്ട്*

1. പുരാണം – അമ്പാടിതന്നി .. (451), ആനത്തല (453)
2. ക്ഷേത്രപരം – തൃച്ചംബരം (454)
3. മതപരം – അഹതമരത്തിൽ (457)
4. സാമൂഹ്യം – എന്മകാനൊര (462), രാരീരം .. (460)
5. ഭാവനാപരം – കുഞ്ഞിന്റെ (458), വന്നുദിച്ചേ (290)
6. വാത്സല്യം – എൻ മഹന്ക്ക് (466), ബാവാവോ ... (465)
7. വിനോദം – വന്നുദിച്ചേ ... (290), റ്റിറ്റ രാരിരോ (464)
8. പരിഭവം – കുട്ടാ കുട്ടാ (പേജ് 45), രാരീരം (463)

*2. മുത്തശ്ശിപ്പാട്ട്*

1. സംഭാഷണപ്പാട്ട് – എങ്ങ്ട്ട് പോണൂ (473), അടയുരോ ... (474)
2. കഥാപ്പാട്ട് – കണ്ണനെ ... (450), കൊച്ചുകു ... (162)
3. കളിപ്പാട്ട് – തപ്പോ ... (പേജ് 263), അപ്പോം ചുട്ട് .. (പേജ് 271)
4. പരിഭവം – കാക്ക കരയുമ്പം (477), കുട്ടീന്റ്യമ്മ (468)

## 9. ഉപദേശം

മുതിർന്നവർ കുട്ടികളെ ഉപദേശിക്കാറുണ്ട്. അവരെ നേർവഴിക്ക് നയിക്കുകയും അപകടങ്ങളിൽപ്പെടാതെ രക്ഷപ്പെടുത്തുകയുമാണ് പ്രധാന ഉദ്ദേശ്യം. സ്വഭാവഗുണങ്ങളെ വളർത്തി ഉത്തമനായ പൗരനാക്കാൻ വേണ്ട ആദർശങ്ങൾ പകരുന്നു. ഇവിടെ മുതിർന്നവർക്കിടയിലോ സമപ്രായക്കാരായ കുട്ടായ്മക്കിടയിലോ ഉായിട്ടുള്ള ഉപദേശപരങ്ങളായ നാടൻകുട്ടിപ്പാട്ടുകളെയാണ് കത്തെിയിട്ടുള്ളത്. അവയെ അപകടസൂചന നൽകുന്നവ, സ്വഭാവഗുണം വളർത്തുന്നവ, ആദർശങ്ങൾ പകരുന്നവ എന്നിങ്ങനെ മൂന്നായിത്തിരിച്ചിരിക്കുന്നു.

1. അപകടസൂചന നൽകുന്നവ – ആരാരുമ്പ ... (485), താരിളം (425)
2. സ്വഭാവഗുണം വളർത്താനുതകുന്നവ–ഗോവിന്ദാ (478), അഞ്ചു (482)
3. സന്ദേശങ്ങൾ/ആദർശങ്ങൾ പകരുന്നവ–വേശ (481), ആലായാ.. (479)

## 10. തെറി

തെറിപ്പാട്ടുകളെ നാടൻപാട്ടുകൾ എന്ന ഭാഗത്ത് വിശദീകരിച്ചിട്ടുണ്ട്. ഇവിടെ കുട്ടികളുടെ കളിപ്പാട്ടുകളിലും മറ്റും കാണുന്ന തെറിയംശങ്ങൾ ഉള്ള പാട്ടുകളെ കത്തെുകയാണ് ചെയ്തിട്ടുള്ളത്.

1. ആരാനയിലെ .. (486), അക്കരെയിക്കരെ (487).

## 11. ഗണിതം

ഗണിതവും ഗണിതകേളികളും ജീവിതത്തിന്റെ ഭാഗമാണ്. ഇതുപോലെ നാടൻകുട്ടിപ്പാട്ടുകളിലും ഗണിതവുമായി ബന്ധപ്പെട്ട ധാരാളം പാട്ടുകളുണ്ട്. ഇവയെ സംഖ്യാപരപ്പാട്ടുകൾ എന്നും ഒന്ന് മുതൽ പത്ത് വരെയുള്ള സംഖ്യകളെ മാത്രം മാറ്റി മറ്റ് പദങ്ങൾ ആവർത്തിക്കുന്ന തരത്തിലുള്ളവയെ പത്തടിപ്പാട്ടുകൾ എന്നും വേർതിരിക്കുന്നു.

1. സംഖ്യാപരപ്പാട്ടുകൾ – ദോശ നല്ല (378), അത്തിപ്പൊത്തിൽ (495)
2. പത്തടിപ്പാട്ടുകൾ – ഒന്നാനാംകുന്നിന്മേൽ (492), ഒന്നാമനോടി (494)

## 12. അനുഷ്ഠാനം

ആചാരാനുഷ്ഠാനങ്ങൾ ഓരോ കൂട്ടായ്മയുടെയും ജീവിതത്തിന്റെ ഭാഗമാണ്. കുട്ടികളുമായി ബന്ധപ്പെട്ട് നില്ക്കുന്ന അനുഷ്ഠാനങ്ങൾ കുറവാണ്. എങ്കിലും

മലയർ കുട്ടികൾക്ക് ബാധ, കണ്ണേറ് തുടങ്ങിയവ ഏൽക്കാതിരിക്കാനായി പ ാടുന്ന പാട്ട് അനുഷ്ഠാനപരമാണ്. ഇവർക്കിടയിൽത്തന്നെ കാണുന്ന നവജാതശി ശുവിനെ മടിയിൽ കിടത്തിക്കൊ് അമ്മ അവന്റെ ആയുസ്സിനും ആരോഗ്യത്തിനും വേി പ്രാർത്ഥിക്കുന്ന 'സൂതികാകർമ്മ'ത്തിനുപയോഗിക്കുന്ന പാട്ടും ഈ വിഭാഗ ത്തിൽപ്പെടുന്നു.

1. വക്കനോ ബാധമാനോ .. (498), ഹരിയെന്നേ ... (499).

**13. ചരിത്രം**

ഒരു നാടിന്റെ ചരിത്രം സാഹിത്യത്തിൽ കാണാം. നാടൻകുട്ടിപ്പാട്ടുകളിലും ധാരാളം ചരിത്രാംശങ്ങൾ ഉ്. എന്നാൽ ചരിത്ര പ്രസിദ്ധമായ കാരണങ്ങളാൽ ഉ ായ നാടൻകുട്ടിപ്പാട്ടുകളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഉദാഹരണമായി ക്ഷേ ത്രപ്രവേശനവിളംബരത്തിന് ശേഷം ആദ്യമായി തിരുവനന്തപുരം പത്മനാഭസ്വാമി ക്ഷേത്രത്തിൽപ്പോയ അടിയാള അമ്മ തന്റെ കുട്ടിക്ക് ആ അനുഭവം വിവരി ക്കുന്ന പാട്ട്. എഡി. 1400 മുതൽ വാണിജ്യകേന്ദ്രമെന്ന നിലയിൽ പ്രസിദ്ധമായ കൊച്ചിയെക്കുറിക്കുന്ന പാട്ടുകൾ.

1. തന്തോയം (501), കൊച്ചി (500).

**കകക.** സമൂഹഘടനയുടെ വളർച്ചയിൽ ഉത്പാദനബന്ധങ്ങൾക്കും അതത് കാലങ്ങളിൽ രൂപപ്പെടുന്ന ആശയസംഹിതകൾക്കും പ്രധാനപങ്ക് വഹി ക്കാനു്. സമൂഹവ്യവസ്ഥയുടെ ഭാഗമായ രാഷ്ട്രീയവും സാമ്പത്തികവിനി യോഗവും അധികാരവും പലപ്പോഴും സമൂഹത്തെ പല തട്ടുകളാക്കി മാറ്റി. കേരളത്തിലെ ജാതിവ്യവസ്ഥയെക്കുറിച്ചുള്ള ചർച്ച ഇതിന്റെ ഉത്തമോദാഹര ണമാണ്.

പ്രാചീനതമിഴ് കൃതികളിൽ തിണകളുമായി ബന്ധപ്പെട്ട്, തൊഴിലനുസൃത മായി ജാതിതിരിച്ചിരുന്നു എന്നു കാണുന്നു. ജാതീയ ഉച്ചനീചത്വങ്ങളോ ഭരണവ്യവ സ്ഥയോ നിലനിന്നിരുന്നില്ല. ഗോത്രീയ ജീവിതരീതിയായിരുന്നു സമൂഹത്തിൽ നിലനിന്നിരുന്നത്. എന്നാൽ കാർഷികസമുദായങ്ങളുടെയും നാടുകളുടെയും വളർച്ച, ജീവികാസമ്പാദനത്തിലെ സങ്കീർണ്ണതകൾ, സമൂഹബന്ധങ്ങളിൽ വന്ന മാറ്റം, ഉല്പന്നങ്ങളുടെ പുനർവിതരണസമ്പ്രദായം തുടങ്ങിയവ സാമൂഹ്യഘടന യിൽ വലിയ മാറ്റങ്ങൾ വരുത്തി. പ്രാദേശിക ജനവിഭാഗങ്ങളിൽ ധ്രുവീകരണത്തിന് വഴിയൊരുക്കി.

ബ്രാഹ്മണസംസ്കാരത്തിന്റെ ഇടപെടലുകളാണ് ജാതിവ്യവസ്ഥയെ സൃഷ്ടിച്ചത് എന്ന ഒരു വാദമു്. സംഘകാലത്തിന് ശേഷം ഉയർന്നുവന്ന തൊഴിൽക്കൂട്ടായ്മകളെക്കുറിച്ചുള്ള പഠനം മറ്റൊരു ദിശയിലേക്ക് നയിക്കുന്നു. വിഭവസമാഹരണങ്ങളുടെയും ഉല്പാദനവിതരണരൂപങ്ങളുയെടും വളർച്ച ഗോത്രക്കൂട്ടായ്മകളെ വീം വിഭജിക്കുന്നതിനിടയാക്കി. പഴയഗോത്രസമൂഹങ്ങൾ തകരുകയും പുതിയ തൊഴിൽക്കൂട്ടായ്മകൾ രൂപപ്പെടുകയും ചെയ്തു. ഉദാ:- തെങ്ങുകൃഷിയുമായി ബന്ധപ്പെട്ട് ഈഴവർ, തീയ്യർ, ചേവർ തുടങ്ങിയവർ, പനകൃഷിയുമായി ബന്ധപ്പെട്ട് നാടായന്മാർ, ചാന്റാർ, എണ്ണയാട്ടുന്നവർ, വാണിയർ, നെയ്ത്തുകാർ, ചാലിയർ, തച്ചൻ, തട്ടാൻ, കൊല്ലൻ, കുശവൻ തുടങ്ങിയവർ. ഇവർ ഗോത്രസമൂഹങ്ങളുടെ ഭാഗമായ തലമുറക്രമങ്ങളും സ്വത്വത്തെ നിലനിർത്താനുള്ള ആചാരാനുഷ്ഠാനങ്ങളും നിലനിർത്തി. അങ്ങനെ ഓരോ തൊഴിൽക്കൂട്ടായ്മക്കുള്ളിലും നിരവധി കുലങ്ങൾ നിലനിന്നു. ഭൂവുടമബന്ധങ്ങളും ഉല്പാദനരൂപങ്ങളുടെ മേലുള്ള അവകാശങ്ങളും വളർന്നുവന്നപ്പോൾ ദായക്രമത്തിന് പ്രാധാന്യം വർധിച്ചു. കുലങ്ങളുടെ സ്വത്തുടമസ്ഥാവകാശങ്ങൾ നിലനിർത്താനായി മക്കത്തായ മരുമക്കത്തായങ്ങൾ ശക്തമായി.

ക്ഷേത്രങ്ങളുടെയും, ശാന്തി, കഴകം, ഭരണകർത്താക്കളായ പൊതുവാൾമാർ തുടങ്ങിയ വിഭാഗങ്ങളുടെയും വളർച്ച, നാടുവാഴികളുടെയും അവരുടെ സേവകവൃന്ദങ്ങളുടെയും വളർച്ച തുടങ്ങിയവ അധികാരം കയ്യാളുന്ന ഒരു വിഭാഗത്തിന് വഴിയൊരുക്കി. യുദ്ധങ്ങൾ സാർവ്വത്രികമായപ്പോൾ പടനയിക്കുന്നവർക്ക് ഉന്നതസ്ഥാനമാനങ്ങൾ കല്പിക്കുന്ന രീതി വന്നു. ബ്രാഹ്മണസംസ്കാരത്തിന്റെ ഇടപെടലുകൾ ജാതിവ്യവസ്ഥയെ ശക്തമാക്കി. ജാതിപരമ്പരാഗതമായി തുടർന്നപ്പോൾ തൊഴിൽ പരമ്പരാഗതമായി നിശ്ചയിക്കപ്പെട്ടു. തദനുസൃതമായ വിദ്യാഭ്യാസരീതികൾ നിലവിൽവന്നു. 'ഗോത്രസമൂഹാടിത്തറയുള്ള നാടുവാഴികളുടെ അധികാരങ്ങൾക്ക് ആശയസംഹിത സൃഷ്ടിച്ചത് ബ്രാഹ്മണരായിരുന്നു. വർണ്ണധർമ്മങ്ങൾ ഈ ആശയസംഹിതയുടെ ശക്തമായ രൂപമായിരുന്നു.'[21]

നാടുവാഴികളും അവരുടെ കുലങ്ങളും ഉൽപാദനം നടത്തിപ്പോന്ന കൂട്ടായ്മകളെ അടിച്ചമർത്തി അവരിൽ നിന്ന് മിച്ച ഉൽപന്നം സംഭരിച്ചു. കൈത്തൊഴിൽകാരെയും മറ്റ് സേവകവിഭാഗങ്ങളെയും അടിയാളരാക്കി മാറ്റി. ഈ പ്രക്രിയക്ക് നീതീകരണം നൽകിയ ഉപദേഷ്ടാക്കളായ ബ്രാഹ്മണർ വർണവ്യവസ്ഥയുടെയും വർണധർമ്മങ്ങളുടെയും ഉപയോഗംവഴി നിലവിലുായിരുന്ന ജാതികൾക്ക് ഉച്ചനീചത്വത്തിന്റെ ശക്തമായ ചട്ടക്കൂട് നൽകാൻ ശ്രമിച്ചു. ഗോത്രവ്യവസ്ഥയുടെ ഭാഗമായിരുന്ന ശുദ്ധാശുദ്ധസങ്കല്പങ്ങളെ സമൂഹനിയന്ത്രണത്തിനുള്ള ഘടകങ്ങളാക്കി

മാറ്റി. സമൂഹത്തിലെ വിവിധവിഭാഗങ്ങളുടെ പദവിയനുസരിച്ച് ബ്രാഹ്മണർ തങ്ങൾക്കുാകുന്ന അശുദ്ധിയുടെ സ്വഭാവം നിർണ്ണയിച്ചു. ഉദാ:- ക്ഷത്രിയന് 12 അടി, നായർ 24 അടി, കമ്മാളർ 36 അടി, ഈഴവർ 48 അടി, പറയൻ 60 അടി തുടങ്ങിയ ജാത്യാചാരങ്ങൾ പാലിക്കണമെന്ന് നിഷ്കർഷിച്ചു. പുതിയ ഉല്പാദന ബന്ധ ങ്ങൾക്കനുസൃതമായി ലംബമാനമായ ശ്രേണീബന്ധങ്ങൾ നിശ്ചയിക്കപ്പെടുകയും വിവിധ തട്ടുകൾ തമ്മിൽ ആശ്രിതബന്ധങ്ങൾ വളർന്നുവരികയും ചെയ്തു. അധ്വാനിക്കുന്ന ജനവിഭാഗം ഏറ്റവും അടിത്തട്ടിലായിരിക്കുമെന്ന് ഉറപ്പ് വരുത്ത പ്പെട്ടു. ഓരോ ജാതിക്കും ഫ്യൂഡൽ ആശ്രിതബന്ധങ്ങളിൽ അവരുടെ സ്വത്വം നിർവ ചിക്കുന്നതിന് തീലിന്റെ ആശയസംഹിത ആധാരമായി. സാമൂഹ്യ ഔന്നത്യനിർണ്ണ യം, മറ്റു ജാതിയിൽ നിന്നുള്ള അകൽച്ചയുടെ അളവ് നിർണ്ണയം തുടങ്ങിയവ ജാതീയ ഉച്ചനീചത്വബോധത്തെ ശക്തമാക്കി. അനുഷ്ഠാനാധിപത്യം അവകാ ശപ്പെട്ടിരുന്ന ബ്രാഹ്മണർ തീാപ്പാടിന്റെ കേന്ദ്രസ്ഥാനമായി.

ക്ഷേത്രങ്ങൾ സമൂഹത്തിന്റെ കേന്ദ്രസ്ഥാനമായപ്പോൾ ഭരണാധികാരികളും സാധാരണജനങ്ങളും ഒട്ടനവധി വസ്തുക്കളും പണവും ക്ഷേത്രത്തിന് ദാനം ചെയ്തു. അവ ദേവസ്വമെന്നറിയപ്പട്ടു. ബ്രാഹ്മണപ്രീതി വിശ്വാസവുമായി ബന്ധപ്പെ ടുത്തി. അവർക്ക് ദാനം ലഭിച്ചവ ബ്രഹ്മസ്വമായി അറിയപ്പെട്ടു. എ.ഡി. ആയിരാമാേ ാടെ ആരംഭിച്ച ചേരചോളയുദ്ധങ്ങൾ സാമൂഹിക സാമ്പത്തിക സ്ഥിതികൾ മാറ്റിമറി ച്ചു. ദേവസ്വം ബ്രഹ്മസ്വമായി മാറി. ക്ഷേത്രസ്വത്തുക്കളുടെ അധീശത്വം ബ്രാഹ്മണ രിൽ നിക്ഷിപ്തമായി. ഊരാൺമാവകാശം പാരമ്പര്യവഴിക്കായിത്തീർന്നു. 'ജന്മാവ കാശമുള്ള വസ്തുക്കൾ അനുഭവിക്കുന്ന ആൾ'[22] ജന്മിയായി. ഒരു സാമൂഹ്യവ്യവ സ്ഥിതി എന്ന നിലക്ക് ജന്മിസമ്പ്രദായം ശക്തമായി. 'വൈദേശികമോ ആഭ്യന്തരമോ ആയ ആക്രമണമുായാൽ സേവനമനുഷ്ഠിക്കാമെന്ന ധാരണയിൽ വസ്തുസംരക്ഷ ണത്തിന് മറ്റാളുകളെ ഏല്പിക്കുന്ന സമ്പ്രദായവും ജന്മിത്വത്തിന് നിദാനമായി '[23].

നാടുവാഴിത്തത്തിന്റെ വികാസവും ആഭ്യന്തരപ്രശ്നങ്ങളും ജന്മികളുടെ ബുദ്ധിപരമായ അധീശത്വവും ഭരണസ്വാധീനവും കൂടിയായപ്പോൾ സമൂഹത്തിലെ ഉന്നതർ സവർണ്ണനെന്നും അടിസ്ഥാനവർഗ്ഗം അവർണനെന്നുമുള്ള കാഴ്ചപ്പാടുകൾ കൂടുതൽ ശക്തമായി. ബ്രാഹ്മണരുടെ സംബന്ധവ്യവസ്ഥ ഭരണാധികാരികളുമായി രക്തബന്ധം സ്ഥാപിക്കാൻ പര്യാപ്തമായി. അധികാരവ്യാപ്തി വർദ്ധിപ്പിക്കാനും സാമ്പത്തികാധീശത്വം സ്ഥാപിക്കാനും അങ്ങനെ ജന്മികൾക്ക് സാധിച്ചു. സവർണ- അവർണ്ണ ധ്രുവീകരണം കൂടുതൽ ശക്തമായി. വിവിധകാരങ്ങളാൽ ഇസ്ലാം, കൃസ്ത്യൻമതവിഭാഗങ്ങളിൽ എത്തപ്പെട്ട തദ്ദേശീയർ ഈ ചട്ടക്കൂടിനപ്പുറത്ത് ജീവി ച്ചു. ഈയൊരു സാഹചര്യത്തെ മുൻനിർത്തി കേരളത്തിലെ സാമൂഹിക

ചുറ്റുപാടുകളെയും ജന്മികുടിയാൻ വ്യവസ്ഥയെയും സാമൂഹ്യരാഷ്ട്രീയ സ്ഥിതികളെയും കണക്കിലെടുത്ത് നാടൻകുട്ടിപ്പാട്ടുകളെ അവയുടെ ഉള്ളടക്കത്തിനനുസൃതമായി ഇങ്ങനെ വേർതിരിക്കാം.

1. ജന്മി–കുടിയാൻ – തലകെട്ടഴിഞ്ഞിട്ടും (95), അപ്പന്റെ (321)
2. സവർണ്ണം – ചാഞ്ചാടുണ്ണി (പേജ് 279), തപ്പോ തപ്പോ (പേജ് 263)
3. അവർണ്ണം – പെയ്യട്ടെ മയ പെയ്യട്ടെ (പേജ് 315–1,2), തള്ളേ തള്ളേ (325)
4. പുറത്തുള്ളവ – അന്നന്നു കന്നിമാർ (260), നാലകത്ത് (259)

**കഡ.** ഏതുതരം സാമൂഹ്യവ്യവസ്ഥിതിയായാലും ഒരു കുഞ്ഞ് വളർന്ന് മുതിരുമ്പോൾ മാനസികമായി നേടുന്ന ജീവിതാവബോധത്തിന്റെ ഉറവിടം ബാഹ്യലോകമായിരിക്കും. നാടൻകുട്ടിപ്പാട്ടുകൾ അവയെങ്ങനെ പ്രതിഫലിപ്പിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ അവയെ ആറു ഗണത്തിൽപ്പെടുത്താം.

1. കളി (ഴമാല)
2. അറിവ് (സിീംഹലഠഴല)
3. നിരീക്ഷണം (ീയലെൃ്മശേീ)
4. സാമൂഹ്യാവബോധം (ീരശമഹ മംമൃലിലൈ)
5. തൊഴിലറിവ് (ഹമയീൗൃ സിശഹഹ)
6. അനുഷ്ഠാനബോധം (്യശഢേമഹ ടീിരെശീൗിലൈ)

**1. കളി** (game)

കളി ശിശുസഹജമാണ്. കുട്ടിയുടെ വളർച്ചാഘട്ടങ്ങളിൽ സാന്ദർഭികമായി വരുന്ന വിനോദപ്രദങ്ങളായ കളികൾ ഉൾക്കൊള്ളുന്ന ധാരാളം നാടൻകുട്ടിപ്പാട്ടുകൾ ഉ്. കുട്ടിക്കളികളിലെ അനുകരണാഭിനയങ്ങളിലൂടെ ആർജ്ജിച്ചെടുക്കുന്ന ഭാവനയും പരമ്പരാഗതമൂല്യങ്ങളും ഉൾച്ചേരുമ്പോൾ വികസിതമാകുന്ന കുട്ടിക്കലകളും അതുമായി ബന്ധപ്പെട്ട പാട്ടുകളും കളിയുടെ ഭാഗം തന്നെയാണ്. ഭാഷണവികാസത്തിന്റെ വിവിധഘട്ടങ്ങളിലൂടെ കടന്നുപോകുന്ന കുട്ടിയിൽ സംഭാഷണചാതുരിയും ഉച്ചാരണ ക്രമീകരണങ്ങളും സഹൃദയത്വവും വളർത്തുന്ന നാടൻ കുട്ടിപ്പാട്ടുകളും ചുരുക്കമല്ല. സാമൂഹ്യചുറ്റുപാടുകളിൽ വ്യവഹരിക്കപ്പെടുന്ന കുട്ടിയിൽ അവന്റെ ആശയങ്ങളും നിജസ്ഥിതിയും തമ്മിലുള്ള പൊരുത്തങ്ങളും പൊരുത്തക്കേടുകളും ചിരി ഉണർത്തുന്നു. നർമ്മം തുളുമ്പുന്ന ഇത്തരം ജീവിത സന്ദർഭ

ങ്ങളെ പ്രതിഫലിപ്പിക്കുന്ന പാട്ടുകളും നാടൻകുട്ടിപ്പാട്ടുകളിൽ കാണാം. മുഖ്യമായും കളിയുടെ ഭാഗമായി പ്രകാശിപ്പിക്കപ്പെടുന്ന ഇത്തരം നാടൻകുട്ടിപ്പാട്ടുകളെയാണ് ഈ ഗണത്തിൽപ്പെടുത്തിയിരിക്കുന്നത്.

1. അപ്പോം ചുട്ട് (പേജ് 271), പൂപറിയ്ക്കാൻ (56), ഡും ഡും മാലാഖ (45), സൈനബാ (19), ഒന്നാനാം കരിമല (96), ഒന്നേ ഒന്നേ പോൽ (86), ചെക്കാരൻ (115), അയ്യയ്യയ്യയ്യാ.... (124), ആലത്തൂരെ (135). ആലത്തൂരമ്മിണി (191), ശങ്കരനെന്ത്യേ (183).

## 2. **അറിവ്** (knowledge)

കുട്ടിയുടെ വളർച്ചയിൽ സ്വാഭാവികമായോ ബോധപൂർവ്വമോ ഉൾച്ചേർക്കപ്പെടുന്ന വൈവിധ്യമാർന്ന ജീവിതസന്ദർഭങ്ങൾ അറിവ് പ്രദാനം ചെയ്യുന്നു. പ്രകൃതിയും അതിലെ ജീവീയ-അജീവീയഘടകങ്ങളും കുട്ടിയിൽ സ്വയം പഠനത്തിനുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നു. കുട്ടിക്ക് ഏറ്റവും പരിചിതമായ വീട്, ചുറ്റുപാടുകൾ, ഇടപഴകാറുള്ള വ്യക്തികൾ, അവരുടെ സ്വഭാവരീതികൾ തുടങ്ങിയവ അറിവിന്റെ വിശാലലോകത്തെ പകരുന്നു. അമ്മ, മുത്തശ്ശി തുടങ്ങിയവരുടെ ഇടപെടലുകൾ, ഉപദേശങ്ങൾ, ആശയാദർശങ്ങൾ തുടങ്ങിയവ കൈമാറുന്നതരത്തിലുള്ള നാടൻകുട്ടിപ്പാട്ടുകൾ അറിവിന്റെ ഖനികളാണ്.

1. അമ്മയെ (385), ഉരുളിയുര്ള്ണ് (262), മണ്ണേ നമ്പി (284), ആരാരു (485), വേശങ്ങൾ (481), ഗോവിന്ദ (478)

## 3. **നിരീക്ഷണം** (observation)

കുട്ടിയുടെ ജീവിതത്തിലുടനീളം ജിജ്ഞാസയും അന്വേഷണത്വരയും നിരീക്ഷണപടുതയും ദൃശ്യമാണ്. അവൻ ഇടപഴകുന്ന ഇടങ്ങൾ സാമൂഹികസന്ദർഭങ്ങൾ വ്യക്തികൾ തുടങ്ങിയവയിലെല്ലാം അവന്റെ നിരീക്ഷണങ്ങൾ ഉൾച്ചേരുന്നു. ഇത്തരം ധാരാളം നാടൻകുട്ടിപ്പാട്ടുകൾ ലഭ്യമാണ്.

1. കൊച്ചീന്നൊരു (154), ദോശനല്ല (378), ഒരിയ്ക്കത്തൊട്ട (പേജ് 317), കേശവനാശ (പേജ് 287), കണ്ണടമൂക്കത്ത് (177), അപ്പം ചുട് (156)

## 4. **സാമൂഹ്യാവബോധം** (social awareness)

മനുഷ്യൻ സാമൂഹ്യജീവിയാണ്. സാമൂഹ്യാവബോധവും കാഴ്ചപ്പാടും രൂപീകരിക്കപ്പെടുന്നത് കുട്ടിക്കാലത്തുള്ള ജീവിതവും അനുഭവസമ്പത്തുമാണ്. ഒരു വ്യക്തി വ്യക്തിയായും സമൂഹത്തിന്റെ ഭാഗമായും ജീവിക്കുമ്പോൾ അതതു സമൂഹത്തിന്റെ ആചാരാനുഷ്ഠാനങ്ങളും ആശയാദർശങ്ങളും തത്വസംഹിതകളും ജീവിതാവബോധവും അവനിൽ സാമൂഹ്യമായ കാഴ്ചപ്പാട് രൂപീകരിക്കാൻ പൂരകഘടകമായി വർത്തിക്കുന്നു. സാമൂഹ്യാവസ്ഥ, ഘടന, ജീവിതരീതി, സാമ്പത്തികരാഷ്ട്രീയചുറ്റുപാടുകൾ തുടങ്ങിയവും ജീവിതവീക്ഷണവും സാമൂഹ്യാവബോധത്തെ

സ്വാധീനിക്കുന്നു. കുട്ടിയിലെ സാമൂഹ്യാവബോധത്തെ വെളിപ്പെടുത്തുന്നതും സാമൂഹ്യാവബോധസമാർജ്ജനത്തിന് പര്യാപ്തമായതുമായ നാടൻകുട്ടിപ്പാട്ടുകളെ യാണ് ഈ ഗണത്തിൽപ്പെടുത്തിയിട്ടുള്ളത്.

1. അമ്മയെയൊ (385), തള്ളേ തള്ളേ (325), ചന്തത്തിൽ മുറ്റവും (318), തല കെട്ടഴി (95), നൊണച്ചി (335), കാലീനെ (413), ആലായാൽ (479)

**5. തൊഴിലറിവ്** (labour skill)

ഒരു ജനതയുടെ സംസ്കാരം രൂപപ്പെടുത്തിയെടുക്കുന്നതിൽ തൊഴിലിനും തദനുബന്ധ ജീവിതത്തിനും വലിയ പങ്കു്. തൊഴിൽ ഒരു നൈപുണിയാണ്. ശാരീരി കാധ്വാനത്തിനും മാനസികമായ ഉണർവ്വിനും ആവശ്യകതാബോധത്തിനുമനുസ രിച്ച് തൊഴിലിനോടുള്ള ആഭിമുഖ്യം കുട്ടിയിൽ വളരുന്നു. കുട്ടിയുടെ ചുറ്റുപാടു കളും കുടുംബത്തിലെ മുതിർന്നവരുടെ തൊഴിലുകളും സാമൂഹ്യസാമ്പത്തികാവ സ്ഥകളും തൊഴിലിനോടുള്ള ആഗ്രഹത്തെ ഉണർത്താൻ സഹായിക്കുന്നു. തൊഴിൽ പരമ്പരാഗതമായി തുടർന്ന ഒരു കാലഘട്ടത്തെ പരിചയപ്പെടുത്താനും നിലനിർത്തേതിന്റെ ആവശ്യകതയെ ബോധ്യപ്പെടുത്താനുമുള്ള ബോധപൂർവ്വമായ ഒരു ശ്രമം ഈ പാട്ടുകളിൽ കാണാം.

1. രേരടിയെന്റപ്പാ (419), തിത്തോം (431), ഇന്നലെ (433), എയ്കാക്കാ (434), ആരാണാ പോകുന്നേ (112), കാലീനെ (413).

**6. അനുഷ്ഠാനബോധം** (ൃശൗേമഹ രീിരെശീൗിലൈ)

ആചാരാനുഷ്ഠാനങ്ങൾ ഓരോ കൂട്ടായ്മയുടെയും ജീവിതത്തെ ചിട്ടപ്പെടു ത്തുന്ന അലിഖിത നിയമങ്ങളാണ്. ഒരു കുട്ടിയുടെ ഗർഭാധാനം മുതൽ ആരംഭി ക്കുന്ന ഈ ചടങ്ങുകൾ അവനെ പലവിധത്തിൽ സ്വാധീനിക്കുന്നു്. കുട്ടി ജീവി ക്കുന്ന ജാതി, മതം, ഗോത്രം തുടങ്ങിയ വ്യവസ്ഥകൾ, ലിംഗഭേദം, കുടുംബത്തിലെ മുതിർന്നവരുടെ കാഴ്ചപ്പാടുകൾ, സാമൂഹ്യചുറ്റുപാടുകൾ തുടങ്ങിയവക്കനുസൃത മായി അവൻ അനുഷ്ഠാനാദികളുമായി പരിചയപ്പെടുന്നു. താരതമ്യേന കുറവെ ങ്കിലും ഇത്തരം ചില നാടൻകുട്ടിപ്പാട്ടുകൾ പ്രചാരത്തിലു്.

1. വക്കനോ (498), ഹരിയെന്നേ (499).

## കുറിപ്പുകൾ


1. ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള, ശബ്ദതാരാവലി, നാഷണൽ ബുക്സ്റ്റാൾ, 1993, പുറം. 1068.
2. Lefebvre, Henri, The Production of Space (Trans.) Donald Nicholsan –Smith, Cambridge, Blackwell, 1991, P. 26.
3. Lefebvre, Henri, The Production of Space (Trans.) Donald Nicholsan –Smith, Cambridge, Blackwell, 1991, P. 32.
4. L.K. Anandakrishna Iyyer, The Cochin Tribes and Castes, Madras, Higginbothams, 1909, P. 92.
5. പി.കെ. ഗോപാലകൃഷ്ണൻ, കേരളത്തിന്റെ സാംസ്കാരിക ചരിത്രം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1987, പുറം. 81.
6. പ്രേംനാഥ്, കേരളത്തിലെ അടിമകൾ, സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം, 1984, പുറം. 19.
7. ആർ. രാഘവവാര്യർ, കേരളീയത ചരിത്രമാനങ്ങൾ, ശുകപുരം, വള്ളത്തോൾ വിദ്യാപീഠം, 1990, പ ുറം. 147.
8. Mark Aug, Nonplaces, 1995, P. 92.
9. പി.കെ. രാജശേഖരൻ, അന്ധനായ ദൈവം, മലയാളനോവലിന്റെ നൂറ് വർഷങ്ങൾ, കോട്ടയം, ഡി. സി. ബുക്സ്, 1999, പുറം. 172.
10. Foucault, Michel, 'Spacialised Power, Heterotopia and Examples' IACD 1999, 24th May 2005. <http:www.engfjn,eduto/literary criticism post modern urban/ foucault heterotopia-html>.
11. Mumford Lewis, The Story of Utopias, New York, Viking Press, 1962, P. 64.
12. Mumford Lewis, The Story of Utopias, New York, Viking Press, 1962, P. 67.
13. ഡോ. രാഘവൻ പയ്യനാട്, ഫോക്ലോർ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1991, പുറം. 109.
14. എ. ശ്രീധരമേനോൻ, കേരളചരിത്രം, എസ്.വിശ്വനാഥ പ്രിന്റേഴ്സ് & പബ്ലിഷേഴ്സ്, മദ്രാസ്, 1997, പ ുറം. 3.
15. മലയാളഭാഷാപഠനം, കാലിക്കറ്റ് യൂണിവേഴ്സിറ്റി, കോ–ഓപ്. സ്റ്റോഴ്സ് ലിമിറ്റഡ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി, പുറം. 111.
16. ആറ്റൂർ കൃഷ്ണപിഷാരടി, സംഗീതചന്ദ്രിക, ഗീതാ പ്രസ്സ് ലിമിറ്റഡ്, തൃശ്ശൂർ, 1954, പുറം. 2.
17. ണശഹഹശമാ ഞ. ആമരെമാ, എീഹസഹീൃല മിറ അിവേൃീുീഹീഴ്യ, ഖീൗൃിമഹ ീള അാലൃശരമി എീഹസഹീൃല, ഢീഹ. 1, 1953, ജ. 66.
18. എൻ.ഭക്തവത്സല റെഡ്ഡി, ഫോക്ലോർ പഠനം സിദ്ധാന്തതലം, കറന്റ് ബുക്സ്, കോട്ടയം, പുറം. 39.
19. എം.വി. വിഷ്ണു നമ്പൂതിരി, നാടൻ കളികളും വിനോദങ്ങളും, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000, പുറം. 121.
20. എൻ.ഭക്തവത്സല റെഡ്ഡി, ഫോക്ലോർ പഠനം സിദ്ധാന്തതലം, കറന്റ് ബുക്സ്, കോട്ടയം, പുറം. 37.
21. കെ.എൻ. ഗണേശ്, കേരളത്തിന്റെ ഇന്നലെകൾ. സാംസ്കാരിക പ്രസിദ്ധീകരണവകുപ്പ്. കേരള സർക്കാർ, 1997. പുറം. 186.
22. പ്രൊ. എസ്. അച്യുതവാര്യർ. കേരളസംസ്കാരം. കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2006, പുറം. 105.
23. എ. ശ്രീധരമേനോൻ, കേരളസംസ്കാരം. നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം, 1982. പുറം. 217.

# അധ്യായം നാല്

# പാഠങ്ങളും പാഠാന്തരങ്ങളും

രേഖപ്പെടുത്താത്ത മാനസികവസ്തുതകളാണ് ഫോക്‌ലോർ എന്നാണ് ലീച്ച് മരിയ പ്രസ്താവിക്കുന്നത്. ഈ രേഖപ്പെടുത്താത്ത വസ്തുതകൾ പല കാരണങ്ങളാൽ മാറ്റങ്ങൾക്ക് വിധേയമാകാം. അതിനാൽ ശരിയായ നാടോടി വിജ്ഞാനത്തിന് പാഠമില്ല. പാഠഭേദങ്ങൾ മാത്രമേയുള്ളൂ. പാരമ്പര്യത്തിന്റെ സംഭരണിയായ ഇവയിൽ കൂട്ടായ്മയുടെ സ്വത്വവും തദ്ദേശസംസ്കാരത്തിന്റെ പ്രതിഫലനവും ദൃശ്യമാണ്. ജനസാമാന്യം കും കേട്ടും പ്രയോഗിച്ചും സ്വായത്തമാക്കുന്ന ഫോക്‌ലോറുകൾ പ്രത്യേകിച്ചും നാടൻപാട്ടുകളും നാടൻകുട്ടിപ്പാട്ടുകളും അതിന്റെ പ്രയോക്താക്കളിലെത്തുന്നത് കാലദേശങ്ങളിലൂടെയുള്ള സഞ്ചാരത്തിന് ശേഷമാണ്. ഈ സഞ്ചാരത്തിനിടയിൽ വ്യത്യസ്ത തലമുറകളിൽപ്പെട്ടവരും വ്യത്യസ്തപ്രദേശങ്ങളിൽപെടുന്നവരുമായ ജനങ്ങളുടെ സ്വഭാവ സവിശേഷതകൾ അവയിൽ പല മട്ടിൽ മുദ്രിതമാവുന്നു. ഓരോ കൂട്ടായ്മയും അവയെ താല്പര്യാനുസരണം പുനർനിർമ്മിക്കുന്നതിനാൽ ധാരാളം പാഠഭേദങ്ങൾ രൂപപ്പെടുന്നു. ഈ പാഠഭേദങ്ങളെയെല്ലാം തുല്യമായി കരുതി അംഗീകരിക്കുന്നതാണ് ശരിയായരീതി. അജ്ഞാത കർത്തൃകങ്ങളായ ഇവ പരിണാമിയായതിനാൽ അത് നിലനിൽക്കുന്ന പ്രദേശവും സാഹചര്യവുമായി ഇഴുകിച്ചേർന്ന് നില്ക്കുന്നു. ജനസാമാന്യത്തിന്റെ സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ മാറ്റങ്ങൾക്കനുസൃതമായി അവ മാറ്റപ്പെടാം. ഇവക്ക് സാങ്കല്പികമായ പ്രാക്തന രൂപവും പരിണാമചരിത്രവുമാണുള്ളത്. ശാസ്ത്രീയമായ രീതിയിൽ ഫോക്‌ലോർ രൂപങ്ങളുടെ പഴക്കം കണക്കാക്കാൻ പര്യാപ്തമായ ഒരു രീതിശാസ്ത്രമോ പദ്ധതിയോ ഉായിട്ടില്ല എന്നതിനാൽ ഇവയുടെ പ്രാക്തനത ഒരു വിവാദവിഷയമായി തുടരുന്നു.

### 4.1 പരിണാമസിദ്ധാന്തങ്ങൾ

മനുഷ്യാവസ്ഥയുടെ പുരോഗമനോന്മുഖമായ പുരോഗതികളെ ഒരു മാനസിക പരിണാമമായി കരുതാം. ഈ പരിണാമത്തിന് വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദപരമായ വ്യാഖ്യാനം നല്കുമ്പോൾ പരിണാമം ര് രീതിയിൽ സംഭവിക്കുന്നു.

1. ഉപരിസംസ്കാരം അവചസംസ്കാരത്തിന്റെ മേൽ നേടുന്ന ആധിപത്യം.
2. ഒരു സംസ്കാരത്തിനുള്ളിലെ തന്നെ സാമൂഹിക വിഭാഗങ്ങൾ തമ്മിൽ നടക്കുന്ന ആഭ്യന്തര സംഘട്ടനം.

മാർക്സും ഏംഗൽസും ചേർന്ന് പ്രഘോഷിച്ച വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദത്തിന് മുമ്പ് പരിണാമം എന്ന സങ്കല്പത്തെ ദാർശനികതയുടെ തലത്തിൽ നിന്ന് ശാസ്ത്രതലത്തിലേക്ക് ഉയർത്തിയത് മാൽത്തൂസ് ആവിഷ്കരിച്ച് 'സോഷ്യൽ ഡാർവിനിസ'ത്തിലൂടെയാണ്. പരിണാമം എന്ന സങ്കല്പത്തെ ജൈവ സംരചനയുടെ തലത്തിൽ നിന്നും മാനവിക സാംസ്കാരിക പ്രതിഭാസങ്ങളുടെ മണ്ഡലത്തിലേക്ക് മാറ്റി പ്രതിഷ്ഠിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. പരിണാമത്തിന്റെ മൗലികസ്വഭാവം പരിഗണിക്കുമ്പോൾ ഈ രു ചിന്താപദ്ധതികളും തമ്മിൽ അടിസ്ഥാനപരമായ അഭിപ്രായവ്യത്യാസങ്ങൾ നിലനില്കുന്നു. മോർഗൺ, ടെയിലർ തുടങ്ങിയവർ ഏകരേഖീയ പരിണാമസിദ്ധാന്തത്തിന്റെ പ്രയോക്താക്കളാണ്. ഏകരേഖീയപരിണാമസിദ്ധാന്തത്തിന്റെ മൗലിക തത്വങ്ങൾ[1] ളുടെ സംഗൃഹീത രൂപം ഇങ്ങനെയാണ്.

1. പരിണാമം ഒരു പരിവർത്തനപ്രക്രിയയല്ല. അനുവർത്തനത്തിന്റെ ഒരു സൂചകോപദേശമാണ് (typology).

2. സവിശേഷസംഭവങ്ങളുടെ വിവരണമെന്ന നിലക്ക് ചരിത്രപരമല്ല മൗലികമായ നിരവധി അനുക്രമങ്ങളിൽ നിന്നുള്ള ആശയപരമായ അടർത്തിമാറ്റലാണ്.

3. ഏകരേഖീയമാണ്, ബഹുരേഖീയമല്ല.

4. സാർവ്വത്രികവും അനിവാര്യവുമായതുകൊ് മുൻ നിശ്ചയിക്കപ്പെട്ടതും പ്രവചനസാധ്യവുമാണ്.

മാർഡോക്ക്, സ്റ്റീവാഡ്, ക്രോബർ തുടങ്ങിയവർ ബഹുരേഖീയ പരിണാമവാദവക്താക്കളാണ്. ഇവരുടെ പരിണാമസങ്കല്പം ജൈവപരിണാമസങ്കല്പത്തോടടുത്തു നിൽക്കുന്നു. ബഹുരേഖീയപരിണാമസിദ്ധാന്തത്തിന്റെ മൗലിക തത്വങ്ങൾ[2] താഴെ സൂചിപ്പിക്കുന്നു.

1. പരിണാമമെന്നാൽ അനുക്രമങ്ങളുടെ സ്വഭാവവർഗ്ഗീകരണമല്ല. അത് പരിവർത്തനത്തിന്റേതായ ഒരു യഥാർത്ഥ പ്രക്രിയയാണ്.

2. പരിണാമം സംഭവങ്ങളിൽ നിന്നുള്ള അടർത്തി മാറ്റലുകൾ അല്ല. മറിച്ച് യഥാർത്ഥ സംഭവങ്ങൾ തന്നെ ഉൾക്കൊള്ളുന്നതാണ്. അതുകൊ് കണിശവും തീർത്തും വാചികവുമായ അർത്ഥത്തിൽ പരിണാമവികാസം ചരിത്രപരമാണ്.

3. പരിണാമത്തിന്റെ ഗതി അടിസ്ഥാനപരവും വൈവിധ്യപൂർണമോ ബഹുരേഖീയമോ ആണ്. ഒന്നിലധികം പരിണാമരേഖകളിലൂടെ സമാന്തരവികാസം സംഭ

വിക്കുമ്പോൾ അനുവർത്തനങ്ങൾ ഫലങ്ങളും ഒരു സൂചകോപദേശരൂപത്തിൽ മാത്രമേ സമാനങ്ങളാകുന്നുള്ളൂ. അവ ഒരിക്കലും ഒരർത്ഥത്തിലും തുല്യമാകുന്നില്ല.

4. പരിണാമം തീർത്തും ആകസ്മികമായ ഒരു പ്രക്രിയയായിട്ടാണ് പ്രവർത്തിക്കുന്നത്. അത് പ്രവചനസാധ്യമോ മുൻകൂട്ടി നിശ്ചയിക്കപ്പെട്ടതോ കല്പിച്ചുകൂട്ടിയുള്ളതോ അല്ല.

സാംസ്കാരികസാമഗ്രികളുടെ ആന്തരിക സത്തയായി പരിണാമസിദ്ധാന്തങ്ങൾ മാറ്റത്തെയും വികാസത്തെയും അംഗീകരിക്കുന്നുണ്ടെങ്കിലും പ്രകടനപരങ്ങളായ പാരമ്പര്യങ്ങൾ എന്ന നിലക്ക് സമീപനങ്ങൾ വ്യത്യസ്തമാണ്.

പഠനവിഷയത്തിന്റെ ഊന്നലിന്റെ അടിസ്ഥാനത്തിൽ പരിണാമസിദ്ധാന്തങ്ങളെ മൂന്ന് പ്രധാനവിഭാഗങ്ങളായിത്തിരിക്കാം.

1. സാംസ്കാരിക പരിണാമവാദം

2. പുരാവൃത്ത അനുഷ്ഠാനവാദം

3. താരതമ്യഭാഷാശാസ്ത്ര തത്വവാദം ( സൗരപുരാവൃത്ത വാദം)

### 4.1.1 സാംസ്കാരിക പരിണാമവാദം

ഒരു സാംസ്കാരിക കൂട്ടായ്മയുടെ ചരിത്രപരമായ പാരമ്പര്യം കണ്ടെത്തുന്നതിന് സഹായകമാണീ സിദ്ധാന്തം. ഇ.ബി. ടെയ്‌ലർ, ജെയിംസ് ഫ്രേയ്‌സർ തുടങ്ങിയവർ ഈ വാദക്കാരാണ്. സംസ്കാരത്തിലെ ചലനാത്മകതയെ അംഗീകരിക്കുന്നു. എന്നാൽ ഒരു ഘട്ടത്തിൽ നിന്നും മറ്റൊരു ഘട്ടത്തിലേക്കുള്ള സംസ്കാരത്തിന്റെ ഏകരേഖീയപുരോഗതിയെ അടിസ്ഥാനമാക്കുന്നുവെങ്കിലും ഒരു സംസ്കാരത്തിനുള്ളിലെ വ്യത്യസ്തങ്ങളും വിരുദ്ധങ്ങളുമായ വികസനവിഭാഗങ്ങളെ ഒഴിവാക്കുന്നു.

പ്രകടനപരമായ പാരമ്പര്യങ്ങളിലെ ആന്തരസ്വഭാവമായി മാറ്റത്തെയും പുരോഗതിയേയും അംഗീകരിക്കുന്നു. കാലദേശങ്ങളുടെ വിവിധഘട്ടങ്ങളിലൂടെ വികസ്വരമാകുന്നതാണ് സംസ്കാരം എന്ന വീക്ഷണം പഠനങ്ങളുടെ അതിർവരമ്പുകൾ വിപുലമാക്കുന്നു. സമൂഹത്തിന്റെ പ്രകടനാത്മക സ്വഭാവത്തിലും മാനസികൈക്യ സങ്കല്പനം ഉൾച്ചേർന്നിട്ടു് എന്ന് വിശ്വസിക്കുന്നു.

എന്നാൽ ഒരു പ്രത്യേക പ്രദേശത്തെ തനതു സാംസ്കാരിക സാഹചര്യത്തിൽ ജീവിക്കുന്ന കൂട്ടായ്മകളെക്കുറിച്ച് സമഗ്രമായി പഠിക്കാതെ സംസ്കാരത്തെ ഒറ്റപ്പെട്ട കൂട്ടായ്മയിൽ ഒതുക്കിനിർത്തുന്നു. 'കൂട്ടായ്മ' എന്നതിലൂടെ ഈ വാദക്കാർ ഫോക്‌ലോറിനെ 'കർഷകലോറാ'യി മാറ്റിയിരിക്കുന്നു. വാചിക പ്രകടനപരമായ പാരമ്പര്യത്തിന്റെ സൗന്ദര്യാത്മകമൂല്യത്തെ അംഗീകരിക്കുന്നില്ല. ചരിത്രപരമായ ഭൂതകാല അനുസ്മരണം എന്ന നിലക്കേ അവയെ കാണുന്നുള്ളൂ. സാംസ്കാരിക സവിശേഷതകളുടെയും പ്രകടനപരമായ പെരുമാറ്റത്തിന്റെയും സമകാലീനത്വം അംഗീകരിക്കുന്നില്ല. മാത്രമല്ല കർഷകസമൂഹത്തെ കിരാതകാലഘട്ടത്തിലെ അവശേഷിപ്പുകാരായി വിശേഷിപ്പിക്കുന്ന ഇവർക്ക് മാന്ത്രിക-മതവിശ്വാസ സമ്പ്രദായം പിന്തുടരുന്ന സാംസ്കാരിക സമൂഹത്തിൽ നിന്ന് കാടത്തത്തിലേക്കോ കിരാതത്തിലേക്കോ ഉള്ള വളർച്ചയെ സ്ഥിരീകരിക്കുകയും പരിഷ്കൃതസമൂഹത്തിൽ ഇത്തരം ആചാരങ്ങൾക്ക് പിന്നിലുള്ള യുക്തിസത്തയെ നിർദ്ദേശിക്കാൻ പ്രാപ്തമല്ലാതിരിക്കുകയും ചെയ്യുന്നു.

### 4.1.2 പുരാവൃത്ത അനുഷ്ഠാനവാദം

സാമൂഹ്യപെരുമാറ്റ രീതിക്ക് ഏറ്റവും പ്രമുഖമായത് പുരാവൃത്തവും അനുഷ്ഠാനവുമാണ് എന്നും സാമൂഹികപ്രക്രിയക്കായി ഫോക്‌ലോർ ജനുസ്സുകളെ പ്രഥമം, ദ്വിതീയം എന്നിങ്ങനെ വിഭജിക്കേതു് എന്നും ഇവർ വാദിക്കുന്നു. എല്ലാ ഫോക്‌ലോർ ജനുസ്സുകൾക്കുമാധാരം അനുഷ്ഠാനങ്ങളാണ് എന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്നു ഒരു നിശ്ചിതസാഹചര്യത്തിൽ ഫോക്‌ലോർ ജനുസ്സുകൾ ഒരു തരത്തിൽ നിന്നും മറ്റൊന്നിലേക്ക് പരിവർത്തിക്കപ്പെടുന്നു എന്ന് സിദ്ധാന്തിക്കുന്നു. വാമൊഴി ഇതിഹാസങ്ങളെ വിശകലനം ചെയ്യാൻ സഹായകമാണ്. ഹാർട്ട്ലാന്റും ആൻഡ്രൂലാങ്ങും ഈ വാദത്തെ ഉയർത്തിപ്പിടിക്കുന്നു.

### 4.1.3 സൗരപുരാവൃത്തവിജ്ഞാനവാദം

പുരാവൃത്തങ്ങളിൽ നിന്ന് ദൃഷ്ടാന്തങ്ങൾ ഉാവുകയാണ്, അല്ലാതെ കാലഹരണപ്പെട്ട ദൃഷ്ടാന്തങ്ങളിൽ നിന്ന് പുരാവൃത്തങ്ങൾ ഉാവുകയല്ല എന്ന് സൂര്യൻ, പ്രഭാതം, ആകാശം എന്നിവയെ കേന്ദ്രീകരിച്ച് മാക്സ് മുള്ളർ വാദിക്കുന്നു. ഭാഷാശാസ്ത്രത്തെ സാംസ്കാരിക പുനഃസൃഷ്ടിക്കായി പ്രയോജനപ്പെടുത്തി എന്നതാണ് ഈ വാദത്തിന്റെ പ്രധാന നേട്ടം. താരതമ്യഫോക്‌ലോർ പഠനത്തിന് സാധ്യതയൊരുക്കി. ഇൻഡോ-യൂറോപ്യൻ ഭാഷയുടെയും സംസ്കാരത്തിന്റെയും കുടുംബം, ഉപകുടുംബം എന്ന വിഭജനം ആദ്യകാല ഫോക്‌ലോർ പണ്ഡിതന്മാരെ ഒരു പ്രദേശത്തെ അല്ലെങ്കിൽ പ്രദേശങ്ങളിലെ സംസ്കാരങ്ങളെ അനുമാനശാസ്ത്രത്തിന്റെയും (deductive logistics) പ്രതിഷ്ഠാപനയുക്തിയുടെയും (inductive logistics) തലങ്ങളിൽ നിന്ന് പഠനം നടത്താൻ സഹായിച്ചു.

സ്വന്തം നിഗമനങ്ങൾക്കിണങ്ങും വിധം നിരുക്തപദവ്യാഖ്യാനത്തിനുള്ള ശ്രമം ഇവിടെ പ്രശ്നങ്ങൾ സൃഷ്ടിച്ചു. സാംസ്കാരികസത്തകളുടെ സ്വതന്ത്രമായ സ്വയംഭൂത്വത്തിന്റെ സാധ്യതയെ കുടുംബം, ഉപകുടുംബം എന്ന നിലക്ക് സങ്കോചപ്പെടുത്തി. വ്യതിയാനസാധ്യതകളെ ലഘൂകരിക്കാനുള്ള പ്രവണത ദൃഷ്ടാന്തമായി എന്നാൽ സാംസ്കാരിക സംക്രമണത്തിന്റെ ഉപാധിയായി അവർ ഭാഷയെ അംഗീകരിച്ചു എന്നത് പഠനസാധ്യതയെ വിപുലപ്പെടുത്തി കൂട്ടായ്മാഭാഷണം, വാചികകലകൾ, കൂട്ടായ്മാ ആഖ്യാനങ്ങൾ തുടങ്ങിയവയെ ഭാഷാശാസ്ത്ര സങ്കേതങ്ങളുപയോഗിച്ച് പഠിക്കാൻ സാഹചര്യമൊരുങ്ങി. റിച്ചാർഡ്.എം. ഡോർസൺ, മാക്സ് മുള്ളർ തുടങ്ങിയവർ ഈ വാദത്തെ ശക്തിയുക്തം അവതരിപ്പിച്ചിട്ടു്.

## 4.2 ഫോക്‌ലോർ വ്യാപനസിദ്ധാന്തങ്ങൾ

### 4.2.1 സംക്രമണവാദം

ഫോക്‌ലോർ വ്യാപനവുമായി ബന്ധപ്പെട്ട സിദ്ധാന്തങ്ങളിൽ പ്രമുഖമാണ് സംക്രമണവാദം (Devolution Theory). ഫോക്‌സംസ്കാരത്തിന് അതിനകത്തുത ന്നെയുള്ള വൈരുദ്ധ്യങ്ങളുന്നെും അഭിജാതസംസ്കാരത്തിന്റെ (Elite Culture) ഇടപെടൽ ഇല്ലാതെ അതിനകത്തു വെച്ചുതന്നെ അവ സ്വയം പരിഹരിക്കപ്പെടുന്നു വെന്നും സംക്രമണവാദം സിദ്ധാന്തിക്കുന്നു. എന്നാൽ എല്ലാ പ്രകടനകലക ളെയും പാരമ്പര്യങ്ങളെയും ഉൽപാദനബന്ധങ്ങളിലേക്കും സാമ്പത്തിക ഘടകങ്ങ ളിലേക്കുമായി ചുരുക്കുന്നു. ഫോക്കിനെ പ്രാകൃതകൂട്ടായ്മയോ കാർഷിക കൂട്ടാ യ്മയോ ആയി കരുതുകയും അഭിജാത (Elite) സംസ്കാരത്തിന് നേർവിപരീത മായി നിലനില്ക്കുന്ന കീഴാളസംസ്കൃതിയായി കരുതുകയും ചെയ്യുന്നു. വൈരു ദ്ധ്യാത്മകവാദവും സംക്രമണസിദ്ധാന്തവും നിഷേധത്തിന്റെ നിഷേധമാണ്. പ്രകടന കലകളുയെടും ആഖ്യാനങ്ങളുടെയും മറ്റും സൗന്ദര്യാത്മകമൂല്യങ്ങളെ അവഗണി ക്കുന്നു. എന്നാൽ ഭൗതിക സംസ്കാരപഠനത്തെ ശാക്തീകരിക്കാൻ സഹായകമാ ണ്. മാർക്സിസ്റ്റ് ഫോക്‌ലോറിസ്റ്റുകൾ ഈ വാദത്തെ മുന്നോട്ടുവെക്കുന്നു.

### 4.2.2 അഭിജാതവാദം

ആഖ്യാന–ആഖ്യാനേതര മേഖലകളിൽ പരിഷ്കരിച്ച കലാരൂപങ്ങളെ സൃഷ്ടിക്കാൻ മനുഷ്യന് കഴിയുമെന്ന് വാദിച്ച ഇവർ അഭിജാതം, ജനപ്രിയം, ഫോക് എന്നിങ്ങനെ സാംസ്കാരിക പ്രഹേളികകളെ വിഭജിച്ചു. ഒരു ഫോക്‌ലോർ രൂപത്തിന് കാലാനുസൃതമായ അഭിസംക്രമണത്തിനും അപ്രത്യക്ഷമാകലിനും മറ്റേ തെങ്കിലും തരത്തിൽ പ്രത്യക്ഷപ്പെടുന്നതിനുമുള്ള സഹജമായ ഗുണത്തെ ഉദാഹരി ക്കുന്നു. എന്നാൽ നാടൻ കലാരൂപങ്ങളെ അവശിഷ്ടങ്ങളായി തരംതാഴ്ത്തുന്ന ഇവർ ഫോക്കിനെ അഭിജാത പാരമ്പര്യത്തിന്റെ വക്രമായ അനുകരണമായി വാദി ക്കുന്നു. അതിന്റെ സ്വതന്ത്രമായ നിലനില്പ്പിന് തുരങ്കം വെയ്ക്കുന്നു.[3]

### 4.3 പാഠഭേദത്വം

ഇത്തരം പരിണാമവ്യാപനസിദ്ധാന്തങ്ങൾ പാഠാന്തരങ്ങൾ ഉാവുന്നതിന്റെ സൈദ്ധാന്തിക തലത്തെ വിശദീകരിക്കുന്നു. എന്നാൽ ഈ സിദ്ധാന്തങ്ങളോ രോന്നും പാഠഭേദത്വത്തെ പൂർണ്ണമായും ഉൾക്കൊള്ളാൻ പര്യാപ്തമാണ് എന്ന് പറ യാനാവില്ല. 'പാഠഭേദത്വം' എന്ന പ്രതിഭാസത്തിന്റെ കാരണങ്ങളെ ശ്രീ രാഘവൻ പ യ്യനാട് ഇങ്ങനെ വിശദീകരിക്കുന്നു. കാതിലൂടെ ലഭിച്ചതിനെ വീും ചുിലൂടെ ശബ്ദ മാക്കി സ്രവിപ്പിക്കുന്നു ഇതാണ് വ്യാപനരീതി. വ്യാപനം ര് രീതിയിൽ നടക്കുന്നു. കാലപരമായും ദേശപരമായും. ഇതിന്റെ ദിശ മാത്രമാണ് വ്യത്യാസപ്പെടുന്നത്.

കാലപരം തലമുറകളിലൂടെയുള്ള പ്രയാണവും ദേശപരം ഒരു വ്യക്തിയിൽ നിന്ന് സ്ഥലം കൊ് വ്യത്യസ്തരായ വ്യക്തികളിലേക്കും പ്രദേശങ്ങളിലേക്കുമുള്ള സംക്രമ ണവുമാണ്. ഈ ര് ദിശകളിലൂടെയും നാടൻപാട്ടുകൾ സാരമോ അസാരമോ ആയ പരിണാമത്തിന് വിധേയമാകുന്നു.

'കാതിലൂടെ സ്വായത്തമാകുന്ന നാടൻ പാട്ട് വീും ചുിലൂടെ പുറത്തുവരുന്ന തിനിടയിൽ ചില പ്രക്രിയകൾക്ക് വിധേയമാകാതിരിക്കാനിടയില്ല'. പ്രസ്തുത വ്യക്തിക്ക് വ്യക്തി എന്ന നിലക്കും ചില സവിശേഷതകളു്. ഈ സവിശേഷത കൾ പുനഃസൃഷ്ടി നടക്കുന്നതിനിടയിൽ സ്വാധീനിക്കുന്നു. പല വികാര ങ്ങൾക്കും നാടൻപാട്ട് വിധേയമാകുന്നു. പുനഃസൃഷ്ടി ആത്മനിഷ്ഠതക്കും പാഠ ഭേദങ്ങൾക്കും കാരണമാകുന്നു. രൂപവും ഉള്ളടക്കവും മാത്രമല്ല പലപ്പോഴും അതിന്റെ ധർമ്മം പോലും മാറ്റപ്പെടുന്നു. ഒരു പാഠഭേദം അതിന്റെ കാലദേശങ്ങളെ സംബന്ധിച്ചിടത്തോളം എത്രത്തോളം യാഥാർത്ഥ്യമാണോ അത്രത്തോളം യാഥാർത്ഥ്യമാണ് അതത് കാലദേശങ്ങളെ സംബന്ധിച്ചിടത്തോളം മറ്റേതൊരു പാഠ ഭേദവും.[4] അതുകൊ് ഏതെങ്കിലും ഒരു പാഠാന്തരത്തെക്കുറിച്ച് നമുക്ക് പറയാ വുന്നത് ഇത് ഇന്നദേശത്ത് ഇന്ന കാലത്തുായ പാഠഭേദം എന്ന് മാത്രമാണ്.

ഈ വസ്തുതകളെല്ലാം നാടൻപാട്ടിന്റെ ഉപവിഭാഗമായ നാടൻകുട്ടിപ്പാട്ടു കളെ സംബന്ധിച്ചും വാസ്തവമാണ്. എന്നാൽ നാടൻകഥകൾ പോലെ ഇവയിൽ മാറ്റം സംഭവിക്കുന്നില്ല. കഥാതന്തുവിൽ നിന്ന്കൊ് തന്റെ വ്യാഖ്യാനങ്ങൾ വരെ ഉൾപ്പെടുത്തി ഭാഷ, ശൈലി, പ്രയോഗങ്ങൾ, ഭാവം തുടങ്ങി തന്റേതായ സ്വാതന്ത്ര്യ ങ്ങളെ കഥാകാരന് ഉപയോഗപ്പെടുത്താമെങ്കിൽ നാടൻകുട്ടിപ്പാട്ടുകളെ അത്രക് മാറ്റി മറിക്കുക സാധ്യമല്ല. കാരണം അവയുടെ ഈണതാളങ്ങൾ ഓർമ്മിക്കാൻ എളുപ്പമാ ണ്. ആവർത്തിതപാദങ്ങൾക്കുപോലും അതിന്റേതായ ധർമ്മമു്. ആവർത്തിതപാദ ങ്ങളും വായ്ത്താരികളും പാട്ടിനെ മനസ്സിൽ ഉറപ്പിക്കുന്നു. ആവർത്തനം പല പ്പോഴും ആശയത്തെ ദൃഢീകരിക്കുന്നു. അതിനാൽ നാടൻകുട്ടിപ്പാട്ടുകൾക്ക് നാടൻ കഥകളെ അപേക്ഷിച്ച് പാഠഭേദത്വം കുറവാണെങ്കിലും മറ്റ് ഫോക്‌ലോറുകളെ പ്പോലെ കാലദേശപരമായ പാഠഭേദത്വം ഇതിലും ദൃശ്യമാണ്.

ഈ പ്രബന്ധകാരി പാഠഭേദങ്ങൾ ഉാവുന്നതിന്റെ കാരണങ്ങളെ ഇങ്ങനെ സംക്ഷേപിക്കുന്നു.

1. അജ്ഞാതകർത്തൃകത

2. ദേശകാലാതീതത്വം

3. വാമൊഴിവ്യാപനം

4. സാംസ്കാരിക പരിണാമം

5. മാനസികപരിണാമം

6. സാമൂഹിക മാറ്റങ്ങൾ

7. ചരിത്രം

8. ഭാഷാഭേദത്വം

9. സൗന്ദര്യവീക്ഷണപരിണാമം

10. മിത്തുകളിലെ പരിണാമം

11. സാമ്പത്തിക രാഷ്ട്രീയ പരിണാമങ്ങൾ

12. ദേശാന്തരഗമനങ്ങൾ

13. ആധുനീകരണം

നാടൻപാട്ടുകൾക്കും നാടൻകുട്ടിപ്പാട്ടുകൾക്കും മുഖമുദ്രയായ പാഠഭേദങ്ങളെ പരിചയപ്പെടുത്താനും അവയെ അപഗ്രഥിച്ച് സാമൂഹ്യസാമ്പത്തിക സാംസ്കാരിക രാഷ്ട്രീയ തലങ്ങളെ കത്തൊനുമാണ് ഈ അധ്യായത്തിലൂടെ ഉദ്ദേശിക്കുന്നത്.

വാമൊഴിയായി ശേഖരിക്കപ്പെട്ടതും കേട്ടെഴുതിയതും വരമൊഴിയായി പ്രസിദ്ധീകരിക്കപ്പെട്ടതുമായ പാട്ടുകളിലെ വ്യത്യാസത്തെ കാണിക്കാനാണ് ഇവിടെ ശ്രമിച്ചിട്ടുള്ളത്. ഇങ്ങനെയും പാഠഭേദങ്ങൾ സൃഷ്ടിക്കപ്പെടുന്നു.

1. വാമൊഴി

2. കേട്ടെഴുത്ത്

3. വരമൊഴി

**4.3.1 വാമൊഴി**

വാമൊഴിയായി അതിന്റെ യഥാർത്ഥ സന്ദർഭങ്ങളിൽ പ്രചരിക്കപ്പെടുന്ന നാടൻകുട്ടിപ്പാട്ടുകളിൽ അവതരണ സന്ദർഭം, രീതി, പ്രാദേശികത, പ്രചാരത്തിലുായിരുന്ന ജനവിഭാഗങ്ങൾ തുടങ്ങി അതിന്റെ തനിമയും സ്വാഭാവികതയും നിലനില്ക്കുന്നു. ചൊല്ലുന്ന രീതി, ഈണം, ശബ്ദത്തിന്റെ ഏറ്റക്കുറച്ചിലുകൾ, സ്ഥായി, മൗനം, ചിരി തുടങ്ങിയ പ്രകടനങ്ങൾ, സംഗീതാത്മകത, പ്രസാദത്വം, ഉറപ്പിക്കലുകൾ, ആവർത്തനങ്ങൾ തുടങ്ങിയവ അകൃത്രിമമായി സ്വാഭാവികമായി അവതരിപ്പിക്കപ്പെടുന്നു. അതിനാൽ അതിന്റെ താളലയങ്ങളും രസവും ആഹ്ലാദകാരിത്വവും അതേപടി നിലനില്ക്കുന്നു.

### 4.3.2 കേട്ടെഴുത്ത്

വാമൊഴിയെ അതേപടി സ്വീകരിച്ച് ഉപയോഗിക്കുക എന്നത് അപ്രായോഗിക മായതിനാൽ അവയെ വരമൊഴിയിലേക്ക് മാറ്റി ശേഖരിക്കുകയേ തരമുള്ളൂ. ഇങ്ങനെ ചെയ്യുമ്പോൾ യഥാർത്ഥ ആവേദകരെ കണ്ടെത്താനും അറിവുകൾ ശേഖരിച്ച് ലക്ഷ്യത്തെ നിറവേറ്റാനും ഇന്ന് ധാരാളം കടമ്പകൾ കടക്കേണ്ടിയിരിക്കുന്നു. മാത്രമല്ല ആവേദകനോ സമ്പാദകനോ വ്യക്തിപരമായി വരുന്ന കേൾവിക്കുറവ്, ലേഖനപ്പിഴ കൾ, ഭാഷാഭേദജ്ഞാനമില്ലായ്ക തുടങ്ങിയവയും ഇരുവരുടെയും സമയം, സന്ദർഭം, മാനസികാവസ്ഥ, സന്നദ്ധത തുടങ്ങിയവയും ശാരീരികമാനസിക പ്രശ്നങ്ങളും ഉത്സാഹം, അന്വേഷണത്വര, ക്ഷമ, വ്യക്തിത്വം തുടങ്ങിയവയും ശേഖ രണത്തെ സ്വാധീനിക്കുന്നു. പാട്ട് പാടുമ്പോഴുള്ള അതിന്റെ ശബ്ദ–സ്വന സങ്കീർണ്ണ തകൾ അതേപടി രേഖപ്പെടുത്തുവാനുള്ള ലിപിശാസ്ത്രം (ടേപ് റെക്കോർഡറി ലെന്ന പോലെ) വികസിതമല്ലാത്തതിനാൽ കേട്ടെഴുത്തിന് പരിമിതികൾ ധാരാളമാ ണ്.

#### 4.3.2.1 കേട്ടെഴുത്തിന്റെ പരിമിതികൾ

വാമൊഴിയുടെ യഥാർത്ഥ സന്ദർഭം നഷ്ടപ്പെടുന്നു. കേട്ടെഴുത്തിനുവേ യുള്ള ചൊല്ലലിൽ കേൾക്കാൻ വേ പാടുന്നതായതുകൊണ്ടുതന്നെ കൃത്രിമത്വം കല രാം. ഭാവം, താളം, നിറുത്ത്, എടുപ്പുകൾ, ആവർത്തനങ്ങൾ, ഈണം തുടങ്ങിയവ യിലെ സ്വാഭാവികത അന്യമാവുന്നു. പാടിയത് ലിപിയിലാക്കുമ്പോൾ ശബ്ദസ്വനസ ങ്കീർണ്ണതകളെ അതേപടി രേഖപ്പെടുത്താനുള്ള ലിപിശാസ്ത്രം വികസിതമല്ലാത്ത തിനാൽ അതിന്റെ ശബ്ദവർണ്ണരൂപം തന്നെ മാറ്റപ്പെടാം. ലിപിയിലാക്കിയവ തന്നെ അച്ചടിക്കുമ്പോൾ ആ സിസ്റ്റത്തിലെ സോഫ്റ്റ്‌വെയറുകൾക്കനുസരിച്ച് പല മാറ്റ ങ്ങൾക്കും വിധേയമാകാം. ഇവയെല്ലാം പാഠഭേദങ്ങൾക്ക് കാരണമാവുന്നു.

### 4.3.3 വരമൊഴി

ആവേദകരിൽ നിന്ന് നേരിട്ട് ശേഖരിച്ച പാട്ടുകൾ പ്രസിദ്ധീകരിക്കുമ്പോൾ ഭാഷാഭേദപ്രയോഗങ്ങൾ, ഉച്ചാരണം, ആവർത്തനം, അക്ഷരങ്ങൾ, വാക്കുകൾ, തുടങ്ങി പലതും സമ്പാദകന്റെ സൗകര്യാർത്ഥം ഈണതാളങ്ങളെ ക്രമീകരി ക്കാനായി മാറ്റിയെടുക്കപ്പെടാവുന്നതിനാൽ പലതിലും കൃത്രിമത്വം കലരുന്നു. ഈ കൃത്രിമത്വം പ്രസിദ്ധീകരിക്കപ്പെട്ട പല പാട്ടുകുളിലും കാണാം. പ്രബന്ധകാരി നേരിട്ട് ശേഖരിച്ചതും നിലവിലുള്ള പ്രസിദ്ധീകൃതങ്ങളായ പാട്ടുകളും തമ്മിലുള്ള പ ാഠഭേദത്വത്തെ കുറിക്കുന്ന ചില ഉദാഹരണങ്ങൾ.

കേട്ടെഴുത്ത്

തൃക്കാക്കര്യപ്പനൊരു വിഡ്ഢിത്തം പറ്റി.
പൂവമ്പഴം തിന്നപ്പം പല്ലെല്ലാം പോയി.
തേങ്ങാപ്പൂള് തിന്നപ്പം പല്ലെല്ലാം വന്നു.
പൂവേ പോലി പൂവേ പൊലി പൂവേ

(നാരായണൻ മാസ്റ്റർ മുക്കം)

പ്രസിദ്ധീകൃതം

തൃക്കാരപ്പനൊരു വിഡ്ഢിത്തം പറ്റി,
പൂവമ്പഴം തിന്നിട്ട് പല്ലൊന്നു പോയി.
ഏട്ടത്തല തിന്നിട്ട് പല്ലൊന്നുപൊട്ടി.
പൂവേ പൊലി, പൂവേ പൊലി പൂങ്കാവിലമ്മേ

(പാട്ട് 26, 101 നാടൻപാട്ടുകൾ എ.ബി.വി. കാവിൽപ്പാട് എച്ച്&സി പബ്ലിക്കേഷൻസ്)

കേട്ടെഴുത്ത്

ആ അര്യാളേടെപ്പോയെടി മരുതങ്കോടിപ്പൊന്നമ്മേ
ആ അര്യാളല്ലേയിന്നലെ ചാമ കൊയ്യാൻ കൊഞോയത്
ആ ചാമയേടെപ്പോയെടി മരുതങ്കോടിപ്പൊന്നമ്മേ
ആ ചാമയല്ലെയിന്നലെ ബറുത്തു കുത്തിബെച്ചത്
ആ ഉമ്യൈന്ത്ചെയ്തെടി മരുതങ്കോടിപ്പൊന്നമ്മേ
ആ ഉമ്യൈല്ലേയിന്നലെ പാലട്പ്പിലിട്ടത്
ആ വെണ്ണീറെന്ത് ചെയ്തടീ മരുതങ്കോടിപ്പൊന്നമ്മേ
ആ വെണ്ണീറല്ലേയിന്നലെ പൂശാപത്തരം തേച്ചത്
ആ പാത്തറമേടെപ്പോയെടി മരുതങ്കോടിപ്പൊന്നമ്മേ
ആ പാത്തറമല്ലേയിന്നലെ കള്ളൻ കട്ട്വോായത്
ആ കള്ളനേടെപ്പോയെടി മരുതങ്കോടിപ്പൊന്നമ്മേ
ആ കള്ളനല്ലേയിന്നലെ കാട്ടുങ്കേറിപ്പയത്
ആകാടേടെപ്പോയെടി മരുതങ്കോടിപ്പൊന്നമ്മേ

ആ കാടല്ലേയിന്നലെ  വെട്ടിക്കോരിച്ചുട്ടത്

ആ നെലമന്ത് ചെയ്തെടീ മരുതങ്കോടിപ്പൊന്നമ്മേ

ആ നിലമല്ലെയിന്നലെ കണ്ണൻ ബായ വെച്ചത്

ആ വായ എന്ത് ചെയ്തെടി മരുതങ്കോടിപ്പൊന്നമ്മേ

ആ വായയല്ലേയിന്നലെ പൊണ്ണമ്പോത്ത് തിന്നത്

ആ പൊത്തേടെപ്പോയെടി മരുതങ്കോടിപ്പൊന്നമ്മേ

ആ പോത്തല്ലേയിന്നലെ വയറും വീർത്ത് ചത്തത്

(കെ.വി. ശ്രീധരൻ, മാമ്പറ്റ)

പ്രസിദ്ധീകൃതം

അരിവാളരിവാളെവിടെപ്പോയെടി മധുരം കോടിപ്പൊന്നമ്മേ?

ആ അരിവാളല്ലേ ഇന്നലെ തെന കൊയ്യാൻ കൊാേയി

ആ തെന എവിടെപ്പോയെടി മധുരം കോടി പ്പൊന്നമ്മേ?

ആ തെന അല്ലേ ഇന്നലെ വറുത്തു കുത്തി വച്ചത്.

ആ ഉമി എന്തു ചെയ്തെടി മധുരം കോടിപ്പൊന്നമ്മേ?

ആ ഉമി അല്ലേ ഇന്നലെ പാലടുപ്പിൽ ഇട്ടത്.

ആ വെണ്ണീറെന്തു ചെയ്തെടി മധുരം കോടിപ്പൊന്നമ്മേ?

ആ വെണ്ണീറല്ലേ ഇന്നലെ പൂജപ്പാത്രം തെച്ചത്

ആ പാത്രമെവിടെപ്പോയെടി മധുരം കോടിപ്പൊന്നമ്മേ?

ആ പാത്രമല്ലേ ഇന്നലെ കള്ളൻ കട്ടോു പോയത്

ആ കള്ളനെവിടെപ്പോയെടി മധുരം കോടിപ്പൊന്നമ്മേ?

ആ കള്ളനല്ലേ ഇന്നലെ കാടുകേറിപ്പോയത്

ആ കാട് എന്തു ചെയ്തെടി മധുരം കോടിപ്പൊന്നമ്മേ?

ആ കാട് അല്ലേ ഇന്നലെ വെട്ടിനീക്കിക്കളഞ്ഞത്.

ആ സ്ഥലമെന്തു ചെയ്തെടി മധുരം കോടിപ്പൊന്നമ്മേ?

ആ സ്ഥലത്തല്ലേ ഇന്നലെ കണ്ണൻ വാഴ വെച്ചത്

ആ വാഴ എന്തു ചെയ്തെടി മധുരം കോടിപ്പൊന്നമ്മേ?

ആ വാഴ അല്ലേ ഇന്നലെ പൊണ്ണൻ പോത്തു തിന്നത്

ആ പോത്ത് എവിടെപ്പോയെടി മധുരം കോടിപ്പൊന്നമ്മേ?

ആ പോത്ത് അല്ലേ ഇന്നലെ വയറു വീർത്ത് ചത്തത്!

(പാട്ട് 55, 101 നാടൻപാട്ടുകൾ, എ.ബി.വി.കാവിൽപ്പാട് എച്ച്&സി പബ്ലിക്കേഷൻസ്)

ഈ ര് പാട്ടുകളും (കേട്ടെഴുതിയതും പ്രസിദ്ധീകൃതവുമായവ) പരിശോധിച്ചാൽ ഇവ കത്തൊം.

1. ഭാഷാപരമായ വ്യത്യാസം
2. കൂട്ടിച്ചേർക്കലുകൾ/വെട്ടിത്തിരുത്തലുകൾ
3. കൃത്രിമത്വം.

'പൂവമ്പഴം തിന്നപ്പം പല്ലെല്ലാം പോയി' എന്നത് പുവമ്പഴം തിന്നിട്ട് പല്ലൊന്ന് പോയി, 'തേങ്ങാപ്പൂള് തിന്നപ്പം പല്ലെല്ലാം വന്നു' എന്നത് 'ഏട്ടത്തല തിന്നിട്ട് പല്ലൊന്ന് പൊട്ടി' എന്ന് മാറുന്നതോടെ കൊയ്ത്തുത്സവമായ ഓണത്തോടനുബന്ധിച്ച് ഏവർക്കും ലഭിക്കുന്ന നമ്മുടെ നാട്ടിൽ സുലഭമായിരുന്ന പൂവമ്പഴത്തിന്റെ മൃദുത്വവും തേങ്ങാപ്പൂളിന്റെ കാഠിന്യവും വൈരുധ്യമായി നർമ്മം കലർത്തി ചിത്രീകരിച്ച ആശയങ്ങൾ നഷ്ടമായി. തേങ്ങാപ്പൂള് പോലെ വെളുപ്പും ഉറപ്പുമുള്ളത് എന്ന് പല്ലുകളെ വിശേഷിപ്പിക്കുമ്പോൾ അതിന്റെ പൊള്ളത്തരം സ്പഷ്ടം. 'ഏട്ടത്തല' എന്ന് പ്രയോഗിക്കുമ്പോൾ തൃക്കാക്കര വാമനമൂർത്തിപോലും മത്സ്യാഹാരത്തെ ഉപയോഗിച്ചു എന്ന സൂചനയും പല്ലിന്റെ പോക്കും പൊട്ടലും എല്ലാം യഥാർത്ഥസംസ്കൃതിയിൽ നിന്നകന്ന് ആഹാരാദികളിൽപോലും മാറ്റം വരുത്തിയെന്നും അതിന്റെ പാർശ്വഫലമായി ശരീരഭാഗങ്ങൾ നഷ്ടപ്പെട്ടു എന്നുമുള്ള പുതിയ ഒരു ആശയതലത്തിലേക്ക് എത്തിക്കുകയാണുായത്. 'തിന്നപ്പം' എന്നത് തിന്നിട്ട് എന്ന് മാറ്റം വന്നതിലൂടെ പ്രാദേശികത്തനിമയും തദ്ദേശീയസ്ഥായിയും നഷ്ടമാവുന്നതിലൂടെ കൃത്രിമത്വം നിഴലിക്കുന്നു. 'ആ ആര്യാളേടെ' എന്നത് അരിവാളരിവാളെവിടെ' എന്ന പാഠഭേദത്തോടെ ആരംഭിക്കുന്ന ഈ പാട്ടിൽ 'മരുതങ്കോടിപ്പൊന്നമ്മ' 'മധുരം കോടിപ്പൊന്നമ്മ'യായി മാറി. 'ചാമ' തെനയായി 'അര്യാളല്ലേയിന്നലെ എന്നത് ആ അരിവാളല്ലെ ഇന്നലെ' എന്നും 'ബറുത്തുകുത്തിവെച്ചത്' എന്നത് 'വറുത്ത്കുത്തിവെച്ചത്' എന്നും മാറി. 'പൂശാപാത്തറം തേച്ചത്' എന്നത് 'പൂജാപാത്രം തേച്ചത്' എന്ന് മാറുന്നു. ഇങ്ങനെ ഈ പാട്ടിലുടനീളം ഭാഷാപരമായ വ്യത്യാസം സ്പഷ്ടമാണ്.

ഭാഷ മാനകഭാഷയാക്കി മാറ്റുന്നതോടെ തനിമയും പ്രാദേശികസ്വഭാവവും നഷ്ടപ്പെട്ട് കൃത്രിമത്വത്തെ പ്രാപിക്കുന്നു. കൂട്ടിച്ചേർക്കലുകളും വെട്ടിത്തിരുത്തലുകളും അതിന്റെ യഥാതഥമായ ആശയത്തെ മാറ്റി മറിക്കുന്നു. സമ്പാദകന്റെ ശേഖരണഘട്ടത്തിലോ പ്രസിദ്ധീകരഘട്ടത്തിലോ വന്ന മാറ്റം നാടൻകുട്ടിപ്പാട്ടിന്റെ

സ്വത്വത്തെത്തന്നെ മാറ്റിയേക്കാം. ഇങ്ങനെ സംഭവിക്കാതിരിക്കണമെങ്കിൽ ഏറെ ശ്രദ്ധയോടെ കൈകാര്യം ചെയ്യേിയിരിക്കുന്നു.

പാഠാന്തരങ്ങൾ അഥവാ പാഠഭേദങ്ങൾ ഫോക്‌ലോറുകളുടെ പ്രത്യേകതയാണ്. നാടൻപാട്ടുകളുടെയും അതിന്റെ ഉപവിഭാഗമായ നാടൻകുട്ടിപ്പാട്ടുകളുടെയും മുഖമുദ്രയുമാണ്. യഥാർത്ഥപാഠത്തെ കൃത്യമായി കണ്ടെത്താനോ കാലനിർണയം നടത്താനോ സാധ്യമല്ലെങ്കിലും അപഗ്രഥിച്ച് വിശകലനം ചെയ്യുമ്പോൾ ഏറെക്കുറെ അതിന്റെ സാമൂഹ്യപശ്ചാത്തലവും കാഴ്ചപ്പാടും പ്രകടമാവുന്നു. കേരളത്തിൽ മുഴുവൻ പ്രചാരത്തിലുള്ള ചില നാടൻകുട്ടിപ്പാട്ടുകളെയും അവയുടെ പാഠാന്തരങ്ങളെയും അപഗ്രഥിക്കാനാണ് ഈ ഭാഗത്ത് ശ്രമിച്ചിട്ടുള്ളത്.

### 4.4. പാഠഭേദങ്ങൾ

പാട്ടിന്റെ താളം, ഭാഷ, അർത്ഥം എന്നിവയെയാണ് പാഠഭേദത്വത്തെ നിർണ്ണയിക്കുന്ന ഘടകങ്ങളായി കണക്കാക്കിയിട്ടുള്ളത്. തപ്പോ തപ്പോ എന്ന കുട്ടിപ്പാട്ടിലെ നാഴ്യരി പഴയരി ചോറു് എന്ന പ്രയോഗത്തെ ആധാരരൂപമായി സ്വീകരിക്കുമ്പോൾ വരുന്ന പാഠഭേദങ്ങൾ ഇവയാണ്.

1. തപ്പോ തപ്പോ തപ്പാണീ
തപ്പുകുടുക്കേലെന്തു്
നാഴ്യരി പഴയരി ചോറു്
പിന്നെവരുമ്പോളെന്തു്
ചട്ടകംവെച്ചൊരു കുത്തു് കെ.കെ. നാരായണൻ, അരീക്കോട്

2. തപ്പോ തപ്പോ തപ്പാണീ
തപ്പുകുടുക്കേലെന്തു്
നാഴ്യരി പഴയരി ചോറു്
നാറാണൻ വെച്ച കറിയു്
പിന്നെ വരുമ്പേക്കെന്തു്
ചട്ടുകംവെച്ചൊരു കൊത്തു് കെ.വി. ശ്രീധരൻ, മാമ്പറ്റ

3. തപ്പോ തപ്പോ തപ്പാണി
തപ്പുക്കുടുക്കേലെന്തു്
നാഴ്യരിപ്പഴയരി ചോറു്
നാരായണൻവച്ച കറിയു്
നാരായണികാച്ചിയ മോരു്
അമ്മായി വന്നേ വെളമ്പാവൂ
അമ്മാവൻ വന്നേ ഉണ്ണാവൂ സായി നിവേദിത, പത്തനാപുരം

4. തപ്പോം തപ്പോം തപ്പാണി
തപ്പം കൊട്ട്ണ തപ്പാണി
തപ്പ് കുടുക്കേലെന്തു്?
നാഴ്യരി മൂഴ്യരി ചോറ്
നാണ്യമ്മവെച്ചൊരു കറിയു്
നാണ്വാര് കാച്ചിയ മോരു്
പിന്നെവരുമ്പോളെന്തു്?
പിന്നെവരുമ്പോളൊന്നൂല്ല്യ രവീന്ദ്രൻ മാസ്റ്റർ, ചേർത്തല

കുട്ടിയെ മടിയിലിരുത്തി ര് കയ്യും കൂട്ടി കൊട്ടിച്ചുകൊ് താളത്തിൽ തലയാട്ടി കളിപ്പിക്കുന്ന ഈ പാട്ടിൽ ഒരു ഗൃഹാന്തരീക്ഷത്തിലെ സ്നേഹവും സുരക്ഷിതത്വവും ഇഷ്ടവും ശ്രദ്ധയും ആഹ്ലാദകാരിത്വവും പ്രകടമാണ്. ഇതിലൂടെ ഒരു ജനസാമാന്യസ്വഭാവചിത്രണം കൂടി നടത്തുന്നു്. 'തപ്പുകുടുക്കേൽ നാഴ്യേരി പഴ

യരിച്ചോറ്' എന്ന് പറയുന്ന ആൾ തന്നെ 'പിന്നെ വരുമ്പോഴെന്തു്' എന്ന ചോദ്യ ത്തിന് ചട്ടകം വെച്ചൊരു കുത്ത് എന്ന് പ്രതിവചിക്കുന്നതിലൂടെ വ്യക്തിയുടെയും സമൂഹത്തിന്റെയും മന:ശാസ്ത്രം വ്യക്തമാണ്. പിന്നേം വരുമ്പോൾ എപ്പോഴും വരുന്നവർ എന്ന നിലക്ക് അവഗണിക്കപ്പെടുമെന്നും അങ്ങനെ വീട്ടുകാർക്കൊരു ഭാരമാവുമെന്നും അവർ ഉപദ്രവിക്കാൻ അഥവാ ഓടിക്കാൻ ശ്രമിക്കുമെന്നുള്ള യാഥാർത്ഥ്യത്തെ ഓർമ്മിപ്പിക്കുകയാണിവിടെ. അതിലൂടെ 'അതിഥി ദേവോഭവ:' എന്നൊക്കെയാണെങ്കിലും ആവർത്തിക്കുമ്പോൾ തീവ്രപ്രതികരണങ്ങൾ ഉായെന്ന് വരാം എന്ന സൂചനയും നൽകുന്നു. 'പഴയരിച്ചോറ്' എന്നതിലൂടെ തനതായ കൃഷിയും അതിന്റെ ഫലവും സൂചിതം.

മലപ്പുറം ജില്ലയിലെ പത്തനാപുരം അരീക്കോട് ഭാഗങ്ങളിൽ നിലനിന്ന കെ. കെ. നാരായണൻ പാടിത്തന്ന ഈ പാട്ടിന് മുക്കത്ത് കെ.വി. ശ്രീധരൻ തന്ന പാഠഭേ ദത്തിൽ, 'നാരായണൻ വെച്ച കറിയു്' എന്ന സൂചന സവർണ്ണവിഭാഗങ്ങളിൽ പ്രചാ രത്തിലിരുന്ന പാട്ടാണ് എന്ന് സൂചിപ്പിക്കുന്നു. (പ് നാരായണൻ, കൃഷ്ണൻ, രാമൻ തുടങ്ങിയ ഈശ്വരീയ നാമങ്ങൾ അതേപടി സ്വീകരിക്കാനുള്ള അവകാശം സവർണ്ണസമൂഹത്തിനേ ഉായിരുന്നുള്ളൂ). 'പിന്നെ വരുമ്പോളെന്തു്' എന്നത് വരു മ്പോയ്ക്കെന്തു്, 'കുത്തു്' എന്നത് 'കൊത്തു്' 'ചട്ടകം', ചട്ടുകമായതും അടു ത്തടുത്തുള്ള ഈ പ്രദേശങ്ങളിൽപ്പോലും നിലനിന്നിരുന്ന പ്രാദേശിക ഭേദങ്ങളെ ബോധ്യപ്പെടുത്തുന്നു.

പത്തനാപുരം സായി നിവേദിതയിൽ നിന്ന് ലഭിച്ച പാട്ടിൽ കാച്ചിയമോരും കറിയും എല്ലാം ഉാക്കികഴിഞ്ഞുവെങ്കിലും കഴിക്കാൻ ആയിട്ടില്ല കാരണം അമ്മായി വെളമ്പാനും അമ്മാവൻ ഉണ്ണാനുമെത്തിയിട്ടില്ല. ഇവിടെ മരുമക്കത്തായ വ്യവസ്ഥി തി[5]യിൽ അമ്മാമനും അമ്മായിയ്ക്കും നൽകപ്പെട്ട അമിത പ്രാധാന്യവും അലിഖി തനിയമങ്ങളും പ്രകടിപ്പിക്കപ്പെടുന്നു. കൊച്ചുകുട്ടിക്ക് പോലും ആഹാരം അമ്മായി വിളമ്പിത്തന്നാലേ കഴിക്കാൻ കഴിയുമായിരുന്നുള്ളൂ എന്ന യാഥാർത്ഥ്യം വെളിപ്പെ ടുന്നു.

നാണ്യമ്മ വെച്ച കറിയും നാണ്വാര് കാച്ചിയ മോരും വെച്ച് കാത്തിരിക്കുന്ന വീട്ടുകാർ ആദ്യം വരുമ്പോൾ (ഒരു പക്ഷേ വിവാഹം കഴിഞ്ഞ് ആദ്യത്തെ സൽക്കാ രമാവാം) വളരെ സന്തോഷത്തോടെ സ്വീകരിച്ച് സൽക്കരിക്കുന്നതും പിന്നെ വരു മ്പോൾ സാധാരണ വീട്ടുകാരുടെ സ്ഥിതിയിലേക്ക് (അതിഥികൾ വീട്ടുകാരായ അവ സ്ഥ) മാറുന്നതുമാണ് ഇവിടെ സൂചിതം.

അർത്ഥതലത്തിൽ സമാനമെന്ന് പറയാൻ സാധിക്കില്ലെങ്കിലും താളം, ഭാഷ എന്നിവയിൽ സമാനത പുലർത്തുന്ന വേറെയും പാട്ടുകൾ ഉ്.

5. ചെപ്പോ ചെപ്പോ കണ്ണാടി

ചെപ്പുക്കുടുക്കേലെന്തു്

ഉണ്ണിയ്ക്കുണ്ണാൻ ചോറു്

നാരായണൻ കാച്ചിയ മോരു് ഈശ്വരിയമ്മ ടീച്ചർ, കച്ചേരി

6. തപ്പോ തപ്പോ തപ്പാണി

തപ്പുകുടുക്കേലെന്തു്

തപ്പുകുടുക്കേൽ ചോറു്

കണ്ണനുണ്ണാൻ ചോറു് ജാനകിയമ്മ, മേപ്പള്ളി

മധ്യതിരുവിതാംകൂറിൽ പ്രചാരത്തിലുള്ള ഈ പാട്ട് കച്ചേരിയിൽ താമസിക്കുന്ന ഈശ്വരയമ്മടീച്ചറിൽ നിന്നാണ് ലഭിച്ചത്. 'ചെപ്പുകുടുക്കേൽ ഉണ്ണിക്കുണ്ണാൻ ചോറു്' എന്നതിലൂടെ ഉണ്ണി അഥവാ കുട്ടിക്ക് വീട്ടിൽ കിട്ടുന്ന സ്ഥാനവും അവനുള്ള പ്രാധാന്യവും ബോധ്യപ്പെടുന്നു. നാരായണൻ കാച്ചിയ മോരു് എന്നതിലൂടെ കുട്ടിക്ക് വേി പ്രത്യേകം തയ്യാറാക്കിയ നാട്ടുഭക്ഷണരീതിയും സൂചിതമാണ്.

മേപ്പള്ളി ജാനകിയമ്മയിൽ നിന്ന് കിട്ടിയ ഈ പാട്ടിൽ തപ്പുകുടുക്കേൽ ചോറ്. കണ്ണനുണ്ണാൻ ചോറ് എന്നതിലൂടെ എന്ത് ഇല്ലായ്മയിലും കണ്ണന് തുല്യമായ കുട്ടിക്ക് വേതെല്ലാം വീട്ടിൽ ഒരുക്കപ്പെടും അഥവാ ഈ കൂട്ടി തന്നെയാണ് അമ്മയുടെ മനസ്സിലെ കണ്ണൻ എന്ന് സൂചിപ്പിക്കപ്പെടുന്നു.

എന്നാൽ ആധാരപാഠഭേദത്തിൽ നിന്ന് ഇവയെല്ലാം വളരെ അകലെയാണ്. അഞ്ച്, ആറ് പാട്ടുകളിലെ തപ്പുകുടുക്കേലെന്തു്, ചെപ്പുകുടുക്കേലെന്തു് എന്നീ പ്രയോഗങ്ങൾ നിരീക്ഷിച്ചാൽ അഥവാ 'കുടുക്കേലെന്തു്' എന്ന പ്രയോഗത്തെ ആധാരരൂപമായി സ്വീകരിച്ചാൽ ഈ പാട്ടുകളെല്ലാം കാലാന്തരത്തിൽ മാറ്റപ്പെട്ടതാവാമെന്ന് കരുതേിയിരിക്കുന്നു.

അർത്ഥത്തിലും ഭാഷയിലും വ്യത്യസ്തത പുലർത്തുകയും താളത്തെ നിലനിർത്തുകയും ചെയ്യുന്ന പാട്ടുകൾ കാലക്രമത്തിൽ പുതിയ സ്വതന്ത്രപാഠങ്ങളായിത്തീരുന്നു.

7. തപ്പോ കിലുകിലും

താളം കിലുകിലും

തപ്പാണി കൊട്ടണ കയ്യാണ്

തപ്പോ തപ്പോ തപ്പാണി

തപ്പിലരിപ്പൊടി മഞ്ഞപ്പൊടി

ഉണ്ണിയ്ക്കൂം തേവർക്കും പപ്പാതി

ഗോവിന്ദ ഗോവിന്ദ ഗോവിന്ദ ഉണ്ണിനാരായണൻ നമ്പൂതിരി, വാഴാമ്പറ്റ

ഒരു വായ്ത്താരിപോലെ ആരംഭിക്കുന്ന ഈ കളിപാട്ടിൽ തപ്പാണി കൊട്ട്ണ കുഞ്ഞിക്കയുടെ സൗന്ദര്യം ധ്വനിപ്പിച്ചുകൊ് പാട്ട് മറ്റൊരു തലത്തിലേക്ക് പോകുന്നു. തപ്പിലുള്ള അരിപ്പൊടി മഞ്ഞപ്പൊടി എന്നിവ പൂജക്ക് പത്മം തീർക്കാനുള്ള സാധനങ്ങളാണ്. ഈ പൂജാദ്രവ്യം പോലും കുട്ടികൾക്ക് അൽപം എടുത്തുകൊടുക്കേി വന്നാൽ ദോഷമില്ല എന്നാണ് വിശ്വാസം. ഉണ്ണിക്കും തേവർക്കും പപ്പാതി എന്നതിലൂടെ ഉണ്ണിക്കും തേവർക്കും തുല്യസ്ഥാനമാണ് വീട്ടിലുള്ളത് എന്ന് വ്യക്തം. കുട്ടികളെ ഈശ്വരതുല്യരായി കണക്കാക്കുന്ന നമ്മുടെ പാരമ്പര്യരീതിയാണ് ഇവിടെ പ്രകടമാകുന്നത്. വാഴമ്പറ്റ ഉണ്ണിനാരായണൻ നമ്പൂതീരിയിൽനിന്ന് കിട്ടിയ ഈ പാട്ട് അവരുടെ ജീവിതവുമായി ഇഴുകിചേർന്നു നിൽക്കുന്നു.

8. തപ്പോ തപ്പോ തപ്പിലരിപ്പൊടി

കൈതപ്പൂ കണ്ണാടി

കൂട്ടിപ്പട്ടര് കൊച്ചിയ്ക്ക് പോകുമ്പോ

കുട്ടിയ്ക്ക് കരിവള കൊാരും കൊാരും കെ.വി.ശ്രീധരൻ, മാമ്പറ്റ

ഈ പാട്ടിൽ തപ്പിലരിപ്പൊടി, കൈതപ്പൂകണ്ണാടി. കുട്ടിപ്പട്ടര് കൊച്ചിക്ക് പോകുമ്പോ കുട്ടിക്ക് കരിവളകൊാരും എന്ന വരികൾ ശ്രദ്ധിച്ചാൽ ഇത് ഒരു പെൺകുട്ടിയെ കളിപ്പിക്കുന്ന പാട്ടാണ് എന്ന് വ്യക്തമാകും. തപ്പിലരിപ്പൊടി എന്നതിലൂടെ പലഹാരപ്പണി സൂചിതം. കൈതപ്പൂകണ്ണാടി എന്നതിലൂടെ നാലുപാടും സുഗന്ധം വമിപ്പിക്കുന്ന കൈതപ്പൂവിന്റെ ഭംഗിയും കുഞ്ഞിന്റെ ആകർഷണീയതയും താരതമ്യപ്പെടുത്തുന്നു. കുട്ടിപ്പട്ടര് കൊച്ചിക്ക് പോകുമ്പോൾ എന്നതിലൂടെ കൊച്ചിയുടെ വാണിജ്യപ്രാധാന്യം,[6] കുട്ടിപ്പട്ടർ എന്ന കച്ചവടക്കാരൻ എന്നിവ പരിചയപെടുത്തുന്ന കുട്ടിക്ക് കരിവളകൊാരും എന്നതിലൂടെ അലങ്കാരപ്രിയയായ കുട്ടിയെ സാന്ത്വനിപ്പിക്കുകയാണ്.

9. തപ്പോ തപ്പോ തപ്പൊട്ട്

തപ്പിലരിപ്പൊടി കൈനീട്ട്

കുട്ടിയ്ക്ക് പഞ്ചാരയുമ്മ തരാം

വട്ടി നിറച്ചമ്മ പാലുതരാം ഉമ, ഗുരുവായൂർ

അമ്മയും കുഞ്ഞും തമ്മിലുള്ള സ്നേഹവാത്സല്യങ്ങളുടെ തലമാണ് ഇവിടെ കാണുന്നത്.

10. തപ്പോ തപ്പോ തപ്പാണി
തപ്പോ കിലുകിലും താളം കിലുകിലും
തപ്പണി കൊട്ട്ണ ചങ്ങാതി
തപ്പണി കൊട്ടി വലഞ്ഞുവരുമ്പം
അപ്പം ചുടാനൊരമ്മയ്
നുള്ളിത്തരാനൊരച്ഛനു്
തട്ടിപ്പറിയ്ക്കാനൊരേട്ടനു്
ഇത്തിരിക്കുഞ്ഞനെ വാരിപ്പുണർന്നിട്ടൊ–
രുമ്മ തരാനൊരു പെങ്ങള്. മനോമോഹനൻ, ചാത്തമംഗലം

മനോമോഹനൻ തന്ന പാട്ടിലെ തപ്പാണികൊട്ടി വലഞ്ഞുവരുമ്പം അപ്പം ചുടാനൊരമ്മ, നുള്ളിത്തരാനൊരച്ഛൻ, തട്ടിപ്പറിക്കാനൊരേട്ടൻ, വാരിപ്പുണർന്നുമ്മ തരാൻ പെങ്ങൾ, ഈ പ്രയോഗങ്ങൾ ഇന്നത്തെ അണുകുടുംബത്തെയും അതിലെ സ്നേഹസങ്കല്പങ്ങളെയും പ്രതിനിധീകരിക്കുന്നു.

11. തരികിട തമ്പാച്ചീ
തമ്പാച്ചിക്കുട്ക്കേലെന്തു്?
ചെട്ടിച്ചി ചുട്ടൊരു പുട്ടു്
ചെട്ട്യാര് ചുട്ടൊരു അടയ്
പൊടിയരിക്കഞ്ഞീം കറീ്
നാത്തൂൻ വരട്ടിയ ചെമ്പു്
കൊടെ ചെറ്ക്കാ പാളച്ചട്ടി
വെളമ്പിത്തരാം ഞാൻ മൂക്കുമുട്ടെ. കല്ല്യാണി, ചോക്കൂർ

താളം, ഭാഷ എന്നിവയിൽ സമാനതപുലർത്തുന്നുങ്കിലും തീർത്തും സ്വതന്ത്രപാഠമെന്ന് ഈ പാട്ടിനെ കണക്കാക്കാം. അവർണ്ണരെങ്കിലും സമ്പന്നർക്കിടയിലുള്ള ഈ പാട്ടിൽ തമ്പാച്ചിക്കുടുക്കയിൽ ചെട്ടിച്ചി ചുട്ട പുട്ട്, ചെട്യാര് ചുട്ട അട, പൊടിയരിക്കഞ്ഞിയും കറിയും, നാത്തൂൻ വരട്ടിയ ചേമ്പ് എന്നിങ്ങനെ സമൃദ്ധിയുടെ നിറവാണ് കാണുന്നത്. അപൂർവ്വം ചില ഗൃഹങ്ങൾ വർണ്ണവ്യവസ്ഥയിൽ താഴെയെങ്കിൽപ്പോലും സാമ്പത്തിക ഉന്നമനം നേടിയിരുന്നു

എന്ന് ഈ പാട്ട് വ്യക്തമാക്കുന്നു. 'കൊട ചെറുക്കാ പാളച്ചട്ടീ, വെളമ്പിത്തരാം ഞാൻ മൂക്കുമുട്ടെ' എന്നതിലൂടെ കുട്ടിയുടെ ആർത്തിയും അതിനോടുള്ള പരിഹാസം നിറഞ്ഞ പ്രതികരണവുമാണ് കാണുന്നത്. 'പാളച്ചട്ടി' എന്നത് സാമ്പത്തികമുങ്കെിൽപ്പോലും താഴ്ന്ന ജാതിക്കാർക്ക്[7] പാത്രമായി പാളച്ചട്ടിയേ ഉപയോഗിക്കാൻ കഴിയുമായിരുന്നുള്ളൂ എന്ന് ബോധ്യപ്പെടുത്തുന്നു. മറ്റൊരർത്ഥത്തിൽ പ്രകൃതിവസ്തുക്കളായിരുന്നു ഇവിടെ പാത്രമായിപ്പോലും ഉപയോഗിച്ചിരുന്നത് എന്ന സൂചനയുമാകാം.

12. തപ്പാണി കൊട്ടണ
കുഞ്ഞിക്കയ്യിന്
പൊൻവളതായോ തട്ടാരേ
പാഞ്ഞു തുള്ളണ
കുഞ്ഞിക്കാലിന്
പൊൻതളതായോ തട്ടാരെ.
പറ പറ പറയണ
കുഞ്ഞുബാവയ്ക്ക്
ചക്കരതായോ താരെ
കുത്തിയിരിക്കണ
കുഞ്ഞിചന്തിയ്ക്ക്
പീഠം തായോ ആശാര്യേ　　　　പാത്തുമ്മ, കുറ്റിപ്പാല

കുറ്റിപ്പാലക്കൽ പാത്തുമ്മയിൽ നിന്ന് ശേഖരിച്ച കുട്ടിപ്പാട്ടിലൂടെ കൊച്ചുകുഞ്ഞിനെ അണിയിച്ചൊരുക്കാനും ചക്കര, പീഠം തുടങ്ങി ആ കുട്ടിക്ക് വേ സൗകര്യങ്ങൾ ഒരുക്കാനുമുള്ള ഉമ്മയുടെ ആഗ്രഹമാണ് കാണുന്നത്. തപ്പാണികൊട്ടുന്ന കുഞ്ഞിക്കയ്യിക്ക് പൊൻവളയും പാഞ്ഞ് തുള്ളണക്കുഞ്ഞിക്കാലിന് പൊൻതളയുമിട്ട് അവനിഷ്ടപ്പെട്ട ചക്കരയും തിന്നുകൊ് കുഞ്ഞിപീഠത്തിൽ ഇരിക്കുന്ന കാഴ്ച സ്വപ്നം ക്കൊ് 'കുഞ്ഞിബാവ'യെ തപ്പാണി കളിപ്പിക്കുന്ന ഉമ്മയുടെ ചിത്രമാണ് ഈ പാട്ടിലൂടെ തെളിയുന്നത്. തട്ടാൻ, താൻ, ആശാരി തുടങ്ങിയവരുടെ പരമ്പരാഗതതൊഴിലുകളെ[8] പരിചയപ്പെടുത്തുന്ന ഈ കളിപ്പാട്ടിലൂടെ കുട്ടിക്ക് ചുറ്റുമുള്ള സമൂഹത്തെ പരിചിതമാവുകകൂടിയാണ് ചെയ്യുന്നത്.

13. ചെപ്പുകൊട്ടുണ്ണീ ചെപ്പുകൊട്ട്
താമരക്കയ്യാൽ ചെപ്പുകൊട്ട്
അപ്പം തിന്നാൻ ചെപ്പുകൊട്ട്
താമരക്കയ്യാൽ ചെപ്പുകൊട്ട്　　　　കൊച്ചുനാരായണപിള്ള, വെഞ്ഞാറമൂട്

ചെപ്പുകൊട്ടുണ്ണി എന്ന് തുടങ്ങുന്ന തിരുവനന്തപുരം വെഞ്ഞാറമൂട് സ്വദേശി കൊച്ചുനാരായണപിള്ളയുടെ ശേഖരത്തിൽ നിന്നും ലഭിച്ച ഈ പാട്ടിലൂടെ ഒരു അമ്മയ്ക്ക് കുഞ്ഞിനോടുള്ള അമിതവാൽസല്യമാണ് പ്രകടമാകുന്നത്. തന്റെ കുഞ്ഞിന് വേി ജീവിക്കുന്ന ഒരമ്മയുടെ മോഹങ്ങളും തന്നാൽ കഴിയുന്ന എന്തും നൽകി കുഞ്ഞിനെ സന്തോഷിപ്പിക്കാനുള്ള വ്യഗ്രതയും സൂചിപ്പിക്കുന്ന ഈ പാട്ട് സമൃദ്ധിയുടെ ഗുണഭോക്താക്കളുടേതാണ് എന്ന് സൂചിപ്പിക്കുന്നു.

## 2. ചെപ്പോ ചെപ്പോ കണ്ണാടി

1. ചെപ്പോ ചെപ്പോ കണ്ണാടി
ചെപ്പുകുടുക്കേലെന്തു്?
മുത്തശ്ശിതന്നൊരു മുത്തു്
മുത്തിന് മുങ്ങാൻ തേനു്
തേൻ കുടിയ്ക്കാൻ വു്
വിനിരിക്കാൻ പൂവു്
പൂവ് ചൂടാനമ്മയു്
അമ്മയ്ക്കെടുക്കാൻ കുഞ്ഞു്
കുഞ്ഞിന് കുടിക്കാനമ്മിഞ്ഞ
ചെപ്പോ ചെപ്പോ കണ്ണാടി — പാർവ്വതി, ഓമശ്ശേരി

2. ചെപ്പോ ചെപ്പോ ചങ്ങാതി
ചെപ്പു കുടുക്കേലെന്തു്
ഒരു പൊൻമുത്തു്
മുത്തശ്ശി തന്നൊരു മുത്തു്
മുത്തിനു മുങ്ങാൻ തേനു്
തേൻ കുടിക്കാൻ വു്
വിനിരിക്കാൻ പൂവു്
പൂവ് ചൂടാൻ അമ്മയു്
അമ്മയ്ക്കെടുക്കാൻ കുഞ്ഞു്
കുഞ്ഞിന് കുടിക്കാനമ്മിഞ്ഞ
ചെപ്പോ ചെപ്പോ ചങ്ങാതീ — ആദർശ്, ഓമശ്ശേരി

ചെപ്പോ ചെപ്പോ എന്ന് തുടങ്ങുന്ന പാട്ടിൽ ചെപ്പുകുടുക്കേൽ മുത്തശ്ശി തന്നൊരു മുത്തു് എന്നതിലെ മുത്ത് കുട്ടികൾക്കുവേി അവർ ഒരുക്കുന്ന നാടൻകഥ കൾ, പാട്ടുകൾ ഉപദേശങ്ങൾ, അനുഭവങ്ങൾ തുടങ്ങിയ പാരമ്പര്യമുത്തുകളാണ്. അല്ലെങ്കിൽ മുത്തശ്ശിയുടെ മുത്ത് അത് കേട്ട് ഇമവെട്ടാതെ ഇരിക്കുന്ന കുഞ്ഞ് തന്നെയാണ്. മുത്തിന് മുങ്ങാനുള്ള തേൻ അറിവിന്റെ ഖനികളായ ഈ കഥ

കളും പാട്ടുകളും തന്നെ. തേൻ കുടിക്കാൻ വു് എന്നതിലൂടെ കുട്ടിയുടെ വളർച്ചയും പാരമ്പര്യസ്രോതസ്സുകളുടെ ആർജ്ജിക്കലും ജീവിതപ്രവേശവും സൂചിതം. വിനിരിക്കാൻ പൂവു് എന്നതിലൂടെ മുതിർന്ന കുട്ടിയുടെ മനോഭാവമാണ് സൂചിപ്പിക്കുന്നത്. പൂവ് ചൂടാനമ്മ, അമ്മക്കെടുക്കാൻ കുഞ്ഞ്, കുഞ്ഞിന് കുടിക്കാനമ്മിഞ്ഞ. ഇവിടെ പൂചൂടി വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുന്ന കുട്ടി അമ്മയാവുന്നു. കുഞ്ഞിന് കുടിക്കാൻ അമ്മയുടെ അമൃതായ അമ്മിഞ്ഞ. ഒരു കുട്ടിയുടെ വളർച്ചയും വിവിധഘട്ടങ്ങളും എല്ലാം സൂചിതമാകുന്നു. ഓരോ പെൺകുട്ടിയും തന്റെ ഗൃഹത്തിലെ വാത്സല്യഭാജനമായി വളർന്ന് ജീവിതത്തിൽ പ്രവേശിക്കുകയും ആ വാത്സല്യം വരും തലമുറയിലേക്ക് കൈമാറിക്കൊ് മുന്നോട്ടുപോകുകയും ചെയ്യുന്ന അവസ്ഥ ഒരു സമൂഹത്തിന്റെ നിലനില്പിനും സുഗമമായ ഗതിക്കും അത്യാവശ്യമാണ് എന്ന സൂചനയാണിവിടെ നല്കപ്പെടുന്നത്. അർത്ഥം, താളം, ഭാഷ എന്നിവകൊല്ലൊം ഈ രു പാട്ടുകളും പാഠഭേദത്വം ഉള്ളവയാണ്.

### 3. അപ്പോം ചുട്ട്

1. അപ്പോം ചുട്ട് അടേം ചുട്ട്
എലേം വാട്ടി പൊതീം കെട്ടി
കൊച്ചമ്മൂമ്മ വീട്ടിൽ വിരുന്നുണ്ണാൻ പോയപ്പോ
അവിടെക്കല്ല് ഇവിടെ മുള്ള് ........ ഈശ്വരിയമ്മ ടീച്ചർ

2. അപ്പോം ചുട്ട്, അടേം ചുട്ട്
എലേം വാട്ടി പൊതീം പൊതിഞ്ഞ്
പടിയും കടന്ന് അച്ഛന്റെ വീട്ടിക്ക്
വഴിയും ചോദിച്ചു അതിലേപോയി
ഇതിലേപോയി കിളികിളി കിക്കിളി
കിക്കിളി കിക്കിളി തങ്ക പയ്യന്നൂർ

3. അപ്പോം ചുട്ട്, അടേം ചുട്ട്
എലേം വാട്ടി പൊതീം പൊതിഞ്ഞ്
അച്ചന്റ്യമ്മാത്തേക്ക്
ഇവിടെ കല്ല് ഇവിടെ മുള്ള് ........ കെ.കെ. നാരായണൻ അരീക്കോട്

4. അപ്പോം ചുട്ട്, അടേം ചുട്ട്
എലേം വാട്ടി പൊതീം പൊതിഞ്ഞ്
അച്ചന്റെ വീട്ടിക്ക് പോവ്വാ
മുറുക്കെ പിടിച്ചോ

ഇവിടെ കല്ല് അവിടെ കുഴിതാ്
കൊക്കാണിക്കെണറ് വീഴല്ലേ ബ്ലൂം. ശാരദ വടകര

മുതിർന്നവർ കൊച്ചുകുട്ടികളെ കളിപ്പിക്കാനായി ഉപയോഗിക്കുന്ന ഈ പാട്ടിലൂടെ കുട്ടികൾക്ക് ഏറ്റവും ഇഷ്ടമുള്ള പലഹാരമുാക്കാൻ, കൊച്ചമ്മൂമ്മ വീട്ടിലേക്കുള്ള വിരുന്നുപോക്ക് തുടങ്ങി കുട്ടിയുടെ ജീവിതത്തിലെ മധുരാനുഭൂതികളെ ഉണർത്തി ആനന്ദിപ്പിക്കുന്നതോടൊപ്പം ശരീരത്തിന്റെയും കൈവിരലുകളുടെയും ചലനത്തിലൂടെ ആനന്ദാനുഭൂതി തന്നെ സൃഷ്ടിക്കുന്നു. മറ്റെല്ലാ ഇല്ലായ്മകളും മറന്ന് കുട്ടിയെ സന്തോഷിപ്പിക്കാൻ ശ്രമിക്കുകയാണ് ഇവിടെ. എന്നാൽ അവിടെ കല്ല് ഇവിടെ മുള്ള് എന്ന പ്രയോഗത്തിലൂടെ ഏതൊരു പാതയും/ ഉദ്യമവും ധാരാളം തടസ്സങ്ങളും വിഷമതകളും നിറഞ്ഞതാണ് എന്ന് ഓർമ്മിപ്പിക്കുകയും സൂക്ഷിച്ച് ശ്രദ്ധിച്ച് പോകേതിന്റെ ആവശ്യകതയെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നു. 'കൊച്ചമ്മൂമ്മ' എന്ന പ്രയോഗം ധാരാളം അമ്മൂമ്മമാർ ഉാവാറുള്ള ഒരു വലിയ കൂട്ടുകുടുംബത്തിലെ[9] പശ്ചാത്തലമാണ് എന്ന് വ്യക്തമാക്കുന്നു. ഈശ്വരിയമ്മ ടീച്ചറിൽ നിന്ന് ലഭിച്ച ഈ പാട്ടിന് കേരളത്തിലുടനീളം ധാരാളം പാഠാന്തരങ്ങളു്.

പയ്യന്നൂർ, കാസർഗോഡ് ഭാഗങ്ങളിൽ പ്രചാരത്തിലുള്ള ഈ പാഠഭേദത്തിൽ അപ്പവും അടയും ചുട്ട് 'എലേം വാട്ടി പൊതീം പൊതിഞ്ഞ് പടി കടന്ന് അച്ഛന്റെ വീട്ടിലേക്ക് വഴിയും ചോദിച്ച് പോകുന്ന' രംഗം ഈയടുത്തകാലം വരെ അവിടങ്ങളിൽ ദൃഢമായി നിലനിന്നിരുന്ന മരുമക്കത്തായം സംബന്ധം തുടങ്ങിയവയെ സൂചിപ്പിക്കുന്നു. അമ്മ വഴി സ്വത്തും പിന്തുടർച്ചാവകാശങ്ങളും ലഭിച്ചിരുന്ന വ്യവസ്ഥിതിയിൽ, പല കാരണങ്ങളാൽ ജീവിതം വിഷമകരമായപ്പോൾ മനം നൊന്ത അമ്മ വീടിന്റെ പടി കടന്ന് അഥവാ ഉപേക്ഷിച്ച് തന്റെ അച്ഛനെ അന്വേഷിച്ച് പോകാൻ വെമ്പുന്ന മനസ്സും അന്വേഷണവും കത്തെലും അതിലെ സന്തോഷവവും പ്രകടമാണ്. ഇതിലൂടെ ദീർഘകാലമായി നിലനിന്നിരുന്ന മരുമക്കത്തായത്തിൽ നിന്ന് മക്കത്തായികളാവാൻ വെമ്പുന്ന ഒരു സമൂഹത്തെയാണ് വെളിപ്പെടുത്തുന്നത്. സിവിക് കൊടക്കാട് നൽകിയ ഈ പാഠഭേദത്തിലൂടെ ഒരു സാമൂഹ്യമാറ്റത്തിന്റെ തയ്യാറെടുപ്പാണ് ദൃശ്യമാവുന്നത്.

അരീക്കോട് മൈത്ര സ്വദേശി കെ.കെ. നാരായണൻ മാസ്റ്ററിൽ നിന്നും ലഭിച്ച പാഠഭേദം മക്കത്തായ വ്യവസ്ഥിതിയെ[10] ഊട്ടിവളർത്തിയ മലബാറിലെ നമ്പൂതിരി സമുദായക്കാർക്കിടയിൽ നിലനിന്നതാണ് എന്ന് ഉള്ളടക്കം വ്യക്തമാക്കുന്നു. ഇല്ലത്തെ അകത്തളങ്ങളിലെ സർവ്വാധികാരിയായ മുത്തശ്ശി (അച്ഛന്റെ അമ്മ)യുടെ വീട്ടിലേക്ക് അഥവാ 'അച്ഛന്റ്യമ്മാത്തേക്ക്' പോകുന്ന കുട്ടിയുടെ യാത്രാരംഗമാണ്

സൂചിതം. വിവാഹത്തോടെ സ്ത്രീ സ്വന്തം വീട്ടിൽ നിന്നും അന്യവൽക്കരിക്കപ്പെടുകയും വെറും ബന്ധുമാത്രമായി പരിഗണിക്കപ്പെടുകയും[11] ചെയ്യുന്ന കാലത്ത് അച്ഛന്റ്യമ്മാത്തേക്ക് 'ചാർച്ച' (ബന്ധം) സ്ഥാപിക്കാനുള്ള വൈഷമ്യത്തെ സൂചിപ്പിക്കുകയാണിവിടെ. പുരുഷാധിപത്യമനോഭാവത്തെയാണിവിടെ പരമാർശിക്കപ്പെട്ടിരിക്കുന്നത്.

കണ്ണൂർ, വടകര മേഖലയിൽ നിന്ന് ലഭിച്ച ഈ പാഠഭേദത്തിൽ അപ്പോം ചുട്ട് അടേം ചുട്ട് എലേം വാട്ടി പൊതീം പൊതിഞ്ഞ് അച്ഛന്റെ വീട്ട് പോവ്വാം മുറുക്കെ പിടിച്ചോ എന്നതിലൂടെ മരുമക്കാത്തായ വ്യവസ്ഥിതി വിട്ട് മക്കത്തായത്തിലേക്ക് മാറിക്കൊിരിക്കുന്ന ഒരു കുടുംബപശ്ചാത്തലമാണ് സൂചിതം. ഈ മാറ്റം കുടുംബങ്ങളിൽ ഉാക്കിയ അരക്ഷിതാവസ്ഥയും പ്രതിബദ്ധങ്ങളുമാണ് 'ഇവിടെ കല്ല്, അവിടെ കുഴി താ് എന്നതിലൂടെ വെളിപ്പെടുത്തുന്നത്. ഇത്രയൊക്കെ മുറുക്കെ പിടിച്ച് കുഴിതാി ചെന്നിട്ടും അവസാനം കൊക്കാണിക്കിണറിൽ വീഴല്ലേ എന്ന് ഓർമ്മപ്പെടുത്തുമ്പോഴേക്കും വീണ അവസ്ഥ മരുമക്കത്തായത്തിലെ അധികാരകേന്ദ്രീകരണവും ഭരണവും വിട്ട് കൊച്ചുകുടുംബങ്ങളായി വേർപിരിഞ്ഞപ്പോൾ[12] ഉായ പ്രശ്നങ്ങളും ബന്ധങ്ങളുടെ തകർച്ചയും സാമ്പത്തികമായ പരാധീനതയും ജീവിതം മുന്നോട്ടു നീക്കാൻ കഴിയാത്ത ദയനീയതയും ഈ മാറ്റം സമൂഹത്തിൽ ഉാക്കിയ നിഷ്കാസിതഭാവവും വ്യക്തമാക്കുന്നു.

ഒന്നാം പാഠഭേദത്തിൽ കൊച്ചമ്മൂമ്മ വീട്ടിലേക്കാണ് വിരുന്നുണ്ണാൻ പോകുന്നത് എങ്കിൽ രാം പാഠഭേദത്തിൽ അച്ഛന്റെ വീട്ടിലേക്ക് വഴിയും ചോദിച്ച് പോകുന്ന സ്ഥിതിയാണുള്ളത്. ഇതിൽ ആദ്യത്തേത് കുറേ അമ്മൂമ്മമാരുള്ള ഒരു കൂട്ടുകുടുംബത്തെ സൂചിപ്പിക്കുമ്പോൾ രാമത്തേതിൽ ദീർഘകാലത്തെ മരുമക്കത്തായത്തിൽ നിന്ന് മക്കത്തായത്തിലേക്ക് മാറാൻ വെമ്പുന്ന കുടുംബപശ്ചാത്തലമാണുള്ളത്. നാലാം പാഠഭേദത്തിൽ അച്ഛന്റെ വീട്ടിലേക്ക് പോവുന്ന പ്രയാസങ്ങളും കൊക്കാണിക്കെണറിലെ വീഴലും മരുമക്കത്തായത്തിലെ അധികാരകൈമാറ്റത്തിൽ സംഭവിച്ച സാമ്പത്തികത്തകർച്ചയെ സൂചിപ്പിക്കുന്നു. എന്നാൽ മൂന്നാം പാഠഭേദം പുരുഷകേന്ദ്രീകൃതഭരണത്തിന്റെ മൂർത്തിമത്ഭാവങ്ങളായിരുന്ന ഇല്ലത്തുനിന്നും, അച്ഛന്റ്യമ്മാത്ത് പോക്കും തദനുബന്ധപ്രശ്നങ്ങളുമാണ്. സമൂഹത്തിലെ ദായക്രമങ്ങളെയും അതിലെ വ്യത്യാസങ്ങളെയും പ്രശ്നങ്ങളെയുമാണ് ഇവ ഉൾക്കൊള്ളുന്നത്.

താളം, അർത്ഥം എന്നിവയിൽ സമാനമെന്ന് പറയാമെങ്കിലും ഈ പാട്ടിലെ ഭാഷ മറ്റു പാട്ടുകളിൽ നിന്ന് വ്യത്യസ്തമാണ്. അതിനാൽ ഈ പാട്ട് സ്വതന്ത്രപാഠത്തെ കൈവരിച്ചിട്ടു് എന്ന് പറയാം.

5. അപ്പോം ചുട്ട് അടേം ചുട്ട്
അമ്മാത്തേക്ക് തന്നും വിട്ടു
അതിലേ പോയപ്പം കയ്യാല
ഇതിലെ പോയപ്പം പയ്യാല
വളഞ്ഞു പോയപ്പം കാട്ടാന
തിരിഞ്ഞു പോയപ്പം നാട്ടാന
മടങ്ങിച്ചെന്നപ്പം വക്കാണം
പതുങ്ങിചെന്നപ്പം വായ്ക്കാണം. ജയശങ്കരൻ മുത്തേരി

ജയശങ്കരനിൽനിന്ന് ലഭിച്ച പാട്ടിൽ സ്ത്രീസമൂഹത്തോടും വീട്ടുകാരോടുമുള്ള സമീപനം കൂടുതൽ വ്യക്തമാകുന്നു. അമ്മ അപ്പവും അടയുമൊക്കെ ഉാക്കിപ്പോൾ അതിൽ അല്പം എടുത്ത് തന്റെ വീട്ടുകാർക്ക് കുട്ടിയുടെ കൈവശം കൊടുത്തുവിടാൻ ശ്രമിച്ചപ്പോഴേക്കും കയ്യാല, പയ്യാല, കാട്ടാന, നാട്ടാന തുടങ്ങി കുട്ടിക്ക് മുമ്പിൽ ധാരാളം പ്രതിബന്ധങ്ങൾ. ഇവ തരണം ചെയ്യാൻ സാധിക്കാതെ നിസ്സഹായനായ കുട്ടി മടങ്ങിച്ചെന്നപ്പോൾ അമ്മയുടെ വഴക്ക്. വീും പതുങ്ങിച്ചെന്ന് കാര്യം സാധിച്ചപ്പോഴോ 'അമ്മാത്തു'ള്ളോരുടെ പരിഹാസം. ഇങ്ങനെ ഒരു കാലത്ത് നിലനിന്നിരുന്ന അധികാരകേന്ദ്രീകരണവുംസ്ത്രീത്വത്തോടുള്ള അവജ്ഞയും പ്രകടമായ ഈ പാട്ടിലൂടെ വിവാഹിതയായി മറ്റൊരിടത്ത് കുടിയിരുത്തപ്പെടുന്ന നമ്പൂതിരി സ്ത്രീകളുടെ അവസ്ഥ[13] ചിത്രീകരിക്കുന്നു. താനധ്വാനിച്ചുാക്കിയ അപ്പം പോലും തന്റെ ജന്മഗൃഹത്തിലേക്ക് കൊടുത്തുവിടാൻ അധികാരമില്ലാത്ത ദയനീയതയുടെ ഈ മുഖം നിയന്ത്രണങ്ങളുടെ ചട്ടക്കൂടിനെയും കാഠിന്യത്തെയും വ്യക്തമാക്കുന്നു.

**4. അക്കുത്തിക്കു . . .**

1. അക്കുത്തിക്കുത്താന വരുങ്കു-
ത്തക്കരെ നിക്കണെ
വെള്ളക്കൊരങ്ങന്റെ
കയ്യോ കാലോ
രാലൊന്ന്
തട്ടി മുട്ടി ഒടിഞ്ഞും പോട്ടെ ശ്രീക്കുട്ടൻ മൈത്ര

2. അക്കുത്തിക്കുത്താന വരുങ്കു-
ത്തമ്പള നെഞ്ഞത്തൊരു കുത്ത്
അക്കരെ നിക്കണെ
വെള്ളക്കൊരങ്ങന്റെ
കയ്യോ കാലോ

രാലൊന്ന്
തട്ടി മുട്ടി ഒടിഞ്ഞും പോട്ടെ ജലജ താമരശ്ശേരി

3. അക്കുത്തിക്കുത്താന വരുങ്കു–
ത്തക്കരെ നിക്കണ
വെള്ളക്കൊരങ്ങന്റെ
കയ്യോ കാലോ
രാലൊന്ന്
വെട്ടിമുറിഞ്ഞ് എടോം വലോം പോ രാധാമണി ചൂലൂർ

മൈത്ര കുത്തുപറമ്പ് ഭാഗങ്ങളിൽ പ്രചാരത്തിലുായിരുന്ന ഈ പാട്ട് കുട്ടികളുടെ ഇരിപ്പു കളിക്കുപയോഗിക്കുന്നതാണ്. കേട്ട മാത്രയിൽ അസംബന്ധമെന്ന് തോന്നാമെങ്കിലും പദങ്ങൾ അപഗ്രഥിച്ചാൽ, അവിടെയും ഇവിടെയുമായി നടത്തപ്പെടുന്ന പ്രത്യാക്രമണങ്ങളുടെ ശക്തികൂട്ടി ആനക്കരുത്താർജ്ജിച്ച്, അക്കരെ അഥവാ നമ്മോട് അടുക്കാതെ നില്ക്കുന്ന വെള്ളക്കൊരങ്ങന്റെ (വെള്ളക്കാരൻ, യുറോപ്യന്മാർ) പ്രവർത്തനത്തെ ഇല്ലായ്മ ചെയ്യാൻ ആഹ്വാനം ചെയ്യുന്നു. വെള്ളക്കാരന്റെ കാലോ കയ്യോ, തട്ടി/ മുട്ടി ഒടിഞ്ഞുപോട്ടെ എന്നതിലൂടെ അവരുടെ പ്രവർത്തനക്ഷമത നഷ്ടമാവട്ടെ എന്ന് ശപിക്കുന്നു. വൈദേശിക അധിനിവേശകാലഘട്ടത്തിൽ[14] ശാരീരികമായും മാനസികമായും പീഢിപ്പിക്കപ്പെട്ട അന്നത്തെ തദ്ദേശീയരുടെ വേദനകറിഞ്ഞ് പ്രതികരിക്കുകയാണിതിലൂടെ ചെയ്തിട്ടുള്ളത്. അവിടെനിന്നും ഇവിടെ നിന്നുമായി ആനയുടെ കരുത്ത്പോലെ പ്രഹരിച്ചുകൊിരിക്കുന്ന വെള്ളക്കാരന്റെ പ്രവർത്തനക്ഷമതയുടെ നാശം എന്ന അർത്ഥത്തിലും കാണാം.

താമരശ്ശേരി ഭാഗത്ത് നിന്ന് ലഭിച്ചപാഠഭേദത്തിൽ പ്രതിഷേധം അല്പം കൂടി കടന്ന് അമ്പളെ (നമ്മുടെ) നെഞ്ഞത്ത് കുത്തുന്ന അഥവാ നമ്മെ നശിപ്പിക്കുന്ന വെള്ളക്കാരന്റെ കാലോ കയ്യോ ഒടിഞ്ഞുപോട്ടെ എന്ന് പ്രാകുന്നതിലൂടെ കുട്ടിയിൽപോലും ആഴത്തിൽ കാണുന്ന പ്രതിഷേധങ്ങളുടെ ശക്തി പ്രകടമാകുന്നു. ചുലൂർ പ്രദേശത്ത് പ്രചാരത്തിലുള്ള പാഠഭേദത്തിൽ പ്രതിഷേധം കൂറേക്കൂടി ശക്തമായ വിധത്തിൽ വെള്ളക്കാരന്റെ കയ്യോ കാലോ രാലൊന്ന് വെട്ടിമുറിഞ്ഞ് എടോം വലോം പോ എന്നതിലൂടെ വീുമൊരിക്കൽ ഉപയോഗയോഗ്യമല്ലാത്ത വിധത്തിൽ നഷ്ടപ്പെട്ട് വൈകല്യത്തെ സ്ഥിരമായി പ്രാപിക്കട്ടെ എന്ന അഭിവാഞ്ജയാണ് നിഴലിക്കുന്നത്. വൈദേശിയരുടെ ഭരണത്തോടുള്ള കടുത്ത എതിർപ്പും സ്വയംരക്ഷക്ക് വേിയുള്ള ആഗ്രഹവുമാണിവിടെ പ്രകടമാവുന്നത്. ഈ

മൂന്ന് പാട്ടുകളും പാഠഭേദങ്ങളാണ്. എന്നാൽ അർത്ഥതലത്തിൽ വ്യത്യസ്ത മാണെങ്കിലും താളം, ഭാഷ എന്നിവയിൽ സമാനമായ ഒരു പാട്ട്.

4. അക്കുത്തിക്കുത്താന പെരും
കുത്തനെ നിക്കണ
ചക്കിപ്പരുന്തിന്റെ
കയ്യോ കാലോ
രാലൊന്ന്
തച്ചൊടിച്ചിട്ട്
മാനം കാട്ടെന്റെ മച്ചൂനിയാ — സുധീഷ് –വയനാട്

വയനാടൻ പ്രദേശത്ത് പ്രചാരത്തിലുള്ള പാട്ടിൽ കുത്തനെ നിക്കണ ചക്കി പ്പരുന്തിന്റെ കയ്യോ കാലോ രാലൊന്നൊടിച്ച് കൊത്തിമുറിച്ച് മാനം കാട്ടാനാണ് മച്ചൂനിയനോട് ആവശ്യപ്പെടുന്നത്. മലമ്പ്രദേശമായ വയനാടൻ മേഖലകളിൽ തങ്ങ ളുടെ വളർത്തുകിളികളെ റാഞ്ചിക്കൊുപോയി ഭക്ഷിക്കുന്ന ചക്കിപ്പരുന്തിന്റെ ഉപദ്ര വമാണ് പരാമർശിതം. പരുന്തിന്റെ കയ്യോ കാലോ ഒടിച്ചെങ്കിലും ഈ കുടുംബ ത്തിന്റെ മാനം രക്ഷിക്കാൻ ആവശ്യപ്പെടുന്നതിലൂടെ കിളിവളർത്തലിലൂടെ ഉപജീ വനം നടത്തുന്ന വിഭാഗത്തിന്നിടയിലായിരിക്കാം ഈ പാട്ടിന്റെ പ്രചാരം എന്ന് ഊഹിക്കാം. പരുന്തിന്റെ റാഞ്ചൽ, ഗോത്രകാലഘട്ടം[15] മുതൽ നടന്നു വരുന്ന 'താനിഷ്ടപ്പെടുന്ന പെൺകുട്ടിയെ' തട്ടിക്കൊുവന്ന് ജീവിതപങ്കാളിയാക്കുന്ന സമ്പ്രദായത്തേയും ഇതിനോടുള്ള രക്ഷിതാക്കളുടെ പ്രതികരണത്തെയും കുടുംബത്തിന്റെ മാനം കാക്കേതിന്റെ ആവശ്യകതയും ഓർമ്മിപ്പിക്കുന്നു.

ഭാഷ, അർത്ഥം എന്നിവയിൽ വ്യത്യസ്തത പുലർത്തുന്ന ഈ പാട്ടുകൾ അക്കുത്തിക്കുത്താന എന്ന പാട്ടിന്റെ താളത്തിൽ തന്നെയുള്ളതാണ്. എങ്കിലും സ്വതന്ത്രപാഠങ്ങളായി കണക്കാക്കുകയേ തരമുള്ളൂ.

5. അക്കുത്തിക്കുത്താന വരമ്പത്ത്
കല്ലേക്കുത്ത് കടങ്കുത്ത് — വി.കെ. സോമശേഖരൻ അന്നൂർ

6. അക്കുത്തിക്കുത്താന വരുമ്പം
കല്ലേക്കുത്ത് കരിങ്കുത്ത്
ആ വെള്ളം ശീ വെള്ളം
താറാമ്മളെ കയ്യിലൊരു പങ്ക് — മറിയാമ്മച്ചേട്ടത്തി കോട്ടയം

ഒന്നാം പാഠഭേദത്തിൽ വെള്ളക്കാരന്റെ കയ്യോ കാലോ ഒടിഞ്ഞുപോട്ടെ എന്നത് രാം പാഠഭേദമായപ്പോഴേക്കും 'അമ്പളെ നെഞ്ഞത്ത് കുത്തിയ വെള്ളക്കാരന്റെ' എന്ന് രോഷം ശക്തിമത്താകുന്നു. മൂന്നാംപാഠഭേദത്തിൽ വീും യോജിക്കാത്തവണ്ണം കയ്യോ കാലോ നഷ്ടപ്പെടട്ടെ എന്ന് പ്രാകുന്നവിധത്തിൽ പ്രതിഷേധം ശക്തമാകുന്നു. എന്നാൽ നാലാം പാട്ട് ഇതിൽ നിന്ന് വ്യത്യസ്തമായി വയനാടൻ പശ്ചാത്തലത്തിലുള്ള സംഭവങ്ങളാണ് പരാമർശിതം. എന്നാൽ തെക്കൻ പ്രദേശങ്ങളിൽ നിന്ന് ലഭിച്ച അഞ്ച്, ആറ് പാട്ടുകൾ ഇവയിൽ നിന്ന് വളരെ വ്യത്യസ്തമാണ്. 'അക്കുത്തിക്കുത്താന' എന്ന വരിയെ ആധാരരൂപമായി സ്വീകരിക്കുമ്പോൾ ഇവയെല്ലാം പാഠഭേദങ്ങളായി തോന്നാമെങ്കിലും താളം, ഭാഷ, അർത്ഥം എന്നിവയെ സൂചകങ്ങളായി സ്വീകരിക്കുമ്പോൾ ആദ്യത്തെ മൂന്ന് പാട്ടുകൾ മാത്രമാണ് യഥാർത്ഥത്തിൽ പാഠഭേദങ്ങൾ എന്ന് ബോധ്യപ്പെടുന്നു.

### 5. ചാഞ്ചാടുണ്ണീ

1. ചാഞ്ചാടുണ്ണീ ചെരിഞ്ഞാടുണ്ണീ
കുഴഞ്ഞാടുണ്ണീ ഒന്നാടാട്
ചാഞ്ചെട്ടി മരം വെട്ടി
ചതുരത്തിൽ മരം വെട്ടി
പലമേലെ പട്ടിട്ട്
പട്ടിൻമേൽ പണമിട്ട്
അതിൻമേലിരുന്നുണ്ണീ ചാഞ്ചാട്. ദീപ കെ.കെ – പാലക്കാട്

2. ചാഞ്ചാടുണ്ണീ ചരിഞ്ഞാടുണ്ണീ
കുഴഞ്ഞാടുണ്ണീ നീ ആടാട്
ചാഞ്ചോ............ചാഞ്ചോ............
ചാഞ്ചക്കം മരംവെട്ടി
ചതുരത്തിൽ പടികൂട്ടി
അതിൻമേലിരുന്നുണ്ണീ ചാഞ്ചാടൂ ചെറിയേത് – മൈത്ര

3. ചാഞ്ചാടുണ്ണി ചെരിഞ്ഞാടുണ്ണീ
കുഴഞ്ഞാടുണ്ണി മറിഞ്ഞാട്
പണത്തിന്മേലിരുന്നുണ്ണി ആടാട്
കുന്നെതെ കുന്നെതെ കുന്നെതെ നിർമ്മല – താമരശ്ശേരി

4. ചാഞ്ചാടുണ്ണീ ചാഞ്ചാട്
ചാഞ്ചക്കം ചാഞ്ചക്കം ചാഞ്ചാട്
ചാഞ്ചക്കം മരം വെട്ടി

ച്ചതുരത്തിൽ പടിയിട്ട്
പടിയിന്മേൽ പട്ട്ട്
പട്ടിന്മേൽ പണമിട്ട്
പണത്തിന്മേലിരുന്നുണ്ണി ചാഞ്ചാട്
ആടാടുണ്ണീ ആടാട്
ചാഞ്ചാടുണ്ണീ ചെരിഞ്ഞാട്
ആടാടുണ്ണീ ആടാട്
അമ്പിളിക്കുട്ടാ ആടാട്
അമ്പിളിക്കുട്ടാ ചാഞ്ചാട്
അമ്മേടുണ്ണീ അച്ചന്റ്യുണ്ണീ
അമ്മാമേടോമന ചാഞ്ചാട് ഇന്ദിര – കരിപ്പത്ത്

മുതിർന്നവർ കുട്ടിയെ മടിയിലിരുത്തി അല്ലെങ്കിൽ കാൽപ്പാദത്തിൽ നിർത്തി കൊ് രു കയ്യും പിടിച്ച് കളിപ്പിക്കുന്ന ഒരു കളിപ്പാട്ടാണിത്. പാട്ടിനനുസൃതമായി ചാഞ്ചാടുന്ന കുട്ടിയോട് 'പണത്തിന്മേൽ ഇരുന്നുണ്ണി ചാഞ്ചാട്' എന്ന് പറയുന്നതിലൂടെ രക്ഷിതാക്കൾക്ക് തങ്ങളുടെ മക്കളെക്കുറിച്ചുള്ള അമിത പ്രതീക്ഷകളും സാമൂഹ്യജീവിതത്തിൽ പണത്തിനുള്ള അമിത പ്രാധാന്യവും വെളിവാക്കപ്പെടുന്നു. 'മരം വെട്ടി ചതുരത്തിൽ പടിയിട്ട്' എന്നതിലൂടെ കുട്ടിയുടെ ജീവിതത്തിൽ ഊഞ്ഞാലിനുള്ള പ്രാധാന്യവും നിർമ്മാണ ഘട്ടങ്ങളും സൂചിപ്പിക്കപ്പെടുന്നു. 'പടിയിന്മേൽ പട്ടിട്ട്' 'പട്ടിമ്മേൽ പണമിട്ട്' എന്ന വരികളിലൂടെ ചിന്തിച്ചാൽ ഈ ആചാരക്രമങ്ങൾ അഥവാ 'ദക്ഷിണ' ലഭിക്കപ്പെടുന്ന നമ്പൂതിരി സമുദായത്തിലും വെളിച്ചപ്പാടു കോമരങ്ങൾക്കിടയിലും ഒരു കാലത്ത് ഉായിരിരുന്ന പാട്ടായിരിക്കണം എന്ന് വ്യക്തമാണ്. 'അമ്പിളിക്കുട്ടാ എന്ന വിളിയും' പണത്തിന്മേലിരുന്ന് എന്ന മോഹവും അമ്മക്ക് മകനോടുള്ള വാത്സല്യക്കൂടുതൽ സ്പഷ്ടമാക്കുന്നു.

സമൂഹത്തിന് 'പണം' എന്നതിനോടുള്ള വീക്ഷണം വ്യക്തമാക്കുന്ന ഈ പാട്ടിലെ 'ഊഞ്ഞാൽ' എന്ന പ്രതീകം വർത്തമാനഘട്ടത്തിൽ നിന്ന് കൊ് മുൻകാലങ്ങളിലേക്കും വരും കാലങ്ങളിലേക്കും സഞ്ചരിച്ച് ആവശ്യമായ പരിവർത്തനങ്ങൾ വരുത്തിയാലേ മുന്നോട്ട് പോകാൻ കഴിയൂ എന്ന സൂചന നല്കുന്നു. അമ്മേടുണ്ണീ, അച്ഛന്റുണ്ണി, അമ്മാമേടോമന എന്നീ പ്രയോഗങ്ങൾ മക്കത്തായ, മരുമക്കത്തായ വ്യവസ്ഥിതികൾക്കപ്പുറത്ത് സ്വന്തമായ കാഴ്ചപ്പാടും ജീവിതവീക്ഷണവും കൈവന്ന ഒരു കുടുംബവ്യവസ്ഥിതിയെ സൂചിപ്പിക്കുന്നു. ഇന്ദിര കരിപ്പത്തിൽ നിന്ന് ലഭിച്ച പാട്ടിലൂടെ കുട്ടിക്ക് സമൂഹത്തിൽ പ്രമുഖസ്ഥാനം ലഭിക്കാൻ ആഗ്രഹിക്കുന്ന അമ്മയുടെ മനോഭാവമാണ് പ്രകടമാകുന്നത്. നിർമ്മല, താമരശ്ശേരിയിൽ നിന്ന് ലഭിച്ച പാഠഭേദത്തിൽ ചാഞ്ഞും ചെരിഞ്ഞും, കുഴഞ്ഞും മറിഞ്ഞും ചാഞ്ചാടി

ക്കൊ് അമ്മയെ രസിപ്പിക്കുന്ന കുട്ടിയുടെ ആഹ്ലാദകാരിത്തമാണ് പ്രകടം. ലഭ്യമായ മറ്റ് പാഠഭേദങ്ങളിലെല്ലാം തന്നെ പണത്തിന്റെയും അതിന്മേലിരുന്ന് ചാഞ്ചാടുന്ന തിനുള്ള ആഗ്രഹവുമാണ് പ്രകടിപ്പിക്കപ്പെടുന്നത്.

എന്നാൽ ആചാരങ്ങളുമായി ബന്ധപ്പെടുത്തി ചിന്തിച്ചാൽ ചാഞ്ചാടുണ്ണീ എന്ന ആശംസ നവജാത ശിശുവിനെ കാണുക എന്ന ചടങ്ങുമായി ബന്ധപ്പെട്ടു നില്ക്കുന്നു. ചതുരത്തിൽ പടിയിട്ട മരത്തൊട്ടിലിൽ പട്ടിട്ട് അതിൽ കിടത്തിയ ഉണ്ണിക്ക് കൈനിറയെ പണവും മറ്റ് സമ്മാനങ്ങളും നല്കി ബന്ധുമിത്രാദികളും

അടുത്ത ആളുകളും കാണുന്ന ചടങ്ങിനെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. ഒപ്പം ശിശു ഐശ്വര്യസമൃദ്ധിയിൽ കളിയാടട്ടെ എന്ന ആശംസകളും കൊച്ചുകുട്ടികൾ 'ഈശ്വരതുല്യർ' എന്ന നിലക്ക് ഈ ധനസമർപ്പണം ഈശ്വരസമർപ്പണത്തിന്റെ പ്രതീകമായി കുകൊ് എല്ലാ കുഞ്ഞുങ്ങളെയും സ്വന്തം കുഞ്ഞുങ്ങളെ എന്ന പോലെ സംരക്ഷിക്കേ കടമ സമൂഹത്തിനു് എന്ന സന്ദേശമാണിതിലൂടെ കൈമാറി യിരുന്നത്.

ചാഞ്ചാടുണ്ണി എന്നതിലെ പാഠഭേദങ്ങളെല്ലാം പണത്തിന്മേലിരുന്ന് ആടാനുള്ള ആശീർവാദവും ആഗ്രഹവും പ്രകടിപ്പിക്കുന്നവയാണ്. പട്ടിന്മേൽ പണ മിടുക എന്ന ദക്ഷിണഭാവത്തെ ഉൾക്കൊള്ളുന്നതിനാൽ ഇത് സവർണ്ണജന്മിഗൃഹങ്ങ ളുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന ഒന്നാണ് എന്ന് സൂചിതം. ഉണ്ണി എന്നതിലൂടെ ആൺകുട്ടിക്കുള്ള പ്രാധാന്യത്തെയും അവരാണ് വീടിന്റെ അവകാശികൾ എന്ന സങ്കല്പത്തെയും ഊട്ടിയുറപ്പിക്കുന്നു.

**6. നാരങ്ങപ്പാല്...**

1. നാരങ്ങപ്പാല് ചൂക്ക് ര്
ഇലകൾ പച്ച പൂക്കൾ മഞ്ഞ
ഓടി വരുന്ന ചാടി വരുന്ന
കള്ളനെ പിടിച്ചു — അഞ്ജന –മാമ്പറ്റ

2. നാരങ്ങപ്പാല് ചൂക്ക് ര്
ഇലകൾ പച്ച പൂക്കൾ മഞ്ഞ
ഓടി വരുന്നൊരു കുഞ്ഞിനെ
പ്പിടിച്ചോട്ടെ — കൊച്ചുനാരായണപിള്ള

3. നാരങ്ങപ്പാല് ചൂക്ക് രേ
ഇലകൾ പച്ച പൂക്കൾ മഞ്ഞ

ഓടുമ്പോ പിടിക്കാം
ഒളിച്ചു നടക്കണ കള്ളനെ പിടിക്കാം　　　　മിനി – പന്നിക്കോട്

4. നാരങ്ങപ്പാല് ചൂക്ക് ര്
ഇലകൾ പച്ച പൂക്കൾ മഞ്ഞ
ഓടി വര്ണ ചാടി വര്ണ
കള്ളനെ പിടിച്ചേ　　　　അമ്മു – ഗുരുവായൂർ

5. നാരങ്ങപ്പാല് ചൂക്ക് ര്
ഇലകൾ പച്ച പൂക്കൾ മഞ്ഞ
ഒളിച്ച് നടക്കും കള്ളനെ പിടിക്കാൻ
ഓടുമ്പം പിടുത്തം　　　　നിർമ്മല – ചൂലൂർ

കേൾക്കുമ്പോൾ അസംബന്ധമെന്ന് തോന്നാവുന്ന ഈ പാട്ടിലൂടെ പ്രകൃതിയെയും നിറങ്ങളെയും പരിചയപ്പെടുത്തുന്നതോടൊപ്പം കള്ളൻ പ ിടിക്കപ്പെടേവനാണ് എന്ന ബോധത്തെ ഉണർത്തുകയും ചെയ്യുന്നു. ഓട്ടം, വേഗത, സാമർത്ഥ്യം, സൂത്രം തുടങ്ങിയ കളി സാമർത്ഥ്യങ്ങളെ വികസിപ്പിക്കാൻ സഹായകമായ ഈ കളിയിലൂടെ സമവായത്തിന്റെ പ്രാരംഭപാഠങ്ങൾ പ രിശീലിക്കുന്നു. കൊച്ചുനാരായണപിള്ള തന്ന പാഠഭേദത്തിലൊഴികെ എല്ലാറ്റിലും ഓടിവര്ണ 'കള്ളനെ'യാണ് പിടിക്കുന്നതെങ്കിൽ അതിൽ ഓടി വരുന്ന 'കുഞ്ഞിനെ'യാണ് പിടിക്കുന്നത്. ഓടി നടക്കുന്ന കള്ളൻ കുഞ്ഞ് തന്നെയാണ് എന്നും അവന്റെ ജന്മവാസനകളെ കത്തെി അതിലെ 'കള്ളനെ' തിരിച്ചറിയേതു് എന്നും ധ്വനി. വീട്ടിൽ പല കുസൃതിത്തരങ്ങളും ഒപ്പിക്കുന്ന കുട്ടി ഒരു സമസമൂഹത്തിലെത്തുന്നതോടെ ഇത്തരം സ്വഭാവങ്ങൾ/ പ്രശ്നങ്ങൾ ഉ ാക്കുമെന്നും പിടിക്കപ്പെടുമെന്നും കളിയിലൂടെ സ്വയം ബോധ്യപ്പെടുന്നു. ഒപ്പം കളിയിലായാലും ജീവിതത്തിലായാലും നേരും നെറിയും സൂക്ഷിക്കേതു് എന്ന ബോധവും വേരുറക്കുന്നു.

**7. കുഞ്ഞിക്കുഞ്ഞി...**

1. കുഞ്ഞികുഞ്ഞിക്കുറുക്കാ
നിനക്കെന്തു ബെരുത്തം
എനിക്കെന്റേട്ടാ
തലക്കുത്തും പനിയും
പറപറ തൂറലും
അതിനെന്ത് ബൈഥ്യം
കുഞ്ഞികുഞ്ഞിക്കുറൂക്കാ

അതിനുള്ള ബൈഥ്യം
നാട്ടീ പോകണം
കക്കിരിക്കാ പറയ്ക്കണം
കറുമുറെ തിന്നണം
പറപറതൂറണം
കൂക്കിവിളിക്കണം കൂഹൂ ........ കൂഹൂ ........ കെ.വി.ശ്രീധരൻ–മാമ്പറ്റ

2. കുഞ്ഞികുഞ്ഞിക്കുറുക്കാ
നിനക്കെന്ത് ബരുത്തം
എനിക്കെന്റമ്മോ തലക്കുത്തുംപനിയൂം
വയറ്റീന്ന് പോക്കും
അതിനെന്ത് ബൈദ്യം
പാടത്ത് പോകണം
കക്കിരിപറിയ്ക്കണം
കറുമുറുതിന്നണം
കുന്ന്മ്പ്ക്കേറണം
കൂക്കിവിളിക്കണം
കൂ ....... കൂ ......... കൂ ............. നിഖിൽ കൃഷ്ണൻ – അരീക്കോട്

3. കുറുക്കാ, കുറുക്കാ
കുഞ്ഞി കുഞ്ഞിക്കുറൂക്കാ
നിനക്കെന്ത് ബരുത്തം
എനിക്കെന്റേട്ടാ
തലക്കൂത്തും പനിയൂം
പറപറതൂറലും
അതിനെന്ത് ബൈഥ്യം
വെളുക്കുമ്പം കുളിക്കണം
വെളുത്തമുുടുക്കണം
വേലിക്കപ്പതുങ്ങണം
കോഴീനെപ്പിടിക്കണം

കറുമുറെതിന്നണം
ചോരകുടിക്കണം                    കെ. പാർവ്വതി – ഓമശ്ശേരി

4. കുറുക്കന്റെ കുഞ്ഞേ നിനക്കെന്തുചേതം
വെളുക്കുമ്പം കുളിക്കണം
വെളുത്തമുടുക്കണം
വേലിയ്ക്ക പ്പതുങ്ങണം
കോഴീനെപിടിക്കണം
കറുമുറെതിന്നണം
ചോരേംകുടിക്കണം                    ചന്ദ്രൻ മണാശ്ശേരി

5. കുഞ്ഞി കുഞ്ഞിക്കുറുക്കാ
നിനക്കെന്ത് ഇരുത്തം
എനക്കെന്റേട്ടാ
തലക്കുത്തും പനിയും
അതിനെന്തു ബൈദ്യം
അതിനുള്ള ബൈദ്യം
നാട്ടീപ്പോണം
കക്കിരിക്ക പറിക്കണം, കറുമുറതിന്നണം
പാറമ്മ പോണം പറപറ തൂറണം
കൂക്കിവിളിക്കണം                    ശ്യാംദാസ് മുത്താലം

മാമ്പറ്റയിലെ കെ.വി. ശ്രീധരൻ ചൊല്ലിത്തന്ന പാട്ടിൽ കുറുക്കന്റെ അസുഖവും അതിനുള്ള വൈദ്യവുമാണ് പ്രതിപാദ്യം. തലക്കുത്തും പനിയും പറ പറ തൂറലുമുള്ള കുറുക്കൻ അതിനുള്ള വൈദ്യമായി നട്ടീൽ (പച്ചക്കറിത്തോട്ടം) പോയി കക്കരിക്ക പറിച്ച് കറുമുറെ തിന്നലാണെന്ന് കത്തുന്നത്. ബെരുത്തം, ബൈഥ്യം തുടങ്ങി ഇന്ന് അപ്രയുക്തമായ വാക്കുകൾ കാണാവുന്ന ഈ പാട്ടിലൂടെ കുറുക്കന്റെ സ്വഭാവം, ആഹാരരീതി, പെരുമാറ്റം, സൂത്രശാലിത്വം തുടങ്ങിയവയെല്ലാം വെളിപ്പെടുന്നു. പ്രതികൂലഘട്ടത്തെപ്പോലും തനിക്കനുകൂലമാക്കിയെടുക്കുന്ന സൂത്രശാലിത്വമുള്ള മനുഷ്യന്റെ പ്രതീകമാവാം ഇതിലെ കുറുക്കൻ പാട്ടിന്റെ അവസാനഘട്ടത്തിൽ നട്ടീ പോകുമ്പോൾ കുറുക്കന്റെ സ്വഭാവത്തിൽ വന്ന മാറ്റവും സ്വത:സിദ്ധസ്വഭാവത്തിന്റെ ധ്വനിപ്പിക്കലും തെറിയംശം നിറഞ്ഞ പ്രതിവിധിയും രസാവഹമാണ്. എത്ര പൊയ്മുഖങ്ങൾ പ്രദർശിപ്പിച്ചാലും ചില നിമിഷങ്ങളിൽ എങ്കിലും യഥാർത്ഥസ്വഭാവം പുറത്തു വരാതിരിക്കില്ല എന്ന് ഇവിടെ വ്യക്തമാകുന്നു. നിഖിൻകൃഷ്ണൻ തന്ന പാഠഭേദത്തിൽ ഒരു പടികൂടികടന്ന്

കുന്നുമ്മ്കേറണം കൂക്കിവിളിക്കണം എന്ന കൃത്യമായ അടിസ്ഥാനസ്വഭാവത്തെ പ്രദർശിപ്പിച്ചിരിക്കുന്നു.

ഓമശ്ശേരി പുറങ്കൽ മുതുമനയിലെ കെ.പാർവ്വതി അന്തർജ്ജനം ചൊല്ലിയ പ ാഠാന്തരത്തിൽ 'വെളുക്കുമ്പം കുളിക്കണം വെളുത്തമുട്ടുക്കണം' എന്നതിലൂടെ മനുഷ്യന്റെ പുറമെയുള്ള മാന്യത നടിക്കലിനെ അപഹസിക്കുന്നു. രാവിലെ കുളിച്ച് സുന്ദരനായി മറ്റുള്ളവരുടെ മുമ്പിൽ മാന്യതയുടെ മുഖം മൂടി അണിഞ്ഞ് വിലസു ന്നുവെങ്കിലും ഉള്ളിലിരിപ്പ് തന്റെ സ്വത:സിദ്ധസ്വഭാവമായ വേലിക്കൽ പതുങ്ങലും കോഴിനെപ്പിടിക്കലും കറുമുറെ തിന്നലും ചോര കുടിക്കലും തന്നെ. ഈ പാട്ടി ലൂടെ മനുഷ്യമനസ്സിന്റെ കാപട്യത്തെ തുറന്നുകാണിക്കുന്നു. ഒപ്പം എ ന്താക്കെ കാപട്യങ്ങൾ നിറഞ്ഞ സ്വഭാവവൈകൃതങ്ങളുങ്കെിലും വെളുക്കുമ്പം കുളിച്ച് വെളുത്തമുുമണിഞ്ഞ് പുറമേക്ക് മാന്യത നടിച്ചാൽ ജീവിക്കാമെന്ന് വ്യാമോഹിക്കേതില്ലെന്നും, പെട്ടെന്നല്ലെങ്കിൽപ്പോലും 'സൂക്കേട്' ജനം കുപിടിക്കു മെന്നും രോഗം മാറ്റിക്കുമെന്നും വ്യംഗ്യമായി ബോധ്യപ്പെടുത്തുകയാണിവിടെ.

കുഞ്ഞിക്കുഞ്ഞിക്കുറുക്കാ എന്നതിന്റെ പാഠഭേദങ്ങളിലെല്ലാം മനുഷ്യന്റെ കുനിട്ട്ബുദ്ധിയും പുറമേക്കുള്ള മാന്യത നടിക്കലുമാണ് വിഷയം. ആധുനികലോ കത്തെ മനുഷ്യജീവിതത്തെ അനാവരണം ചെയ്യാൻ ഈ പാട്ട് പര്യാപ്തമാണ്. പാഠ ഭേദങ്ങളിലെ ബെരുത്തം, ബൈദ്യം തുടങ്ങിയ പ്രയോഗങ്ങൾ ഇന്ന് അപ്രയുക്തങ്ങ ളാണ് എന്നത് ഈ പാട്ടിന്റെ പഴക്കത്തെക്കുറിക്കുന്നു.

## 8. മീശക്കാരൻ കേശവൻ

1. മീശക്കാരൻ കേശവന്
ദോശ തിന്നാനാശ
ദോശ വാങ്ങാൻ കാശിനായി
തപ്പിനോക്കി കീശ
കീശയിലും കാശില്ല
മേശയിലും കാശില്ല
ദോശക്കാരനാശാനപ്പോളേറിവന്നു ദേഷ്യം ഈശ്വരിയമ്മ ടീച്ചർ

2. മീശക്കാരൻ കേശവന്
ദോശതിന്നാനാശ
ദോശവാങ്ങാൻ കാശിനായി
തപ്പിനോക്കി കീശ
കേശവാ നിനക്ക് ദോശതിന്നാ–
നാശയുങ്കെി–

ലാശാന്റെ കീശയിൽ നിന്ന് കാശെടുത്ത്
ദോശ വാങ്ങിത്തിന്നെടാ കൊശവാ! കെ.കെ. ഗിരീഷ്

രസകരമായ ഈ ശകാരപ്പാട്ടിലൂടെ മീശക്കാരൻ കേശവന്റെ സ്വഭാവചിത്രണമാണുള്ളത്. ഈശ്വരിയമ്മടീച്ചർ തന്ന പാഠഭേദത്തിൽ ദോശക്കാരൻ കേശവന് കാശില്ലാത്തതിൽ ദേഷ്യപ്പെട്ടുള്ള നില്പ്പ് പണത്തിന്റെ അഭാവവും തന്മൂലമുള്ള ഇച്ഛാഭംഗവും ഉാക്കുന്ന മാനസികാവസ്ഥയെ ബോധ്യപ്പെടുത്തുന്നു. ഒരു ദൃക്സാക്ഷി വിവരണം എന്ന നിലക്കുള്ള ഈ പാട്ട് ദാരിദ്ര്യം വരുത്തുന്ന മോഹഭംഗവും പ്രതികരണവും ലളിതമായി ആവിഷ്കരിക്കുമ്പോൾ ഗിരീഷ് തന്ന പ ാഠഭേദത്തിൽ ആ നിസ്സഹായതയിൽ നിന്നുള്ള മോചനമാർഗ്ഗമാണ് നിർദ്ദേശിക്കുന്നത്. തന്നെ സംരക്ഷിക്കേവനായ ആശാന്റെ കീശയിൽ നിന്ന് കാശെടുത്ത് ദോശവാങ്ങിത്തിന്നോളാനുള്ള ഉപദേശമാണ് ലഭിക്കുന്നത്. ആശ്രിതന്റെ ആവശ്യങ്ങൾ കറിഞ്ഞ് വേത് ചെയ്യാൻ ആശാന്മാർക്ക് അഥവാ കാരണവന്മാർക്ക് സാധിക്കുന്നില്ല എങ്കിൽ ആ നിവൃത്തികേടിനെ മറികടക്കാൻ സ്വയം മാർഗ്ഗങ്ങൾ ആലോചിക്കേിവരും എന്ന ആശയമാണ് കൈമാറ്റം ചെയ്യപ്പെടുന്നത്. കൂട്ടുകുടുംബത്തിന്റെ തണലിൽ ജീവിച്ചിരുന്ന ജനസഹസ്രങ്ങളുടെ പ്രതിനിധിയാണ് ഇതിലെ കേശവൻ.

ഭാഷയിലും താളത്തിലും അല്പം വ്യത്യസ്തത പുലർത്തുന്ന ഈ പാട്ട് സ്വതന്ത്രപാഠമായിത്തീരുന്നു.

3. കേശവനാശാനാശ ദോശകഴിക്കാനാശ
കീശയിലില്ലൊരു കാശ് മേശയിലിലിലൊരു കാശ്
ശീ... ശീ... ശൂ.. ശൂ...
മൂസാദോശ ചുടുന്നോരോശ
ആശാനപ്പോൾ വായിൽ കൂസാതോട്ടാം കപ്പൽ
'ആസാനിക്കൊരു ദോസ' മൂസ നീട്ടി വിളിച്ചു
മേശയിൽ ദോശ നെരന്നു ആശാൻ വേതു തിന്നു
കാസെവിടെന്നായ് മൂസാ കാശില്ലെന്നായാശാൻ
മൂസാ മീശ പിരിച്ചൂ ആശാൻ നിന്നു വിശർത്തു ആദർശ് പി.എം.

ആദർശിൽ നിന്ന് ലഭിച്ച പാട്ടിൽ ഒരു വാങ്മയചിത്രം എന്ന പോലെ കേശവനാശാന്റെ ദോശമോഹവും മൂസയുടെ വിളിയും തീറ്റിയും കാശ്

ചോദിച്ചപ്പോഴുള്ള വിശർക്കലും എല്ലാം രസകരമാണ്. വായിൽ കപ്പലോടിക്കാമെന്ന അവസ്ഥയിലെ മൂസയുടെ നീട്ടിയുള്ള ക്ഷണം, മറ്റൊന്നും ചിന്തിക്കാതെ ദോശ വേ തു തിന്നാൻ പ്രേരിപ്പിച്ചെങ്കിലും കാശ് ചോദിച്ചപ്പോഴുള്ള അമളി മനുഷ്യന്റെ ജീവിതത്തിൽ പലപ്പോഴും സംഭവിക്കാറുള്ളതു തന്നെ. നിജസ്ഥിതി ബോധ്യമെങ്കിൽക്കൂടി മോഹങ്ങൾ അവനെ പലതിലും കൊത്തിച്ചേക്കാമെന്നും പ ിന്നീട് അതിൽ നിന്നുള്ള രക്ഷനേടൽ പ്രയാസകരമാണ് എന്നും ഓർമ്മിപ്പിക്കുകയാണിവിടെ. 'ആസാനിക്കൊരു ദോസ', 'കാസെവിടെന്നായ് മൂസ' എന്നീ പ്രയോഗങ്ങൾ മൂസയുടെ ആശാന്റെ ആർത്തി കറിഞ്ഞുള്ള വിളിയും ആശാന്റെ അകപ്പെടലും ഇന്നത്തെ കച്ചവടലോകത്തെ പരിചയപ്പെടുത്തുന്നു. നിന്ന് വിശർക്കുന്ന ആശാനിലൂടെ ഈ കച്ചവടതന്ത്രങ്ങളിൽപെട്ടാൽ ഇതു തന്നെയാണ് ഏവരുടെയും അവസ്ഥ എന്ന് ബോധ്യപ്പെടുത്തുന്നു. മൂസയുടെയും ആശാന്റേയും ഭാഷയിലെ വ്യത്യാസം സാമുദായികഭാഷാഭേദങ്ങളെ വെളിപ്പെടുത്തുന്നു.

### 9. ആരിയൻ കാവിൽ വേല

1. ആരിയൻ കാവില് ബേല കാണാൻ
ആരെല്ലാം പോക്ണ്ടേ
ആലക്കലയ്യനും പുളിക്കൽ ചക്കിയും
പെരുങ്കാലൻ കുഞ്ഞനുമമരത്ത്
'പെരുങ്കാലൻ'ന്ന് പറയാതെ പെണ്ണേ
പെരുങ്കാലൻ ബല്യ പണക്കാരൻ
പെരുങ്കാലൻ ബല്യ പണക്കാരനാണേൽ
ഇരിക്കട്ടെ അമ്മയ്ക്കിരിക്കട്ടെ — ചെറിയേത് – മൈത്ര

2. ആര്യങ്കാവിലെ പൂരം കാണാൻ
ആരാരെല്ലാം പോക്ണ്ടേ
തൈയ്ക്കും തൊമ്മനും തൈയ്ക്കും തൊമ്മനും
പെരുങ്കാലച്ചനും പെരുങ്കാലമ്മയും
പെരുങ്കാലും കൊ് പോക്ന്നേ
ഉരലുപോലെ വല്പ്പമ്ള്ള
പെരുങ്കാലും കൊ് പോക്ന്നേ
ഹസ്സനും ഹുസ്സനും മമ്മൂം ആലീം
പാലത്തിന്നക്കരെ ചക്ക കട്ടേ
കിട്ടട്ടങ്ങനെ കിട്ടട്ടെ
മമ്മൂനും പാർട്ടിക്കും കിട്ടട്ടെ — ജീജ – പറപ്പൂര്

ആരിയൻകാവിലെ[16] വേലകളി[17] കാണാൻ പോകുന്നവരെകുറിച്ചുള്ള ഒരു പ ാട്ടാണിത്. ആലക്കലയ്യൻ, പുളിക്കൽ ചക്കി, പെരുങ്കാലൻ കുഞ്ഞൻ തുടങ്ങിയവ രാണ് അമരക്കാർ (നേതാക്കന്മാർ) 'പെരുങ്കാലനെന്ന് പറയാതെ പെണ്ണേ പെരുങ്കാ ലൻ ബല്യപണക്കാരൻ' എന്ന വരികളിലൂടെ മറ്റെന്തെല്ലാം ദോഷങ്ങൾ ഉ് എങ്കിലും പണത്തിന്റെ ശക്തിക്ക് സമൂഹം കൽപിക്കുന്ന വില വ്യക്തമാക്കുന്നു. 'പണത്തിന് മീതെ പരുന്തും പറക്കില്ല' എന്ന ചൊല്ലിനെ അന്വർത്ഥമാക്കുന്ന ഈ വരികൾക്ക് നേരെയുള്ള പരിഹാസമാണ് മകളുടെ മറുപടി. 'പെരുങ്കാലൻ ബല്യ പ ണക്കാരനാണേൽ ഇരിക്കട്ടെ അമ്മക്കിരിക്കട്ടെ' എന്ന വരികളിലൂടെ പെരുങ്കാല നോട് ആ കുട്ടിയുടെ മനസ്സിലുള്ള വെറുപ്പിന്റെയും പരിഹാസത്തിന്റെയും ഭാവവും പ്രതിഷേധവുമാണ് പ്രകടമാകുന്നത്.

പാലക്കാട് ജില്ലയിലെ ആരിയൻകാവിലെ പൂരം[18] പ്രസിദ്ധമായിരുന്നു. സമൂ ഹത്തിലെ ഒട്ടുമിക്കവരും ഈ പൂരത്തിൽ പങ്കെടുക്കാറുായിരുന്നു. അരീക്കോട് മൈത്ര സ്വദേശി ചെറിയേത് തന്ന ഈ പാട്ടിൽ ബേല, പോക്ണ്ടേ, അമരത്ത് തുട ങ്ങിയ പ്രയോഗങ്ങൾ പ്രാദേശികത വ്യക്തമാക്കുന്നു. 'അമരത്ത്' എന്ന വാക്ക് തോണിയുമായും ജലക്രീഡകളുമായും മീൻപിടുത്തവുമായും ബന്ധപ്പെട്ടുകിടക്കു ന്നു. പ് റോഡ് ഗതാഗതത്തേക്കാൾ പ്രചാരം ജലയാത്രകൾക്കായിരുന്നു. പുഴയി ലൂടെ തോണി യാത്രക്കുള്ള 'അമരക്കാർ' (വിവിധതോണികളിലെ) ആയിരിക്കണം ആലക്കലയ്യൻ, പുളിക്കൽചക്കി, പെരുങ്കാലൻ കുഞ്ഞൻ തുടങ്ങിയവർ. പുളിക്കൽ എന്നത് അരീക്കോട് മൈത്രക്കടുത്തുള്ള ഒരു സ്ഥലമാണ്. ആലക്കൽ എന്നത് ഒരു വീട്ടുപേരാവാം. പെരുങ്കാലൻ കുഞ്ഞൻ എന്നത് കുഞ്ഞന്റെ മന്ത് കാലിനെ സൂചി പ്പിക്കുന്നു. ഇങ്ങനെ ഒരു സമൂഹത്തിന്റെ രേഖാചിത്രണം തന്നെയാണ് ഇവിടെ സൂചിതമാകുന്നത്.

ഈ പാട്ടിന്റെ മറ്റൊരു പഠാഭേദമായ ആര്യങ്കാവിലെ എന്ന് തുടങ്ങുന്ന പ ാട്ടിലും സാമൂഹ്യവീക്ഷണം ദൃശ്യമാണ്. ഒരു ദൃക്സാക്ഷി എന്ന നിലയിൽ പൂരം കാണാൻ പോകുന്നവരെക്കുറിച്ചുള്ള വിവരണമാണ് ഈ പാട്ടിലുള്ളത്. ഉരലു പോലെ വലുപ്പമുള്ള പെരുങ്കാലും കൊ് പെരുങ്കാലച്ചനും പെരുങ്കാലമ്മയും തൈയും, തൊമ്മനും എല്ലാം പൂരം കാണാൻ പോകുന്നു. ശരിക്ക് നടക്കാൻ പോലും വയ്യാത്ത പെരുങ്കാലന്മാരുടെ പൂരയാത്ര, പൂരത്തിന്റെ ജനകീയതയുടെ ദൃഷ്ടാന്തമാണ്. ഹസ്സനും, ഹുസ്സനും മമ്മൂവും, ആലിയും പാലത്തിന്നക്കരെവെച്ച് ചക്ക കട്ടു. കട്ടതിന്റെ ശിക്ഷ ഇവർക്ക് കിട്ടട്ടെ എന്നതിൽ നിന്നും ആര്യങ്കാവിലെ പ ൂരത്തോടനുബന്ധിച്ച് ദേശസഭകളോ നാട്ടുകൂട്ടങ്ങളോ ചേർന്ന് കുറ്റവിചാരണ[19] നടത്തി ശിക്ഷിക്കുന്ന സമ്പ്രദായം ഉായിരുന്നു എന്ന് വ്യക്തം. കുറ്റം ചെയ്തവരെ

ശിക്ഷിക്കുക എന്ന കുട്ടിയുടെ ശക്തമായ അഭിവാഞ്ജയാണ് 'കിട്ടട്ടങ്ങനെ കിട്ടട്ടെ' എന്ന വരികളിലൂടെ ദൃശ്യമാകുന്നത്. ഇതരമതസ്ഥരായ മമ്മുവും പാർട്ടിയും കൂടി ആര്യങ്കാവിലെ പൂരത്തിന് വരുന്നു എന്നതിലൂടെ പൂരം സകലരുടെയും ഉത്സവമായിരുന്നു[20] എന്ന് സൂചിപ്പിക്കുന്നു.

## 10. അരിപ്പോതിരിപ്പോ

1. അരിപ്പോതിരിപ്പോ
തോരണിമംഗലം
ചക്ക്ട്ട വളക്കിട്ട പതിനാമ്പള്ളിക്കെന്തമ്പൂ
മുരിക്ക്പൂ
മുരിക്കീലരിക്ക കിടന്നോളേ
കൊായെണ്ണ കുടിച്ചോളേ
അങ്ങോയിങ്ങോ മാടോപ്രാവിന്റെ
കൈയ്യോ കാലോ കൊത്തിപ്പറിച്ച് മടങ്ങൂട്ടെ — വി.കെ.എസ്.അന്നൂർ

2. അരിപ്പോ തിരിപ്പോ തോരണിമംഗലം
പരിപ്പും പന്ത്രാനേം കുതിരേം
ചള്ക്ക്ട്ട പളിക്കട്ട പതിനാംപള്ളി
യ്ക്കെന്തിൻ പൂ മുരിക്കിൻപൂ
മുരിക്കിന്നരികെ കിടന്നോളെ
കൊയ്യെണ്ണകുടിച്ചോളെ
അരക്കെട്ട് വെറ്റില തിന്നോളെ
അക്കരെയിക്കരെനിൽക്കും
മാടപ്രാവിന്റെ കയ്യോകാലോ
ചെത്തിക്കൊത്തിമടക്കാക്കോ — ശ്രീധരൻ കുട്ടമത്ത്–പയ്യന്നൂർ

3. അറുപ്പോത്തി... തുറുപ്പോത്തി
അറുപ്പാൻ... പന്തലിൽ
പന്ത്രാന വളഞ്ഞിരുന്നു.
ചിറ്റാട കില്ല ചീപ്പു കില്ല
ആരെടുത്തു കോതയെടുത്തു.
കോതേടെ കയ്യീന്ന് തട്ടിപ്പറിച്ചു
കോതയെ ചുറ്റി പുരപ്പുറത്തിട്ട്
മുന്നാഴിയെണ്ണ കുടിച്ചോളേ
പാഠീലിരിക്കുന്ന അമ്മേടെ
കാലോന്ന് നീട്ടിക്കോ — ആർ.സി. കരിപ്പത്ത്

കൊച്ചുകുട്ടികൾ വട്ടത്തിൽ ചമ്രം പിടഞ്ഞിരുന്ന് ഓരോ വാക്ക് കഴിയുേന്താറും വലത്തോട്ട് തുടയിൽ തട്ടിക്കൊ് കളിക്കുന്ന കാലുനീട്ടിക്കളിയിൽ പാടുന്ന ഈ പാട്ട് 'കൊങ്ങായെണ്ണേം കുടിച്ച് കാലും നീട്ടി പ്രസവിച്ച് കിടക്കുന്ന തന്റെ അമ്മയോടുള്ള പ്രതിഷേധമാണ്. താൻ അമ്മയുടെ സാമീപ്യവും സ്നേഹവും പരിലാളനയും ഏറെ കൊതിക്കുന്ന ഘട്ടത്തിൽ തന്നെ ശ്രദ്ധിക്കാതെ മിക്കിൽ എണ്ണയും മറ്റും കുടിച്ച് കിടക്കുന്ന അമ്മയെ പരിഹസിക്കുന്ന കുട്ടിയിൽ താനും അമ്മയും മാത്രമുള്ള ഒരു ലോകമായിരുന്നു അന്നുവരെ മനസ്സിൽ ഉായിരുന്നത്. പ്രസവിച്ച സ്ത്രീക്ക് നൽകുന്ന പ്രത്യേക ശുശ്രൂഷകളെയും അടങ്ങിയുള്ള കിടപ്പിനെയും പരിഹസിക്കുകയാണിവിടെ. പാഠഭേദത്തിൽ കാണുന്ന 'അരക്കെട്ട് വെറ്റില തിന്നോളേ' എന്ന പ്രയോഗം പ്രസവശുശ്രൂഷയിലെ ആചാരമര്യാദകളെ വിമർശിക്കുന്നു.

അറുപ്പോത്തി..? എന്ന കാസർഗോഡ് ഭാഗങ്ങളിൽനിന്ന് കിട്ടിയ പാട്ടിലെ 'കോതയെടുത്തു, കോതേടെ കയ്യീന്ന് തട്ടിപ്പറിച്ചു, കോതയെ ചുറ്റിപ്പുരപ്പുറത്തിട്ട് മുന്നാഴിയെണ്ണ കുടിച്ചോളേ', എന്ന വരികൾ സപത്നിമാർ അനുഭവിക്കുന്ന ദു:ഖത്തെയും പോരിനെയും കുഞ്ഞുാവുന്നതിലുള്ള വിജയത്തെയും കുറിക്കുന്നു. ബഹുഭാര്യത്വവ്യവസ്ഥിതിയോടുള്ള പരിഹാസം കൂടിയാണിത്. പന്ത്രാനവളഞ്ഞിരുന്നുവെന്നത് സമൃദ്ധിയുടെ നിറവിനെ കുറിക്കുന്നുവെങ്കിൽ ചിറ്റാള കില്ല ചീപ്പു കില്ല എന്നീ പരിഭവങ്ങൾ ഒരേ ഗൃഹത്തിൽ താമസിക്കുന്ന സപത്നിമാരുടെ മാത്സര്യത്തെയും പരസ്പരമുള്ള പാരവെപ്പിനെയും കുറിക്കുന്നു. ഈ മൂന്ന് പാട്ടുകളും വടക്കൻ കേരളത്തിൽ നിന്ന് ലഭിച്ചിട്ടുള്ളതാണ്. ഒന്നാം പാഠഭേദത്തിലെ 'കൊത്തിപ്പറിച്ച് മടങ്ങൂട്ടോ' എന്ന പ്രയോഗം പ്രാദേശികമാണ്. ആദ്യത്തെ ര് പാട്ടുകൾ താളം, അർത്ഥം, ഭാഷ എന്നീതലങ്ങളിൽ പാഠഭേദത്വം പുലർത്തുന്നു. എന്നാൽ മൂന്നാമത്തെ പാട്ട് അർത്ഥ തലത്തിൽ വ്യത്യസ്തമാണ്.

**11. അശകൊശലെ**

1. അശകൊശലെ പെണ്ണുരോ
ചെറുകോശാലും പെണ്ണുരോ
സാമി രുക്കും പെണ്ണുരോ
തൃക്കാമേനി മാപ്ലയ്ക്ക്...
അശകൊശലെ പെണ്ണില്ലാ
ചെറു കോശാലും പെണ്ണില്ലാ
സാമി രുക്കും പെണ്ണില്ലാ
തൃക്കാമേനി മാപ്ലയ്ക്ക്
ഒരാനക്കെടുപ്പതു പൊന്നും തരാം
പൊന്നിട്ട പെട്ടകം പൂട്ടീം തരാം
പൂട്ടാത്താക്കോലൊളിച്ചും തരാം
പെണ്ണിനെത്തരുമോ തോഴികളേ
ഒരാനയ്ക്കെടുപ്പതു പൊന്നും
പൊന്നിട്ട പെട്ടകം പൂട്ടീം വോ
പൂട്ടാത്താക്കോലൊളിച്ചും വേ
പെണ്ണിനെത്തരത്തില്ല തോഴികളേ — ചന്ദ്രികത്തമ്പുരാട്ടി പന്തളം

2. കൊശകൊശലെ പെണ്ണുരോ
............................................................ — ചന്ദ്രികത്തമ്പുരാട്ടി പന്തളം

3. ഒരു കുടുക്ക പൊന്നു തരാം
പൊന്നിട്ട പെട്ടകം പൂട്ടീം തരാം
പൂട്ടാത്താക്കോലൊളിച്ചും തരാം
ഇന്നാളു ചോദിച്ച പെൺ തരാമോ?
ഒരു കുടുക്ക പൊന്നും വേ
പൊന്നിട്ട പെട്ടകം പൂട്ടീം വേ
പൂട്ടാന്താക്കോലൊളിച്ചും വേ
ഞങ്ങടിവിടെ പെണ്ണില്ല
ര് ..............................................................
പത്ത് .......................................................... — ത്രേസ്യാമ്മ പാല

4. ഒരാനയ്ക്കെടുപ്പതു പൊന്നു തരാം
പൊന്നിട്ട പെട്ടി പൂട്ടീന്തരാം
പൂട്ടാത്താക്കോലൊളിച്ചും തരാം
പെണ്ണിനെത്തരുമോടീ നാത്തൂനേ?

ഒരാനയ്ക്കെടുപ്പതു പൊന്നും വേ
പൂട്ടാത്താക്കോലൊളിച്ചും വേ
പെണ്ണിനെത്തരുകില്ല നാത്തൂനേ.
രാന .........................................................
പത്താന........................................................... അജിത വടകര

5. ഒരു കുടുക്കാ പൊന്നു തരാം
പെണ്ണിനെത്തരുമോ വാണികളേ
ഒരു കുടുക്കാ പൊന്നും വേ
പെണ്ണിനെ തരുകേല വാണികളേ
രു കുടുക്കാ ..................................
പത്ത് കുടുക്കാ ................................... ഈശ്വരിയമ്മ കച്ചേരി

6. ഒരു കോര്യപ്പൊന്നുതരാം
പെണ്ണിനെത്തരുമോ പാണ്ഡവരേ
ഒരു കോര്യപ്പൊന്നും വോ
പെണ്ണിനെത്തരില്ല നൂറ്റുവരേ
ഇരു കോര്യ..............................................
പത്തു കോര്യ .......................................
അടുക്കളേൽ കേറും ചട്ടിക്കലം പൊളിക്കും
ഇപ്പം പിടിച്ചിടും പെണ്ണിനെ
അടുക്കളേൽ കേറില്ല ചട്ടിക്കലം പൊളിക്കില്ല
ഇപ്പം പിടിക്കില്ല പെണ്ണിനെ ഗീത വെഞ്ഞാറമൂട്

7. ഒരു കുടുക്കാ പൊന്നു തരാം
പെണ്ണിനെത്തരുമോ തോഴികളെ
ഒരു കുടുക്കാ പൊന്നും വേ
പെണ്ണിനെത്തരില്ല തോഴികളെ
ര് കുടുക്കാ ..............................................
പത്ത് കുടുക്കാ ............................................
വാഴച്ചോട്ടിൽ കിടന്നാലും
വാട്ടവെള്ളം കുടിച്ചാലും
ഞങ്ങളിപ്പെണ്ണിനെ തരികയില്ലാ.
വാഴച്ചോട്ടിൽ കിടന്നാലും
വാട്ടവെള്ളം കുടിച്ചാലും
ഞങ്ങളീപ്പെണ്ണിനേം കൊ േപോകൂ...
ഇറയത്തങ്ങു കിടന്നാലും

ഇറയടിയങ്ങു കൊാലും
ഞങ്ങളീപ്പെണ്ണിനെത്തരികയില്ല
ഇറയത്തു കിടന്നാലും
ഇറയടിയങ്ങു കൊാലും
ഞങ്ങളീപ്പെണ്ണിനേം കൊേ പോകൂ.
ആ... എങ്കിൽ... നോക്കാലോ... കൊച്ചുനാരായണപിള്ള വെഞ്ഞാറമൂട്

8. ഒന്നേ കോരിക പൊന്നു തരാം
പെണ്ണിനെത്തരുമോ തോഴികളേ
ഒന്നേ കോരിക പൊന്നും വോ
പെണ്ണിനെത്തരൂല്ല തോഴികളേ
രേ ..........................................................
പത്തേ ........................................................
ആ.... നോക്കാ... ഗംഗ പറപ്പൂർ

9. ഒരാനത്തലപ്പൊന്നുതരാം
പെണ്ണിനെത്തരുമോ തോഴികളേ...
ഒരാനത്തലപ്പൊന്നും വേ
പെണ്ണിനെത്തരൂംല്ല തോഴികളേ
രാന ........................................................
പത്താന .......................................................
ആ... എന്നാൽ കാണാലോ.... കെ.വി. ശ്രീധരൻ, മാമ്പറ്റ

10. ഒരു കാതോം വഴി നടന്ന്
വെയിലുംകൊ് ഞാം വരുമ്പം
ഒരടയ്ക്കാ മോടു വെട്ടി
തണ്ണിതായോ നാത്തൂനേ
തണ്ണിയിതാ മണിക്കെണറ്റില്
പാളയിതാ കൊടിച്ചോട്ടില്
താക്കോലിതാ മേപ്പടിക്കല്
കോരിക്കുടിയെടി നാത്തൂനേ
കോരിക്കുടിയെടി നാത്തൂനേ
ഒരാനയ്ക്കെടുപ്പതു പൊന്നു തരാം
പൊന്നിട്ട പെട്ടി പൂട്ടീന്തരാം
പൂട്ടാത്താക്കോലൊളിച്ചും തരാം
പെണ്ണിനെത്തരുമോടീ നാത്തൂനേ?
ഒരാനയ്ക്കെടുപ്പതു പൊന്നും വേ
പൂട്ടാത്താക്കോലൊളിച്ചും വേ
പെണ്ണിനെത്തരുകില്ല നാത്തൂനേ.
രാന .......................................................
പത്താന.......................................................... ഭാനുമതിയമ്മ ഭംഗിപുരം

11. ഇഞ്ചിത്താരേ പെണ്ണുാേ?
ഇരുമ്പിച്ചിത്താരേ പെണ്ണുാേ?
ഇഞ്ചിത്താരേ പെണ്ണില്ല
ഇരുമ്പിത്താരേ പെണ്ണില്ല
മഞ്ചാടിഞ്ചീ പെണ്ണുാേ?
മാതളപ്പൂവേ പെണ്ണുാേ?
മഞ്ചാടിഞ്ചീ പെണ്ണില്ലാ
മാതളപ്പൂവേ പെണ്ണില്ലാ
കൊശകൊശലേ പെണ്ണൊോ?
കോശാലും പോണ്ണൊോ?
കൊശകൊശലേ പെണ്ണില്ലാ
കോശാലും പെണ്ണില്ല
ഒരു കുടുക്കാപ്പൊന്നേത്തന്നാ
പെണ്ണേത്തരുമോ നാത്തൂനേ?
കൊശകൊശലേ പ്പോരാപ്പോരാ
കോശാലും പോരപ്പോരാ
ഒന്നുമൊരരയുമൊരേഴും തന്നാ–
ലെങ്ങും കിട്ടാപ്പെണ്ണിത്

രു കുടുക്കാ............................
പത്തു കുടുക്കാ...........................
കൊശകൊശലേപ്പോരാപ്പോരാ
കോശാലും പോരാപ്പോരാ
പത്തുമൊരരയുമൊരേഴും തന്നാ–
ലെങ്ങും കിട്ടാപ്പെണ്ണിത്
കണിയാനറിഞ്ഞില്ല ദെവസം കുറിച്ചില്ല
നിങ്ങക്കെന്താണിത്ര വെപ്രാളം?
കണിയാനറിയേ ദെവസം കുറിക്കോ
പെണ്ണിനെ ഞങ്ങള് കൊാേവും
തട്ടാനറിഞ്ഞില്ല താലി പണിതില്ല
നിങ്ങക്കെന്താണിത്ര വെപ്രാളം?
തട്ടാനറിയേ താലീം പണിയേ
പെണ്ണിനെ ഞങ്ങള് കൊാേവും
ഹേയ് ഇഞ്ചിത്താലേ പെണ്ണില്ലാ
ഇരുമ്പിച്ചിത്താലേ പെണ്ണില്ലാ
അല്ലാ ഇഞ്ചിത്താരേ പെണ്ണോാേ?
ഇരുമ്പിച്ചിത്താരേ പെണ്ണോാേ?
ഹേയ് ഇഞ്ചിത്താരേ പെണ്ണില്ലാ
ഇരുമ്പിച്ചിത്താരേ പെണ്ണില്ലാ — രവീന്ദ്രൻ മാസ്റ്റർ ചേർത്തല

12. താലീ പീലി പെണ്ണുാേ
മൊഞ്ജുള്ളൊരു പുയ്യാപ്ലക്ക്
താലീ പീലീ പെണ്ണില്ലാ
മൊഞ്ജുള്ളൊരു പുയ്യാപ്ലക്ക്
ഒരു കോര്യ പൊന്ന് തരാം
പെണ്ണിനെ ത്തരോ നാത്തൂനേ
ഒരു കോര്യപൊന്ന് വേ
പെണ്ണിനെത്തരൂല നാത്തൂനേ — ആയിഷുമ്മ കുറ്റിപ്പാല

മുതിർന്ന പെൺകുട്ടികളുടെ അശകൊശലെ പെണ്ണുാേ എന്ന പെണ്ണിനെത്ത രുമോ[21] കളി പല പാഠഭേദങ്ങളോടെ കേരളത്തിലുടുനീളം നിലനിന്നിരുന്ന ഒന്നാണ്. സ്ത്രീധനമെന്നത് സ്ത്രീക്ക് നൽകുന്ന ധനമാണ്, പുരുഷന് സ്ത്രീയോടൊപ്പം സമർപ്പിക്കേ ഒന്നല്ല എന്ന് വ്യക്തമാകുന്നു. ര് സംഘങ്ങളായി തിരിഞ്ഞ് നേർക്കു നേരെ നിന്ന് ചുവടുവച്ചുകൊ് വരുന്ന ഒരു സംഘത്തിന്റെ ചോദ്യത്തിന് മറുപടി നൽകുന്ന മറുസംഘം പിറകിലേക്ക് ചുവടുപിടിച്ചുകൊാണ് നീങ്ങുന്ന

ത്. പന്തളം മേഖലയിൽ നിലനിന്നിരുന്ന ഈ പാട്ടിൽ ഒരാനക്കെടുപ്പത് പൊന്നുത രാം, പൊന്നിട്ട പെട്ടകം പൂട്ടീം തരാം പൂട്ടാത്താക്കോലൊളിച്ചും തരാം പെണ്ണിനെ ത്തരുമോ തോഴികളെ എന്നും മറ്റുമുള്ള തൃക്കാമേനി മാപ്ലയുടെ കൂട്ടരുടെ ചോദ്യ ത്തിന് ഇതൊന്നും വേ പെണ്ണിനെ തരില്ല എന്ന മറുപടിയും ആളെ പിടിച്ചുവലിച്ച് പ ുറത്തുചാടിക്കുന്ന രീതിയും യഥാർത്ഥത്തിൽ ര് കുടുംബങ്ങൾ തമ്മിൽ സ്വാഭാവിക മായി ഉാകാവുന്ന അടിസ്ഥാനധാരണകളും അവയുടെ ലംഘനത്തിൽ വരുന്ന പ്രശ്നങ്ങളും എല്ലാം സൂചിപ്പിക്കുന്നു. 'തൃക്കാമേനി മാപ്ല' എന്ന പ്രയോഗം വിവി ധജാതീയ കാരണങ്ങളാൽ മതപരിവർത്തിതനായ ഒരു വ്യക്തിയെ സൂചിപ്പിക്കുന്ന താവാം. പെണ്ണിന് പൊന്നും പണവും താക്കോലും എല്ലാം നൽകാം എന്ന വാഗ്ദാനം സ്ത്രീക്ക് വരന്റെ കുടുംബം ആഭരണങ്ങൾ നൽകി താക്കോൽ നൽകി സ്വീകരിക്കുന്ന സമ്പ്രദായം ഉായിരുന്നു എന്നതിന്റെ സൂചനയാണ്. ഇന്നും ചില ആദിവാസി ഗോത്രങ്ങളിൽ കാണുന്ന ഈ രീതി പുരുഷമേധാവിത്തകാലത്ത് എങ്ങ നെയോ മറ്റിടങ്ങളിൽ നിന്ന് മാറ്റപ്പെട്ടതാവാം എന്ന് സൂചിപ്പിക്കപ്പെടുന്നു. എന്നാൽ പൂട്ടാത്താക്കോലൊളിച്ചുതരാം എന്നതിലൂടെ പൂട്ടാൻ ഉപയോഗിക്കാ ത്തത്/പൂട്ടാത്തത്/പൂട്ടാൻ പറ്റാത്തത് ആയ താക്കോൽ (ആ താക്കോൽകൊ് ഒരു ഉപയോഗവുമില്ല) ഒളിച്ചുതരാം. അതായത് വിവാഹശേഷം പുരുഷന്റെ വീട്ടിലെ അധികാരം തനിക്ക് തരാൻ പറ്റില്ലെങ്കിലും തരാം എന്ന മോഹിപ്പിക്കലാണ് ഈ വരി കളിലൂടെ പ്രകടമാവുന്നത്. വിവാഹത്തിന് മുമ്പ് പുരുഷൻമാർ നൽകാറുള്ള മധുര വാഗ്ദാനങ്ങളെക്കൂടിയാണ് ഇവിടെ പ്രകടിപ്പിക്കുന്നത്. 'കൊശകൊശലെ പെണ്ണുേ ാ' എന്നും പാഠഭേദമു്.

ഒരു കുടുക്ക എന്ന പാട്ടിൽ ഇന്നാളു ചോദിച്ച പെൺ തരാമോ? പെൺ വീട്ടു കാരുടെ സമ്മതത്തിനായി വീും ചോദിക്കുന്ന രംഗവും ഞങ്ങടിവിടെ പെണ്ണില്ല എന്ന പ്രതികരണവുമാണിവിടെ. ഇതിലും അവസാനം പെണ്ണിനെ ആഞ്ഞുവലിച്ച് മറുപക്ഷത്തെത്തിക്കുകയും അവരിൽ ഒരാളാക്കി നിർത്തുകയും ചെയ്യുന്നു. വിവാ ഹശേഷം പുരുഷന്റെ വീടാണ് സ്വന്തം വീട് എന്ന തത്വത്തെ അംഗീകരിപ്പി ക്കാനുള്ള മാനസികതയ്യാറെടുപ്പിക്കലാണ് ഈ കളിയിൽ അനുഭവപ്പെടുന്നത്.

ഒരാനയ്ക്കെടുപ്പത് പൊന്ന് തരാം എന്ന മലബാർ മേഖലയിൽ ഉള്ള പാഠഭേ ദത്തിലും, ഒരു കുടുക്ക . . . വാണികളെ എന്നതിലും വിവാഹം എന്ന സ്വപ്ന ത്തിന്റെ സങ്കല്പങ്ങളും യാഥാർത്ഥ്യങ്ങളും തമ്മിൽ പൊരുത്തപ്പെടുകയും 'ആഗ്ര ഹിച്ചത് കിട്ടിയില്ലെങ്കിൽ കിട്ടിയതുകൊ് തൃപ്തിപ്പെടുക' എന്ന പഴമൊഴിയെ സ്വാംശീകരിക്കാൻ മനസ്സിനെ പാകപ്പെടുത്തുകയുമാണ്.

'ഒരു കോര്യാ'.... തിരുവിതാംകൂർ മേഖലയിൽ പ്രചാരത്തിലിരുന്ന ഈ പെണ്ണിരക്കൽക്കളി[22]പ്പാട്ടിലെ പെണ്ണിനെത്തരുമോ പണ്ഡവരേ? പെണ്ണിനെത്ത രില്ല നൂറ്റവരേ എന്ന ചോദ്യോത്തരങ്ങൾ വിവാഹത്തിലെ വിലപേശലുകളെയും കടുംപിടുത്തങ്ങളെയും ശക്തമായി ചിത്രീകരിക്കുന്നു. ഒരു കോര്യപൊന്നിൽ തുടങ്ങി പത്തുകോര്യ പൊന്നു തരാമെന്ന് പറഞ്ഞിട്ടും വഴങ്ങാത്ത പെൺവീട്ടുകാ രോട് ദേഷ്യപ്പെട്ട് അടുക്കളേൽ കേറും ചട്ടിക്കലം പൊട്ടിക്കും ഇപ്പം പിടിച്ചിടും പെണ്ണിനെ എന്ന ആൺവീട്ടുകാരുടെ ഭീഷണിയും അതിനുള്ള മറുപടിയും എല്ലാം വിവാഹപൂർവ്വകാലത്തെ വീട്ടുകാരുടെ ഭാവങ്ങളും വിവാഹശേഷം അതുവഴി ഉാ യേക്കാവുന്ന പ്രതിബന്ധങ്ങളും സൂചിപ്പിക്കുന്നു. പാണ്ഡവരെ, നൂറ്റുവരെ എന്ന വിളിയിലൂടെ അവർ തമ്മിലുള്ള മഹാഭാരയുദ്ധത്തിന്റെ പ്രതീതി ജനിപ്പിക്കുകയും അവസാനം പെൺകുട്ടിയെ വിട്ടുകൊടുക്കാൻ സമ്മതിക്കാതെ പാണ്ഡവർ (പെൺവീട്ടുകാർ) സംരക്ഷിക്കുകയും ചെയ്യുന്ന അവസ്ഥ മരുമക്കത്തായവ്യവസ്ഥ യിലെ പെൺസ്ഥാനത്തെയും സംബന്ധവ്യവസ്ഥയെയും കുറിക്കുന്നു. ധാരാളം പ ാഠഭേദങ്ങളുള്ള ഈ പെണ്ണിരക്കൽ കളിയിലൂടെ താൻ മുതിർന്നു എന്ന് സ്വയം ബോധ്യപ്പെടാനും വിവാഹജീവിതത്തെക്കുറിച്ച് ചിന്തിക്കാനും അനുകൂലമായ മാന സികാവസ്ഥ സൃഷ്ടിക്കാനും പാകപ്പെടുത്തുകയാണ്. പൊന്ന്, അണിഞ്ഞൊരു ങ്ങൽ തുടങ്ങിയവ സ്ത്രീസൗന്ദര്യത്തിന്റെയും സമ്പത്തിന്റെയും പ്രാധാന്യമാണ് വെളിപ്പെടുത്തുന്നതെങ്കിലും ചട്ടി കലം, അടുക്കള തുടങ്ങിയ പ്രയോഗങ്ങൾ സ്ത്രീയുടെ അകത്തളങ്ങളെയും ഭാവിജീവിതത്തെയും പ്രതിനിധാനം ചെയ്യു ന്നു. പാണ്ഡവരെ, നൂറ്റുവരെ, തുടങ്ങിയ പ്രയോഗങ്ങൾ പൂർവ്വകഥാപഠനത്തിനും മഹാഭാരതവുമായി[23] ബന്ധപ്പെട്ട് ഭാരതത്തിൽ ഉായിട്ടുള്ള ജീവിതസങ്കല്പത്തിനു മുള്ള പ്രാധാന്യം എടുത്തു കാണിക്കപ്പെടുന്നു.

'ഒരു കുടുക്കാ...' എന്നതിലെ 'വാഴച്ചോട്ടിൽ കിടന്നാലും' മുതലുള്ള ഭാഗങ്ങൾ പെണ്ണിന് വേി വരന്റെയും വധുവിന്റെയും വീട്ടുകാർക്കുള്ള വാശി ബോധ്യപ്പെടുത്തുന്നു. പത്തു കുടുക്ക പൊന്നിനേക്കാൾ പ്രിയപ്പെട്ടത് തങ്ങളുടെ കുട്ടി തന്നെ എന്ന പെൺവീട്ടുകാരുടെ ഭാവവും ഇനി എന്തെല്ലാം പ്രതിബന്ധങ്ങൾ നേരിട്ടാലും വീടും കുടീം എല്ലാ സുഖങ്ങളും നഷ്ടപ്പെട്ട് അനാഥത്വത്തെ പ്രാപിച്ചാൽപ്പോലും നിങ്ങൾക്ക് ഈ പെൺകുട്ടിയെത്തരില്ല എന്ന ശാഠ്യവും വരപ ക്ഷത്ത് ഉാക്കുന്ന വാശിയുമാണ് പിന്നീടുള്ള വരികളിൽ പ്രകടമാവുന്നത്. 'വാഴച്ചോട്ടിൽ കിടക്കുക, വാട്ടവെള്ളം കുടിക്കുക' തുടങ്ങിയ പ്രയോഗങ്ങളിലൂടെ എല്ലാം നഷ്ടപ്പെടുക എന്ന അവസ്ഥയെക്കാണിക്കുന്നുവെങ്കിൽ 'ഇറയത്തങ്ങു കിടക്കുക, ഇറയടിയങ്ങു കൊള്ളുക' എന്നതിലൂടെ ഇതിനേക്കാൾ അതിഭീകരമായ അടിമത്തത്തെ പ്രാപിക്കുക എന്ന ദയനീയതയെ വെളിപ്പെടുത്തുന്നു. ജീവിതത്തിൽ

എന്തെല്ലാം വൈഷമ്യങ്ങൾ നേരിട്ടാലും പെൺകുട്ടിയെ വിട്ടുകൊടുക്കില്ല എന്ന പെൺവീട്ടുകാരുടെ തീരുമാനവും എന്തും സഹിച്ച് അവളെ നേടിയെടുക്കണമെന്ന ആൺവീട്ടുകാരുടെ ലക്ഷ്യവും ഉാക്കുന്ന കടുത്ത പ്രതിസന്ധിയും അതിൽ അകപ്പെടുന്ന പെൺകുട്ടിയുടെ നിസ്സഹായാവസ്ഥയും ഇവിടെ വ്യക്തമാണ്. ഏത് കാലത്തും പ്രസക്തമായ ഒരു പ്രശ്നം തന്നെയാണിത്.

'ഒരു കാതോം' എന്ന പാഠഭേദത്തിൽ പണി കഴിഞ്ഞ് ഒരു കാതം നടന്ന് വെയിലും കൊ് ക്ഷീണിച്ച് വരുന്ന പെൺകുട്ടിയെ കിട്ടും ഗൗനിക്കാത്ത നാത്തൂനോട് ഒരടയ്ക്കാമോടെങ്കിലും വെട്ടി വെള്ളംതാ എന്ന ദയനീയഭാവമാണ് കാണുന്നത്. തണ്ണി–മണിക്കിണറ്റില്, പാള–കൊടിച്ചോട്ടില്, താക്കോല്–മേപ്പടിക്ക് ഇതൊക്കെ എടുത്ത് വേണമെങ്കിൽ വെള്ളം കോരിക്കുടിച്ചോടി നാത്തൂനേ എന്ന ഭാവം കുടുംബത്തിലെ നിജസ്ഥിതിയെ ബോധ്യപ്പെടുത്തുന്നു. ഒരടയ്ക്കാമോടെങ്കിലും വെട്ടി വെള്ളം താ എന്നതിലൂടെ അടയ്ക്കാമോട് വെട്ടിയാൽ വെള്ളം കിട്ടില്ല എന്നറിയാമെങ്കിലും അതെങ്കിലും ചെയ്ത് തന്നോട് ഇഷ്ടമു് എന്ന് ഭാവിക്ക്, പൊതുജനത്തിനെയെങ്കിലും ബോധ്യപ്പെടുത്ത് എന്ന അഭ്യർത്ഥനയാണുള്ളത്. ഒരാനയ്ക്കെടുപ്പത് പൊന്നുതരാം എന്ന് പറഞ്ഞുകൊ് ഉഗ്രപ്രതാപിയായ നാത്തൂനോടുള്ള ആൺവീട്ടുകാരുടെ വിലപേശലും നാത്തൂന്റെ തൃപ്തിയില്ലായ്മയും തുടർന്നുള്ള കയ്യൂക്ക് നോക്കലും മറുകം ചാടിക്കലുമാണ് പ ിന്നീട് നടക്കുന്നത്. ഏട്ടത്തിയമ്മയുടെ പ്രതാപവും ഭരണവും വരുത്തുന്ന പ്രശ്നങ്ങളും അതിൽ നിന്ന് വിവാഹത്തോടെയുള്ള വിമോചനവും അവതരിപ്പിക്കുന്നതിലൂടെ മരുമക്കത്തായ വ്യവസ്ഥിതിയിലെ കാര്ണോത്തിയുടെ[24] ഭരണവും അതിൽ നിന്ന് രക്ഷപ്പെടാനുള്ള തന്ത്രവും മെനഞ്ഞെടുക്കപ്പെടുന്നു. കേരളത്തിന്റെ ഒരു പൂർവ്വകാലചരിത്രമാണ് ഈ പാട്ടിലൂടെ വെളിപ്പെടുന്നത്.

ഇഞ്ചിത്താര എന്ന് തുടങ്ങുന്ന പാഠഭേദത്തിൽ 'മഞ്ചാടിഞ്ചി, മാതളപ്പൂവ്' തുടങ്ങിയവയിലൂടെ പെണ്ണ് സമർത്ഥയും സുന്ദരിയുമായിരിക്കണം എന്ന നിർദ്ദേശമാണുള്ളത്. ഇവിടെയും ഒരു കുടുക്കപ്പൊന്ന് തന്നാ പെണ്ണിനെത്തരോ എന്ന് നാത്തൂനോടാണ് ചോദ്യം. എന്നാൽ അതൊരിക്കലും പോരാ ഒന്നും ഒരരയും ഒരേഴും തന്നാപ്പോലും തരില്ല എന്ന് ഉറപ്പിച്ചു പറയുന്ന നാത്തൂനും ആൺവീട്ടുകാരും വിലപേശി പത്തും ഒരരയും ഒരേഴും തരാം എന്ന് വരെ എത്തുന്നു. ഇതിലും വഴങ്ങാതെ തരില്ല എന്ന് ഉറപ്പിച്ച് പറയുന്ന നാത്തൂനോട് അങ്ങനെയെങ്കിൽ ജാതകം നോക്കി ദിവസം കുറിക്കാൻ കണിയാനോ, താലി പ ണിയാൻ തട്ടാനോ വേണമെന്നില്ല. ഞങ്ങൾക്കിഷ്ടപ്പെട്ട പെണ്ണാ, കൊ് പോവുകതന്നെ ചെയ്യും എന്ന് ശഠിക്കുന്നു. ഇവിടെ വിവാഹം എന്ന സമസ്യക്ക് പ

ലപ്പോഴും തടസ്സമായി നില്ക്കാറുള്ള പൊന്ന്, ജാതകക്കുറി, മുഹൂർത്തം, താലി തുടങ്ങിയവയെയൊക്കെ അഥവാ സമൂഹം അനുശാസിക്കുന്ന ചടങ്ങുകളെയാകെ വകഞ്ഞ് മാറ്റി താനിഷ്ടപ്പെടുന്ന പെൺകുട്ടിയെ സ്വന്തമാക്കാനുള്ള പുറപ്പാടാണ് ആൺകുട്ടിയുടെതും വീട്ടുകാരുടെതും. ഇത്തരം സാമൂഹ്യാചാരങ്ങളേക്കാൾ വലുതാണ് മനഃപ്പൊരുത്തം എന്ന് വ്യംഗ്യമായി പ്രഖ്യാപിക്കുകയാണിവിടെ. ഒപ്പം സൗന്ദര്യം വിവാഹത്തിലേക്ക് നയിക്കുന്ന ഒരു പ്രധാനഘടകമാണെന്നും സൂചിപ്പിക്കുന്നു. നിങ്ങൾ ആചാരങ്ങൾ നോക്കി ഇരിക്കുമ്പോഴേക്ക് പെണ്ണിനെ ആണുങ്ങൾ കൊ് പോകും എന്ന് ചടങ്ങുകളിൽ അഭിരമിച്ചിരുന്ന സമൂഹത്തോടുള്ള പരിഹാസവും സ്പഷ്ടമാണ്.

ആയിഷക്കുറ്റിപ്പാലയിൽ നിന്ന് കിട്ടിയ മൊഞ്ജുള്ള പുയ്യാപ്ലയ്ക്ക് ചേർന്ന 'മൊഞ്ജുള്ള' പെണ്ണ്ോ എന്ന ചോദ്യവും വിലപേശലും നാത്തൂന്റെ ഉത്തരവും രസാവഹമാണ്. മലബാർമേഖലയിലെ മാപ്പിളഭാഷയാണ് ഈ പാട്ടിലും പ്രതിഫലിക്കുന്നത്.

ശൈശവവിവാഹം സാർവ്വത്രികമായിരുന്ന നമ്മുടെ സമൂഹത്തിൽ ബാല്യഘട്ടത്തിൽ പത്തോ പന്ത്രോ വയസ്സിനുള്ളിൽത്തന്നെ വിവാഹിതയായി അന്യഗൃഹത്തിൽ എത്തപ്പെട്ടിരുന്ന പെൺകുട്ടിയുടെ നിസ്സഹായാവസ്ഥ ഇത്തരം പ ാട്ടുകളിൽ വ്യക്തമാണ്. അവളുടെ ഭാവി നിശ്ചയിച്ചിരുന്നത് പൊന്നും ബന്ധുജനങ്ങളുടെ തീരുമാനങ്ങളും മറ്റ് പലതും ആയിരുന്നു എന്ന് ഇത്തരം പ ാട്ടുകൾ വ്യക്തമാക്കുന്നു. എന്നാൽ ഇന്നത്തെ സ്ത്രീധന സമ്പ്രദായത്തിൽ നിന്ന് വളരെ വ്യത്യസ്തമായി സ്ത്രീക്ക് പുരുഷൻ ധനം നൽകി സ്വീകരിക്കുന്ന സമ്പ്രദായം സാർവ്വത്രികവും ശക്തവുമായിരുന്ന ഒരു കാലം കേരളത്തിലു ായിരുന്നു എന്ന് ഇവ സാക്ഷ്യപ്പെടുത്തുന്നു.[25] ഒപ്പം കുടുംബത്തിലെ കാരണവത്തിക്ക് കാര്യങ്ങൾ തീരുമാനിക്കാനുള്ള അവകാശം നൽകുന്ന രീതിയും നിലനിന്നിരുന്നു എന്ന് സൂചിപ്പിക്കുന്നു. ഈ പാഠഭേദങ്ങളിലെല്ലാം വിവാഹം എന്ന സമസ്യയുടെ വിവിധവശങ്ങളെയാണ് സൂചിപ്പിക്കപ്പെടുന്നത്. അഞ്ച് വരെയുള്ള പാഠഭേദങ്ങൾ മിതത്വം പാലിക്കുന്നവയെങ്കിൽ ഗീത വെഞ്ഞാറമൂ ടിൽ നിന്ന് കിട്ടിയ പാഠഭേദം പാണ്ഡവരും നൂറ്റുവരും തമ്മിലുള്ള യുദ്ധത്തെ അനു സ്മരിപ്പിക്കുന്നു. എന്നാൽ ഏഴാം പാട്ടിൽ എന്ത് തന്നെ സംഭവിച്ചാലും പെണ്ണിനെ വിട്ടുകൊടുക്കാൻ തയ്യാറില്ലാത്ത ഇരുകുടുംബങ്ങളുടെയും വാശിയും വീറും ദൃശ്യ മാണ്. പത്തും പതിനൊന്നും പാഠഭേദങ്ങൾ നാത്തൂനുമായുള്ള കണക്കുപറച്ചിലും ഉറപ്പിക്കലും എല്ലാം കാർണോത്തിക്ക് പല തറവാടുകളിലും കിട്ടിയിരുന്ന സ്ഥാനത്തെ വെളിപ്പെടുത്തുന്നു. പന്ത്രാം പാട്ടിലെ മൊഞ്ജുള്ളൊരു പുയ്യാപ്ലക്ക്

എന്ന പ്രയോഗം മുസ്ലീം ഭാഷയെ കാണിക്കുന്നു. ഇതിലെല്ലാം 'സ്ത്രീധനം' എന്നത് സ്ത്രീക്ക് പുരുഷൻ നല്കേിയിരുന്ന ധനമാണ് എന്ന് വ്യക്തമാണ്. ദേശകാലഭേദങ്ങൾക്കനുസരിച്ച് വരാവുന്ന മാറ്റങ്ങൾ ഭാഷ, അർത്ഥം എന്നീ തലങ്ങളിൽ വന്നിട്ടുങ്കിലും പാടുന്ന സന്ദർഭം, താളം തുടങ്ങിയവയിൽ സമാനത പുലർത്തുന്നതിനാൽ ഈ പാട്ടുകളെല്ലാം പാഠഭേദങ്ങളായി കണക്കാക്കാം. എന്നാൽ ഭാഷയിൽ വ്യത്യസ്തമായ പത്ത്, പതിനൊന്ന് പാട്ടുകൾ സ്വതന്ത്രപാഠങ്ങളായിത്തീർന്നിരിക്കുന്നു.

**12. ചാളേ, ചാളേ. . .**

1. ചാളേ ചാളേ ചാളകളേ
ഏടെയിരിക്കും ചാളകളേ
നെല്ല്മൂർന്ന് കമൊരുക്കുമ്പം
ഏടെയിരിക്കും ചാളകളേ
നെല്ല്മൂർന്ന് കമൊരുക്കുമ്പം
വരമ്പത്തിരിക്കും കുഞ്ഞമ്മാറെ
വരമ്പ് കൊത്തി വലയിതായ്ക്കുമ്പം
ഏടെയിരിക്കും ചാളകളേ
വരമ്പ് കൊത്തി വലയിതായ്ക്കുമ്പം
തെങ്ങിലിരിക്കും കുഞ്ഞമ്മാറെ
തെങ്ങ് കൊത്തി വാരിവലിക്കുമ്പം
ഏടെയിരിക്കും ചാളകളേ
തെങ്ങ് കൊത്തി വാരിവലിക്കുമ്പം
ആകാസത്തിലിരിക്കല്ലൊ
ആകാസത്തിന്നതിരില്ല
ആകാസത്തിന്നവകാശി ചാളേ ചാളേ ചാളകളേ ആർ.സി. കരിപ്പത്ത്

2. കിളിരോ കിളിരോ പുനം കിളിരോ
കിളിരോ കിളിരോ പുനം കിളിരോ
എവിടെവിടെരിക്കും പൂനം കിളിരോ
ന്റമ്മമടിയില് കേറീരിക്കും
അമ്മയുംവീണുമരിച്ചുപോയാൽ
പിന്നെവിടിരികികുംപൂനം കിളിരോ
ന്റച്ഛൻമടിയില്കേറിയിരിക്കും
അച്ഛനും വീണുമരിച്ചുപോയാൽ
പിന്നെവിടെരിക്കും പൂനം കിളിരോ
ചേട്ടൻ...................
ചേട്ടത്തി....................

കുട്ടാട്ടങ്കട്ടേമ്മേ കേറീരിക്കും
കുട്ടാട്ടങ്കട്ടേയും മരിച്ചുപോയാൽ
പിന്നെവിടെരിക്കും പൂനംകിളിരോ
ആകാശംനോക്കിയിരിക്കും ഞാന്
ആകാശോംവീണ് മരിച്ചുപോയാൽ
പിന്നെവിടെ....................
എല്ലാരുംമരിക്കുമ്പോഞ്ഞാനും മരിച്ചു ജയചന്ദ്രൻ മാസ്റ്റർ–ബാലുശ്ശേരി

3. മുകൻ പാടത്തെ നാതൻ കുഞ്ഞേ
മുകൻ കൊയ്യുമ്പാളേടിരിക്കും
മുകൻ കട്ടേടെ കീഴിരിക്കും
മുകൻ പാടത്തെ നാതൻ കുഞ്ഞേ
കട്ടയുടയുമ്പാളേടിരിക്കും?
അച്ചൻമടീലിരിക്കും ഞാനേ
മുകൻ പാടത്തെ നാതൻ കുഞ്ഞേ
അച്ഛനോ പോയാലേടിരിക്കും
അമ്മേടെ മടീലിരുന്നുറങ്ങും
മുകൻ പാടത്തെ നാതൻ കുഞ്ഞേ
അമ്മയും പോയാലേടിരിക്കും?
ആങ്ങ്ളേടെ മടീലിരുന്നുറങ്ങും
മുകൻ പാടത്തെ നാതൻ കുഞ്ഞേ
ആങ്ങളെം പോയാലെവിടെരിക്കും?
നാത്തൂന്റെ മടീലിരുന്നുറങ്ങും
മുകൻ പാടത്തെ നാതൻ കുഞ്ഞേ
നാത്തൂനും പോയാലേടിരിക്കും?
എന്റെ വിതിപോലെ ഞാം കയിയും

കൊച്ചു നാരായണപ്പിള്ള–വെഞ്ഞാറമൂട്

4. എവിടുന്നോ എവിടുന്നോ വരുന്നു തത്തേ
ആലുവാവയലീന്ന് വരുന്നു ഞാനും
അവിടുത്തെ കഥകൾ നീ പറഞ്ഞീടാമോ?
അവിടത്തെ വയലെല്ലാം പൂവും കായും
വയലെല്ലാം കൊയ്യുമ്പോളെവിടിരിക്കും?
അമ്മച്ചി മടിയിൽ ഞാൻ ചിരിച്ചിരികികും
അമ്മച്ചി മരിക്കുമ്പോളെവിടിരിക്കും?
അച്ചന്റെ മടിയിൽ ഞാൻ കരഞ്ഞിരിക്കും

അച്ഛനും മരിച്ചാൽ നീ എവിടിരിക്കും
മാനത്തെ മറനോക്കി പറന്നുപോകും
മനമിടിഞ്ഞാൽ നീ എവിടിരിക്കും?
എന്റെ വിധിപോലെ ഞാൻ കഴിയും            രവീന്ദ്രൻ മാസ്റ്റർ ചേർത്തല

5. എവിടപ്പോയി വരുന്നു തത്തേ
ആലുവാ വയലീന്നു വരുന്നു ഞാനും
അവിടത്തെ വയലൊക്കെ ഏങ്ങിനെ തത്തേ
അവിടത്തെ വയലെല്ലാം പൂവും പാലും
വയലെല്ലാം കൊയ്യുമ്പോളെവിടിരിക്കും?
ചന്ദനമൂട്ടിൽപോയ് ചമഞ്ഞിരിക്കും
ചന്ദനം മുറിക്കുമ്പോളെവിടിരിക്കും?
അമ്മച്ചി മടിയിൽ ഞാൻ ചിരിച്ചിരിക്കും
അമ്മച്ചി മരിക്കുമ്പോളെവിടിരിക്കും?
അച്ചന്റെ മടിയിൽ ഞാൻ കരഞ്ഞിരിക്കും
അച്ചനും മരിച്ചാൽ നീ എവിടിരിക്കും
മാനത്തെ മറനോക്കി പറന്നുപോകും
മാനവും ഇടിഞ്ഞു വീണുപോയാൽ
എന്റെ വിധിപോലെ ഞാങ്കഴിയും            പവിത്രമണി കണ്ണൂർ

മംഗലകിളിയും കുട്ടിയും തമ്മിലുള്ള സംഭാഷണമാണിവിടെ നടക്കുന്നത്. നെല്ല് കൊയ്ത് പാടം ഒരുക്കുമ്പോൾ എവിടെയിരിക്കും എന്നതിന് വരമ്പത്ത് എന്നും വരമ്പ് കൊത്തി അതിരുവെക്കുമ്പോ എവിടെയിരിക്കും എന്നതിന് തെങ്ങിലിരിക്കും എന്നും തെങ്ങ് കൊത്തി വാരിവലിക്കുമ്പോൾ എവിടെയിരിക്കും എന്നതിന് ആകാശത്തിലിരിക്കും എന്നും ഉത്തരം പറയുന്ന കിളി ആകാശത്തിന്നതിരില്ല എന്ന് ഉദ്ഘോഷിച്ചുകൊ് തങ്ങളാണ് ആകാശത്തിന്നവകാശികൾ എന്ന് പ്രഖ്യാപിക്കുന്നു. ഇവിടെ പക്ഷി നമ്മളെ കളിയാക്കുകയാണ് ചെയ്യുന്നത്. ഭൂമിയുടെ അമിത ചൂഷണവും അതിരുകൾ നിശ്ചയിക്കലും വൃക്ഷങ്ങൾ (തെങ്ങ്) വെട്ടി ആഡംബരവസ്തുക്കളോ നിർമ്മാണസാമഗ്രികളോ ഒരുക്കലും എല്ലാം മനുഷ്യന്റെ സ്വാർത്ഥതാൽപര്യങ്ങളുടെ പ്രതിഫലനമാണ്. എന്നാൽ ആകാശത്തിന്നതിരില്ല എന്ന് പ്രഖ്യാപിക്കുന്ന ചാളകൾ യഥാർത്ഥത്തിൽ മനുഷ്യൻ സൃഷ്ടിക്കുന്ന അതിർവരമ്പുകളെയും ഉപഭോഗഭ്രമത്തെയും പരിഹസിക്കുകയും ഭൂമിയെ അല്ലേ നിങ്ങൾക്ക് പകുക്കാൻ കഴിയൂ. ഈ വിശാലമായ ആകാശത്തെ കഴിയില്ലല്ലോ എന്ന് അപഹസിക്കുകയുമാണ്. ഇവിടെ മനസ്സ് ആകാശം പോലെ വിശാലമാവണം എന്ന ചൊല്ലിനെ ഓർമ്മിപ്പിക്കുകയാണ് ചാളകൾ ചെയ്യുന്നത്.

കിളിരോ കിളിരോ പൂനം കിളിരോ ... എന്ന കാസർഗോട് ഭാഗത്ത് പ്രചാര മുള്ള പാഠഭേദത്തിലും ശോകമാണ് സ്ഥായിയായ ഭാവം. എവിടെയിരിക്കും പൂനം കിളിരോ എന്ന ചോദ്യത്തിന് ന്റമ്മ മടീല് കേറിയിരിക്കും എന്ന പ്രത്യുത്തരവും അമ്മ മരിച്ചാൽ അച്ഛൻ മടീല്, അച്ഛൻ വീണു മരിച്ചുപോയാൽ ചേട്ടത്തിയുടെ മടീല് ചേട്ടത്തീം വീണ് മരിച്ചുപോയാൽ പിന്നെ പ്രകൃതിയുടെ മാറിൽ എന്നിങ്ങനെ പ്രതിവചിക്കുന്ന കിളി,കട്ടയും വീണു മരിച്ചു പോയാൽ ആകാശം നോക്കിയിരിക്കു മെന്നും ആകാശം വീണു മരിച്ചുപോയാൽ പിന്നെ എവിടെയിരിക്കും എന്ന ചോദ്യ ത്തിന് എല്ലാരും മരിക്കുമ്പം ഞാനും മരിക്കുമെന്നും ഉത്തരം പറയുന്നു. മരണം അനിവാര്യതയാണെന്നും നമുക്ക് ഏറ്റവും പ്രിയപ്പെട്ടവർ മരണത്തെ പുൽകു മ്പോൾ പോലും ആത്മധൈര്യം കൈവിടരുത് എന്നും പ്രകൃതിയിലെ വസ്തു ക്കൾക്കെല്ലാം നാശം സംഭവിക്കാം എന്നുമുള്ള ചിന്തകൾ മനസ്സിലേക്ക് പകർത്ത പ്പെടുന്നു. കുട്ടിയും കിളിയും തമ്മിലുള്ള സംഭാഷണരൂപത്തിലുള്ള ഈ പ ാട്ടിലൂടെ ജീവിതത്തിന്റെ നശ്വരതയെ അഥവാ ഈ പ്രകൃതിയും ജീവജാലങ്ങളും ചുറ്റുപാടും എല്ലാം മായയാണ്/മിഥ്യയാണ് ശാശ്വതമല്ല എന്ന തത്വചിന്തയെ വളരെ ലളിതമായി കുട്ടിക്ക് മനസ്സിലാവുന്ന ഭാഷയിൽ ആവിഷ്ക്കരിച്ചിരിക്കുന്നു. ഏത് സങ്കടത്തെയും നേരിടാനുള്ള ശക്തിയും കരുത്തും പ്രദാനം ചെയ്യുക എന്ന കർത്തവ്യം നിർവ്വഹിക്കാൻ ഈ നാടൻകുട്ടിപ്പാട്ടിലൂടെ ശ്രമിക്കുന്നു.

ഈ പാട്ടിന്റെ മറ്റൊരു പാഠഭേദമായ മുകൻ പാടത്തെ നാതൻകുഞ്ഞേ എന്ന പാട്ടിൽ കട്ടയുടയുമ്പോൾ അച്ഛൻ മടീൽ, അമ്മമടീൽ, ആങ്ങളേടെ മടീൽ, നാത്തൂന്റെ മടീൽ എന്നിങ്ങനെ ഇരിപ്പിടങ്ങൾ കത്തുന്ന നാതൻകുഞ്ഞ് നാത്തൂൻ പോയാലേടിരിക്കും? എന്ന ചോദ്യത്തിന് എന്റെ വിധി പോലെ ഞാങ്കഴിയും എന്ന ഉത്തരമാണ് നൽകുന്നത്. 'വിധി വിശ്വാസം' മനുഷ്യകുലത്തിന്റെ ആരംഭം മുതൽ ജീവിതപ്രതീക്ഷയുണർത്തിയ ഒന്നാണ്. എല്ലാം നഷ്ടപ്പെട്ടാൽ പിന്നെന്ത്? എന്ന ചോദ്യം എന്താണോ എന്റെ വിധി അനുഭവിക്കും എന്ന ദൃഢനിശ്ചയത്തിലെത്തി ക്കുന്നു. 'വിതച്ചതേ കൊയ്യൂ' 'വിധിപോലെ വരും' 'തലവര നന്നായാൽ പേടിക്കാ' തുടങ്ങിയ പഴമൊഴികൾ മനുഷ്യന് വിധിവിശ്വാസത്തിലുള്ള ദൃഢത വ്യക്തമാക്കു ന്നു. ഇവിടെ കിളിയും അതേറ്റുപാടുന്നു. എന്തെല്ലാം പ്രതിബന്ധങ്ങൾ നേരിട്ടാലും അത് വിധിയാണ് എന്ന് ആശ്വസിച്ച് കൂടുതൽ കരുത്തോടെ വിധിയോട് പൊരുതാ ൻ സന്നദ്ധമാക്കുക എന്ന ജീവതായോധനദൗത്യം നിർവ്വഹിക്കാൻ ഈ പാട്ടിന് കഴി യുന്നു.

എവിടന്നോ എവിടന്നോ എന്ന പാഠഭേദത്തിൽ ആലുവാവയലീന്ന് വരുന്ന മധുരസ്മരണകൾ അയവിറക്കുന്ന തത്ത വയലെല്ലാം കൊയ്യുമ്പോൾ വരമ്പത്തും

വരമ്പ് കിളക്കുമ്പോൾ ചന്ദനമുകളിലും ചന്ദനം മുറിക്കുമ്പോൾ അമ്മച്ചിയുടെ മടീലും അമ്മച്ചി മരിക്കുമ്പോൾ അച്ഛന്റെ മടീലും അച്ഛൻ മരിക്കുമ്പോൾ മാനത്തെ മറനോക്കി പറന്നുപോകും എന്നും പ്രതിവചിക്കുന്നു. ഇവിടെ മാനമിടിഞ്ഞാൽ എവിടിരിക്കും എന്ന ചോദ്യത്തിന് എന്റെ വിധിപോലെ ഞാൻ കഴിയും എന്ന് ഉത്തരം പറയുന്ന തത്തയുടെ നിസ്സഹായാവസ്ഥ വ്യക്തമാണ്.

ആലുവാവയലീന്ന് വരുന്ന തത്ത ഏറെ സന്തോഷവതിയാണ്. വയ ലെല്ലാം പൂവും കായുമാണ് എന്ന ഉത്തരം ജീവിതത്തിന്റെ ഐശ്വര്യത്തെയും സമൃദ്ധിയെയും സൂചിപ്പിക്കുന്നു. കാരണം നെല്ല് പൂത്ത് ഇളം കതിരാവുമ്പോൾ കത്രിച്ച് സുഭിക്ഷമായി ആഹരിച്ച് കഴിഞ്ഞുകൂടുകയായിരുന്നു. ഈ കാലം കുട്ടി ക്കാലത്തിന്റെ ഐശ്വര്യസമൃദ്ധിയെക്കുറിക്കുന്നു. പക്ഷേ വയലിലെ നെല്ല് പാക മായി കൊയ്തപ്പോൾ വരമ്പത്ത് ഉതിർന്ന് വീണ നെന്മണികളും തിന്ന് ജീവിച്ച തത്ത പട്ടിണിയും പാരവശ്യവുമില്ലാതെ കളിച്ചുരസിച്ചിരുന്നു. ഈ വരമ്പെല്ലാം കിളച്ചപ്പോൾ ചന്ദനമൂട്ടിൽ അതിന്റെ സുഗന്ധവും പറ്റി ചമഞ്ഞിരുന്ന തത്ത യൗവ്വന ത്തിന്റെ അമിതവിശ്വാസത്തോടെയും ജീവിക്കുന്നു. എന്നാൽ ആ ചന്ദനവൃക്ഷവും വെട്ടിമാറ്റപ്പെടുമ്പോൾ, ജീവിക്കാനുള്ള ചുറ്റുപാടുകൾ നഷ്ടപ്പെടുമ്പോൾ, തന്റെ പ്രതീക്ഷകൾ മങ്ങി ആശ്രിതഭാവത്തെ വീും പ്രാപിക്കുന്നു. എന്നാൽ അമ്മയുടെ മടിത്തട്ടിലാണല്ലോ എന്ന ആശ്വാസത്തോടെയിരിക്കാൻ സാധിക്കുന്നു. എന്നാൽ അമ്മയുടെ മരണം ഉാക്കിയ മുറിവ് ആഴമേറിയതാണ്. സുരക്ഷിതബോധം നഷ്ട പ്പെട്ട തത്ത അച്ഛനുല്ലോ എന്ന ആശ്വാസത്തിലെങ്കിലും കരഞ്ഞുകൊ് ജീവിക്കും. എന്നാൽ ആ ആശ്രയവും നഷ്ടപ്പെടുമ്പോൾ ശൂന്യാകാശത്തെ നോക്കി എവിടെ യെങ്കിലും തല ചായ്ക്കാനൊരു മറ കിട്ടുമോ എന്നന്വേഷിച്ച് പറക്കുന്നു. എന്നാൽ മാനവും ഇടിഞ്ഞുപോയാൽ പിന്നെ എന്തുചെയ്യും എന്ന ചോദ്യത്തിന് എന്റെ വിധി പോലെ ഞാൻ കഴിയും എന്ന പ്രത്യുത്തരമാണ് തത്ത നൽകുന്നത്. ഇവിടെ ചന്ദനം മുറിക്കുക എന്നതിലൂടെ പാരിസ്ഥിതികപ്രശ്നങ്ങൾ സൂചിതമാകുന്നതു പോലെ മാനമിടിയുക എന്നതിലൂടെ 'അഭിമാനം നഷ്ടപ്പെടുക' എന്ന ഒരു സ്ത്രീയെ സംബന്ധിച്ചിടത്തോളം ഏറ്റവും ദൗർഭാഗ്യകരമായ അവസ്ഥ സൃഷ്ടിക്ക പ്പെടുക എന്നതും സൂചിതമാകുന്നു, കുട്ടിക്കാലത്തെ ഐശ്വര്യവും യൗവ്വനകാ ലത്തെ ചമയവും പിന്നീട് വന്ന നിസ്സഹായാവസ്ഥയും ഒരു സ്ത്രീയുടെ ജീവിത ചലനം തന്നെയാണ്. 'തത്ത' സൗന്ദര്യത്തിന്റെ പ്രതീകമാണ്. തത്തമ്മയുടെ ചെഞ്ചു് ഒരു കാവ്യസങ്കല്പം തന്നെയാണ്. അതിനാൽ നാതൻകുഞ്ഞിന്റെ ദുഃഖത്തിലൂടെ അനാഥത്വം ഒരു പെൺകുട്ടിയിൽ സൃഷ്ടിക്കുന്ന നിസ്സഹായാവസ്ഥയും ശോകാർദ്രജീവിതവും തന്നെയാണ് വിവക്ഷിതം. എന്ത് തന്നെ വന്നാലും തളരാതെ

ജീവിക്കണം എന്ന അഭിവാഞ്ജയാണ് എന്റെ വിധിപോലെ ഞാൻ കഴിയും എന്ന ഉത്തരത്തിലൂടെ പ്രകടമാവുന്നത്.

ഈ പാഠഭേദങ്ങളിലെല്ലാം ജീവിതത്തോടുള്ള അഭിനിവേശവും എന്തും നേരിടാനുള്ള മനോധൈര്യവും പ്രകടമാവുന്നു. ആദ്യ പാഠഭേദത്തിൽ കുഞ്ഞ മ്മാരെ അഥവാ ആൺകുട്ടിയെയാണ് അഭിസംബോധന ചെയ്യുന്നത്. അവൻ ആകാ ശത്തിനതിരില്ല എവിടെയെങ്കിലും ചെന്ന് ജീവിക്കുമെന്ന് ഉറക്കെ പ്രഖ്യാപിക്കുന്നു. രാം പാഠഭേദത്തിൽ ആകാശവും വീണ് മരിച്ചാൽ ഞാനും മരിക്കുമെന്ന് പ്രതിവചി ക്കുന്ന കുട്ടി മൂന്നാം പാഠഭേദത്തിൽ വിധിവിശ്വാസത്തിൽ അർപ്പിക്കുന്നു. മൂന്നാം പാഠഭേദം നാതൻ കുഞ്ഞിനോടാണെങ്കിൽ നാലും അഞ്ചും പാഠഭേദങ്ങൾ തത്തയോടാണ്. ഇവ ഒരു പെൺകുട്ടിയും കിളിയും തമ്മിലുള്ള സംഭാഷണരൂപ ത്തിലാണുള്ളത്. ഇതിലെ 'മാനമിടിയുക' എന്ന പ്രയോഗം ഒരു സ്ത്രീയുടെ/ പെൺകുട്ടിയുടെ ഏറ്റവും വിലപ്പെട്ടതായി കരുതുന്ന ചാരിത്ര്യം നഷ്ടപ്പെടലിനെ സൂചിപ്പിക്കുന്നു. അനാഥത്വം സൃഷ്ടിക്കുന്ന പ്രശ്നങ്ങളും ജീവിതത്തിന്റെ ഗതിമാറ്റ വുമാണ് ഈ പാഠഭേദങ്ങളിലെല്ലാം പ്രകടമാകുന്നത്. കാലദേശഭേദങ്ങൾക്കും ലിംഗ ഭേദത്തിനും അനുസരിച്ച് വരുന്ന മാറ്റങ്ങൾ ഈ പാട്ടുകളിലും ദൃശ്യമാണ്. എന്നാൽ അർത്ഥതലത്തിൽ ഒന്നുതന്നെയായതിനാൽ ഇവക്ക് പാഠഭേദത്വം കല്പിക്കാം. മാത്ര മല്ല ഇവയിലെല്ലാമുള്ള താളം സമാനമാണ് എന്നതും ശ്രദ്ധേയമാണ്.

### 13. അടയ്ക്കാചെപ്പി

1. അടക്കാച്ചെപ്പിലുരിയരിവെച്ചു
   പാപ്പാനു പാർവ്വതിയു
   പന്താന പടിഞ്ഞിരുന്നു
   വേലിമ്മക്കൊച്ച നിരന്നിരുന്നു — ശങ്കരൻ നമ്പൂതിരി ഷോളയാർ

2. അടക്കാത്തോിൽ ഉരിയരിവെച്ചു
   പാർവ്വതിയു പാപ്പാനു

വേലിമ്മേൽ കൊക്ക് നിരന്നിരുന്നു
പന്ത്രാന പടിഞ്ഞിരുന്നു ഗംഗ–പറപ്പൂര്

3. അടയ്ക്കാത്തൊലിലുരിയരിവെച്ചു
പാപ്പാനു പാർവ്വതിയു
പന്ത്രാന പടിഞ്ഞിരുന്നു
മഠത്തിലെ പാപ്പിയും മക്കളും ബാക്കി ദേവകി–അരീക്കാട്

4. കഥ കഥയമ്മേ കാനകത്തമ്മേ
അടായ്ക്കാതൊിൽ ഒഴക്കരിവെച്ചു
ചീഞ്ഞളിഞ്ഞു
രാമോനോു കൂമോനു
കൂമത്തി മക്കള് നൂറാളു
വേലിക്കിത്തത്ത നെരന്നിരുന്നു
പന്ത്രാന പടിഞ്ഞിരുന്നു
പിന്നേം കെടക്ക്ണ് എട്ടുതൊട്ടിച്ചോറ് ദേവകി–അരീക്കാട്

5. ഒരു നെല്ലുകുത്തി രരികു
ചട്ടീലിട്ടു, മുട്ട പൊരിച്ചു
കപ്യാരു കത്തനാരു
വേലിയ്ക്കച്ചക്കീം മക്കളുമു
പന്ത്രാന പടിഞ്ഞിരുന്നൂ
നീർക്കോലിച്ചാത്തൻ നീരുന്നൂ
പിന്നേം കെടക്ക്ണു കട്ടിൻ കീഴെ
പൊട്ടക്കലത്തില് കട്ടച്ചോറ് മേരി അയിർകുന്നം

കാസർഗോഡ് ശങ്കരൻനമ്പൂതിരിയിൽ നിന്ന് ലഭിച്ച പാട്ടിൽ അടയ്ക്കാച്ചെപ്പിൽ ഉരുയരിയേ വെച്ചുള്ളൂ എന്നതിലൂടെ വളരെകുറച്ചേ ഉായിരുന്നുള്ളൂ എന്ന് സൂചിതം. പാപ്പാനും പാർവ്വതിയും പന്ത് ആനകളും പടിഞ്ഞിരുന്നിട്ടും വേലിക്കലെ കൊച്ച (തത്ത) നിരന്നിരുന്നിട്ടും ആർക്കും തികയാതിരുന്നില്ല. അഥവാ 'ഉള്ളത്കൊ് ഓണം പോലെ' ജീവിച്ചു എന്ന് സാരം. ഇവിടെ ഉള്ളതു കൊ് തൃപ്തിപ്പെട്ട് ജീവിക്കണം എന്ന സന്ദേശവും മനസ്സാണ്, അതിന്റെ തൃപ്തിയാണ് ഏറ്റവും വലുത് എന്ന യാഥാർത്ഥ്യവും പകരപ്പെടുന്നു.

ഉഗ്രപുരം സ്വദേശി ദേവകിയിൽ നിന്നും കിട്ടിയ പാഠഭേദത്തിൽ അടയ്ക്കാത്തോിൽ വെച്ച ഉരിയരി പാപ്പാനും പാർവ്വതിയും പന്ത്രാനയും ഉുവെങ്കിലും പാപ്പിയും മക്കളും ബാക്കിയായി. സദ്യയുടെ സമൃദ്ധിയിലും ആളുകൾക്കുപുറമെ മൃഗ

ങ്ങൾക്ക് പോലും അതിന്റെ ഗുണം ലഭിച്ചുവെങ്കിലും മഠത്തിലെ പാപ്പിയും മക്കളും പട്ടിണിയായിരുന്നു എന്ന യാഥാർത്ഥ്യം സമൃദ്ധിയിലും ദാരിദ്ര്യം എന്ന വസ്തുതയെക്കുറിക്കുന്നു. 'മഠത്തിലെ പാപ്പി' എന്നതിലൂടെ 'ഉന്നതകുലജാതയായ, സവർണ കുടുംബാംഗമായ പാപ്പിയുടെ ദാരിദ്ര്യമാണ് പ്രത്യേ കമായി പരാമർശിക്കപ്പെടുന്നത്. എല്ലാ സമൃദ്ധിയിലും വാഴുന്നവർ എന്ന് പുറംലോകം വ്യാഖ്യാനിച്ച കുടുംബങ്ങളിൽ പോലും ചില ആളുകൾ ദരിദ്രനാരായണന്മാരായി ഉായിരുന്നു എന്ന സൂചനയാണിവിടെയുള്ളത്.

കഥകഥയമ്മേ എന്ന് തുടങ്ങുന്ന തൃശ്ശൂർ മലപ്പുറം ഭാഗങ്ങളിൽ പ്രചാരത്തിലുായിരുന്ന ഈ പാഠഭേദം ഒരു സദ്യയുടെ വിശേഷങ്ങളെക്കുറിച്ച് കാനകത്തമ്മയോട് വിവരിക്കുന്ന തരത്തിലാണുള്ളത്. അടക്കാത്തൊൽ ആകെ 'ഒഴക്ക്' (ഉരിയുടെയും പകുതി) അരിയേ വെച്ചുള്ളൂ. എന്നിട്ടും രാമോനും കൂമോനും കൂമത്തീം മക്കളും അങ്ങനെ നൂറുക്കണക്കിന് ആളുകളും വേലിക്കലുള്ള തത്തകളും പന്ത്രാനകളും പടിഞ്ഞിരുന്നിട്ടും എട്ടുതൊട്ടിച്ചോറ് ബാക്കിയായി. സദ്യയുടെ സമൃദ്ധിയിൽ മനുഷ്യരും ചുറ്റുപാടുമുള്ള ജീവജാലങ്ങളും തൃപ്തിയായി ഉു എന്നതും ഇനിയും ധാരാളം പേർക്ക് കഴിക്കാനുള്ള ഭക്ഷണം ബാക്കിയു് എന്നതും വസ്തുതയാവാമെങ്കിലും വ്യംഗ്യമായി സദ്യയുടെ രുചിയില്ലായ്മയെ അപഹസിക്കുകയാണിവിടെ. അരി വെന്ത് ചീഞ്ഞളിഞ്ഞുപോയതിനാൽ ഇത്രയേറെ ആളുകൾ ഉിട്ടും 'ഒഴക്കരി' ചോറ് തീർന്നില്ല എന്ന് മാത്രമല്ല ധാരാളം ബാക്കിയു് എന്നതിലൂടെ 'സദ്യ അത്രക്ക് ഗംഭീരമായിരുന്നു' എന്ന പരിഹാസം വ്യക്തമാവുന്നു.

ഒരു നെല്ലുകുത്തി എന്ന പാഠഭേദത്തിൽ അരിവെച്ചതിനൊപ്പം ചട്ടീലിട്ട് മുട്ടപൊരിച്ചു എന്നതിലൂടെ സദ്യയിൽ പോലും മിശ്രഭോജനത്തിന് വന്ന പ്രാധാന്യത്തെക്കുറിക്കുന്നു. 'കപ്യാരു, കത്തനാരു' എന്ന പരാമർശത്തിലൂടെ ക്രിസ്തുമതത്തിന്റെ പ്രചാരവും പ്രാദേശികമായി വന്ന മേൽക്കൈയും സ്പഷ്ടമാകുന്നു. 'വേലിക്കച്ചക്കീം മക്കളും' എന്നതിലൂടെ ഇവരുടെ ആശ്രിതവൃന്ദങ്ങൾ അഥവാ കാവൽക്കാരായി സാധാരണക്കാർ മാറി എന്ന് സാരം. ആന മുതൽ നീർക്കോലിച്ചാത്തൻ വരെയുള്ള ജീവികൾ എല്ലാം ഉു തൃപ്തിപ്പെട്ടു എന്നതിലൂടെ ഉള്ള നെല്ല് (പ്രകൃതിവസ്തു) കൊ് സകലരും തൃപ്തിപ്പെട്ടു ജീവിക്കുന്നു എന്നത് സന്തോഷത്തിന്റെ സന്ദേശമാണ് നല്കുന്നത്. ഇനിയും കട്ടിൻകീഴെ കട്ടച്ചോറ് ബാക്കിയു് എന്നത് ഇനിയും ആവശ്യപ്പെടുന്നവർക്ക് ലഭ്യമാണ് എന്ന് വ്യക്തമാക്കുന്നു. കട്ടിൻകീഴെ ചോറ് സൂക്ഷിച്ചത് പൊട്ടക്കലത്തിലാണ് എന്ന പരാമർശം മനുഷ്യന്റെ ശ്രദ്ധയില്ലാത്ത കൈകാര്യവും അവനവന്റെ സൗകര്യത്തിനും സ്വാർത്ഥതയ്ക്കും വേിയുള്ള കരുതലുമാവുമ്പോൾ

അത് വെച്ച കലം പൊട്ടയായതു പോലെ നെല്ല് തന്ന ഭൂമിയും ഉപയോഗശൂന്യമാവും എന്ന് ഭംഗ്യന്തരേണ സൂചിപ്പിക്കുന്നു.

അടയ്ക്കാത്തൊിൽ വെച്ച ഒഴക്കരി കെട്ട്യോളും കുട്ട്യോളും തോട്ടികൾ അഥവാ വേലക്കാരും ഉു. രാജാവ്, അദ്ദേഹത്തിന്റെ കാര്യക്കാരായ മേനോൻ, നായര് തുടങ്ങിയവർ, കലാകാരന്മാരായ നമ്പ്യാർ, നങ്ങ്യാർ, നമ്പിടി കുമ്പിടി, ചേനാർ, ചേത്യാർ തുടങ്ങിയ അവർണ്ണ–സവർണ്ണവിഭാഗക്കാരെല്ലാം ഉു തൃപ്തിപ്പെട്ടു. ഇതരവിഭാഗക്കാരനായ മേത്തൻമാപ്പിളയും സ്വന്തക്കാരും ബന്ധക്കാരും നെറഞ്ഞിരുന്നു. പന്ത്രാനകൾ, വേലിക്കലെ തത്തകൾ, നീർക്കോലിച്ചാത്തൻ തുടങ്ങിയ പ്രകൃതിജീവികളെല്ലാം തൃപ്തരായി. അവസാനം വെച്ചവനും വിളമ്പിയവനും ഉിട്ടും പാത്രം നിറച്ചും ചോറ് ബാക്കിയു്. ഇവിടെ സമൃദ്ധിയുടെ നിറവും സാമൂദായികവും സാമ്പത്തികവുമായ ഉച്ചനീചത്വങ്ങളില്ലാത്ത വിതരണവും തുല്യതാസങ്കല്പവും വ്യക്തമാണ്. നാനാത്വത്തിൽ ഏകത്വമെന്ന നമ്മുടെ കാഴ്ചപ്പാടിനെ അഥവാ സമൃദ്ധിയുടെ സമത്വവും സാഹോദര്യവും ആഗ്രഹിച്ച ഒരു ജനതയുടെ സ്വപ്നമോ സങ്കല്പങ്ങളോ ആവാം ഈ പാട്ട് വെളിപ്പെടുത്തുന്നത്. വെച്ചവനും വിളമ്പിയവനും അവസാനം ഉു എന്നതിലൂടെ സദ്യയിൽപ്പോലും അതിഥികളെ ഊട്ടിയതിനുശേഷം മാത്രമേ വീട്ടുകാർ കഴിച്ചിരുന്നുള്ളൂ എന്ന നാട്ടുനടപ്പ് വ്യക്തമാവുന്നു. സമൃദ്ധിയുടെ നിറവും അതിന്നിടയിൽപ്പോലും ചിലർക്ക് വരുന്ന ദാരിദ്ര്യവുമാണ് ഈ പാഠഭേദങ്ങളിലെല്ലാം പ്രമേയം. സമത്വം, സാഹോദര്യം എന്ന കാഴ്ചപ്പാടിനെ മുന്നോട്ടു നയിക്കാൻ പര്യാപ്തമാണ് ഇതിലെ ആശയം. കാലദേശ ഭേദങ്ങൾക്കനുസരിച്ചുള്ള കൂട്ടിച്ചേർക്കലുകളും ഭാഷാവ്യതിയാനങ്ങളും സംഭവി ച്ചിട്ടുങ്കെിലും അർത്ഥതലത്തിൽ സമാനമായതിനാൽ ഇവക്ക് പാഠഭേദത്വം കല്പി ക്കാം.

**14. ഓണം വന്നോണം**

1. ഓണം വന്നോണം വന്നീ വിരള്
   എങ്ങനെ ഉണ്ണ്യമെനിവീടര്
   കടു വാങ്ങിച്ചുണ്ണ്യമെന്നീവിരള്
   എങ്ങനെ വീട്ടുമെന്നീവിരള്
   പണിചെയ്ത് വീട്ടുമെന്നീവിരള് ചെറിയേത് – മൈത്ര

2. ഓണമെന്നോണമെന്നൊരുത്തൻ
   എങ്ങനെ കയ്ക്കുമെന്നൊരുത്തൻ
   കടംവാങ്ങിക്കയ്ക്കുമെന്നൊരുത്തൻ

എങ്ങനെ വീട്ടുമെന്നൊരുത്തൻ
കള്ളനെങ്കിലും ദുഷ്ടനെങ്കിലും
ഞാൻ തീർത്തോളാമെന്നൊരുത്തൻ ഗൗതം – കയ്യേരിക്കൽ

3. ഓണം വന്നോണം വന്നീവിരല്
എങ്ങനെയുണ്ണുമെന്നീവിരല്
കടംമേടിച്ചുണ്ണുമെന്നീ വിരല്
ഏങ്ങനെവീട്ടുമെന്നീവിരല്
കൊച്ചെങ്കിലും കുരുടെങ്കിലും
കൊച്ചുതൂമ്പാകിളച്ച്
വീട്ടുമെന്നീ വിരല് (സി.പി. ആൻഡ്രൂസ്)

'ഓണം വന്നോണം വന്നീ വിരല് എങ്ങനെ ഉണ്ണുമെന്നീ വിരല്' എന്നതിലൂടെ ഓണം വന്നു എന്ന സന്തോഷത്തോടൊപ്പം എങ്ങനെ ഓണമുണ്ണും എന്ന വിഷമതയും മനസ്സിലെത്തുന്നു. 'ഓണം ഉണ്ണണം' എന്ന തീരുമാനവും അത്യാവശ്യമെങ്കിൽ കടം വാങ്ങിച്ചാലും പ്രശ്നമല്ല എന്ന ദൃഢതയും വ്യക്തമാണ്. അപ്പോഴേക്കും 'എങ്ങനെ കടം വീട്ടും' എന്ന മറുചിന്ത അലട്ടിയപ്പോൾ എന്തൊക്കെ വിഷമതകൾ നേരിട്ടാലും 'പണി ചെയ്ത് വീട്ടാം' എന്ന ദൃഢനിശ്ചയം അംഗുരിക്കുകയും ചെയ്തു. ഓണത്തിന് പോലും ദാരിദ്ര്യത്തിന്റെ പരകോടിയിൽ നില്ക്കുന്ന ഈ കുടുംബചിത്രം ഒരു കാലഘട്ടത്തിലെ കേരളത്തിലെ അടിയാളവർഗ്ഗത്തിന്റെ ദയനീയചിത്രണമാണ്. ഓണം, ഇല്ലായ്മ, ഓണസദ്യ, കടം, കടംവീട്ടൽ, പണി എന്നിങ്ങനെയുള്ള വിഷയസംഘർഷത്തിൽപ്പെട്ടുഴലുന്ന, ഗാർഹികചുമതലകൾ തന്റെ ചുമലിൽ ഏറ്റുന്ന കുട്ടിയുടെ മനസ്സും ഒപ്പം എന്തെല്ലാം പ്രശ്നങ്ങളുങ്കെിലും സധൈര്യം നേരിടണം എന്ന ആത്മവിശ്വാസവുമാണിവിടെ പ്രകടം. 'വിരല്' എന്ന പ്രയോഗം മനസ്സിന്റെ വിവിധ സംഘർഷങ്ങളുടെ പ്രതീകമാവാം. പന്നിക്കോട് പ്രചാരത്തിലുള്ള ഈ പാട്ട് ചെറിയേത് തന്നതാണ്.

കയ്യേരിക്കൽ ഗൗതമിന്റെ ശേഖരണത്തിൽ നിന്ന് ലഭിച്ച ഈ പാട്ട്. 'ഓണമെന്നോണമെന്നൊരുത്തൻ' എന്നാണ് തുടങ്ങുന്നത്. ഈ പാഠഭേദത്തിൽ എങ്ങനെ വീട്ടുമെന്ന ഒരുത്തന്റെ ചോദ്യത്തിന് 'കള്ളനെങ്കിലും ദുഷ്ടനെങ്കിലും ഞാൻ തീർത്തോളാം' എന്ന ദൃഢനിശ്ചയം പ്രകടമാക്കുന്നു. ദാരിദ്ര്യത്തിന്റെ പടുകുഴിയിൽ വീണ്, തന്റെ വിശപ്പിന്റെ കാഠിന്യത്താൽ കതെടുത്തപ്പോൾ കള്ളനും ദുഷ്ടനുമായി സമൂഹം വിധിയെഴുതി. എങ്കിലും ഓണം കടം വാങ്ങിയെങ്കിലും കഴിക്കണം എങ്ങനെ വീട്ടുമെന്ന ചോദ്യത്തിന് ഉത്തരം കത്തൊൻ ആയില്ല. കാരണം തനിക്ക് ഊരുവിലക്കായതിനാൽ നാട്ടിൽ പണികിട്ടില്ല. ഇത്രയൊക്കെയായാലും ഓണം കഴിക്കാൻ ആരെങ്കിലും സഹായിക്കാതിരിക്കില്ല എന്ന വിശ്വാസവും

എങ്ങനെയെങ്കിലും വീട്ടാം എന്ന ആത്മവിശ്വാസവും പ്രകടമാണ്. ഇവിടെ അതിക ഠിനമായ ദാരിദ്ര്യത്തോടൊപ്പം സമൂഹത്തിന് ഈ 'തീപ്പരിഷ'കളോടുള്ള സമീപനവും വ്യക്തം. 'കള്ളൻ', 'ദുഷ്ടൻ', എന്ന മുദ്രകുത്തൽ ആകെയുള്ള ആശ്രയമായിരുന്ന കൂലിപ്പണികൂടി നഷ്ടപ്പെടുത്തിയെന്ന സൂചന അധികാരകേന്ദ്രീ കരണത്തെയും ശിക്ഷാവിധികളെയും സൂചിപ്പിക്കുന്നു.

സി.പി. ആൻഡ്രൂസ് കായികപരിശീലനങ്ങൾ എന്ന പുസ്തകത്തിൽ (പുറം 70ൽ) ഉദാഹരണമായി കൊടുത്തിട്ടുള്ള പാഠാന്തരത്തിൽ 'കൊച്ചെങ്കിലും കുരുടെ ങ്കിലും കൊച്ചുതൂമ്പാ കിളച്ച് വീട്ടു'മെന്ന പ്രയോഗം ഒരു കുടുംബത്തിന്റെ ഭാരം മുഴുവൻ ചുമലിലേറ്റിവന്ന ഒരു കുരുടനായ കൊച്ചുകുട്ടിയുടെ അവസ്ഥയാണ് കാണിക്കുന്നത്. എന്തൊക്കെയായാലും ഓണം ഉണ്ണണമെന്ന തീരുമാനവും തന്റെ കൊച്ചുതൂമ്പാകൊ് പണിചെയ്ത് വീട്ടുമെന്ന വിശ്വാസവും അവനെ ഏത് സാഹച ര്യത്തെയും നേരിട്ട് ജീവിക്കാനുള്ള പ്രാപ്തിയെക്കുറിക്കുന്നു. 'കുരുടൻ' എന്നതി ലൂടെ വികലാംഗന്റെ പ്രയാസങ്ങൾ പോലും ക് മനസ്സിലാക്കാൻ കഴിയാത്ത, സമൂഹത്തെ പരിഹസിക്കുന്നു. ശാരീരിക പ്രയാസങ്ങൾ ഉള്ള, അധികം അറിവും അനുഭവജ്ഞാനവും ഇല്ലാത്ത കൊച്ചുകുട്ടിയിൽപ്പോലും ജീവിതത്തോട് അഭിനി വേശവും എന്തും നേരിടാനുള്ള തന്റേടവും ഉായിരുന്നു എന്ന് അവസാനവരികൾ വ്യക്തമാക്കുന്നു. എന്നാൽ ഈ ദാരുണ നിമിഷത്തിലും സമൂഹം പാലിക്കുന്ന മൗനം ജന്മികുടിയാൻ കാലഘട്ടത്തിന്റെ അടിയാളവിഭാഗ[26]ത്തിന്റെ ദുസ്സഹജീവി തത്തെ തീക്ഷ്ണമായി വെളിപ്പെടുത്തുന്നു. ഈ മൂന്ന് പാട്ടുകളും താളം അർത്ഥം ഭാഷ എന്നീ തലങ്ങളിൽ സമാനമായതിനാൽ പാഠഭേദത്വം കല്പിക്കാവുന്നതാണ്.

ഇങ്ങനെ കടം വാങ്ങി ആഘോഷിച്ച ഓണമാണ് ഈ പാട്ടിന്റെ തുടർച്ച എന്ന് പറയാവുന്ന ഒന്നാം ഓണം എന്ന പാട്ടിൽ കാണുന്നത്.

4. ഒന്നോണം നല്ലോണം
രോണം കോണം
മൂന്നോണം മുക്കിമൂളി
നാലോണം നക്കീം തൊടച്ചും
അഞ്ചോണം പിഞ്ചോണം ചക്കി കിഴക്കുമ്പാടം

കുടുംബത്തിലെ കടുത്ത ദാരിദ്ര്യത്തെ വെളിപ്പെടുത്തുന്ന ഈ പാട്ട് കിഴക്കു മ്പാടത്ത് ചക്കിയിൽ നിന്ന് ലഭിച്ചതാണ്. 'കാണം വിറ്റും ഓണം ഉണ്ണണം' എന്ന പ ഴമൊഴി ഓണത്തിന്റെ പ്രാധാന്യത്തെയും ജനകീയതയെയും വ്യക്തമാക്കുന്നു. ഒന്നാം ഓണം നല്ല ഓണമായി കൊാടി. വലിയ തെറ്റില്ലാതെ അത്യാവശ്യം വിഭവ ങ്ങളോടെ ആഘോഷിച്ചു. രാമത്തെ ഓണത്തിന് നിവൃത്തിയില്ലാഞ്ഞപ്പോൾ കഃ

ാണം അഥവാ തലേ ദിവസത്തേതിൽ ബാക്കിയുള്ളത് കൊ് കഴിച്ചുകൂട്ടി. മൂന്നാം ഓണം പട്ടിണിവക്കിലെങ്കിലും മുക്കിയും മൂളിയും എന്തെങ്കിലുമൊക്കെ ഒപ്പിച്ച് വെഷമിച്ച് കഴിച്ചുകൂട്ടി. എന്നാൽ നാലാം ഓണം ശരിക്കും പട്ടിണിയായി. വിശപ്പിന്റെ കാഠിന്യത്താൽ നക്കീം തൊടച്ചും കഴിച്ചുകുട്ടേി വന്നു. അഞ്ചാം ഓണമോ അതുപോലുമില്ലാതെ മുഴുപ്പട്ടിണിയും ഇവിടെ സമൃദ്ധിയുടെയും സാഹോദര്യത്തിന്റെയും സമത്വത്തിന്റെയും സമഭാവനയുടെയും സന്ദേശം കാലാകാലങ്ങളായി പകരുന്ന ഓണത്തിന്റെ യാഥാർത്ഥ്യമാണ് വെളിപ്പെടുന്നത്. ദാരിദ്ര്യം എന്ന സമസ്യയെ ഇതിനേക്കാൾ നന്നായി അവതരിപ്പിക്കാൻ പ്രയാസമാണ്. ഈയടുത്ത കാലം വരെ നിലനിന്നിരുന്ന ജന്മിവ്യവസ്ഥയുമായി ബന്ധപ്പെടുത്തി ചിന്തിച്ചാൽ അടിയാളവർഗ്ഗത്തിന്റെ ഓണത്തിന്റെ ദയനീയത സ്പഷ്ടമാക്കുന്നത് ജന്മികുടിയാൻ അന്തരത്തിന്റെ ദൈർഘ്യമാണ്.

### 15. പെയ്യട്ടെ മഴ പെയ്യട്ടെ

1. പെയ്യട്ടെ മയ പെയ്യട്ടെ
അയ്യപ്പാ മയ പെയ്യട്ടെ
പുഞ്ചപ്പാടം നെറയട്ടെ
പത്തോ നൂറോ കിട്ടട്ടെ

മടപ്പള്ളി ശാന്ത

2. പെയ്യട്ടെ മയ പെയ്യട്ടെ
അയ്യയ്യാ മയ പെയ്യട്ടെ
പുഞ്ചപ്പാടം നെറയട്ടെ
പത്തും നൂറും കിട്ടട്ടെ
ഇടിച്ചു പീയ്ഞ്ഞ പായസം
കണ്ണും പൊത്തി മൂക്കോളം

കൊച്ചുനാരായണപിള്ള

3. പെയ്യട്ടേ മഴ പെയ്യട്ടേ
അയ്യയ്യാ മഴ പെയ്യട്ടേ
പെയ്യട്ടേ മഴ പെയ്യട്ടേ
പുഞ്ചപ്പാടം നനയട്ടേ
പെയ്യട്ടേ മഴ പെയ്യട്ടേ
പുഞ്ചപ്പാടം കൊയ്യട്ടേ
പെയ്യട്ടേ മഴ പെയ്യട്ടേ
പത്തോ നൂറോ കിട്ടട്ടേ
പെയ്യട്ടേ മഴ പെയ്യട്ടേ
പത്തായങ്ങള് നിറയട്ടേ

സ്വപ്ന ചാത്തമംഗലം

കൃഷി മുഖ്യജീവതോപാധിയായി സ്വീകരിച്ച കുടുംബങ്ങളുടെ പ്രാർത്ഥന യാണ് മടപ്പള്ളി ശാന്തയിൽ നിന്ന് ലഭിച്ച ഈ പാട്ടിലൂടെ കാണുന്നത്. വേപോല മഴകിട്ടി പുഞ്ചപ്പാടം നിറയെ വിളഞ്ഞ് പത്തായങ്ങൾ നിറയുവോളം കൊയ്താലേ തങ്ങൾക്ക് അരവയറെങ്കിലും നിറയാൻ മാത്രം കിട്ടൂ. അതുകൊ് കാലാകാലങ്ങ ളായി കൺകട ദൈവമായി സവർണഅവർണ ഭേദമില്ലാതെ ആരാധിക്കുന്ന അയ്യപ്പ സ്വാമിയെ[27] ഇത്തവണയും നല്ല വിളവ് കിട്ടണേ എന്ന അടിയകുട്ടികളുടെ പ്രാർത്ഥനയാണിത്.

വെഞ്ഞാറമൂട് കൊച്ചുനാരായണപിള്ളയുടെ ശേഖരത്തിലെ ഈ പാഠഭേദ ത്തിൽ 'ഇടിച്ചുപിഴിഞ്ഞ പായസം കണ്ണും പൊത്തിമൂക്കോളം' എന്ന വരികൾ ശ്രദ്ധേയമാണ്. മഴ വേപോലെ കിട്ടി നല്ല വിളവ് കിട്ടിയാലേ 'പത്തോ നൂറോ പ റ' പത്തായങ്ങൾ നിറഞ്ഞ വകയിൽ ഒരു വർഷത്തെ അഷ്ടിക്ക് അഥവാ അടുത്ത കൂലി വരെയുള്ള കാലത്തേക്ക് പ്രതിഫലമായി കിട്ടൂ. നല്ല വിളവ് ലഭിച്ചാലേ കൊയ്ത്ത്കാലത്ത് നല്ല ആഹാരവും ഒപ്പം ഇടിച്ചു പിഴിഞ്ഞ പായസവും ലഭിക്കും. ജീവിതത്തിലെ അപൂർവ്വ നിമിഷങ്ങളിൽ മാത്രം കിട്ടാറുള്ള ഈ വിശിഷ്ടഭോജ്യ ങ്ങളെ, കണ്ണും പൊത്തി മൂക്കോളം അഥവാ വേുവോളം കഴിക്കാനുള്ള അവസര ങ്ങളെ നഷ്ടമാക്കരുതെ എന്ന് മഴയോട് പ്രാർത്ഥിക്കുകയാണിവിടെ. 'ഇടിച്ചുപി ഴിഞ്ഞ പായസം' എന്നത് പോലും ഇവർക്ക് അത്യപൂർവ്വമായി ലഭിക്കാറുള്ള ഒന്നാണ് എന്ന് ഈ പാട്ട് ബോധ്യപ്പെടുത്തുന്നു. തിരുവിതാംകൂർ ഭാഗങ്ങളിൽ പ്രച രിച്ചിരുന്ന ഈ പാഠഭേദം സന്തോഷഭരിതമായി മഴയത്ത് തുള്ളിച്ചാടിക്കൊ് പാടുന്ന താണ്. പുഞ്ചപ്പാടം നനയുമ്പോൾ മനസ്സിലുണരുന്ന ആഹ്ലാദം കുട്ടിയിൽ പുഞ്ച പ്പാടം കൊയ്ത്ത് പത്തോ നൂറോ കിട്ടി പത്തായങ്ങൾ നിറച്ചാൽ തന്റെ കൂരയിലും തീ പുകയും എന്ന സ്വപ്നത്തിലേക്ക് നയിക്കുന്നതാണ്. പ്രകൃതിയുടെ കനിവിനായ് കാത്തിരിക്കുന്ന ഒരു ജനതയുടെ വീക്ഷണമാണ് പ്രകടമാവുന്നത്.

4. പെയ്യട്ടെ മയ പെയ്യട്ടെ
അയ്യയ്യാ മയ പെയ്യട്ടെ
പുഞ്ചപ്പാടം നെറയട്ടെ
പൂങ്കോയികളും കൂകട്ടെ
കുട്ട്യോളാർത്തു ചിറിക്കട്ടെ
ഓലക്കൊടകൾ നെറയട്ടെ

ചക്കി കിഴക്കുമ്പാടത്ത്

കിഴക്കുമ്പാടത്ത് ചക്കി തന്ന ഈ പാട്ടിൽ പുഞ്ചപ്പാടം നെറയുമ്പോൾ ഈ പ്രകൃതിയിൽപ്പോലും ഉാവുന്ന മാറ്റമാണ് സൂചിതം. പൂങ്കോഴികൾ സന്തോഷ ത്താൽ കൂവുന്നതിലൂടെ പണിയുള്ള കാലത്തെയും അതിനുസരിച്ചുള്ള ജീവിതചര്യ യെയും ചിട്ടപ്പെടുത്തലിനെയും കുറിക്കുന്നു. അവർക്കും സുലഭമായി ആഹാരം കിട്ടിയ സന്തോഷവുമാവാം. യജമാനന്റെ വീട്ടിൽ നിന്ന് കഞ്ഞിയെങ്കിലും കിട്ടുമെ

ന്നതിനാൽ കുട്ടികൾക്ക് അരവയറെങ്കിലും നിറയാൻ പര്യാപ്തമായ കാലം, അതിലൂടെ അവരുടെ മനസ്സ് സന്തോഷിച്ച് ജീവിതം ആഹ്ലാദകരമാവുന്നതിനാൽ ആർത്തുചിരിക്കാൻ ഇടയാവട്ടെ. അതിൽ ആവേശം പൂ് പാടം നിറയെ ഓലക്കുടകളും ചൂടി പ്രകൃതിയുടെ വരദാനമായ മഴയിൽ സന്തുഷ്ടിപൂ് പണിയെടുക്കുന്ന മനോഹരരംഗമാണ് ഈ പാട്ടിലൂടെ ആവിഷ്കൃതമാവുന്നത്. പ്രകൃതിയുടെ കനിവിലൂടെ കുട്ടികളും കോഴികളും ആഹ്ലാദിക്കുന്നു എന്നതിലൂടെ എങ്ങും സമൃദ്ധി കളിയാടട്ടെ എന്ന ആശംസയും കാണാം. ഈ പാട്ടിൽ ആദ്യത്തെ മൂന്ന് പാട്ടുകളിൽ നിന്നും വ്യത്യസ്തമായി പല കൂട്ടിച്ചേർക്കലുകളും വന്നിട്ടുള്ളതിനാൽ സ്വതന്ത്രപാഠമായി കണക്കാക്കാവുന്നതാണ്.

**16. ചെക്കൻ തൊട്ടിട്ട്**

1. ഒരിക്കാത്തൊട്ടാ
വെരിക്കച്ചക്ക
രോട്ടം തൊട്ടാ
തേങ്ങാപ്പൂള്
മുന്നോട്ടം തൊട്ടാ
മുങ്ങിക്കുളി — കൊച്ചുനാരായണപ്പിള്ള

2. ഇപ്പം പുറപ്പെട്ടു
ചെക്കൻ തൊട്ടിട്ട്
മുങ്ങാൻ വെള്ളോല്ല്യ
ചക്കയ്ക്കുപ്പില്ല — കൊച്ചു നാരായണപിള്ള

തിരുവനന്തപുരം ഭാഗങ്ങളിൽ എണ്ണൽക്കളിയിൽ ഉപയോഗിക്കുന്ന ഈ പാട്ടിലൂടെ തൊട്ടുകൂടായ്മ, തീക്കൂടായ്മ[28] തുടങ്ങിയ അനാചാരങ്ങളെ അപഹസിക്കുന്നു. ചെക്കൻ (അവർണബാലൻ – ഈ സമൂഹത്തിന്റെ ആചാരരീതികളെ പഠിച്ചുവരുന്നവൻ) തന്നെ വന്ന് തൊട്ടിട്ട് ഒരു മുങ്ങിക്കുളിക്കായി വെള്ളവും അന്വേഷിച്ച് നടക്കുന്ന സവർണ്ണവ്യക്തി മുങ്ങാൻ വെള്ളമില്ലാത്തത് കാരണം ആ ശ്രമം ഉപേക്ഷിച്ച് ഉപ്പില്ലാത്ത ചക്കപ്പോലെ വീട്ടിൽ തൊട്ടുകൂടായ്മ ആചരിച്ചുകൊ് ജീവിക്കുന്നു. ആ നിവൃത്തികേടിനെ ചക്കക്കുപ്പില്ലയെന്നേയുള്ളൂ ഉപ്പിട്ടാൽ മതി അഥവാ വെള്ളം കത്തെി കുളിച്ചാൽ പ്രശ്നം തീർന്നു എന്ന് സമാധാനിപ്പിക്കുന്നു. കുറിക്കു കൊള്ളുന്ന സാമൂഹ്യവിമർശനം നടത്തുന്നതിലൂടെ അന്നത്തെ സാമൂഹ്യചിത്രണത്തോടൊപ്പം ഇതിനെതിരെ പ്രതികരിച്ചുകൊ് ആചാരത്തിലെ കഥയില്ലായ്മ അറിയിക്കുകകൂടിയാണിവിടെ.

തിരുവിതാംകൂർ ഭാഗങ്ങളിൽ പ്രചാരത്തിലുായിരുന്ന ഈ പാട്ടിലും തൊട്ടു കൂടായ്മ, തീക്കൂടായ്മ തുടങ്ങിയ അനാചാരങ്ങളെ പരിഹസിക്കുകയാണ്. നിയന്ത്ര ണമില്ലാത്ത ലൈംഗികജീവിതവും സംബന്ധാദിവ്യവസ്ഥകളും, എന്നാൽ പുറമേക്ക് സമൂഹത്തെ ബോധ്യപ്പെടുത്താനെന്നോണമുള്ള മുങ്ങിക്കുളിയും മറ്റ് ആചാരവിധി കളും ഉാക്കിയ അവജ്ഞാബോധമാണിവിടെ സൂചിതം. 'അച്ഛൻ നമ്പൂരി'[29]യെപ്പോലും തൊടാൻ സാധിക്കാത്ത കുട്ടി 'ചക്ക' കാണിക്കുന്നതി ലൂടെ/ പറയുന്നതിലൂടെ ഈ സമൂഹത്തോടുള്ള പ്രതിഷേധം അറിയിക്കുകയാണ് ചെയ്യുന്നത്. എണ്ണിക്കളിക്കുപയോഗിക്കുന്ന ഈ രു പാട്ടുകളിലും ശുദ്ധം, മുങ്ങി ക്കുളി തുടങ്ങിയ ആചാരങ്ങളെ പരിഹസിക്കുന്നു. ജാത്യാചാരങ്ങൾക്കുവേി നില കൊ സവർണ്ണസമൂഹങ്ങളെ കണക്കറ്റ് പരിഹസിക്കുകയാണിവിടെ. അർത്ഥത്തെ ആസ്പദമാക്കി ചിന്തിച്ചാൽ ഇവ സമാനമാണെങ്കിലും താളം, ഭാഷ എന്നിവയിൽ വ്യത്യസ്തത പുലർത്തുന്നതിനാൽ പാഠഭേതത്വം കല്പിക്കാൻ സാധിക്കില്ല. അതിനാൽ ഈ രു പാട്ടുകളും സ്വതന്ത്രപാഠങ്ങളാണ്.

## കുറിപ്പുകൾ

1. വൈ.എ.സുധാകര റെഡ്ഡി, എം. സെബാസ്റ്റ്യൻ, ഫോക്‌ലോർ പഠനം സിദ്ധാന്തതലം, കറന്റ് ബുക്സ്, കോട്ടയം, 2004, പുറം. 177.
2. വൈ.എ.സുധാകര റെഡ്ഡി, എം. സെബാസ്റ്റ്യൻ, ഫോക്‌ലോർ പഠനം സിദ്ധാന്തതലം, കറന്റ് ബുക്സ്, കോട്ടയം, 2004, പുറം. 177.
3. വൈ.എ.സുധാകര റെഡ്ഡി, എം. സെബാസ്റ്റ്യൻ, കെ.എം. ഭരതൻ, ഫോക്‌ലോർ പഠനം സിദ്ധാന്തതലം, കറന്റ് ബുക്സ്, കോട്ടയം, 2004, പുറം. 173–205.
4. ഡോ.രാഘവൻ പയ്യനാട്, ഫോക്‌ലോർ, നവചേതന പ്രസ്സ്, തിരുവനന്തപുരം, 1986, പുറം. 203–212.
5. എ. ശ്രീധരമേനോൻ, കേരളസംസ്കാരം, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 1982, പുറം. 212–216.
6. എ. ശ്രീധരമേനോൻ, കേരളസംസ്കാരം, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 1982, പുറം. 21.
7. പ്രൊഫ. എസ്. അച്യുതവാര്യർ, കേരള സംസ്കാരം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2006, പുറം. 130.
8. കെ.എൻ. ഗണേശ്, 'വർഗ്ഗവും ജാതിയും', കേരളത്തിന്റെ ഇന്നലെകൾ, സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, കേരള സർക്കാർ, 1997, പുറം. 385–409.
9. എ. ശ്രീധരമേനോൻ, കേരളസംസ്കാരം, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 1982, പുറം. 213–214.
10. കെ.എൻ. ഗണേശ്, 'ലിംഗഭേദങ്ങൾ', കേരളത്തിന്റെ ഇന്നലെകൾ, സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, കേരള സർക്കാർ, 1997, പുറം. 220.
11. കെ.എൻ. ഗണേശ്, 'ലിംഗഭേദങ്ങൾ', കേരളത്തിന്റെ ഇന്നലെകൾ, സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, കേരള സർക്കാർ, 1997, പുറം. 225.
12. പ്രൊഫ. എസ്. അച്യുതവാര്യർ, കേരള സംസ്കാരം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2006, പുറം. 119.
13. പി.കെ. ബാലകൃഷ്ണൻ, ജാതിവ്യവസ്ഥിതിയും കേരളചരിത്രവും, പൂർണ്ണ പബ്ലിക്കേഷൻസ്, 1997, പുറം. 346–348.
14. പ്രൊഫ. എസ്. അച്യുതവാര്യർ, കേരള സംസ്കാരം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2006, പുറം. 131–140.
15. കെ.എൻ. ഗണേശ്, 'ലിംഗഭേദങ്ങൾ', കേരളത്തിന്റെ ഇന്നലെകൾ, സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, കേരള സർക്കാർ, 1997, പുറം. 215.
16. എ. ശ്രീധരമേനോൻ, കേരളസംസ്കാരം, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 1982, പുറം. 40.
17. പ്രൊഫ. വി. മധുസൂദനൻ നായർ, കേരളവിജ്ഞാനകോശം, എഡി. ടി.കെ. കൊച്ചുനാരായണൻ, ദേശബന്ധു പബ്ലിക്കേഷൻസ്, 1987, പുറം. 849.
18. ഡോ.എം.വി. വിഷ്ണുനമ്പൂതിരി, ഫോക്‌ലോർ നിഘു, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000, പുറം. 462, 2486.
19. പ്രൊഫ. എസ്. അച്യുതവാര്യർ, കേരള സംസ്കാരം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2006, പുറം. 97–98.
20. എ. ശ്രീധരമേനോൻ, കേരളസംസ്കാരം, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 1982, പുറം. 103.
21. ഡോ.എം.വി. വിഷ്ണുനമ്പൂതിരി, ഫോക്‌ലോർ നിഘു, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000, പുറം. 364, 2496.
22. ഡോ.എം.വി. വിഷ്ണുനമ്പൂതിരി, ഫോക്‌ലോർ നിഘു, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000, പുറം. 364, 2497.
23. പ്രൊഫ. എസ്. അച്യുതവാര്യർ, 'മാവാരതപ്പട്ടർ' കേരളസംസ്കാരം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2006, പുറം. 99.
24. എ. ശ്രീധരമേനോൻ, കേരളസംസ്കാരം, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 1982, പുറം. 214.

25. കെ.എൻ. ഗണേശ്, 'അമ്മച്ചിപ്പണം', 'ലിംഗഭേദങ്ങൾ', കേരളത്തിന്റെ ഇന്നലെകൾ, സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, കേരള സർക്കാർ, 1997, പുറം. 219.

26. പ്രൊഫ. എസ്. അച്യുതവാര്യർ, 'മാവാരതപ്പട്ടർ' കേരളസംസ്കാരം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2006, പുറം. 125–126.

27. എ. ശ്രീധരമേനോൻ, കേരളസംസ്കാരം, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 1982, പുറം. 40.

28. പ്രൊഫ. എസ്. അച്യുതവാര്യർ, 'മാവാരതപ്പട്ടർ' കേരളസംസ്കാരം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2006, പുറം. 125–130

29. കെ.എൻ. ഗണേശ്, 'അമ്മച്ചിപ്പണം', 'ലിംഗഭേദങ്ങൾ', കേരളത്തിന്റെ ഇന്നലെകൾ, സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, കേരള സർക്കാർ, 1997, പുറം. 224.

## അധ്യായം അഞ്ച്

# നാടൻകുട്ടിപ്പാട്ടുകളിലെ ചിന്താലോകം

കൊച്ചുകുട്ടികളുടെ കളിപ്പാട്ടുകൾ മുതൽ മുതിർന്ന പെൺകുട്ടികളുടെ കൈകൊട്ടിക്കളിക്കുപയോഗിക്കുന്നവവരെ അടങ്ങുന്ന ഒരു ബൃഹത്ശേഖരമാണ് നാടൻകുട്ടിപ്പാട്ടിന്റേത്. ലഭ്യമായ പാട്ടുകളിൽ ഉള്ളടക്കം കൊും സ്വഭാവം കൊും പ്രസക്തമെന്നുതോന്നുന്ന പാട്ടുകളാണ് ഇവിടെ സാമാന്യ സ്വഭാവത്തിലുള്ള അപഗ്ര ഥനത്തിന് വിധേയമാക്കുന്നത്. ചിന്താലോകത്തിൽ കത്തൊവുന്ന പ്രത്യേകതക ളെയും നിരീക്ഷണങ്ങളെയും രേഖപ്പെടുത്തുവാനും കഴിയാവുന്നത്ര കേരളച രിത്രപശ്ചാത്തലവും സംസ്കാരവുമായി ഇണക്കിച്ചേർക്കാനും ശ്രമിച്ചിട്ടു്. കുട്ടിയുടെ മാനസിക വ്യാപാരങ്ങളെയും ചിന്തയെയും ആശയാദർശങ്ങളെയും വെളിപ്പെടു ത്താനും ഒരു സമൂഹമെന്നനിലക്ക് പാട്ടിന്റെ സ്ഥാനത്തെ നിർണ്ണയിക്കാനും പരമാ വധി ശ്രദ്ധിച്ചിട്ടു്.

മുതിർന്നവർ കൊച്ചുകുട്ടികൾക്കുവേി പാടുന്ന തീരെ ലളിതമെന്നും നിസ്സാര മെന്നും തോന്നാവുന്ന പാട്ടുകളിൽ പ്രകൃതിയും കുട്ടിക്കിഷ്ടപ്പെടുന്ന ആഹാരം, വസ്ത്രം, കളിക്കോപ്പുകൾ തുടങ്ങിയ വസ്തുക്കളും അവന്റെ വീടും ചുറ്റുപാടുകളും വിഷയമാകുന്നു. ജീവിതത്തിന്റെ പടവുകൾ ചവിട്ടിക്കയറുമ്പോൾ തന്റെ ചുറ്റുപാടുക ളേയും സമൂഹത്തേയും സമീപിക്കേത് എങ്ങനെയെന്ന് ഉപദേശിക്കുന്ന ഊർജ്ജസംഭരണികൾ ആണവ. കുട്ടികൾപാടുന്ന പാട്ടുകളിൽ സമൂഹത്തിന്റെ പരി ച്ഛേദം തന്നെയാണ് നിഴലിക്കുന്നത്. സ്വയംപര്യാപ്തത, നിരീക്ഷണപാടവം, ജീവിതമൂ ല്യങ്ങളുടെ ആർജ്ജനം, അധാർമ്മികതക്കെതിരെയുള്ള പ്രതിഷേധം, പ്രകൃതിജീ വനം, സമത്വചിന്ത തുടങ്ങിയവയെല്ലാം ഇത്തരം പാട്ടുകളിൽ പ്രതിഫലിക്കുന്നു. ഗവേഷണപഠനത്തിന്റെ ഭാഗമായി കുട്ടികളും മുതിർന്നവരും പാടുന്ന നാടൻകുട്ടി പ്പാട്ടുകളെ അപഗ്രഥിച്ച് പ്രത്യേകതകൾ കത്തൊൻ ശ്രമിച്ചിട്ടു്.

-

**5.1 അപഗ്രഥനം**

**1. കുളുത്തും**

മുതിർന്നവർ കൊച്ചുകുട്ടികളെ കളിപ്പിക്കുന്ന സന്ദർഭമാണ്. 'കുളുത്തും'[1] കുടിച്ച് കാട്ടിൽ പോയാൽ 'കള്ളനെ' കാൽ പേടിക്ക്വോ എന്ന ചോദ്യവും, കണ്ണിലേക്ക് ഊത്തും ഒന്നിച്ച് കഴിയും. 'കുളുത്ത്' അഥവാ പഴങ്കഞ്ഞിയായിരുന്നു ദരിദ്രന്റെ രാവിലത്തെ ഭക്ഷണം. കാടും, കാടിന്നിടയിലൂടെയുള്ള ഇടവഴികളും സാർവത്രികമായിരുന്ന കാലത്ത് പുറത്ത് കാട്ടിലേക്ക് പോവരുത് കള്ളന്മാരുാകും എന്ന മുന്നറിവ് നല്കുകയാണിവിടെ. കണ്ണിലൂതുമ്പോൾ കണ്ണ് തുറന്ന് വെക്കാൻ ശ്രമിച്ച് വിജയിക്കുന്നവനോട് തന്റെ നേരെ വരുന്ന ഏത് കൊടുങ്കാറ്റിനെയും സധൈര്യം നേരിടണമെന്ന് ശക്തമായി ഉറപ്പിക്കുകയും എന്തിലും സൂക്ഷ്മമായ ദൃഷ്ടി പതിപ്പിച്ച് അറിവ് സമ്പാദിക്കേതു് എന്ന് ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

**2. അച്ചപ്പം**

കൊച്ചുകുട്ടികളെ കളിപ്പിക്കുന്ന ഈ പാട്ടിലൂടെ അച്ചപ്പം, നെയ്യപ്പം, പാലപ്പം, വെള്ളപ്പം തുടങ്ങി കുട്ടിക്ക് ഇഷ്ടമുള്ള പലഹാരങ്ങൾ എല്ലാം അവതരിപ്പിക്കുന്നു. അവ തിന്നാഞ്ഞിട്ടാണോ, അതോ മറ്റെന്തെങ്കിലും ആണോ – അച്ഛനെക്കാണാഞ്ഞിട്ടാണോ – ഈ കുട്ടി എന്താണ് വളരാത്തത് എന്ന ഖേദപ്രകടനത്തിലൂടെ മക്കൾ എത്ര കഴിച്ചാലും ഒന്നും കഴിക്കുന്നില്ല എന്ന അമ്മമാരുടെ പരാതിയാണ് നിഴലിക്കുന്നത്. മറ്റൊരർത്ഥത്തിൽ അച്ചപ്പം, പാലപ്പം തുടങ്ങിയവയെല്ലാം കുട്ടിയുടെ മോഹങ്ങളായിരുന്നുവെന്നും അച്ഛനിൽ നിന്നകന്നു കഴിയുന്ന കുട്ടി യഥാർത്ഥത്തിൽ പട്ടിണിയായിരുന്നുവെന്നും പറയാം. പുറമെക്കുള്ള നല്ല സംസാരവും അതിന്റെ യാഥാർത്ഥ്യവും തമ്മിലുള്ള വൈരുദ്ധ്യത്തെ നർമ്മം കലർത്തി ആവിഷ്കരിച്ചതിലൂടെ കുട്ടിയുടെ അവസ്ഥയെ ബോധ്യപ്പെടുത്തുന്നു.

**5. കാ.... കാ...**

കാ കാ കാ എന്ന് കാക്കയുടെ ശബ്ദത്തോടൊപ്പം പരസ്പരം കൈപ്പടത്തിൽ നുള്ളിക്കൊ് കിക്കിളികൂട്ടുന്ന ഈ കളി കൊച്ചുകുട്ടികളെ കളിപ്പിക്കുന്നതിനായി ഉപയോഗിച്ചിരുന്ന ഒന്നാണ്. നമ്മുടെ നാട്ടിൽ സാർവത്രികമായി കാണുന്ന കാക്കകളായി ഓരോ കുട്ടിയും മാറി ഒന്നിച്ച് കിക്കിളിപ്പെടുത്തുന്നതിലൂടെ സമപ്രായക്കാരുടെ ഒത്തുചേരലും മറ്റെന്തെല്ലാം ഭേദങ്ങൾ (ജാതി, മത, പ്രാദേശിക) ഉായാലും നാം ഒന്നാണ് എന്ന ബോധത്തെ വളർത്തുന്നതുമാണ്. 'കാക്ക' പൈതൃകത്തിന്റെയും ശുചിത്വത്തിന്റെയും പ്രതീകമാണ്. ഒരുമയുങ്കിലെ സാംസ്കാരികപൈതൃകത്തിനും ശുചിത്വത്തിനുമെല്ലാം നിലനില്പുള്ളൂ എന്ന സത്യം ഇവിടെ വെളിവാക്കപ്പെടുന്നു.

**6. തൊൻ വട്ടീ**

മുത്തശ്ശി കുഞ്ഞിനെ മടിയിലിരുത്തി ഈ വലിയ വയറ്റിലെന്തു് എന്ന് താളാത്മകമായി ചോദിക്കുന്നതും ഉത്തരമായി നാഴി അരിവെച്ചചോറ്, കയ്പക്കറി, പശുക്കിടാവിന്റെ കൊട്ട് ഇവയു് എന്ന മറുപടിയും രസാവഹമാണ്. ഈ പാട്ടിലൂടെ

-

കുഞ്ഞിന്റെ വയറ്റിൽ ഒന്നുമില്ല അഥവാ കുഞ്ഞ് പട്ടിണിയാണ് എന്ന വെളിപ്പെടുത്തലാണുള്ളത്. നാഴി അരിചോറ് ഒരു മോഹമാണ്. കുട്ടി രുചിച്ചു നോക്കാൻപോലും മെനക്കെടാത്ത കയ്പക്കാക്കറി ഉ് എന്നത് ശുദ്ധ നുണ. പശുക്കിടാവിന്റെ (അമ്പക്കടചീരെ കൊട്ട്)[2] അഥവാ പശുക്കിടാവ് കുടിച്ചതിന്റെ ബാക്കി പാല് എന്നതും സത്യമല്ല. കാരണം അമ്മ പശുവിനെക്കറന്ന് കഴിഞ്ഞാൽ പശുക്കിടാവിന് കുടിച്ച് വിശപ്പകറ്റാൻ പോലും കാണില്ല. പിന്നെ അതിന്റെ ബാക്കി എന്നത് അസാധ്യമാണ്. കുഞ്ഞിന് ഒന്നും കിട്ടിയില്ല എന്ന യാഥാർത്ഥ്യത്തെ ഭംഗ്യന്തരേണ സൂചിപ്പിക്കുകയാണിവിടെ.

**8. വര വര** . . .

കൈയ്യുടെ ചലനവും സംസാരവും തമ്മിലുള്ള താളാത്മകബന്ധത്തിന് പ്രാധാന്യമുള്ള ഈ കളിയിൽ പാട്ടും വരയും കൃത്യമാക്കി പേശീചലനങ്ങളെ തന്റെ ആജ്ഞയ്ക്ക് കീഴിലാക്കുക എന്ന ഉദ്യമമാണുള്ളത്. മാനസികവും ബൗദ്ധികവും ശാരീരികവും ആയ ഏകോപനത്തിലൂടെ ശ്രദ്ധയെ കേന്ദ്രീകരിച്ച് വറുതിക്ക് നിർത്താൻ ഇതിലൂടെ പരിശീലിക്കുന്നു.

-

**10. ഉറുമ്പേ**

അപ്പോം ചുട്ട് കളിപോലെ കൊച്ചുകുട്ടികളെ കളിപ്പിക്കാൻ ഉപയോഗിക്കുന്ന ഈ പാട്ട് ഉറുമ്പിന്റെയും കുട്ടികളുടെയും സംഘം ചേർന്നുള്ള പ്രവർത്തനരീതികളെ നിരീക്ഷിച്ച് സംഭാഷണരീതിയിൽ തയ്യാറാക്കപ്പെട്ടതാണ്. കുട്ടിയെ മടിയിലിരുത്തി കിക്കിളികൂട്ടിക്കൊ് നടത്തുന്ന ഈ കളിപ്പാട്ടിലൂടെ മുത്തശ്ശിയുടെ വാത്സല്യത്തോടൊപ്പം നിരീക്ഷണ ബുദ്ധിയും പ്രകൃതിപരിചയവും ലഭിക്കുന്നു. പന്തളംഭാഗത്ത് പ്രചാരത്തിലുള്ള ഒരു കളിപ്പാട്ടാണിത്.

പിണങ്ങിപ്പോകുന്ന കുട്ടിയെ അനുനയിപ്പിക്കാൻ വേിയുള്ള ഈ കിക്കിളിപ്പാട്ടിൽ പാലം കടന്ന് പടിഞ്ഞാട്ട് പോകുന്ന ഉറുമ്പിന്റെ സ്വഭാവുമായി താരതമ്യപ്പെടുത്തുന്നു. സംഘമായിട്ടല്ലാതെ ഉറുമ്പിന് പ്രവൃത്തികളില്ല. അതുപോലെ പിണങ്ങിപ്പോയാലും അടുത്ത നിമിഷം പോയവഴിയേത്തന്നെ തിരിച്ച് വന്ന് പൂർവ്വാധികം ശക്തിയോടെ കളികളിൽ പങ്ക്ചേരുന്നവനാണ് കുട്ടി എന്നും സംഘം ചേർന്നാലേ അവന് പൂർണ്ണത ലഭിക്കുന്നുള്ളൂ എന്നും വ്യക്തമാക്കുന്നു. പാലം കടന്ന് പടിഞ്ഞാട്ട് പോകുക എന്നതിലൂടെ കടലുകടന്ന് അക്കരെ (വിദേശത്ത്) പോയാൽപോലും അധികം വൈകാതെ തിരിച്ച് വരുന്നവരാണ് മലയാളികൾ അഥവാ അവന്റെ സ്വപ്നം ഈ പ്രദേശത്തെ സുന്ദരമായ ജീവിതം തന്നെയാണ് എന്ന ഒരു വിവക്ഷയും ഇതിൽകാണാം.

**11. ഉറുമ്പോ**

മുതിർന്നവർ കൊച്ചുകുട്ടികളെ മടിയിലിരുത്തി കളിപ്പിക്കാനായി ഉപയോഗിക്കുന്ന ഈ പാട്ട് കുട്ടിക്ക് പരിചിതമായ വെളിച്ചെണ്ണ, പഞ്ചസാര, കൽക്കം, ശർക്കര, പായസം, തേൻ, അപ്പം, അട തുടങ്ങി ഉറുമ്പുവരാൻ സാധ്യതയുള്ള വസ്തുക്കളുടെ പേർ ചേർത്ത് എത്രവേണമെങ്കിലും നീട്ടാവുന്നതാണ്. കളിയോടൊപ്പം പദാർത്ഥജ്ഞാനം നല്കാനും പാട്ട് നിർമ്മാണത്തിനും കുട്ടിയെ പരിശീലിപ്പിക്കുകയാണിവിടെ.

### 12. ആറ്റിൽപോണോ?

കണ്ണിലൂതിക്കളിക്ക് ഉപയോഗിക്കുന്ന ഈ പാട്ടിലൂടെ വെള്ളം (ആറ്, തോട്) ആന, കുതിര തുടങ്ങിയവയിൽ നിന്നുള്ള ഭയത്തെ അകറ്റി ധൈര്യവാനാക്കുക എന്ന താണ് ലക്ഷ്യമാക്കുന്നത്. ഇവിടെ ചുറ്റുപാടും മനുഷ്യനു ഭീഷണിയാകുന്ന ജീവിക ളേയും പ്രകൃതിയെയും പരിചയപ്പെടുത്തുക എന്ന ഉദ്ദേശ്യവും നിറവേറ്റപ്പെടുന്നു. ഇതിന്റെ പാഠഭേദം എന്ന് പറയാവുന്ന 'ആനേനെ കാ പേടിക്കോ' എന്ന ചോദ്യ പ്പാട്ടും മുന്നാഴിമൊളക് തിന്വോ എന്ന അത്ഭുതവും ആന, കുതിര, പട്ടി തുടങ്ങിയ വയെ ശ്രദ്ധിക്കേതാണ് എന്ന ചിന്തക്കൊപ്പം മുളക് എന്ന പഴം കഴിക്കാൻ പറ്റില്ല എരിയും എന്ന യാഥാർത്ഥ്യത്തെക്കൂടി ബോധ്യപ്പെടുത്തുന്നു.

### 14. ആഴീതോഴീ

കൊച്ചുകുട്ടികൾ വട്ടത്തിൽനിന്ന് കൈവീശിക്കൊ് പാടുന്ന ഈ പാട്ടിലൂടെ അപ്പം, ആട, അച്ഛൻ, അമ്മ, പീപ്പി, പാപ്പ, പപ്പടം തുടങ്ങി കുട്ടിയുടെ ഇഷ്ടവസ്തുക്ക ളെല്ലാം സൂചിതമാകുന്നു. അച്ഛന്റെയും അമ്മയുടെയും സാമീപ്യവും സ്നേഹവും അപ്പം, പാപ്പ, പപ്പടം തുടങ്ങിയവയുടെ ലഭ്യതയും നല്ലവസ്ത്രങ്ങളും പീപ്പിപോലുള്ള കളിവസ്തുക്കളും 'പിച്ച നടത്തൽ' പോലെ മുതിർന്നവരാൽ ലഭിക്കുന്ന സഹായ ങ്ങളും ഒരു കുട്ടിയുടെ ജീവിതത്തെ സംതൃപ്തമാക്കുന്നു 'അമ്മേടുണ്ണീ' എന്ന സംബോധന കുട്ടികളുടെ ജീവിതത്തെ സുരക്ഷിതത്വവും സ്നേഹസമ്പന്നവുമാക്കു ന്നു.

### 15. കൊല

വട്ടത്തിലിരുന്ന് കുട്ടികൾ ചപ്പ് പുറകിലിട്ട് ഓടിതൊടുന്ന ഈ കളിയിലൂടെ കൊലയായി കാണുന്ന മുന്തിരി പറിക്കാനാണെങ്കിൽ നരീ നീ ചുറ്റിവന്നോളുക. 'നിന്റെ സൂത്രം എനിക്കറിയാം മുന്തിരി പറിക്കാനെന്ന് പറഞ്ഞ് വന്ന് എന്നെ ശരിപ്പെ ടുത്തലല്ലേ പ്ലാൻ. നീ മനസ്സിക്കാണുമ്പം ഞാൻ മാനത്ത് കാണും' എന്ന രീതിയിൽ പ്രതികരിക്കുന്ന കുട്ടിയെപിടിക്കാൻ വരുന്ന നരി കുട്ടിയെ കിട്ടുന്നതുവരെ/കുട്ടിയഥാ സ്ഥാനത്തെത്തുന്നതുവരെ കളി തുടരുന്നു. ഇവിടെ ശത്രുവിന്റെ ഉദ്ദേശ്യത്തെ മന സ്സിലാക്കി സൂത്രങ്ങൾ കത്തെി സ്വയം രക്ഷപ്പെടാനുള്ള പരിശീലനത്തോടൊപ്പം തന്റെ ജീവിതത്തെ രക്ഷപ്പെടുത്തേത് താൻ തന്നെയാണ് എന്ന യാഥാർത്ഥ്യത്തെ ബോധ്യപ്പെടുത്തുകയാണ്.

### 18. ഓടുന്നു ോടുന്നുേ

വട്ടത്തിൽ നിന്ന് വശങ്ങൾ തിരിഞ്ഞ് ഓടിക്കൊും കൈ ചുരുട്ടിയത് പര സ്പരം മാറ്റികൊും കളിക്കുന്ന പാട്ടാണിത്. തിരുവാതിരക്കളിയുടെ പ്രാഥമികതലം എന്ന് വിശേഷിപ്പിക്കാവുന്ന നൃത്തത്തെ അനുസ്മരിപ്പിക്കുന്ന ഈ കളി കൊച്ചു പെൺകുട്ടികളുടെതാണ്. ഇടത്, വലത് കൈകളിലൂടെ ശ്രദ്ധയെ തിരിച്ച് വിട്ട്, കളി യിൽ മേൽക്കൈ നേടി സാമർത്ഥ്യം തെളിയിക്കാനുള്ള രസകരമായ ശ്രമമാണിവിടെ

നടക്കുന്നത്. 'മാണിക്യച്ചെമ്പഴുക്ക' എന്നതിലൂടെ വീട്ടിലെ മാണിക്യമായ കുട്ടി എന്ന വിവക്ഷയാണ് പ്രകടിതം.

### 19. സൈനബാ...

മലബാർ മേഖലയിൽ പ്രത്യേകിച്ചും പത്തനാപുരം, അരീക്കോട് ഭാഗങ്ങളിൽ പ്രചാരത്തിലുളള ഈ പാട്ടിലൂടെ വള, കുപ്പി, പാല്, ആട്, കോല്, ചെ, മരം, വീട്ടി തുടങ്ങിയ ചുറ്റുപാടുകളിൽ പരിചിതങ്ങളായ വസ്തുക്കളെ യുക്തിയുക്തമായി സമ്മേളിപ്പിക്കുന്നു. എന്തു വീട്ടി? എന്ന ചോദ്യത്തിന് കടം വീട്ടി എന്ന ഉത്തരവും അതിന് വിപുലീകരണമെന്നോണം ഗോപാലന്റെ കടം വീട്ടി എന്ന വിശദീകരണവും ശ്രദ്ധേയമാണ്. ഇവിടെ കടങ്ങൾ തിരിച്ച് നൽകാൻ കളിയിലായാലും ജീവിതത്തിലായാലും ശ്രദ്ധിക്കണം എന്ന മനോഭാവവും ആദർശവും കുട്ടി ആർജ്ജിച്ചെടുക്കുകയാണ്.

### 20. സെയ്സെയ്

മലബാർ മേഖലയിൽ പ്രത്യേകിച്ചും മലയമ്മ, ഓമശ്ശേരി ഭാഗങ്ങളിൽ പ്രചാരത്തിലുളള ഈ പാഠഭേദത്തിൽ ദ്വയാർത്ഥപ്രയോഗത്തിലൂടെ പരിചിതമായ വസ്തുക്കളെ ഘടിപ്പിച്ചുകൊ് മലബാറുകാർക്ക് പ്രിയമായ 'കട്ടൻചായ' യിൽ എത്തിക്കുന്നു. തനിക്ക് ചായയും കടിയും വേണമെന്ന സത്യത്തെ പറയുകയോ ഏത് പ്രവൃത്തിയുടെ ആരംഭത്തിലും ഉാവാറുളള 'ചായസൽക്കാര'ത്തെ അനുസ്മരിക്കുകയോ ആണ് ഈ പാട്ടിലൂടെ. നിരീക്ഷണപാടവത്തെയും പ്രത്യേകതകൾ കത്തൊനുളള മിടുക്കിനെയും ദ്വയാർത്ഥപ്രയോഗവാക്സാമർത്ഥ്യത്തെയും വളർത്താൻ ഉതകുന്ന തരത്തിലുളള ഒരു കളിപ്പാട്ടാണിത്.

### 21. അണ്ണാറ കണ്ണാ

എണ്ണൽക്കളിയുടെ മുന്നോടിയായി ഉളള ഈ കളിപ്പാട്ടിൽ കുട്ടികൾക്ക് ഏറ്റവും പ്രിയപ്പെട്ട അണ്ണാറക്കണ്ണനോടാണ് അവർ സംവദിക്കുന്നത്. മിഠായി വാങ്ങാൻ ഞാനും പോരട്ടെ എന്ന ചോദ്യത്തിന് തെറിപറയുന്ന അണ്ണാറക്കണ്ണൻ 'അബ്വാക്കാനെ എന്ന വരികളിലൂടെ ഒരു നിമിഷം അബ്വാക്കയായിത്തീരാൻ ആഗ്രഹിക്കുന്നു. അബ്വാക്കയെപോലെ പണമുളള, ര് പെണ്ണിനെക്കെട്ടി മൂലക്കിട്ട് ചവിട്ടുന്നവൻ ഒരു കാലത്തെ സമൂദായത്തിന്റെ ചിത്രം വെളിവാക്കുന്നു. പണക്കാരായ ഈ കച്ചവടക്കാരൻ സ്ത്രീകളെ വ്യക്തികളായി കണക്കാക്കുന്നില്ല എന്ന വസ്തുത കല്ല്യാണം കഴിയുന്നതോടെ മൂലക്കലിട്ട് ചവിട്ടുന്ന സ്ത്രീത്വത്തിന്റെ അവതരണത്തോടെ സൂചിതമാവുന്നു. സ്വത്തിൽ പോലും പുരുഷന്റെ പാതി അവകാശം മാത്രമുളള സ്ത്രീത്വത്തിന്റെ[3] സ്ഥാനമില്ലായ്മ ഈ വരികളിലൂടെ ബോധ്യമാവുന്നു. കുറിക്ക് കൊള്ളുന്ന ഒരു സാമൂഹ്യവിമർശനവും പരിഹാസവുമാണ് ഈ വരികളിലൂടെ പ്രകടമാകുന്നത്.

### 22. സാ . . സീ . . . സൂ

-

ഒരു എണ്ണൽക്കളിപ്പാട്ടാണിത്. ഇതിൽ 'അമ്പടിയ്ക്കെടീ', 'തുമ്പടിയ്ക്കെടീ' എന്നിങ്ങനെ പുത്തൻ പെണ്ണിനെ അഥവാ മരുമകളെക്കൊ് അമ്മായിയമ്മ നിർത്താതെ പണിയെടുപ്പിക്കുന്നതിനെ കളിയാക്കുകയാണിവിടെ. അടിച്ചുവാരുക എന്ന ചെറിയ പണിയിൽപ്പോലുമുള്ള കൈകടത്തലും നിയന്ത്രണവും ശാസനകളും അവതരിപ്പിച്ചുകൊ്, അതിനെ പരിഹസിച്ചുകൊ് കുട്ടിയുടെ സാമൂഹ്യനിരീക്ഷണ ത്തെയും വ്യക്തിപഠനത്തെയും ഗാർഹിക ജീവിതരീതിയെയും വെളിപ്പെടുത്തുന്നു. ഒരു വലിയ സാമൂഹ്യപ്രശ്നത്തിലേക്കാണ് ഈ കൊച്ചുകളിപ്പാട്ട് വിരൽ ചൂന്നത്.

-

**26. അക്കിളി**

കാസർഗോഡ് ഭാഗങ്ങളിൽ പ്രചാരത്തിലുള്ള ഈ എണ്ണൽപ്പാട്ടിലൂടെ ഔഷധ ഗുണം ധാരാളമുള്ളതും ഒരു കാലത്ത് കേരളത്തിൽ സുലഭവുമായിരുന്ന 'ചുങ്ങ' എന്ന കയ്പുള്ള കായയെ രുചികരമാക്കി മാറ്റാൻ എന്തെല്ലാം വേണമെന്ന ചിന്തയെ പ്രകടിപ്പിക്കുന്നു. കുട്ടിക്ക് ഇഷ്ടമല്ലാത്ത കയ്പുള്ള ചുങ്ങ ഉപ്പേരിയാക്കി വെക്കുമ്പോൾ അതിനെ പഴുപ്പിച്ച് തേനും പാലും പഴവും പോലെ രസകരമാക്കാൻ ശ്രമിക്കുകയാണ് ചെയ്യുന്നത്. വ്യംഗ്യമായി തന്റെ ജീവിതത്തിലെ കയ്പുകളെ മാധുര്യമാക്കിത്തീർക്കുകയാണ് വ്യക്തിജീവിതത്തിൽ അഭികാമ്യമെന്ന് ഓർമ്മിപ്പിക്കുന്നു.

**27. അണ്ണാൻതൊണ്ണൻ**

പയ്യന്നൂർ മേഖലയിൽ പ്രചാരത്തിലുള്ള ഈ പാട്ടിലൂടെ മനുഷ്യകുട്ടികളായ തങ്ങൾക്കല്ലേ നിയന്ത്രണങ്ങൾ വെക്കാൻ സാധിക്കൂ, അണ്ണാൻ തൊണ്ണൻ തോട്ടത്തിൽ ചെല്ലുന്നതും സീതപ്പഴം പറിച്ച് തോളത്തിടുന്നതും തടയാൻ നിങ്ങൾക്ക് കഴിയില്ലല്ലോ എന്ന പരിഹാസവും അണ്ണാറക്കണ്ണൻ കൊത്തിയതിന്റെ ബാക്കിയെങ്കിലും ഞങ്ങൾക്ക് പെറുക്കാമല്ലോ എന്ന ആശ്വാസവും കാണാം. എന്നാൽ അവസാനത്തെ വരികളിൽ അല്പം കൂടികടന്ന്, ക്രമേണ അതിനെയും വെടിവെച്ച് നശിപ്പിക്കുമോ എന്ന ചോദ്യവും പക്ഷികളെപ്പോലെ തങ്ങളുടെ കൂട്ടുകാരായ അണ്ണാനും നഷ്ടപ്പെടുമോ എന്ന ഭയാശങ്കകളും സ്പഷ്ടമായി അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. മനുഷ്യന്റെ അഥവാ അധികാരവർഗ്ഗത്തിന്റെ എന്തിനേയും നശിപ്പിക്കാനുള്ള പ്രവണതയാണ് ഇവിടെ സൂചിതം. വെടി, മണം, പുക എന്നതിലൂടെ നാശത്തിന്റെ ആഴം സൂചിതം. സാമൂഹികനീതിക്ക് വേയുള്ള മുറവിളിയാണീ കളിപ്പാട്ടിലൂടെ പ്രകടമാകുന്നത്.

**28. അക്കീ**

സ്ത്രീകളുടെ ജീവിതം അതിദുസ്സഹമായ ഒരു കാലഘട്ടത്തിന്റെ ഓർമ്മയാണ് 'പൊട്ടിക്കണ്ണി ബ്ലൂം' എന്ന വരികൾ നല്കുന്നത്. ആ ദിക്കിലും ഈ ദിക്കിലും ഒക്കെ ഒടക്കി നില്കുന്ന സുന്ദരമായ കണ്ണുകൾ ഉായാലും 'അകക്കണ്ണ്' പൊട്ടയാണെങ്കിൽ അവളുടെ ജീവിതം 'ബ്ലൂം' അഥവാ അകപ്പെട്ടതുതന്നെ. സ്ത്രീയോട് തന്റെ ചുറ്റുപാടുകളെ സസൂക്ഷ്മം നിരീക്ഷിച്ച് യഥാസ്ഥിതി മനസ്സിലാക്കിയെങ്കിലേ 'അകപ്പെടാതെ' രക്ഷപ്പെടാനാവൂ എന്ന് ആചാരങ്ങളുടെയും വിശ്വാസങ്ങളുടെയും പേരിൽ പലതും നടത്തിപ്പോന്ന ഒരു സമൂഹത്തിൽ ജീവിച്ചുകൊ് ഓർമ്മിപ്പിക്കുകയാണിവിടെ.[4] ബാഹ്യശരീരത്തെ സുന്ദരമാക്കുന്നതോടൊപ്പം അകക്കണ്ണിലെ വെളിച്ചത്തെ പ്രകാശിപ്പിക്കേതിന്റെ ആവശ്യകതയെ ബോധ്യപ്പെടുത്തുക കൂടി ചെയ്യുന്നു.

**30. കീച്ചി കീച്ചി**

-

പൂന്തോലം കളിക്കും ചില മേഖലകളിൽ എണ്ണൽക്കളിക്കും ഉപയോഗിക്കുന്ന ഈ പാട്ടിൽ താളത്തിനൊത്തുള്ള കൈചലനമാണ് പ്രധാനം. എണ്ണുന്നവനെ തെരഞ്ഞെടുക്കുക എന്നതാണ് ഈ പാട്ടിന്റെ ദൗത്യം. 'പതിനാറല്ലെങ്കിലെണ്ണിക്കോ' എന്നതിലൂടെ എന്റെ വാക്ക് നിനക്ക് വിശ്വസനീയമല്ലെങ്കിൽ 'സ്വയം ചെയ്ത് മനസ്സിലാക്ക്' എന്ന വ്യംഗ്യാർത്ഥത്തെക്കൂടി ധ്വനിപ്പിക്കുന്നു.

### 38. ഉറുമ്പേ . . .

പ്രകൃതിയിലെ സകലതിനെയും നശിപ്പിയ്ക്കുന്ന മനുഷ്യന്റെ പ്രവണതയെ പരിഹാസത്തോടെ അവതരിപ്പിയ്ക്കുകയാണിവിടെ. കൂനങ്കുളത്തിൽ കുളിയ്ക്കാൻ ചെന്നപ്പോൾ കുളംതന്നെ കാണാനില്ല. കുളമന്വേഷിച്ചപ്പോൾ വെട്ടിക്കാടിന്റെ മറവിൽ ഉ് എന്ന് കേട്ടു. കാട് മുഴുവൻ വെട്ടിച്ചുട്ടു എന്നറിഞ്ഞു. എങ്കിൽ കാടിന്റെ വെണ്ണീറ്/ചാരമെങ്കിലും തരാൻ ആവശ്യപ്പെടുമ്പോൾ അതുമില്ലാത്ത അവസ്ഥ. പ്രകൃതി വസ്തുക്കളും അവയുടെ ശിഷ്ടങ്ങൾപോലും മനുഷ്യൻ അവശേഷിപ്പിയ്ക്കുന്നില്ല എന്ന യാഥാർത്ഥ്യത്തെ അഥവാ മനുഷ്യപ്രവൃത്തികളുടെ ഭീകരതയെ ബോധ്യമാക്കുകയാണിവിടെ.

### 39 ആരാണയിലെ . . .

തലശ്ശേരി ഭാഗത്ത് നിന്ന് ലഭിച്ച ഈ പാട്ട് മൂരിയിൽ നിന്ന് തുടങ്ങി തെയ്യത്തിലാണ് അവസാനിയ്ക്കുന്നത്. മൂരി എന്നത് സാംസ്കാരികമായി ഉയരാത്ത, ബുദ്ധിപരമായി താഴ്ന്ന നിലവാരം പുലർത്തുന്ന ഒരു ജീവിയാണ്. കുത്തുന്ന മൂരിയെപ്പോലെ ജിവിച്ചുവന്ന മനുഷ്യന് വന്നമാറ്റമാണ് സൂചിപ്പിയ്ക്കുന്നത്. തെയ്യം എന്നത് ആധ്യാത്മികമായി ഈശ്വരതുല്യമായ സ്ഥാനവും സാംസ്ക്കാരിക തനിമയും വ്യക്തിത്വവും പുലർത്തുന്നു. തീർത്തും പ്രകൃതിയിൽനിന്നും കിട്ടുന്ന നിറങ്ങളും വസ്തുക്കളം കലാപരമായി സംയോജിപ്പിച്ച വേഷവിധാനങ്ങളും അലങ്കാരങ്ങളും പാരിസ്ഥിതിക മൂല്യത്തെക്കൂടികാണിക്കുന്നു. ആ നിലയ്ക്ക് സാംസ്ക്കാരിക മുന്നേറ്റവും കലാപരതയും അധ്യാത്മികതയും യോജിച്ച ഉന്നതനായ മനുഷ്യത്വത്തിന്റെയും അവന്റെ വിശ്വാസാദികളുടെയും പ്രതീകമാണ് തെയ്യം.[5] ഇതുകൊ് തന്നെ മൂരിയിൽ നിന്ന് തെയ്യത്തിലേയ്ക്കുള്ള പ്രയാണം ലളിതമായി പരിചിത വസ്തുക്കളുടെ ഗുണതാരതമ്യത്തിലൂടെ വ്യംഗ്യമായി അവതരിപ്പിയ്ക്കുകയാണിവിടെ.

### 40. അത്തിൾ

എണ്ണൽക്കളിപ്പാട്ടായ ഇതിലൂടെ വൈദേശിക അധിനിവേശത്തിന് തുടക്കം കുറിച്ച പറങ്കിപ്പട കേരളത്തിൽ നടത്തിയ തദ്ദേശീയരായ സ്ത്രീകളുമായി ഏർപ്പെട്ട ലൈംഗികബന്ധങ്ങളും അവ സൃഷ്ടിച്ച പ്രശ്നങ്ങളും[6] 'പറങ്കിപ്പാളെ കെട്ടുമ – ശെട്ടുമ' എന്ന വരിയിലൂടെ വെളിവാകുന്നു. പറങ്കിയെ കെട്ടുന്നതിലൂടെ എല്ലാം തീരുമെന്നും 'ശ് ശ് ..... ' എന്ന ശബ്ദത്തിലൂടെ മില്ലേ, പ്രതികരിച്ചാൽ ജീവനും പോകുമെന്നും ഭംഗ്യന്തരേണ സൂചിപ്പിക്കുകയാണ്. ഒരു കാലഘട്ടത്തിന്റെ ഓർമ്മയാണ് ഈ കൊച്ചുകളിപ്പാട്ടിലൂടെ നിലനില്ക്കുന്നത്.

-

**41. അത്തളി**

എണ്ണൽക്കളിപ്പാട്ടായ ഇതിൽ ആ'തളി' യും ഈ 'തളി'യും പരമ്പരാഗതമായ രീതിയിൽ പോകുന്നു് എങ്കിലും പറങ്കികൾ ഇവിടെ വന്ന് തദ്ദേശീയ സ്ത്രീകളെ വിവാഹം ചെയ്ത് ഉാക്കിയ തളിയെ 'പറങ്കിത്താളിയായി' അഥവാ സങ്കലിത സംസ്കാരമായിയെന്നും ഇനി അതിനെ 'സെറ്റുമ സെറ്റുമ സൈ' എന്നതിലൂടെ സമൂഹതാളമാക്കി മാറ്റുക എന്നും സൂചന. 'ദേശ' ത്തിന് ഒരു കാലത്ത് 'തളി' എന്നും അത് ഭരിച്ചിരുന്നവരെ 'തളിയാതിരി' എന്ന് വിളിച്ചിരുന്നു എന്നു ചരിത്രം സാക്ഷ്യപ്പെടുന്നു.[7] പറങ്കികളുടെ സാമൂഹ്യജീവിതത്തിലെ കടന്നുകയറ്റങ്ങളാണിതിലെ പ്രമേയം. സാമൂഹ്യനിരീക്ഷണവും കത്തെലുകളുമാണ് ഈ പാട്ടുകൾ നല്കുന്നത്.

**43. ഉറുമ്പോ ഉറുമ്പോ . . .**

ഉറുമ്പിൽ തുടങ്ങി ഉറുമ്പിൽ അവസാനിയ്ക്കുന്ന ഈ ചോദ്യോത്തരപ്പാട്ടിൽ യുക്തി ചിന്തനത്തിനുള്ള പരിശീലനമാണ് നൽകുന്നത്. ഉറുമ്പിൻ മടയിൽ ചക്ക വീഴുക എന്നത് അസംഭവ്യമാണ്. അതുപോലെ അസംഭവ്യമാണ് മുതലയെ തല്ലിക്കൊന്നതും ശവം ഉറുമ്പരിച്ചതും എന്ന് വരുത്തിത്തീർക്കുകയാണിവിടെ. വ്യംഗ്യഭാവത്തിൽ 'സത്ത്' പോയാൽ ഏത് മുതലയുടെയും ഗതി ഇതുതന്നെയെന്ന് ധ്വനിപ്പിയ്ക്കുകയും ചെയ്യുന്നു. ചക്കയെന്ത്യേ . . . മുതൽ പശുവിനെ മുതലപിടിച്ചു എന്നുവരെയുള്ള ഭാഗങ്ങൾ തീർത്തും സംഭവ്യതയുടെ ഭാഷയിലാണ് പറഞ്ഞിരിയ്ക്കുന്നത്. എന്നാൽ മുതലയെ തല്ലിക്കൊന്നു ശവം ഉറുമ്പരിച്ചു എന്നത് അവിശ്വസനീയമായി തോന്നാമെങ്കിലും സംഭവ്യം തന്നെയാണ് എന്നും ഇത്രയും വലിയ മുതലയെ മണ്ണോട് ചേർക്കാൻ ഉറുമ്പ് എന്ന് നാം നിസ്സാരനായിക്കാണുന്ന ജീവി തന്നെ വേിവരും എന്നുമുള്ള ധ്വനി അന്തർലീനമാണ്. മാത്രമല്ല മണ്ണ് സംരക്ഷകരായ ഉറുമ്പിനെയും കള്ളന്മാരും കാട് വെട്ടിച്ചുടുന്നവരും കുളം വെട്ടിമൂടുന്ന വരുമൊക്കെയായ മനുഷ്യനെയും തമ്മിൽ താരതമ്യപ്പെടുത്തുകയാണിവിടെ. പശു അഥവാ മൃഗങ്ങൾ ആഹാരത്തിന് വേി പ്രകൃതിയെ ആശ്രയിക്കുന്നു. അത് അവരുടെ ജന്മസിദ്ധമായ സ്വഭാവമാണ്. എന്നാൽ മുതലയെ തല്ലിക്കൊന്ന് പരാക്രമം പ്രദർശിപ്പിച്ച മനുഷ്യന്റെ പ്രവൃത്തികൾ മന:പൂർവ്വം ചെയ്യുന്നതാണ്. മണ്ണിന്റെയും ജലത്തിന്റെയും സംരക്ഷണത്തിനും സസ്യങ്ങളുടെയും ജന്തുക്കളുടെയും നിലനില്പിനും സ്വൈരവിഹാരത്തിനും അത് തടസ്സം സൃഷ്ടിയ്ക്കുന്നുതാണ് എന്ന സൂചനയാണ് ഈ പാട്ടിലൂടെ നല്കുന്നത്.

**44. ഊഞ്ഞാലോ . . .**

അയ്യന്റപ്പോ ആന ചത്തേ എന്ന് കേട്ട ഉടനെ കരയാൻ ആരംഭിയ്ക്കുന്ന കുഞ്ഞിമാളുവിനെ പരിഹസിയ്ക്കുകയാണിവിടെ ചക്കിയമ്മ മുട്ടയിട്ടതു മുതൽ ആന ചത്തു എന്നത് വരെയുള്ള കാര്യങ്ങൾ അസംഭവ്യമെങ്കിൽ കൂടി അതോർത്ത് കരയുന്ന കുഞ്ഞിമാളുമാർ ധാരാളമാണ്. എന്ത് കേട്ടാലും കരയുക എന്ന സ്ത്രീ സഹജസ്വഭാവത്തെ കണക്കറ്റ് പരിഹസിയ്ക്കുകയാണ് ഈ പാട്ടിലൂടെ യാഥാർത്ഥ്യ

-

ബോധമോ ലോകപരിചയമോ യുക്തിചിന്തനമോ കാര്യകാരണബന്ധമോ ശ്രദ്ധി യ്ക്കാതെ എന്തും കണ്ണടച്ചു വിശ്വസിയ്ക്കുന്ന സ്വഭാവത്തെ തുറന്നു കാണിക്കുന്നു.

### 45. ഡും ഡും മാലാഖ

കുട്ടികളുടെ ഒരു സംഭാഷണക്കളിപ്പാട്ടാണിത്. പദങ്ങളുടെ സന്ദർഭമാറ്റം സൃഷ്ടിച്ചോ, ഏതെങ്കിലും പദത്തിന്റെ അർത്ഥതലമോ ഗുണതലമോ ശ്രദ്ധിച്ചോ അതിലെ ബാഹ്യതലങ്ങളെ ബന്ധിപ്പിച്ചോ ആണ് ഇത്തരം പാട്ടുകൾ ഉാകുന്നത്. യുക്തിചിന്തനത്തിനും അറിവ് നേടുന്നതിനും കാരണം കത്തെുന്നതിനും നിരീക്ഷണ ങ്ങൾ നടത്തി പ്രത്യേകതകൾ കത്തെുന്നതിനും മറ്റും സഹായിക്കുന്ന, പദാർത്ഥതല ങ്ങളെ വികസിപ്പിക്കുന്ന തരത്തിലുള്ള പാട്ടുകളിലൊന്നാണിത്. ഇവിടെ 'മാലാഖ' എന്നതിലൂടെ കൊച്ചുകുഞ്ഞുങ്ങളുടെ പവിത്രതയും പരിശുദ്ധിയും സൂചിതമാകുന്നു. എന്തിലും യോജിച്ചതിനെ കത്തൊനും തെരഞ്ഞെടുത്ത് വെയ്ക്കാനും സംഭാഷണ ചാതുര്യം വളർത്താനും കഴിയുന്ന തരത്തിലുള്ള ഈ പാട്ടിലൂടെ മാലാഖ വെറുതെ വന്നതാണ് അഥവാ കളിച്ചു രസിക്കാൻ വന്നതാണ് എന്ന ഉത്തരത്തെ 'പെപ്പരപെപ്പര' എന്ന ശബ്ദത്തിലൂടെ സൂചിപ്പിക്കുന്നു തങ്ങളുടെ ചുറ്റുപാടുകളെയും പരിചിതവ സ്തുക്കളെയും അവയുടെ ഗുണവിശേഷങ്ങളെയും പ്രത്യേകതകളെയും ആഴത്തിൽ ചിന്തിച്ച് കത്തൊനും അതുവഴി പ്രകൃതിപഠനവുമാണിതിലൂടെ നടക്കുന്നത്.

### 50. അങ്ങേ വയലീ

കാസർഗോഡ്, പയ്യന്നൂർ ഭാഗങ്ങളിൽ പ്രചാരത്തിലുള്ള ഈ കളിപ്പാട്ടിൽ കുട്ടിയെ എല്ലായിടത്തും ഒരുപോലെ പാറിപ്പറന്ന് നടക്കുന്ന പൈങ്കിളിയോട് താരതമ്യ പ്പെടുത്തുന്നു. തങ്ങളി വാതട്ടി, തങ്ങളി തലതട്ടി കൊത്തിപൊരുതി എന്നതിലൂടെ കുട്ടികൾ തമ്മിലുള്ള യോജിപ്പും, സ്നേഹവും, തല്ലുകൂടലും സൂചിപ്പിക്കുന്നു. താന്ത്, കെളന്ത്, കമന്ത്, മലന്ത് എന്നതിലൂടെ സമൂഹത്തിന്റെ വിലക്കുകളും നിയ മനിഷ്ഠകളും അറിയാത്ത കുട്ടികളെ അനന്തവിഹായസ്സിൽ വിഹരിക്കുന്ന പക്ഷി കൾക്ക് സമാനമാണ് എന്ന് സ്ഥാപിക്കുകയാണിവിടെ. അങ്ങേ വയല്, ഇങ്ങേവയല് എന്ന പ്രയോഗങ്ങൾ നമ്മുടെ നാട്ടിലുായിരുന്ന കാർഷികസംസ്കാരത്തിന്റെ പ്രതീക മെങ്കിൽ അക്കിളി, ചെറുകിളി, താമരപൈങ്കിളി എന്ന പ്രയോഗങ്ങൾ കുട്ടിയുടെ കുട്ടി ത്തം, ഭംഗി, വാത്സല്യം തുടങ്ങിയ ഗുണങ്ങളെ പ്രതിനിധീകരിക്കുന്നു. അങ്ങേവയല്, ഇങ്ങേ വയല് എന്നീ പ്രയോഗങ്ങളിലൂടെ കുട്ടിയുടെ അതിർവരമ്പുകളില്ലാത്ത യാത്രയും കളിയും സൂചിതമാകുന്നു.

### 51. അച്ചൻ വിളി

വല പിടിച്ചുകളിക്ക് വേി തെക്കൻ പ്രദേശങ്ങളിൽ (തിരുവിതാംകൂർ മേഖല) ഉപയോഗിച്ചിരുന്ന ഈ പാട്ടിൽ വീട്ടുകാർ തങ്ങളുടെ കളിക്ക് വിഘാതമായി വിളിക്കു കയും ജോലികൾ ചെയ്യാനാവശ്യപ്പെടുകയും ചെയ്യുമ്പോൾ കളിക്കൂട്ടുകാർ കുട്ടിയുടെ ശക്തിയാവുന്നു. പെൺകുട്ടികളുടെ (ബാലികമാർ) ഈ കളിപ്പാട്ടിലൂടെ അരകല്ലിൽ വിളമ്പി കുട്ടിയെ വിളിക്കുന്ന അമ്മയേയും കച്ചമുറിക്കുന്ന അച്ഛനെയും

-

ഈഗർക്കിൽ പെനയുന്ന അമ്മാമനെയും തടഞ്ഞ് കുട്ടിക്ക് നില്ക്കാനുള്ള കരുത്ത് നൽകുകയാണ് ആ കൂട്ടായ്മ. സമപ്രായക്കാരുടെ ആത്മാർത്ഥമായ സഹകരണം പലപ്പോഴും കുട്ടിയിൽ വീട്ടുകാർ ഉാക്കുന്ന സമ്മർദ്ദങ്ങളെ അതിജീവിക്കാനും സ്വന്തമായ വ്യക്തിത്വത്തെ രൂപപ്പെടുത്താനും സഹായിക്കുന്നു എന്ന് പ്രഖ്യാപിക്കുന്നു. വളർന്നുവരുന്ന ഒരു പെൺകുട്ടിയെ എപ്പോഴും കൺവെട്ടത്തു നിർത്താനായി പല നിയന്ത്രണങ്ങളും ശിക്ഷാവിധികളും ഏർപ്പെടുത്തുന്ന വീട്ടുകാരോടുള്ള കുട്ടിയുടെ മനോഭാവത്തെ വെളിപ്പെടുത്തുന്നതോടൊപ്പം അതിനെ അപഹസിക്കുകയും ചെയ്യുന്നു. സമപ്രായക്കാരുടെ കൂട്ടായ്മ സൃഷ്ടിക്കുന്ന സുരക്ഷിതത്വബോധവും ആത്മാർത്ഥതയും ഇതിൽ വ്യക്തമാണ്.

### 53. തലമുടി

മുതിർന്ന മുസ്ലീം പെൺകുട്ടികൾക്കിടയിൽ കൊാട്ടി, തിരൂർ, ഏറനാട് ഭാഗങ്ങളിൽ നിലനിന്നിരുന്ന കുരുകുരുമെച്ചം കളിക്കായി ഉപയോഗിച്ചിരുന്ന ഈ പാട്ടിലൂടെ തങ്ങൾ തലമുടി കാട്ടി നടന്നാല് വീട്ടിലെ സ്ത്രീജനങ്ങളുടെ മുഖത്തെ ഭാവമാറ്റവും പ്രതികരണവും, 'തീയാലുള്ള' മക്കനയിട്ട് നടക്കേ ഗതികേടും വിവരിക്കുന്നു. മക്കനയിടുമ്പോഴുള്ള ഉഷ്ണാധിക്യവും അത് ധരിപ്പിക്കണമെന്ന നിർബന്ധബുദ്ധിയും അതിൽ നിന്നുള്ള ഒരു വിമോചനത്വരയും ഉൾക്കൊള്ളുന്ന ഈ പാട്ട് ഒരു സാമൂഹ്യചിത്രം തന്നെയാണ് നല്കുന്നത്. സ്ത്രീകൾക്ക് മേൽ നിയന്ത്രണങ്ങളും നിയമങ്ങളും അടിച്ചേൽപ്പിക്കുന്നത് പലപ്പോഴും സ്ത്രീകളിലൂടെയാണ് എന്ന യാഥാർത്ഥ്യത്തെ ഊട്ടിയുറപ്പിക്കുകയാണിവിടെ.

### 54. ഒന്നാംതല്ലിപ്പാറ്റി

5, 7, 12, 14 തുടങ്ങി പലതരത്തിലുള്ള കൊത്തങ്കല്ലുകളികൾ പ്രചാരത്തിലു്. ഈ കൊത്തൻകല്ലുകളിയിൽ ചിലയിടങ്ങളിൽ ഉപയോഗിച്ചുവരുന്ന ഒരു പാട്ടാണിത്. ഒരു സംഭവചിത്രണം എന്ന തരത്തിൽ നർമ്മരസത്തിൽ അവതരിപ്പിക്കുന്ന പാട്ടിലൂടെ വൈക്കത്തപ്പന്റെയും, വെള്ളൂരപ്പന്റെയും ക്ഷേത്രത്തിലെ വിശേഷങ്ങളാണ് വിവരിക്കുന്നത്. എട്ട്കെട്ട് താമരമൊട്ട് വൈക്കത്തപ്പന് സമർപ്പിച്ച് അഥവാ തന്റെ കർത്തവ്യങ്ങൾ ഭംഗിയായി നിർവ്വഹിച്ചിരുന്ന 'കോത' എന്ന അച്ചിയുടെ ആദ്യകാലങ്ങൾ വ്യവസ്ഥാപിതമായിരുന്നു. കോത കുളക്കരയിൽ കുളിക്കാൻ ചെന്നപ്പോൾ അഥവാ അർപ്പണഭാവത്തിൽ നിന്ന് ജീവിതസുഖങ്ങളിലേക്ക് നീങ്ങിയപ്പോൾ പ്രശ്നങ്ങൾ ആരംഭിക്കുന്നു. കുളത്തിൽനിന്ന് കിട്ടിയ വെള്ളൂരപ്പന്റെ വെള്ളിക്കിണ്ണം തല്ലിപ്പൊട്ടിച്ച് കുപ്പേലിട്ടു എന്നതിലൂടെ നല്ലരീതിയിൽ നടത്തപ്പെട്ടിരുന്ന ക്ഷേത്രം ഊരായ്മക്കാർ പരസ്പരം പോരടിക്കുകയും തത്ഫലമായി അധഃപതിക്കുകയും ചെയ്തു എന്ന് സാരം. കുപ്പ കിളച്ചുമറിച്ചു നോക്കിയപ്പോഴേക്കും അതിന്റെ മേൽക്കൂര നിലംപൊത്തിയിരുന്നു അഥവാ ക്ഷേത്രത്തിന്റെ ഐശ്വര്യം നഷ്ടമായിരുന്നു. പിന്നെ കാളക്കാരൻ (കയ്യൂക്കുള്ളവൻ) കാര്യക്കാരനായപ്പോൾ സത്യവും ധർമ്മവും കടമയും എല്ലാം മറന്ന് ദേവന് തുല്യം ആദരിക്കപ്പെട്ടിരുന്ന ദേവദാസികൾ വെറും വേശ്യകളായി മാറ്റപ്പെട്ടു. അവരുടെ സസ്യാഹാരരീതിയും ക്ഷേത്രീയ കല

കളും എല്ലാം നഷ്ടമാവുകയും 'കാളക്കാരന്റെ സംഭോഗവസ്തു'മാത്രമായി മാറുകയും അതിൽ രമിക്കുന്ന ഒരു മേലാളവർഗ്ഗം രൂപപ്പെടുകയും ചെയ്തു. ക്രമേണ കേരളത്തെ മുഴുവൻ ഈ പ്രതിഭാസം ഗ്രസിച്ചു. ദേവദാസീ സമ്പ്രദായത്തെക്കുറിച്ച്[8] ആധികാരികമായി ആദ്യം രേഖപ്പെടുത്തപ്പെട്ട 'ചോക്കൂർ ശാസനം'[9] സ്ഥിതിചെയ്യുന്ന ചോക്കൂർ ശ്രീരാമക്ഷേത്രത്തിന് ചുറ്റുമുള്ള പ്രദേശങ്ങളിൽ നിന്നാണ് ഈ പാട്ട് ലഭിച്ചിട്ടുള്ളത്.

ഒന്നാം തല്ലിപ്പാറ്റി, രാം തല്ലിപ്പാറ്റി എന്നിങ്ങനെ എട്ട് എത്തുമ്പോൾ തുടങ്ങുന്ന സംഭവചിത്രണം എട്ടാം ശതകത്തോടെ ഉദയം ചെയ്തു എന്ന് കരുതാവുന്ന ദേവദാസീ സമ്പ്രദായത്തെയും ആദ്യകാലങ്ങളിലെ കർത്തവ്യനിർവഹണത്തെയും സാമ്പത്തികാഭിവൃദ്ധിയെയും വെള്ളിക്കിണ്ണം തല്ലിപ്പൊട്ടിക്കലോടെ മത്സരത്തിന്റെ മൂർദ്ധന്യാവസ്ഥയിൽ സംഭവിച്ച അധഃപതനത്തെയും കുറിക്കുന്നു. ദേവദാസികൾക്കുായ ജീവിതവ്യതിയാനത്തെയും അപഥസഞ്ചാരത്തെയും സാമ്പത്തികാധിപത്യമുള്ളവരുടെ ധർമ്മച്യുതിയെയും ലൈംഗികാതിപ്രസരത്തെയും ക്രമേണ ആഹാരാദികളിൽപ്പോലും വന്ന മാറ്റത്തെയും ഭൗതിക സുഖത്തിന് വേിയുള്ള നെട്ടോട്ടത്തെയും ഒരു സംഭവകഥപോലെ ചിത്രീകരിക്കുന്ന ഈ പാട്ട് ഒരു നീ കാലഘട്ടത്തിലെ കേരളസംസ്ക്കാരപഠനം തന്നെയാണ്. കല്ല്കളിക്ക് അശ്ലീകരമെന്ന കാഴ്ചപ്പാടും പഴമൊഴികളും ഈ പാട്ടും ചേർത്ത് വായിക്കുമ്പോൾ പൊതുജനത്തിന് ഈ സമ്പ്രദായത്തോടുള്ള അമർഷവും അസ്വീകാര്യതയും സൂചിതമാവുന്നു.

### 56. പൂപറിക്കാൻ

പെൺകുട്ടികൾ ര് ഗ്രൂപ്പിലായി നിന്ന് സംഭാഷണരൂപത്തിൽ പാടിക്കൊള്ളകളിയാണിത്. 'ആരെ നിങ്ങൾക്കാവശ്യം' എന്ന ചോദ്യത്തിന് എതിർഗ്രൂപ്പിലെ ഒരു കുട്ടിയുടെ പേര് പറയുകയും പിടിച്ച് വലിച്ച് സ്വന്തം ഗ്രൂപ്പിലാക്കുകയും ചെയ്യുന്ന രീതിയിൽ 'അശകൊശലെ' ക്ക് സമാനമായി ഉള്ള ഈ പാട്ട് മലബാർ മേഖലയിൽ പ്രചാരത്തിലുായിരുന്നതാണ്. ഓണക്കാലത്തെ പൂപറിക്കലും പൂക്കളമത്സരവും ഓർമ്മിപ്പിക്കുന്ന ഈ പാട്ടുകളിയിലൂടെ ഓരോ വ്യക്തിയുടെയും ജീവിതം ഈ സമൂഹത്തിന്റെ ആവശ്യമാണെന്നും അതിനാൽ താൻ ഈ സമൂഹത്തിന്റെ അവശ്യഘടകമാണെന്നുള്ള ആത്മബോധം പെൺകുട്ടികളിൽ ഉാക്കി എന്തിനെയും നേരിടാനുള്ള മാനസികാവസ്ഥയെ പരുവപ്പെടുത്തുകയാണിവിടെ. മുതിർന്ന പെൺകുട്ടികളുടെ കളിപ്പാട്ടുകളെല്ലാം വൈവാഹികജീവിതത്തിലേക്കും അതിൽ ആത്മധൈര്യത്തോടെ എന്തും സഹിച്ച് ജീവിയ്ക്കേതിലേക്കും വിരൽ ചുന്നവയാണ്.

### 59. കാരകാരപ്പഴം

ചടുകുടുകളിക്കായി ഉത്തരകേരളത്തിലെ മുതിർന്ന ആൺകുട്ടികൾ ക്കിടയിൽ ഇന്നും നിലനിൽക്കുന്ന ഒരു പാട്ടാണിത്. ലൈംഗികവേഴ്ചയുടെയും പുരുഷവിജയത്തിന്റെയും സംഭോഗശൃംഗാരത്തിന്റെയും പ്രതിരൂപപ്രയോഗങ്ങൾ നിറഞ്ഞ കളിയിലൂടെ ലൈംഗികതൃപ്തിയും അടക്കവും സൃഷ്ടിച്ച് വൈകാരികസമചിത്തത

-

കൈവരിക്കാൻ കൗമാരപ്രായക്കാരന് സാധിക്കുന്നു. ഇതിലൂടെ ലൈംഗികത സമൂഹത്തിന് ദോഷമായി മാറാതെ വികാരവിരേചനത്തിന് സാധിക്കുന്നു എന്നത് സാമൂഹീകരണപ്രക്രിയക്ക് ആക്കം കൂട്ടുകയും, സ്വന്തമായ വീക്ഷണവും മൂല്യബോധവും കത്തൊൻ സഹായകമാവുകയും ചെയ്യുന്നു.

### 61. അപ്പച്ചി

പൂത്തേറുകളിക്കുപയോഗിക്കുന്ന ഈ പാട്ടും കളിയും മുതിർന്ന കുട്ടികളിൽ സഹനശക്തിയും എന്തിനേയും നേരിടാനുതകുന്ന തന്റേടവും വളർത്തിയെടുക്കാൻ പര്യാപ്തമാണ്. 'ഏറ്റോന്റമ്മേരെ പാച്ചക്കുര്യ' എന്നത് ലൈംഗികതയുടെയും തെറിയുടെയും പ്രയോഗമാണ്.

### 63. കത്തി – കവിടി – ഇട്ടി

ഉത്തരകേരളത്തിൽ പ്രചുരപ്രചാരത്തിലുള്ള ഈ പാട്ട് ഇട്ടിയും കോലും കളിക്ക്വേി മുതിർന്ന ആൺകുട്ടികൾ ഉപയോഗിക്കുന്നതാണ്. 'നായീന' 'പിടി പിടി' എന്ന പ്രയോഗം തെറിയംശങ്ങൾ നിറഞ്ഞതും ശൃംഗാരപരവുമാണ്.

### 64. അങ്ക്ളീം ഇങ്ക്ളീം

ചെറിയ ആൺകുട്ടികളുടെ ഈ കളിപ്പാട്ടിൽ ര് ഗ്രൂപ്പായി മാറുന്ന കളിക്കാരുടെ മത്സരമാണുള്ളത്. ഞങ്ങൾ, നിങ്ങൾ എന്ന മനോഭാവം വരുമ്പോൾ പരസ്പരം കുതികാൽവെപ്പുകളും കയ്യാങ്കളികളും ശിക്ഷാനടപടികളുമെല്ലാം ഉാകാമെന്നും അതിൽ പതറാതെ രക്ഷനേടേതു് എന്നും പഠിപ്പിക്കുന്ന ഈ കളിയിലൂടെ ജീവിതത്തിൽ ഉാകാവുന്ന പ്രശ്നങ്ങളെ സധൈര്യം നേരിട്ട്, ജീവിതായോധനശേഷി കൈവരിക്കാനുള്ള പരിശീലനം നേടുകയാണ്.

### 65. ആട്ടങ്ങ തോട്ടങ്ങ

കുട്ടികളിൽ കാണുന്ന നശീകരണവാസനയുടെ സമീകരണമാണ് ഈ കളിയിലൂടെ നടക്കുന്നത്. മണ്ണപ്പം ചുടുകയും ചവിട്ടിപ്പൊട്ടിച്ച് നശിപ്പിച്ച് ആഹ്ലാദിക്കുകയും ചെയ്യുന്ന കുട്ടിയിലെ 'എന്തിനെയും' ഉടച്ചുവാർക്കാനുള്ള പ്രവണതയാണ് സൂചിതം.

### 66. അട്ടാചൊട്ടാ

മുതിർന്ന ആൺകുട്ടികളുടെ ഈ എണ്ണൽകളിപ്പാട്ടിലൂടെ തെറിയംശങ്ങൾ തന്നെയാണ് വെളിവാക്കപ്പെടുന്നത്. 'ചൊട്ട' എന്ന വാക്കിന് 'തൊടുകുറി' എന്നും 'ആൺകുട്ടികളുടെ ലൈംഗികാവയവം' എന്നും വിവിധ പ്രദേശങ്ങളിൽ അർത്ഥമാക്കുന്നു 'പയ്യൻ കുടുക്കേലപ്പൻ തൂറി' എന്നതിലൂടെ താനിഷ്ടപ്പെട്ട തന്റെതെന്ന് കരുതി ജീവിച്ച, പെൺകുട്ടിയെ മറ്റൊരുത്തൻ അവകാശപ്പെടുന്നുന്നതും അവന്റെ ലൈംഗികാധിപത്യശ്രമവും സൂചിപ്പിക്കുന്നുവെങ്കിൽ 'പിഞ്ഞാണം വീത്തി' എന്നതിലൂടെ എന്ത് വിലകൊടുത്തും ആ ഉദ്യമത്തെ തടഞ്ഞ് ജീവിതത്തിൽ വിജയിക്കുന്നതു

മാണ് വിവരിക്കപ്പെടുന്നത്. ജീവിതത്തിൽ തന്റെതായ വസ്തുക്കളെയും വ്യക്തികളെയും സംരക്ഷിക്കേതിന്റെ ഉത്തമബോധ്യമാണ് അവനിൽ ദർശിക്കുന്നത്.

### 68. ഒരു മറത്തെ

ഷോളയൂർ, കാസർഗോഡ് ഭാഗത്ത് പ്രചാരമുള്ള ഈ ഊഞ്ഞാൽപാട്ടിൽ 'ഊഞ്ഞാൽ' എന്നതിന് 'ഊഞ്ചൽ' എന്നാണ് പറഞ്ഞിരിക്കുന്നത്. 'കന്നട' ചുവയുള്ള പ്രാദേശികഭാഷയിലുള്ള ഈ പാട്ടിൽ 'ഊഞ്ഞാലിലെ ആട്ടുങ്കിളി ആൺകിളിയോ പെൺകിളിയോ? എന്ന ചോദ്യം ഊഞ്ഞാൽ സ്ത്രീപുരഷഭേദമന്യെ ഏവർക്കും ഇഷ്ടമായിരുന്നു എന്നും താഴ്ത്തികെട്ടിയ ഊഞ്ഞാലിലൂടെ കിളിയെ പോലെ പറക്കാനുള്ള മനുഷ്യന്റെ മോഹം സാർത്ഥകമായിരുന്നു എന്നും പറയന്നു. ചുറ്റുപാടുമുള്ള വലിയ മരത്തിൽ ഊഞ്ഞാലിട്ട് ആടിരസിക്കുന്ന ശീലം വലിയ ഉറപ്പുള്ള മരങ്ങളുടെ സംരക്ഷണത്തിനും ഉറപ്പുകുറഞ്ഞവയെ കത്തെുന്നതിനും സഹായകമായി. ഊഞ്ഞാൽ എന്നത് സാമൂഹ്യജീവിതത്തിൽ മലയാളിക്ക് ഒഴിച്ചുകൂടാനാവാത്ത ഒന്നായിരുന്നു. ഓരോ വ്യക്തിയും സമൂഹവും പിന്നോട്ട് സഞ്ചരിച്ച് പൂർവ്വചരിത്രത്തിൽ നിന്ന് ജീവിതപാഠങ്ങൾ ഉൾക്കൊ് അതിൽ നിന്ന് ഊർജ്ജം സ്വീകരിച്ച് പരമാവധി മുന്നോട്ട് സഞ്ചരിച്ച് ഉയരങ്ങളിൽ എത്തിച്ചേരണം എന്ന സന്ദേശത്തെ നൽകാൻ പര്യാപ്തമാണ് ഊഞ്ഞാൽ എന്ന പ്രതീകം.

### 69. ഊഞ്ഞാലാടാൻ

ഊഞ്ഞാലാടാൻ വിളിക്കുന്ന ചേച്ചിയോട് 'കൊമ്പിച്ചിരിക്കുന്ന' അനിയത്തിയും വീും വീും വിളിച്ചിട്ടും വരാഞ്ഞപ്പോൾ തനിക്ക് വേി അമ്മ വാങ്ങിവെച്ച പുത്തൻ വസ്ത്രംപോലും നൽകി അവളെ സന്തോഷിപ്പിക്കാൻ തയ്യാറാകുന്ന ചേച്ചിയും തമ്മിലുള്ള സ്നേഹത്തിന്റെ ആഴങ്ങൾ കത്തെുകയാണിവിടെ. ചേച്ചിക്ക് അനിയത്തിയോടുള്ള വാത്സല്യവും ഇഷ്ടവും താൻ മോഹിച്ച് വാങ്ങിപ്പിച്ച കിഴക്കൻചേലപോലും ഒരു മടിയും കൂടാതെ എടുത്തുകൊടുക്കത്തക്കവിധത്തിൽ ദൃഢവും ആഴമേറിയതുമാണ് എന്ന് ഈ പാട്ട് ബോധ്യപ്പെടുത്തുന്നു. മലബാർ മേഖലയിൽ പ്രചാരത്തിലുായിരുന്ന ഒരു പാട്ടാണിത്.

### 72. ഊഞ്ഞാലോ

തിരുവനന്തപുരം ഭാഗങ്ങളിൽ പ്രചാരത്തിലുായിരുന്ന ഈ പാഠഭേദത്തിൽ 'പാച്ചോറ് ഉ് ഇരിക്കുമ്പം ഓണം വന്ന് മുട്ടൂട്ടോ' എന്ന പ്രയോഗം പ്രാദേശികമായി വന്നു ചേർന്നതാണ്. ഓണത്തിന് ചേച്ചിക്ക് മാത്രം കിഴക്കൻചേല ഓണക്കോടിയായി കൊടുത്തതിൽ പരിഭവിച്ച് പിണങ്ങിയ അനിയത്തിയെഅനുനയിപ്പിക്കുകയാണിവിടെ. കുട്ടികളിൽ ഒരാൾക്ക് മാത്രം എന്തെങ്കിലും സമ്മാനം നല്കിയാൽ ഉള്ള വേദന 'അനിയത്തി'യുടെ പെരുമാറ്റത്തിലൂടെ ദർശിക്കാം. ചേച്ചിയുടെ മാതൃതുല്യമായ സ്നേഹവും ത്യാഗമനഃസ്ഥിതിയും സ്വഭാവവൈശിഷ്ട്യമായി ചിത്രീകരിക്കപ്പെടുന്നു.

-

**73. ഒന്നാകും കുന്നിലും**

പാലപ്പൂ മാദകത്വത്തിന്റെ പ്രതീകമാണ്. പാലച്ചെടി വീട്ടിന്നകലെയുള്ള കുന്നിൽ നട്ട് നനച്ച് യക്ഷികളെ അങ്ങോട്ട് കുടിയേറ്റി ദൈവത്തെ (തെയ്യത്തെ) വര വേൽക്കലാണ് ഇവിടെ നടക്കുന്നത്. ജീവിതത്തിന് ലക്ഷ്യവും താളവും നല്കുന്ന തെയ്യം ഒരു ഗ്രാമത്തിലെ ജനജീവിതത്തിന് താളവും ആ താളത്തിനൊത്തുള്ള ചലനവും നല്കുന്നു. തെയ്യത്തിന്റെ നാടായ കണ്ണൂർ, പയ്യന്നൂർ ഭാഗങ്ങളിൽ പ്രചാര ത്തിലൂള്ള ഈ തിരുവാതിരപ്പാട്ടിലൂടെ[10] ജീവിതത്തിലെ തിന്മകളെ അകറ്റി നന്മയെ സ്വാംശീകരിക്കാൻ ആഹ്വാനം ചെയ്യുന്നു. നശീകരണമല്ല, സ്വാംശീകരിക്കുന്ന അഥവാ സംരക്ഷിക്കുന്ന രീതിയാണ് പ്രധാനം എന്ന് കുന്നിലെ പാലനടലും തെയ്യ ത്തിന്റെ വരവേൽപും സൂചിപ്പിക്കുന്നു. തെയ്യമെന്ന കലാരൂപത്തെ അടിസ്ഥാന മാക്കി ജീവിതം കഴിച്ചു കൂട്ടിയിരുന്ന ഒരു വലിയ ജനവിഭാഗമുായിരുന്നു എന്ന യാഥാർത്ഥ്യത്തെ അവസാനത്തെ വരികൾ സാക്ഷ്യപ്പെടുത്തുന്നു. ഭൗതികത യിൽ നിന്ന് ആത്മീയതയിലേക്കുള്ള ഒരു പ്രയാണം ഈ പാട്ടിൽ നിഴലിക്കുന്നു.

**74. ഒന്നാനാം മതിലകത്ത്**

പെൺകുട്ടികളുടെ വട്ടക്കളി[11] അഥവാ കൈകൊട്ടിക്കളിപാട്ടാണിത്. ഇല ഞ്ഞിപൂവിറുക്കാനുള്ള മങ്കമാരുടെ പോക്ക് പരാമർശിക്കപ്പെടുന്നു. ഇലഞ്ഞിപ്പൂ എന്നത് മനസ്സിനെ വശീകരിക്കുന്ന പ്രകൃതിയുടെ പെർഫ്യൂമാണ്. കറിക്ക് സ്വാദ്പറ്റി മാലയിട്ടമാരൻ മാല വീണുപോയതിന്റെ പേരിൽ അഥവാ ആചാരങ്ങൾ തെറ്റുന്ന തിന്റെ പേരിൽ അവളെ കൈവെടിയുന്നു. ജീവിതതാളങ്ങൾ തെറ്റുന്നു, ബന്ധങ്ങൾ ശിഥിലമാവുന്നു. ഇരട്ടമാലയും പത്തുനൂറുതുളസിമാലയും ഇട്ടപെണ്ണിന്റെ മാല വീണുപോകുന്നു എന്നതിലൂടെ സ്ത്രീധനത്തിന്റെ അഭാവത്തിൽ പുരുഷസ്വഭാവത്തി ലുായേക്കാവുന്ന സ്വഭാവവ്യതിയാനങ്ങളാണ് പരാമർശിക്കപ്പെടുന്നത്. പെൺകുട്ടി യുടെ വൈവാഹിക ജീവിതത്തെക്കുറിച്ചും പാചകനൈപുണിവേതിന്റെ പരമപ്രാ ധാന്യത്തെക്കുറിച്ചും ആചാരാദികളെ മുറുകെ പിടിക്കേതിന്റെ ആവശ്യകതയെക്കു റിച്ചും ഉള്ള സൂചനകൾ നൽകി ജീവിതായോധനശേഷി കൈവരിക്കാൻ പ്രാപ്തമാ ക്കുകയാണ് ഇത്തരം വരികളിലൂടെ എന്നിട്ടും കുനിന്ന മങ്കമാരോട് മംഗളസൂചക മായ വായ്ക്കുരവ ഇട്ടുകൊള്ളാൻ നിർദ്ദേശിക്കുന്നതിലൂടെ സമൂഹം കൽപിച്ച എല്ലാ കയ്പുനീരും കുടിച്ചിറക്കാൻ ബാധ്യസ്ഥരാണ് സ്ത്രീജനങ്ങൾ എന്ന വിശ്വാസം ദൃഢീകരിക്കുന്നു. ഏത് പരിത:സ്ഥിതിയിലും കാര്യങ്ങൾ മംഗളമാക്കിത്തീർക്കേവളാ ണ് സ്ത്രീ എന്ന ആധുനികകാലഘട്ട[12]ത്തിൽപോലുമുള്ള അലിഖിതനിയമമാണ് സൂചിതം. തൃശൂർ ഗുരുവായൂർ ഭാഗങ്ങളിൽ പ്രചാരത്തിലിരുന്ന ഒരു പാട്ടാണിത്. മുതിർന്ന പെൺകുട്ടികളുടെ ഈപാട്ടിലൂടെ പാചകവും ആചാരമര്യാദകളും അറിയേതിന്റെ ആവശ്യകതയെ ബോധ്യപ്പെടുത്തുകയാണ്.

**76. ഒന്നാം വള്ളി . . . .**

-

വയനാട്ടിലെ മണ്ണാൻ സമുദായക്കാർക്കിടയിൽ നില നിന്നിരുന്ന ഒരു വട്ടക്കളിപ്പാട്ടാണിത്. വാകപ്പൂവിന്റെ വെട്ടലും അത് പെട്ടിയിലിട്ട തേവക്കനിയുടെ സന്തോഷവും നിറഞ്ഞ പാട്ടിലൂടെ കേരളീയസൗന്ദര്യസങ്കല്പത്തിൽ വാകക്കും വാകപ്പൂവിനുമുള്ള സ്ഥാനമാണ് വെളിപ്പെടുന്നത്. ഇതിലൂടെ ആദിവാസികളുടെ പ്രകൃതിവീക്ഷണവും സൗന്ദര്യസങ്കല്പങ്ങളും ബോധ്യപ്പെടുന്നു.

### 77. ഒന്നാനാം

തിരുവനന്തപുരം ഭാഗങ്ങളിൽ മുതിർന്ന പെൺകുട്ടികൾ പാവള്ളിക്കളിയ്ക്കുപയോഗിച്ചിരുന്ന ഈ പാട്ടിലൂടെ ശ്രീപത്മനാഭസ്വാമിയുടെ കിടപ്പിനെയും അത് വൈകുണ്ഠനാഥന്റെ (നാരായണന്റെ) അതേ സ്വരൂപമാണ് എന്ന താരതമ്യപ്പെടുത്തലിനെയും അങ്ങനെയുള്ള പത്മനാഭസ്വാമി എന്നെ തുണക്കണേ എന്ന പ്രാർത്ഥനയെയും കുറിക്കുന്നു. മാർത്താണ്ഡവർമ്മയുടെ തൃപ്പടിദാനവുമായി[13] ചേർത്ത് വായിക്കുമ്പോൾ ശ്രീ പത്മനാഭസ്വാമിക്ഷേത്രത്തിനും ദേവനും തിരുവനന്തപുരംകാരുടെ ജീവിതത്തിലുള്ള സ്ഥാനമാണ് ഇവിടെ വെളിപ്പെടുന്നത്.

### 78. ഒന്നേ ഒന്നേ പോൽ

തിരുവിതാംകൂർ ഭാഗങ്ങളിലെ നമ്പൂതിരി വിഭാഗക്കാർക്കിടയിൽ നിലനിന്നിരുന്ന ഈ പത്തടിപ്പാട്ട് മുതിർന്ന പെൺകുട്ടികളുടെ തിരുവാതിരപ്പാട്ടാണ്. ശാസ്ത്രീയതയെയും സാംസ്കാരികപൈതൃകത്തെയും സമ്മേളിപ്പിച്ച് ചിന്തിപ്പിക്കുന്ന ഈ പാട്ട് സൂര്യൻ, ഭൂമി, കാലങ്ങൾ, വേദങ്ങൾ, പഞ്ചഭൂതങ്ങൾ, ഋതുക്കൾ, കടലുകൾ, ദിക്കുകൾ, രസങ്ങൾ, അവതാരങ്ങൾ എന്നിങ്ങനെ നമുക്ക് ചുറ്റുമുള്ള സചേതന അചേതന വസ്തുക്കളെയും ചുറ്റുപാടിനെയും ആവാഹിച്ചിരിക്കുന്നു. 'ഒന്നായ സൂര്യനെ കൈതൊഴുവിൻ' എന്നതിലൂടെ ഭൂമിയിലെ ജീവന്റെ നിലനില്പിന് ആധാരമായ ഊർജ്ജസ്രോതസ്സ് അഥവാ 'ദൈവത്തെ' നമസ്കരിക്കുന്നു. സൂര്യനമസ്കാരം ആയുസ്സിനും ആരോഗ്യത്തിനും നല്ലതാണ് എന്ന വിശ്വാസവും എഴുന്നേറ്റാൽ പ്രഭാതത്തിൽ സൂര്യനമസ്കാരം ചെയ്യണം എന്ന ആചാരവും ചേർത്ത് വായിക്കുമ്പോൾ സൂര്യനെക്കുറിച്ചുള്ള ഉപകാരസ്മരണയും ദൈവികപരിവേഷവും ബോധ്യപ്പെടും.

ചുറ്റുന്ന ഭൂമി എന്ന പ്രയോഗം ജനതയുടെ ശാസ്ത്രാഭിനിവേശവും അറിവും വ്യക്തമാക്കുന്നു മൂന്ന് കാലങ്ങൾ ഭൂതം, ഭാവി, വർത്തമാനം എന്നിങ്ങനെ ഭൂതകാലത്തെ അനുഭവങ്ങളിൽ നിന്ന് പാഠങ്ങൾ ഉൾകൊ് വർത്തമാനത്തെ തന്റേതാക്കിമാറ്റാനും ഒപ്പം ദീർഘദൃഷ്ടിയോടെ ഭാവിയെ സമീപിക്കാനുമുള്ള ആഹ്വാനമാണ്. നാല് വേദങ്ങളും ചേർത്ത് ചൊല്ലുക എന്നതിലൂടെ ഋക്, യജുർ, സാമം എന്നിവയോടൊപ്പം പൗരോഹിത്യവർഗ്ഗം ഇകഴ്ത്തിക്കിരുന്ന ഭൗതികജീവിതത്തെക്കുറിക്കുന്ന അഥർവ്വവേദത്തെയും ചേർത്ത് ഭൗതിക–ആത്മീയ ജീവിതങ്ങളെ സമന്വയിപ്പിക്കാനുള്ള സന്ദേശമാണ്.

'പഞ്ചഭൂതങ്ങളെ വാഴ്ത്തിക്കൊൾവിൻ' എന്നതിലൂടെ 'പൃഥ്യപ്തേജോവായ്വാകാശങ്ങൾ' എന്ന പഞ്ചഭൂതങ്ങളെക്കൊാണ് എല്ലാ ശരീരങ്ങളും നിർമ്മിച്ചിരിക്കുന്നത്

-

എന്നും അവയുടെ സംരക്ഷണത്തിലൂടെ മാത്രമേ ഈ പ്രപഞ്ചത്തിന് നിലനില്പുള്ളൂ എന്നും സൂചിപ്പിക്കുന്നു. ഭൂമി, ജലം, അഗ്നി, വായു, ആകാശം എന്നീ പഞ്ചഭൂതങ്ങളുടെ വാഴ്ത്തൽ അവയുടെ സംരക്ഷണത്തൊടൊപ്പം ആത്മീയതലങ്ങളെ പ്രതിനിധാനം ചെയ്യുന്നു. ഇന്ന് ശാസ്ത്രം കത്തെിയ പരിസ്ഥിതിപ്രശ്നങ്ങളിൽ മിക്കവയും മണ്ണ് (ഭൂമി), ജലം, വായു, തീ അഥവാ ഊർജ്ജം, എന്നിവയുടെ സംരക്ഷണവും ആകാശം അഥവാ വിശാലമായ മനസ്സിന്റെ നിർമ്മാണവും ഇല്ലാത്ത അവസ്ഥ തന്നെയാണ്.

പ്രകൃതിയെ ആശ്രയിച്ച് ജിവിക്കുന്ന മനുഷ്യന്റെയും മറ്റ് ജീവജാലങ്ങളുടെയും ജീവിതത്തെ നിയന്ത്രിക്കുന്നത് ഋതുക്കളാണ്. കൃഷിയും മറ്റ് തൊഴിലുകളും ഉത്സവങ്ങളും എല്ലാം ഋതുക്കളെ ആസ്പദമാക്കിയാണ് ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. പ്രകൃതിയുടെ വിവിധഭാവങ്ങൾക്കടിസ്ഥാനം ഋതുക്കളാണ്. പ്രാപഞ്ചികശക്തികളുടെ പ്രത്യേകിച്ചും ഭൂമിയുടെ ചലനങ്ങൾക്കാസ്പദമായി വരുന്ന ഋതുക്കൾ പോലെ ജീവിതത്തിലും പല ഋതുക്കളു്. സാഹിത്യം ഈ പ്രതിഭാസങ്ങളെ കൈകാര്യം ചെയ്യുന്നവയാണ്. 'ഋതുഭേദങ്ങളാണ് പലപ്പോഴും സാഹിത്യത്തെ ഫലവത്താക്കുന്നത്. ഇങ്ങനെ ആറു ഋതുക്കളും പാടിക്കൊള്ളിൻ എന്നതിലൂടെ വളരെ വലിയ ഒരു തലമാണ് സൃഷ്ടിക്കപ്പെടുന്നത്. ഇതിലൂടെ എല്ലാറ്റിനോടും പൊരുത്തപ്പെടുക എന്ന സന്ദേശവും ധ്വനിപ്പിക്കുന്നു.

'ഏഴു കടലുകൾ താിപ്പോരിൻ' എന്നതിലൂടെ ലോകത്തെല്ലായിടത്തും സഞ്ചരിച്ച് അറിവിനെ വിശാലമാക്കാനും 'എട്ടുദിക്കും ജയിച്ചുപോരിൻ' എന്നതിലൂടെ ദിഗ്വിജയം നേടുക – എല്ലാറ്റിലും വിജയം നേടുക എന്നും ശൃംഗാരം, വീരം, കരുണം തുടങ്ങിയ നവരസങ്ങളെ ഓരോന്നിനെയും വേർതിരിച്ചറിഞ്ഞ് രസിക്കുന്നതിലൂടെ മനുഷ്യൻ പൂർണ്ണതയെ അഥവാ മനുഷ്യത്വത്തെ കൈവരിക്കുന്നു എന്നും അർത്ഥമാക്കുന്നു. ശേഷം ഭഗവാന്റെ പത്തവതാരങ്ങളും എന്തിനെന്ന് കത്തെിയുക്തി ഉപയോഗിച്ച് തന്നിലുള്ള ഭക്തിയെ ശുദ്ധിചെയ്യാൻ ഉപദേശിക്കുന്നതിലൂടെ അവതാരങ്ങളെല്ലാം മനുഷ്യനന്മക്കും സേവനത്തിനുമാണ് എന്ന് കത്തെുന്ന മനുഷ്യൻ 'മാനവസേവയാണ് മാധവസേവ' എന്ന തത്വത്തെ ഉൾക്കൊള്ളാൻ പ്രാപ്തനാകുന്നു. ഇങ്ങനെ ഈ കൊച്ചുപാട്ടിലൂടെ ഭൗതികവും ആത്മീയവും വൈകാരികവും ശാസ്ത്രീയവുമായ യുക്തിചിന്തനത്തെ വളർത്തി പൂർണ്ണത്വത്തിലെത്തിക്കുക എന്ന് ഉദാത്തസമീപനമാണ് മുന്നോട്ട് വെക്കുന്നത്. പ് സ്ത്രീകൾക്കിടയിൽപോലും വിവരവും വിവേകവും ചിന്താശക്തിയും ഉള്ളവർ ഉായിരുന്നു[14] എന്ന് ഈ പാട്ട് ബോധ്യപ്പെടുത്തുന്നു.

## 80. ഒന്നാം ശ്രീ

പത്തടിപ്പാട്ടുകളിൽ ഒന്നായ ഈ പാട്ട് മലബാറിന്റെ വിവിധ പ്രദേശങ്ങളിൽ പ് തുമ്പിതുള്ളൽക്കളിക്കായി ഉപയോഗിച്ചിരുന്നു. പാൽക്കടലിൽ പള്ളികൊള്ളുന്ന മഹാവിഷ്ണുവിന്റെ ശംഖിൻനാദം കേട്ട് ഉണരുന്ന ഭഗവതിയെ വാഴ്ത്തിക്കൊ് ആരംഭിക്കുന്ന പാട്ട് താളംമുറുകുന്നതോടെ ദ്രുതഗതിയിലാവുന്നു. ഓരോ മനുഷ്യനും മഹാവിഷ്ണുവും മഹാലക്ഷ്മിയും ആയി മാറുന്ന രീതിയിൽ കാണികളും കളി

-

ക്കാരും ലയിച്ചുപോവുന്നു സാമൂഹികകൂട്ടായ്മയും ഐക്യവും ആത്മീയചിന്തയും വളർത്തിയെടുക്കാൻ ഇവ സഹായിച്ചിരുന്നു.

**83. ഒന്നാംവള്ളിയിതു . . . .**

തെക്കൻ കേരളത്തിൽ പ്രചാരത്തിലുായിരുന്ന ഈ കൈകൊട്ടിക്കളിപ്പാട്ടിൽ അന്നത്തെ സാമൂഹ്യവ്യവസ്ഥക്കനുസരിച്ച് മുല്ലവള്ളിയിൽ തൊടാനോ മുല്ലപറിക്കാനോ അവകാശമില്ലാതിരുന്ന അടിയസമുദായത്തിലെ കുട്ടി അതിനെ ലംഘിച്ചുകൊ് കൂട്ടുകാരുടെ സഹായത്തോടെ മുല്ല പറിച്ച് മാലകോർത്ത് അമ്പലത്തിൽ ചെന്ന കഥയാണ്. മാലയും കോർത്ത് പൂങ്കാവനത്തിലെത്തിയ കുഞ്ഞിപ്പെണ്ണ് അമ്പലത്തിൽ എത്തിയെങ്കിലും വീും അവൾക്ക് നീതി നിഷേധിക്കപ്പെട്ടു. അവകാശങ്ങൾക്ക് വേി വിചാരവിപ്ലവം നടത്തി ഈഴവശിവനെ പ്രതിഷ്ഠിച്ച ഗുരുദേവനെപ്പോലെ[15] തന്റെ പൂജയ്ക്കായ് അവൾ അമ്പലം തീർത്തപ്പോൾ ജാതിക്കോമരങ്ങൾ ഉറഞ്ഞുതുള്ളി. വിചാരണ നടത്തി. ഒടുവിൽ അവളെ ബലിനടത്തി ഒരു സ്മാരകമെന്നോണം നിത്യമായി കുടിയിരുത്തി. അന്തം മറിഞ്ഞവൾ അമ്പലത്തിൽ കുടിക്കൊള്ളുന്നത് ഈയൊരു സാഹചര്യത്തിലാണ്. സവർണ്ണ സ്ത്രീകളെപ്പോലെ ക്ഷേത്രദർശനത്തിന് കൊതിച്ച അടിയാളകുട്ടിയുടെ[16] മനസ്സും അവകാശനിഷേധത്തിനെതിരെയുള്ള പ്രതികരണവും ഇതറിഞ്ഞ നാട്ടുപ്രമാണിമാരുടെ എതിർപ്പും അവരുടെ വിധിപ്രഖ്യാപനവും നിറഞ്ഞ ഈ പാട്ട് ഒരു കാലഘട്ടത്തിന്റെ ചരിത്രത്തെ വിളിച്ചോതുന്നു.

**84. ഒന്നാം പൂപൊലി**

സമൂഹത്തിൽ സമൃദ്ധി കളിയാടിയിരുന്ന ദിക്കിൽ ഉള്ള കാഴ്ചയെ വർണ്ണിക്കുകയാണിവിടെ. ഒന്നരചിറ്റിനും രരചിറ്റിനും പൊന്നണിഞ്ഞപ്പോൾ 'മുക്കണ്ണിലാൾ' (ശിവൻ) ഇവിടെ തന്റെ ഭർത്താവ് മനം തെളിഞ്ഞ് തന്നെ സ്വീകരിക്കുകയും നാഗത്തെ പാമ്പ് പടം വിടർത്തി എന്നതിലൂടെ അവർ ദാമ്പത്യജീവിതം ആരംഭിക്കുകയും ചെയ്തു എന്ന് കഥ. അതിൽ 'തഞ്ചക്കളത്തിലെ പുഞ്ചമണി' പോലെ ഒരു കുഞ്ഞ് പിറക്കുകയും സമൃദ്ധി നിറയുകയും ചെയ്തു. അവൾക്ക്/അവന് വേി തട്ടാൻ ഒരുക്കിയ പൊൻതളിക, കുഞ്ഞ് ഉായപ്പോൾ അതിന്റെ സന്തോഷത്തിൽ സമ്മാനമായ് ലഭിച്ച ആഭരണങ്ങൾ എന്ന് വേ 'ഒൻപതര ചിറ്റിന് പൊന്ന്' സർവ്വത്ര സൗഭാഗ്യലക്ഷ്മിയുടെ വിളയാട്ടംതന്നെയായിരുന്നു അവളുടെ ജീവിതം. സമ്പത്തിന്റെ കുമിഞ്ഞുകൂടലും സുഖലോലുപമായ ജീവിതവുമാണ് ഇവിടെ സൂചിതം. സമൂഹത്തിന്റെ ഉന്നതവ്യക്തിത്വങ്ങളായി ജിവിച്ചിരുന്ന രാജാവിന്റെയും ചുരുക്കം അനുയായികളുടെയും ജന്മിമാരുടെയും ഇടപ്രഭുക്കളുടെയും മറ്റ് പ്രമുഖന്മാരുടെയും ജീവിതം ഇത്തരത്തിലുള്ളതാവാം. സവർണ്ണർക്കിടയിൽ നിലനിന്നിരുന്ന ഈ പാട്ട് ഒരു ന്യൂനപക്ഷത്തിന്റെ സുവർണ്ണകാലത്തെ[17] അനുസ്മരിക്കുന്നു.

**85. ഒന്നാനാം**

തിരുവനന്തപുരം, വെഞ്ഞാറമൂട് ഭാഗങ്ങളിൽ പ്രചാരത്തിലുായിരുന്ന പെൺകുട്ടികളുടെ കൈകൊട്ടിക്കളിക്കുപയോഗിക്കുന്ന ഈ പാട്ട് സാമൂഹ്യപരിഷ്കരണത്തിന്റെ ഫലം ബോധ്യപ്പെടുത്തുന്നു. പത്തടിപ്പാട്ടായ ഇതിൽ ചിത്തിരക്കൊമ്പിൽ

-

പൂത്തെറങ്ങിയ പൂമലര് പറിക്കാൻ, പൂക്കണ്ണികോരി കോർത്തെടുക്കാൻ പ്രൗഢയായ മങ്കപ്പെണ്ണും നൃത്തവിദുഷിയായ മയിലപ്പെണ്ണും കൊച്ചുനീലിപ്പെണ്ണും ഒന്നിച്ച് തയ്യാറാവുന്നു. ഇന്നല്ലേ കൊട്ടും കളിയും എന്ന ചോദ്യത്തോടെ നമ്മക്കൊന്നാടിക്കളിച്ചൂടേ എന്ന സൗഹാർദ്ദപരമായ സമീപനവും കളിയുമാണ് പിന്നീട് നടക്കുന്നത്. ചാഞ്ഞും തിരിഞ്ഞും പമ്പരം പോലെയും കളിച്ച് ആഹ്ലാദത്തിമർപ്പിലെത്തുന്ന ഈ പാട്ട് ജാതിഭേദങ്ങൾക്കും സാമ്പത്തിക ഉച്ചനീചത്വങ്ങൾക്കും ഉപരിയായ കൂട്ടായ്മയും സാഹോദര്യവുമാണ് പ്രകടിപ്പിക്കുന്നതും പ്രാവർത്തികമാക്കുന്നതും. നവോത്ഥാനകാലഘട്ടത്തെ[18] വെളിപ്പെടുത്തുന്ന ഈ പാട്ടിലൂടെ സാമൂഹിക ഐക്യം എന്ന ആദർശത്തിന്റെ പ്രചാരണം ശക്തമാവുന്നു.

### 86. ഒന്നേ ഒന്നേ

തിരുവാതിര ഉത്സവത്തോടനുബന്ധിച്ച് കുട്ടികൾക്കിടയിലുായിരുന്ന കൈകൊട്ടിക്കളിപ്പാട്ടാണിത്. ആദ്യാക്ഷരപ്രാസപ്രധാനമായ ഈ പാട്ടിലൂടെ കൃഷ്ണന്റെ ജനനം മുതലുള്ള ചില പ്രധാനസംഭവങ്ങളെ സൂചിപ്പിക്കുന്നു കൃഷ്ണനും ഭാഗവതത്തിനും കേരളത്തിലുള്ള സ്വാധീനത്തെ കുറിക്കുന്ന പാട്ടാണിത്.[19] 'തില്ലം' എന്ന പ്രയോഗം നമ്പൂതിരിമാർക്കിടയിലുള്ള പ്രചാരത്തിന്റെയും ഇഷ്ടപ്പെട്ട എന്തിനെയും ഉന്നതശ്രേണിയിൽ എത്തിക്കുക എന്ന മനോഭാവത്തെയും കുറിക്കുന്നു. എന്നാൽ 'മുല്ലക്കൽ കംസൻ' എന്ന പ്രയോഗംപതോ 'മുല്ലക്കൽ' എന്ന തറവാട്ടിലെ കംസന്റെ സ്വഭാവമുള്ള വ്യക്തിയെക്കുറിക്കുന്നതാവാം.

### 87. ഒന്നാനാം മതിലകത്തെ

പെൺകുട്ടികളുടെ വട്ടക്കളിക്കും തിരുവാതിരക്കളിക്കും ഉപയോഗിക്കുന്ന ഈ പാട്ട് കാമപൂജയുടെയും ഭൗതികതയുടെയും പ്രതീകമായ ഇലഞ്ഞിപ്പൂവിറുക്കാൻ തോഴിമാരെ ക്ഷണിക്കുന്ന രീതിയിലാണ്. അതിന് മറുപടിയായി മതിലകത്ത് കണ്ണനു്. അവന്റെ കയ്യിൽ കൊച്ചുവില്ലും അമ്പുമു്, എയ്തുപറ്റിക്കും എന്നിങ്ങനെ പറയുന്നതിലൂടെ കണ്ണൻ രാധ[20] എന്നിങ്ങനെയുള്ള സങ്കല്പങ്ങൾക്ക് സമൂഹത്തിലുായിരുന്ന സ്ഥാനവും അർത്ഥവും വ്യക്തമാവുന്നു. ഇതിലെ അമ്പ് എയ്യൽ കാമശരമെയ്യലാണ്. കണ്ണന്റെ മുമ്പിൽ എത്തുമ്പോൾ അവർ (ഗോപികമാർ) എല്ലാം മറന്ന് അവനിൽ ലയിക്കാൻ വെമ്പുന്നതിനെയാണ് ഈ പാട്ടിൽ സൂചിപ്പിക്കപ്പെടുന്നത്. ഒപ്പം നമുക്ക് ചുറ്റും ചാരിത്ര്യം കവരാൻ, പുഞ്ചിരിയോടെ സമീപിക്കാൻ ധാരാളം കണ്ണന്മാർ (കുസൃതികൾ) ു് ശ്രദ്ധിക്കണം എന്ന മുന്നറിയിപ്പും.

### 88. ഒന്നാംകരീം . . .

ഇന്നും മരുമക്കത്തായ വ്യവസ്ഥിതി പൂർണ്ണമായും മാറ്റപ്പെട്ടിട്ടില്ലാത്ത പയ്യന്നൂർ, കാസർഗോഡ് ഭാഗങ്ങളിൽ തറവാട്ടുകാരണവരുടെ ആജ്ഞാനുസാരം നടത്തപ്പെടുന്ന വിവാഹങ്ങൾ, സംബന്ധവ്യവസ്ഥ തുടങ്ങിയവയെ കളിയാക്കുന്ന ഒരു പാട്ടാണിത്. താലിക്കുതാലി പകരംതന്നാപോരേ എന്ന ചോദ്യം താലിയുടെ ഭദ്രതയില്ലായ്മയെക്കുറിക്കുന്നു.[21] മക്കത്തായത്തെ വളരെയധികം പ്രോൽസാഹിപ്പിക്കുന്ന നമ്പൂ

-

തിരിമാർക്കിടയിൽപോലും ഈ പ്രദേശങ്ങളിൽ മരുമക്കത്തായ വ്യവസ്ഥിതി നിലനിന്നിരുന്നു എന്നത് ശ്രദ്ധേയമാണ്. 'തത്തമ്മചുാലെ താലികൊരുക്കുന്നു' എന്നതിലെ രാജകുമാരിയുടെ താലികൊരുക്കുന്ന തത്ത സൗന്ദര്യവതിയാണ്. അതിന്റെ ചുമന്ന കൊക്ക് കാവ്യസങ്കൽപമാണ്. കാര്യങ്ങൾ വളരെ വേഗത്തിൽ ഗ്രഹിക്കാനുള്ള കഴിവ് തത്തക്കു് എന്ന് പഴമക്കാർ വിശ്വസിക്കുന്നു. കുറത്തികൾക്കിടയിൽ തത്തയെ കൊ് ചീട്ടെടുപ്പിച്ച് ഭാവി പ്രവചിക്കുന്ന ഒരു രീതി നമ്മുടെ നാട്ടിലു്. ഇങ്ങനെ ചിന്തിച്ചാൽ അസ്ഥിരമായ സൗന്ദര്യസങ്കൽപ്പങ്ങളിൽ കുടുങ്ങി അവിഹിതബന്ധങ്ങളിൽ ഏർപ്പെടുന്ന രാജകുമാരിയെ പരിഹസിക്കുന്ന ഒരു പാട്ടായി ഇതിനെ കണക്കാക്കാം. അല്ലെങ്കിൽ പ്രവചനങ്ങൾക്കനുസരിച്ച് ജീവിതത്തെ മാറ്റിമറിക്കുന്ന രാജകുമാരിയുടെ അസ്ഥിരതയെ കളിയാക്കുന്നതാവാം. എന്താണെങ്കിലും വിവാഹജീവിതത്തിലെ അസ്ഥിരതയാണ്[22] ഇതിലെ പ്രമേയം. മുതിർന്ന പെൺകുട്ടികളുടെ ഈ കൈകൊട്ടിക്കളിപ്പാട്ടിലൂടെ 'താലിക്കൂ താലി ഒരിക്കലും പരിഹാരമല്ല' എന്ന യാഥാർത്ഥ്യത്തെ വെളിപ്പെടുത്തുന്നു.

### 89. ഒന്നാം മലരേ

തിരുവിതാംകൂർ ഭാഗങ്ങളിൽ പ്രചാരത്തിലുായിരുന്ന ഈ പാട്ട് തെന വെതക്കുന്ന കഥയും തെനക്ക് കാവലിരുന്ന് നനച്ച് വളർത്തി പൂവും കായും വന്നപ്പോൾ കിളിവന്ന് കൊത്തുന്നതും വിവരിക്കുന്നു. ഒരു പെൺകുഞ്ഞിന്റെ ജനനവും വളർച്ചയും യൗവനാവസ്ഥ ആകുമ്പോഴേക്കും നോട്ടമിട്ട് എത്തുന്ന ആൺപക്ഷത്തിന്റെയും കഥയാണിത്. പെൺകുഞ്ഞുങ്ങളെ പോറ്റിവളർത്തുന്ന മാതാപിതാക്കൾക്ക് അവരെക്കൊ് പറയത്തക്കസഹായങ്ങൾ ലഭിക്കാൻ തുടങ്ങുന്നതിന് മുമ്പ് തന്നെ അവളെയും കൊ് പറക്കുന്ന ആൺകുട്ടി അവളുടെ സൗഭാഗ്യങ്ങളെ അധീനതയിലാക്കുകയും തന്റേത് മാത്രമാക്കി ത്തീർക്കുകയും ചെയ്യുന്നു. ഈയൊരു ലോകതത്വത്തെ പ്രതീകാത്മകമായി അവതരിപ്പിച്ചിരിക്കുകയാണിവിടെ.

### 90. താ തിത്താ

കൊച്ചീൽ കുഴിച്ചാൽ ഒരിയ്ക്കലും കൊയിലായിൽ വേരോടുകയും കൊല്ലത്ത് മുളയ്ക്കുകയും ചെയ്യില്ല. അതുകൊുതന്നെ ചീര നുള്ളാനും സാധിയ്ക്കില്ല. ഇങ്ങനെ ചിന്തിച്ചാൽ യഥാർത്ഥത്തിൽ ചാമകഞ്ഞി മാത്രം കിട്ടിയ ഒരു ദരിദ്രന്റെ മോഹങ്ങളായിരുന്നു കറി വെയ്ക്കാനുള്ള പച്ചക്കറികളും പഴങ്ങളുമെല്ലാം. 'കഞ്ഞികുടിച്ചിട്ട് കുംബനെറഞ്ഞപ്പം വായിൽ തടഞ്ഞത് കട്ടുറുമ്പ്' എന്നതിലൂടെ കഞ്ഞിയിൽ തടയാൻ ഒന്നും ഉായിരുന്നില്ല (അഥവാ വെറും വെള്ളമാണ് കുടിച്ചത്) എന്ന സത്യമാണ് പ്രകടിപ്പിയ്ക്കുന്നത്. അവസാനം തടഞ്ഞ ഒരു കറുത്ത പുഴു (കറുത്ത അരി) തട്ടിയിട്ടപ്പോൾ കുട്ടിക്ക് കോഴിക്കുഞ്ഞാണോ എന്ന സംശയം തോന്നുകയാണ്. 'കോഴി' എന്നതും അവന്റെ മോഹം മാത്രമാണ്. ഇവിടെ ദാരിദ്ര്യത്തിന്റെ അങ്ങേയറ്റമാണ് പ്രകടമാവുന്നത്. പഴങ്കഞ്ഞി കുടിച്ച് നെടുവീർപ്പിടുന്നവന്റെ സ്വപ്നമായിരുന്നു ഈ മായാപ്രപഞ്ചം മുഴുവൻ. അതിന്റെ നർമ്മത്തിൽ കലർത്തിയ ആവിഷ്ക്കാരമാണീപാട്ട്. കറുത്ത വസ്തു വായിൽ തടഞ്ഞപ്പോൾ സാരമില്ല ഇതിനെ

-

തിന്നുന്ന കോഴിയെയും സ്വാദോടെ കൊതിച്ച് കഴിയ്ക്കാറുള്ള കോഴിയിറച്ചിയും ഓർമ്മിയ്ക്കുന്നതിനെയാണ് കൊട്ടയിലിട്ടപ്പം കോഴികുഞ്ഞ് എന്ന വിവക്ഷയിലൂടെ ദർശിയ്ക്കുന്നത്.

### 91. ഒന്നാം വേലിയിൽ

തെക്കൻ കേരളത്തിൽ പ്രചാരത്തിലിരുന്ന ഈ കൈകൊട്ടിക്കളിപ്പാട്ടിൽ പെൺകുട്ടിയെത്തന്നെയാണ് 'പൂമലരേ' എന്ന് അഭിസംബോധന ചെയ്യുന്നത്. പൂമല രിനെപ്പോലെ പരിശുദ്ധയും മനോഹരിയുമായ അവളോട് പൂപൊലിച്ച് പൂക്കണ്ണി കുത്തി കോർത്തെടുക്കാൻ ആവശ്യപ്പെടുന്നതിലൂടെ ഈ പ്രകൃതിയേയും പ്രകൃതി സൗന്ദര്യത്തെയും തന്നിലേക്ക് ആവാഹിക്കാനാണ് ഉപദേശിക്കുന്നത്. തെച്ചി, ചേമ ന്തി, മുല്ല, ഇലഞ്ഞി തുടങ്ങി സുഗന്ധവാഹികളായ പൂക്കളെകോർത്തെടുക്കുന്നതി ലൂടെ പൂത്തുനിറഞ്ഞ പൂമലരും അവരുടെ ജീവിതവും വർണ്ണശബളമായിത്തീരുന്നു. ഒപ്പം പ്രകൃതിജീവനത്തിലൂടെ മാത്രമേ ജീവിതം ശാന്തസുന്ദരമാവൂ എന്ന് ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

### 95. തലകെട്ടഴിഞ്ഞിട്ടും

'തലയാട്ടം'[23] എന്ന പേരിൽ അറിയപ്പെടുന്ന തലമുടി കെട്ടഴിച്ച് തലചുഴറ്റികൊ് താളത്തിൽ നൃത്തം ചെയ്യുന്ന, ബാലികമാരുടെ കലാരൂപത്തിന്റെ ഒരു പാട്ടാണി ത്. പുലയരുടെ ഉപവിഭാഗമായ താർ പുലയർക്കിടയിൽ പ്രചാരത്തിലുള്ള ഈ കലാ പ്രകടനത്തിൽ ഓട്ടുകിണ്ണമോ കൈമണിയോ താളവാദ്യമായി ഉപയോഗിക്കുന്നു. 'തിരുകുളി' കഴിഞ്ഞ കന്യക ബോധക്കേട് വരുന്നതുവരെ നൃത്തമാടുന്നു. പുലയ രുടെ ഉത്സവാഘോഷവേളകളിൽ ഈ കലാപ്രകടനം സർവ്വസാധാരണമായിരുന്നു. ജന്മികുടിയാൻ ബന്ധം[24] ഏറ്റവും വഷളായ, 'ഈ സ്വത്തെല്ലാം എന്റെ ജന്മാവകാശ മാണ്, എന്റെ ഔദാര്യംകൊ് വേണം മറ്റുള്ളവർ ജീവിക്കാൻ' എന്ന ദുശ്ശാഠ്യം കൊടി കുത്തിവാണ കാലഘട്ടത്തിലെ, ജീവിതവ്യവസ്ഥയെയും നീതിനിഷേധത്തെയും ഓർമിപ്പിക്കുന്ന തരത്തിലാണ് ഈ പാട്ടിന്റെ രചന. മനുഷ്യമനഃസ്ഥിതിയും മാന സിക അകൽച്ചയും പിശുക്കും നിസ്സഹായതയും ആശ്രിതത്വവും എല്ലാം വെളിവാ ക്കുന്നു. ഒരിറ്റ് എണ്ണക്കായ് എള്ള് വിതച്ചതു മുതൽ എള്ളാട്ടുന്നതുവരെ കാത്തിരു ന്നിട്ടും കിട്ടാത്ത കുമ്മിണിപെണ്ണിന്റെ അവസ്ഥ അന്നത്തെ കുടിയാന്റെ ജീവിതപ്രാരാ ബ്ധചിത്രണം തന്നെയാണ്. എണ്ണയാട്ടിക്കഴിഞ്ഞപ്പോൾ തട്ടിപ്പോയി എന്ന് തട്ടിവിടു ന്ന, എള്ള് വിതച്ച് പരിപാലിച്ച്, കൊയ്ത്, മെതിച്ച് ഉണക്കി ചക്കിലാട്ടി തറവാട്ടിലെ ത്തിച്ചുകൊടുക്കുന്ന 'കുമ്മിണിപ്പെണ്ണിന് അൽപം പോലും നൽകില്ല എന്ന ദാർഷ്ഠ്യത്തെ ഊട്ടിയുറപ്പിക്കുന്നു. പ്രാഥമാകാവശ്യങ്ങൾ നിറവേറ്റാൻ പോലും തയ്യാ റല്ലാതിരുന്ന യജമാനൻമാരുടെ മുന്നിൽ സാധാരണക്കാരുടെ ജീവിതം ദുസ്സഹമായ തിന്റെ ഒരു രേഖാചിത്രണം തന്നെയാണ് നൽകുന്നത്.

### 98. ഒന്നാം കുന്നും

-

മലബാറിൽ പ്രചാരത്തിലുായിരുന്ന ഈ പാട്ടിലും കുന്നിൽ പാലനട്ട് നനച്ച് വളർത്തിയ പെൺകിടാങ്ങളെയാണ് കാണുന്നത്. താനിരുന്നാടുന്ന പൊന്നോമൽക്കിളിയുടെ അരികിൽ സുന്ദരനായ മഞ്ഞച്ചെറുകിളി എത്തി എന്നതിലൂടെ പുതിയൊരു ജീവിതം ആരംഭിച്ചു എന്ന് വ്യക്തമാവുന്നു. എങ്ങനെയെണവിരിക്കും എന്ന ചോദ്യത്തിന് 'തന്റെ കുലവും തായ്കുലവും ചൊല്ലി തങ്ങളിൽ കൊത്തിയെണ വിരിക്കും എന്ന ഉത്തരത്തിലൂടെ വിവാഹസമ്പ്രദായവും[25] അതിൽ സ്വന്തം കുലത്തിനും മാതൃകുലത്തിനും ഉള്ള പ്രാധാന്യവും സൂചിതം. തന്റെ കുലം എന്നതിലൂടെ തന്റെ പിതൃകുലം എന്നും തായ്കുലം എന്നതിലൂടെ മാതൃകുലം എന്നും കൃത്യമായി രേഖപ്പെടുത്തുന്നു. ഏത് കാലഘട്ടത്തിലും വിവാഹാദിവിഷയങ്ങളിൽ കുലം, കുലമഹിമ തുടങ്ങിയവയെ ജനം പരിഗണിക്കുന്നു് എന്നും കുലത്തിൽ പിറന്നവർ സംസ്കാരസമ്പന്നരായിരിക്കും എന്ന വിശ്വാസം അത്രയേറെ പ്രബലമാണ് നമ്മുടെ സമൂഹത്തിൽ എന്നും ബോധ്യപ്പെടുത്തുന്നു.

ഇത്തരം പാട്ടുകളിൽ പാലനട്ടുവളർത്തിയാൽ വേഗം വിവാഹം നടക്കും എന്ന വിശ്വാസത്തെ കത്തൊവുന്നതാണ്. ഞാനല്ല പൈങ്കിളി എന്നതിലൂടെ പാലനട്ടുവളർത്തി കാത്തിരുന്നത് ഞാനല്ല എന്ന സൂചനയും അങ്ങനെ ആഗ്രഹിച്ചവർക്കാണ് ആദ്യം നടക്കേത് എന്ന കാഴ്ച്ചപ്പാടും കാണാം. ഓമൽപൈങ്കിളി, ചുുകറുപ്പനും തൂവൽ ചൊവപ്പനുമായ മഞ്ഞച്ചെറുകിളി എന്നിങ്ങനെയുള്ള വർണ്ണനകൾ വിവാഹവും സൗന്ദര്യബോധവും തമ്മിലുള്ള അഭേദ്യബന്ധത്തെകുറിക്കുന്നു. ബാഹ്യസൗന്ദര്യമാണ് പലപ്പോഴും വിവാഹത്തിലെത്തിക്കുന്നത് എന്ന യാഥാർത്ഥ്യം കൂടി ഇവിടെ വെളിപ്പെടുന്നു. ഇവ മുതിർന്നപെൺകുട്ടികളെ വിവാഹസങ്കല്പത്തിലേക്കും അതിന് തന്റെ സൗന്ദര്യത്തെ വർദ്ധിപ്പിക്കേതാണ് എന്ന ബോധ്യത്തിലേക്കും എത്തിച്ച് ജീവിതത്തെ ഉൾക്കൊള്ളാൻ പാകപ്പെടുത്തിയെടുക്കുകയാണ്.

### ൧൧. ഒന്നാം മണിക്കിണറ്റിൽ

ദൂരെ മണിക്കിണറിൽ നിന്ന് വെള്ളമെടുക്കുമ്പോൾ വളകളഞ്ഞ് ഞീളി ഞീളി നടക്കുന്ന മാതവിയെയും പൂതിയൊരു വള നൽകി അവളുടെ കളി കാണാൻ കൊതിക്കുന്ന കാമുകനെയും അവരുടെ മനോഭാവങ്ങളെയും കാണിക്കുന്ന ഈ പാട്ട് തീരപ്രദേശങ്ങളിൽ മുതിർന്ന പെൺകുട്ടികളുടെ നൃത്തമായ കുടംകളിക്കും[26] മറ്റുചിലയിടങ്ങളിൽ മുതിർന്ന ആൺകുട്ടികളുടെ വട്ടക്കളിക്കും വേി ഉപയോഗിക്കുന്നു. ദക്ഷിണകേരളത്തിലെ ദളിതനായർ സ്ത്രീകൾ/ മുതിർന്ന പെൺകുട്ടികൾക്കിടയിൽ നിലനിന്നിരുന്ന ഈ 'കുടംകളി' എന്ന വിനോദകലയിൽ തലയിൽ കുടം വെച്ചുകൊ് ചുവടും താളവും തെറ്റാതെ നൃത്തം ചെയ്യുന്നതിനിടയിൽ കുടം മേൽപ്പോട്ടെറിയുകയും താഴെ പതിക്കാതെ ഏറ്റുപിടിക്കുകയും ചെയ്യണം. ഞീളി നടക്കാതെ കനക വള ഞാൻ തരുവേൻ എന്ന വാഗ്ദാനത്തിൽ മയങ്ങി വീും നൃത്തസജ്ജയാകുന്ന മാതവിയിലൂടെ ജീവിതത്തിലെ ആശയും നിരാശയും വരച്ചുകാട്ടുന്നു.

-

## 101. ഒന്ന് പെറ്റ . . . .

തീരപ്രദേശങ്ങളിൽ ശുദ്ധജലശേഖരണിത്തിനായി കുറേ ദൂരം സഞ്ചരിക്കേിവരുന്ന മുക്കുവസ്ത്രീകൾ/മുതിർന്ന പെൺകുട്ടികൾ കുടംകളിക്ക് ഉപയോഗിച്ചിരുന്ന ഈ പാട്ടിൽ 'മീൻ കളി'[27] എന്നും 'മീൻകളിച്ചും കുഴഞ്ഞും വരുമ്പോൾ' എന്നും കാണുന്നതിനാൽ അക്കാലത്ത് അങ്ങനെയൊരുകളികൂടി ഉായിരുന്നു എന്ന് ഊഹിക്കാം. ഒന്ന് പെറ്റ നാത്തൂൻ മുതൽ പത്ത്പെറ്റനാത്തൂൻ വരെ എത്തുന്നതോടെ സ്ത്രീകളുടെ പ്രധാനതൊഴിൽ 'പെറ്റുകൂട്ടുക' ആണ് എന്ന പരിഹാസത്തെ ധ്വനിപ്പിക്കുന്നതൊടൊപ്പം 'നാത്തൂന്റെ പ്രസവച്ചിലവ്' വഹിക്കേിവരുന്ന പ്രാരാബ്ധങ്ങളെ അടക്കുകകൂടിയാണിവിടെ. മുതിർന്നപെൺകുട്ടികളും സ്ത്രീകളും കളിക്കുന്ന ഈ കളിപ്പാട്ടിലൂടെ വിവാഹ ജീവിതത്തിൽ ഒരു സ്ത്രീയുടെ കടമ പെറ്റുകൂട്ടുകയാണ് എന്ന അന്നത്തെ സാമൂഹ്യകാഴ്ച്ചപ്പാടിനെ കുട്ടികളിലെത്തിയ്ക്കപ്പെടുകയും വിമർശനാത്മകചിന്തക്ക് വഴിയൊരുക്കുകയും ചെയ്യുന്നു.

## 102. ഒന്നാം കെണപതി

അടിയാന്മാർക്കിടയിൽ നിലനിന്നിരുന്ന വട്ടക്കളി അഥവാ കൈകൊട്ടിക്കളിയ്ക്കായി മുതിർന്ന പെൺകുട്ടികളും സ്ത്രീകളും ഉപയോഗിച്ചിരുന്ന ഒരു പാട്ടാണ്. 'ഒന്നാനാം മതിലകത്ത്' എന്ന പാട്ടിന്റെ ഈ പാഠഭേദത്തിൽ ഒരു കാലത്ത് അടിയാന്മാർക്ക് മുല്ലപ്പൂ ചൂടാനുള്ള അവകാശം പോലും നിഷേധിക്കപ്പെട്ടിരുന്നു എന്ന് കാണുന്നു 'ഏനൊട്ടും തന്നതില്ല, ഏനൊട്ടുമെടുത്തുമില്ല' എന്ന പരിഭവത്തോടെ മുല്ലയുടെ ചുവട്ടിൽക്കൂടി കളിക്കാൻ പോയപ്പോൾ മുല്ലപ്പൂകൊഴിഞ്ഞെന്റെ മുടിക്കെട്ടിൽ ഞാനറിയാതെ വീണതാണ് എന്ന് തന്റെ നിസ്സഹായാവസ്ഥ വെളിപ്പെടുത്തുന്നുെങ്കിലും അത് ഏമാന്മാർ വിശ്വസിക്കാത്തതിനാൽ എന്തിനും ആദ്യം നാം സ്മരിക്കാറുള്ള ഗണപതി ഭഗവതി എന്നിവരെ സാക്ഷിനിർത്തി ആണയിടുകയാണിവിടെ. ഉച്ചനീചത്വങ്ങളില്ലാത്ത പ്രകൃതിദേവി മുല്ലയുടെ ചുവട്ടിലൂടെ പോയ അടിയാത്തിക്കുട്ടിയുടെ മുടിക്കും ഭംഗിയും സുഗന്ധവും നൽകാൻ മുല്ലപ്പൂ വർഷിക്കുന്നു. എന്നാൽ സ്വാർത്ഥതാല്പര്യങ്ങൾക്ക് വേി നിയമങ്ങൾ തീർത്ത അധികാരവർഗ്ഗം അതിനെയും ചോദ്യംചെയ്യുന്നു. നിലത്ത് വീണ് ചീഞ്ഞ് പോകുന്ന മുല്ലപ്പൂപെറുക്കി തന്റെ മുടിയിൽ ചൂടാൻ തനിക്കാരും എടുത്ത് തന്നില്ല. ആഗ്രഹം നന്നായിട്ടുായിരുന്നെങ്കിലും താനും ചോദ്യം ചെയ്യപ്പെടുന്നത് ഭയന്ന് എടുത്തില്ല. എന്നിട്ടും തന്റെ ആഗ്രഹത്തെ പൂർത്തീകരിക്കാനെന്നോണം തന്റെ മുടിക്കെട്ടിൽ വീണ പൂവ് ക്രോഷം കൊള്ളുന്ന 'ജന്മി'യോട് മനസ്സിലുള്ള ദേഷ്യവും വെറുപ്പും അടിയാത്തിക്കുട്ടി ഈ പാട്ടിലൂടെ പ്രകടിപ്പിക്കുകയാണ്. അടിയസമുദായ സ്ത്രീകളുടെ അവകാശനിഷേധങ്ങളുടെ ഭീകരത[28] സ്പഷ്ടമാക്കുന്ന ഈ പാട്ട് മലബാറിലെ ജന്മിവ്യവസ്ഥയുടെ കാഠിന്യത്തെ വെളിപ്പെടുത്തുന്നു.

## 103. ഒന്നാം തുമ്പിയും

ഓണ[29]ത്തോടനുബന്ധിച്ച് പെൺകുട്ടികൾക്കിടയിൽ നിലവിലുള്ള കളിയൊടൊപ്പം കലാംശങ്ങൾക്കും പ്രാധാന്യമുള്ള, തുമ്പിതുള്ളൽ[30]ക്കളിപ്പാട്ടാണിത്. ഒന്നാം

-

തുമ്പിയും . . . തുടങ്ങി പത്താംതുമ്പിയിൽ എത്തുന്നതോടെ അതിദ്രുതതാളത്തിൽ ആയിത്തീരുന്ന കളി ഒരു കുട്ടിയെ നടുക്ക് ഇരുത്തി മെല്ലെതുള്ളിക്കൊാണ് തുടങ്ങുന്നത്. എന്നാൽ താളം മുറുകുന്നതോടെ പെൺകുട്ടി ഉറഞ്ഞുതുള്ളുന്ന രീതിയിൽ ആയിത്തീരുന്നു. കേരളത്തിന്റെ മിക്കഭാഗങ്ങളിലും പ്രത്യേകിച്ച് തെക്കൻ പ്രദേശങ്ങളിൽ നിലവിലുള്ള തുമ്പിതുള്ളൽ പാട്ടിന് ധാരാളം പാഠഭേദങ്ങൾ ്. ഓണത്തിന്റെ വിശേഷമായ പൂക്കളം, അണിയൽ, നാഴിയും പറയും നിറക്കൽ തുടങ്ങിയവയ്ക്ക് വേ പൂക്കുല, തൃക്കാക്കരപ്പന് നിവേദിക്കുന്ന അട തുടങ്ങിയവ കുറവായതുകൊാണോ തുമ്പിതുള്ളാത്തത് എന്ന് ഇവിടെ സംശയിക്കുന്നു. ഒരു കാലത്ത് കേരളത്തിന്റെ തലസ്ഥാനമായിരുന്നു എന്ന് പറയപ്പെടുന്ന തൃക്കാക്കര[31]യുടെയും അവിടുത്തെ പ്രതിഷ്ഠയായ വാമനമൂർത്തിയുടെയും പ്രാധാന്യവും ഒരു അനുസ്മരണമെന്ന നിലയിൽ തൃക്കാക്കരപ്പന് ഉള്ള അടനിവേദ്യവും എല്ലാം നമ്മുടെ പൂർവ്വകാലചരിത്രസ്മരണകൾ ഉണർത്തുന്നവയാണ്.

കോട്ടയം, ആലപ്പുഴ ഭാഗങ്ങളിൽ പ്രചാരത്തിലുായിരുന്ന പാട്ടിൽ 'എച്ചിത്തുമ്പി' അഥവാ എച്ചിലായ തുമ്പിയെ കളിയാക്കുന്ന മട്ടിലാണുള്ളത്. ഓണാചാരങ്ങളുമായി ബന്ധപ്പെട്ട പൂവ്, പൂപ്പട, ആള്, അലങ്കാരം തുടങ്ങിയവ പോരാഞ്ഞ് ചുമ്മാതിരിക്കല്ലേ എന്ന് തുടങ്ങുന്ന പാട്ട് എല്ലാതുമ്പിം തുള്ളി വരുമ്പം ഞങ്ങടെ തുമ്പിം ഉറഞ്ഞ് തുള്ളിക്കൊള്ളുമെന്ന് ആശ്വസിക്കുന്നു. രാം പകുതിയോടെ കിണ്ണത്തിൽ ചന്ദനം, കിീയിൽ എണ്ണ തുടങ്ങി ഓണത്തിന് കുടിയാന്മാർക്കിടയിൽ ജന്മിയിൽ നിന്ന് വിതരണം ചെയ്യപ്പെടുന്ന വസ്തുക്കളെയും ആചാരങ്ങളെയും സൂചിപ്പിച്ചുകൊ് തുമ്പിയോട് 'പറയന്റെ ചേല കുടിച്ചോ, പറയന്റെ മെത്തേൽ കെടന്നോ' എന്ന ചോദ്യങ്ങൾ ചോദിക്കുന്നു. പുലാപ്പേടി, മണ്ണാപ്പേടി[32] തുടങ്ങിയ അനാചാരങ്ങളുടെ ബലിയാടുകളായി 'എച്ചിത്തുമ്പി'കളായി മാറിയ സവർണ്ണ സ്ത്രീകളെ കളിയാക്കുന്നു. പറയന്റെ ഭാര്യയായി കഴിയേിവരുന്ന അവർക്ക് തന്റെ വീട്ടിൽ കയറാനോ അവിടുത്തെ ഉത്സവങ്ങളിൽ പങ്കെടുക്കാനോ കഴിയില്ല എന്ന് മാത്രമല്ല താഴ്ന്നജാതിക്കാരോടൊപ്പം തന്റെ കുടുംബത്തിൽ നിന്നും ഓണത്തിന് നല്കാറുള്ള ദ്രവ്യങ്ങൾ വാങ്ങി ജീവിക്കേ ഗതികേടും ഉാവുന്നു. പ് വളരെ പ്രതാപത്തോടെ കഴിഞ്ഞിരുന്ന അവരും മക്കളും 'മണത്തറ' പോയി (മണൽത്തിട്ട) തുമ്പിതുള്ളുന്നു എന്ന പ്രസ്താവന അവർക്ക് ഭൂമിയിൽ അവകാശമില്ലാത്തതിനാൽ പൊതുസ്ഥലമായ മണൽപ്പുറത്ത് പോയി ഉത്സവങ്ങളിൽ പങ്ക്ചേരേതിനെയും ജാതിഭ്രഷ്ട് വരുത്തിവെച്ച ഗതികേടുകളെയും കുറിക്കുന്നു. തുടർന്നുള്ള വരികൾ ഇങ്ങനെ നിഷ്കാസിതരാക്കപ്പെടുന്ന പെൺകുട്ടികളെ ഒന്നടങ്കം ആക്ഷേപിക്കുന്നവയാണ്. ജാത്യാചാരങ്ങൾക്കും സങ്കല്പങ്ങൾക്കും അമിത പ്രാധാന്യം കല്പിക്കപ്പെട്ടിരുന്ന ആ കാലഘട്ടത്തിലെ ഒരു സാമൂഹ്യചിത്രം തന്നെയാണിത്. ഒപ്പം പുനർവിചിന്തനവും വ്യംഗ്യമായി ഇത്തരം ആചാരങ്ങൾക്ക് ഒരർത്ഥവുമില്ല എന്ന വിമർശനവും.

**104. അക്കരനിക്കണ**

തൃശ്ശൂർ ജില്ലയുടെ ഭാഗങ്ങളിൽ പ്രചാരത്തിലുായിരുന്ന ഈ തുമ്പിതുള്ളൽപാട്ട് ആടിയും അലഞ്ഞും വരുന്ന തുമ്പിയോടുള്ള അഭ്യർത്ഥനയാണ്. അക്ക

-

രനിൽക്കുന്ന വെങ്കാമരത്തിലെ ഒന്നാം തുളസിമേലാടി വാ തുമ്പീ എന്ന വരികൾ തുളസിയെപ്പോലെ പരിശുദ്ധകളായ സ്ത്രീകളെ പ്രാപിക്കാനുള്ള ത്വരയെ വെളിപ്പെടുത്തുന്നു. ആടിയും അലഞ്ഞും മൂളിയും മുഴങ്ങിയും വരാവുന്ന തുമ്പിക്ക് അഥവാ പുരുഷന് അവന്റെ സ്വഭാവത്തെപ്പറ്റി ചിന്തയില്ലെങ്കിലും താനിഷ്ടപ്പെടുന്ന പെൺകുട്ടി തുളസിയെപ്പോലെ പരിശുദ്ധയായിരിക്കണം എന്ന നിർബന്ധമുായിരുന്നു. കൊട്ടും കുരവയുമായി ആർഭാടമായി വിവാഹിതരായതിന് ശേഷവും അതൃപ്തനായ തുമ്പിയെ അവന്റെ സ്വഭാവത്തിൽ ഒരു മാറ്റവും വരുത്താനാവാതെ മൗനിയായി ജീവിക്കേിവരുന്ന സ്ത്രീ അവന്റെ ജീവിതത്തിനൊത്ത് ആ താളത്തിൽ ലയിക്കേി വരുന്നു. വ്യവസ്ഥാപിതമായി കുടുംബബന്ധമോ കുടുംബാന്തരീക്ഷമോ സൃഷ്ടിക്കാത്ത ഒരു കാലഘട്ടത്തെ,[33] പുരുഷന്റെ ലൈംഗികാധിപത്യത്തെ, നാടുനീളെ സംബന്ധംചെയ്ത് ജീവിക്കുന്ന രീതിയെ വെളിപ്പെടുത്തുന്നതിലൂടെ നമ്മുടെ നാടിന്റെ ഒരു പഴയകാലമാണ് തുറന്നുകാട്ടുന്നത്. മുതിർന്ന പെൺകുട്ടിക്ക് ഈ സാമൂഹ്യ ചിത്രം നൽകുന്നതിലൂടെ അവളുടെ ജീവിതത്തിലും ഇത്തരം സന്ദർഭങ്ങൾ ഉാവാമെന്നും കരുതിയിരിക്കേതാണ് എന്നും ഓർമ്മിപ്പിക്കുന്നു. ഒപ്പം എന്തും സഹിച്ച് ജീവിതം മുന്നോട്ട് നീക്കേതിന്റെ ആവശ്യകതയിലേക്കും വിരൽ ചൂുന്നു.

### 105. ആരാന്റെ പാടത്തെന്തിന്?

തുമ്പിതുള്ളലിന് ഉപയോഗിക്കാറുള്ള ഈ പാട്ടിൽ ആരാന്റെ പാടത്തെന്തിനാണ് കുഞ്ഞിത്തേയി പോയത് എന്ന ചോദ്യത്തിന് കറ്റ പെറുക്കാനാണെന്ന് ഉത്തരം കിട്ടുന്നു. താഴെ വീണു കിടക്കുന്ന കറ്റകൾ പെറുക്കി മെതിച്ച് നെന്മണിയാക്കി കുത്തി വെച്ച് പുത്തരിയോണത്തിന് കുടുംബത്തിൽ ചോറ് വിളമ്പണം എന്ന കുട്ടിയുടെ ഉത്തരം ദാരിദ്ര്യത്തിന്റെ പടുകുഴിയിൽ വീണ കുടുംബത്തിന്റെ ചിത്രം നല്കുന്നു. ശ്രീമതി ലളിതാംബിക അന്തർജ്ജനത്തിന്റെ ഗ്രാമബാലികയിലെ ജാനുവിനെപ്പോലെ തന്റെ കുടുംബം പുലർത്താൻ കഷ്ടപ്പെടുന്ന കുഞ്ഞിത്തേയിയെയാണ് നാം കാണുന്നത്. കുട്ടിയെ സംബന്ധിച്ച് സ്വന്തം എന്നോ മറ്റുള്ളവരുടേത് എന്നോ ഉള്ള വ്യത്യാസങ്ങൾ ഇല്ലാത്ത അവസ്ഥയാണുള്ളത്. മുതിർന്നവരാണ് അവരിൽ സ്വന്തമെന്നും ആരാന്റേത് എന്നുമുള്ള വേർതിരിവുകൾ സൃഷ്ടിക്കുന്നത്. കുട്ടികളുടേയും മുതിർന്നവരുടേയും കാഴ്ച്ചപ്പാടുവ്യത്യാസം ഈ സംഭാഷണപ്പാട്ടിൽ സൂചിതമാണ്.

### 143. കിക്കിലുക്കും . . .

കടങ്കഥാരൂപത്തിലുള്ള പാട്ടിലൂടെ താക്കോൽക്കൂട്ടത്തെപ്പറ്റി പറയുന്ന കുട്ടി അമ്മാവന്റെ അധികാരകേന്ദ്രീകരണത്തെ വിമർശിക്കുകയാണ് അമ്മാവന്റെ താക്കോൽക്കൂട്ടം എടുക്കാനുള്ള അധികാരം അമ്മായിക്കുപോലുമില്ല. മരുമക്കത്തായവ്യവസ്ഥിതിയിൽ[34] തറവാട്ടുകാരണവരായ അമ്മാവന്റെ പരമോന്നത സ്ഥാനമാണ് സൂചിപ്പിക്കപ്പെടുന്നത്.

### 146. കല്ലിന്നുള്ളിലെ ഞേ

-

കല്ലിന്നിടുക്കിലെ ഞും കുട്ടിയും തമ്മിലുള്ള സംഭാഷണത്തിൽ താലീം മാല യുമിട്ട് പുതിയ പട്ടു ചേലകൾ ചുറ്റി പോകുന്ന വിധം വിവരിക്കുന്നതോടൊപ്പം കല്യാണത്തിൽ പങ്ക് ചേരുന്നവർ കൂടി അത്യാർഭാടപൂർവ്വം വരുന്നതിനെ കളിയാക്കുക കൂടി ചെയ്യുന്നു. വിവാഹാവസരത്തിലെ ധൂർത്ത്, ഏത് കാലത്തും ഒരു സാമൂഹിക പ്രശ്നമായിരുന്നു എന്ന സൂചനയാണ് ഈ പാട്ട് നല്കുന്നത്.

### 149. തെക്കു തെക്കൊരു . . .

ഈ പ്രപഞ്ചത്തിലെ സകല ജീവജാലങ്ങളും പരസ്പരം ഉപകാരപ്രത്യുപകാര ങ്ങളോടെയാണ് ജീവിയ്ക്കുന്നത്. പോത്തിനെ മറവ് ചെയ്ത ഭൂമിയിൽ മുളച്ച് വന്ന ചെടിയിൽ പൂക്കൾ വന്നു അഥവാ പുതുജന്മം ഉയിർകൊു പ്രകൃതിയിലെ സകലതും പരസ്പരം സഹായിക്കുന്നു. എന്നാൽ അവസാനം വെറ്റ്ല മുത്ത്യപ്പന്കൊുക്കൊടുത്തതോടെ മുത്ത്യപ്പനും, മുത്ത്യമ്മയും മുറുക്കിത്തുമ്മിയതോടെ തീരുന്നു. ഇവിടെ പ്രകൃതിവസ്തുക്കളുടെ സാമൂഹ്യധർമ്മവും മനുഷ്യന്റെ ചിന്തയും തമ്മിലുള്ള വൈരുദ്ധ്യാത്മകതയാണ് ദൃശ്യമാവുന്നത്. മനുഷ്യൻ കിട്ടിയതെല്ലാം തന്റെ സുഖസൗകര്യങ്ങൾക്ക് വേി ഉപയോഗിയ്ക്കുക മാത്രമാണ് ചെയ്യുന്നത്. തന്റെ ആസ്വാദ്യതയിൽ രമിയ്ക്കുന്ന മനുഷ്യൻ തിരിച്ച് പ്രകൃതി സംരക്ഷണത്തിനോ മറ്റു ജീവികളുടെ സംരക്ഷണത്തിനോ ഫലപ്രദമായി ഒന്നും തന്നെ ചെയ്യുന്നില്ല. സ്വാർത്ഥതയും സുഖലോലുപതയും അവന്റെ ജീവിതത്തിലെ കൂടപ്പിറപ്പാണ് എന്ന യാഥാർത്ഥ്യത്തെ ഭംഗ്യന്തരേണ സൂചിപ്പിയ്ക്കുകയാണിവിടെ. ഒപ്പം എല്ലാം അറിയുമെന്ന മട്ടിൽ മുറുക്കി ചുവപ്പിച്ച് വെടിപറഞ്ഞുള്ള തുമ്മിയുള്ള ഇരിപ്പിനെ പരിഹസിയ്ക്കുന്നു. മുത്ത്യപ്പൻ, മുത്ത്യമ്മ എന്നീ പ്രയോഗങ്ങൾ, ഭൂമിയിലെ ഈശ്വരൻ-ഈശ്വരതുല്യർ എന്ന വിവക്ഷയെ കുറിക്കുന്നു. പ്രകൃതിയെയും പ്രകൃതിവിഭവങ്ങളെയും സംരക്ഷിച്ചുകൊ് സർവ്വചരാചരങ്ങൾക്കും ആശ്രയമായി സംരക്ഷകനായി ജീവിക്കേ 'വിവേകി'യായ മനുഷ്യൻ ചെയ്തുകൂട്ടുന്ന പ്രവർത്തനങ്ങളെ സരസമായി ഇവിടെ ചിത്രീകരിച്ചിരിക്കുന്നതിലൂടെ സ്വയംവിമർശനത്തിന് വഴിയൊരുക്കുന്നു.

### 151. ഊമാ...

പണിയുടെ കാര്യം പറയുമ്പോൾ മാത്രം 'ഊഹും' അഥവാ വയ്യ എന്നും ചോറൊന്ന് ഉണ്ടോ എന്ന ചോദ്യത്തിന് 'ഊം' എന്നും നീട്ടിമൂളുന്ന, എല്ലാം ഒരുക്കി കൊടുക്കേവരെ പരിഹസിക്കുകയാണിവിടെ. മനുഷ്യന്റെ അലസതയെയും സുഖിയൻ മനോഭാവത്തെയും കണക്കറ്റ് പരിഹസിക്കുന്നതിലൂടെ തിരിച്ചറിവ് വരുത്തുക എന്ന ഉദ്ദേശ്യമാണുള്ളത്.

### 152. ആത്തോലെ . . .

കേൾക്കുന്ന മാത്രയിൽ തന്നെ ഒരു അസംബന്ധവിനോദപ്പാട്ടെന്ന് തോന്നാവുന്ന ഈ പാട്ടിലൂടെ ഒരിക്കലും നടന്നു എന്ന് ചിന്തിക്കാൻപോലും ഇടയില്ലാത്ത കാര്യങ്ങളാണ് പരാമർശിക്കപ്പെടുന്നത്. വേലക്കാരൻ അഥവാ വേലക്കാരി പറഞ്ഞു കൊടുക്കുന്ന രീതിയിൽ ഉള്ള ഈ പാട്ട് ഞാനൊരു നാടകം കു എന്ന് പ

റഞ്ഞുകൊാണ് അവതരിപ്പിക്കുന്നത്. പഴയ ആത്തോലു കുട്ടികളുടെ ജീവിതത്തിലെ ദുരന്തമുഖമാണ്[35] ഭംഗ്യന്തരേണ പ്രകടിപ്പിക്കുന്നത്. ആത്തോലുമാരുടെ പുറത്തെറങ്ങാൻ കഴിയാത്ത അവസ്ഥയുടെ, ദയനീയതയുടെ, ഒരു ചിത്രമാണിത്. ശുദ്ധഗതിക്കാരായ ഈ ആത്തോല്മാരെ എന്തും പറഞ്ഞ് വിശ്വസിപ്പിക്കാമായിരുന്നു. അത്രക്ക്പരിമിതമായിരുന്നു അവരുടെ പുറംലോകപരിചയം എന്ന യാഥാർത്ഥ്യത്തെ ബലപ്പെടുത്തുന്ന ഈ പാട്ട് അവരുടെ അറിവില്ലായ്മയെ പരിഹസിക്കുന്നു. ജന്മിവ്യവസ്ഥയുടെ കാലഘട്ടത്തിൽ ആത്തോൽമാർ അഥവാ അന്തർജ്ജനങ്ങൾ അനുഭവിച്ച അവകാശനിഷേധങ്ങളെ[36] ഈ വരികൾ ബോധ്യപ്പെടുത്തുന്നു. ഒപ്പം അകത്തളങ്ങളിലെ ജീവിതം[37] തന്നെ അസംഭവ്യങ്ങളും അത്ഭുതപരവുമായ നാടകമായിരുന്നു എന്ന് വ്യംഗ്യമായി ധ്വനിപ്പിക്കുന്നു.

-

**162. കൊച്ചു കൂഞ്ഞി . . . .**

കൊച്ചുകൂഞ്ഞിന്റച്ഛനെ ചെമ്പരുന്ത് റാഞ്ചികൊുപോയി തെക്കൻ ദിക്കിൽ കൊുവെച്ച് കൊത്തിതിന്നാൻ നോക്കിയപ്പോൾ കൊക്കൊടിഞ്ഞുപോയി. ഇവിടെ കുഞ്ഞിന്റച്ഛൻ ആദ്യമായി കുഞ്ഞിന് പട്ട് വാങ്ങിതിരിച്ചുവരുമ്പോൾ അപകട ത്തിൽപ്പെട്ടു. ഇതെല്ലാം ക് നിൽക്കുന്ന ആളുകൾ കുട്ടിക്കുള്ള സമ്മാനങ്ങൾ പരു ന്തിനെപ്പോലെ റാഞ്ചിക്കൊ് ഓടി. തെക്ക് തെക്കേനാട്ടിൽ അഥവാ ദൂരെ കൊ് വെച്ച് അവ ഉപയോഗിയ്ക്കാനായി നോക്കിയപ്പോൾ കൂടുതൽ പ്രശ്നങ്ങൾ ഉാവുകയാണ് ചെയ്തത്. അന്യന്റെ മുതൽ കവരാൻ ബദ്ധപ്പെടുന്ന മനുഷ്യർ അത് കൈവശം വന്ന് ചേരുമ്പോൾ ഉാവുന്ന വിപത്തുകളെക്കുറിച്ച് ചിന്തിയ്ക്കാറില്ല എന്ന സാമാന്യസ്വഭാവ ത്തെവെളിപ്പെടുത്തുകയാണിവിടെ ഒപ്പം അപകടത്തിൽപ്പെട്ട വ്യക്തിയ്ക്ക് സഹായ ങ്ങൾചെയ്ത് കൊടുക്കുക എന്ന മനുഷ്യത്വത്തിന് പകരം അവരെ ദ്രോഹിച്ച് കിട്ടാവു ന്നതെല്ലാം കൈക്കലാക്കുക എന്ന മനുഷ്യന്റെ സ്വാർത്ഥതയും താൻ ഇതിൽനി ന്നെല്ലാം അതീതനാണ് എന്ന ഭാവവും പ്രകടമാവുന്നു. ഈ ഭാവത്തോടുള്ള പരിഹാ സമാണിവിടെ കാണുന്നത്.

**166. പാക്കരാ . . .**

കാസർഗോഡ് ഭാഗങ്ങളിൽ പ്രചാരത്തിലുള്ള ഈ വിനോദപ്പാട്ടിൽ പായസം വെന്തിറങ്ങിയപ്പോൾ 'മന്തുകാലിട്ടിളക്കി, മന്തുകാൽ വെന്തുപോയി' എന്ന പ്രയോഗം ശുദ്ധ അസംബന്ധമാണ്. ഇവിടെ പാചകം എന്ന അവശ്യജീവിതപ്രശ്നത്തിൽ സംഭ വിയ്ക്കുന്ന പാളിച്ചകൾ നർമ്മബോധത്തോടെ ആവിഷ്ക്കരിയ്ക്കുകയാണ്. എന്തെ ങ്കിലും അടുപ്പത്ത് കേറ്റി തീയും വെച്ച് വർത്തമാനവും സൊറയുമായി കൂടുന്ന സ്ഥിതിയെയും മറ്റ്ജോലികളിൽ മുഴുകി അടുപ്പത്തുള്ളതിനെ മറക്കുന്ന അവസ്ഥയും പാചകസമയത്ത് അവശ്യം വേ ഉപകരണങ്ങളായ കൈയ്ക്കില, കയ്യിൽ തുടങ്ങിയവ യുടെ അഭാവം സൃഷ്ടിയ്ക്കുന്ന പ്രശ്നങ്ങളും അവതരിപ്പിക്കുന്നു. ഈ ശ്രദ്ധയില്ലാ യ്മയുടെ ഫലമായി എന്തെങ്കിലും ഇട്ട് ഇളക്കുക എന്ന കർമ്മമെ ഫലത്തിൽ വരുന്നു ള്ളൂ. തൽക്കാലം പായസം വെന്ത് അടുപ്പിലേയ്ക്ക് ഇറങ്ങരുത് എന്ന പാചകരീതി യും ചിന്തിക്കാതുള്ള പ്രവർത്തനശൈലിയും നിശിതമായി വിമർശിക്കപ്പെടുന്നു.

**167. രാരിത്ത ത്തമ്മേ . . .**

കുട്ടികൾ രസകരമായി പാടാറുള്ള ഈ പാട്ടിൽ വലിയ തത്വചിന്തതന്നെയാണ് ആവിഷ്കരിക്കപ്പെടുന്നത്. കോഴി കൊത്ത്യാലോ എന്റെ മാലപൊട്ടുലെ മാല പൊട്ട്യാലോ അമ്മ തല്ലൂലേ . . . എന്നിങ്ങനെയുള്ള സ്വാഭാവികത നിറഞ്ഞ കാര്യങ്ങ ളിൽ നിന്നും ഒരു സാങ്കൽപികലോകത്തേക്ക് മനസ്സ് സഞ്ചരിക്കുന്നു. എന്തെ ങ്കിലും നഷ്ടങ്ങൾ വരുത്തിവെക്കുമ്പോൾ അച്ഛനിൽ നിന്നുാകാറുള്ള ദേഷ്യവും പ്രതികരണവുമാണ് അച്ഛൻ കൊല്ലുലോ എന്നതിലൂടെ ബോധ്യപ്പെടുത്തുന്നത്. കോഴികൊത്തൂലോ എന്നും കണ്ണുപൊട്ടൂലോ, കല്യാണം മൊടങ്ങൂലോ മൂലക്കലാ ക്കൂലോ എന്നിങ്ങനെ കല്ല്യാണം മുടങ്ങിയാൽ ആ പെൺകുട്ടിയെ മൂലക്കലാ

-

ക്കുന്ന നാട്ടുനടപ്പിനെ പരിഹസിക്കുകയാണ്. വിവാഹത്തേക്കാൾ വലിയ ഒരു ധർമ്മം സ്ത്രീയുടെ ജീവിതത്തിൽ ഉാവാനില്ല എന്ന സാമൂഹ്യമായ കാഴ്ചപ്പാടിനെ അപഹസിക്കുന്ന വരികളാണിവ. ഒരു സ്ത്രീയുടെ ജീവിതത്തിൽ സംഭവിക്കാവുന്ന പ്രശ്നങ്ങളും ഉത്തരമില്ലാത്ത ചോദ്യങ്ങളും സമൂഹത്തോടുള്ള പരിഹാസവും ബന്ധങ്ങളുടെ ശൂന്യതയും സൂചിപ്പിക്കപ്പെടുന്നു. പ്രഭാതത്തിൽ നമ്മെയും പ്രകൃതിയെയും വിളിച്ചുണർത്തുന്ന കോഴി ഭാരതീയ പുരാണങ്ങളിൽ സൂര്യചിഹ്നമാണ്. കാമത്തിന്റെയും ആൺമയുടെയും പ്രതീകങ്ങളായ കോഴികൾ സ്ത്രീകളുടെ വളർത്തുപക്ഷികളാണ്.

ഇവിടെ കോഴികൊത്തല്ലേ എന്നതിലൂടെ പുരുഷന് വിധേയത്വം സൃഷ്ടിക്കപെടല്ലേ എന്നർത്ഥം. കോഴി കൊത്ത്യാലോ മാല പൊട്ടൂലേ എന്നതിലൂടെ ശാരീരികമോ മാനസികമോ ആയ വിധേയത്വം തന്റെ മംഗല്യം മുടക്കുന്നു എന്നും. ഇത് തിരിച്ചറിയുന്ന വീട്ടുകാരുടെ പ്രതികരണങ്ങളാണ് അടുത്ത വരികളിൽ അമ്മ തല്ലുക, അച്ഛൻ കൊല്ലുക, വലിച്ചെറിയുക, ചിതലരിക്കുക തുടങ്ങിയവ. വീട്ടിൽ നിന്നും പുറന്തള്ളപ്പെടുകയും ആരും ശ്രദ്ധിക്കാനില്ലാത്ത അവസ്ഥ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. ഈയൊരു ഘട്ടത്തിൽ വീും കോഴി കൊത്തുന്നു. അഥവാ തെറ്റായ ജീവിതവൃത്തിയിൽ ചെന്നുപെടുന്നു. അങ്ങനെ തന്റെ കണ്ണുപൊട്ടുന്നു. അഥവാ തന്റെ മുന്നിൽ എത്തുന്ന പുരുഷവർഗ്ഗത്തെ തിരിച്ചറിയാനോ വേർതിരിക്കാനോ സാധിക്കാതെ ആ ഒഴുക്കിനൊത്ത് ജീവിക്കേി വരുന്നു. കല്ല്യാണം മുടങ്ങി എന്നതിലും ദയനീയമായി അവളുടെ കുടുംബജീവിത സങ്കല്പങ്ങളെല്ലാം അടയപ്പെടുന്നു എന്ന് വിവക്ഷിതം. അതോടെ അവൾ ഈ സമൂഹത്തിന്റെ കുത്തൊഴുക്കിൽ നിന്നകന്ന് ഒരു മൂലക്കലാകുന്ന രീതി സംജാതമാകുകയും എല്ലാം നഷ്ടപ്പെടുകയും ചെയ്യുന്നു. ഈയൊരു ദുർഘടസ്ഥിതി വരാതിരിക്കാൻ അയ്യോ രാരിത്തത്തമ്മേ എന്നെ കോഴി കൊത്തല്ലേ എന്നാണ് ആ പാട്ട് അവസാനിക്കുന്നത്. മുതിർന്ന പെൺകുട്ടിയോട് തന്റെ ജീവിതത്തിൽ പാലിക്കേ മിതത്വത്തെ ഓർമ്മിപ്പിക്കുകയും സാമൂഹ്യവ്യവസ്ഥയെ ബോധ്യപ്പെടുത്തുകയു മാണ് ചെയ്യുന്നത്.

### 180. പൊയ്വെടി

'ഔഷധം തേടി അംബികയോടി' എന്നത് ഒരു പൊയ് വെടിയല്ലേ? എന്ന് സംശയിക്കുന്ന ഒരു സമൂഹത്തെയാണ് ഈ പാട്ടിലൂടെ കാണുന്നത്. ഒന്നിലും കുലുങ്ങാത്ത അനങ്ങാപ്പാറനയം സ്വീകരിച്ച അംബിക കുഴിമടിച്ചിയും, അലസയുമാണ്. അവൾ ഔഷധം അഥവാ മരുന്ന് തേടിയോടിയെങ്കിൽ അസഹനീയമായ എന്തോള്! മാത്രവുമല്ല ഇത് ഒരു പൊയ്വെടിയാവാനാണ് കൂടുതൽ സാധ്യത ഇതിനെ ഊട്ടിയുറപ്പിയ്ക്കാനാണ് അമ്മിയുടെ മുകളിൽ ആലുമുളച്ചു, ഇലതോറും ഈച്ചകൾ പാറി എന്നിങ്ങനെ അസംഭവ്യങ്ങളെ അവതരിപ്പിക്കുന്നത്. അമ്മിമേൽ ആൽ മുളയ്ക്കുക എന്നത് നടക്കില്ല, മാത്രവുമല്ല ഏറ്റവും കൂടുതൽ ഓക്സിജൻ ഉത്പാദിപ്പിയ്ക്കുന്ന ആലിന്റെ ഇലയ്ക്ക് ചുറ്റും ഈച്ചകൾ പാറിനടക്കുക എന്നതും നടക്കാത്തതാണ്. ആ ഈച്ചകളെ മുഴുവൻ ഉണ്ണി ഊതിയകറ്റുക. ഈച്ചകൾ ചെന്ന് കാളകളെ വിരട്ടുക, കാളകൾ വിരത് ക് പേടിച്ച് എലികൾ ആയിരകണക്കിന് കോണികളിൽ കയറി രക്ഷ

പ്പെടുക. അങ്ങനെ സ്വർഗ്ഗത്തിലെ ഐരാവതം എന്ന ആന വിരടോടുക ഇത് ക് പേടിച്ച ഒട്ടകപ്പക്ഷികൾ (അധികം ഉയരത്തിൽ പറക്കാനാവാത്തവ) ഓടിയൊളിയ്ക്കുക, തുടങ്ങിയവയെപ്പോലെ മരുന്ന് തേടി അംബികയോടി എന്നത് അവളുടെ സ്വഭാവംവെച്ച് നോക്കിയാൽ തീരെ സംഭവ്യമല്ല. അതുകൊ്തന്നെ ഈ വാർത്ത ഒരു പൊയ്‌വെടി തന്നെയാണ് എന്ന് സ്ഥാപിയ്ക്കുകയാണിവിടെ. അംബികയുടെ സ്വഭാവത്തിന്റെ സൂക്ഷ്മചിത്രണം വ്യംഗ്യമായി സരസമായി ആലങ്കാരികമായി സ്ഥാപിയ്ക്കാൻ ഈ പാട്ടിലൂടെ സാധിയ്ക്കുന്നു.

**186. കഥ... കഥ...**

'തേങ്ങ മൂത്തെളനീരായി' എന്ന കനകത്തമ്മയുടെ അവസ്ഥയെക്കുറിച്ചുള്ള വരി അവരുടെ പ്രായാധിക്യവും അതുമൂലം ശൈശവാവസ്ഥയിലെ ചെയ്തികളെ അനുസ്മരിപ്പിക്കുന്ന കുട്ടിത്താവസ്ഥയും സൂചിപ്പിക്കുന്നു. രാം ബാല്യം എന്നറിയപ്പെടുന്ന വയോവൃദ്ധാവസ്ഥ ആരുടെയും ജീവിതത്തിൽ സംഭവിക്കാം എന്ന യാഥാർത്ഥ്യത്തെ വ്യംഗ്യമായി ആവിഷ്കരിക്കുകയാണിവിടെ.

**191. ആലത്തൂരമ്മിണി...**

കെട്ടിലമ്മ ചമഞ്ഞ് നടക്കുന്ന ആലത്തൂരമ്മിണിയുടെ ചോലത്തലമുടി കെട്ടുന്ന നേരത്ത് അതിന്റെ കുടുക്ക് (ജട) തീർക്കാൻ സാധിക്കാതെ പതിന്നാലിളം മുളം കൊമ്പനാന കെട്ടിനകത്തായിപ്പോയി. പിടിയാനേം തേങ്ങാപ്പൂളും ഒന്നും കാണിച്ചിട്ട് കീയ്യാത്ത കൊമ്പൻ, ആയിരമാളുകൾ ഉന്തീട്ടും ആനയുന്തീട്ടും കീയ്യാത്ത കൊമ്പനെ തലയിലെ പേൻ ഒന്നിച്ച് ഉന്തി തള്ളി വിട്ടിരിയ്ക്കുന്നു. ഇവിടെ തലമുടിയുടെ കറുപ്പ് ദ്യോതിപ്പിയ്ക്കുന്നുങ്കിലും ഉള്ള നല്ല മുടിയെ വേ വിധം പരിപാലിയ്ക്കാതെ നടക്കുന്നതിനെയും അതിലെ ജടയും പേനും നിറഞ്ഞ അവസ്ഥയെയും ആലങ്കാരികമായി പരിഹസിക്കുകയാണിവിടെ.

**194. കൊല്ലത്ത് ബിത്തിട്ട്**

മുസ്ലീം സമൂദായത്തിലെ ആഹാരരീതിയിൽ മത്സ്യത്തിന് വലിയ സ്ഥാനമാണുള്ളത്. മത്സ്യത്തിന് ക്ഷാമമുള്ളകാലത്ത് ആഹാരമുാക്കിയ വീട്ടുകാരി പച്ചക്കറി വിഭവങ്ങളുടെ ധാരാളിത്തത്തോടെയുള്ള ഉപയോഗവും മറ്റും അയവിറക്കിക്കൊ് വിളമ്പിയപ്പോൾ കൊാട്ടം അത് പെറുക്കിചവച്ചപ്പം എട്ടത്തല എന്നതിലൂടെ പച്ചക്കറി ഉണക്കിപ്പൊരിച്ച കൊാട്ടവും മത്സ്യം ഉണക്കിപൊരിച്ചതും തുല്യം തന്നെയാണ് എന്ന് സ്ഥാപിയ്ക്കുകയാണ് ചെയ്യുന്നത്.

**196. ചക്കരക്കുട്ടൻ**

ചക്കരക്കുട്ടൻ കറിവെച്ചിട്ട് തനിക്ക് ഒട്ടും തന്നില്ല എന്ന പരിഭവവും അൽപമെങ്കിലും ആസ്വദിക്കാനുള്ള അഭിവാഞ്ജയുമാണ് പ്രകടമാവുന്നത്. തവിപിടിക്കാൻ ഏട്ടന്മാരെ ഏൽപിച്ച് നക്കി നക്കി തിന്നാൻ ഒരുങ്ങുന്ന കുട്ടിയുടെ ഭാവം ദാരിദ്ര്യത്തിന്റെ ദയനീയമുഖം വെളിവാക്കുന്നു. സ്വന്തം ആളുകൾ തന്നെ ശ്രദ്ധിക്കാത്ത അഥവാ ഒന്നും തരാത്ത അവസ്ഥ കുട്ടിയിൽ ഉാക്കുന്ന അരക്ഷിതാവസ്ഥ സൂചിപ്പിക്കപ്പെടുന്നു. എല്ലാം സ്വയം ചെയ്യേ ദയനീയഭാവമാണ് കുട്ടിയുടേത്.

**197. വെട്ടുക...**

-

വെട്ടുകല്ലേൽ ചക്കയിട്ട ഇട്ടിമന്തന്റെ വിഡ്ഢിത്തങ്ങളാണ് ഈ പാട്ടിലൂടെ സൂചിപ്പിയ്ക്കുന്നത്. ചക്ക വെട്ടി ചുള പറിച്ച ഇട്ടിമന്തൻ കുരു വിഴുങ്ങുകയും ചുള കളയുകയും ചെയ്തു. ഇത്തരത്തിലുള്ള പ്രവൃത്തികളിലൂടെ എല്ലാം ഉായിട്ടും ഉപ യോഗശൂന്യമാവുന്ന അവസ്ഥയാണ് ചിത്രീകരിയ്ക്കപ്പെടുന്നത്.

### 198. ചക്കമെടലോ്

ഈ തമാശപ്പാട്ടിൽ ഒരുറപ്പും ഇല്ലാത്ത വസ്തുക്കളെക്കൊുള്ള ഉപകര ണനിർമ്മാണവും ഇതുമൂലമുള്ള ഭവിഷ്യത്തുകളും നർമ്മ ബോധത്തോടെ അവതരി പ്പിച്ചിരിക്കുന്നു. ചെൽേക്കയറിയ ചെക്കനും കൂട്ടരും ചെയ്ക്കകത്തെ നീർക്കോലിച്ചാ ത്തനെക്ക് മി. 'ഇ്ി കൊട്ട്ണ' ചെയുടെ നിർമ്മാണ വൈദഗ്ദ്ധ്യവും രസാവഹം തന്നെ. ചെക്കന്റെയും കൂട്ടരുടേയും ധൈര്യവും തോണിയോ മെച്ചം അതിൽ കയ റിയ ആളുകളോ എന്നറിയാത്ത അവസ്ഥയുമാണിവിടെ സൂചിതം.

### 203. കുഴിമടിച്ചീ...

കുഴിമടിച്ചിയായ കാര്ണോത്തിയുടെ പ്രവർത്തനങ്ങളെ തുറന്നുകാട്ടുകയാണി വിടെ. അരി അരിയ്ക്കാൻ മടിച്ച് അടിയിലുള്ള ഉരിയരി കാടിയിൽ കളഞ്ഞവ ളാണ്, പാത്രം കഴുകാൻ മടിച്ച് നായരുടെ മുിൽ കൈതൊടച്ചവളാണ്, എന്നിങ്ങനെ സർവസാധാരണയായി എല്ലാവരും ചെയ്യുന്നകാര്യങ്ങൾ പോലും ചെയ്യാൻ മെനക്കെ ടാതെ കുഴിമടിച്ചിയായ കാര്ണോത്തിയെ പരിഹസിയ്ക്കുകയാണിവിടെ. അടച്ചുവാറ്റിയചോറ് എന്നതിലൂടെ ചോറ് മര്യാദയ്ക്ക് വാർക്കാനോ വറ്റിയ്ക്കാനോ പോലും മെനക്കെടാത്തവൾ എന്ന് അർത്ഥമാക്കുന്നു. മടി പിടിച്ചിരിക്കുന്നവരോട് സമൂഹത്തിനുള്ള കാഴ്ചപ്പാടും നിരീക്ഷിക്കാവുന്നതാണ്.

-

## 204. അപ്പം ചുട്

പുതിയാപ്ള വരുമ്പോഴേക്കും അപ്പമുാക്കണം എന്ന് കരുതി ചുട്ടു തുടങ്ങിയെ ങ്കിലും ആദ്യത്തേത് കൊതി കൊ് തിന്നും പോയി, പിന്നത്തേത് കരിഞ്ഞും പോയി. ഫലത്തിൽ പുതിയാപ്ളക്ക് അപ്പമില്ല എന്നർത്ഥം. പൊതുവെ സ്ത്രീകൾക്കുാകുന്ന ആഹാരത്തോടുള്ള, പ്രത്യകിച്ചും പലഹാരത്തോടുള്ള ആർത്തിയെ പരിഹസിക്കുക യാണിവിടെ.

## 208. കണ്ണില്ല...

തനിക്ക് ഇല്ലാത്തതൊന്നും നന്നല്ല എന്ന് പറയുന്ന സ്ത്രീസഹജ സ്വഭാവ ത്തെയും, രീതിയെയും കളിയാക്കുകയാണിവിടെ. കണ്ണില്ലാത്തവൾ കണ്ണിന് കൺമഷി എന്ന അലങ്കാരം ചേരില്ല എന്നഭിപ്രായപ്പെട്ടപ്പോൾ കയ്യില്ലാത്തവൾ കയ്യിന് കരിവള ചേരില്ലെന്നും കാലില്ലാത്തവൾ കാലിന് കാൽത്തള ചേരില്ലെന്നും പറഞ്ഞു. ഇതെല്ലാം കേട്ടുനിന്ന കയ്യും കാലും കണ്ണും ഉള്ളവൾ ഒരു മടിയും ഇല്ലാതെ പറ ഞ്ഞത് അഞ്ജനമെന്നത് ഞാനറിയും മഞ്ഞളു പോലെ വെളുത്തിരിയ്ക്കും എന്നാ ണ്. കണ്ണില്ലാത്തവൾക്ക് കൺമഷിയെന്തെന്നും കയ്യില്ലാത്തവൾക്ക് കരിവളയെ ന്തന്നും കാലില്ലാത്തവൾക്ക് കാൽത്തളയെന്തെന്നും അറിയാം. എന്നാൽ കയ്യും കാലും കണ്ണുമുള്ളവൾക്ക് അഞ്ജനവും, മഞ്ഞളും, കറുപ്പും, വെളുപ്പും, ഒന്നുമറി യില്ല എന്ന് ബോധ്യപ്പെടുന്നു. അറിവാണ് ഏറ്റവും പ്രധാനം എന്ന് കാണിക്കുന്ന ഒരു പാട്ടാണിത്. ശാരീരിക വൈകല്യങ്ങളേക്കാൾ പ്രശ്നമുാക്കുന്നത് മാനസിക വൈകല്യങ്ങളും അജ്ഞതയുമാണ് എന്ന് രസാത്മകമായി ചിത്രീകരിക്കുന്നു.

## 209. ആലാങ്ങാട്ടാ . . .

കുഞ്ഞിക്കോത എന്ന സ്ത്രീയെ പറഞ്ഞ് വിശ്വസിപ്പിയ്ക്കുന്ന രീതിയിലാണ് ഈ പാട്ടിന്റെ ഗതി. 'കളവല്ലെൻ കുഞ്ഞിക്കോതേ ഞാമ്പോയി കതാണേ' എന്ന് പറ ഞ്ഞുകൊ് പറയുന്ന കാര്യങ്ങൾ ഓരോന്നും അസംഭാവ്യങ്ങളാണെന്ന് വളരെ വ്യക്ത മാണ്. എന്നാൽ അതുപോലും പലതവണ ആവർത്തിച്ചാൽ വിശ്വസിയ്ക്കുന്ന ആളു കളു് എന്ന് കുഞ്ഞിക്കോതയെ ഉദ്ധരിച്ചുകൊ് സ്ഥാപിയ്ക്കുകയാണിവിടെ. മാത്രമല്ല എന്തിനും സാക്ഷിപറയാൻ ആളെക്കിട്ടും എന്ന യാഥാർത്ഥ്യത്തെ വ്യംഗ്യമായി ധ്വനിപ്പിക്കുകയും ചെയ്യുന്നു. ഇങ്ങനെ മനുഷ്യരുടെ വിചിത്രങ്ങളായ സ്വഭാവത്തെ ക്കുറിച്ചുള്ള ഒരു വിശകലനമാണ് ഈ പാട്ടിലൂടെ നടത്തുന്നത്.

## 219. അന്നു കു ളിച്ചു

ഒരു ദിവസം കുളിച്ച് മുടിമാടിപോകുമ്പോൾ കുന്നിമണിക്കൊ് എന്നെ എറിഞ്ഞു തൊടുത്ത ആ സുന്ദരൻ തന്നെ എന്നെ വേളികഴിച്ചിട്ടില്ലെങ്കിൽ താൻ തുമ്പ കഴുത്തിൽ തൂങ്ങിമരിക്കും. എന്നിട്ടും മരിച്ചില്ല എങ്കിൽ പൂവൻപഴംകൊ് കുത്തിമരി ക്കും. എന്നിട്ടും ചത്തില്ലെങ്കിൽ കണ്ണൻചെരട്ടേലെ വെള്ളത്തിൽ നൂു മരിക്കും. തളികയിൽ വെള്ളം വെച്ച് മുങ്ങിമരിക്കും അല്ലെങ്കിൽ നെയ്യപ്പംചുട്ട് വിഷമാക്കി

തിന്നും എന്നിട്ടും മരിച്ചില്ല എങ്കിൽ ആ സുന്ദരനെ വിട്ട് വേറെ ഒരാളെ തേടിപോകും. ഈ വിവരണത്തിൽ നിന്നും പെൺകുട്ടിയുടെ മനോഭാവം വ്യക്തമാണ്. തുമ്പകഴുത്തിൽ തൂങ്ങിമരിക്കാനോ പൂവൻപഴംകൊ് കുത്തിമരിക്കാനോ സാധ്യമല്ല എന്നറിയാം മാത്രമല്ല ആ സുന്ദരൻ തന്നെ വേളികഴിച്ചില്ലെങ്കിലും പ്രശ്നമൊന്നുമില്ല. ഞങ്ങൾ തമ്മിൽ അങ്ങനെയുളള പ്രേമബന്ധമൊന്നുമില്ല എന്ന് ഭംഗ്യന്തരേണ നർമ്മത്തിന്റെ ഭാഷയിൽ വ്യക്തമാക്കപ്പെടുന്നു. പ്രേമത്തിന്റെ പൊള്ളത്തരമാണ് ഈ പാട്ടിലൂടെ സൂചിപ്പിക്കപ്പെടുന്നത്. കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ഒരു വിനോദപ്പാട്ടാണിത്.

### 221. തൃക്കാക്കരപ്പാ

ഒരു ഓണപ്പാട്ടാണിത്. ഒരു കാലഘട്ടത്തെയും അതിന്റെ മാറ്റത്തെയും വ്യക്തമായി സൂചിപ്പിക്കുന്ന അത്യന്താധുനിക കവിതകളെപോലെ ജീവിതസങ്കീർണ്ണതകൾ പ്രകടമാക്കുന്ന ഒരു നാടൻ പാട്ടാണിത്. ആധുനികവിദ്യാഭ്യാസം സമൂഹത്തിൽ വരുത്തിയ മാറ്റങ്ങൾ ഇതിൽ ഭംഗ്യന്തരേണ സൂചിപ്പിക്കപ്പെടുന്നു. തൃക്കാക്കരപ്പൻ അഥവാ വാമനൻ ബ്രഹ്മചാരിയാണ്. ഉപനയനം[38] കഴിഞ്ഞ ഉണ്ണികൾ (ഒപിനിച്ചുണ്ണി) അഥവാ ബ്രഹ്മചാരി ബ്രാഹ്മണകുലവൃത്തിക്ക് നിയുക്തനാവുന്നു. ഇവർ അനുഷ്ഠാനത്തിന്റെ ഭാഗമായി ഭിക്ഷയെടുത്ത് ജീവിക്കേ അവസ്ഥ സൃഷ്ടിക്കപ്പെടുന്നു അഥവാ ഭിക്ഷാന്നമു് ജപങ്ങളുമായി ഏകാന്തജീവിതം നയിക്കേി വരുന്നു അഞ്ചോ ഏഴോ വയസ്സ് പ്രായമുള്ള ഈ ഉണ്ണികൾ ഉച്ചിതിരിയുവോളം ഭിക്ഷയെടുത്ത് കിട്ടിയ അരി ഉച്ചതിരിഞ്ഞാൽ അമ്പലത്തിലെ തിടപ്പള്ളിയിൽ വെച്ച് വേവിച്ച് കഴിക്കണം. ഇവിടെ ഭാവനാലോകത്ത് സഞ്ചരിക്കുന്ന ഈ പൈതൽ വെണ്ണകൊ് അടുപ്പുാക്കി കുമ്പിളുകുത്തി അരിവെക്കുന്നു. പക്ഷേ എല്ലാം നിഷ്ഫലമാകുന്നു അഥവാ അറിവില്ലായ്മകൊ് പല അബദ്ധങ്ങളും സംഭവിക്കുകയും അന്നും പട്ടിണികിടക്കേ അവസ്ഥവരികയും ചെയ്യുന്നു. മറ്റൊരർത്ഥത്തിൽ 'ഒപിനിച്ചുണ്ണി' എന്നതിലുപരി ക്ഷേത്രവുമായി ബന്ധപ്പെട്ട് ജീവിതവൃത്തി കത്തിെയവരുടെ സ്വന്തം പ്രവൃത്തികൾകൊ് ജീവിതമാർഗ്ഗം അടഞ്ഞു എന്നും സൂചിപ്പിക്കപ്പെടുന്നു.

ഈ ജീവിതപ്രാരാബ്ധം മടുത്ത് രക്ഷനേടാനായി അക്കരക്ക് കടക്കാമെന്ന് കരുതി തോണിപ്പുഴക്കൽ അഥവാ കടവത്ത് ചെന്നിരുന്ന ഉണ്ണി തോണി കടത്താൻ ആവശ്യപ്പെട്ടപ്പോൾ അതിനായി കാശ് ചോദിക്കുന്നു. അഥവാ ഈ ജീവിതപ്രാരാബ്ധത്തിൽ നിന്ന് രക്ഷനേടാൻ സ്വന്തമായി കാശ് സമ്പാദിക്കേ അവസ്ഥ വരുന്നു. കാശുമില്ല, തുഴയുമില്ലാത്ത ആ നട്ടം തിരിച്ചിലിൽ അത്യദ്ധ്വാനം ചെയ്ത് സ്വസമുദായത്തോടും സമൂഹത്തോടും പടവെട്ടി പുസ്തകകെട്ടിനെ അഥവാ അറിവിനെ തോണിയാക്കി എഴുത്താണി തുഴയാക്കി അഥവാ സർഗ്ഗസൃഷ്ടികളെ (എഴുത്തിനെ) ആയുധമാക്കി ജീവിതനൗക തുഴയാൻ ശ്രമിച്ചു. ഒന്നു തിരിഞ്ഞു തലതിരിഞ്ഞു എന്നതിലൂടെ ഈ വിപ്ലവകരമായ ആശയങ്ങൾ സൃഷ്ടിച്ച തടസ്സങ്ങളും പ്രശ്നങ്ങളും സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. തളരാതെ വീും തുഴഞ്ഞ് അക്കരെയെത്തി ഈ വിഷമഘട്ടങ്ങളിലെല്ലാം ഈശ്വരൻ അഥവാ ഭാഗ്യം മാത്രമായിരുന്നു തുണ. എന്നാൽ അക്കരെ സുരക്ഷിതസ്ഥാനത്തെത്തിയപ്പോഴേക്കും തൃക്കാക്കരപ്പനും കൈവിട്ടുപോയി. അതാ

-

യത് ആധുനിക വിദ്യാഭ്യാസം നേടിയതോടെ ആചാരനുഷ്ഠാനങ്ങളും ചിന്തകളും സങ്കല്പങ്ങളും എല്ലാം നഷ്ടപ്പെട്ട് ഒരു പുതിയലോകം സൃഷ്ടിക്കാനുള്ള വെമ്പലിൽ ഈശ്വരചിന്തപോലും നഷ്ടമായി നിരീശ്വരവാദത്തെ പുൽകി.

വിഷമഘട്ടത്തിൽ മാത്രം ഈശ്വരനെ മുറുകെ പുൽകുകയും എല്ലാം കഴിഞ്ഞ് ആഹ്ളാദമുഹൂർത്തമെത്തുമ്പോൾ എല്ലാം മറക്കുകയും ചെയ്യുന്ന 'പാലം കടുക്കുവോളം നാരായണ, പാലം കടന്നാലോ കൂരായണ' എന്ന ചൊല്ലിനെ അന്വർത്ഥമാക്കുന്ന മനുഷ്യമനസ്സിനെ പരിഹസിക്കുന്നു. ആധുനിക വിദ്യാഭ്യാസം ലഭിച്ച അമ്പലവാസികളായ ആളുകളിൽ പ്രത്യേകിച്ചും നമ്പൂതിരി സമൂദായത്തിൽ ആചാരനുഷ്ഠാനങ്ങളിലും ആശയാദർശങ്ങളിലും വന്നുചേർന്ന മാറ്റം[39] ക്രമാനുഗതമായി വ്യക്തമാക്കപ്പെടുന്നു. ഇ. എം. എസ്, വി.ടി. ഭട്ടതിരിപ്പാട്, എം. ആർ. ബി. തുടങ്ങിയവരുടെ കാലഘട്ടവും പ്രവർത്തനങ്ങളും സർഗ്ഗസൃഷ്ടികളും ചേർത്ത് വായിച്ചാൽ ഒരു ജനസമുദായത്തിന്റെ ജീവിതം തന്നെയാണ് ഈ വരികളിലൂടെ നിഴലിക്കപ്പെടുന്നത് എന്ന് വ്യക്തമാവും. സ്വത്വത്തിൽ നിന്ന് വളരെകുറച്ച് കാലംകൊ് ഏറെ അകന്നുപോയ ഒരു സാമുദായികജീവിതചിത്രം ഇവിടെ അനാവൃതമാവുന്നു.

രാജഭരണഘട്ടത്തിൽ ഒരു കാലത്ത് കേരളത്തിന്റെ തലസ്ഥാനമായി 'തൃക്കാക്കര' വിളങ്ങിയിരുന്നു. ഇവിടുത്തെ ദേവനായ തൃക്കാക്കരപ്പൻ കേരളീയരുടെ ജീവിതത്തിലെ ഒഴിച്ചു കൂടാനാവാത്ത ഒരു ദേവതാസങ്കപ്പമായി മാറി. അഹങ്കാരം എന്ന ഒരൊറ്റദോഷം മാത്രമുായിരുന്ന മഹാബലിചക്രവർത്തിയുടെ മനസ്സിലെ കളങ്കം മാറ്റി പൂർണ്ണനാക്കി സുതലത്തിലേക്കുയർത്തി അവിടുത്തെ ചക്രവർത്തിയായി വാഴിച്ച് ദാസഭാവത്തിൽ സേവിക്കുന്ന വാമനമൂർത്തിയുടെ[40] കഥ ഭാഗവതത്തിൽ പറയുന്നു. ഈ വാമനമൂർത്തിയാണ് തൃക്കാക്കരപ്പൻ. തൃക്കാക്കരപ്പൻ ഓരോ വീട്ടിലും ആരാധനാമൂർത്തിയായി വാണതിന്റെ സ്മരണ പുതുക്കൽ കൂടിയാണ്, വിതയുത്സവമായ ഓണത്തോടനുബന്ധിച്ചുള്ള പൂക്കളമിടൽ, തൃക്കാക്കരപ്പനെ ഉരുട്ടൽ (മാതേവൻ) മുറ്റത്ത് കളമെഴുതി സ്വീകരിക്കൽ, അട നിവേദിക്കൽ തുടങ്ങി ഇന്നും അനുഷ്ഠിക്കപ്പെടുന്ന ആചാരാനുഷ്ഠാനങ്ങൾ. ആ നിലക്ക് തൃക്കാക്കര ഉത്സവത്തിന്റെ ജനകീയവൽക്കരണമാണ്[41] ഓണം എന്ന് വ്യക്തമാണ്. തൃക്കാക്കരപ്പനെ സാക്ഷിനിർത്തി ആശ്രിതത്വം പുലർത്തുന്ന കുട്ടി അക്കരെയെത്തിയപ്പോൾ വിട്ടുകളയുന്നതിലൂടെ തൃക്കാക്കരയുടെയും ദേവന്റെയും ജനകീയത നഷ്ടപ്പെട്ടു എന്ന സൂചനയുമാവാം. ഏത് വിഷമഘട്ടത്തിലും മനസ്സുരുകി വിളിച്ചിരുന്ന തൃക്കാക്കരപ്പൻ ഹൃദയത്തിൽ നിന്ന് പോകുകയും തൽസ്ഥാനത്ത് മഹാബലി ഇരിക്കുകയും ചെയ്തു എന്നതുമാവാം തൃക്കാക്കരപ്പനും പോയല്ലോ എന്നതിലൂടെ നൽകപ്പെടുന്നത്.

### 222. തൃക്കാകരപ്പനൊരു . . .

ഒരു ഓണപ്പാട്ടാണിത്. യഥാർത്ഥത്തിൽ വിഡ്ഢിത്തം പറ്റിയത് നമ്മൾക്കാണ്. ആർത്തി പൂ് തേങ്ങാമുറിതിന്നപ്പോൾ (ഓണക്കാലത്ത് തേങ്ങകൊടുക്കുന്ന രീതി ഉായിരുന്നു) ആകെ ഉായിരുന്ന പല്ലും പോയി. പിന്നെ പൂവമ്പഴം തന്നെ ശരണം. ഈ

യാഥാർത്ഥ്യത്തെ പരസ്പരം മാറ്റി ആരാധ്യമൂർത്തിയായ തൃക്കാകരമൂർത്തിയ്ക്കു പോലും വിഢ്ഢിത്തം പറ്റിയിട്ടു് പിന്നെയാണോ എന്റെ സ്ഥിതി എന്ന മട്ടിൽ സ്വയം സമാധാനിയ്ക്കുകയാണിവിടെ.

### 226. ആന പോകുന്ന

'ആന'[42] എന്ന പ്രതീകത്തിലൂടെ അധികാരവർഗ്ഗത്തിന്റെ സുഖലോലുപ ജീവിതത്തിന്റെ പരിഛേദമാണ് നിഴലിക്കുന്നത്. ഈ ആരാധനാവിഗ്രഹം, അദമ്യമായ പുരുഷശക്തിയുടെയും തറവാടിത്തത്തിന്റെയും പ്രഭുവർഗ്ഗമാന്യതയുടെയും ലൈംഗികാസക്തിയുടെയും പ്രതീകമാണ്. മനുഷ്യനുമായി വളരെപെട്ടെന്ന് ഇണ ങ്ങുന്ന മൃഗമാണത്. ഇങ്ങനെയുള്ള ആന പോകുന്ന പൂമരത്തിന്റെ ചോടെ പോകു ന്നതാരാണ്? എന്ന ചോദ്യത്തിന് 'ആരാനുമല്ല കൂരാനുമല്ല' എന്ന തറുതല പറഞ്ഞു കൊ് കുറ്റിക്കാട്ടിൽ വസിക്കുന്ന കിളുംപന്നിയാണ് എന്ന് പ്രതിവചിക്കുന്നു. പന്നി[43] എന്നത് വൃത്തികേടിന്റെയും തീറ്റക്കൊതിയുടെയും അനിയന്ത്രിതമായ വികാരത്തി ന്റെയും പാപത്തിന്റെയും പ്രതീകമാണ്. മത്തരത്തിന്റെയും ബുദ്ധിഹീനതയു ടെയും പര്യായമായ ഈ മൃഗത്തെക്കുറിച്ചാണ് 'മുത്തുകൾ പന്നികളുടെ മുന്നിൽ വിതറരുത്' എന്ന ബൈബിൾ വാക്യം സൂചിപ്പിക്കുന്നത്. ആന പോകുന്ന വഴിയെ ആ ബലത്തിൽ അതിന്റെ വാലായി നടക്കുന്ന 'പന്നി'യുടെ വാലുമ്മൽ അഥവാ പന്നി യുടെ സ്വാഭാവമുള്ളവന്റെ വാലായികൊ് 'അലങ്കാരങ്ങളും' വെച്ച് പലിശപിരി ക്കാനായി നടക്കുന്ന മാധവാ! എന്ന് കുറിക്കുകൊള്ളുന്ന ഭാഷയിലാണ് മാധവനെ കളിയാക്കുന്നത്. എരഞ്ഞിക്കൊട്ടെ 'ഈ ഉണ്ണി' (ഇവിടെ എരഞ്ഞി എന്ന പ്രയോഗം വശീകരിക്കുന്നത് എന്ന അർത്ഥത്തിലാണ്) തിരിച്ച് ചെല്ലുമ്പോൾ നാരിമാർക്കൊക്കെ പൂപൊലി അഥവാ കുശാല്തന്നെ. പണം പലിശക്ക് കൊടുക്കലും ലൈംഗികതയും അവിഹിതബന്ധങ്ങളും സമൂഹത്തിൽ വരുത്തിയ പ്രശ്നങ്ങളെ ഒരു ദൃക്സാക്ഷി എന്ന പോലെ നോക്കിക്ക് വിലയിരുത്തുകയാണിവിടെ. സമൂഹത്തിലെ ഉന്നതർ എന്നവകാശപ്പെടുന്ന വ്യക്തിത്വങ്ങളുടെ നേരെ നിശിതവിമർശനമാണ് ഇവിടെ നട ത്തുന്നത്. പ്രഭുവർഗ്ഗത്തിന്റെ കൂടെ എല്ലാറ്റിനും കൂട്ടുനിന്ന ലാഭം തനിക്കാക്കി മാറ്റുന്ന ഇടനിലസമൂഹങ്ങളെ അഥവാ 'കാര്യസ്ഥന്മാരെ'[44]യാണ് ഇവിടെ പ രാമർശിക്കുന്നത്.

### 233. മാവേലിനാടു . . .

മനുഷ്യവംശത്തിന്റെ ആരംഭം മുതൽതന്നെ അവന്റെ സ്വപ്നമാണ് എല്ലാ വരും ഒന്നുപോലെ തുല്യരായി പുലരുന്ന ഒരു സമൂഹജീവിതം. ഈ സ്വപ്നസാക്ഷാത്കാരമാണ് ഈ പാട്ടിലൂടെ ഉാക്കിയെടുക്കുന്ന മായാപ്രപഞ്ചം. എല്ലാവരും തൃപ്തിയോടെ സന്തോഷത്തോടെ വാണരുളുന്ന ആധികളോ വ്യാധി കളോ ബാലമരണങ്ങളോ കേൾക്കാൻപോലുമില്ലാത്ത ആ സ്വപ്നലോകത്തിൽ കള്ളം, ചതി, തുടങ്ങിയവ ഇല്ല. അളവുപകരണങ്ങളായ വെള്ളിക്കോൽ, നാഴി, പറ എല്ലാം കണക്കിന് തുല്യമാണ്. മനുഷ്യൻ അവന്റെ മോഹങ്ങളെ അഥവാ യാഥാർത്ഥസോഷ്യലിസ്റ്റ് വ്യവസ്ഥിതിയെ മാവേലിത്തമ്പുരാനിൽ ആരോപിച്ച്

-

തൃപ്തിയടയുകയാണ് ഈ പാട്ടിലൂടെ. സമത്വവും സാഹോദര്യവും പുലരുന്ന ഒരു സമൂഹത്തിനായുള്ള അഭിവാഞ്ജ കുട്ടികളിൽ ഉാക്കിയെടുക്കാൻ ഈ പാട്ട് സഹായിക്കുന്നു.

**234. ഓണം വന്നോണം**

ഓണം വന്നപ്പോൾ ഉള്ളം വെന്തുരുകുന്ന ഒരു മുതിർന്ന കുട്ടിയുടെ സങ്കടമാണ് ഇവിടെയുള്ളത്. കുടുംബത്തിന്റെ ഉത്തരവാദിത്തം മുഴുവൻ തീരെ ചെറുപ്പത്തിൽ തന്നെ ഏറ്റെടുക്കേി വന്ന ഒരു മുതിർന്ന കുട്ടി തന്റെ അവസ്ഥ പെങ്ങളായ കൊച്ചുപാർവ്വതിയോട് പറയുന്നതാണ് സന്ദർഭം. അമ്മായിക്ക് ഓണം കൊടുക്കണം. വീട്ടിൽ ചെലവ് കഴിഞ്ഞില്ലെങ്കിലും ബന്ധുക്കളുടെ വീട്ടിൽ പോണം. ഇല്ലെങ്കിൽ അവർ കൂര വിലക്കും എന്ന ചിന്തയാൽ വിഷമിക്കുന്ന കുട്ടിയിലൂടെ ഓണവുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന ആചാരങ്ങളും അവ അവഗണിച്ചാലുള്ള ഭവിഷ്യത്തുകളുമാണ് സൂചിപ്പിക്കുന്നത്.

**237. ~ഒന്നാം നാട്ടില്**

ആദ്യത്തെ ആറ് നാടുകളിലും ഓണം വന്നപ്പോൾ ഒന്നാം നാട്ടില് ആടിപ്പാറിക്കളിച്ചുകൊും രാം നാട്ടില് പൂക്കളമിട്ട് രസിച്ചുകൊും ഓണം ആഘോഷിച്ചു. മൂന്നാം നാട്ടിൽ ഊഞ്ഞാലാട്ടം, തലയാട്ടം, എന്നിവക്കും മാതേവരെയൊരുക്കലിനുമാണ് പ്രാധാന്യം. നാലാം നാട്ടിൽ ഓണസദ്യ ഗംഭീരമെങ്കിൽ അഞ്ചാം നാട്ടിൽ കയ്യാങ്കളി അഥവാ ഓണത്തല്ല് പൊടിപൊടിക്കുന്നു. ആറാം നാട്ടിൽ പുലികളി, കൈകൊട്ടിക്കളി തുടങ്ങിയവക്കാണ് പ്രാമുഖ്യം. ഇങ്ങനെ 'ആറുനാട്ടിൽ നൂറ് ഭാഷ' എന്ന ചൊല്ലു പോലെ ഓണം ആറു നാട്ടിലും[45] പല തരത്തിലാണ് ആഘോഷിച്ചിരുന്നത് എന്ന് വ്യക്തം. ഏഴു മുതലുള്ള നാടുകളിലില്ല എന്നതിലൂടെ കേരളത്തിന് പുറത്ത് ഓണത്തിന് പ്രാധാന്യമില്ല എന്ന് സൂചിതം.

**239. കുമ്മിയടി**

ഓണത്തോടനുബന്ധിച്ച് കളിക്കുന്ന കുട്ടികളുടെ ഈ കുമ്മിപ്പാട്ടിൽ ഓണക്കോടിയുടുക്കൽ, ഊഞ്ഞാലാട്ടം, ഒത്തുചേരൽ, ഒരുമിച്ചുള്ള സദ്യ തുടങ്ങിയ ഓണാഘോഷങ്ങളും മലയാളക്കരക്ക് ഓണാഘോഷത്തോടുള്ള താല്പര്യവും വർണിതമായിരിക്കുന്നു. ആഘോഷത്തിമർപ്പിന്റെ ഭാവവും രാഗതാളങ്ങളുമാണ് ഈ പാട്ടിനുള്ളത്. തെക്കൻ കേരളത്തിൽ പ്രചാരമുള്ള ഒരു പാട്ടാണിത്.

**243. കാടായ കാടൊക്കെ**

ഓണക്കാലത്ത് പ്രകൃതിയിലും മനുഷ്യരിലും ഉള്ള മാറ്റത്തെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. കാടായ കാടൊക്കെ പൂചൂടി നിന്നു എന്നതിലൂടെ പൂക്കളുടെ സമൃദ്ധി സൂചിതമാകുന്നു. കോമനും കോതയും കോടിയുടുക്കുക എന്ന അപൂർവ്വ സൗഭാഗ്യം ആസ്വദിക്കുന്നു. ചാപ്പന്റെ മിറ്റത്തും പൂക്കളം ഇട്ടിരിക്കുന്നു. ഇവിടെ പ്രകൃതിയെപോലെ സകല ജനങ്ങളും ആഘോഷിക്കുന്ന ഓണം ഏവർക്കും ആഗ്ര

-

ഹസഫലീകരണകാലമാണ്. ജാതിവ്യത്യാസമില്ലാതെ ആബാലവൃദ്ധം ജനങ്ങളും പൂക്കളം തീർത്ത് കോടിയണിയുന്ന ഓണം സമൃദ്ധിയുടെ ആഘോഷത്തിന്റെ പ്രായോഗികവൽക്കരണമാണ്. 'കാണം വിറ്റും ഓണം ഉണ്ണണം' എന്ന ചൊല്ലിന്റെ സഫലീകരണമാണ് ഇവിടെ നടക്കുന്നത്.

### 246. മാവേലി മന്നൻ...

മാവേലിമന്നനെ സ്വീകരിക്കാനുള്ള ഒരുക്കങ്ങളുമായി ബന്ധപ്പെട്ട ആചാരങ്ങളാണ് ഈ പാട്ടിലുള്ളത്. ഓണത്തിന് പൂക്കൾ ഇറുത്ത് അത്തം മുതൽ പത്ത് ദിവസവും ഒരുക്കുന്ന പൂക്കളവും, ഓണപ്പാട്ട്, ഊഞ്ഞാൽ, തുമ്പിതുള്ളൽ,കുമ്മിയടി, എന്നിവയടങ്ങുന്ന ആചാരപ്പൊലിമ വ്യക്തമാക്കുന്നു.

### 252. ഒന്നേ ഒന്നേ പോൽ

തിരുവാതിരമഹോൽസവത്തിന്റെ ചടങ്ങുകളും[46] ഐതീഹ്യ വിശ്വാസങ്ങളും വിളിച്ചോതുന്ന ഈ പാട്ട് തിരുവിതാംകൂർ മേഖലയിൽ പ്രചരിച്ചിരുന്ന ഒന്നാണ്. തിരുവാതിര നാളിൽ ഉറക്കമൊഴിച്ച് നൊയമ്പുനോറ്റാൽ വളരെക്കാലം ഭർത്താവിനോടൊത്ത് സുഖമായിക്കഴിയാം എന്ന വിശ്വാസത്തെ ഈ പാട്ടിലൂടെ ഊട്ടിയുറപ്പിക്കുന്നു. രാവും പകലുമുള്ള തിരുവാതിരയെ വരവേറ്റു ഊഞ്ഞാലിട്ട് നാടുമുഴങ്ങുന്ന പാട്ടും പാടിക്കൊ് പെൺകുട്ടികളും സ്ത്രീകളും പുഴയിലിറങ്ങി കുളി ആരംഭിച്ചു. കുളിച്ച് എട്ടുപുടവ ഞൊറിഞ്ഞുടുത്തു. മലബാറിൽ എട്ടങ്ങാടി ചുടലിന് പകരം ഈ വസ്തുക്കൾകൊുള്ള പുഴുക്ക്, കൂവപ്പായസം തുടങ്ങിയ നാടൻവിഭവങ്ങൾ പ്രധാനമാണ്. അമ്പലവാസികൾ പ്രത്യേകിച്ചും നമ്പൂതിരിമാർക്കിടയിൽ നിലനിന്നിരുന്ന ഈ പാട്ടിലൂടെ സ്ത്രീകളുടെ കൂട്ടായ്മയും ശാക്തീകരണവുമാണ് ലക്ഷ്യമാക്കിയിരുന്നത്. ഒരു സ്ത്രീയുടെ ജീവിതത്തിലെ ഏറ്റവും വലുത് തന്റെ നെടുമംഗല്യം അഥവാ ഭർത്താവുമൊന്നിച്ചുള്ള ജീവിതം തന്നെയാണ് എന്ന് പ്രഖ്യാപിക്കുകയാണിവിടെ. പെൺകുട്ടികളെ വൈവാഹിക ജീവിതത്തിന്റെ പ്രാധാന്യത്തെ ബോധ്യപ്പെടുത്തി സജ്ജരാക്കുകയും ചെയ്യുന്നു.

-

**255. അക്കരവീട്ടിന്നും**

കണ്ണൂർ, കാസർഗോഡ് ഭാഗങ്ങളിൽ ഇന്നും ഏറെ സ്വാധീനമുള്ള കലയാണ് തെയ്യം. ക്ഷേത്രോത്സവങ്ങളോടനുബന്ധിച്ച് തെയ്യക്കോലങ്ങൾ[47] ഓരോ വീട്ടിലും ചെന്ന് അനുഗ്രഹങ്ങൾ നൽകുന്ന പതിവു്. ചെകൊട്ടിന്റെ അകമ്പടിയോടെ എഴുന്നെള്ളുന്ന ഈശ്വരതുല്യരായ തെയ്യങ്ങളെ മുറ്റത്ത് ചാണം (ചാണകം) തളിച്ച്, ദീപം കൊളുത്തി സ്വീകരിക്കാൻ തയ്യാറെടുക്കുന്ന ഒരു കുടുംബാന്തരീക്ഷമാണ് പാട്ടിലുള്ളത്. കുഞ്ഞിപെണ്ണിനോട് ചാണകം തളിച്ച് വീടിന് ചുറ്റും ശുദ്ധീകരിച്ച് ദീപം ജ്വലിപ്പിച്ച് ഐശ്വര്യപൂർണ്ണമാക്കി മുറ്റത്ത് നിന്ന് സ്വീകരിക്കാൻ ആവശ്യപെടുന്നു. ഇത്തരം ഐശ്വര്യപൂർണ്ണമായ ആചാരങ്ങളിലെല്ലാം ഗൃഹത്തിലെ പെൺകുട്ടികളെ കൊണ് കർമ്മം ചെയ്യിപ്പിക്കുന്നത് എന്നത് ശ്രദ്ധേയമാണ്. പെൺകുട്ടികൾ വീടിന്റെ ഐശ്വര്യമാണ് എന്ന സങ്കല്പമാണ് ഇവിടെ ദൃശ്യമാവുന്നത്. എല്ലാ അംഗങ്ങളുടെയും സാന്നിധ്യവും ഇത്തരം സന്ദർഭങ്ങളുടെ പ്രത്യേകതയാണ്.

**257. ആ . . . ഈ . . . ഊ . . .**

ഈ പാട്ടിലൂടെ കാതുകുത്താനവകാശമുള്ള അമ്മാവനേയും പ്രതീക്ഷിച്ച് മറ്റ് സാമഗ്രികളെല്ലാം നിരത്തി കാത്തിരിക്കുന്ന കുടുംബാന്തരീക്ഷമാണ് കാണുന്നത്. അമ്മാവന്റെ സ്വഭാവസവിശേഷതകൾ ഇതിലൂടെ വ്യക്തമാക്കപ്പെടുന്നു. കുന്നത്തങ്ങാടീല് ഷാപ്പിൽ കയറി പള്ളനെറച്ചു കള്ള് കുടിച്ച് ആട്യാടിവർണ അമ്മാവൻ കാരമുള്ള്കൊ് കാതുകുത്തുമ്പോൾ കുഞ്ഞികയ്യിന്റെ ചന്തം നോക്കിയിരുന്നാൽ മതിയെന്ന് സമാധാനിപ്പിക്കുന്ന അമ്മ കാതുകുത്തി കൈതോലതൂക്കിയപ്പോൾ ഉള്ള ചന്തം നോക്കി രസിക്കുന്നു. കാതുകുത്താനുള്ള അവകാശം, കാരമുള്ളോുള്ള കാതുകുത്ത്, കൈതോലതൂക്കൽ തുടങ്ങി തീരെ ചെറുപ്പത്തിൽ ഉള്ള കാതുകുത്ത് എന്ന ആചാരമാണിതിൽ സൂചിപ്പിക്കുന്നത്. ആട്യാടിയുള്ള അമ്മാവന്റെ വരവ്, കാതിൽ കൈതോലതൂക്കൽ തുടങ്ങിയവ ഒരു സാധാരണ അടിയകുടുംബത്തിലെ സ്ഥിതി വെളിവാക്കുന്നു. കുട്ടിയോടുള്ള വാത്സല്യം പാട്ടിലുടനീളം കാണാം.

**259. നാലകത്ത് നടുമിറ്റത്ത് . . .**

മുസ്ലീം പെൺകുട്ടികൾ കൈകൊട്ടികളിക്ക് ഉപയോഗിക്കുന്ന ഈ പാട്ടിൽ മുസ്ലീം സമൂദായങ്ങൾക്കിടക്ക് മൈലാഞ്ചിക്കുള്ള പ്രാധാന്യം വ്യക്തമാക്കുന്നു. ആലിയാര് തങ്ങള് പറിച്ചുവെച്ച അഥവാ നട്ട മൈലാഞ്ചി മുക്കി നനച്ചത് ബീവിഫാത്തിമ്മയാണെന്നുമുള്ള കഥകൾ പറഞ്ഞുകൊ് ഇന്നത്തെ അതിന്റെ വളർച്ചയെ സൂചിപ്പിക്കുന്നു. നാലാണും നാലുപെണ്ണും നിന്നൂരുന്ന മൈലാഞ്ചി അഞ്ജനകല്ലിന്മേൽ അരച്ചുരുട്ടി വെള്ളിത്തളികയിൽ വാങ്ങിവെക്കുകയും പൊന്നും തളികകൊ് മൂടിവെക്കുകയും വീരാളിപട്ടിൽ പൊതിയുകയും ചെയ്യുന്നു എന്നതിലൂടെ മൈലാഞ്ചിക്ക് സമൂഹത്തിലുള്ള സ്ഥാനവും പ്രാധാന്യവും വ്യക്തമാവുന്നു. 'കല്ല്യാണപെണ്ണുങ്ങൾ കയ്യിലിടുന്ന മൈലാഞ്ചി'എന്ന വരികളിലൂടെ മുസ്ലിം വിവാഹാഘോഷങ്ങളിൽ മൈലാഞ്ചിയിടൽ ചടങ്ങിനും തദനുബന്ധപാട്ടുകൾക്കും ഉള്ള പ്രധാന്യത്തെ ബോധ്യപ്പെടുത്തുന്നു. ആലിയാര് തങ്ങള്, ബീവിഫാത്തിമ്മ തുടങ്ങിയകഥാപാത്രങ്ങൾ, 'നടു

-

മിറ്റത്ത്' 'മണപ്പുറത്ത്' തുടങ്ങിയ സ്ഥലങ്ങൾ, 'കുപ്പിക്കുടം കൊ് 'കോരിനനക്കുക' 'മുക്കിനനക്കുക' 'നിന്നൂരുക' തുടങ്ങിയ പ്രയോഗങ്ങൾ തുടങ്ങിയവയെല്ലാം പ്രാദേശികത്തനിമയെ ബോധ്യപ്പെടുത്തുന്നു. 'ഇന്നലെ ഞാനൊരു മുല്ലനട്ടു' എന്ന പാട്ടിലെ കുട്ടിക്ക് മുല്ലപൂവിനോടുള്ള അമിത ഇഷ്ടം തന്നെയാണ് ഇവിടെ കുട്ടിക്ക് മൈലാഞ്ചിയോടും ഉള്ളത്.

'പുള്ളിമൈലാഞ്ചി' എന്നതിലൂടെ മൈലാഞ്ചിയിടുന്ന രീതി കൂടി സൂചിപ്പിക്കപ്പെടുന്നു. വിവാഹങ്ങൾക്ക് പ്രത്യകിച്ചും മുസ്ലീം വിവാഹങ്ങൾക്ക് ഇന്നും ഒഴിച്ചുക്കൂടാനാവാത്ത മൈലാഞ്ചിയുടെ പ്രാധാന്യം, സമൃദ്ധി തുടങ്ങിയവ വെളിപ്പെടുന്നു. കൈകൊട്ടികളി എന്ന കലാരൂപത്തിന്റെ പ്രത്യേകതകളും മുസ്ലീം സമുദായവിശേഷതകളും പ്രതിഫലിപ്പിക്കുന്ന ഈ നാടൻപാട്ട് ഒരു സംക്രമണകാലഘട്ടത്തിൽ ഉാക്കപ്പെട്ട ഒന്നാണ്.

### 260. അന്നന്നു കന്നിമാർ

ഇതൊരു കൃസ്ത്യൻ മൈലാഞ്ചിപ്പാട്ടാണ്. മംഗല്യം വാഴുവാൻ പ്രാർത്ഥിച്ചുകൊ് മനുഷ്യന് നിഷേധിക്കപ്പെട്ട കനി കൈ കൊ് പറിച്ചതു കൊുള്ള പാപം കളയാനാണ് കൈപ്പടത്തിൽ മൈലാഞ്ചി പൊതിയുന്നത്. കാലുകൊ് നടന്നെത്തിയാണ് കനി തിന്നത്. അതിനാൽ കാലിന്റെ നഖത്തിലും മൈലാഞ്ചി പൊതിയുന്നു. ദീർഘസുമംഗലിയായിരിക്കാനും സർവ്വസൗഭാഗ്യങ്ങളും ഉാകുവാനുമായി പ്രാർത്ഥിച്ചുകൊാണ് മൈലാഞ്ചിയിടൽ ചടങ്ങ്. ഭംഗ്യന്തരേണ ഈ കനി തിന്നതുകൊാണല്ലോ ഈ ജനസമൂഹം ഉായത്. ഞങ്ങൾ ആദ്യമേ പ്രായശ്ചിത്തം ചെയ്തുകൊ് ആ കനി അഥവാ വൈവാഹികജീവിതത്തിലേക്ക് പ്രവേശിക്കാൻ പോവുകയാണ് എന്ന സൂചനയാണിവിടെ.

### 261. മയ പെയ്ത് മയ പെയ്ത്

മഴ വന്നതിലുള്ള സന്തോഷവും പിന്നീട് മഴ നില്ക്കാതെ പെയ്തതിന്റെ തിക്തഫലങ്ങളും ദാരിദ്ര്യവും വിവരിക്കുന്നതിലൂടെ മനുഷ്യജീവിതം എത്രത്തോളം പ്രകൃതിയെ ആശ്രയിച്ചായിരുന്നു എന്ന് വ്യക്തമാക്കുന്നു. മഴ വന്നപ്പോൾ പ്രകൃതിയിലുായ മാറ്റവും കൃഷിയാരംഭിക്കുന്നതും ജീവിതം സൗകര്യപ്രദമായി ആഹ്ലാദത്തിൽ മുന്നോട്ടുകൊുപോയതും സന്തോഷത്തോടെ വർണ്ണിക്കുന്നു. എന്നാൽ മഴ തോരാത്തപ്പോൾ വീട് നാശമായി ജീവിക്കാൻ ബുദ്ധിമുട്ടായതും ദിവസങ്ങൾ കഴിഞ്ഞപ്പോൾ പിടിയരിയും തീർന്ന് ചക്കപോലും പറിക്കാനില്ലാതെ പട്ടിണിയായതും വിവരിക്കുന്നതിലൂടെ ഒരു കർഷകത്തൊഴിലാളിയുടെ ജീവിതമാണ് ചിത്രീകരിക്കുന്നത്. വഴിമുട്ടിയപ്പോൾ കെട്ടിങ്ങട്ടെട്ത്തിനി ഇമ്മാതിരി കുരുപ്പിനെ എന്ന് പ്രാകുന്ന അമ്മ കുട്ടിക്ക് ഈ ര് ഭാവവും വിവരിച്ച് യാഥാർത്ഥ്യത്തെ ബോധ്യപ്പെടുത്തുന്ന രീതിയിലാണുള്ളത്. 'കർക്കടം ദുർഘടം' എന്ന ചൊല്ലിന്റെ സത്യമാണ് ഇവിടെ തെളിയുന്നത്.

### 262. ഉരുളിയുരുള്ണ്....

-

പാടത്ത് പണിയെടുക്കുന്ന അമ്മയേയും നോക്കി വരമ്പത്തിരിക്കുന്ന കുട്ടി വെയിലിന്റെ അതികാഠിന്യത്തെ രസകരമായി ആവിഷ്കരിക്കുകയാണിവിടെ. ചൂട് സഹിയാഞ്ഞ് കിടന്നുരുളുന്ന ഉരുളി, പൊരിയുന്ന നെല്ല്, തളരുന്ന തളിരിലകൾ, ചുട്ട് പഴുത്ത് വികസിച്ച് പൊളിഞ്ഞ് വീഴുന്ന മതിലുകൾ, കരിയുന്ന പൂക്കൾ, ചൂടിൽ നിന്ന് രക്ഷ നേടാനായി ഓടുന്ന കിണ്ണം, മുന്ന കി, ഇതെല്ലാം ക് നില്ക്കുന്ന ഞാനുമോട്ണ് എന്ന കുട്ടിയുടെ വാക്കുകളിൽ ഇത്രയൊക്കെയായിട്ടും എന്റമ്മയും അച്ഛനും പ്രഭാതം മുതൽ പ്രദോഷം വരെ വെയിലു മുഴുവൻ തലയിലേറ്റി പണി യെടുക്കേി വരുന്നല്ലോ എന്ന് ഖേദിക്കുന്നു. വേനലിന്റെ കാഠിന്യം പ്രകൃതിയെയും ചുറ്റുപാടുകളെയും അചേതന വസ്തുക്കളെപ്പോലും എങ്ങനെയെല്ലാം സ്വാധീനി ക്കുന്നു എന്നും കാവ്യാത്മകമായി ചിത്രീകരിക്കാൻ ഈ പാട്ടിലൂടെ സാധിക്കുന്നു.

**279. അമ്പാട്ടമ്മേ...**

പാലക്കാട് ജില്ലയിൽ ഇന്നും പ്രചാരത്തിലുള്ള 'അമ്പാട്ടമ്മയും പൈക്കുട്ടീം' കളിയിലെ പാട്ടാണിത്. എണ്ണി പത്താകുന്നവർ പുറത്ത് പോകുന്നു. അവസാനം പുറ ത്തായവർ പൈയ്ക്കുട്ടിയും ശേഷിക്കുന്ന ആൾ അമ്പാട്ടമ്മയും. പൈക്കുട്ടി കണ്ണ് വെട്ടിച്ച് വൃത്തത്തിനകത്തെ നെല്ല് തിന്നുന്നു. കാവൽക്കാർ അമ്പാട്ടമ്മയെ വിളിച്ച് പ രാതിപ്പെടുന്നു. പരാതിയും ഉത്തരങ്ങളും അമ്പാട്ടമ്മയുടെ ചോദ്യവും വരവും രസാ വഹമാണ്. കാവൽക്കാർ പൈക്കുട്ടിയുടെ ഭാഗം പിടിക്കുന്നു. അമ്പാട്ടമ്മ മരുമക്ക ത്തായ വ്യവസ്ഥിതിയിലെ കാരണവത്തിയുടെയോ അധികാര കേന്ദ്രത്തിന്റെയോ പ്രതീകമാവാം. നെല്ല് കാക്കേ കാവൽക്കാർ നെല്ല് തിന്നുന്ന പശുക്കുട്ടിയുടെ സംര ക്ഷകരാകുന്നതോടെ മരുമക്കത്തായ വ്യവസ്ഥിതിയുടെ തകർച്ചയും സംരക്ഷിക്കേ വർ തന്നെ ശത്രുക്കളാവുമ്പോഴുള്ള അവസ്ഥയും ചിത്രീകരിക്കുന്നു. മറ്റൊരു വീക്ഷ ണത്തിൽ കാരണവത്തിയുടെ കീഴിലുള്ള 'മരുമക്കൾ' തറവാട്ടു മുതൽ തന്നി ഷ്ടപ്രകാരം ഉപഭോഗം ആരംഭിക്കുന്നതും സമൂഹം അതിനൊത്താശ നല്കുന്നതും തറവാട്ടമ്മ അതിനെ പുനഃസ്ഥാപിക്കാൻ ശ്രമിക്കുന്നതുമാവാം. കെട്ട് പൊട്ടിച്ച് പ ുറത്തു കടന്ന മരുമക്കളെ കാർണോത്തി നിയന്ത്രിക്കാനും ശാസിക്കാനും ശ്രമിക്കു ന്നതും ജനക്കൂട്ടായ്മ സംരക്ഷിക്കുന്നതുമാവാം. ഏതായാലും ഒരു ദായക്രമത്തിലെ വ്യതിയാനഘട്ടമാണ് ഇവിടെ പ്രകടമാകുന്നത്.

**280. കട്ടുറുമ്പിനു . . .**

കട്ടുറുമ്പിന്റെ കാത്കുത്ത് മഹോൽസവമാണ് വിഷയം. ഇവിടെ കട്ടുറുമ്പ് എന്നുദ്ദേശിച്ചത് കട്ടുറുമ്പിനെപോലെ കടിച്ച് 'പൊള്ളിയ്ക്കാൻ കഴിവുള്ള ഉപദ്രവി യ്ക്കുന്ന കുട്ടി എന്നാവാം. ആ കുട്ടിയുടെ ഉപനയനമാണ്. അതിൽ സുപ്രധാന ചട ങ്ങാണ് കാത് കുത്തൽ. ഈ ചടങ്ങിന് ധാരാളം ദർഭപുല്ല് അത്യാവശ്യമാണ്. ആ പ ുല്ല് വേലി കെട്ടി സംരക്ഷിച്ചിരുന്ന താൻ അത് അറുത്ത് കെട്ടി കൊുകൊടുത്തപ്പോൾ പ്രതിഫലമായി ഉരിയരികിട്ടി. ഇവിടുന്ന് ആത്തോലമ്മയും ഉരിയരി നൽകി. പക്ഷേ ഇതൊന്ന് കാച്ചികുടിയ്ക്കണമെങ്കിലോ വിറകില്ല. അങ്ങനെ വിറക് അന്വേഷിച്ചുചെന്ന പ്പോൾ വിറകിൽ എല്ലാം ചോര. എന്തോ സംഭവം നടന്നിട്ടു്. എങ്കിലും വിറകെടു ക്കുക തന്നെയെന്നുറച്ച് അത് കഴുകി വൃത്തിയാക്കാനായി ആറ്റിൽചെന്നപ്പോൾ അതി ലപ്പിടി വാളമീൻ. അതിൽ മോഹിച്ചു അതിനെപിടിയ്ക്കാനായി വള്ളിയ്ക്ക് പോയ

-

പ്പോൾ വള്ളിയിൽത്തട്ടി വീണു. അതുവരെ താൻ വിചാരിച്ചതെല്ലാം വെള്ളത്തിലായ അവസ്ഥ. ഈ പാട്ടിൽ ദാരിദ്ര്യമാണ് വിഷയം. പക്ഷേ വിധിവൈപരീത്യത്താൽ, തന്റെ ദീർഘ വീക്ഷണത്തിലൂടെ കുപിടിച്ച ജീവനമാർഗ്ഗങ്ങൾപോലും ഉപ യോഗയോഗ്യമാവാതെ പോയ നിസ്സഹായാവസ്ഥയും ദുരിതവും ഭംഗ്യന്തരേണ സൂചിപ്പിക്കുകയാണിവിടെ. ഒപ്പം പുതിയ പുതിയ മേച്ചിൽപ്പുറങ്ങൾതേടി ഒന്നിലും ഉറച്ചുനില്കാത്ത മനുഷ്യപ്രകൃതിയെ പരിഹസിക്കുക കൂടിയാണിവിടെ.

### 283. നല്ലത് നല്ലത്...

കേരളീയ ആഹാരരീതിയിലെ മുഖ്യഇനമായ പച്ചില വർഗ്ഗങ്ങളുടെ പ്രാധാന്യത്തെ മുത്തശ്ശി കുട്ടിക്ക് പറഞ്ഞു കൊടുക്കുന്ന തരത്തിലുള്ള ഈ സംഭാഷ ണപാട്ടിലൂടെ ഇവിടെ സുലഭമായി ലഭിക്കുന്ന ഇലവർഗ്ഗങ്ങളെ ആഹാരത്തിൽ ഉൾപ്പെ ടുത്തേതിന്റെ പ്രാധാന്യത്തെ ബോധ്യപ്പെടുത്തുന്നു.

### 284. മണ്ണേ നമ്പി....

ആദിവാസികളിൽ[48] ഒരു വിഭാഗമായ ഇരുളർ സസ്യജാലങ്ങളെ സംരക്ഷിക്കേ തിന്റെ ആവശ്യകതയെ കുട്ടിക്ക് ബോധ്യപ്പെടുത്തുന്ന ഒരു പാട്ടാണിത്. മണ്ണിനെ ആശ്രയിച്ച് മരവും മരത്തെ നമ്പി കൊമ്പ്, ഇല, പൂവ്, കായ, പഴം തുടങ്ങിയവയും ഉാവുന്നു. ഈ പഴത്തെ നമ്പി നീയും നിന്നെ നമ്പി ഞാനും ഇരിക്കുന്നു എന്നതിലൂ ടെ കുട്ടിയുടെ പഴം ശേഖരിക്കാനുള്ള മിടുക്കും വനവിഭവശേഖരണത്തിലെ പ്രാഗ ത്ഭ്യവും ആശ്രയിച്ചാണ് പ്രായമായ തന്റെ ജീവിതം എന്ന് സ്ഥാപിച്ചെടുക്കുകയാണ്. ഇരുളരുടെ ജീവിതവും അതിൽ പ്രകൃതിവിഭവങ്ങൾക്കുള്ള പ്രാധാന്യവും അവർക്ക് കുട്ടികളിലുള്ള പ്രതീക്ഷകളും ബോധ്യപ്പെടുന്നു. ഒപ്പം പ്രകൃതി അഥവാ മണ്ണാണ് എല്ലാറ്റിനും ആധാരം എന്ന കാഴ്ചപ്പാടും വ്യക്തമാണ്.

### 285. പൂ പത്ത്...

പൂത്ത് മാങ്ങ പിടിച്ച് വലുതായി കിടക്കുന്ന ഫലസമ്പുഷ്ടതയെ കുറിക്കുന്ന ഈ പാട്ടിലൂടെ കേരളീയരുടെ ഇഷ്ടഫലമായ മാമ്പഴവും മാമ്പഴക്കാലവും അതി ലുള്ള സമൃദ്ധിയും അനുസ്മരിക്കുകയാണിവിടെ.

### 290. വന്നുദിച്ചേ നിന്നുദിച്ചേ

കേൾക്കുമ്പോൾ ശുദ്ധ അസംബന്ധമെന്ന് തോന്നിക്കുന്ന ഈ പാട്ട് ചെറിയ കുട്ടികൾക്ക് പ്രകൃതിയെ പരിചയപ്പെടുത്താനായി വയനാട്ടിലെ വനവാസി വിഭാഗങ്ങ ളിലെ ആളുകൾ ഉപയോഗിച്ചുവരുന്നു. 'ആദിത്യപകവാൻ' ഇന്ന് വന്ന് ഉദിക്കാനെ ന്താ ഇത്ര താമസിച്ചത് എന്ന ചോദ്യത്തിന് ആനകേറാമാമലയിൽ ആനകളിക്, കുതിര കേറാമാമലയിൽ കുതിരകളിക്, കുയിലുകൂകാമാമലയിൽ കുയിലൂത്തുകേട്ട്, മയിലു കേറാമാമലയിൽ മയിലാട്ടംക്, കോഴികേറാമാമലയിൽ കോഴിപ്പോര് ക്, തത്തകേറാ മാമലയിൽ തത്തപായ്യാരം കേട്ട് എന്നിങ്ങനെ പ്രകൃതിയിലെ ജീവികളെയും അവ യുടെ ഏറ്റവും രസകരമായ പ്രത്യേകതകളെയും ഭംഗിയേയും വിവിധഭാവങ്ങളെയും മനസ്സിലേക്ക് ആവാഹിച്ച് പ്രകൃതിയെ മനസ്സിൽ കുടിയിരുത്തുകയാണ് ചെയ്യുന്നത്. സൂര്യഭഗവാൻ പോലും ജീവികളുടെ സുന്ദരഭാവങ്ങളിൽ ലയിച്ച് നിന്ന് തന്റെ ധർമ്മ മായ 'ഉദയം' മറന്ന് പോകുന്നു എന്ന സങ്കല്പം തന്നെ പ്രകൃതിയുടെ മനോഹാരിത

-

വ്യക്തമാക്കുന്നു. ആനകേറാമാമലയിലെ ആനകളി, കുയിലുകൂകാ മാമലയിലെ കുയിലൂത്ത് തുടങ്ങിയവ സാങ്കല്പികമാണ് എന്ന് വ്യക്തം. 'സൂര്യൻ' എന്ന പ്രപഞ്ച പ്രതിഭാസത്തിന്റെ യാഥാർത്ഥ്യവും പ്രാപഞ്ചികവസ്തുക്കളുടെ നിലനില്പില്ലായ്മയും ഭംഗ്യന്തരേണ സൂചിപ്പിക്കുന്ന ഈ പാട്ടിലൂടെ കുട്ടിക്ക് പ്രകൃതി വസ്തുക്കളെയും അവയുടെ പ്രത്യേകതകളെയും നിരീക്ഷിക്കാനും പ്രാപഞ്ചികവസ്തുക്കളുടെ രസികത്വം ദർശിക്കാനുമുള്ള ഒരു പ്രചോദനമാണ് നല്കുന്നത്. പ്രകൃതിയിലെ ജീവികൾ നമ്മുടെ നിലനില്പിന് അത്യന്താപേക്ഷിതമാണ് എന്ന ബോധത്തെ ഉറപ്പിക്കാൻ ഈ പാട്ടിലൂടെ ശ്രമിക്കുന്നു. ചില പ്രദേശങ്ങളിൽ കൊച്ചുകുട്ടികളെ ഉറക്കാൻ ഈ പാട്ട് ഉപയോഗിക്കുന്നു്. ഭാവനയും സാഹിത്യാഭിരുചിയും വളർത്താൻ ഈ പാട്ട് പ്രയോജനപ്രദമാണ്.

### 299. കൂനാ കൂനാ....

കൂനന്റെ മനോഭാവത്തെയാണ് ഇവിടെ കളിയാക്കുന്നത്. കൂനൻ ആനക്കൊളത്തില് കുളിയ്ക്കാൻ പോകുകയാണ്. കൂനന്റെ വിചാരത്തിൽ ആന കുളിയ്ക്കുന്ന കുളത്തിൽ ചെന്നാലേ തന്റെ പുറത്തുള്ള കൂനിന് മുങ്ങാൻ പറ്റൂ എന്നാണ്. ആന വന്നെങ്കിലെന്തു ചെയ്യും എന്ന ചോദ്യത്തിന് കൂനൻ നൽകുന്ന മറുപടി കൂന് വലിച്ചൊരു കുത്തു കൊടുക്കും എന്നാണ്. ഈ നർമ്മബോധത്തിൽ ചാലിച്ച മറുപടി ആനയെക്കാൾ വലിപ്പമുന്നെ് വിചാരിക്കുന്ന കൂനിനെയും തന്റെ ശക്തിയെയും കുറിച്ചുള്ള അഭിമാനമാണ്. കൂനന്റെ ഇത്തരം ചിന്തകളെയാണ് ഈ പാട്ടിലൂടെ പരിഹസിയ്ക്കുന്നത്.

### 311. കട്ടുറുമ്പിന്റെ...

കട്ടുറുമ്പിന്റെ കാതുകുത്തു വിശേഷങ്ങളാണ് ഈ പാട്ടിൽ സൂചിതം. കാട്ടിൽ അത്യാഘോഷപൂർവം കാതുകുത്ത് കല്യാണം നടക്കുന്നു. അരിയുമായി ആന, വിറകുമായി ചുലിെ, വെച്ചുവിളമ്പാൻ ഈച്ച, വേവു നോക്കാൻ പൂച്ച, എന്നിങ്ങനെ വിവിധ സഹായങ്ങൾ ചെയ്തു. ഗംഭീരസദ്യയൊരുക്കി. എന്നാൽ അപ്പോഴും കുട്ടിക്കു മാത്രം കിട്ടിയില്ല എന്ന സങ്കടം. ഇവിടെ പ്രകൃതിയിലെ മറ്റെല്ലാ ജീവജാലങ്ങളും തമ്മിലുള്ള പരസ്പരസഹകരണവും മനുഷ്യജീവിതത്തിൽ മാത്രം കാണുന്ന വേർതിരിവും പ്രകടമാണ്. എല്ലാറ്റിനെയും ഒരു പോലെ കാണുന്ന കുട്ടിയ്ക്ക് ഈ പ്രവണത സങ്കടമുാക്കുന്നു.

### 312. മഞ്ഞച്ചേരേ . . .

ഓരോ ജനവിഭാഗത്തിലും[49] (സമുദായം) മഞ്ഞച്ചരടിന്റെ ഉപയോഗത്തെ കളിയാക്കുകയാണിവിടെ. തമ്പുരാക്കൻമാരുടെ പൂണൂൽച്ചരട്, എമ്പ്രാന്മാരുടെ താലിച്ചരട്, പട്ടന്മാരുടെ പാളയ്ക്കത്താർ, നായന്മാരുടെ പാളേങ്കയറ് മാപ്പിളമാരുടെ കാളക്കയറ് ഇതിനെല്ലാം മഞ്ഞനൂലാണ് ഉപയോഗിയ്ക്കുക. ഈ ജനവിഭാഗങ്ങളുടെ തൊഴിലുമായും ജീവിതവുമായും ഏറെ ബന്ധപ്പെട്ട് കിടക്കുന്ന പ്രയോഗങ്ങളാണുള്ളത്. തമ്പുരാക്കൻമാരുടെ (ജന്മികൾ) പൂണൂൽച്ചരട് അവരുടെ കുലതൊഴിലിനെ പ്രാപ്ത

-

മാക്കുന്ന രേഖയാണെങ്കിൽ, എമ്പ്രാന്മാരുടെ താലിച്ചരട് മരുമക്കത്തായ വ്യവസ്ഥ യിൽ അവരുടെ ജീവിതത്തെ നിർണ്ണയിക്കുന്നതാണ്. പട്ടന്മാരുടെ പാളയ്ക്കത്താർ കേരളത്തിൽ അവരുടെ അസ്ഥിത്വത്തെയും ജീവിത വൃത്തിയെയും വേർതിരിച്ചു കാണിക്കുന്നു. നായന്മരാരുടെ പാളേങ്കയറ് അവരുടെ കാര്യസ്ഥവൃത്തിയുടെ സൂചനയും മാപ്പിളമാരുടെ കാളക്കയറ് അവരുടെ കാളപൂട്ടലിന്റെയും കാർഷിക വൃത്തിയുടെയും പ്രതീകവുമാണ്. മഞ്ഞച്ചേരയുടെ വാല് എന്നതിലൂടെ പ്രാകൃതിക വസ്തുക്കളും ജീവിതങ്ങളും എങ്ങനെ ഓരോരുത്തരും അവരവരുടെ ഉപജീവന ത്തിനായി ഉപയോഗിയ്ക്കുന്നു എന്ന് നർമ്മത്തിന്റെ ഭാഷയിൽ വ്യക്തമാക്കുകയാണി വിടെ. വിഭാഗീയതയ്ക്കപ്പുറം ഏത് സമൂഹത്തിനും ഉപജീവ്യമാണ് പ്രകൃതി എന്ന യാഥാർത്ഥ്യത്തെയും വെളിപ്പെടുത്തുന്നു.

### 313. ആ ആ...

ആല്, മാവ്, പാല തുടങ്ങിയ വൃക്ഷങ്ങളും അതിൽ കൂട് വെച്ച് താമസിക്കുന്ന പക്ഷികളും തമ്മിലുള്ള ബന്ധവും പൂവമ്മയോട് ഈ പക്ഷികൾക്കുള്ള വാത്സല്യവും സൂചിപ്പിക്കുന്നു. പക്ഷികളും വൃക്ഷങ്ങളും തമ്മിലുള്ള പരസ്പരാശ്രിതത്വവും അതു വഴി പ്രകൃതിയിൽ എല്ലാവരും ജീവിക്കേ രീതിയും സ്പഷ്ടമാക്കുന്നു. പ്രകൃതി യിലെ സർവജീവജാലങ്ങളും അവനെപ്പോലെ സ്വാതന്ത്ര്യത്തോടെയും സന്തോഷ ത്തോടെയും ജീവിക്കുന്നവരായിരിക്കണം എന്ന കുട്ടിയുടെ കാഴ്ചപ്പാടാണ് ഇവിടെ വ്യക്തമാകുന്നത്. അവനെ സംബന്ധിച്ച് എല്ലാം കുടുംബക്കാരാണ്. അന്യനില്ല.

### 318. ചന്തത്തിൽ മുറ്റവും

ഈ പ്രസിദ്ധമായ ഓണപ്പാട്ടിലൂടെ ഒരു കാലഘട്ടം തന്നെയാണ് അനാവരണം ചെയ്യപ്പെടുന്നത്. മരുമക്കത്തായ വ്യവസ്ഥയിൽ വളർത്തപ്പെട്ട ഒരു കുടുംബത്തിന്റെ ശിഥിലീകരണവും അനിശ്ചിതത്വവും പ്രതിഫലിക്കുന്ന ഈ പാട്ടിൽ ഇല്ലായ്മയുടെ അഥവാ ദാരിദ്ര്യത്തിന്റെ വേദനകളാണ് നിഴലിക്കുന്നത്. ദു:ഖത്തിന്റെ ആഴക്കട ലിൽ പതിക്കുന്ന കുട്ടി തന്റെ ചിരകാലസ്വപ്നങ്ങളായ ഓണപൂവിളികളും പ്രതീക്ഷക ളുമില്ലാതെ പരിദേവനങ്ങളിൽ മുഴുകുന്നു. ഓണത്തിന് കിട്ടാറുള്ള സമ്മാനം, ഓണ സദ്യ, സ്ത്രീകൾക്ക് ഒരുക്കാറുള്ള താലിക്കൂട്ടങ്ങൾ, ഇവയ്ക്കെല്ലാമുപരി ഓണ ത്തിന്റെ കുടുംബാംഗങ്ങളുടെ അപൂർവ്വമായ ഒത്തുചേരൽ, കൈമാറാറുള്ള ആചാര ങ്ങൾ തുടങ്ങിയവ വിസ്മൃതിയിലേക്ക് പൊയ്കഴിഞ്ഞു. ഇവിടെ മരുമക്കത്തായ വ്യവസ്ഥയിൽ നിന്ന് അകലുകയും അമ്മാവൻ, അമ്മായി, കാരണവർ, തുടങ്ങിയവ രുടെ അധികാരങ്ങളിൽ നിന്ന് വിടുകയും എന്നാൽ മക്കത്തായ വ്യവസ്ഥിതിയിലേക്ക് എത്തിപ്പെടാതിരിക്കുകയും ചെയ്ത ഒരു കാലഘട്ടമാണ്[50] അനാവരണം ചെയ്യപ്പെട്ടിരി ക്കുന്നത്. പന്തുകളിച്ചീല, പന്തലുമിട്ടീല എന്നതിൽ കുട്ടിത്തത്തിന്റെ ആഗ്രഹങ്ങളും സഫലമാവാത്തമോഹങ്ങളും സൂചിപ്പിക്കപ്പെടുമ്പോൾ അമ്മാവൻ വന്നീല സമ്മാനം തന്നീല എന്നതിലൂടെ സാമൂഹ്യവ്യവസ്ഥിതിയേയും അലിഖിതമായ ആചാരമര്യാദക ളെയും സൂചിപ്പിക്കുന്നു. അച്ഛനും വന്നീല ആടകൾ തന്നീലാ എന്നതിലൂടെ വിശേ ഷാവസരങ്ങളിൽ മാത്രം കുടുംബത്തിൽ ഒത്തുചേരുകയും വസ്ത്രാദികൾ വാങ്ങിച്ചു

-

കൊടുക്കുകയും മറ്റും ചെയ്യാറുള്ള അച്ഛൻ വന്നില്ലല്ലോ എന്ന കുട്ടിയുടെ സങ്കടത്തെ പ്രതിഫലിപ്പിക്കുന്നു.

നെല്ലുമുണങ്ങീല തെല്ലുമുണങ്ങീല എന്ന വരികൾ കൃഷിക്ക് അന്ന് നൽകപ്പെട്ടിരുന്ന പ്രാധാന്യവും എല്ലാമുായിട്ടും വ്യവസ്ഥയുടെ അനാസ്ഥമൂലം കഷ്ടപെടുന്ന മനസ്സുകളെയും അനാവരണം ചെയ്യുന്നു. ഓണാഘോഷ ഒരുക്കങ്ങളുടെ അഭാവമോ, പോരായ്മയോ ആണ് ഈ വരികളിൽ സൂചിതമാകുന്നത്. 'പിള്ളേരു വന്നീല പാഠം നിറുത്തീല' എന്ന വരികളിൽ നിന്ന് പാഠം നിറുത്താത്തതിനാൽ പള്ളേര് വന്നില്ല (പള്ളിക്കൂടമടച്ചില്ല) എന്ന പരിഭവവും 'തട്ടാനും വന്നില്ല താലികൾ തീർത്തില' എന്നതിലൂടെ സാധാരണയായി ആഭരണങ്ങൾ പണിയിപ്പിക്കുന്നരീതിയും അവതാളത്തിലായി എന്നും വ്യക്തമാവുന്നു. പിള്ളാരു വന്നീല – ഒത്തുചേരാറുള്ള കുഞ്ഞുങ്ങളുടെ അഭാവം ഉത്സവഛായയെ ഇല്ലാതാക്കുന്നു. ഓണം മുതൽ ആരംഭിക്കുന്ന വിവാഹാദിപരിപാടികൾ, അതിന്റെ മുന്നോടിയെന്നോണം പണിയിക്കപ്പെടുന്ന ആഭരാണാദി അലങ്കാരങ്ങൾ എല്ലാം സ്വപ്നമാവുമ്പോൾ വരുന്ന ഭാവഭേദങ്ങൾ കുഞ്ഞേലിപ്പെണ്ണിന്റെ മത്തികറക്കുന്നതും മറ്റുമാണ്. മരുമക്കത്തായത്തിന്റെ ശിഥിലീകരണഘട്ടത്തിൽ കുടുംബത്തിൽ വന്ന ച്യുതികളും സാമ്പത്തിക ഭദ്രതയില്ലായ്മയും അരക്ഷിതാവസ്ഥയും സങ്കടങ്ങളുമാണ് അനാവരണം ചെയ്യപ്പെടുന്നത്. ഇതിനേക്കാൾ കുട്ടിയെ വിഷമിപ്പിക്കുന്നത് നങ്ങേലിപെണ്ണിന്റെ അങ്ങേര് വരാത്തതിലാണ്. ദാമ്പത്യബന്ധത്തിന്റെ സ്ഥിരതയില്ലായ്മയും അനിശ്ചിതത്വത്തിലുള്ള ജീവിതവുമാണ് സൂചിതം. ഒരു വ്യവസ്ഥിതിയിൽ വന്ന മാറ്റം സൃഷ്ടിക്കുന്ന പാർശ്വഫലങ്ങളുടെ ചിത്രണം പൂർണ്ണമായിതന്നെ ആവിഷ്കരിക്കാൻ ഈ നാടൻകുട്ടിപ്പാട്ടിലൂടെ സാധിക്കുന്നു. മരുമക്കത്തായ വ്യവസ്ഥിതിയിൽ വന്ന മാറ്റം മലബാറിനേക്കാൾ ബാധിച്ചത് തെക്കൻ പ്രദേശങ്ങളിലാണ്. 'പിള്ളേരു വന്നീല' എന്ന പ്രയോഗത്തിലൂടെ തെക്കൻ പ്രദേശങ്ങളിൽ പ്രചരിക്കപ്പെട്ട പാട്ടാണ് എന്ന് വ്യക്തമാവുന്നു.

ഓണവുമായി ബന്ധപ്പെട്ട സാമൂഹ്യാചാരമായി മാറ്റപ്പെട്ട ഓണസമ്മാനവും, ഓണക്കോടി (ഓണപുടവ), ഓണക്കളികൾ, ഓണസദ്യാ തുടങ്ങിയ മേഖലകളെയെല്ലാം ഈ പാട്ടിൽ സ്പർശിക്കപ്പെട്ടിട്ട്. ഓണത്തെക്കുറിച്ചുള്ള പ്രതീക്ഷകൾ യഥാർത്ഥത്തിൽ ജീവിത പ്രതീക്ഷകൾ തന്നെയാണ്. ഓരോവ്യക്തിയുടെയും ജീവിതത്തിന്നത്യാവശ്യമായ വസ്തുവകകൾ ലഭിക്കാൻ സാധ്യതയുള്ള കാലമാണ് ഓണക്കാലം. അതുകൊുതന്നെ മലയാളികളുടെ ജീവിതത്തിന്റെ ചിത്രണം തന്നെയാണ് ഇവിടെ സാധ്യമാകുന്നത്.

**319. കോയിക്കാ . . .**

കോയിക്കൽ അഥവാ കോയിലകത്തിന്റെ[51] വാതുക്കൽ തീയ്ക്ക് ചെന്നപ്പോൾ നിന്ന് നിന്ന് കുഴങ്ങി എന്ന് മാത്രമല്ല നത്ത് കയറി കടിച്ച് കയ്യൊടിഞ്ഞും പോയി. ഇവിടെ തീയ്ക്ക് ചെന്നത് പകൽ. പാതിരാവോളം കാത്തുനിന്നിട്ടും കിട്ടിയില്ല എന്ന് മാത്രമല്ല കയ്യൊടിഞ്ഞ് പണിയായിത്തീരുകയും ചെയ്തു. കൊച്ചു പൂച്ചക്ക് ഇത്തിരി പാല് കൊടുത്തപ്പം അത് നക്കി നക്കി കൈനിവർന്നു. ഇവിടെ മനുഷ്യന്റെ ഔദാര്യത്തിനായി മണിക്കൂറുകളോളം കാത്തുനിന്നിട്ടും സാധിച്ചില്ല. എന്നാൽ ചെറിയ ഒരു സഹായത്തിന് പൂച്ച തന്റെ വിഷമത്തെ തീർത്തിരിക്കുന്നു. മനുഷ്യന്റെ കാപട്യവും മൃഗങ്ങളുടെ സ്നേഹവും എടുത്തു കാണിക്കുന്നു.

-

ആശ്രയം വരുത്തുന്ന പ്രശ്നങ്ങളും നൽകുമ്പോഴുള്ള ആശ്വാസവും വ്യക്തമാണ്. തന്നെ സഹായിക്കേവർ ഗൗനിക്കാതിരിക്കുന്ന അവസ്ഥയാണ് സൂചിതം. വളരെ ചെറിയ ആവശ്യങ്ങൾക്ക് പോലും അധികാരികളുടെ മുന്നിൽ കാത്തുകെട്ടിനിന്നിട്ടും ലഭിക്കാത്ത സാധാരണക്കാരന്റെ അവസ്ഥയും മൃഗങ്ങളെപ്പോലും നാണിപ്പിക്കുന്ന രീതിയിലുള്ള കാരുണ്യമില്ലായ്മയും ഈ വരികളിൽ തെളിയുന്നു.

-

### 321. അപ്പന്റെ മുറ്റത്തൊരു . . .

ഏറെ രസകരമായ ഒരു ഓണപ്പാട്ടാണിത്. സമർപ്പണത്തിന്റെ മാധ്യമമായ പൂവിന്റെ പ്രത്യേകിച്ചും തുമ്പപ്പൂവിന്റെ പരിശുദ്ധിയും എളിമയും ക് സന്തോഷം പൂ മാവേലിത്തമ്പുരാൻ കല്പിച്ചനുവദിച്ച മഹനീയ സ്ഥാനം ഇതിൽ വ്യംഗ്യമായി സൂചിപ്പിയ്ക്കപ്പെട്ടിരിയ്ക്കുന്നു. മൃദുലഹൃദയരും പരിശുദ്ധരുമായ സാധാരണ ജനങ്ങളും അവരുടെ അധ്വാനവും ഒപ്പം അധികാരസ്ഥാനീയനായ തമ്പുരാന്റെ ചൂഷണവും തമ്മിലുള്ള ഒരു താരതമ്യപഠനമാണിവിടെ നടക്കുന്നത്.

### 322. നാടായ നാടെല്ലാം

ദാരിദ്ര്യത്തെ അതിന്റെ തനതായ ഭാഷയിൽ അവതരിപ്പിക്കുന്ന ഒരു പാട്ടാണിത്. നാട് മുഴുവൻ പുല്ല് മുളച്ച സമയത്ത് തേയിക്ക് പുല്ല് വിറ്റ് ജീവിക്കാമല്ലോ എന്ന് ആശയായി പുല്ല്മ്മേ കള്ള് നട്ടു. മഴ തന്ന ദൈവത്തെ സ്തുതിച്ചു. അവൾ പുല്ലുമായി ആലയിൽ ചെന്നപ്പോൾ പുല്ലുകെട്ട് ക പയ്യിന്റെ കണ്ണ് തള്ളി. പശുപോലും തേയിയുടെ കൂരയിൽ പൊക പൊങ്ങാൻ പ്രാർത്ഥിച്ചുപോയി. പക്ഷേ ഇല്ലത്തെ തമ്പ്രാന് അനക്കമില്ലായിരുന്നു. കല്ലുള്ള അരിയായാലും വേില്ല എന്ന് കരുതി കാത്ത് നിന്ന് കാലടി ചെതലുപിടിച്ചതല്ലാതെ മാറ്റമില്ല എന്നു മാത്രമല്ല മെല്ലെ സൂചിപ്പിച്ചപ്പോൾ തമ്പ്രാൻ ശ്രദ്ധിച്ചുമില്ല. കിട്ടില്ല എന്നുറപ്പായപ്പോൾ പാഞ്ഞ് കൂരയിലെത്തിയപ്പോൾ അവിടുത്തെ കുട്ടികൾ വെശന്നിട്ടലമുറയിടുകയായിരുന്നു. പിള്ളാരെ പൊത്തിപ്പിടിച്ച് കെടന്നപ്പം ക്ഷീണംകൊുറങ്ങിയ തേയി തമ്പ്രാട്ടിക്കുട്ടീടെ കല്ല്യാണക്കോളും സ്വപ്നം ക് കിടന്നു. കുട്ടികളെ കൂട്ടി തെരക്കില് നടന്നപ്പോൾ കാക്ക കരഞ്ഞുപോയി അഥവാ നേരം വെളുത്തിരുന്നു. ചെയ്ത ജോലിക്ക് കൂലി പോലും ലഭിക്കാതെ ജന്മിയുടെ[52] ദയാവായ്പിനായി കാത്തുനിൽക്കേ അവസ്ഥ, കഴിവിന്റെ പരമാവധി കാത്തുനിന്നിട്ടും കിട്ടാതെ വെറുംകയ്യോടെ മടങ്ങി കൂരയിലെത്തിയതും അവിടത്തെ കാഴ്ച്ചയും വളരെ ദയനീയമാണ്. ദാരിദ്ര്യത്തെ ഇത്ര വ്യക്തമായി അവതരിപ്പിക്കാൻ കഴിയുന്ന രംഗങ്ങൾ വിരളമാണ്. ശ്രീമതി ലളിതാംബിക അന്തർജനത്തിന്റെ ഗ്രാമബാലികയിലെ ജാനുവിനെപോലെ ദാരിദ്ര്യത്തിന്റെ പടുകുഴിയിൽ വീണ ഒരു പെൺകുട്ടിയുടെ ജീവിതകഥനമാണിത്.

### 324. അത്തയ്യും കിളിച്ചീലാ

വിളനാശവും അതിന്റെ അനന്തരഫലവുമാണ് ഇവിടെ സൂചിതം. വിതച്ച വിത്തൊന്നും കിളിച്ചില്ല. വളരെ ദുർലഭമായി കിളച്ചുകിട്ടിയ തൈകൾ വളർന്നില്ല. വളർന്നു വന്നതാണെങ്കിൽ ഒന്നും ശരിയായി ഫലം തന്നില്ല. അവസാനം ഗതികെട്ട് കൃഷിമാറ്റി വാഴയും കുരുമുളകും ഒക്കെയാക്കി അത്യധ്വാനം ചെയ്യേിവന്നു. പക്ഷേ വാഴകൂമ്പ് പശുതിന്നുംപോയി കൊടി കരിഞ്ഞും പോയി. ഇത് ക് കൂലിതരേ തമ്പ്രാൻ എല്ലാം പതിരായി അളന്നു. വിത്തിന്റെ മോശംകൊും അശ്രദ്ധകൊും വന്ന വിളനാശത്തിന് കടുത്ത ശിക്ഷ ലഭിച്ചത് അത്യധ്വാനം ചെയ്ത കുടിയാന് മാത്രം. ജന്മി കുടിയാൻ വ്യവസ്ഥയുടെ നീതിബോധത്തിന്റെ അശാസ്ത്രീയതയെ വെളിവാക്കുകയാണിവിടെ. കുടിയാന്റെ ജീവിതത്തിന്റെ ദുരിതവും നിസ്സഹായാവസ്ഥയും

-

ഇതിലൂടെ വ്യക്തമാവുന്നു. പട്ടിണിയാൽ പൊറുതിമുട്ടിയ കുട്ടിക്ക് അമ്മ കൃഷിനാശത്തിന്റെയും ഗതികേടിന്റെയും കഥ വിവരിക്കുകയാണിവിടെ.

### 329. തുമ്പേലരി...

ഓരോരോ ചെറിയ കാര്യം പോലും ഓരോ വിഭാഗത്തിന് തീറെഴുതിയ രീതിയെയാണ് ഈ ഓണപ്പാട്ടിൽ കളിയാക്കുന്നത്. ഓരോരുത്തരുടെയും തൊഴിൽ മേഖലകളെക്കുറിച്ച് ഒരവബോധം സൃഷ്ടിക്കാൻ സഹായിക്കുന്നുവെങ്കിലും നായരുടെ കയ്യിലെ കത്തിയണക്കാനായി നിയമിതനായ കൊല്ലൻ, കൊല്ലന് നൽകിയ നാഴിയൊഴുക്കല്ലരി കുത്തി വെളുപ്പിച്ച് വെയ്ക്കാൻ കൊല്ലത്തിപ്പെണ്ണില്ലാത്തതു കൊള്ളവിഷമം, തുടങ്ങിയവ ശ്രദ്ധിച്ചാൽ പാചകം പെൺമേഖലയാക്കുന്നതിനെയും കത്തിയണയ്ക്കുക എന്ന നിസ്സാര ദൗത്യം പോലും കൊല്ലനെ ഏല്പിക്കുന്നതിനെയും പരിഹസിയ്ക്കുകയാണിവിടെ. തൊഴിലായ്മ പരമ്പരാഗതമായപ്പോൾ വന്ന മനോഭാവമാറ്റമാണ് ഇവിടെ പ്രകടം.

### 333. ഡമ്മിക്കുട്ടൻ

കൊച്ചുകുട്ടികൾ എണ്ണൽക്കളികൾക്കായി ഉപയോഗിക്കുന്ന ഈ താളാത്മക, അന്ത്യാക്ഷരപ്രാസപ്രധാനമായ വരികളിലൂടെ ജീവന് വിലയിടുന്ന സമൂഹത്തെ പരിഹസിക്കുകയാണ്. 'ഡമ്മിക്കുട്ടൻ' എന്ന ഒരു കാലത്ത് ഓമനിച്ച് വളർത്തിയ പട്ടി പിന്നീട് തങ്ങൾക്ക് വോതായപ്പോൾ നാലുകാലും കെട്ടി അനങ്ങാനാവാത്ത രീതിയിൽ റോഡിൽ (പൊതുസ്ഥലത്ത്) ഉപേക്ഷിക്കപ്പെടുകയും വകവരുത്തപ്പെടുകയും ചെയ്യുന്നു. അതിന് നഷ്ടത്തുക പ്രഖ്യാപിക്കുന്ന രീതിയെ പരിഹസിക്കുകയാണിവിടെ. 'പട്ടി' അഥവാ 'കാവൽക്കാരൻ' തന്റെ ജീവിതം മുഴുവൻ യജമാനനെ സേവിച്ച് ജീവിച്ചിട്ടും വയ്യാതാവുന്ന അഥവാ അവർക്ക് വോതാവുന്ന അവസ്ഥയിൽ അനങ്ങാൻ പറ്റാതെ അഥവാ പ്രതികരിക്കാനാവാതെ നിസ്സഹായനായി നിഷ്കാസിതനാവുന്നു. അതിന് വിലപ്രഖ്യാപിച്ച് 'നഷ്ടം നികത്തുന്ന' ഭീകരതയെ അതിലളിതമായി ഈ കൊച്ചുപാട്ടിലൂടെ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. അധികാരവർഗ്ഗത്തിന്റെ കാടത്തം തന്നെയാണിവിടെ വ്യക്തമാക്കപ്പെടുന്നത്. 'കബന്ധം' എന്ന വാക്കിന്റെ അർത്ഥം മകന് സംശയാതീതമായി വ്യക്തമാക്കാൻ വൃദ്ധനായ പരിചാരകനെ വെട്ടി കാണിച്ചുകൊടുത്ത രാജാവിനെ പരിചയപ്പെടുത്തിയ ജി. ശങ്കരക്കുറുപ്പിനെപ്പോലെ[53] സമൂഹത്തിന്റെ അടിത്തട്ടിൽ വർത്തിക്കുന്ന ഏത് വ്യക്തിക്കും ഏത് കാലത്തും ഉായേക്കാവുന്ന അനുഭവമാണ് ഇവിടെ സൂചിതം. ഒരു വിലപ്പെട്ട ജീവന് 'എട്ട് രൂപ നഷ്ടം' പ്രഖ്യാപിക്കുന്ന മേലാളന്മാരെ അപഹസിക്കുകയാണിവിടെ.

### 335. നൊണച്ചിയമ്മായി

മുകനെല്ല് വിളഞ്ഞ് കിടക്കുന്ന സമൃദ്ധിയുടെ കാലത്തും ചോറില്ല, പൂവാലിപശുപെറ്റ് കിടക്കുന്ന സമയത്തും പാലില്ല കാഞ്ഞിരമുട്ടികത്തികൊിരിക്കെ തീയില്ല, തോണി മുഴുവൻ ഉപ്പ് ഉായിട്ടും ഉപ്പില്ല എന്ന് ഒരു മടിയും കൂടാതെ പ്രതികരിക്കുന്ന അമ്മായിയോടുള്ള പ്രതിഷേധമാണ് ഈ വരികളിലൂടെ ഇരമ്പുന്നത്. അമ്മായി

-

നുണപറയുകയാണ്  എന്ന് ഉത്തമബോധ്യമുള്ള കുട്ടി അതിന്റെ കാരണമന്വേഷിച്ച് മടിയാണ് എന്ന് കത്തെുന്നു. നെല്ല് കുത്തിഅരിയാക്കി ചോറുവെക്കാൻ മടി, പെറ്റുകിടക്കുന്ന പശുവിനെ ശുശ്രൂഷിച്ച് പാല് കറന്നെടുക്കാൻ മടി, ചൂട്ട് കെട്ടി അടുപ്പിൽ നിന്ന് തീയൊന്നെടുത്ത് കൊടുക്കാൻ മടി, ഉപ്പ് തോണിയിൽ നിന്ന് ഉപ്പെടുത്ത് നൽകാൻ മടി.  ഇങ്ങനെ കുഴിമടിച്ചിയായ അമ്മായിയെ പരിഹസിക്കുകയാണ് ഈ പാട്ടിലൂടെ കുട്ടി ചെയ്യുന്നത്.  മടി മൂത്ത് എന്തിനും ഇല്ല എന്ന് പ്രതികരിക്കുന്ന ഇവർ എല്ലാം ഉായിട്ടും ഒന്നും ഫലപ്രദമായി ഉപയോഗിക്കാതെ അലസതയുടെയും ഇല്ലായ്മയുടെയും പ്രതീകമായി നൊണച്ചിയായി മാറിയിരിക്കുന്നു.  എല്ലാം ഒരുക്കി തരാൻ ആള് വേണം എന്ന തറവാട്ടമ്മ മനോഭാവമാണ് ഇവിടെ വ്യക്തമാകുന്നത്. അമ്മായിയുടെ കെടുകാര്യസ്ഥതയും സ്വാർത്ഥതയും കാരണം സമൃദ്ധിയുടെ നടുവിലും ചിലർ ദാരിദ്ര്യത്തിലകപ്പെടുന്നു എന്ന സത്യത്തെ ഇതിലൂടെ തുറന്നു കാട്ടുന്നു. മരുമക്കത്തായ വ്യവസ്ഥിതിയിലെ അമ്മായിയുടെ അധികാരവും[54] മരുമക്കളുടെ നിസ്സഹായാവസ്ഥയും വെളിവാക്കപ്പെടുന്ന ഒരു പാട്ടാണിത്.

### 336. ഓണം വന്നോണം

ഓണം വന്നപ്പോൾ ഉള്ളം വെന്തുരുകുന്ന ഒരു മുതിർന്ന കുട്ടിയുടെ സങ്കടമാണ് ഇവിടെയുള്ളത്.  കുടുംബത്തിന്റെ ഉത്തരവാദിത്തം മുഴുവൻ തീരെ ചെറുപ്പത്തിൽ തന്നെ ഏറ്റെടുക്കേി വന്ന ഒരു മുതിർന്ന കുട്ടി തന്റെ അവസ്ഥ പെങ്ങളായ കൊച്ചുപാർവ്വതിയോട് പറയുന്നതാണ് സന്ദർഭം.  അമ്മായിക്ക് ഓണം കൊടുക്കണം. വീട്ടിൽ ചെലവ് കഴിഞ്ഞില്ലെങ്കിലും ബന്ധുക്കളുടെ വീട്ടിൽ പോണം.  ഇല്ലെങ്കിൽ അവർ കൂര വിലക്കും എന്ന ചിന്തയാൽ വിഷമിക്കുന്ന കുട്ടിയിലൂടെ ഓണവുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന ആചാരങ്ങളും അവ അവഗണിച്ചാലുള്ള ഭവിഷ്യത്തുകളുമാണ് സൂചിപ്പിക്കുന്നത്.

### 345. പൈയ്ക്ക്ണ് . . .

ദാരിദ്ര്യം എന്ന സാമൂഹ്യവിപത്തിനെയും മനുഷ്യബന്ധങ്ങളുടെ ആർദ്രതയില്ലായ്മയേയും തുറന്നുകാണിക്കുന്ന ഒരു പാട്ടാണിത്.  പ്രായമായി വയ്യാതിരിക്കുന്നവരുടെ ആശ്രിതത്വവും നോക്കേവർ നോക്കാതിരിക്കുന്ന അവസ്ഥ സൃഷ്ടിക്കുന്ന വേദനയും കാലാന്തരത്തിൽ ശുശ്രൂഷിക്കാൻ തയ്യാറായി വരുമ്പോഴേക്കും മരണത്തെ പുൽകികൊ് അമ്മ കൈവിട്ടുപോകുകയും ചെയ്യുന്ന നിസ്സഹായാവസ്ഥ ഈ പാട്ടിൽ നിഴലിക്കുന്നു.  പൈയ്ക്ക്ണ് കൂമാ എന്ന് പറയുന്ന അമ്മയോട് അടക്ക്മ്മേ മലയീ ചെത്ത്ണ് എന്ന് തുടങ്ങികൃഷിയുടെ ഘട്ടങ്ങളിലൂടെ പോയി നെല്ല് ചേറി അരിയെടുത്ത് കഞ്ഞിവെക്കുന്നു.  പക്ഷേ അതുമായി അമ്മക്കരികിലെത്തുമ്പോഴേക്കും അയ്യോന്റമ്മേ നിങ്ങളും പോയല്ലോ എന്ന ഖേദം, ഇവിടെ ഇന്നത്തെ വൃദ്ധത്വത്തിന്റെ അനാഥത്വവും നിസ്സഹായവസ്ഥയും തന്നെയാണ് പ്രകടിതമാകുന്നത്.  കുട്ടിയുടെ ദാരിദ്ര്യാവസ്ഥകൂടിയാവാം ഈ സമീപനത്തിന് പിന്നിൽ. മനുഷ്യന്റെ അലസത, കടമകകളെക്കുറിച്ചുള്ള ബോധമില്ലായ്മ, സഹാനുഭൂതിയുടെ അഭാവം കഠിനഹൃദയത്വം തുടങ്ങിയവ വ്യക്തമാക്കുന്ന ഈ പാട്ട് 'കള്ളൻ വന്ന് ഏഴാം ദിവസം വിളിച്ചുനിലവിളിച്ചിട്ടെന്ത് കാര്യം' എന്ന പഴമൊഴിയെപോലെ ചെയ്യേത് സമയത്ത്

-

ചെയ്യണം എന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു. ഈ ആശയം കുട്ടികളിലേക്കെത്തിക്കുക എന്ന ധർമ്മം ഇവിടെ സാർത്ഥകമാണ്.

### 349. കൊച്ചീക്കാരത്തി...

കൊച്ചീക്കാരത്തി കൊച്ചുപെണ്ണിന് ഓരോ ദിവസവും പുതിയ സാധനങ്ങൾ കിട്ടുമ്പോൾ അതെങ്ങനെ കിട്ടി എന്ന് സമൂഹം സംശയിക്കുന്നു. അതു കൊു തന്നെ അവളുടെ സ്വഭാവത്തെകുറിച്ച് അല്പം സംശയത്തോടെയുള്ള ചോദ്യങ്ങളും അതിന് മറുപടിയായി കയ്യിലുള്ള വിശിഷ്ട വസ്തുക്കളെല്ലാം ഓരോരുത്തർ ഓരോ സന്ദർഭങ്ങളിലായി വാങ്ങിച്ചു തന്നതാണെന്ന മറുപടിയും നല്കുന്ന ഈ പാട്ടിലൂടെ ഇത്തരം സ്ത്രീകളെ ഏറെ പരിഹാസത്തോടെ കാണുന്ന സമൂഹത്തിന്റെ അഭിപ്രായം തന്നെയാണ് രേഖപ്പെടുത്തുന്നത്. സമൂഹത്തിലെ ഉന്നതൻമാർ എന്നു പറയാവുന്ന കൊച്ചമ്പ്രാൻ, കപ്പിത്തനമ്മാവൻ തുടങ്ങിയവർ കനിഞ്ഞരുളിയ സമ്മാനങ്ങൾ മുത്തരഞ്ഞാൾ, പാദസരം, മൂക്കുത്തി തുടങ്ങിയവയാണ് എന്നത് തന്നെ സംശയദൃഷ്ടി ശരിയാണ് എന്ന് ബോധ്യപ്പെടുത്തുന്നു. ഈ രീതിയിൽ ജീവിതസുഖത്തിനു വേി തെറ്റായി നടന്നാൽ സമൂഹം പുറന്തള്ളും എന്ന് പെൺകുട്ടികളെ ബോധവൽക്കരിക്കുകയും മാർഗ്ഗനിർദ്ദേശം നല്കുകയുമാണ്. കൊച്ചിയുടെ നാഗരികതയെക്കൂടി[55] വ്യക്തമാക്കുന്ന ഒരു പാട്ടാണിത്.

### 351. അയിലേ . . . പാപ്പി

പഴയ യാത്രാസമ്പ്രദായത്തെ കളിയാക്കുകയാണ് ഈ പാട്ടിലൂടെ കുട്ടി ചെയ്യുന്നത്. കൂഞ്ഞുഞ്ഞമ്മേടമ്മയുടെ യാത്രക്ക് അകമ്പടി സേവിക്കുന്ന വേലക്കാരൻ പാപ്പിയുടെ വേഷം പട്ട്, ആ പട്ടിന്റെ അറ്റത്ത് കാക്കപ്പൊന്നും നൂലും. ആർക്ക് അണിയാനായിരിക്കും ആ പൊന്ന് എന്ന ചോദ്യത്തിന് ആർക്കറിയാം പെണ്ണേ എന്ന ഉത്തരം പലധ്വനികളും ഉയർത്തുന്നു. വേലക്കാരൻ പാപ്പിയുടെ ധൂർത്ത്, കെടുകാര്യസ്ഥത, സുഖലോലുപത, സ്ത്രീലമ്പടത്വം തുടങ്ങിയവയെല്ലാം സൂചിതമാകുന്നു. എല്ലാം കാര്യസ്ഥരെ ഏൽപ്പിക്കുന്ന തറവാട്ടമ്മയുടെ പ്രതീകമാണ് കൂഞ്ഞുഞ്ഞമ്മേടമ്മ. യാത്രാവേളകളിൽപോലും വിശ്വസിച്ച് കാര്യസ്ഥരെ കൂടെകൊു നടക്കുന്ന അവർ അറിയാതെ സ്വത്തും അധികാരവും കയ്യാളുന്ന പാപ്പി എല്ലാം തനിക്കിഷ്ടപ്പെട്ടവർക്ക് ദാനം ചെയ്യുന്നു. മിക്ക തറവാടുകളുടെയും പതനത്തിന് ആക്കം കൂട്ടിയ കാര്യസ്ഥവൃന്ദത്തിന്റെ പ്രത്യക്ഷ ഉദാഹരണമാണ് ഈ പാട്ടിലെ വേലക്കാരൻ പാപ്പി. ഈ സംഭാഷണക്കളിപ്പാട്ടിലൂടെയുള്ള കുട്ടിയുടെ നിരീക്ഷണം യാഥാർത്ഥ്യബോധത്തെ ഉണർത്താൻ പര്യാപ്തമാണ്.

### 352. ചോറ്റോ........

കെഴക്കേലെ വല്യമ്മേടമ്മയോട് അഥവാ കാരണോത്തിയോട് ചോറ്റോ എന്ന ചോദ്യത്തിന് കുന്താലിയു് എന്ന ഉത്തരമാണ് കിട്ടിയത്. പിന്നെ അരിയുാേ? നെല്ലുാേ? എന്ന ചോദ്യങ്ങൾക്കും അതേ ഉത്തരം ലഭിച്ചപ്പോൾ വീട്ടിൽ ഒന്നും ഇല്ലെന്ന് ഉറപ്പിച്ച കുട്ടി കുന്താലി അഥവാ കൈക്കോട്ടുമായി കൃഷിചെയ്യാൻ പുറപ്പെടുന്നു. കൃഷിഘട്ടങ്ങൾ പഠിച്ച് സ്വന്തമായി കൃഷി തുടങ്ങാൻ പോകുന്ന കുട്ടിയോട് കൃഷിചെയ്യാനിറങ്ങുമ്പോഴുള്ള പ്രശ്നങ്ങളെക്കുറിച്ച് കാരണോത്തി ഓർമ്മിപ്പിക്കുന്നു. ഇത് പ

-

ായ്യാരം പറയലല്ല നമ്പൂരീം മേനോനും (ജന്മിയും കാര്യസ്ഥനും) കുടചൂടി അഥവാ സന്നാഹങ്ങളോടെ പിറകെയ്യ്. തടഞ്ഞേക്കാം. സമയവും യോജിച്ചതല്ല. കാരണം കൂമൻ മൂള്ണ്. ചുറ്റുപാടും എതിരാളികൾ പയ്യാനമൂർഖനെപ്പോലെയ്യ് എന്നിങ്ങനെ പരിതസ്ഥിതി ബോധ്യപ്പെടുത്താൻ ശ്രമിച്ചെങ്കിലും മനസാ ഉറച്ച കുട്ടി അവരെ സമാധാനിപ്പിച്ചുകൊ് വിത്ത് വിതച്ചു. ഈ പാട്ടിലൂടെ ജന്മികുടിയാൻ വ്യവസ്ഥിതിയിൽ നിന്ന് സ്വന്തമായി കൃഷിഭൂമി,[56] കൃഷി എന്ന സങ്കല്പത്തിലേക്കുള്ള പ്രയാണമാണ് സൂചിതം.

### 353. ഒന്നാം മലമേൽ

മലമുകളിൽ നിന്നും അഥവാ കിഴക്കൻ പ്രദേശങ്ങളിൽ നിന്നും ആഴി നോക്കി പറന്ന കരിവിൻ കൂട്ടം മൂളി മുര് നടന്നപ്പോൾ പാൽക്കടലിൽ ചെന്താമരകാണുകയും അതിൽ സുഗന്ധവും തേനുമു് കാലങ്ങൾ കഴിക്കുകയും ചെയ്തു എന്ന് കഥപറയുന്ന ഈ പാട്ട് മധ്യകേരളത്തിൽ പ്രചാരത്തിലുായിരുന്നതാണ്. മുതിർന്ന കുട്ടികളുടെയും സ്ത്രീകളുടെയും കൈകൊട്ടിക്കളിക്കും വട്ടക്കളികൾക്കും ഉപയോഗിച്ചിരുന്ന ഈ പാട്ടിലൂടെ മലമുകളിൽ കൃഷിയും മറ്റ് പരമ്പരാഗതതൊഴിലും ചെയ്ത് പ്രകൃതിയോടിണങ്ങി ജീവിച്ചിരുന്ന ഒരു വിഭാഗം അവിടെ നിന്നും മറ്റ് താഴ്ന്ന പ്രദേശങ്ങളിലേക്ക് ചേക്കേറുകയും അവിടുത്തെ സുഖസൗകര്യങ്ങളിൽ മുഴുകി തങ്ങളുടെ യഥാർത്ഥദേശം തന്നെ മറന്നുപോവുകയും ജന്മസംസ്കൃതിയിൽ നിന്നകലുകയും ചെയ്ത കഥയാണ് വർണിക്കുന്നത്. ഒപ്പം ഒരു കൂട്ടം കരിവ് മൂളി മുര് പാൽക്കടയിലെ ചെന്താമരപ്പൂവു നുകർന്നുകൊ് ജീവിച്ചു എന്നതിലൂടെ പുതിയ മേച്ചിൽ പുറങ്ങൾ കത്തിക്കൊ് പൗരുഷശാലികൾ അതിസുന്ദരിയായ ദേവദാസിയിൽ ഭ്രമിച്ച് അവളോടൊത്ത് കാലം പോവുന്നതുപോലുമറിയാതെ കഴിഞ്ഞുകൂടുന്ന അവസ്ഥയെ ചിത്രീകരിക്കുന്നു. വേശ്യാവൃത്തി കുലത്തൊഴിലാക്കിയ, 'വൈശികതന്ത്രം'[57] ജീവിതവേദാന്തമാക്കിയ ഒരു 'ദേവദാസിയുടെയും അവളെ ചുറ്റിപ്പറ്റിക്കഴിയുന്ന ഉപചാപകവൃന്ദത്തിന്റെയും'[58] ചിത്രം കേരളത്തിലെ പൂർവ്വകാലചരിത്രത്തെ വെളിപ്പെടുത്തുന്നു 'പോരുമിനിയെന്ന് പോരുമിനി' എന്ന ചോദ്യം ഈ അവസ്ഥയിൽ നിന്ന് അഥവാ സാംസ്കാരികാധഃപതനത്തിൽ നിന്ന് എന്ന് അവർക്ക് കരകയറി തന്റെ പൂർവ്വസംസ്കൃതിയിലേക്ക് – പൂർവ്വകാലജീവിത്തിലേക്ക് മടങ്ങാൻ സാധിക്കും എന്ന സന്ദേഹമാണ് ഉയർത്തുന്നത്. ഒപ്പം ഇനി പോരാൻ സാധിക്കുമോ എന്ന് കറിയണം എന്ന ആക്ഷേപഹാസ്യവും. തന്റെ ഇണ തന്നെ വിടാതിരിക്കേതിന്റെ അഥവാ തന്റെ 'പിടിപ്പിന്റെ' ആവശ്യകതയെ മുതിർന്ന പെൺകുട്ടികൾക്ക് ബോധ്യപ്പെടുത്തുക കൂടിയാണിവിടെ.

### 357. ചക്കടെ . . .

ചക്കയുടെ മടല് പശുവിന് തിന്നാനേ പറ്റൂ മറ്റൊന്നിനും കൊള്ളില്ല. അതുപോലെ മറ്റുള്ളവർക്ക് ഉപജീവ്യമായിത്തീരാനുള്ളതാണ് ചങ്കുണ്യാര്. അയാൾക്കോ കുടുംബത്തിനോ ഒരു ഉപകാരവുമില്ല. എന്നാൽ കോഴീടെ കൊക്ക് നടക്കുന്നിടം മുഴുവൻ കൊത്തിച്ചികഞ്ഞ് പെറുക്കിതിന്ന് ജീവിക്കുന്നു. അതുപോലെ താൻ നട

-

ക്കുന്നിടത്തെ എല്ലാം ശ്രദ്ധിച്ച് തനിക്ക് ഉപയോഗയോഗ്യമാക്കിതീർക്കുന്നവനാണ് കോലുണ്യാർ. അജഗജാന്തരം വ്യത്യാസമുള്ള ര് വ്യക്തിത്വങ്ങളെയാണ് ഇവിടെ ഉദാഹരണങ്ങളിലൂടെ താരതമ്യപ്പെടുത്തുന്നത്. തീർത്തും മന:ശാസ്ത്രപരമായ ഒരു വീക്ഷണവും വിലയിരുത്തലും പ്രകടമാണ്. കുട്ടികൾക്ക് ജനസാമാന്യസ്വഭാവവൈചിത്ര്യം പരിചയപ്പെടുത്തുന്ന ഈ കുട്ടിപ്പാട്ടിലൂടെ വ്യക്തിസ്വഭാവപഠനത്തിനുള്ള പ്രചോദനമാണ് നൽകുന്നത്.

### 361. ചിറ്റപ്പൻ . . .

ചിറ്റപ്പൻ ചെറിയ പ്രായത്തിൽ ചേന കട്ടിട്ടു് എന്ന ആക്ഷേപത്തിന് മറുപടിയായി ചിറ്റപ്പനല്ല അദ്ദേഹത്തിലെ കള്ളനാണ് കട്ടത് എന്ന് മുറുപടി കിട്ടി. അപ്പോഴേയ്ക്കും അവനെ കള്ളനെന്ന് മുദ്രകുത്തി ശിക്ഷ നൽകാൻ ചുറ്റുപാടുമുള്ളവർ ഒത്തുകൂടി കൈവെട്ടി പന്തലിട്ടു. അങ്ങനെ പന്തപ്പുറത്ത് തുമ്പനട്ടു അഥവാ പരിശുദ്ധിയുടെയും വിനയത്തിന്റെയും പ്രതീകമായ തുമ്പ എന്നതിലൂടെ ഉപദേശങ്ങളും സത്പാഠങ്ങളും നൽകി സ്വഭാവശുദ്ധീകരണത്തിന് ശ്രമിച്ചു. മറ്റൊരുവിഭാഗം പട്ടിണി സഹിക്കാഞ്ഞ് കട്ടതാണ്. അത് സ്വഭാവ ദൂഷ്യമല്ല എന്ന നിലയ്ക്ക് മുന്നോട്ടുവന്നു അവർ തുമ്പ പറിച്ചു വാഴയ്ക്കിട്ടു – ഈ വാദത്തിന് ബലം കൂടി കൂടുതൽ പ്രചാരമായി. ഇതിന്റെ പേരിൽ ഇരുകൂട്ടരും തമ്മിൽ വലിയ വാഗ്വാദങ്ങൾ ഉാവുകയും ഇതിൽപിഴച്ച് വലിയ ആന അഥവാ അബദ്ധങ്ങൾ സംഭവിയ്ക്കുകയും ചെയ്തു. വിശപ്പ് കൊ് ചെയ്താൽ തെറ്റല്ല എന്ന് വരെയെത്തി. അതിന്റെ കീഴെയിരുന്ന നത്ത് പറന്ന് കടലിൽ ചാടി. ചിറ്റപ്പനിലെ കള്ളൻ ഉണർന്നു. കടലീന്നെടുത്ത് കുളത്തിലും അവിടെനിന്ന് വയറ്റിലും ചാടി അഥവാ ചിറ്റപ്പൻ നത്തിനെപ്പോലെ രാത്രി സഞ്ചാരവും ഇരപിടുത്തവും തുടങ്ങി. വലിയ വലിയ കള്ളത്തരങ്ങൾ ചെയ്തു പക്ഷേ ക്രമേണ മനസാക്ഷികുത്ത് ബാധിച്ച് കള്ളത്തരങ്ങൾ കുറച്ചുകൊുവന്നു. ക്രമേണ വയറ്റീപ്പിഴപ്പിന് മാത്രം ശ്രദ്ധിയ്ക്കുന്ന ഒരു രീതി കൈവന്നു. ഇവിടെ ഒരു വ്യക്തിയുടെ മന:ശാസ്ത്രത്തെ സാമൂഹിക പരിതസ്ഥിതിയിൽ അപഗ്രഥിയ്ക്കുകയാണ്. വ്യക്തിയെകള്ളനാക്കുന്നതും നല്ലവനാക്കുന്നതും എല്ലാം സാമൂഹിക പശ്ചാത്തലമാണ് എന്ന സത്യത്തെ വെളിപ്പെടുത്തുക കൂടിയാണിതിലൂടെ ചെയ്യുന്നത്. കുട്ടിയോട് ചിറ്റപ്പന്റെ കഥ പറഞ്ഞു കൊടുക്കുന്ന രീതിയിലാണ് രചന.

### 364. എല്ലാരും

അത്ര ഭംഗിയുള്ളവൾ എന്നവകാശപ്പെടാൻ വയ്യാത്ത അമ്മിണിക്കുട്ടിയെ സമാധാനിപ്പിക്കുകയാണ് ഈ പാട്ടിലൂടെ. ഇക്കമ്മലും, മാലയുമിട്ടപ്പോൾ അമ്മിണിക്കുട്ടിക്ക് ഭംഗിയുന്നെ സാന്ത്വനത്തോടൊപ്പം സ്ത്രീ ആഭരണാദികൾ ഇട്ട് സൗന്ദര്യവതിയായി നടക്കേവളാണ് എന്ന സാമൂഹ്യകാഴ്ച്ചപ്പാടിനെ സൂചിപ്പിക്കുന്നു. അതിനായി സ്ത്രീകളെ ഒരുക്കേതിലേക്ക് വിരൽ ചൂന്നതോടൊപ്പം വ്യംഗ്യമായി ആഭരണഭ്രമത്തെ പരിഹസിക്കുകയും ചെയ്യുന്നു. പെൺകുട്ടികളും സ്ത്രീകളും സൗന്ദര്യത്തിന്റെ പ്രതീകങ്ങളായി മാറ്റപ്പെടുന്ന സമീപനമാണ് ഇവിടെ ദൃശ്യമാവുന്നത്.

### 365. എന്റെ മകനുണ്ണി . . .

-

ഒരു താരാട്ടുപാട്ടാണിത്. തന്റെ മകൻ ഈ ലോകത്തിൽ ഏതു കാര്യത്തിലായാലും ഏറ്റവും മുമ്പിൽ എത്തണമെന്ന് കൊതിക്കുന്ന അമ്മമാരുടെ സ്വപ്നത്തെ (മനോഭാവത്തെ) വെളിവാക്കുന്ന ഒരു പാട്ടാണിത്. കൃഷ്ണനെ പോലെ അല്ലെങ്കിൽ കൃഷ്ണവേഷമെങ്കിലും കെട്ടുന്നവൻ തന്റെ മകനായിരിക്കണമെന്ന മോഹവും തന്റെ മകന്റെ ഉയർച്ചയുടെ ഫലം തനിക്ക്തന്നെ ലഭിക്കണമെന്ന അഭിവാഞ്ജയും വളരെ വ്യക്തമാണ്. കൃഷ്ണാട്ടത്തിന്[59] കൃഷ്ണൻ തന്നെ കെട്ടി കാളിയമർദ്ദനമാടി എല്ലുമുറിയെ തുള്ളി– നന്നായി നൃത്തം ചെയ്ത് സമ്മാനങ്ങൾ വാങ്ങണം. മാത്രവുമല്ല അമ്മക്ക്തന്നെ അവ നൽകുകയും വേണം. 'കാക്കക്കും തൻകുഞ്ഞ് പൊൻകുഞ്ഞ്' എന്ന ചൊല്ലിനെ അർത്ഥവത്താക്കുന്ന ഒരു പാട്ടാണിത്. കുട്ടി തന്റെ ഇച്ഛക്കൊത്ത് ആടേവൻ എന്ന അമ്മമാരുടെ ചിന്തയെയും ഇവിടെ ഉപഹാസരൂപത്തിൽ ആവിഷ്ക്കരിക്കുന്നു.

### 366. ചക്കരച്ചേട്ടനു . . .

ചക്കരച്ചേട്ടൻ തനിക്ക് മക്കളുവാവില്ല എന്ന് കരുതി അറ്റകൈക്ക് ഒരു 'ചക്കക്കുരു' വിനെ ദത്തെടുത്തു. എന്നാൽ തനിക്ക് സ്വന്തമായി ഒരു കുഞ്ഞു പിറന്നപ്പോൾ ഭാവം മാറുകയും ദത്ത് പുത്രനെ ചുട്ട് തിന്നുകയും ചെയ്തു പലപ്പോഴും 'ദത്ത്' എടുക്കപ്പെടുന്ന കൊച്ചുകൂട്ടികളുടെ അവസ്ഥ ഇത് തന്നെയാണ്. സ്വന്തമായി ഒരു കുഞ്ഞുവാവുമ്പോൾ വലിച്ചെറിയുന്ന ഇത്തരം ജീവിതങ്ങളിലൂടെ മനുഷ്യന്റെ സ്വാർത്ഥതയും സ്നേഹമില്ലായ്മയും വ്യക്തമാകുന്നു. ഇതേ ഭാവമാണ് കുട്ടിയും ചിത്രീകരിക്കുന്നത്.

### 367. കറുപ്പൂമ്മേ പുള്ളിളള പയ്യിനെ . . .

മനുഷ്യമനസ്സിന്റെ ഒരു ആവിഷ്കരണം തന്നെയാണ് ഈ പാട്ടിലൂടെ കിട്ടുന്നത്. കറുപ്പമ്മേ പുള്ളിള്ള പയ്യ്, വെള്പ്പ്മ്മേ പുള്ളിള്ള പയ്യ് എന്നുള്ളത് പശുവിനെക്കുറിച്ചുള്ള സൗന്ദര്യസങ്കല്പമാണ്. വെളുക്കുമ്പോൾ കറക്കുന്ന പശുവിന് കടലോളം പാലുവേണം. എന്നാൽ പുല്ലൊന്നും വോത്ത, ആലേന്നെറങ്ങാത്ത, തീറ്റകൊടുക്കോത്ത, ചാണം മണക്കാത്ത, പശുവായിരിക്കണം. മാത്രമല്ല നാട്ടാരെ കുത്തുന്ന, വീട്ടാരെ കുത്താത്ത പയ്യായിരിക്കണം. ഒന്നിന്റെയും ഉത്തരവാദിത്തമോ ബാധ്യതയോ ഏറ്റെടുക്കാൻ തയ്യാറില്ലാത്ത മനുഷ്യന്റെ സ്വാർത്ഥതയുടെയും ദുരാഗ്രഹത്തിന്റെയും ആവിഷ്കാരമാണ് ഈ പാട്ടിലൂടെ ചെയ്തിട്ടുള്ളത്. ഒരു വിനോദഗാനം എന്നതിലുപരി കുഞ്ഞുണ്ണിമാഷുടെ ഭാഷയിൽ പറഞ്ഞാൽ ഞാനും എന്റെ കെട്ട്യോളം കുട്ട്യോളും.' എന്ന സങ്കുചിതവീക്ഷണമാണത്. പശുവ് എന്നതിന്റെ ഗുണഫലം അതിന്റെ പാരമ്യത്തിൽ അനുഭവിക്കുകയും വേണം പശുവിനെ ശുശ്രൂഷിക്കാനും കഴിയില്ല എന്നത് 'കൈനനയാതെ മീൻ പിടിക്കുക' എന്ന പഴമൊഴിയെ അന്വർത്ഥമാക്കുന്നു. കുട്ടികളുടെ ഈ വിനോദപ്പാട്ടിലൂടെ തീർത്തും കിണറ്റിലെ തവളയെപ്പോലെ ചിന്തിക്കുന്ന മനുഷ്യനെ കളിയാക്കുന്നു. തെയ്യാതിനന്താ . . . എന്ന കൃഷിപാട്ടിന്റെ വായ്ത്താരി ഈ പാട്ടിനെ താളാത്മകമാക്കുന്നു.

### 374. കട്ടുറുമ്പിന്റെ കാതുകുത്തി . . .

-

കട്ടുറുമ്പിന്റെ കാതുകുത്തിനോടനുബന്ധിച്ച് കിട്ടിയ അരി വേവിച്ച് കഴിയ്ക്കാൻ വിറകമ്പേഷിച്ച് ചെന്നപ്പോൾ ചുള്ളി നിറയെ തേൻ ക അവൻ അരിയുടെ കാര്യം മറന്നുപോയി. പിന്നെ തേനെടുക്കാൻ കുപ്പിയും അമ്പേഷിച്ച് നടപ്പായി അവസാനം കുപ്പികത്തിയപ്പോൾ നിറയെ ചെളി പുരിരുന്നു. ഈ ചെളികഴുകാൻ പുഴയിൽ ചെന്നപ്പോൾ അതിൽ നിറയെ മീനിനെക്ക് തേനിന്റെ കാര്യമേ മറന്നുപോയി. മീനിനെ പിടിയ്ക്കാൻ വലയുമമ്പേഷിച്ച് നടന്നു. അവസാനം കിട്ടിയ വലയിൽ നിറയെ ചിതല്പിടിച്ചിരിയ്ക്കുന്നു. ഇത് ക് ചെതല് തിന്നാൻ കോഴിയെവിളിച്ചപ്പോൾ സൂത്രത്തിൽ ആകോഴിയെ പിടിച്ചുതിന്നാമെന്ന് കരുതിയെങ്കിലും കോഴി വന്നില്ല. കോഴികളെല്ലാം കുറുക്കന്റെ വായിൽ ആയിരുന്നു. കോഴിയുടെ കരച്ചിൽ മാത്രമാണ് ചെവിയിൽ മുഴങ്ങിയത്.

ഇവിടെ ലക്ഷ്യബോധമില്ലാതെ കതിന് പുറകെപായുന്ന മനുഷ്യന്റെ വിഡ്ഢിത്തമാണ് സൂചിപ്പിയ്ക്കപ്പെടുന്നത്. വിറകിന് പോയത് അരികാച്ചികഞ്ഞി കുടിച്ച് വിശപ്പ് മാറ്റാനാണ് എന്നാൽ ചുള്ളിയിൽ തേൻ കപ്പോൾ അതെല്ലാം മറന്ന് തേൻ ശേഖരിച്ച് പണമുാക്കി സുഖമായി ജിവിയ്ക്കാമെന്ന് വ്യാമോഹിച്ചു. അതെടുക്കണമെങ്കിൽ കുപ്പിവേണം. കിട്ടിയ കുപ്പിയാണെങ്കിൽ ആകെ ചെളിപിടിച്ച അവസ്ഥയിലും കുപ്പിയൊക്കെ കഴുകി വൃത്തിയാക്കാമെന്നോർത്ത് പുഴയിലിറങ്ങിയ അവൻ മീനിനെ കപ്പോൾ തേൻ എടുക്കാനുളള മോഹമേ ഉപേക്ഷിച്ചു. ആ പണിയും ഉപേക്ഷിച്ച് മീൻ പിടുത്തമാണ് നല്ലത് എന്ന് വ്യാമോഹിച്ച് വല കത്തെി. പക്ഷേ അതും ഉപയോഗശൂന്യമായിരുന്നു. ചെതല് തിന്നാൻ കോഴിയെ വിളിച്ചുകൊ് കോഴിപിടുത്തവും വില്പനയും ആരംഭിയ്ക്കാമെന്ന് വിചാരിച്ച് ശ്രമിച്ചപ്പോൾ അതിലും വലിയ സൂത്രശാലികൾ അതിന് മുമ്പ് തന്നെ കോഴിവില്പന ആരംഭിച്ചിരുന്നു. അതായത് മേലനങ്ങാതെ സൂത്രത്തിൽ ജിവിയ്ക്കാനുള്ള ഉപായങ്ങൾ ചിന്തിച്ച് ഒന്നിലും ഉറച്ചു നിൽക്കാതെ ആശയങ്ങൾ മാറ്റി കിനാവുകൾ കപ്പോൾ എല്ലാം നഷ്ടപ്പെട്ട് കൈയ്യിലിരുന്ന കഞ്ഞികൂടി നഷ്ടപ്പെടുത്തിയ കാഴ്ചയാണ് വർണിതം. സ്വന്തം ലക്ഷ്യം കത്തൊതെ എല്ലാറ്റിനെയും എത്തിപ്പിടിയ്ക്കാൻ ശ്രമിയ്ക്കുകയും ഒന്നും കൈവശം എത്താതിരിയ്ക്കുകയും ചെയ്യുന്ന പ്രയോഗികബുദ്ധിയുടെ അഭാവം സൃഷ്ടിയ്ക്കുന്ന പ്രശ്നങ്ങളാണ് സൂചിപ്പിയ്ക്കപ്പെടുന്നത്.

**375. ഭ്രൂം ഭ്രൂം . . . .**

തെക്കരുടെ വസ്ത്രധാരണത്തിലുള്ള അമിതശ്രദ്ധയെ കളിയാക്കുകയാണിവിടെ. ദാരിദ്ര്യം കൊ് പൊറുതിമുട്ടിയ മുത്ത്യമ്മ മദ്ദളം വലിച്ചുകെട്ടിക്കൊടുത്ത് കാപ്പണം സമ്പാദിക്കുന്നു. അതും എടുത്ത് പോയി ഞാത്തിച്ചിറ്റുന്ന തെക്കൻ. ദ്വയാർത്ഥപ്രയോഗ ഗുണമുിവിടെ. ഞാത്തിച്ചിറ്റുക എന്നതിലൂടെ കുടിച്ചു പൂസാവുക എന്ന അർത്ഥവും പട്ടിണിയെങ്കിലും പുറമേക്ക് നല്ല വേഷവിധാനം ഇടുക എന്ന അർത്ഥവും എടുക്കാം. എന്നിട്ട് വീട്ടിലെത്തി ലഹള ഉാക്കുന്നു. ഇതിന്റെയൊക്കെ അന്തിമഫലം അനുഭവിക്കേി വരുന്നത് സമ്പാദിച്ച് ചെന്ന മുത്ത്യമ്മ തന്നെയാണ് എന്നതാണ് 'തല്ലും കൊള്ളാം' എന്നതിലൂടെ ഉദ്ദേശിക്കുന്നത്. ഒരു

-

സാധാരണകുടുംബത്തിന്റെ അവസ്ഥയാണ് ഇവിടെ സൂചിപ്പിക്കുന്നത്. കുട്ടിയുടെ നിരീക്ഷണപരതയാണ് ദൃശ്യമാകുന്നത്.

### 376. ചാരൻചോക്കറെ

പയ്യന്നൂർ, കാസർഗോഡ് പ്രദേശങ്ങളിൽ പ്രചാരത്തിലുായിരുന്ന ഈ കളിപ്പാട്ടിലൂടെ മത്തിച്ചങ്ങല വിറ്റിട്ടെങ്കിലും അപ്പെണ്ണിനെ കെട്ടേണം എന്ന വരികൾ ഒരു കാലത്ത് വിവാഹത്തിന് സ്ത്രീക്കാണ് ധനം നൽകിയിരുന്നത് എന്ന് സൂചിപ്പിക്കുന്നു. തന്റെ ഉപജീവനത്തിനാധാരമായ മത്തിച്ചങ്ങല വിറ്റിട്ടായാലും താൻ ഇഷ്ടപ്പെട്ട പെണ്ണിനെക്കെട്ടേണം എന്നതിലൂടെ പ്രേമത്തിന്റെ ശക്തിയും മനുഷ്യജീവിതത്തിൽ വിവാഹത്തിന്റെ പ്രാധാന്യവും വ്യക്തമാക്കുന്നു. മുതിർന്നവർ കൊച്ചുകുട്ടികളെ കളിപ്പിക്കാനുപയോഗിക്കുന്ന ഒരു പാട്ടാണിത്.

### 389. മഴ പെയ്യണ...

ഇടിയും മഴയും കൂടി പ്രകൃതി ആസുരികതാണ്ഡവമാടിയ ഘട്ടത്തിൽ പോലും കുന്നത്ത് തിന കാക്കാൻ പോയ തന്റെ അമ്മക്ക് വീട്ടിലെത്താൻ സാധിച്ചില്ലല്ലോ എന്ന കുട്ടിയുടെ സങ്കടവും, അമ്മയുടെ ദുസ്ഥിതിയും, അമ്മക്കെന്തെങ്കിലും ആപത്തുാകുമോ എന്ന ഭയവും ഈ വരികളിൽ കാണാം. ഏത് വിപരീതപരിതസ്ഥിതിയിലും തന്റെ തൊഴിൽ തുടരേയിരുന്ന കുടിയാന്റെ ദുസ്ഥിതിയാണ് സൂചിതം.

### 391. അച്ഛൻ കൊമ്പത്ത്

അച്ഛനും അമ്മയും തമ്മിലുള്ള അകലവും അന്തരവും അതുമൂലം കുടുംബത്തിൽ ഉാവുന്ന പ്രശ്നങ്ങളുമാണ് ഇവിടെ പ്രകടമാവുന്നത്. ഈ അന്തരം മനസ്സിലാക്കിയ കള്ളൻ തന്നിഷ്ടപ്രകാരം എല്ലാം ഉപയോഗിയ്ക്കുന്നു. ഇങ്ങനെ അന്യരുടെ നിർദ്ദേശാനുസരണം നടക്കുന്ന കാര്യങ്ങൾ പലപ്പോഴും സ്ഥായിയായ അംശത്തെയും ഭാവത്തെയും നഷ്ടപ്പെടുത്തുന്നു. എല്ലാം ് എന്നാൽ ഉള്ളതിനെ വേരീതിയിൽ വേ സമയത്ത് ഉപയോഗിയ്ക്കാൻ സാധിക്കാഞ്ഞാൽ ആ കാര്യങ്ങൾ കൊ്യാതൊരു പ്രയോജനവുമില്ല. അട്ടത്തുള്ള ഉപ്പ് എടുത്ത് നൽകാൻ ആളുങ്കെിൽ മാത്രമേ അത് ഫലപ്രദമായി വിനിയോഗിക്കാൻ കഴിയൂ. മിക്ക ഗൃഹങ്ങളിലെയും യഥാർത്ഥസ്ഥിതിയെ തന്നെയാണ് ഇവിടെ ആവിഷ്ക്കരിക്കുന്നത്. എല്ലാറ്റിനും ഉപരിയായിട്ടുള്ളത് മന:പൊരുത്തമാണ് എന്ന വിശ്വാസത്തെ ദൃഢീകരിയ്ക്കുന്ന ഈ പാട്ടിൽ അച്ഛന്റെയും അമ്മയുടെയും വിപരീതദശയിലുള്ള പ്രവർത്തനങ്ങൾ മൂലം കുട്ടിയിൽ ഉാവുന്ന അനാഥത്വവും പ്രശ്നങ്ങളും രസകരമായി ആവിഷ്ക്കരിയ്ക്കുന്നു.

### 395. ഒന്നാം മലവെട്ടി

മലമ്പ്രദേശങ്ങളിലെ കുട്ടികൾക്കിടയിൽ നിലനിന്നിരുന്ന വട്ടക്കളിപ്പാട്ടാണിത്. കാടും മലയും വെട്ടി കൃഷിക്ക് സ്ഥലമൊരുക്കി, തിന വിതക്കുന്നതും നാത്തൂന്മാരും ചേട്ടത്തിമാരും കൂടി കുട്ടിയെ കാവലേൽപിക്കുന്നതും അതെല്ലാം മറന്ന് അക്ക

-

രെനിന്ന് വന്ന പാദ്യനോടൊത്ത് കിളിമാടം കെട്ടിക്കളിച്ചിരുന്ന കുട്ടിക്ക് വഴക്ക് കേൾക്കുന്നതുമാണ് സന്ദർഭം. അധികനേരം ശ്രദ്ധ ഒന്നിൽത്തന്നെ കേന്ദ്രീകരിച്ച് നിർത്താൻ സാധിക്കാത്ത കുട്ടികളുടെ മനസ്സിനെ ചിത്രീകരിക്കുന്നതൊടൊപ്പം കുട്ടിയ്ക്ക് ഉത്തരവാദിത്വബോധംവേണം എന്ന് സ്വയം ബോധ്യപ്പെടുത്തുകയും ചെയ്യുന്നു. ഈ പാട്ടിൽ പരാമർശിക്കപ്പെടുന്ന കുട്ടികളുടെ കിളിമാടം കെട്ടിക്കളിയിലൂടെ, അച്ഛനും അമ്മയുമായി അനുകരിക്കുന്നതിലൂടെ, കുടുംബജീവിതത്തിന് ആഗ്രഹവും പശ്ചാത്തലവും ഒരുക്കപ്പെടുന്നു.

### 396. അടിച്ചുവാരിയ...

സ്വന്തമായി കൃഷിയിടങ്ങൾ ഇല്ലാത്ത വ്യക്തികൾ പുഴയോരത്ത് പച്ചക്കറികളും മറ്റും കൃഷി ചെയ്യുന്ന ഒരു സംസ്ക്കാരം ഇവിടെ നിലനിന്നിരുന്നൂ എന്ന് ഇത്തരം പാട്ടുകൾ സാക്ഷ്യപ്പെടുത്തുന്നു. കൃഷിയെ ഒരുത്സവമാക്കി മാറ്റുന്ന കർഷകകുടുംബത്തിലെ കുട്ടികളോട് ആദ്യം കായ്ച്ച കുമ്പളങ്ങ വിത്തിടണമെന്നും പിന്നത്തേത് ജന്മിക്ക് കാഴ്ച്ച വെയ്ക്കണമെന്നും ശേഷം മാത്രമേ കറിവെയ്ക്കാവൂ എന്നും പറയുന്നതിലൂടെ അന്നത്തെ ആചാരക്രമങ്ങളെ പരിചയപ്പെടുത്തുന്നു. പുഴത്തീരത്തെ കൃഷിയിൽ നിന്ന് പോലും മനയ്ക്കലേക്ക് കാഴ്ച്ച കൊടുക്കണമായിരുന്നു എന്ന യാഥാർത്ഥ്യം, അടിയാന്മാർ എന്ത് അധ്വാനിച്ചാലും അതിന്റെ പങ്ക് തങ്ങൾക്ക് കിട്ടണം എന്ന ജന്മിഹുങ്കിനെ[60] കുറിക്കുന്നു. അവസാനഭാഗത്ത് കറിവെക്കുന്ന രീതികളെക്കുറിച്ചും ഓരോന്നിന്റെയും രുചിഭേദങ്ങൾ ഇഷ്ടാനിഷ്ടങ്ങൾ എന്നിവയെക്കുറിച്ചുള്ള ചർച്ച കേരളീയ പാചകരീതിയെ പരിചയപ്പെടുത്തുന്നു.

### 400. ആലപ്പുഴക്കു...

മാങ്ങയുടെ അി നട്ട് വളർത്തി വലുതാക്കി പൂത്ത് കായ്ച്ച് പാകമാകുമ്പോൾ ശേഖരിച്ച് അച്ചാറാക്കി സഭയിൽ വിളമ്പുന്ന രംഗവും ആ മാങ്ങ പറിക്കാനും ഉപയോഗിക്കാനുമുള്ള കുട്ടികളുടെ അവകാശസൂചനയും ഒരു കൃഷി എന്ന നിലയിൽ നാട്ടുമാവുകൃഷി കേരളത്തിൽ സമൃദ്ധമായിരുന്നു എന്നും സൂചിപ്പിക്കുന്നു. കേരളീയജീവിത്തിൽ മാങ്ങക്കും മാങ്ങാഅച്ചാറിനുമുള്ള പ്രാധാന്യത്തെക്കൂടി ഉദ്ഘോഷിക്കുന്നുിവിടെ. മാങ്ങാ അച്ചാറിനെപ്പറ്റിയുള്ള സംസാരവും അഭിമാനവും അച്ചാറിടൽ പാരമ്പര്യത്തെക്കുറിക്കുന്നു.

### 401. നെല്ല് കൊയ്യെട...........

നെല്ല് കൊയ്ത് കഞ്ഞി ഉാക്കുന്നതുവരെയുള്ള ഘട്ടങ്ങൾ വിവരിക്കുന്ന ഈ പാട്ടിലൂടെ ഈ പണിക്കെല്ലാം വിളിച്ചിട്ടും ഒന്നുംചെയ്യാതെ കുഴിമടിയനായി നിൽക്കുന്ന കോരനെ ഒരു പാഠംപഠിപ്പിക്കാൻ ഉദ്ദേശിച്ച് അമ്മ പാടുന്നതാണ്. കഞ്ഞി കിട്ടില്ല എന്നുറപ്പായപ്പോൾ അമ്മ പറഞ്ഞപോലെ അവൻ പണിചെയ്യാനാരംഭിച്ചു എന്നത്, അമ്മ അധ്വാനത്തിന്റെ മഹത്വമാണ് കുട്ടിയിലെത്തിച്ചത് എന്ന് ബോധ്യപ്പെടുത്തുന്നു.

-

### 403. ഒന്നാംനാട്ടില്

നമ്മുടെ പച്ചക്കറികൃഷിയെക്കൂടി ഓർമ്മിപ്പിക്കുന്ന ഈ പാട്ടിലൂടെ അമ്മ കുട്ടിയെ പാവക്ക പറക്കാനും കറിവെക്കാനും പഠിപ്പിച്ചെടുക്കുകയാണ്. മോളെ കാണുമ്പോൾ 'മടി' അഭിനയിക്കുന്ന അമ്മയും കുട്ടിയും ര് തലമുറകളുടെ പ്രതീകമാണ്.

### 405. വട്ടത്തിൽ...

ചീരകൃഷി, വിളവെടുപ്പ്, അരിയുന്ന വിധം, വെക്കുന്ന വിധം, എന്നിങ്ങനെ വിവിധ ഘട്ടങ്ങൾ പറയുന്ന ഈ പാട്ടിലൂടെ കുട്ടിയെ ചീരകൃഷി ചെയ്യാനും ചീരക്കറിയുാക്കാനും പഠിപ്പിക്കുന്നു. ചീരക്കറി ആര് വിളമ്പണം, ആര് കൂട്ടണം തുടങ്ങിയ ഭാഗങ്ങൾ ആര് എന്ത് ഉാക്കിയാലും കുടുംബത്തിൽ അത് കൈകാര്യം ചെയ്യാനുള്ള അവകാശം ചുരുക്കം ചിലരിൽ നിക്ഷിപ്തമാണ് എന്ന് സൂചിപ്പിക്കുന്നു. കുടുംബത്തിൽ അമ്മായിയ്ക്ക് നല്കിയിട്ടുള്ള അമിതപ്രാധാന്യം മരുമക്കത്തായ വ്യവസ്ഥിതിയെ ഓർമ്മിപ്പിക്കുന്നു. ഇലക്കറികളിൽ ചീരക്കറിക്കുള്ള പ്രാധാന്യവും പ്രാമാണ്യവും വ്യക്തമാക്കുന്നതോടൊപ്പം പ്രഭുകുടുംബങ്ങളിൽപ്പോലും ആഹാരത്തിൽ ഇലവർഗ്ഗങ്ങൾ ധാരാളമായി ഉൾപ്പെടുത്തിയിരുന്നു എന്ന് ഉദാഹരിക്കുന്നു. കേരളീയജീവിതത്തിൽ ചീരക്കറി പോലുള്ള ഇലക്കറികൾക്ക് നല്കിയിരുന്ന സ്ഥാനം ഈ പാട്ടിലൂടെ ബോധ്യപ്പെടുന്നു.

### 406. തവരമൊളയ്ക്ക്ണ്...

തവര മുളക്കുന്നതു മുതലുള്ള കൃഷിഘട്ടങ്ങൾ, വിളവെടുപ്പ്, കറിയുാക്കൽ, സദ്യയൊരുക്കൽ എന്നിങ്ങനെ തവരക്കറിയുടെ പ്രാധാന്യവും അതിനോടുള്ള ഇഷ്ടവും സൂചിപ്പിക്കുന്ന പാട്ടിൽ കുംഭത്തോടെ, തവര കഴിയുന്നതോടെ ഉാകുന്ന ദുഃഖവും ദാരിദ്ര്യവും വ്യക്തമാക്കുന്നു. ആറാറ് മടക്കിട്ട് അറുപത് കുരുക്കിട്ട് അനങ്ങാതെ കിടന്നോ എന്ന് വിശപ്പിനോട് പറയേത്ര ദാരിദ്ര്യം ഉാകുന്നു എന്നതിലൂടെ കേരളീയജീവിതത്തിൽ കുറേയേറെ ആളുകൾ അനുഭവിച്ച ദാരിദ്ര്യ ദുഃഖത്തിന്റെ തീവ്രത വെളിപ്പെടുന്നു.

### 413. കാലീനെ നോക്ക്ണ

ഇതൊരു സംഭാഷണരൂപത്തിലുള്ള താരാട്ടുപാട്ടാണ്. ആലേടെ വാതുക്കൽ എത്തിയ ചീയോതി പയ്യിനെ പിടിച്ചുകെട്ടികറക്കാൻ ആരംഭിച്ചു. ആദ്യം കറന്ന പാൽ ആർക്കാണ് ചീയോതി എന്ന ചോദ്യത്തിന് 'പൂമിതേവ്യമ്മക്ക്' എന്ന ഉത്തരവും പിന്നത്തേത് 'ശ്രീകൃഷ്ണൻ കണ്ണന്' എന്നും പിന്നേം കറന്നത് കുഞ്ഞമ്പു തമ്പാന് എന്നുമുള്ള ഉത്തരങ്ങൾ നമ്മുടെ സമൂഹത്തിൽ നിലനിന്നിരുന്ന ഒരു സംസ്ക്കാരത്തെ സൂചിപ്പിക്കുന്നു. പാൽ കറന്നാൽ ആദ്യം സർവ്വം സഹയായ, എല്ലാം കാമിക്കുന്ന, എല്ലാം നൽകുന്ന ഭൂമീദേവിക്കും പിന്നീട് കണ്ണന് നിവേദ്യമായും പിന്നെയുള്ളത് കുഞ്ഞമ്പു തമ്പാന് അഥവാ വീട്ടിലെ കുട്ടിക്കും എന്നതിലൂടെ

വീടിനെ സംബന്ധിച്ച് ഏറ്റവും പ്രധാനം അവിടുത്തെ കുട്ടിയാണ് എന്ന് വ്യക്തമാകുന്നു.

കാച്ചിക്കുറുക്കി ഏന്തിത്തണിച്ച് തന്റെ വയറ് നിറയുവോളം പാല് കൊടുത്ത് തൊട്ടിലിൽ (ഇച്ചാലിൽ) പട്ടും വിരിച്ച്  പാടി വളരണേ എന്ന് പ്രാർത്ഥിച്ചുകൊ് ഉറക്കി എന്നതിലൂടെ അമ്മയുടെ മനോഭാവവും കുട്ടിയെക്കുറിച്ചുള്ള ശ്രദ്ധയും ബോധ്യപ്പെടുന്നു. പാട്ടിലെ ഭാഷയും കുഞ്ഞമ്പുതമ്പാൻ എന്ന പ്രയോഗവും സൂചിപ്പിക്കുന്നത് കുട്ടിയും വീട്ടിലെ പണിക്കാരിയും തമ്മിലുള്ള സംഭാഷണരൂപത്തിലാണ് ഈ പാട്ട് നിബന്ധിച്ചിരിക്കുന്നത് എന്നാണ്.

### 416. കാരിച്ചിപ്പയ്യേ...

ഈ സംഭാഷണപ്പാട്ടിൽ കാരിച്ചിപ്പയ്യിനോട് നീയെന്തിനാണ് ആരാന്റെ പുല്ല് തിന്നത് എന്ന ചോദ്യത്തിന് പുല്ല് തിന്നാലെന്താ ഒരു കുറ്റിപ്പാല് തര്ന്നില്ലേ എന്ന മറുപടിയും തുടർന്നങ്ങോട്ടുള്ള കണക്ക് പറച്ചിലും രസാവഹമാണ്.  പശുവിന് യഥാർത്ഥത്തിൽ യജമാനന്റെ പുല്ല് ആരാന്റെ പുല്ല് എന്ന വേർതിരിവില്ല. ആരാന്റെ പുല്ല് തിന്നത് ഇത്ര പ്രശ്നമാണെങ്കിൽ പാല് കുറച്ച് ആരാന് കൊടുത്തേക്ക് എന്ന ധ്വനിയാണ് ഇവിടെയുള്ളത്.  തന്റെ മനസ്സിലെ വേർതിരിവ് പോലെ മറ്റ് ജീവജാലങ്ങൾക്കും വേർതിരിവു് എന്ന മനുഷ്യന്റെ വിചാരത്തെ പരിഹസിയ്ക്കുകയാണിവിടെ.

### 420. ഏലേലം

ഇത് ഒരു വട്ടിപ്പാട്ടാണ്.  കുട്ടനെയ്യാൻ കുഞ്ഞുങ്ങളെ പഠിപ്പിക്കുന്ന അവസരത്തിൽ കുന്നിന്റെ മുകളിലുള്ള താമസവും കുട്ടനെയ്യൽ ജോലിയും കൊുള്ള ചില മെച്ചങ്ങൾ അവതരിപ്പിക്കുകയാണിവിടെ. കുന്ന്മ്മേകേറ്യാ ഈറ്റേം വെട്ടാം കൊട്ടേം നെയ്യാം വട്ടീം നെയ്യാം.  വര്ണേരേം കാണാം പോണേരേം കാണാം, എന്നിങ്ങനെ നെയ്യുന്ന താളത്തിൽ പാടികൊ് ആയാസരഹിതമായി കുട്ടയും വട്ടിയും നിർമ്മിക്കാൻ പരിശീലിപ്പിക്കുകയാണമ്മ.  സ്ഥലം ഈറ്റവെട്ടാൻ സൗകര്യമുള്ളത്.  പണിയെടുക്കുന്നത് വര്ണേരേം പോണേരേം ക് ലോകവർത്തമാനങ്ങൾ അറിയാൻ പാകത്തിന്. വാർത്താവിനിമയമാർഗ്ഗങ്ങൾ വളരെ കുറവായിരുന്ന ഒരു കാലഘട്ടത്തിൽ ഇത്തരം അവസരങ്ങളായിരുന്നു ഒരു ജനത എന്ന നിലക്ക് അവരെ ഒന്നിച്ചു നിർത്തിയത്.

പിന്നീടുള്ള വരികൾ ഒരു പ്രാർത്ഥനയാണ്. വലിയ വലിയ മുതലാളിമാരെ ഈ മേഖലയിലേക്ക് കടക്കാൻ അനുവദിക്കാതെ പറഞ്ഞുവിടേണേ.  പണക്കാർ ഓരോ മേഖലയും പിടിച്ചടക്കി മുന്നേറുമ്പോൾ തനതായ തൊഴിൽ വൃത്തികളും സംസ്കാരവും നഷ്ടപ്പെടുന്നു.  ഇത് ബോധ്യപ്പെട്ട അമ്മ ഈ മേഖലയും കീഴടക്കപ്പെടരുതേ എന്ന് പ്രാർത്ഥിക്കുകയാണ്.  ഒപ്പം തങ്ങളെ പോലുള്ള ചെറിയ ആളുകളെ (കുടിൽ വ്യവസായക്കാരെ) എത്ര വെഷമിച്ചാലും ജീവിതവൃത്തി നഷ്ടപ്പെടുത്താതെ പിടിച്ചിരുത്തണേ എന്ന അഭ്യർത്ഥനയാണിവിടെ. ഈ ലോകത്തിലെ സാമ്പത്തിക

-

തകിടം മറിച്ചിലുകൾ വളരെ കൃത്യമായി ലളിതമായി ആവിഷ്കരിക്കുന്നതൊടൊപ്പം തന്റെ തൊഴിൽ മേഖലയിലെ സൗകര്യങ്ങളും സംരക്ഷിക്കേതിന്റെ ആവശ്യകതയും എടുത്തു കാണിക്കുന്നു. തന്റെ പിൻമുറക്കാരിലൂടെ ഈ തൊഴിൽ സംസ്കാരം സംരക്ഷിക്കപ്പെടണമെന്ന അതിയായ ആഗ്രഹമാണ് ഇവിടെ പ്രതിഫലിക്കുന്നത്.

**425. താരിളം തെയ്യാരാ...**

കയറ്റിറക്ക് തൊഴിലുമായി ബന്ധപ്പെട്ട് അദ്ധ്വാനലഘൂകരണത്തിനായി പാടുന്ന ഈ പാട്ടിലൂടെ, ഒത്തു പിടിച്ചാൽ മലയും മറിയും, മടിച്ചുനിന്നാൽ മുടിഞ്ഞുപോകും എന്ന് ഉപദേശിക്കുകയാണ്. ഇത് അവന്റെ ജീവിതത്തിലേക്ക് കൂടിയുള്ള ഉപദേശമാണ്.

**430. തെയ് തെയ് തക...**

ഇല്ലിക്കൊമ്പു കൊള്ള തോണിയുടെ ഉറപ്പില്ലായ്മയേയും വള്ളത്തിൽ കയറിയ പൊണ്ണത്തടിയനേയും ഇതുമൂലം തോണിമുങ്ങിപ്പോയ അവസ്ഥയേയും അനന്തരഫലമായി കല്ലിടിച്ച് പല്ലുപോയതിനേയും കണക്കറ്റ് പരിഹസിയ്ക്കുകയാണിവിടെ. ഉപകരണങ്ങളുടെ നിർമ്മാണ വൈകല്യവും അതിലെ ദീർഘദൃഷ്ടിയില്ലായ്മയും ഇത് മൂലം സംഭവിച്ച ആപത്തും നർമ്മം കലർത്തി അവതരിപ്പിച്ചിരിയ്ക്കുന്നു.

**432. ആ പൂ മുല്ലപ്പൂ**

കൈക്കൊട്ടികളിക്കും ഉപയോഗിക്കാറുള്ള ഈ പൂപ്പാട്ടിലൂടെ മുല്ലപ്പൂ, തൃത്താപ്പൂ എന്നിവയുടെ പ്രത്യേകതകളും പ്രാധാന്യവും കേരളീയജനതയുടെ ജീവിതത്തിലും ആരാധനയിലും അതിനുള്ള സ്ഥാനവും വെളിവാക്കപ്പെടുന്നു. തെങ്ങിൻതറയിൽ പടർത്തി വളർത്തിയ പന്തലിൽ പൂവിട്ട വാസനയുള്ള മുല്ലപ്പൂ ഏട്ത്തി മുലറുത്തിട്ട് മാലകെട്ടി തലയിൽ ചൂടുന്നതാണെങ്കിൽ നട്ടുനനച്ച് വളർത്തിയ തൃത്താപ്പൂ മുറ്റത്തെ തറയിൽ വലുതായ് കതിർച്ചൂടിനിൽക്കുന്നതാണ്. ഇത് പറിക്കുന്നത് 'നങ്ങേലിക്കുട്ടി' എന്ന കഴകമാണ്. അവൾ മാലകെട്ടി എന്നും അമ്പലത്തിലെ തമ്പ്രാട്ടിക്ക് ചാർത്തുന്നതുമാണ്. ഇവിടെ ആദ്യത്തെ മുല്ലമാല സ്ത്രീസൗന്ദര്യത്തിന്റെയും ഭൗതികജീവിതസങ്കല്പത്തിന്റെയും പ്രതീകവും തൃത്താപ്പൂമാല പരിശുദ്ധിയുടെയും ആത്മീയതയുടെയും പ്രതീകവുമാണ്. ഭൗതിക ആത്മീയജീവിതങ്ങളുടെ സമഞ്ജസമായ സമ്മേളനമാണ് യഥാർത്ഥ ജീവിതത്തിൽ ഉദ്ദേശിക്കുന്നത് എന്ന പൊരുളിനെ ഉൾച്ചേർത്തിരിക്കുന്നു. പന്തൽ, മുല്ലമാല, തലയിൽ ചൂടൽ തുടങ്ങിയവ വിവാഹസൂചകങ്ങളും തൃത്താപ്പൂ വിവാഹജീവിതത്തിലെ പരിശുദ്ധിയും ആത്മനിയന്ത്രണവും ആകുന്നു. ഇവിടെ സൗന്ദര്യവും സുഗന്ധവുമാണ് പുതിയ ജീവിതത്തിലേക്ക് പ്രവേശിപ്പിക്കുന്നതെങ്കിലും വിശുദ്ധിയാണ് അതിനെ നിലനിർത്തുന്നത് എന്ന ഉപദേശത്തെ ഭംഗ്യന്തരേണ സൂചിപ്പിക്കുന്നു. മുതിർന്ന പെൺകുട്ടികൾക്ക് നൽകുന്ന ഒരു ജീവിതപാഠമാണിത്.

**433. ഇന്നലെ ഞാനൊരു**

കുട്ടികൾ കൈകൊട്ടിക്കളിക്കായും വിനോദത്തിനായും പാടാറുള്ള ഈ പാട്ട് തൃശൂർ, പട്ടാമ്പി, താമരശ്ശേരി ഭാഗങ്ങളിൽ അമ്പലവാസി സമുദായങ്ങളിൽ പാടിവരാറുള്ള ഒന്നാണ്. കൃഷിയും മറ്റുതൊഴിലുകളും കീഴാളന്മാരെക്കൊ് ചെയ്യിപ്പിക്കുന്ന കാലഘട്ടത്തിലും നട്ട് വളർത്തിയാലേ പറിക്കാൻ അഥവാ ഫലമെടുക്കാൻ ഉാകൂ എന്ന പാഠത്തെ കുട്ടികളിലെത്തിക്കുന്നു 'എന്തിലറുക്കേു മുല്ലപ്പൂവ്' എന്ന ചോദ്യവും മുിലറുത്താൽ മുഷിയും കൈയിലറുത്താൽ കരിയും എന്നിങ്ങനെയുള്ള ഉത്തരങ്ങളും കേരളീയർക്ക് മുല്ലപ്പൂവിനോടുള്ള സ്നേഹവും സംരക്ഷണചാതുര്യവും വ്യക്തമാക്കുന്നു. പൊൻതളികയിൽ അറുത്ത് വെള്ളിത്തളിക കൊ് മൂടി സൂക്ഷിച്ച് പൂവ് നീളത്തിൽകോർത്ത് കണ്ണാട്ടുകാവിൽ ഭഗവതിക്ക് ചാർത്തി വലം വെച്ച് തൊഴുതു. ഇവിടെ ഒരു ക്ഷേത്രാചാരവും ഒപ്പം അമ്പലവാസികളിൽ പ്രമുഖ

രായ വാര്യസമുദായക്കാരുടെ കുലത്തൊഴിലായ 'കഴകപ്പണി' അഥവാ 'ക്ഷേത്രം ശുചിയാക്കലും മാലകെട്ടലും പൂജക്കൊരുക്കലും' സൂചിപ്പിക്കപ്പെടുന്നു. മറ്റൊരർത്ഥത്തിൽ തനിക്ക് കിട്ടിയതിനെ ഇഷ്ടപ്പെട്ട് എന്തിനേയും ഈശ്വരന് സമർപ്പിക്കുന്ന ഉദാത്തഭക്തിഭാവമാണ് ഇവിടെ പ്രകടമാവുന്നത്. 'കണ്ണാട്ടുകാവിൽ ഭഗവതി' എന്നതിലൂടെ കേരളീയരുടെ മാതൃപൂജാസങ്കൽപവും ശക്ത്യാരാധനാപ്രാധാന്യവും വെളിപ്പെടുന്നു.

### 439. പുത്തൂരെ...

പാചകത്തിലെ വീഴ്ചയാണ് ഇതിൽ പരാമർശിതം. അരി ചീഞ്ഞു പോയി കോവക്ക കരിഞ്ഞു പോയി. വായക്ക ഉപ്പേരിക്കുപ്പേയില്ല. ഇങ്ങനെ ആഹാരം കൊടുത്താലുള്ള പ്രശ്നങ്ങളും അതിഥി സൽക്കാരത്തിൽ ശ്രദ്ധ പതിപ്പിക്കേതിന്റെ ആവശ്യകതയും ബോധ്യപ്പെടുത്തുന്നതോടൊപ്പം പാചകത്തിലെ വീഴ്ച്ചയെ അപഹസിക്കുക കൂടിയാണ് ചെയ്യുന്നത്. നിന്നെപ്പറ്റി അവരെന്താ നിരൂപിക്ക്യാ എന്ന ചോദ്യം ഇത്തരം സന്ദർഭങ്ങളിലാണ് വ്യക്തിയെ സമൂഹം അളക്കുന്നത് എന്ന് ഓർമ്മിപ്പിക്കുന്നു.

### 444. നമ്മം നമ്മം

തപ്പോ തപ്പോ എന്ന് തുടങ്ങുന്ന ഈ പാട്ടിൽ കുഞ്ഞിക്കുമ്പേലെന്തു് എന്ന ചോദ്യത്തിന് കുഞ്ഞിന് വെച്ചകിങ്കും കിങ്കിന് കൂട്ടാൻ കുഞ്ഞിക്കോഴീടെ കൊക്കും എന്ന് ഉത്തരം പറയുന്നു. കിങ്ക് അഥവ 'അങ്ക്റി', 'പാല്' ഇവയ്ക്കൊപ്പം വയറ്റിൽ കോഴിക്കുഞ്ഞുമുള്ളതിനാലാണ് കുട്ടിക്ക് വിശപ്പ് വരുന്നത് എന്ന 'നാടൻപറച്ചി'ലാണ് ഇവിടെ പ്രകടമാകുന്നത്. കുട്ടിയുടെ പട്ടിണി സൂചിതം. കുഞ്ഞിക്കോഴീടെ കൊക്ക് കൊുള്ള പാലവും പാലത്തിന്റെക്കരെയുള്ള വാഴയും വാഴകുലച്ചുള്ള തെക്കോട്ട് വീഴലും എല്ലാം സമൂഹങ്ങൾക്കിടയിലുായിരുന്ന അകൽച്ചയും ഒരു വിഭാഗത്തിലെ കുമിഞ്ഞുകൂടലും സൂചിപ്പിക്കുന്നു. വാഴ കുലച്ച് തെക്കോട്ട് വീണു എന്നതിലൂടെ കുലയും വെച്ചവന് നഷ്ടമായി എന്ന് വെളിപ്പെടുത്തുന്നു. പിന്നീട് ജന്മിവ്യവസ്ഥയുടെ ദൂഷ്യത്തിൽ നിന്ന് രക്ഷപ്പെട്ട് സ്വന്തമായി കൃഷി ആരംഭിച്ചു. വാഴക്കുലയും തേടി തെക്കൂന്ന് വന്നപൈങ്കിളിയോട് തെക്കുള്ള വിശേഷങ്ങൾ അന്വേഷിക്കുമ്പോൾ 'എള്ളാട്ടുന്ന' തിന്റെ സന്തോഷവും – എള്ളുകൃഷിയുടെ നേട്ടവും ഇത് കൊ് കർഷകർ നടത്തുന്ന വലിയ പിലാക്കൂറെ കാതുകുത്ത് കല്ല്യാണവും ചെറിയപിലാക്കൂറിലെ കല്ല്യാണവും വിവരിക്കുന്നതിലൂടെ ജന്മിവ്യവസ്ഥക്ക് ശേഷമുള്ള കാലഘട്ടത്തിൽ കൃഷിയിൽ നിന്നുള്ള വരുമാനമായിരുന്നു എല്ലാ ആഘോഷങ്ങളുടെയും അടിസ്ഥാനമായി സമൂഹത്തിൽ നിലകൊിരിക്കുന്നത് എന്ന് സൂചിപ്പിക്കുന്നു. ഇവിടത്തുകാരുടെ കുട്ടികളോടുള്ള സമീപനം, സാമൂഹ്യവ്യവസ്ഥ, സാമ്പത്തികസ്ഥിതി, ചരിത്രം, തൊഴിൽ തുടങ്ങിയവയെല്ലാം ഈ പാട്ടിൽ നിഴലിക്കുന്നു.

### 446. മേമല

ഒരു കാവൽപാട്ടാണിത്. കൃഷിക്ക്/കൃഷിസ്ഥലത്തിന് മലയുടെ അടിവാരത്തിൽ കാവൽ നിൽക്കാൻ നിയോഗിക്കപ്പെട്ട ഒരു മുതിർന്ന കുട്ടിയുടെ ആത്മഗതങ്ങളാണ് ഇവിടെ പരാമർശിക്കപ്പെടുന്നത്. മേലെ മലമുകളിൽ കൊയ്ത്തു കാലമല്ല

-

ല്ലോ. വെള്ളം ചവിട്ടിത്തേവ്ണ കാലത്ത് ഇങ്ങനെ കാവല് നിൽക്കാൻ വയ്യ. ഇങ്ങനെ ചുട്ടുപഴുത്ത് വെയിലുള്ളപ്പോൾ കാവല് വയ്യ. ഇപ്പോഴൊന്നും തമ്പുരാൻ വരമ്പത്തില്ലല്ലോ കഷ്ടപാടുകൾ കാണാൻ. എന്റച്ഛൻ രാത്രിയിൽ കാവല് കെടക്കു മ്പോൾ തമ്പുരാൻ മാളികമേടയിൽ സുഖിക്കുന്നു. പി.വത്സലയുടെ ജോഗി എന്ന കഥാപാത്രത്തിന് സമാനമായി തന്റെ കളിയും ഊരുചുറ്റലും മറ്റ് സ്വാതന്ത്ര്യങ്ങളും എല്ലാം മറന്ന് അതിയായ ചൂടത്ത് കാവൽ നിൽക്കാൻ നിർദ്ദേശിക്കപ്പെട്ട കുട്ടി തന്റെ ഗതികേടോർത്ത് ജന്മിവ്യവസ്ഥിതിയെ മനസ്സാ പഴിക്കുന്നു. ഇതിനേക്കാൾ അവനെ വിഷമിപ്പിക്കുന്നത് വിളവെടുപ്പിനുമാത്രം വരമ്പത്തെത്തുന്ന തമ്പുരാന്റെ മാളികമോളിലെ കിടപ്പറയും വയലിന് കാവൽ കിടക്കുന്ന തന്റെ അച്ഛന്റെ സ്ഥിതിയും തമ്മിലുള്ള അന്തരമാണ്. ജന്മിവ്യവസ്ഥയുടെ യാഥാർത്ഥ്യത്തിന്റെ മുഖമാണ് ഇവിടെ അനാവരണം ചെയ്യപ്പെടുന്നത്.

### 449. ആട്ടീ പാട്ടീ പാമ്പാട്ടീ...

പാമ്പിൻ കൂടേൽ പാമ്പില്ലേ എന്ന ചോദ്യത്തിന് പാമ്പാണേൽ കൊത്തൂല്ലേ, കൊത്ത്യാലപ്പോ ചാവൂല്ലേ എന്ന മറുചോദ്യം ചോദിയ്ക്കുന്ന പാമ്പാട്ടി കാപട്യ ത്തിന്റെ പ്രതീകമാണ്. പാമ്പാട്ടി എന്ന പേരിനെയും പ്രവൃത്തിയെയും പരിഹസി യ്ക്കുകയാണ് ഈ വരികളിലൂടെ. ഒപ്പം കുട്ടിയുടെ നിഷ്കളങ്കമായ ചോദ്യത്തിന് മുമ്പിൽ ചൂളുന്ന പാമ്പാട്ടിയുടെ ജീവിതത്വരയും ബോധ്യപ്പെടുന്നു.

### 456. മലരമ്പി ...., 457. അഹതമര ........

ആമിനാബി നബിയെ തന്റെ മാറോടണച്ച് അതിമനോഹരമായ തൊട്ടിലിൽ മലക്കുകൾക്കൊപ്പം ആട്ടിക്കൊ് താരാട്ടുപാടിയുറക്കിയിരുന്ന പാട്ടുകളാണിവ എന്ന് വിശ്വസിക്കപ്പെടുന്നു.

### 460. ഇല്ലത്തെ. . .

ഒരു താരാട്ടുപാട്ടാണിത്. അമ്മ ഇല്ലത്തെ കുഞ്ഞിനെയും തന്റെ കുഞ്ഞി നെയും താരതമ്യപ്പെടുത്തിക്കൊ് പാടുന്ന പാട്ടാണ്. ഇല്ലത്തെ രാജാവായ കുട്ടി യഥാർത്ഥത്തിൽ രാജാവ് തന്നെയാണ്. ആനപെരുമയുള്ള കുടുംബമഹിമ മദയാന കളെ മേക്കുന്ന തറവാട്. ഇങ്ങനെ പണവും പ്രശസ്തിയും പ്രതാപവുമുള്ള ഇല്ലത്തെ ഉണ്ണി രാജാവ് തന്നെയാണ്. 'രാജാവ്' എന്ന പ്രയോഗത്തിലൂടെ നീതിന്യായ വ്യവസ്ഥിതി നടപ്പാക്കാൻ ചുമതലപ്പെട്ട അധികാരകേന്ദ്രമാണ് എന്ന സൂചനയും നൽകുന്നു. ഇല്ലത്തെ രാജാവ് ചൂട്ണ പൂവ് എന്നതിലൂടെ ഈ പ്രതാപൈശ്വര്യങ്ങ ളാൽ ജന്മംകൊ് കൈവന്ന ഈശ്വരതുല്യസ്ഥാനവും ബഹുമാനാദികളും സൂചിതം. ഈശ്വരപൂജക്ക് ഉപയോഗിക്കുന്ന പൂക്കളെല്ലാം ഇല്ലത്തെ രാജാവിനും പ്രിയം തന്നെ കാരണം കുലവൃത്തി എന്ന നിലയിൽ ഈ പൂക്കൾ ഉപയോഗിച്ച് പൂജാദികർമ്മങ്ങൾ നടത്തുകയും പ്രസാദം ചൂടുകയും ചെയ്യുന്ന ഇല്ലത്തെ ഉണ്ണി മറ്റുള്ളവർക്ക് മുമ്പിൽ ഈശ്വരസ്വരൂപം തന്നെയാണ് എന്ന ഒരു കാലഘട്ടത്തിന്റെ വിശ്വാസമാണിവിടെ സൂചിപ്പിക്കപ്പെടുന്നത്. മകന്റെ താരാട്ടിലൂടെ ഈ ആശയം പകരാൻ ശ്രമിക്കുകയാ

-

ണമ്മ. ജന്മികുടിയാൻ ജീവിതപ്രതിഫലനം ഇവിടെയും കാണാം. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരത്തെ വ്യക്തമായി വരച്ചുകാട്ടുകയാണ് ഈ പാട്ടിലൂടെ ചെയ്യുന്നത്.

### 463. രാരീരം

മുസ്ലീം സമുദായത്തിൽ പ്രചാരത്തിലുള്ള ഒരു താരാട്ടുപാട്ടാണിത്. തന്റെ മകളെ ഏറ്റവും വിശിഷ്ടമായ സ്വത്തായി ക് അവളുടെ സൗന്ദര്യത്തിലും ഐശ്വര്യത്തിലും അഭിമാനിക്കുന്ന ഉമ്മ ലോകത്തിലെ സർവ്വ സൗന്ദര്യവും മകളിലേക്ക് ആവേശിക്കുകയാണ്. ഉമ്മയുടെ എല്ലാ ദുഃഖങ്ങൾക്കും ഔഷധമായ കുട്ടി കിനാക്കളുടെ കുളിരാണ്. പക്ഷേ കുട്ടിക്ക് നൽകാൻ പാലില്ല, പഴമില്ല, മറ്റ് വിശിഷ്ട വസ്തുക്കളൊന്നുമില്ല. ഈ സങ്കടത്തിലും നമ്മൾക്കും ഒരു നല്ലകാലം വരുമെന്ന് സ്വപ്നം കാണുന്ന ഉമ്മയിലൂടെ ഒരു പാവപ്പെട്ട മുസ്ലീം കുടുംബപശ്ചാത്തലമാണ് പ്രകടമാവുന്നത്. ഉമ്മയുടെ കുട്ടികളോടും ജീവിതത്തോടുമുള്ള സമീപനവും ജീവിതചിന്തയുമാണിവിടെ നിഴലിക്കുന്നത്. എന്തിലും ശുഭപ്രതീക്ഷയുടെ തിരിനാളം പ്രകാശിപ്പിക്കാനുള്ള പരിശീലനവും നൽകപ്പെടുന്നു.

### 468. കുട്ടീന്റെ

കളിപ്പാട്ടായും താരാട്ടായും ഉപയോഗിക്കുന്ന ഈ പാട്ടിലൂടെ പാലിന് പോയ അമ്മയെ കാത്തിരിക്കുന്ന കുട്ടിയോട് പോരുന്ന വഴിക്ക് 'കൊമ്പില്ലാപ്പയ്യൊന്ന് കുത്ത്യോന്നാവം, പല്ലില്ലാപട്ടി കടിച്ചോന്നാവം, കൊക്കില്ലാ കോയ്യ്യോന്ന് കൊത്ത്യോന്നാവം, നകമില്ലാ പൂച്ച്യോന്ന് മാന്ത്യോന്നാവം' തുടങ്ങിയ പ്രയോഗങ്ങളിലൂടെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്നു. പശുവിന്റെ കൊമ്പ്, പട്ടിയുടെ പല്ല്, കോഴിയുടെ കൊക്ക്, പൂച്ചയുടെ നഖം, തുടങ്ങിയവയാണ് ആക്രമണത്തിന് ഉപയോഗിക്കുക എന്ന യാഥാർത്ഥ്യത്തെയും അവയെ ശ്രദ്ധിക്കേതിന്റെ ആവശ്യകതയെയും അറിയാതെ ബോധ്യപ്പെടുത്തുന്നതോടൊപ്പം കുട്ടിയുടെ അമ്മക്ക് ഒന്നും പറ്റിയിട്ടില്ല എന്നും നർമ്മത്തോടെ അവതരിപ്പിക്കുന്നു. തനിക്ക് ചുറ്റുമുള്ള ജീവികളെ പരിചയപ്പെടുത്തുകയും കൊമ്പില്ലാ പശു, പല്ലില്ലാ പട്ടി, കൊക്കില്ലാ കോഴി, നഖമില്ലാ പൂച്ച തുടങ്ങിയവ വീര്യമില്ലാത്തതാണ് എന്ന് ബോധ്യപ്പെടുത്തുകയും ചെയ്യുന്നു.

### 476. കുട്ടീടമ്മ...

കൊട്ടാരത്തില് പണിയെടുക്കാൻ പോയ കുട്ടീടമ്മയ്ക്ക് സുഖം തന്നെ. എന്നാൽ കുട്ടിക്ക് എന്തെല്ലാം വെച്ചിട്ടാപോയത്? ഒന്നുമുാക്കിവെച്ചിട്ടില്ല. പച്ചവെള്ളം പോലും കിട്ടാത്ത അവസ്ഥ. കുട്ടികളെ ശ്രദ്ധിയ്ക്കാത്ത രീതിയും അവരുടെ ദയനീയതയും ഇവിടെ വെളിപ്പെടുന്നു. കാട്ടിലിരിക്കും കട്ടുറുമ്പാണ് ഈ കുട്ടിയ്ക്ക് ഉറക്കം നല്കാൻ ഇത്തരം അമ്മയേക്കാൾ ഭേദം എന്ന് ധ്വനി. ഇവിടെ അമ്മയുടെ പുറമ്പൂച്ചിനെ പരിഹസിയ്ക്കുന്നതോടൊപ്പം കുട്ടിയോടുള്ള അവഗണനയും വെളിപ്പെ

-

ടുത്തുന്നു. കാട്ടിലെ കട്ടുറുമ്പിനോടുള്ള ചങ്ങാത്തം പോലും ഈ അമ്മയോടില്ല എന്ന യാഥാർത്ഥ്യത്തെ വ്യക്തമാക്കുകയാണിവിടെ.

**478. ഗോവിന്ദ...**

ര് കുട്ടികൾ തമ്മിലുള്ള ഈ സംഭാഷണ പാട്ടിലൂടെ ര് മാങ്ങ ഞാനിങ്ങ് പറിച്ചിടട്ടയോ എന്ന ചോദ്യത്തിന് നമ്മുടെ മാവല്ല എന്ന മറുപടി. സമ്മതം കൂടാതെ ആരാന്റെ സ്വത്ത് (സാധനം) എടുക്കാൻ പാടില്ല എന്ന മൂല്യം കുട്ടി മുതിരുമ്പോൾ സാമൂഹീകരിക്കുന്നു. ഈ ലോകത്തെ ചിട്ട വട്ടങ്ങളും ചിന്താഗതികളും പരിചയപ്പെട്ട കുട്ടികളാണിവർ. കുട്ടി മുതിരുന്നതോടെ സമൂഹത്തിൽ നിന്നാർജ്ജിച്ച മൂല്യത്തെ ഊട്ടിയുറപ്പിക്കേതു് എന്ന ബോധം ശക്തമാവുന്നു. അങ്ങനെ അവൻ ആദർശാത്മക മായ ജീവിതം കാംക്ഷിക്കുന്നു.

-

**479. ആലായാൽ തറ . . . .**

ഒരു കുമ്മിപാട്ടാണിത്. ഇതിലൂടെ എല്ലാറ്റിലേയും നന്മയെ അഥവാ മാതൃകാ ബിംബത്തെക്കാണിച്ചുകൊ് ഉത്തമമായ വീക്ഷണം വളർത്തിയെടുക്കാൻ ശ്രമിക്കുന്നു. ഇതിഹാസമായ രാമായണത്തെയും അതിലെ നായകരെയും മാതൃകയാക്കാനുള്ള സമൂഹത്തിന്റെ ചിന്ത നിഴലിക്കുന്നു. രാമായണത്തിന് ജനഹൃദയങ്ങളിലുള്ള സ്വാധീനത്തെ ബോധ്യപ്പെടുത്തുന്ന വരികളാണിവ. ക്ഷേത്രം, ആൽത്തറ, കുളം തുടങ്ങീ ഇന്നും നിലനിൽക്കുന്ന ആരാധനാ സങ്കേതങ്ങളെയും ജീവിതസങ്കല്പങ്ങളെയും കുട്ടിക്ക് പരിചയപ്പെടുത്തുകയാണിവിടെ.

**480. ഒന്നാനാം . . .**

സംഭാഷണരൂപത്തിലുള്ള ഈ പാട്ടിൽ കുട്ടി തുമ്പിയെ തന്നോടൊപ്പം പോരാനായി ക്ഷണിക്കുന്നു. അപ്പോൾ എന്തെല്ലാം തരുമെന്ന ചോദ്യത്തിന് കളിപ്പാൻ കളം, കുളിപ്പാൻ കുളം, ഇട്ടിരിപ്പാൻ പൊൻതടുക്ക്, ഇട്ടുണ്ണാൻ പൊൻതളിക, കൈകഴുകാൻ വെള്ളിക്കിി, കൈതോർത്താൻ പുള്ളിപ്പട്ട് എന്നിങ്ങനെ ഒരഥിതിക്ക് ഏറ്റവും വിശിഷ്ടങ്ങളായ പദാർത്ഥങ്ങളെല്ലാം നൽകുമെന്ന് കുട്ടിപറയുന്നു. താൻ ഏറ്റവും ഇഷ്ടപെടുന്നത് അതിഥിക്ക് നൽകാമെന്ന് പറയുന്നതിലൂടെ അതിഥിയെ സൽക്കരിക്കേതെങ്ങനെ എന്ന രീതി പരിശീലിക്കുകയാണ്. 'അതിഥി ദേവോ ഭവ' എന്ന ആർഷ സൂക്തത്തെ അതിന്റെ പ്രായോഗികതലത്തിൽ പരിചയപ്പെടുത്തുന്ന ഈ പാട്ട് ത്യാഗമനോഭാവം വളർത്തിയെടുക്കാൻ പ്രേരിപ്പിക്കുന്നു.

**481. വേശങ്ങളായിരം**

നാനാത്വത്തിൽ ഏകത്വം എന്ന ആശയത്തെക്കുറിക്കുന്ന ഒരു പാട്ടാണിത്. നമ്മുടെ വേഷങ്ങൾ പലതരമാണ്. ഓരോ വ്യക്തിയുടേയും സൗന്ദര്യസങ്കല്പങ്ങൾക്കും ഇഷ്ടങ്ങൾക്കും ആചാരങ്ങൾക്കും പ്രദേശങ്ങൾക്കും അടിസ്ഥാനമായി അവ വ്യത്യാസപ്പെട്ടിരിക്കുന്നു. ജീവിക്കാൻ വേി നാം കെട്ടിയാടുന്ന വേഷങ്ങളും വളരെ വ്യത്യസ്തങ്ങൾതന്നെ. ഓരോ വ്യക്തിയുടേയും സ്വഭാവമാകുന്ന വേഷങ്ങളും വ്യത്യസ്തങ്ങളാണ്. എന്നാൽ എല്ലാറ്റിനും പ്രമാണമായി സ്വീകരിക്കുന്ന വേദങ്ങൾ ഒന്നാണ്. അതുപോലെ ലോകത്തിലെ നാനാഭാഗങ്ങളിലുള്ള വ്യക്തികളുടെ ഭാഷകൾ വ്യത്യസ്തങ്ങളാണ്. കൂടാതെ ഒരേ ഭാഷയിൽത്തന്നെ ധാരാളം പ്രാദേശിക ഭേദങ്ങളുമു്. ഓരോ വ്യക്തിയുടേയും ഭാഷ വ്യത്യാസപ്പെട്ടിരിക്കുന്നു. എങ്കിലും എല്ലാറ്റിന്റെയും ആശയങ്ങൾ ഒന്നാണ്.

മനുഷ്യന്റെ വർണ്ണങ്ങൾ ഇവിടെ വ്യക്തിയുടെ ശരീരത്തിന്റെ നിറം എന്നും ഭാരതീയ കാഴ്ചപ്പാടനുസരിച്ച് ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നീ വർണ്ണങ്ങൾ – ജാതീയമായ വേർതിരിവുകൾ വ്യത്യസ്തമാണ്. എന്നാൽ എല്ലാരിലും ഓടുന്ന ചോരയുടെ നിറം ഒന്നാണ് – ചുവപ്പ്. മനുഷ്യർ വ്യത്യസ്ത ജീവിതചുറ്റുപാ

ടുകൾ, ജീവിതരീതി, കാഴ്ചപ്പാട് തുടങ്ങിയവയാൽ പല തരത്തിലുള്ള വേദനകളും സുഖങ്ങളും അനുഭവിക്കുന്നു. എന്നാൽ സുഖദുഃഖസമ്മിളിതമായ ജീവിതം എല്ലാവർക്കും ഒന്നുതന്നെയാണുള്ളത്. നമ്മുടെ ആഹാരവും ആഹാരരീതികളും ക്രമവും വ്യത്യസ്തമാണ്. സംസ്കാരത്തിനും പ്രദേശത്തിനും വ്യക്തിപരിചയത്തിനും ഇഷ്ടങ്ങൾക്കുമനുസരിച്ച് ഇവ വ്യത്യാസപ്പെടുന്നു. എന്നാൽ എല്ലായിടത്തും മനുഷ്യർ ഒന്നാണ്. അവന്റെ വിചാരവികാരങ്ങളും ചിന്താരീതികളും എവിടുത്തുകാരനായാലും ഏറെക്കുറെ സമാനമാണ്.

ശാന്തസ്വരൂപനായ ഈശ്വരൻ ഒന്നുതന്നെയാണ്. പല രൂപത്തിൽ പല ഭാവത്തിൽ പല പേരുകളിൽ അറിയപ്പെടാമെങ്കിലും ഈശ്വരൻ സത്യത്തിൽ ഒന്നാണ്. ഋഷിപ്രോക്തങ്ങളായ അദ്വൈത തത്വത്തെ ഏറ്റവും ലളിതമായി ഒരു കൊച്ചുപാട്ടിലൂടെ കുട്ടിയിലേക്ക് കൈമാറാനുള്ള ശ്രമമാണിവിടെ. 'വിശ്വമാനവൻ' എന്ന സങ്കല്പത്തിലേക്ക് കുട്ടിയെ എത്തിക്കാനുള്ള അമ്മയുടെ ആഗ്രഹം ഐക്യവും സമാധാനവും പുലരുവാൻ ആഗ്രഹിക്കുന്ന, ഈ ലോകത്തിന്റെ വൈവിധ്യത്തെ മനസാ ഉൾക്കൊള്ളുന്ന, ഒരു ജനതയുടെ ആത്മാവിഷ്കാരമാണ്.

-

**485. ആരാരു്**

ഇതൊരു പാക്കുപാട്ടാണ്. പാകമാകാത്ത അടക്ക വെട്ടി ചെറുകഷ്ണങ്ങളാക്കി, കൂട്ട് ചേർത്ത് ഉണക്കി 'കളിയടക്ക' നിർമ്മിക്കുന്ന രീതി കേരളത്തിൽ സർവ്വസാധാരണമായിരുന്നു. അമ്മ കുഞ്ഞിനോട് പാക്കുവെട്ടിനിടയിൽ അമ്പഴക്കാത്തോട്ടത്തിൽ ഒറ്റക്ക് 'പൈങ്ങ' പെറുക്കാൻ പോകരുതെന്നും അങ്ങനെ പോയ കുട്ടികളുടെ കൊച്ചു കൊച്ചു പല്ലുകൾ കടിച്ചുപറിച്ചുകൊ‌ു പോയതും മറ്റും കവരു് എന്നും ഓർമ്മിപ്പിക്കുകയാണ്. കൊച്ചുകുട്ടികളെ മലയുടെ താഴ് വാരത്തിൽ വെച്ച് കൊത്തി കൊ‌ുപോയത് കവരു് എന്ന് പറഞ്ഞുകൊ‌്. വന്യജീവികളുടെയും പക്ഷികളുടെയും ഉപദ്രവം ഉള്ള പഴയ കാലഘട്ടത്തിൽ ചുറ്റുപാടുമുള്ള അപകടങ്ങളെക്കുറിച്ച് മുൻകൂട്ടി അറിവുകൾ നൽകുകയും ജീവിതത്തിന് പ്രാപ്തമാക്കുകയും ചെയ്യുകയാണിതിലൂടെ. 'പൂവ്വൽ' എന്നതിന് വവ്വാൽ അഥവാ കടവാതിൽ എന്നും അർത്ഥമു്. ആ ഒരർത്ഥത്തിൽ വനപ്രദേശങ്ങൾ കവുങ്ങിൻതോട്ടങ്ങളായി കുടിയേറ്റകർഷകരുടെ അധീനതത്തിൽ വന്നപ്പോൾ, തന്റെ കുടിലിന് മുന്നിൽ വീണുകിടക്കുന്ന അടക്കാപോലും പെറുക്കിയെടുക്കുന്നത് മോഷണതുല്യമായിത്തീർന്നു ആദിവാസികൾക്ക് അവരുടെ കൊച്ചുകുട്ടികളോട് അമ്പഴക്കാത്തോട്ടത്തിൽ പോയി വവ്വാലിനെപ്പോലെ ഒന്നും പെറുക്കിക്കളയരുത്, തെറ്റാണ് എന്ന് ഉപദേശിക്കുക കൂടിയാണിതിലൂടെ. സമൂഹത്തിന്റെ താഴെത്തട്ടിൽ ജീവിക്കുന്ന ആദിവാസികളുടെ സത്യസന്ധതയുടെ ആവിഷ്കാരം കൂടിയാണിത്.

**486. ആരാണയിലെ പോണ് . . .**

ദ്വയാർത്ഥപ്രയോഗത്തിലൂടെ യുക്തിചിന്തനത്തെ വളർത്തിയെടുക്കുവാൻ പര്യാപ്തമായ ഒരു സംഭാഷണപ്പാട്ടാണ്. ആദ്യം മൂര്യല്ലേ എന്ന ചോദ്യത്തിൽ നിന്നും അവസാനം നായ്യല്ലേ എന്നതിലാണ് അവസാനിയ്ക്കുന്നത്. മൂരി[60] എന്നത് ഒരേസമയം ചാന്ദ്രമൃഗമായും സൂര്യമൃഗമായും കരുതുന്ന മാതൃപിതൃദായക്രമങ്ങളുടെ അടയാളമാണ്. മന:ശാസ്ത്രപരമായി സ്ത്രൈണതയ്ക്കെതിരായ പുരുഷശക്തിയുടെ ഈഗോയുടെ പ്രതീകമാണ് കാള. കാളയിൽ നിന്നും വീരകൃത്യനിർവ്വാഹകനായ വീരനായകത്ത്വത്തിലേക്കുള്ള മനുഷ്യന്റെ മാറ്റം ഇതിലൂടെ സൂചിപ്പിയ്ക്കപ്പെടുന്നു. മറ്റൊരു വീക്ഷണത്തിൽ സസ്യഭോജികളിൽ നിന്ന് മിശ്രഭോജനത്തിലേയ്ക്കുള്ള പ്രയാണമാണിവിടെ സൂചിപ്പിയ്ക്കുന്നത്.

**489. ചക്കമരോ**

ചിലപ്രദേശങ്ങളിൽ കൈപ്പടത്തിൽ നുള്ളിക്കൊ‌് കളിക്കുകയും മറ്റ് ചിലയിടങ്ങളിൽ എണ്ണൽപാട്ടായി ഉപയോഗിക്കുകയും ചെയ്യുന്ന ഈ കളിപ്പാട്ടിൽ തെറിയംശങ്ങൾ കാണാം. 'ചവിണിയൻ (ചാലിയൻ) കണ്ണന്റോളെമരോ' എന്ന വരിയിലെ 'ഓളെ' എന്ന പ്രയോഗം 'എന്തോ അത്ര ശരിയാല്ലത്തത്' എന്ന അർത്ഥത്തിലാണ് പ

-

ലപ്പോഴും പ്രയോഗിക്കപ്പെടുന്നത്. ജാതിവ്യവസ്ഥയുടെ ഉച്ചനീചത്വങ്ങൾ നടപ്പാക്കിയ കടുത്ത യാതനകൾ അനുഭവിച്ച കേരളീയ സമൂഹത്തിൽ മാറ്റം വന്നുകൊിരുന്ന കാലഘട്ടത്തിൽ 'ചാലിയൻ കണ്ണന്റോളും' മരം വെച്ചോ എന്ന അത്ഭുതമാണിവിടെ ദർശിക്കുന്നത്. ഒപ്പം 'ചക്കമരോ,' 'ചവിണിമരോ' എന്താ ആവാ എന്ന് നോക്കാ മല്ലോ എന്ന ഭാവവും. ജാതീയമായ മേൽക്കോയ്മയെയും[61] എന്തിലും ഏതിലും പ്രാപഞ്ചിക പ്രതിഭാസങ്ങൾപോലും ജാതീയതയുടെ അനുരണനങ്ങളായി വ്യാഖ്യാനിക്കുന്ന മനോഭാവത്തെയും കണക്കറ്റ് പരിഹസിക്കുകയാണീ വരികളിലൂ ടെ.

### 490. കണ്ണാടംപൊത്തി

കണ്ണുപൊത്തിക്കെ് കളിക്കുന്ന ഈ കളിപ്പാട്ടിൽ ബാല്യാന്ത്യത്തോടെ ആൺകുട്ടികളിൽ ഉാകാവുന്ന തെറിയംശങ്ങൾ കാണാം. 'ആരാൻകുഞ്ഞിനെ തൊട്ടും വന്നാൽ നിനക്കൊരു തീട്ടക്കട്ട, എനിക്കൊരു തേങ്ങാപ്പൂള്' എന്ന പ്രയോഗം അബോധമനസ്സിൽ ഈ സമൂഹം കല്പിക്കുന്ന വിലക്കുകളോടും അരുതായ്മകളോ ടുമുള്ള പ്രതികരണമാണ്. വ്യക്തിത്വം വളർന്ന് വികസിക്കുന്നത് സംഘർഷാവസ്ഥയി ലൂടെയാണ്. മനസ്സിലുാകുന്ന സംഘർഷങ്ങളുടെ ഫലമായി, സമൂഹത്തിലെ വിദ്വേ ഷം, വിധേയത്വം തുടങ്ങിയവയോടുള്ള പ്രതികരണം ഈ രൂപത്തിൽ പുറത്തുവരി കയും വികാരവിമലീകരണത്തിന് കാരണമാവുകയും ചെയ്യുന്നു.

### 492. ഒന്നാനാം കുന്നി

മലബാറിൽ പ്രചാരത്തിലുള്ള ഈപത്തടിപ്പാട്ടിൽ പ്രകൃതിസൗന്ദര്യമാണ് ആവേശിച്ചിരിക്കുന്നത്. കുന്ന് കിളികൾ അവരുടെ പ്രകൃതിയോടിണങ്ങിയ ജീവിതം, ജീവിതത്തിന്റെ സൗഭാഗ്യങ്ങൾ തുടങ്ങിയവയെ സൂചിപ്പിക്കുന്നു. മലമുകളിൽ താമ സിക്കുന്ന പ്രകൃത്യാരാധകരായ ആദിവാസിവിഭാഗങ്ങളിൽപ്പെട്ട മനുഷ്യരുടെ പ്രകൃ തിയോടിണങ്ങിയ ജീവിതവും അതിന്റെ ലാളിത്യവും മനോഹാരിതയും സൂചിപ്പിച്ചു കെ് അങ്ങനെ ജീവിക്കേതിന്റെ ആവശ്യകതയെ ബോധ്യപ്പെടുത്തുകയാണിവിടെ.

### 493. ഒന്നാം മലകേറി

മുതിർന്ന കുട്ടികൾ വട്ടക്കളികൾക്കായി ഉപയോഗിക്കുന്ന ഒരു പാട്ടാണിത്. മലമ്പ്രദേശങ്ങളിൽ വനവിഭവങ്ങൾ പ്രത്യേകിച്ചും തേൻ ശേഖരിക്കാനായി പോകുന്ന ഗിരിവർഗ്ഗക്കാർക്കിടയിലാണ് ഈ പാട്ട് പ്രചാരത്തിലുള്ളത്. മലയിൽ നിന്നുള്ള തലേം കുത്തിമറിയിൽ തങ്ങളുടെ തനതായ സംസ്കാരത്തെ നഷ്ടപ്പെടുത്തി പരി ഷ്കാരത്തെ സ്വീകരിച്ചതിന്റെ സൂചനയാകാം. കേരളത്തിലെ കുന്നുകളും മല കളും നിറഞ്ഞ ഭൂപ്രകൃതിയുടെ പ്രാധാന്യത്തെ വ്യംഗ്യമായി സൂചിപ്പിക്കുന്ന ഈ പ ാട്ടിലൂടെ ഇന്നത്തെ സ്ഥിതിയും വെളിപ്പെടുന്നു. 'മലകളുടെ നാശം' (വയലിലേക്കും റോഡുപണിക്കും മറ്റുമായുള്ള മണ്ണെടുക്കൽ) തലകുത്തി മറിയലിലൂടെ ബോധ്യപ്പെ

-

ടുന്നു. ഇതുാക്കുന്ന പാരിസ്ഥിതികമായ തകിടം മറിയലാണ് തലകുത്തി മറിയലിലൂടെ സൂചിപ്പിക്കുന്നത്.

**498. വക്കനോ ബാധവാനോ**

കൊച്ചുകുഞ്ഞുങ്ങളുടെ സൗന്ദര്യം, സംസാരം, നിറം തുടങ്ങിയവയിൽ മറ്റുള്ളവർക്ക് ഉാകുന്ന അത്ഭുതം കണ്ണേറായി കുട്ടികളിൽ പലതരം അസുഖങ്ങൾ ഉാകാം എന്നാണ് വിശ്വാസം. പ്രതിവിധിയായി പുള്ളവർ കണ്ണേറുപാട്ടും ഉഴിച്ചിലും ഒരു അനുഷ്ഠാനമെന്ന നിലയിൽ മലയസമുദായാംഗങ്ങളെക്കൊ് നടത്തുമായിരുന്നു. 'കരിനൊച്ചി' എന്ന ഔഷധച്ചെടിയുടെ തോല് കൊ് ദേഹമുഴിഞ്ഞ് നടത്തുന്ന ഈ പ്രാർത്ഥനക്കുപയോഗിക്കുന്ന പാട്ടാണിത്.

**499. ഹരി മുന്നമേ...**

മലയർക്കിടയിൽ നവജാതശിശുവിനെ മടിയിൽ കിടത്തി ആരോഗ്യത്തിനും ആയുസ്സിനും വേി പ്രാർത്ഥിച്ചുകൊ് നടത്തുന്ന സൂതികാകർമ്മം എന്ന അനുഷ്ഠാനത്തിനുപയോഗിക്കുന്ന പാട്ടാണിത്. മലയർക്കിടയിൽ സ്ത്രീക്ക് ലഭിക്കുന്ന മാന്യസ്ഥാനമാണ് ഈ അനുഷ്ഠാനകർമ്മത്തിലൂടെ സൂചിപ്പിക്കപ്പെടുന്നത്. തന്റെ മകന് ഏഴാനയുടെ ബലവും വീര്യവും അഴകും ആയുസ്സും എല്ലാം ഉാവട്ടെ എന്ന പ്രാർത്ഥനയാണിതിലൂടെ നടത്തുന്നത്.

**501. താന്തോയം**

-

-

-

-

-

-

-

-

-

-

1.
2.
3.
4.
5.
6.
7.
8.
9.
10.
11.
12.
13.
14.
15.
16.
17.
18.
19.
20.
21.
22.

-

23.
24.
25.
26.
27.
28.
29.
30.
31.
32.
33.
34.
35.
36.
37.
38.
39.
40.
41.
42.
43.
44.
45.
46.

-

47.

48.

49.

50.

51.

52.

53.

54.

55.

56.

57.

58.

59.

60.

61.

62.

63.

64.

65.

66.

67.

68.

69.

70.

-

71.

72.

73.

74.

75.

76.

77.

-

## അധ്യായം ആറ്

# നാടൻകുട്ടിപ്പാട്ടുകളിലെ ലോകവീക്ഷണം

ലോകമെമ്പാടുമുള്ള സമൂഹങ്ങൾ ആഗോളവൽക്കരണം, സാംസ്കാരികാധിനിവേശം എന്നിവയാൽ തങ്ങളുടെ ഗോത്രീയവും ഗ്രാമീണവുമായ സംസ്കൃതികളിൽ നിന്നകന്ന് വ്യവസായനാഗരികതയെ സ്വീകരിച്ചുകൊിരിക്കുന്നു. പുതിയ ജീവിതമാതൃകയിലേക്ക് മനുഷ്യർ മാറ്റപ്പെടുന്നു. ഈ മാറ്റത്തിന്റെ പ്രതിഫലനം ഭാഷ, വേഷം, ആചാരവിശ്വാസാദികൾ, ജീവിതരീതി, വീക്ഷണം തുടങ്ങിയ തലങ്ങളിലെല്ലാം ദൃശ്യമാവുന്നു. മനുഷ്യന്റെ ഭൗതികജീവിതസാഹചര്യത്തിലും ഉല്പാദനവിതരണരംഗങ്ങളിലും പുത്തൻ ആശയസംഹിതകളും രീതികളും സന്നിവേശിപ്പിക്കപ്പെടുന്നു. ജീവിതസാമഗ്രികൾ എണ്ണത്തിലും പുതുമയിലും സമൃദ്ധമായി ഉല്പാദിപ്പിക്കപ്പെടുമ്പോൾ മനുഷ്യനും ബാഹ്യലോകവും തമ്മിലുള്ള ബന്ധങ്ങളിൽ സ്വാഭാവികമായും മാറ്റങ്ങൾ സംഭവിക്കുന്നു. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധത്തിൽ എന്ന പോലെ മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധത്തിലും കാതലായ മാറ്റങ്ങൾ പ്രതിഫലിക്കുന്നു. ഈ മാറ്റങ്ങൾ കുട്ടികളിലാണ് ഏറ്റവും വേഗത്തിൽവേരോടുന്നത്. കാരണം മുതിർന്നവരിൽ ഒരാശയം സ്വാധീനിക്കുന്നതിനേക്കാൾ ശക്തമാണ് കുട്ടികളിൽ അതുാക്കുന്നത്. ഏത് സംസ്കാരവും തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെടുന്നത് കുട്ടികൾ ആ സംസ്കാരത്തെ ഉൾക്കൊള്ളുമ്പോൾ മാത്രമാണ്. അതുകൊു തന്നെ കുട്ടികളുടെ ഭാഷയും കളിയും കലയും ഭാവനയുമെല്ലാം അതത് കാലഘട്ടത്തിലെ സാംസ്കാരിക പരിണാമത്തിന്റെ മൂർത്തരൂപങ്ങളായി വർത്തിക്കുന്നു.

ലോകമെമ്പാടും ഫോക്ലോർ ഒരു പഠനവിഷയമാകുന്നത് 'ഫോക്ലൈഫി'ന്റെ നാശോന്മുഖത അഥവാ 'ഡിഗ്രഡേഷൻ' നടക്കുമ്പോഴാണ്. ഇങ്ങനെ നാഗരിക ജീവിതരീതികളും നഗരസംസ്കാരവും (ൃലളശിലഹ) ഒരു പുതിയ ജീവിതശൈലിയെ ലക്ഷ്യമാക്കുമ്പോൾ 'സിവിൽലോറുകൾ' ശക്തമാകുന്നു. ഈയൊരു ഘട്ടത്തിലാണ് നാടൻകുട്ടിപ്പാട്ടുകളെ നാം നിരീക്ഷണവിധേയമാക്കുന്നത്. ഇന്നിന്റെ ലോകത്തെ ഉപേക്ഷിച്ച് പഴയകാലത്തിലേക്കുള്ള ഒരു തിരിച്ചുപോക്ക് അസാധ്യമാണ്. അതിന് വേിയുള്ള പരിശ്രമം അസംബന്ധവും. എന്നാൽ പഴയതിലെ കാതലായ അംശങ്ങൾ പുതിയ ജീവിതത്തെ കൂടുതൽ മിഴിവുറ്റതാക്കാൻ സഹായകമാകാം.

നാടൻകുട്ടിപ്പാട്ടുകളിലെ ലോകവീക്ഷണം ബോധപൂർവ്വമല്ലാതെ സന്നിഹിതമാകുന്ന ഒന്നാണ്. അതാകട്ടെ ഇന്നത്തെ സിവിൽസമൂഹം കുട്ടികളിൽ കൃത്രിമമായി ഉല്പാദിപ്പിക്കുന്ന വീക്ഷണങ്ങളെക്കാൾ (visions) പലതുകൊും വ്യത്യസ്തവും മാനുഷികവുമാണ്. കുട്ടികളുടെ കൂട്ടായ്മയുടെ സ്വത്വാന്വേഷണമാണ് നാടൻകുട്ടിപ്പാട്ടുപഠനത്തിലൂടെ നിർവ്വഹിക്കുന്നത്. അവരുടെ ലോകവീക്ഷണത്തെ തിരിച്ചറിയുമ്പോൾ മാത്രമേ പഠനം അർത്ഥവത്താകുന്നുള്ളൂ.

**ലോക വീക്ഷണം**

ഓരോ  കൂട്ടായ്മയും ഈ പ്രപഞ്ചത്തെയും അതിലെ വ്യത്യസ്ത വസ്തുക്കളെയും ചുറ്റുപാടുകളെയും അവനവനെത്തന്നെയും തിരിച്ചറിയുന്നത് വ്യത്യസ്തരീതികളിലാണ്. 'താൻ ആരാണെന്നും തനിക്ക് സമൂഹത്തിലും പ്രകൃതിയിലുമുള്ള സ്ഥാനം എന്താണെന്നും താനും പ്രകൃതിയും തമ്മിലുള്ള ബന്ധം എന്താണെന്നും പ്രപഞ്ചം എങ്ങനെ ഉദ്ഭവിച്ചു എന്നും മറ്റുമുള്ള കാര്യങ്ങളിൽ ഓരോ കൂട്ടായ്മയുടെയും നിലപാടുകൾ വ്യത്യസ്തമാണ്.  ഈ കാഴ്ചപ്പാടാണ് ലോകവീക്ഷണം എന്നതുകൊ് ഉദ്ദേശിക്കുന്നത്.[1]  ഒരു മുക്കുവന്റെ മരണസങ്കല്പമോ ജീവിതവീക്ഷണമോ ആയിരിക്കില്ല ഒരു ബ്രാഹ്മണന്റേത്.  ഇതിൽ നിന്നെല്ലാം തികച്ചും വ്യത്യസ്തമായിരിക്കും ഒരു ആദിവാസിയുടെയോ ഗിരിവർഗ്ഗക്കാരന്റെയോ സങ്കല്പങ്ങൾ. ഓരോ കൂട്ടായ്മയും ജീവിതത്തെ വ്യത്യസ്തതലങ്ങളിൽ, രീതിയിൽ, സങ്കല്പങ്ങളിൽ നോക്കിക്കാണുന്നു.

കുട്ടികൾ പാടുന്നതോ, അവർക്കുവേി മുതിർന്നവർ പാടുന്നതോ ആയ നാടൻകുട്ടിപ്പാട്ടുകൾ അപഗ്രഥിച്ചാൽ അവക്കുമു് ഒരു ലോകവീക്ഷണമെന്ന് കാണാനാകും. ഇത്തരം പാട്ടുകളുടെ പഠനത്തിലൂടെ അതെന്തെന്ന് മനസ്സിലാക്കുക മാത്രമല്ല ആ ലോകവീക്ഷണത്തെ സൃഷ്ടിച്ച ആന്തരികവും ബാഹ്യവുമായ സാഹചര്യങ്ങളെക്കുറിച്ച് വിലയിരുത്തുക കൂടി ചെയ്യേതു്.[2]

അദൃശ്യശക്തികൾ വൃക്ഷങ്ങളിൽ വസിക്കുന്നുവെന്നും മനുഷ്യർക്കുള്ളതുപോലെത്തന്നെ പ്രകൃതിയിൽ അവർക്കും അവകാശമുന്നെുമുള്ള സങ്കല്പങ്ങൾ ഒരു ജനതയുടെ ലോകവീക്ഷണത്തെക്കുറിക്കുന്നു. മരം മുറിക്കുമ്പോൾ അതിനെ തൊഴുത്, വലം വെച്ചു മന്ത്രിച്ച്, അഭൗമശക്തികളോട് മാറി നില്ക്കാൻ ആവശ്യപ്പെടുന്നതും അനുഷ്ഠാനങ്ങൾ നടത്തുന്നതും ചടങ്ങിന് ശേഷം മാപ്പപേക്ഷിച്ച് ആശാരിയുടെ സമ്മതപ്രകാരം മുറിക്കുന്നതുമായ രീതി കേരളീയർ പിന്തുടർന്നിരുന്നു. നമ്മളെപ്പോലെ അവക്കും ജീവിക്കാൻ അവകാശമു് എന്നും മുറിക്കുന്നതിലൂടെ മരത്തിനോടും അതിൽ വസിക്കുന്ന ജീവജാലങ്ങളോടും ക്രൂരത കാട്ടുന്നു

എന്നുമുള്ള പ്രാപഞ്ചികസ്നേഹസങ്കല്പമാണ് അവിടെ നിഴലിക്കുന്നത്. ജീവിതത്തിലെ ഓരോ ആചാരനുഷ്ഠാനങ്ങൾക്കു പിന്നിലും ഈയൊരു ലോകവീക്ഷണം വ്യംഗ്യമായി നിലക്കൊള്ളുന്നു.

സ്വത്വബോധമാണ് ലോകവീക്ഷണത്തിന്റെ അച്ചുത്. അതത് കൂട്ടായ്മയുടെ മൂല്യബോധവും അതുവഴി നിർധാരണം ചെയ്യാവുന്നതാണ്. 'കുറിച്യരുടെ ശുദ്ധാശുദ്ധനിഷ്ഠകളും തങ്ങൾക്കും ലോകത്തിനും സൂര്യചന്ദ്രന്മാർ പേരിട്ടതിനെപ്പറ്റി അടിയാന്മാരിലും പണിയരിലും പ്രചരിക്കുന്ന പാട്ടുകളും അവരുടെ ലോകവീക്ഷണത്തെ വെളിപ്പെടുത്തുന്നു.'[3]

നാടൻകുട്ടിപ്പാട്ടുകളിൽ രുവിഭാഗങ്ങളുടെ ലോകവീക്ഷണമു്. കുട്ടികളുടേതും മുതിർന്നവരുടേതും. കുട്ടികൾ ഈ ലോകത്തെ എങ്ങനെ നോക്കിക്കാണുന്നു എന്നും ഏതെല്ലാം രീതികളിൽ ഉൾക്കൊള്ളുന്നുവെന്നും കത്തൊവുന്ന പാട്ടുകളിൽ സാമൂഹ്യവിമർശനങ്ങളും ആക്ഷേപഹാസ്യങ്ങളും പ്രകടമാണ്. അവർ കതോ അനുഭവിച്ചതോ ആയ വസ്തുതകളെ അവരുടെതായ വീക്ഷണത്തിൽ അവതരിപ്പിക്കുകയാണിവിടെ. എന്നാൽ കുട്ടികൾ എങ്ങനെയായിരിക്കണം എന്ന സമൂഹത്തിന്റെ അഥവാ അച്ഛനമ്മമാരുടെയോ രക്ഷിതാക്കളുടെയോ വീക്ഷണത്തെ പ്രതിഫലിപ്പിക്കുന്നവയാണ് മുതിർന്നവർ ചൊല്ലുന്ന നാടൻകുട്ടിപ്പാട്ടുകളിൽ അധികവും.

നാടൻകുട്ടിപ്പാട്ടുകളിലെ കുട്ടികളുടെ ലോകവീക്ഷണത്തെ രു രീതികളിൽ നിർദ്ധാരണം ചെയ്യാം. ഒന്ന് കുട്ടികൾ ലോകത്തെ ഉൾക്കൊള്ളുന്ന രീതികളിൽ പ്രതിഫലിക്കുന്നത്. രാമത്തേത് കുട്ടികൾക്ക് ഈ ലോകത്തെക്കുറിച്ചുള്ള സങ്കല്പങ്ങളിൽ അടങ്ങിയതാണ്.

ഇവയിൽ ഏത് തരത്തിലുള്ള വീക്ഷണമായാലും അവ നവോന്മിഷിതവും സർഗ്ഗാത്മകവുമായിരിക്കും. കാരണം അവർ ഈ ലോകത്തെ ഉൾക്കൊള്ളാൻ സദാ ശ്രമിക്കുന്നവരും, സാങ്കല്പികവും സർഗ്ഗാത്മകവുമായ ഒരു ലോകത്തെ സാക്ഷാൽക്കരിക്കാൻ തൽപരരുമാണ്. സ്വപ്നം, സങ്കല്പങ്ങൾ, അരക്ഷിതാവസ്ഥ, സുരക്ഷിതത്വബോധം, ദാരിദ്ര്യം, സമൃദ്ധി, അസ്വാതന്ത്ര്യം, സ്വാതന്ത്ര്യം തുടങ്ങിയ പരികല്പനകൾ സർവ്വഥാ സർഗ്ഗാത്മകമായ ആ മനസ്സിൽ തെളിയുന്നു. കുട്ടിയുടെ ഏകാന്തത, കുട്ടികളുടെ ഏകാന്തത എന്നിങ്ങനെ ഏകാന്തനിമിഷങ്ങളിലാണ് മനസ്സിൽ പലതും രൂപപ്പെടുന്നത്. കുട്ടിയുടെ മനസ്സിൽ രൂപപ്പെടുന്ന സങ്കൽപങ്ങൾ അകൃത്രിമവും ലളിതവുമായിരിക്കും.

എന്നാൽ മുതിർന്നവരുടെ സൃഷ്ടികളിൽ മിക്കവയും പ്രത്യയശാസ്ത്രപരമായ വിധേയത്വങ്ങളും നിയന്ത്രണങ്ങളും ഏകാന്തതയിൽപ്പോലും സ്വാധീനിക്കുന്നു. അവ പലപ്പോഴും കൃത്യമായ ലക്ഷ്യത്തെ മുൻനിർത്തിയുള്ളതായിരിക്കുകയും ചെയ്യും. ഈ സ്വഭാവസവിശേഷത മുതിർന്നവരുടെ സൃഷ്ടികളിൽ കാണാവുന്നതാണ്. ഉദാ: എന്റെ മകനുണ്ണികൃഷ്ണൻ (365).

കുട്ടികളുടെ പാട്ടുകളിൽ പൊതുവെ കാണുന്ന സാധാരണസവിശേഷതകൾ സത്യസന്ധത, നർമ്മം, അന്വേഷണം, തനിമ, സർഗാത്മകത, വിലയിരുത്തൽ, താളം എന്നിവയാണ്. കുട്ടികളുടെ നാടൻകുട്ടിപ്പാട്ടുകളിൽ ഈ സവിശേഷതകളെല്ലാം കാണാവുന്നതാണ്. കുട്ടികൾ അവരുടെതായ ഒരു ലോകത്തെ പാട്ടുകളിലൂടെ നിർമ്മിച്ചെടുക്കുന്നു. യഥാർത്ഥത്തിൽ കുട്ടികളുടെതായ ഒരു രാഷ്ട്രസങ്കല്പമാണ് നാടൻകുട്ടിപ്പാട്ടുകളിലൂടെ അവർ മുന്നോട്ടുവെക്കുന്നത്. അതാകട്ടെ കുട്ടിയുടെ പ്രപഞ്ചവീക്ഷണം കൂടിയാകുന്നു. നിരീക്ഷണങ്ങളിലൂടെ ആർജ്ജിച്ചെടുക്കുന്ന അനുഭവജ്ഞാനമാണ് അവയുടെ കാതൽ. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ഐക്യം നിലനിൽപ്പിന് അനിവാര്യമാണെന്ന ഉൾക്കാഴ്ച ഇത്തരം പാട്ടുകളിൽ കാണാം. ഉദാഹരണത്തിന് ജീവനാധാരമായ മണ്ണിനെയും ജലത്തെയും ക്രൂരമായി ചൂഷണം ചെയ്ത് ജീവിതത്തെ സുഖസമ്പൂർണ്ണമാക്കാൻ ശ്രമിക്കുന്ന മനുഷ്യൻ സ്വന്തം ശവക്കുഴിയെടുക്കുകയാണ് എന്ന മുന്നറിയിപ്പ് നൽകുന്ന പാട്ടുകൾ (ഉദാ: 149). പ്രപഞ്ചത്തിലെ സർവ്വചരാചരങ്ങളും സംരക്ഷിക്കപ്പെടേതാണ് എന്ന ബോധത്തിലധിഷ്ഠിതമായ പ്രാപഞ്ചികസ്നേഹസങ്കല്പമാണ് അവയിൽ നിഴലിക്കുന്നത്.

കേരളീയാഘോഷങ്ങളും ഉത്സവങ്ങളും നൽകുന്ന കൂട്ടായ്മാബോധവും ആനന്ദവും പ്രതിഫലിപ്പിക്കുന്ന നാടൻകുട്ടിപ്പാട്ടുകൾ ജീവിതത്തെക്കുറിച്ചുള്ള സമീപനവും കാഴ്ചപ്പാടും വരച്ചുകാട്ടുന്നു. ധനികദരിദ്രഭേദമോ ലിംഗവ്യത്യാസമോ പ്രായഭേദമോ ഗണിക്കാത്ത കുട്ടി സമത്വവാദത്തിന്റെ വക്താവാകുന്നു. തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ, ജാതീയാസമത്വങ്ങൾ തുടങ്ങിയ അനാചാരങ്ങൾക്കെതിരെ ശക്തമായി പ്രതിഷേധിക്കുന്നത് കുട്ടിയുടെ കാഴ്ചപ്പാടിന്റെ പ്രതിഫലനമാണ്. സദാ ന്യായപക്ഷത്തിന്റെ കൂടെ നിൽക്കുന്ന കുട്ടി സ്നേഹം, സത്യസന്ധത, ധൈര്യം, സഹാനുഭൂതി, സമത്വബോധം, സ്വാതന്ത്ര്യവാഞ്ജ തുടങ്ങിയ മൂല്യങ്ങളെ ബോധപൂർവ്വമല്ലാതെ തന്നെ നിലനിർത്താൻ ശ്രമിക്കുന്നു. കൊച്ചുകുട്ടികളാവുമ്പോൾ മുതൽ പെൺകുട്ടികൾക്ക് വീട്ടിൽ പോലുമുള്ള അമിതനിയന്ത്രണങ്ങളെയും അവ തെറ്റിച്ചാലുള്ള ശിക്ഷാവിധികളെയും എതിർത്ത്, അതിൽ നിന്ന് വിമോചനമാഗ്രഹിക്കുന്ന മനസ്സാണ് പല പെൺകളിപ്പാട്ടുകളിലും പ്രകടമാവുന്നത്.

കുറ്റം ചെയ്യുന്നവർ ആരായാലും ശിക്ഷിക്കപ്പെടണം എന്ന അഭിവാഞ്ജയുള്ള കുട്ടിയെയാണ് അവരുടെ പാട്ടുകളിൽ കാണുന്നത്. സമൂഹത്തിൽ വിവിധ സ്ഥാനങ്ങളിലുള്ളവരെപരിചയപ്പെടുമ്പോൾ മനുഷ്യസ്വഭാവവും അതിന്റെ നയവ്യതിയാനങ്ങളും തിരിച്ചറിയപ്പെടുന്നു്. 'ചക്കടെ മടലും' എന്ന കൊച്ചുപാട്ടിൽ ചങ്കുണ്ണിനായരെയും കോലുണ്ണിനായരെയും താരതമ്യപ്പെടുത്തുന്നതിലൂടെ സമൂഹത്തിൽ വിവിധ തരം സ്വഭാവമുള്ള മനുഷ്യരെ നിരീക്ഷിച്ചറിയാനുള്ള കുട്ടിയുടെ ശ്രമത്തെയാണ് ബോധ്യപ്പെടുത്തുന്നത്. ചക്കയുടെ മടലുപോലെ മറ്റുള്ളവർക്ക് ഉപയുക്തനായ/ ചൂഷണം ചെയ്യാനുള്ള ഉപകരണമായിത്തീരുന്ന ചങ്കുണ്ണിനായരും കോഴീടെ കൊക്ക് പോലെ നടക്കുന്നിടത്തെല്ലാം ചികഞ്ഞ് പെറുക്കിത്തിന്ന് തനിക്കാക്കുന്ന/ചുറ്റിലുള്ള എല്ലാറ്റിനെയും തന്റെ ഉപയോഗത്തിനാക്കുന്ന കോലുണ്യായരെയും പരിചയപ്പെടുത്തുന്നതിലൂടെ കുട്ടിയുടെ നിരീക്ഷണത്വരയാണ് പ്രകടമാകുന്നത്. കുട്ടികളുടെ സമൂഹങ്ങളിൽ അവതരിപ്പിക്കപ്പെടുന്ന ജീവിതചിത്രണത്തിൽ നിന്നുരുത്തിരിഞ്ഞതാണ് മക്കളില്ലാത്തപ്പോൾ ചക്കക്കുരുവിനെ ദത്തെടുക്കുകയും മക്കളുായപ്പോൾ ചുട്ടുതിന്നുകയും ചെയ്ത അവസ്ഥ.

ഏത് കാലഘട്ടത്തിന്റെയും സാമൂഹ്യയാഥാർത്ഥ്യത്തെ – സമ്പന്നവർഗ്ഗത്തിന്റെ അടക്കിപ്പിടിക്കലും പിശുക്കും സ്വാർത്ഥതയും– തുറന്നുകാട്ടാൻ കുട്ടിപ്പാട്ടുകൾ ധൈര്യപ്പെടുന്നു. മനുഷ്യന്റെ കാപട്യവും ഉച്ചനീചത്വബോധവും വെളിപ്പെടുത്തി സ്നേഹം, സമത്വം, സാഹോദര്യം തുടങ്ങിയ സദ്ഗുണങ്ങളെ ഉയർത്തിക്കാട്ടുന്ന ധാരാളം നാടൻകുട്ടിപ്പാട്ടുകളു്. എന്തെല്ലാം പ്രതിസന്ധികളുായാലും തളരരുത് എന്ന ജീവിത സമീപനമാണ് അഥവാ അധ്വാനിച്ച് ജീവിക്കാമെന്ന പ്രതീക്ഷയാണ് ഇത്തരം പാട്ടുകളുടെ സന്ദേശം. തനിക്ക് ഏറ്റവും പ്രിയപ്പെട്ട വസ്തുക്കൾ നൽകിക്കൊ് ത്യാഗം എന്ന ഉദാത്തസങ്കല്പത്തെ മുന്നോട്ടുവെക്കുന്ന പാട്ടുകളുമു്. സഹമനുഷ്യരോടും ജീവജാലങ്ങളോടും സസ്യലതാദികളോടും ഐക്യം സ്ഥാപിച്ചുകൊ് അവരോട് സംസാരിക്കുന്ന, കാരുണ്യവും ദയയും സ്നേഹവും പ്രകടിപ്പിക്കുന്ന, വിശ്വമാനവികതയുടെ ബീജരൂപം ശിശുക്കളിൽ/കുട്ടികളിൽ കാണാം. അവരുടെ ചിന്തകൾ യുക്തിയുക്തവും ഭേദമില്ലാത്തതും സജീവവവുമാണ്. ഈ പ്രപഞ്ചത്തിലെ സകലതിനെയും നിരീക്ഷിച്ചറിയാൻ ശ്രമിക്കുന്ന കുട്ടിയിൽ എല്ലാവിധ അസമത്വങ്ങളോടുമുള്ള പ്രതിരോധവും (ദുർബലമെങ്കിലും) കാണാം.

ചില പാട്ടുകളിൽ സാമൂഹ്യപ്രശ്നങ്ങൾക്കെതിരെയുള്ള രോഷവും തന്റെ നിസ്സഹായതയും നിഷ്ക്കളങ്കമായി ചിത്രീകരിക്കുന്നു. ജിജ്ഞാസയും അന്വേഷണത്വരയും പ്രകടമാക്കുന്നു. എല്ലാറ്റിനുമുപരി വസ്തുതകളെ സത്യസന്ധമായി

കാണാനും അതിനെ തന്റേതായ ഭാഷയിൽ അവതരിപ്പിക്കാനുമുള്ള ആർജ്ജവം കുട്ടിക്കു് എന്ന് ഇത്തരം പാട്ടുകൾ ബോധ്യപ്പെടുത്തുന്നു. ഈ പ്രപഞ്ചത്തിന്റെയും ജീവജാലങ്ങളുടെയും മനുഷ്യന്റെയും നിലനില്പിന് തന്നെ ഭീഷണിയുയർത്തും വിധത്തിൽ കാർഷികസംസ്കൃതിയിൽ നിന്ന് അനുനിമിഷം അകന്നുകൊിരിക്കുന്ന ജനതയ്ക്ക് മുമ്പിൽ കൃഷിയെ ഉത്സവമാക്കിയ കാഴ്ചയാണ് നാടൻകുട്ടിപ്പാട്ടുകൾ സമ്മാനിക്കുന്നത്. കൃഷിയെ നെഞ്ചേറ്റി ലാളിച്ച ഒരു ജനതയുടെ സംസ്കാരത്തിൽ വളർന്ന കുട്ടികൾക്ക് കാർഷികവൃത്തിയെ തന്റെ ഊർജ്ജമാക്കി മാറ്റാൻ സാധിച്ചിരുന്നുവെന്ന് 'വിത്തുവിതയ്ക്കട്ടെ' എന്നും 'കൊച്ചുതൂമ്പാകൊ് കിളക്കും' എന്നും പാടുന്നതിലൂടെ (പേജ് 312) നാം മനസ്സിലാക്കുന്നു.

മുതിർന്നവർ പാടുന്ന നാടൻകുട്ടിപ്പാട്ടുകളിൽ കുട്ടിക്ക് സ്നേഹവും വാത്സല്യവും സുരക്ഷിതത്വബോധവും നല്കുന്നതോടൊപ്പം ഈ സമൂഹത്തെയും ജീവിതവ്യവസ്ഥയെയും അതിലെ അലിഖിതനിയമങ്ങളെയും പരിചയപ്പെടുത്തിക്കൊ് തന്റെ ജീവിതാനുഭവജ്ഞാനം നല്കിയ ജനസാമാന്യചിത്രണം കൈമാറുന്നു. കുട്ടിയുടെ ആദ്യസമൂഹമായ കുടുംബം, കുടുംബവ്യവസ്ഥകൾ, അതിലെ പ്രത്യേകതകൾ, അധികാരസ്ഥാനങ്ങൾ തുടങ്ങിയവയെയും ചുറ്റുപാടുകളെയും പരിചയപ്പെടുത്താനും കുടുംബത്തോട് സമരസപ്പെട്ട് ജീവിക്കാനുള്ള ഉൾക്കരുത്ത് ഉാക്കിയെടുക്കാനുമുള്ള ശ്രമമാണുള്ളത്. 'അതിഥി' എന്ന വിവക്ഷയിലൂടെ കുടുംബത്തിന് പുറമെയും ഒരു ലോകമു് എന്ന അറിവും നല്കുന്നു. അതത് പ്രാദേശിക സാമുദായിക ഭേദങ്ങളും കാഴ്ചപ്പാടുകളും ചിത്രീകരിച്ചുകൊ് നാട്ടുനടപ്പിനെ കുട്ടിയിലേക്ക് ആവാഹിക്കാൻ ശ്രമിക്കുന്നു. പണത്തിന്മേലിരുന്നുണ്ണി ചാഞ്ചാട് എന്ന മുതിർന്നവരുടെ കാഴ്ചപ്പാടും ആഗ്രഹവും പണത്തിന് സമൂഹം കല്പിക്കുന്ന നിലയും വിലയും കൈമാറുന്നതിലൂടെ പണവും പ്രതാപവുമുള്ളവന് സമൂഹം ഉന്നത സ്ഥാനം കല്പിക്കുന്നു എന്ന ഏത് കാലഘട്ടത്തിലെയും സംഭവ്യത്തെ വെളിപ്പെടുത്തുന്നു. വന്നുദിച്ചേ (290) തുടങ്ങി പല താരാട്ടുപാട്ടുകളിലൂടെയും കുട്ടികൾക്ക് പ്രകൃതിയെ പരിചയപ്പെടാനും അതിന്റെ മനോഹാരിതയെ തന്നിലേക്കാവാഹിക്കാനും സർഗ്ഗാത്മകമനസ്സിനെ രൂപപ്പെടുത്താനുമുള്ള സാഹചര്യമൊരുക്കുകയാണ്. 'എന്റെ മകനു...' തുടങ്ങിയചിലതിൽ അമ്മയുടെ ഇഷ്ടാനിഷ്ടങ്ങൾക്കും വീക്ഷണങ്ങൾക്കുമനുസരിച്ച് കുട്ടിയെ വളർത്താനുള്ള വ്യഗ്രതയും ഗുണഫലം തനിക്ക് തന്നെ ലഭിക്കണമെന്ന സ്വാർത്ഥതയും തുറന്നു കാട്ടുന്നു എന്നതും വിസ്മരിക്കത്തക്കതല്ല.

കൃത്യമായ വേർതിരിവുകളില്ലാത്ത, എല്ലായിടത്തും സഞ്ചരിക്കുന്ന കുട്ടിയോട് ചുറ്റുപാടുമുള്ള ആപത്തുകളെപ്പററി അറിവ് പകരുന്നതോടൊപ്പം ജീവിത

ത്തിൽ ധാരാളം പരീക്ഷണങ്ങളും അപകടങ്ങളും നേരിടേതായി വരുമെന്ന് മുന്നറിയിപ്പ് നല്കുന്ന ധാരാളം പാട്ടുകളു്. 'തന്തോയം' എന്ന പാട്ടിലൂടെ തലമുറകളായി ആഗ്രഹിച്ച് പൊരുതിനേടിയ ദൈവസാന്നിദ്ധ്യമറിഞ്ഞാൽ 'പോറ്റിത്തമ്പ്രാക്കൾ വെറും പോയത്തമ്മാരാണ്' എന്ന് വിവരിക്കുന്നു. യഥാർത്ഥ തമ്പ്രാൻ ഈശ്വരൻ മാത്രമാണ് എന്നും മറ്റുള്ള തമ്പ്രാക്കൾ മനുഷ്യരുാക്കിയ വേർതിരിവുകൾ ആണ് എന്നും വർണ്ണിക്കുന്നതിലൂടെ കേരളീയ ചരിത്രപഠനത്തിന് പശ്ചാത്തലമൊരുക്കുന്നതോടൊപ്പം എന്തിനെയും നേരിട്ട് മുന്നോട്ട് പോകുവാനുള്ള ആഹ്വാനവും നല്കുന്നു. മണ്ണേ നമ്പി... തുടങ്ങിയ (284, 290, 311, 312, 313) മണ്ണും മരവും മനുഷ്യനും തമ്മിലുള്ള പരസ്പരാശ്രിതത്വത്തെയും ആഹാരത്തിനും ജീവിതത്തിനും നിദാനമായ പ്രകൃതിയേയും കുട്ടിയിലേക്ക് സന്നിവേശിപ്പിക്കാൻ ശ്രമിക്കുന്നു. 'പ്രകൃതിയാണ് ജീവജാലങ്ങളുടെയെല്ലാം മാതാവ്' എന്ന സങ്കല്പമാണ് ഇത്തരം പാട്ടുകളുടെ കാതൽ. പ്രകൃതിയെ സംരക്ഷിച്ചുകൊ് ജീവിക്കണമെന്ന സന്ദേശമാണ് കുട്ടിക്കും ലോകത്തിനും നല്കുന്നത്. വേത് വേസമയത്ത് ചെയ്യാതെ/ ചെയ്യാൻ സാധിക്കാതെ നീട്ടിവെക്കുന്നതുമൂലം വന്നണയുന്ന നഷ്ടത്തെ കാണിച്ചുകൊ് ആലസ്യത്തിലകപ്പെടുന്ന ഏതൊരു വ്യക്തിക്കും സമൂഹത്തിനും നേരിടേിവരുന്ന വൻവിപത്തുകളെക്കുറിച്ചുള്ള മുന്നറിയിപ്പ് നൽകുന്ന നാടൻകുട്ടിപ്പാട്ടുകളു്.

'മയപെയ്ത്...' എന്ന പാട്ടിലൂടെ പ്രകൃതിപ്രതിഭാസമായ മഴക്ക് കേരളീയജീവിതത്തിലുള്ള സ്വാധീനശക്തിയെ ബോധ്യപ്പെടുത്തുന്നു. മഴ ജീവിതത്തിൽ ഉാക്കിയ പുത്തനുണർവ്വും പിന്നീട് നിർത്താതെ പെയ്തപ്പോൾ ഉായ ജീവിതദുരിതവും ആവിഷ്ക്കരിക്കുന്നതിലൂടെ ജീവിതത്തിന്റെ ര് മുഖങ്ങളെയും കുട്ടിക്ക് പരിചയപ്പെടുത്തുന്നു. മഴപ്പാട്ടുകളിലൂടെ കൃഷിയെ അടിസ്ഥാനമാക്കി ഉപജീവനം നടത്തിയ ഒരു സമൂഹത്തിന്റെ പ്രാർത്ഥനയും ആശ്രിതത്വവുമാണ് കൈമാറുന്നത്. 'കന്നുപൂട്ടെട' എന്ന കോരനും അമ്മയും തമ്മിലുള്ള സംഭാഷണപ്പാട്ടും കുട്ടികളിലേക്ക് കാർഷികവൃത്തിയോടുള്ള താല്പര്യത്തെ ഉണർത്താൻ പര്യാപ്തമാണ്. 'ആലത്തൂരെ എന്ന ഒറ്റശ്വാസപ്പാട്ടിലൂടെ പയർ എന്ന ഇടവേളകൃഷിയും 'കായും കാമ്പും – – എന്നതിലൂടെ പറമ്പിലെ കൃഷികളും 'ആലപ്പുഴ...' മാങ്ങകൃഷിയും 'ഒന്നാംനാട്ടീല്...' എന്നതിലൂടെ മത്തൻ, കുമ്പളം തുടങ്ങിയ കൃഷികളും 'തെല കെട്ടഴി...' എന്നതിലെ എള്ളുകൃഷിയും ചീരപ്പാട്ട്, തകരപ്പാട്ട് തുടങ്ങിയവയും എല്ലാം കേരളീയമായ കൃഷി സമ്പ്രദായങ്ങളെയും വിളകളെയും കൃഷി ഉത്സവമാക്കിയിരുന്ന ജനതയെയും കുട്ടികളുടെ ജീവിതത്തിലേക്ക് കടത്തിവിടുന്നു. ഒരു വ്യക്തിയുടെ വളർച്ചക്കും ആരോഗ്യത്തിനും അനിവാര്യമായതും ലളിതവുമായ ഭക്ഷണരീതിയെ പരിചയപ്പെടുത്താനും ഇവ ശ്രമിക്കുന്നു. സ്വയം പര്യാപ്തതയ്ക്കുള്ള ഊർജ്ജമാണ് ഇതിലൂടെ പകരുന്നത് കാർഷിക സംസ്കാരത്തെ കുട്ടിക

ളിലേക്കു കൈമാറുന്ന ഒരു വിദ്യാഭ്യാസം ഈ പാട്ടുകളിൽ നടക്കുന്നു. കയറ്റിറക്ക്, ഈറ്റവെട്ടി കൊട്ടനെയ്ത്തൽ, പാറപൊട്ടിച്ച് കിണറ് കുത്തൽ, സ്വർണ്ണപ്പണി, ആശാരിപ്പണി, കാലിവളർത്തൽ, മീൻപിടുത്തം തുടങ്ങി കേരളീയപശ്ചാത്തലത്തിലെ തൊഴിലുകളെല്ലാം കുട്ടിപ്പാട്ടുകളിൽ വിഷയീഭവിച്ചിട്ട്. വരും തലമുറക്ക് ഇത്തരം തൊഴിലുകളുടെ മഹാത്മ്യത്തെ വെളിപ്പെടുത്താൻ ആവേശം കാണിക്കുന്നതിലൂടെ പരമ്പരാഗതതൊഴിൽ നിലനിർത്തിപ്പോരുന്ന ഒരു സാമൂഹ്യമനസിനെ ഇവിടെ ദർശിക്കാം.

'കറുപ്പ്മ്മേ പുള്ളിള്ള' എന്ന പാട്ടിലൂടെ ഇന്നത്തെ കേരളത്തിന്റെ അവസ്ഥയാണ് തുറന്ന് കാട്ടുന്നത്. ഉപഭോഗസംസ്കാരത്തിനടിമപ്പെട്ട ഇന്നത്തെ മനുഷ്യന്റെ മാനസികാവസ്ഥയെ വരച്ചുകാണിച്ചുകൊ് 'കൈനനയാതെ മീൻ പിടിക്കുക' എന്ന കാഴ്ചപ്പാടിനെ പരിഹസിക്കുന്നു. അധ്വാനിക്കാതെ ലഭ്യമായതിനെ പരമാവധി ചൂഷണം ചെയ്യുന്നതോടൊപ്പം സഹജീവികളുടെ വേദനയിൽ സന്തോഷം കത്തെുന്ന മനോഭാവത്തെക്കൂടി വെളിപ്പെടുത്തുന്നതിലൂടെ സങ്കുചിതവും സ്വാർത്ഥപൂർണ്ണവുമായ സമൂഹത്തിൽ നിസ്വാർത്ഥവും ചൂഷണവിമുക്തവുമായ ഒരു നവലോകസൃഷ്ടിക്ക് പുതിയ തലമുറയുടെ മനോഭാവത്തെ അനുഗുണമാക്കിയെടുക്കേതു് എന്ന സന്ദേശമാണ് നല്കുന്നത്. അത്തരത്തിൽ ഒരു വിമോചനാഭിലാഷം തന്നെയാണ് ഈ പാട്ടിന്റെ കാതൽ. 'ഇക്കമ്മെലിട്ടപ്പം ഇമ്മാലയിട്ടപ്പം' പോലുള്ള പാട്ടുകളിൽ സ്ത്രീ, സൗന്ദര്യപ്രതീകങ്ങളായിമാറുന്നു. മുതിരുന്നതോടെ കുട്ടികൾ ഈ കാഴചപ്പാടിലുള്ളവരാകുന്നു. ഗോവിന്ദ... എന്ന് തുടങ്ങുന്ന പാട്ടിലൂടെ 'ആരാന്റെ സ്വത്തെടുക്കാമോ' എന്ന ചിന്ത കുട്ടിയിൽ അംഗുരിക്കുന്നു. ഒരു മുതിർന്ന കുട്ടിയുടെ ഈ ഭാവപ്രകടനത്തിൽ അവനിൽ മുതിർന്നവർ ഏൽപിച്ച വേർതിരിവുകളും വിലക്കുകളും കാണാം.

കുട്ടികളുടെയും മുതിർന്നവരുടെയും കാഴ്ചപ്പാടുകളെ താരതമ്യം ചെയ്യുമ്പോൾ കുട്ടികളുടെ വീക്ഷണം വിശാലമാണെന്നു കാണാം. കാരണം കുട്ടികൾക്ക് ജീവിതപ്രശ്നങ്ങളെയോ പ്രാരാബ്ധങ്ങളെയോ നേരിടേതില്ലാത്തതുകൊും ജന്മസിദ്ധമായ ഗോത്രീയതകൊും പ്രകൃതി-മനുഷ്യസ്നേഹം നിഷ്കളങ്കമായി ലഭിക്കുന്നു. അതിനെ ക്രമേണ സാമൂഹ്യചുറ്റുപാടുകൾക്കനുസൃതമായി ജാതീയതയിലേക്കും സാമൂഹ്യസാമ്പത്തിക ഉച്ചനീചത്വങ്ങളിലേക്കും മാറ്റിയെടുക്കുന്നത് മുതിർന്നവരുടെ ഇടപെടലുകളാണ്. കുട്ടിയിലെ സമത്വചിന്തയിൽ വിള്ളലുകൾ വീഴ്ത്തുന്ന അനുഭവങ്ങളും സ്വാധീനങ്ങളും അന്നത്തെ സാമൂഹ്യരാഷ്ട്രീയസാമ്പത്തിക ചുറ്റുപാടുകളിൽ ഇഴുകിച്ചേർന്ന് ജീവിക്കേത് അനിവാര്യതയാക്കുന്നു.

'വേശങ്ങളായിരം വേദമൊന്ന്' എന്ന പാട്ടിലൂടെ എല്ലാവേർതിരിവുകൾക്കമപ്പുറത്തെ അദ്വൈതതലത്തെ ഉൾക്കൊള്ളുമ്പോഴാണ് മനുഷ്യൻ ഈശ്വരതുല്യനാകു

ന്നത് എന്ന് വെളിപ്പെടുത്തുന്നു. ഈയൊരു കാഴ്ചപ്പാടാണ് കുട്ടിയുടെയും കാഴ്ചപ്പാട്. കുട്ടികൾ ദൈവജ്ഞരാകുന്നുവെന്ന കവി സങ്കല്പം നാം കതാണല്ലോ (വൈലോപ്പിള്ളി, മാമ്പഴം).

നാടൻകുട്ടിപ്പാട്ടുകൾ പ്രാപഞ്ചിക–പ്രകൃതിബോധം പ്രകടിപ്പിക്കുമ്പോൾത്തന്നെ– അധ്വാനത്തിന്റെ മഹത്വത്തെ ഉദ്ഘോഷിക്കുകയും കുഴിമടിയന്മാരെ പരിഹസിക്കുകയും ചെയ്യുന്നു. കൃഷിയെ ഒരു സംസ്കാരമായി കാണുന്നു. തൊഴിലിന്റെ മഹാത്മ്യത്തെ പ്രകീർത്തിക്കുന്നു. വ്യക്തിസ്വഭാവവൈശിഷ്ട്യങ്ങളെ ഉണർത്തുന്നു. പ്രകൃതിക്കനുസൃതമായി ലളിതമായി ജീവിക്കാൻ പഠിപ്പിക്കുന്നു. വ്യക്തിസമത്വത്തെ ഉയർത്തിക്കാട്ടുന്നു. ചൂഷണങ്ങൾക്കെതിരെ പ്രതികരിക്കുന്നു. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ ചിന്തിക്കുന്നു. അടിച്ചമർത്തലിനെയും അസ്വാതന്ത്ര്യത്തെയും നിരാകരിക്കാനാഗ്രഹിക്കുന്നു. നിരീക്ഷണപാടവവും യുക്തിചിന്തയും പരിശീലിപ്പിക്കുന്നു. ധർമ്മചിന്തയും സത്യസന്ധതയും വളർത്തുന്നു. തെറ്റും ശരിയും വേർതിരിച്ചറിയാനുള്ള മാർഗ്ഗനിർദ്ദേശം നല്കുന്നു. എന്നാൽ മുതിർന്നവരുടെ സൃഷ്ടികളായുള്ള പാട്ടുകൾ മിക്കവയും കാഴ്ചപ്പാടുകൾ, ആശയം, അറിവ്, തൊഴിൽ തുടങ്ങി ഈ സമൂഹത്തിന്റെ ചിട്ടവട്ടങ്ങളെ കുട്ടിയുടെ ജ്ഞാനമണ്ഡലത്തിലേക്ക് ബോധപൂർവ്വം സിന്നിവേശിപ്പിക്കുവാൻ ഉദ്ദേശിക്കുന്നവയാണ്. കുട്ടികളെ തങ്ങളുടെ ജീവിതസങ്കല്പാനുസൃതം മെരുക്കിയെടുക്കാനുള്ള ശ്രമമാണ് ഇവയിൽ കാണുന്നത്.

കുട്ടികളുടെ നാടൻകുട്ടിപ്പാട്ടുകളിൽ അവരുടെ ഒരു രാഷ്ട്രസങ്കല്പം ലയിച്ചു കിടക്കുന്നു്. നിയമങ്ങൾ, ജാതി, മതം, ലിംഗഭേദം തുടങ്ങിയവയ്ക്കതീതമായി മനുഷ്യസൗഹൃദത്തിന്റെയും ജൈവസസ്യലോകത്തോടുള്ള ഐക്യത്തിന്റേയും ഒരു ലോകം അതിലു്. ദർശനങ്ങളിൽ ബുദ്ധദർശനത്തോടാണതിന് ചാർച്ച. 'ലോകമേ തറവാട്' അഥവാ 'സർവ്വേപി സുഖിനഃ സന്തു' എന്ന ഋഷിസഹജമായ ഭാവം ശിശുസഹജമാണ്. മുതിർന്നവർ അടിച്ചേൽപ്പിക്കുന്ന ലോകത്തിനപ്പുറത്ത് അനുനിമിഷം നവോന്മിഷിതരാകുന്ന കുട്ടികൾ സ്വന്തമായി ഒരു ലോകത്തെ സ്വപ്നംകാണുന്നു. ആ ലോകം സർവ്വതന്ത്രസ്വതന്ത്രമാണ്, സ്നേഹ സമൃദ്ധമാണ്. ഒരു ഉദാത്തമായ രാഷ്ട്രസങ്കല്പത്തിന്റെ ശൈശവാവസ്ഥയാണ് കുട്ടിപ്പാട്ടുകളിലെ ലോകവീക്ഷണത്തിലുള്ളത്.

'മനുഷ്യനിലെ സഹജമായ നന്മയെ വികസിപ്പിക്കുന്നതിന് അവനെ പ്രാപ്തമാക്കുന്ന ഒന്നാണ് വിദ്യാഭ്യാസം'[4] എന്ന കൺഫ്യൂഷ്യസിന്റെ ചിന്തയും 'മനുഷ്യനിലുള്ള സമ്പൂർണ്ണതയുടെ ആവിഷ്കാരമാണ് വിദ്യാഭ്യാസം'[5] എന്ന വിവേകാനന്ദന്റെ അഭിപ്രായവും പ്രബന്ധത്തിൽ ചർച്ച ചെയ്തിട്ടു്. 'കുട്ടിയിലും മനുഷ്യനിലുമുള്ള

ശാരീരികവും ബുദ്ധിപരവും ആത്മീയവുമായ ഏറ്റവും നല്ല ഭാവങ്ങളെ ബഹിർഗമിപ്പിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നതാണ് ശരിയായ വിദ്യാഭ്യാസം'[6] എന്ന ഗാന്ധിജിയുടെ കാഴ്ചപ്പാടും 'സാർവ്വലൗകികസ്നേഹവും ഐക്യവും സാഹോദര്യവും സാധിക്കാനുള്ള ഒരു മാർഗ്ഗമാണ് വിദ്യാഭ്യാസം'[7] എന്ന ടാഗോറിന്റെ അഭിപ്രായവും നിരീക്ഷിച്ചാൽ നാടൻകുട്ടിപ്പാട്ടിലെ വിദ്യാഭ്യാസരീതിശാസ്ത്രത്തിന്റെ പ്രസക്തി ബോധ്യപ്പെടും.

**കുറിപ്പുകൾ**

1. Dundes Allan, Analytic Essays in Folklore, The Hugue Mouton, 1975, p. 226.
2. രാഘവൻ പയ്യനാട്, ഫോക്‌ലോർ-സങ്കേതങ്ങളും സങ്കല്പനങ്ങളും, ഫോക്‌ലോർ ഫെലോസ് ഓഫ് മലബാർ ട്രസ്റ്റ്, 1999.
3. എച്ച്. കെ. സന്തോഷ്, ഫോക്‌ലോർ വഴിയും പൊരുളും, സംസ്കൃതി പബ്ലിക്കേഷൻസ്, 1998, പുറം. 64–65.
4. എരുമേലി പരമേശ്വരൻ പിള്ള, വിദ്യാഭ്യാസതത്വങ്ങളും വിദ്യാലയഘടനയും, വിദ്യാർത്ഥിമിത്രം ബുക്ക് ഡിപ്പോ, 1970, പുറം. 9–10
5. എരുമേലി പരമേശ്വരൻ പിള്ള, വിദ്യാഭ്യാസതത്വങ്ങളും വിദ്യാലയഘടനയും, വിദ്യാർത്ഥിമിത്രം ബുക്ക് ഡിപ്പോ, 1970, പുറം. 9–10
6. എരുമേലി പരമേശ്വരൻ പിള്ള, വിദ്യാഭ്യാസതത്വങ്ങളും വിദ്യാലയഘടനയും, വിദ്യാർത്ഥിമിത്രം ബുക്ക് ഡിപ്പോ, 1970, പുറം. 9–10
7. ഡോ.ടി.കെ. മുഹമ്മദ്, വിദ്യാഭ്യാസം ഭാരതത്തിൽ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1996. പുറം. 231–237.

# ഗ്രന്ഥസൂചി


വിഷ്ണുനമ്പൂതിരി, എം.വി. ഡോ. *ഫോക്‌ലോർ അഥവാ ജനസംസ്കാരം.* പ്രഗതി ത്രൈമാസിക, ഫോക്‌ലോർ പതിപ്പ്, 2004.

കാരശ്ശേരി, എം.എൻ., *മാപ്പിളപ്പാട്ട് കേരളഫോക്‌ലോർ*, ഫോക്‌ലോർ ഫെലോസ് ഓഫ് മലബാർ ട്രസ്റ്റ്, 1997.

രാഘവൻ പയ്യനാട്, *ഫോക്‌ലോർ*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2006.

മഹിമഭട്ടൻ, *വ്യക്തിവിവേകം*, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1988.

അച്യുതൻ, എം. പ്രൊ. *പാശ്ചാത്യസാഹിത്യവിമർശനം.* കറന്റ് ബുക്സ്, തൃശൂർ, 1962.

കൃഷ്ണവാരിയർ, എൻ.വി., *പഴഞ്ചൊൽ പ്രപഞ്ചത്തെപ്പറ്റി, പഴഞ്ചൊൽ പ്രപഞ്ചം*, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1966.

പരമേശ്വരയ്യർ, എസ്. ഉള്ളൂർ, *കേരളസാഹിത്യചരിത്രം*, തിരുവിതാംകൂർ സർവ്വകലാശാല, 1957.

വിഷ്ണുനമ്പൂതിരി, എം.വി. ഡോ. *നാടോടിവിജ്ഞാനീയം*, ഡി.സി. ബുക്സ്, കോട്ടയം, 1997.

സീന, എൻ.വി.. *കടങ്കഥകൾ, നാട്ടറിവിന്റെ നിനവ്* സി.ആർ.രാജഗോപാലൻ (എഡി) നാട്ടറിവുപഠനകേന്ദ്രം, തൃശൂർ, 1998.

രാമവർമ്മ അപ്പൻതമ്പുരാൻ, *ദ്രാവിഡവൃത്തങ്ങളും അവയുടെ ദശാപരിണാമങ്ങളും.* കേരളോദയം പ്രസ്, തൃശൂർ, കൊ.വ. 1105.

ശങ്കരപ്പിള്ള, ജി. *ശുദ്ധമലയാളശാഖ, സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ*, ഡോ. കെ.എം. ജോർജ്ജ് (എഡി) 1958.

മാത്യൂ, ടി.വി. ഡോ. *വൃത്തശാസ്ത്രം* കേരളഭാഷാഇൻസ്റ്റിറ്റ്യൂട്, തിരുവനന്തപുരം, 1996.

വിഷ്ണുനമ്പൂതിരി, എം.വി. ഡോ. *പഴയപാട്ടുകൾ.* വാല്യം ഒന്ന്. ഡി.സി. ബുക്സ്, കോട്ടയം, 2003.

ഭരതൻ, കെ.എം. *ഫോക്‌ലോറും സാഹിത്യവും സാഹിത്യപഠനവും* ഫോക്‌ലോർ ഫെലോസ് ഓഫ് മലബാർ ട്രസ്റ്റ്, 2003.

കുഞ്ഞുണ്ണി, *എന്നിലൂടെ*, ഗുരുവായൂർ ശിഖ പബ്ലിക്കേഷൻസ്, 1985.

കുഞ്ചൻനമ്പ്യാർ, *കുഞ്ചൻനമ്പ്യാരുടെ തുള്ളൽകൃതികൾ,* കേരളസാഹിത്യഅക്കാദമി, തൃശൂർ, 1979.

പ്രകാശ്, കെ.എസ്. ഡോ. *ഫോക്‌ലോറും കവിതയും*, കറന്റ് ബുക്സ്, കോട്ടയം, 2004.

വെട്ടംമണി, *പുരാണിക് എൻസൈക്ലോപീഡിയ*, കറന്റ് ബുക്സ്, കോട്ടയം, 1988.

എഴുത്തച്ഛൻ, *ശ്രീ മഹാഭാഗവതം*, വിദ്യാരംഭം പ്രസ് & ബുക്ക് ഡിപ്പോ.

ശ്രീമാൻ നമ്പൂതിരി, സി. *പുരാണത്രയം*, സമ്രാട്ട് പബ്ലിക്കേഷൻസ്, തൃശിവപേരൂർ, 2000.

എഴുത്തച്ഛൻ, *അധ്യാത്മരാമായണം കിളിപ്പാട്ട്*, പ്രൊ. എം.കെ. സാനു (എഡി) മാതൃ ഭൂമി, 2005.

പരമേശ്വരൻപിള്ള എരുമേലി, *വിദ്യാഭ്യാസതത്വങ്ങളും വിദ്യാലയഘടനയും*, വിദ്യാർത്ഥിമിത്രം ബുക്ക് ഡിപ്പോ, 1970.

മുഹമ്മദ്, ടി.കെ. ഡോ. *വിദ്യാഭ്യാസം ഭാരതത്തിൽ*, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരു വനന്തപുരം, 1996.

*കുട്ടികൾക്കുള്ള ആദ്യകാല പരിചരണവും വിദ്യാഭ്യാസവും*, സ്റ്റേറ്റ് പ്രൊജക്റ്റ് ഡയ റക്ടറേറ്റ് എസ്.എസ്.എ. തിരുവനന്തപുരം എൻ.സി. ഇ.ആർ.ടി.

രാധാകൃഷ്ണൻ, എം.എസ്. *ആധുനിക മലയാളവേദിയിൽ കുട്ടികളുടെ നാടക ങ്ങൾ*, ഗവേഷണപ്രബന്ധം, സ്കൂൾ ഓഫ് ഡ്രാമ–തൃശൂർ, കോഴിക്കോട് സർവ്വകലാശാല, 1993.

*പൊന്നിറത്താൾകഥ*. മനുസ്ക്രിപ്റ്റ് ലൈബ്രറി, തിരുവനന്തപുരം, 1954.

വ്യാസൻ– *ശ്രീമഹാഭാരതം*, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, (വിവ) ഡി. സി. ബുക്സ്, കോട്ടയം, 1981.

ഗർഗാചാര്യർ, *ഗർഗസംഹിത*, (ഗർഗഭാഗവതം) നീലകണ്ഠൻ നമ്പീശൻ (വ്യാഖ്യാ) കൈരളി പ്രസ്സ്, തൃശൂർ, 1986.

വിഷ്ണുനമ്പൂതിരി, എം.വി. ഡോ. *നാടൻകളികളും വിനോദങ്ങളും*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

സി.പി. ആൻഡ്രൂസ്, *കായികപരിശീലനങ്ങൾ*, ആലുവ, 1951.

നുജൂം, എ.ഡോ. *കേരളീയതയുടെ നാട്ടറിവ് 12*, ഫോക്‌ലോർ ത്രൈമാസിക, നാട്ട റിവ് പഠനകേന്ദ്രം, തൃശൂർ, കണിമംഗലം.

സോമൻ കടലൂർ, *കേരളീയതയുടെ നാട്ടറിവ് 12*, ഫോക്‌ലോർ ത്രൈമാസിക, നാട്ട റിവ് പഠനകേന്ദ്രം, തൃശൂർ, കണിമംഗലം.

മനോജ്കുമാർ, പി.എസ്. *കേരളീയതയുടെ നാട്ടറിവ് 12*, ഫോക്‌ലോർ ത്രൈമാസി ക, നാട്ടറിവ് പഠനകേന്ദ്രം, തൃശൂർ, കണിമംഗലം.

എം.കെ. ഗുരുക്കൾ, *കലാവിദ്യാവിവരണം*, തലശ്ശേരി, 1937.

പ്രഭാകരവാരിയർ, കെ.ഡോ. ശാന്ത അഗസ്റ്റിൻ, *ആധുനികഭാഷാശാസ്ത്രം*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1998.

പത്മനാഭപിള്ള, ജി. ശ്രീകണ്ഠേശ്വരം, *ശബ്ദതാരാവലി*, നാഷണൽബുക്സ്റ്റാൾ, 1993.

ഗോപാലകൃഷ്ണൻ, പി.കെ. *കേരളത്തിന്റെ സാംസ്കാരിക ചരിത്രം*. കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1987.

പ്രേംനാഥ്, *കേരളത്തിലെ അടിമകൾ*, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 1984.

രാഘവവാരിയർ, ആർ. *കേരളീയത ചരിത്രമാനങ്ങൾ*, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, 1990.

രാജശേഖരൻ, പി.കെ. *അന്ധനായ ദൈവം. മലയാള നോവലിന്റെ നൂറ് വർഷങ്ങൾ*, ഡി.സി.ബുക്സ്, കോട്ടയം, 1999.

ശ്രീധരമേനോൻ, എ. *കേരളചരിത്രം*. എസ്. വിശ്വനാഥ പ്രിന്റേഴ്സ് & പബ്ലിഷേഴ്സ്, മദ്രാസ്, 1997.

*മലയാളഭാഷാപഠനം*, കാലിക്കറ്റ് യൂണിവേഴ്സിറ്റി കോ–ഓപ്. സ്റ്റോഴ്സ് ലിമിറ്റഡ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി.

കൃഷ്ണപിഷാരടി, ആറ്റൂർ, *സംഗീതചന്ദ്രിക*, ഗീതാ പ്രസ് ലിമിറ്റഡ്, തൃശൂർ, 1954.

ഭക്തവത്സലറെഡ്ഡി, എൻ. *ഫോക്‌ലോർ പഠനം, സിദ്ധാന്തതലം*, കറന്റ് ബുക്സ്, കോട്ടയം, 2004.

ഗണേശ്, കെ.എൻ. *കേരളത്തിന്റെ ഇന്നലെകൾ*, സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, 1997.

അച്യുതവാര്യർ, എസ്. പ്രൊ. *കേരളസംസ്കാരം*. കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2006.

ശ്രീധരമേനോൻ, എ. *കേരളസംസ്കാരം,* നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 1982.

ബാലകൃഷ്ണൻ, പി.കെ. *ജാതിവ്യവസ്ഥിതിയും കേരളചരിത്രവും*, പൂർണ പബ്ലിക്കേഷൻസ്, 1997.

കൊച്ചുനാരായണൻ, ടി.കെ. (എഡി.) *കേരളവിജ്ഞാനകോശം*, ദേശബന്ധു പബ്ലിക്കേഷൻസ്, 1987.

വിഷ്ണുനമ്പൂതിരി, എം.വി. ഡോ. *ഫോക്‌ലോർ നിഘണ്ടു*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000.

സുഗതകുമാരി, *കൃഷ്ണകവിതകൾ*, ഡി.സി. ബുക്സ്, കോട്ടയം, 2008.

ബാലകൃഷ്ണൻ, വി. ലീലാദേവി, ആർ. ഡോ. *ഹൈന്ദവവിജ്ഞാനകോശം*, ആർഷശ്രീ പബ്ലിഷിംഗ് കോ. 2006.

രാധിക, സി.ഡോ. *കേരളചരിത്രത്തിലെ അവിസ്മരണീയസംഭവങ്ങൾ*, ഡി.സി. ബുക്സ് കോട്ടയം, 2008.

വ്യാസൻ, *ശ്രീമദ് ഭാഗവതം മൂലം രാംഭാഗം*, ഗുരുവായൂർ ദേവസ്വം പ്രസിദ്ധീകരണം, 2002.

സോമൻ, പി.ഡോ. *ഫോക്‌ലോർ സംസ്കാരം*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2004.

രാജരാജവർമ്മ, എ.ആർ, *കേരളപാണിനീയം*, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 1969.

ആർ.സി.കരിപ്പത്ത് (എഡി) *നാട്ടറിവ് സൂചിക*, പയ്യന്നൂർ നഗരസഭ. ജനകീയാസൂത്രണം, 2001–2002.

ശങ്കരക്കുറുപ്പ്, ജി. *ജിയുടെ തെരഞ്ഞെടുത്ത കവിതകൾ*, ഡി.സി. ബുക്സ്, കോട്ടയം,

കൃഷ്ണപിള്ള, എൻ. *കൈരളിയുടെ കഥ*, ഡി.സിബുക്സ്, കോട്ടയം, 2005.

കോവുണ്ണി നെടുങ്ങാടി, *കേരളകൗമുദി*, രാമകൃഷ്ണ അച്ചുകൂടം. കോഴിക്കോട്, 1930.

രാജരാജവർമ്മ എ.ആർ. *വൃത്തമഞ്ജരി*, സാഹിത്യപ്രവർത്തക സഹകരണസംഘം, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 1999.

ശ്രീമതി ലീലാ ഓംചേരി, *കേരള സംഗീതം*, കലാകൗമുദി, ലക്കം 129, 1978.

വാധ്യാർ, കെ.കെ. *വൃത്തവിചാരം*, എൻ.ബി. എൻ. ബുക്സ്റ്റാർ, കോട്ടയം, 1967.

നമ്പ്യാർ, എ.കെ. *ഭാഷാസമിതി*, മെയ് 1977, ലക്കം. 5.

ഗോദവർമ്മ കെ.ഡോ. *കേരളഭാഷാ വിജ്ഞാനീയം*, തിരുവിതാംകൂർ സർവ്വകലാശാല, 1951.

കൃഷ്ണപിള്ള എൻ. പ്രൊ. *ഭാഷാസാഹിതി*, ജനുവരി, 1977 ലക്കം. 1.

നാരായണപ്പണിക്കർ, ആർ. *കേരളഭാഷാസാഹിത്യചരിത്രം*, മോഡൽ പ്രസ്സ്, ചാല തിരുവനന്തപുരം, കൊ.വ. 1124, ഭാഗം. 2.

രാഘവൻ പയ്യനാട്, *ഫോക്‌ലോർ സങ്കേതങ്ങളും സങ്കല്പനങ്ങളും*, ഫോക്‌ലോർ ഫെലോസ് ഓഫ് മലബാർ ട്രസ്റ്റ്, 1999.

സന്തോഷ്, എച്ച്.കെ. *ഫോക്‌ലോർ, വഴിയും പൊരുളും*, സംസ്കൃതി പബ്ലിക്കേഷൻസ്, 1998.

ഭാസ്കരനുണ്ണി, പി. *പത്തൊമ്പതാം നൂറ്റാിലെ കേരളം*, കേരളസാഹിത്യ അക്കാദമി, തൃശൂർ, 2000.

മധുവാസുദേവൻ, *സംഗീതാസ്വാദനം*. കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, തിരുവനന്തപുരം, 2001.

രാജൻ ഗുരുക്കൾ, *കേരളചരിത്രം*, വള്ളത്തോൾ വിദ്യാപീഠം, 1992.

ബാലകൃഷൻ, ബി.ഡി., നാരായണപിള്ള, കെ.എസ്. *ശബ്ദസാഗരം*, ഡി.സി. ബുക്സ്, കോട്ടയം, 1991.

രാമലിംഗം പിള്ള, ടി. *ഇംഗ്ലീഷ്-ഇംഗ്ലീഷ്-മലയാളം നിഘു*, ഡി.സി. ബുക്സ്, കോട്ടയം, 2002.

കരീം സി.കെ. *ചരിത്രവിചാരം*, തിരുവനന്തപുരം, ചരിത്ര പബ്ലിക്കേഷൻ, 1984.

ഗുർട്ട്, ഹെർമൻ ഡോ. *കേരളപ്പഴമ*, കോഴിക്കോട് മാതൃഭൂമി പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനി, 1996.

ചുമ്മാർ ചൂണ്ടേൻ ഡോ. *കറുത്ത കലകൾ,* കോഴിക്കോട് സംസ്കൃതി പബ്ലിക്കേഷൻസ്, 1982.

ദാമോദരൻ, നെട്ടൂർ, *ആദിവാസികളുടെ കേരളം*, കോട്ടയം, നാഷണൽ ബുക്സ്, 1974.

വിശ്വംഭരൻ, കിളിമാനൂർ, പ്രൊഫ. *കേരളസംസ്കാരദർശനം*, കിളിമാനൂർ, കാഞ്ചനഗിരി ബുക്സ്, 1990.

വിഷ്ണുനമ്പൂതിരി, എം.വി. ഡോ. (എഡി) *ജീവിതവും സംസ്കാരവും ഭാഗം 3.* കണ്ണൂർ, കേരള ഫോക്‌ലോർ അക്കാദമി, 2003.

വിഷ്ണുനമ്പൂതിരി, എം.വി. ഡോ. *കേരളത്തിലെ നാടോടി വിജ്ഞാനീയത്തിനൊരു മുഖവുര*, കോട്ടയം എൻ.ബി.എസ്. 1979.

സ്കറിയ സക്കറിയ (എഡി) *500 വർഷത്തെ കേരളം-ചില അറിവടയാളങ്ങൾ*, ചങ്ങനാശ്ശേരി താരതമ്യപഠനസംഘം.

ഗോപിനാഥപിള്ള എൻ.ആർ. *മരുമക്കത്തായവും തേവിടിച്ചിയും,* ഭാഷാപോഷിണി 4, 4(ഡിസം. 1980– ജനു 1981) 20.

നമ്പൂതിരിപ്പാട്, ഇ.എം.എസ്. *കേരളം മലയാളികളുടെ മാതൃഭൂമി,* തിരുവനന്തപുരം സെക്കന്റ് എഡി. കേരള ഗ്രന്ഥശാലാ സംഘം.

അച്യുതൻ, ടി.കെ. *ഭാഷാകേളി*, ഡി.സി. ബുക്സ്, കോട്ടയം, 2003.

കുമാരൻ, വയലേരി, ഡോ. *കുറിച്യരുടെ പാട്ടുകളും നാടൻപാട്ടുകളും,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം, 1993.

ജോസഫ് ഇടമറുക്, *കേരളസംസ്കാരം,* വിദ്യാർത്ഥിമിത്രം, ബുക്ക് ഡിപ്പോ, കോട്ടയം, 1971.

നാരായണപ്പണിക്കർ, കാവാലം, *കേരളത്തിലെ നാടോടിസംസ്കാരം.* നാഷണൽ ബുക്സ്റ്റാൾ.

ഗോവിന്ദവർമ്മരാജ, ഇ.കെ. *കുട്ടിപ്പാട്ടുകൾ, കുരുടിപ്പാട്ടുകൾ, കുിലും കുഴിയിലും വീഴാപ്പാട്ടുകൾ*, ഗുരുവായൂരപ്പൻ, കോളേജ് മാഗസിൻ, 1998–99.

രാമവർമ്മ അപ്പൻതമ്പുരാൻ, *സമസ്തകേരളസാഹിത്യപരിഷത് ത്രൈമാസിക*, പുസ്തകം ഒന്ന് ലക്കം മൂന്ന്.

# BIBLIOGRAPHY


Dundes Allen. *Interpreting Folklore*, Bloomingtor Indiana University Press, 1980.

William R. Bascom. *The Study of Folklore*, Dundes Allen (Ed), Prentice Hall, 1965.

Vtely Francis Lee, *Folk Literature,* An Operational Definition. Journal of American Folklore, 1961.

William R. Bascom, *Verbal Art, Journal of American Folklore*, 1955.

Ben Amose Dan, *Journal of American Folklore*, 1971.

Carvalo Neto, Paulode. *The Concept of Folklore* (Trans.) University of Miami Press Florida, 1971.

Muller Max. *Lips from a Furman Workshop*, Vol. II, London, 1968.

Richard M. Dorson, *Folklore and Folklife*, University of Chicago Press, Chicago, 1972.

Durgabhagavati, *An outline of Indian Folklore*, Bombay, 1958.

Sigmond Fruid, *Jokes and their relation to the unconscious,* Editors note Tr. James Strachey, New York, 1983.

Bowra CM. *Primitive Songs*, Menter Books, London, 1963.

Dundes Allen, *The Study of Folklore*, New Jersey, England, Wood Cliffs, Prentice Hall, 1977.

Bogs, R.S. Leach Maria (Ed) *Standard Dictionary of Folklore mythology and legand trends and funds*, Wagnalls Company, 1934.

Taylor Archer, Dundes Allen (Ed) *Folklore and the student of literature*. The study of Folklore, 1965.

Dundes Allen, *Essays in Folkloristics,* Meerut, Folklore Institute, 1978.

Pillai, N.P. Dr. Pillai K.S. Dr. and Sulochana K. Nair, *Psychological Foundation of Education*, Kalaniketan, Thiruvananthapuram, 1969.

Elizabath B. Hurlock, *Development Psychology – a life span approach*. Tata McGraw Hill Publishing Company, New Delhi, 1981.

Jean Piaget, *Development and Learning, Readings in Child Behaviour and Development*. Edited by Celiastandler Faith Standler, Harcourt Brance Jovanovich Inc. USA, 1972.

Robert J. Watson, Henry Clay Lingram, *Psychology of the Childhood and Adolescent*, Macmillan Publishing Co-Line 886-Third Avenue, new York, USA, 1972.

John Lewis, *Anthropology Made Simple*, Culcutta, 1984.

*The Encyclopidia of Religion*. Misci. Elicida Vol. V, New York, 1987.

Tara Ali Baig '*Our Children*', New Delhi, 1979.

Kenneth Bailey, *The Hamlyn Junior Encyclopedia*, England, 1986.

Lefebvre Henri. *The Production of Space* (Trans.) Donald Nicholsan-smith. Cambridge Blackwell, 1991.

Anandakrishna Iyyer, L.K., *The Cochin Tribes and Castes*, Madras and Higginbothams, 1909.

Mark-Aug-*Nonplaces*, 1995.

Foucalt, Michel, '*Specialised Power, Heteropia and Examples*' /ACD 1999, 24th May 2005>httpwww.eng fin, edu to/ literary criticism post modern urban/ foucault heterotopia-html>

Mumford Lewis, *The Story of Utopias*, New York, Viking Press, 1962.

William R. Bascam *Folklore and Anthropology, Journal of American Folklore*, Vol. I, 1953.

Vermon Arnold, *Vedic Metre in the Historical Development*, Motilal Benarsidass Bungalore Road, Jawahar nagar, Delhi 7.

Parede Americo and Richard Bauman. '*Towards New Perspective in Folklore*, University of Texas Press, 1975.

Pattanayak D.P. '*Indian Folklore*' Central Institute of Indian Languages, Mysore.

Prajesh Banerji, *Dance of India*, Allahabath, 1942.

# ആവേദകസൂചി

ആവേദകരുടെ പേര്, പ്രദേശം, ജില്ല, വയസ്സ് എന്നീ ക്രമത്തിലാണ് നൽകിയിട്ടുള്ള ത്.

കെ.വി.ശ്രീധരൻ, മുക്കം, കോഴിക്കോട്, 68
ഉണ്ണിക്കുറുപ്പ് മാസ്റ്റർ, ഉള്ള്യേരി, കോഴിക്കോട്, 67
കൊച്ചുനാരായണപിള്ള, വെഞ്ഞാറമൂട്, തിരുവനന്തപുരം, 78
രമേശൻ കാവിൽ, മേലടി ബി.ആർ.സി., കോഴിക്കോട്, 45
പരമേശ്വരൻ നമ്പൂതിരി, കൊടക്കാട്, കാസർഗോഡ്, 75
രാമചന്ദ്രൻ മാസ്റ്റർ, ഓമാനൂർ, മലപ്പുറം, 45.
വി.കെ. സോമശേഖരൻ, അന്നൂർ, കണ്ണൂർ, 65.
ശ്രീധരൻ കുട്ടമത്ത്, പയ്യന്നൂർ, കണ്ണൂർ, 82.
രവീന്ദ്രൻ മാസ്റ്റർ, ചേർത്തല, ആലപ്പുഴ, 64.
അശോകൻ മാസ്റ്റർ, കോഴിക്കോട്, 40
കൃഷ്ണൻ മാസ്റ്റർ, തോട്ടംമന, വടശ്ശേരി, പാലക്കാട്, 70.
മറിയാമ്മച്ചേടത്തി, (എസ്.ഡി. കോളേജ്), കോട്ടയം, 75.
പരമേശ്വരൻ നമ്പൂതിരി, ഷോളയൂർ, കാസർഗോഡ്, 72.
ആർ.സി. കരിപ്പത്ത്, പയ്യന്നൂർ, കണ്ണൂർ, 66.
സിവിക് കൊടക്കാട്, കൊടക്കാട്, കാസർഗോഡ്, 78.
രാധടീച്ചർ, ഗുരുവായൂർ, തൃശൂർ, 52.
പി.കെ. സതീശൻ, തളിപ്പറമ്പ്, കണ്ണൂർ, 42.
ടി.ടി.ജി. നമ്പൂതിരി, മാതമംഗലം, കണ്ണൂർ, 78.
ഉമാദേവി അന്തർജ്ജനം, താമരശ്ശേരി, കോഴിക്കോട്, 90.
രാമചന്ദ്രൻ പി., ആലുവ, എറണാകുളം, 78.
ആയിഷ, കുറ്റിപ്പാല, മുക്കം, കോഴിക്കോട്, 90.
കുഞ്ഞുണ്ണിമാഷ്, കൊടുങ്ങല്ലൂർ, തൃശൂർ, 80.
ഭാസ്കരൻ മാസ്റ്റർ, (മുക്കം ഭാസി), കോഴിക്കോട്, 78.
അയ്യപ്പൻ വൈദ്യർ, കാരശ്ശേരി, കോഴിക്കോട്, 90.
പി.കെ. ചന്ദ്രശേഖരൻ, കൊളായിത്താഴം, കോഴിക്കോട്, 82.
ദേവകി അന്തർജ്ജനം, താമരശ്ശേരി, കോഴിക്കോട്, 85.
അസീസ് തരുവണ, തരുവണ, വയനാട്, 35.
സുഭാഷ് വയനാട്, കനവ്, വയനാട്, 30.
കൊറ്റി കിഴക്കുമ്പാടം, മുക്കം, കോഴിക്കോട്, 75.
സരോജിനി, ചാത്തമംഗലം, കോഴിക്കോട്, 78.

ജാനു മുക്കം, കോഴിക്കോട്, 65.
ശ്രീദേവി, ഇരിഞ്ഞാലക്കുട, തൃശൂർ, 52.
മനോജ് കച്ചേരി, മുക്കം, കോഴിക്കോട്, 35.
അബൂബക്കർ മൈത്ര, അരീക്കോട്, മലപ്പുറം, 58.
ചന്ദ്രൻമാഷ്, മണാശേരി, കോഴിക്കോട്, 55.
കൃഷ്ണൻ കെ.കെ. മൈത്ര, അരീക്കോട്, മലപ്പുറം, 48.
അമ്മിണി അമ്മാളു, കുന്നുമ്മൽ, കോഴിക്കോട്, 76.
ജാനകി അമ്മ ഉള്ളേര്യരി, കോഴിക്കോട്, 60.
ചെറിയകീരൻ കിഴക്കുമ്പാടം, മുക്കം, കോഴിക്കോട്, 78.
ജയചന്ദ്രൻ മാസ്റ്റർ, മേലടി ബി.ആർ.സി., കോഴിക്കോട്, 45.
തങ്കമണി കൊറ്റങ്ങൽ, മാമ്പറ്റ കോഴിക്കോട്, 70.
പ്രസീദ എം.യു, വടകര ഫോക്‌ലോർ സ്റ്റഡിസെന്റർ, കോഴിക്കോട്, 20.
അമ്മു ഗുരുവായൂർ, തൃശൂർ, 18.
വത്സലകുമാരി മൂഴിക്കൽ, കോഴിക്കോട്, 50.
ചിന്നു, കുത്തുപറമ്പ്, മലപ്പുറം, 80.
ഗിരീഷ് മാസ്റ്റർ, കൊഴക്കൂട്ടൂർ എ.യു.പി. സ്കൂൾ മലപ്പുറം, 28.
സരസ്വതി ചാത്തമംഗലം, കോഴിക്കോട്, 70.
ആത്മജ പി.എം., ഓമശ്ശേരി, കോഴിക്കോട്, 6
മനോമോഹനൻ പി.എസ്. ചാത്തമംഗലം, കോഴിക്കോട്, 44.
ജമീല കൊരോട്ടി, മലപ്പുറം, 58.
നിത എൻ.നായർ, വെസ്റ്റ് മാമ്പറ്റ, കോഴിക്കോട്, 14.
ആതിര എം., കൈടാപ്പിൽ, കോഴിക്കോട്, 15.
ബേബി ശാലിനി, പൊറ്റശ്ശേരി, കോഴിക്കോട്, 13.
ചന്ദ്രിക, ആലുവ, എറണാകുളം, 55.
ശ്രീജ വേഴപ്പറമ്പ്, എറണാകുളം, 25.
ലീല അങ്ങാടിപ്പുറം, മലപ്പുറം, 60.
തമ്പംഗി തമ്പുരാട്ടി, പന്തളം, പത്തനംതിട്ട, 65.
ഉമാദേവി അന്തർജ്ജനം, മുത്തേരി, കോഴിക്കോട്, 86.
കൃഷ്ണൻ മാസ്റ്റർ, എടക്കാട്, കോഴിക്കോട്, 44.
ചിന്നു, തിരൂർ, മലപ്പുറം, 57.
രാധാമണി ചൂലൂർ, കോഴിക്കോട്, 51.
തിരുവാതിരൻ, മൈലക്കൽ, പത്തനംതിട്ട, 52.
സോമൻ, മൈലക്കൽ, പത്തനംതിട്ട, 48.
കമല, ബേപ്പൂർ, കോഴിക്കോട്, 60.
കൊറ്റി, കരിപ്പത്തുചാൽ, മലപ്പുറം, 80.
കൊച്ചുവേലു, വെഞ്ഞാറമൂട്, തിരുവനന്തപുരം, 64.

ശ്യാംദാസ്, കയ്യേരിക്കൽ, കോഴിക്കോട്, 13.
സ്വരാജ്, മുക്കം, കോഴിക്കോട്, 38.
കാളിദാസ്, മേപ്പള്ളി, മുക്കം, കോഴിക്കോട്, 5.
രൂപേഷ് കെ. മാരാർ, പോലൂർ, കോഴിക്കോട്, 33.
മോഹനകൃഷ്ണൻ, മഞ്ചേരി, മലപ്പുറം, 36.
നാരായണൻ, അരീക്കോട്, മലപ്പുറം, 42.
ജയചന്ദ്രൻ മാസ്റ്റർ, ബാലുശ്ശേരി, കോഴിക്കോട്, 41.
വാസുദേവ്, താമരശ്ശേരി, കോഴിക്കോട്, 10.
സുദർശൻ വിഷ്ണുപുരം, കോഴിക്കോട്, 32.
ധനീഷ് വിഷ്ണുപുരം, കോഴിക്കോട്, 34.
ദീപ, കെ.കെ. വടശ്ശേരി, പാലക്കാട്, 26.
ഭാനുമതിയമ്മ, ഭംഗിപുരം, കോഴിക്കോട്, 76.
ഒ.ടി. പാർവ്വതി, മുത്തേരി, കോഴിക്കോട്, 58.
കെ.പാർവ്വതി, ഓമശ്ശേരി, കോഴിക്കോട്, 74.
മേരി ടീച്ചർ, പാല, കോട്ടയം, 60.
ആനന്ദ് പി.എം., ഓമശ്ശേരി, കോഴിക്കോട്, 11.
ദേവനാരായണൻ, ചാത്തമംഗലം, കോഴിക്കോട്, 6.
അമ്മിണി, കൊയിലാി, കോഴിക്കോട്, 12.
ജയലക്ഷ്മി, മായനാട്, കോഴിക്കോട്, 32.
ഗംഗം പറപ്പൂർ, മലപ്പുറം, 75.
സൂര്യ സി. പത്തനാപുരം, മലപ്പുറം, 18.
ബിന്ദു കെ. വെസ്റ്റ് മാമ്പറ്റ, കോഴിക്കോട്, 35.
ജീജ പറപ്പൂർ, മലപ്പുറം, 46.
അഞ്ജന മാമ്പറ്റ, കോഴിക്കോട്, 6.
ശ്രീക്കുട്ടി, താമരശ്ശേരി, കോഴിക്കോട്, 13.
അനഘ, ഓമശ്ശേരി, കോഴിക്കോട്, 18.
നാരായണൻ മാസ്റ്റർ, അരീക്കോട്, മലപ്പുറം, 68.
ചിത്തു, കയ്യിട്ടാപ്പൊയിൽ, കോഴിക്കോട്, 17.
ദേവകി, ഉഗ്രപുരം, മലപ്പുറം, 66.
ഗീത, വെഞ്ഞാറമൂട്, തിരുവനന്തപുരം, 40.
ആമിന, അമ്പലക്കി, കോഴിക്കോട്, 44.
പ്രസന്ന, തൃക്കിടീരി, പാലക്കാട്, 36.
ഗിരീഷ്, അരീക്കാട്, കോഴിക്കോട്, 32.
ശാന്ത മടപ്പള്ളി, കോഴിക്കോട്, 63.
അഞ്ജു നിലമ്പൂർ, മലപ്പുറം, 37.
ശശിമാസ്റ്റർ, ചേവായൂർ ബി.ആർ.സി., 40.

രാജേഷ് ഒ.ടി. മുത്തേരി, കോഴിക്കോട്, 33.
അർജ്ജുൻ പി. വെസ്റ്റ് മാമ്പറ്റ, കോഴിക്കോട്, 14.
ശ്രീകാന്ത് പയ്യന്നൂർ, കണ്ണൂർ, 35.
പെണ്ണുട്ടി, ചോലക്കൽ, മലപ്പുറം, 75.
വാസുദേവൻ അരീക്കോട്, മലപ്പുറം, 42.
അനീഷ്, അരീക്കോട്, മലപ്പുറം, 24.
ഉണ്ണിനാരായണൻ നമ്പൂതിരി, വാഴാമ്പറ്റ, കോഴിക്കോട്, 63.
ദേവകി അന്തർജ്ജനം, വാഴാമ്പറ്റ, കോഴിക്കോട്, 92.
ആനന്ദ് കൃഷ്ണ എൻ, നിലമ്പൂർ, മലപ്പുറം, 16.
ഗായത്രി അരീപ്പറ്റ, വയനാട്, 14.
കണ്ണൻ, തൃക്കടീരി, പാലക്കാട്, 10.
മേരിട്ടീച്ചർ അയർകുന്നം, കോട്ടയം, 60.
രമണി, തിരുവമ്പാടി, കോഴിക്കോട്, 40.
ഭാനുമതിയമ്മ, കൊല്ലം, 76.
ശ്രീദേവി, ആലുവ എണറാകുളം, 53.
ദേവകി, മാതമംഗലം, കണ്ണൂർ, 65.
സരസ്വതി ഗുരുവായൂർ, തൃശൂർ, 68.
ദിലീപ് വി.കെ. അങ്ങാടിപ്പുറം, മലപ്പുറം, 29.
വിനീത് പി. പത്തനാപുരം, മലപ്പുറം, 16.
നാരായണൻ മാസ്റ്റർ, മുക്കം, കോഴിക്കോട്, 66.
ആത്തു മുക്കം, കോഴിക്കോട്, 12.
വി.സി. വാസു ചെമ്പക്കോട്, കോഴിക്കോട്, 60.
വിജീഷ് പത്തനാപുരം, മലപ്പുറം, 21.
ആദർശ്, മുക്കം, കോഴിക്കോട്, 12.
വേലുക്കുട്ടി, കച്ചേരി, കോഴിക്കോട്, 76.
ചിരുത, പഴേടത്ത്, കോഴിക്കോട്, 66.
അച്യുതൻ മാസ്റ്റർ, കയ്യിട്ടാപൊയിൽ, കോഴിക്കോട്, 82.
ഈശ്വരിയമ്മ, കൊല്ലം, 72.
സായി നിവേദിത, പത്തനാപുരം, മലപ്പുറം, 20.
ആദർശ്, ഓമശ്ശേരി, കോഴിക്കോട്, 13.
മനീഷ കെ. പത്തനാപുരം, മലപ്പുറം, 16.
സ്വപ്ന, ചാത്തമംഗലം, കോഴിക്കോട്, 32.
സാവിത്രി, സുൽത്താൻബത്തേരി, വയനാട്, 52.
അപ്പുട്ടി, കെട്ടിൽ, മുക്കം, കോഴിക്കോട്, 66.
പവിത്രമണി, മല്ലിശ്ശേരി, കണ്ണൂർ, 42.
ശങ്കരൻ മൈത്ര, മലപ്പുറം, 37.

പോക്കുട്ടി മുക്കം, കോഴിക്കോട്, 68.
ശ്രീലത ഓർക്കാട്ടേരി, കോഴിക്കോട്, 38.
രാംദാസ്, താമരശ്ശേരി, കോഴിക്കോട്, 25.
വിജയമ്മ ആലപ്പുഴ, 58.
രാമദാസ്, തിരുവനന്തപുരം, 26.
ഏട്ടനുണ്ണി രാജ, തിരുവണ്ണൂർകോവിലകം, കോഴിക്കോട്, 60.
വീണ, തിരുനാവായ, മലപ്പുറം, 38.
ത്രേസ്യാമ്മ നെടുങ്കം, ഇടുക്കി, 82.
അഞ്ജുഷ കള്ളംതോട്, കോഴിക്കോട്, 12.
അംഗിത് കെട്ടാങ്ങൽ, കോഴിക്കോട്, 10.
രാജേന്ദ്രൻ മെഡിക്കൽകോളേജ്, കോഴിക്കോട്, 48.
ഹേമ, തലശ്ശേരി, പാലക്കാട്, 32.
കുസുമകുമാരി, കൊല്ലം, 52.
ഗൗരി, മാങ്കാവ്, കോഴിക്കോട്, 70.
സുധ ചേവായൂർ, കോഴിക്കോട്, 40.
പ്രസാദ് വടകര, കോഴിക്കോട്, 25.
ആര്യ കല്ലുരുട്ടി, കോഴിക്കോട്, 40.
മാനവേദൻ രാജ, മഞ്ചേരി, മലപ്പുറം, 65.
ഗീതാമണി ചോക്കൂർ, കോഴിക്കോട്, 38.
കുഞ്ഞുമോൻ നീർക്കുന്നത്ത്, പാല, കോട്ടയം, 70.
മിനി തൃപ്രയൂർ, മലപ്പുറം, 38.
നിഖിൽകൃഷ്ണൻ, പത്തനാപുരം, മലപ്പുറം, 15.
തീർത്ഥദാസ്, ആനയാംകുന്ന്, കോഴിക്കോട്, 12.
അനുശ്രീ, ഏഴിമല, കോഴിക്കോട്, 14.
തങ്കമ്മ ആനപ്പാറ, കോഴിക്കോട്, 50.
കരുണാകരൻ, മുക്കം, കോഴിക്കോട്, 78.
കൊറ്റി, കരിപ്പത്തുകുന്ന്, മലപ്പുറം, 84.
ശിവജ്യോതി, നെടുങ്കം, ഇടുക്കി, 24.
ലീലാമ്മ അയർകുന്നം, പാല, കോട്ടയം, 55.
കാന്തിമതി ടീച്ചർ, തൃശൂർ, 66.
കോമളവല്ലി, മണ്ണാശ്ശേരി, കോഴിക്കോട്, 46.
കൃഷ്ണപ്രഭ കോട്ടക്കൽ, മലപ്പുറം, 33.
ശാരദ ഓർക്കാട്ടേരി, കോഴിക്കോട്, 70.
ചന്ദ്രികത്തമ്പുരാട്ടി, പന്തളം, പത്തനംതിട്ട, 65.
ചെറിയേത്, അരീക്കോട്, മലപ്പുറം, 78.
കുഞ്ഞാമുട്ടി, മൈത്ര, മലപ്പുറം, 70.

പ്രശോഭ്, ചങ്ങരോത്ത്, കോഴിക്കോട്, 18.

അഥീന, അഗസ്ത്യൻമുഴി, കോഴിക്കോട്, 12.

അലീന, അഗസ്ത്യൻമുഴി, കോഴിക്കോട്, 12.

ഇന്ദിര, മൈത്ര, മലപ്പുറം, 52.

മനേഷ്, ഉറവ്, കൊല്ലം, 26.

വേണു, ആലപ്പുഴ, 48.

തങ്കമ്മ, ഉതിമൂട്, ഇടുക്കി, 62.

വിഷ്ണു അരിക്കുളം, കൊയിലാി, കോഴിക്കോട്, 42.

അഖിൽ വേണുഗോപാൽ, കയ്യേരിക്കൽ, കോഴിക്കോട്, 15.

ആദിഷ്, മാമ്പറ്റ, കോഴിക്കോട്, 15.

കേലു, കച്ചേരി, കോഴിക്കോട്, 75.

പെണ്ണവ, പെരുവ, ഇടുക്കി, 48.

ജമീല, എടവണ്ണപ്പാറ, മലപ്പുറം, 56.

പാത്തുമ്മ, പന്നിക്കോട്, മലപ്പുറം, 72.

കണ്ണൻ, ഉറകുന്ന്, പത്തനംതിട്ട, 58.

ചേക്കാമു, അരീക്കോട്, മലപ്പുറം, 75.

അഹമ്മദ് മാസ്റ്റർ, കാരശ്ശേരി, കോഴിക്കോട്, 45.

അരുൺലാൽ, ബാലുശ്ശേരി, കോഴിക്കോട്, 35.

ദേവി, ചേർത്തല, ആലപ്പുഴ, 52.

ഉമ, തൃശൂർ, ഗുരുവായൂർ, 24.

ഗൗതം, കയ്യിട്ടാപൊയിൽ, കോഴിക്കോട്, 15.

നിർമ്മല താമരശ്ശേരി, കോഴിക്കോട്, 40.

ഷീജ, റാന്നി, പത്തനംതിട്ട, 38.

അപ്പു, മൈത്ര, മലപ്പുറം, 12.

സബിത, ചേവായൂർ, കോഴിക്കോട്, 34.

ശശിമാസ്റ്റർ, ചേവായൂർ, കോഴിക്കോട്, 36.

# പഠനഭൂമിക


Kasaragod
Cannanore
Wayanad
Kozhikode
Malappuram
Palghat
Trichur
Ernakulam
Idukki
Kottayam
Allepey
Pathnamthitta
Quilon
Trivandrum